# ആദിവാസി പുനരധിവാസ വികസന മിഷൻ മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ചുളള വിലയിരുത്തൽ പഠനം







**വികസനപഠന വിഭാഗം**

**കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ്**

**(കിർടാഡ്സ്)**

**കോഴിക്കോട്**



**2020**

# ആദിവാസി പുനരധിവാസ വികസന മിഷൻ മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ചുളള വിലയിരുത്തൽ പഠനം.

ഗവേഷണ മേൽനോട്ടം
**പി.വി.മിനി**
ഡെപ്യൂട്ടി ഡയറക്ടർ
(വികസനപഠനവിഭാഗം) i/c

റിപ്പോർട്ട് തയ്യാറാക്കിയത്
**ഡോ. സോന ഇ**, റിസർച്ച് അസിസ്റ്റന്റ്
**ശൈലേഷ്കെ**, റിസർച്ച് അസിസ്റ്റന്റ്
**ശ്രീനിഷടിപി**, റിസർച്ച് അസിസ്റ്റന്റ്
**ജാബിർ പി** റിസർച്ച് അസിസ്റ്റന്റ്

**വികസനപഠന വിഭാഗം**
**കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്)**
**ചേവായൂർ പി.ഒ, കോഴിക്കോട് –17**
**ഫോൺ : 0495 – 2356805, 0495 – 2357329**
web site : kirtads.gov.in, e-mail : kirtads@gmail.com

# മുഖവുര

2002 ൽ ഇടുക്കി ജില്ലയിലെ മറയൂരിൽ ഭൂരഹിതരായ ഗോത്ര വിഭാഗങ്ങൾക്ക് പട്ടയം നൽകികൊണ്ട് 'ആദിവാസി പുനരധിവാസ വികസന മിഷൻ' (റ്റി.ആർ.ഡി.എം) രൂപീകൃതമായി. സംസ്ഥാനത്തെ ഭൂരഹിതരും ഒരു ഏക്കറിൽ താഴെ ഭൂമിയുള്ളവരുമായ കുടുംബങ്ങളുടെ സാമ്പത്തികവും സാമൂഹികവും, സർവ്വതോൻമുഖവുമായ വികസനം എന്നതായിരുന്നു മിഷന്റെ പ്രഖ്യാപിത ലക്ഷ്യം. കേരള പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തൊട്ടാകെയുള്ള പട്ടികവർഗ്ഗ പുനരധിവാസ മേഖലയുടെ പുരോഗതി സംബന്ധിച്ച് വിശദമായ പഠന നടത്തി സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ കിർടാഡ്സ് വകുപ്പിന് ധനസഹായം നൽകുകയുണ്ടായി. പ്രസ്തുത കാലയളവിൽ സംസ്ഥാനമൊട്ടാകെയുള്ള പട്ടികവർഗ്ഗ പുനരധിവാസ മേഖലയിലെ പുരോഗതി സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കിർടാഡ്സ് വകുപ്പിലെ വികസന പഠന വിഭാഗത്തെ കിർടാഡ്സ് ഡയറക്ടർ ചുമതപ്പെടുത്തുകയുണ്ടായി. പ്രസ്തുത പഠനം നടത്തുന്നതിനായി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതിക്ക് അനുമതി നൽകിയ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും, പഠനം പൂർത്തിയാക്കുന്നതിന് ആവശ്യമായി എല്ലാവിധ സഹായങ്ങളും നൽകിയ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ക്കും നന്ദി രേഖപ്പെടുത്തുന്നു.

പുനരധിവാസ മേഖലയിൽ ഇതിനോടൊപ്പം തന്നെ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി ഫീൽഡ്തല വിവര ശേഖരണത്തിൽ വകുപ്പിനോട് സഹകരിച്ച പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, പ്രമോട്ടർമാർ, പദ്ധതിയുടെ ഗുണഭോക്താക്കൽ, പഠനം നടത്തിയ കിർടാഡ്സ് വകുപ്പിലെ ഉദ്യോഗസ്ഥർ, പ്രൊജക്ടിലെ റിസർച്ച് അസിസ്റ്റന്റുമാർ, തുടങ്ങിയവരോടും പ്രത്യേകം കൃതജ്ഞ്ത രേഖപ്പെടുത്തുന്നു.

റ്റി.ആർ.ഡി.എം പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്തി ഭാവി പ്രവർത്തനത്തിൽ ആവശ്യമായ മാർഗ്ഗങ്ങൾ വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഭരണകർത്താക്കൾ തുടങ്ങിയവർക്ക് ഈ പഠന റിപ്പോർട്ട് ഉപകാരപ്രദമാകും എന്നുകരുതുന്നു.

ഡോ. പി പുഗഴേന്തി, ഐ.എഫ്.എസ്

കോഴിക്കോട്

# ഉള്ളടക്കം


| | പേജ്നം |
|---|---|
| അദ്ധ്യായം 1 ആമുഖം | 8 |
| അദ്ധ്യായം 2 ആദിവാസിപുനരധിവാസവികസനമിഷൻ | 16 |
| അദ്ധ്യായം 3 ജില്ലാതലപഠനങ്ങൾ | 27 |
| അദ്ധ്യായം 4 ടിആർഡിഎംമേഖലകളിലെപ്രശ്നങ്ങൾ | 387 |
| അദ്ധ്യായം 5 ഉപസംഹാരം | 391 |

# പട്ടികകളുടെ വിശദാംശങ്ങൾ

**പേജ്നം**


| | |
|---|---|
| പട്ടിക 2.1 വിതരണത്തിനായി കണ്ടെത്തിയ ഭൂമിയുടെ വിവരങ്ങൾ | 20 |
| പട്ടിക 2.2 മേഖലാടിസ്ഥാനത്തിൽ ആവശ്യമായ ഫണ്ടിന്റെ വിവരങ്ങൾ | 20 |
| പട്ടിക 2.3 ഭൂമി വിതരണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ | 22 |
| പട്ടിക 2.4 അനുവദിച്ചഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ | 23 |
| പട്ടിക 2.5 ബഡ്ജറ്റിൽ വകയിരുത്തിയതും ചിലവഴിച്ചതുമായ തുകകളുടെ വിവരങ്ങൾ | 24 |
| പട്ടിക 2.6 ടിആർഡിഎം സങ്കേതങ്ങൾ | 26 |
| പട്ടിക 3.1 ഭവന നിർമ്മാണം(അരിപ്പസങ്കേതം) | 32 |
| പട്ടിക 3.2 പ്രാഥമിക ആരോഗ്യകേന്ദ്രം(അരിപ്പസങ്കേതം) | 37 |
| പട്ടിക 3.3 തൊഴിൽ(അരിപ്പസങ്കേതം) | 39 |
| പട്ടിക 3.4 ഭവന നിർമ്മാണം(കുരിയോട്ടുമല സങ്കേതം) | 47 |
| പട്ടിക 3.5 പ്രാഥമിക ആരോഗ്യകേന്ദ്രം(കുരിയോട്ടുമല സങ്കേതം) | 51 |
| പട്ടിക 3.6 കുടി വെള്ള സൗകര്യം(അറുഞ്ഞികുഴി സങ്കേതം) | 60 |
| പട്ടിക 3.7 കുടുംബങ്ങളുടെ തൊഴിൽ വിവരങ്ങൾ(അറുഞ്ഞികുഴി സങ്കേതം) | 63 |
| പട്ടിക 3.8 സങ്കേതത്തിലെ കുടുംബശ്രീ പദ്ധതി(SIPമുരുകൻ കോളനി) | 71 |
| പട്ടിക 3.9 പൊതു ആരോഗ്യ കേന്ദ്രം(SIPമുരുകൻ കോളനി) | 74 |
| പട്ടിക 3.10 പുനരധിവാസത്തിനു മുൻപ്ഭവനരഹിതമായിരുന്നവർ (SIPമുരുകൻ കോളനി) | 78 |
| പട്ടിക 3.11 **റേഷൻകാർഡ്**(കുഴിമാവ്സങ്കേതം) | 120 |
| പട്ടിക 3.12 കുടിവെള്ള സംവിധാനം(80 ഏക്കർ സങ്കേതം) | 130 |

പട്ടിക 3.13 തൊഴിൽ(80 ഏക്കർ സങ്കേതം) 133

പട്ടിക 3.14 പന്തടിക്കളം(സങ്കേതം) 143

പട്ടിക 3.15 ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ(സിങ്കുകണ്ടം 301 ഏക്കർ കോളനി) 170

പട്ടിക 3.16 **ലഭ്യമല്ലാത്ത** അടിസ്ഥാനസൗകര്യങ്ങൾ(സിങ്കുകണ്ടം 301 ഏക്കർ കോളനി) 170

പട്ടിക 3.17 സങ്കേതത്തിൽ നിന്ന് വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുള്ള ദൂരം 171

(സിങ്കുകണ്ടം 301 ഏക്കർ കോളനി)

പട്ടിക 3.18 ടി.ആർ.ടി.എം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ 174

(സിങ്കുകണ്ടം 301 ഏക്കർ കോളനി)പട്ടിക

പട്ടിക 3.19 സങ്കേതത്തിൽ നിന്ന് വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുള്ള ദൂരം 207

(പന്തപ്ര സങ്കേതം)

പട്ടിക 3.20 നടപ്പിലാക്കിയ പദ്ധതികൾ(പന്തപ്ര സങ്കേതം) 211

പട്ടിക 3.21 തൊഴിലും വരുമാനവും(കുളത്തൂർ സങ്കേതം) 249

പട്ടിക 3.22 വയനാട് ജില്ല : അടിസ്ഥാന വിവരം 277

പട്ടിക 3.23 .ഭൂരഹിത കുടുംബങ്ങൾ(വയനാട് ജില്ല) 278

പട്ടിക 3.24 കുടിവെള്ളം(ചീനിക്കാമൂലസങ്കേതം (ചീങ്ങേരി) 282

പട്ടിക 3.25 സങ്കേതത്തിന്റെ അടിസ്ഥാന വിവരങ്ങൾ 308

(സുഗന്ധഗിരി പുനരധിവാസമേഖല)

## ചിത്രങ്ങളുടെവിശദാംശങ്ങൾ

പേജ്നം


| | |
|---|---|
| ചിത്രം 3.1 കുടിവെള്ളം(അരിപ്പസങ്കേതം) | 33 |
| ചിത്രം 3.2 ശൗചാലയം(അരിപ്പസങ്കേതം) | 35 |
| ചിത്രം 3.3 പഠനത്തിടെയിലെകൊഴിഞ്ഞുപോക്ക്(അരിപ്പസങ്കേതം) | 36 |
| ചിത്രം3.4 കടബാധ്യത(അരിപ്പസങ്കേതം) | 39 |
| ചിത്രം 3.5 കുടിവെള്ളം(കുരിയോട്ടുമല സങ്കേതം) | 48 |
| ചിത്രം3.6പഠനത്തിടെയിലെകൊഴിഞ്ഞുപോക്ക് (കുരിയോട്ടുമല സങ്കേതം) | 49 |
| ചിത്രം 3.7 തൊഴിലും വരുമാനവും | 52 |
| ചിത്രം 3.8 റോഡിന്റെനിലവാരം(സി.കെ. കോളനി) | 92 |
| ചിത്രം 3.9 കുടിവെള്ളം (സി.കെ. കോളനി) | 92 |
| ചിത്രം 3.10 താമസംപുനരധിവാസത്തിനുമുപ്(സി.കെ. കോളനി) | 96 |
| ചിത്രം 3.11 തൊഴിൽ(മടുക്ക ട്രൈബൽമിഷൻ സെറ്റിൽമെന്റ്) | 114 |

ചിത്രം 3.12 **റേഷൻകാർഡ്** (മടുക്ക ട്രൈബൽമിഷൻ സെറ്റിൽമെന്റ്) 115

ചിത്രം 3.13 തൊഴിൽ(മറയൂർ സങ്കേതം) 152

ചിത്രം3.14 ശൗചാലയം(മറയൂർ സങ്കേതം) 154

ചിത്രം3.15 കുടിവെള്ളം(മറയൂർ സങ്കേതം) 154

ചിത്രം3.16 തൊഴിൽ(കുണ്ടലസങ്കേതം) 165

ചിത്രം3.17 തൊഴിൽ(പന്തപ്ര സങ്കേതം) 209

ചിത്രം 3.18 കുടിവെള്ളം(പന്തപ്ര സങ്കേതം) 217

ചിത്രം3.19 തൊഴിൽ(നേര്യമംഗലം തലക്കൽ ചന്തു സങ്കേതം) 222

ചിത്രം3.20 കുടിവെള്ളം(നേര്യമംഗലം തലക്കൽ ചന്തു സങ്കേതം) 224

ചിത്രം3.21 തൊഴിൽ(എടക്കാട്ട് വയൽ, പാർപ്പംകോട് സങ്കേതം) 235

ചിത്രം 3.22 വിദ്യാർത്ഥികളുടെകൊഴിഞ്ഞുപോക്ക്(വട്ടച്ചിറസങ്കേതം) 258

ചിത്രം 3.23തൊഴിലും വരുമാനവും(വട്ടച്ചിറസങ്കേതം) 259

ചിത്രം3.24 തൊഴിൽ(മട്ടപ്പാറസങ്കേതം) 287

ചിത്രം3.25 **സ്കൂളുകളിലെകൊഴിഞ്ഞുപോക്ക്**(ആറാട്ടുപാറ ചീങ്ങേരി)സങ്കേതം) 290

ചിത്രം 3.26 തൊഴിൽ(അമ്പലക്കുന്ന് സങ്കേതം - ചീങ്ങേരി) 305

ചിത്രം3.27വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്ക്(ചാവശ്ശേരി ടൗൺഷിപ്പ് കോളനി) 359

ചിത്രം3.28 തൊഴിൽ(കുഞ്ചത്തൂർ പുനരധിവാസമേഖല) 382

# അദ്ധ്യായം 1

## ആമുഖം

വൈവിധ്യമാർന്നതും സവിശേഷവുമായ ആചാരവിശേഷങ്ങളും, ജീവിതരീതികളും ഭാഷയും പിൻതുടർന്നുവരുന്ന 37 ഗോത്രവിഭാഗങ്ങളാണ് കേരളത്തിലെ പട്ടികവർഗ ലിസ്റ്റിലുൾപ്പെട്ടി ട്ടുള്ളത്. ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 342 പ്രകാരം പട്ടികയുൾപ്പെട്ട ഗോത്രവിഭാഗങ്ങളെല്ലാം തന്നെ സാമൂഹിക സംസ്കാരിക ജീവിത സാഹചര്യങ്ങളിൽ വ്യത്യസ്തത പുലർത്തുന്നവരാ ണ്.ഗോത്രവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്ന തിനും അവരെ രാഷ്ട്രിയ മുഖ്യധാരയിലെക്ക് എത്തിക്കുന്നതിനുമായി ഭരണഘടനാപരവും നിയമപ രവുമായ അനവധി മാറ്റങ്ങളും നിർദ്ദേശങ്ങളും നിയമങ്ങളും ഇന്ത്യയിൽ രൂപീകരിച്ചിട്ടുണ്ട്. ഇങ്ങനെ ഭൂമിയിൽ നിന്നുള്ള അന്യവത്ക്കരണത്തിന്, അന്യാധീനപ്പെടലിന് നിരവധി കാരണങ്ങളുണ്ട്. ഗോത്രവർഗക്കാരുടെ ഭൂമി അവരുടെ കൈകളിൽ തന്നെ നിലനിൽക്കുന്നതിനായി ഒട്ടനവധി ഭൂസംര ക്ഷണ നിയമങ്ങൾ, നിയമനിർമ്മാണങ്ങൾ, വനാവകാശ നിയമങ്ങൾ, കോടതി ഉത്തരവുകൾ, വിധി പ്രസ്താവനകൾ എന്നിവ ഇന്ത്യയിൽ രൂപം കൊണ്ടിട്ടുണ്ട്. ജല വൈദ്യുത പദ്ധതികൾ, ഖനനപ്രവൃത്തികൾ എന്നീ വികസന പ്രവർത്തനങ്ങൾ കുടിയൊഴിപ്പിക്കലുകളിൽ മുൻനിരയിലുണ്ട്. ഗോത്രവിഭാഗങ്ങളാണ് ഇങ്ങനെയുള്ള പല നിർബന്ധിത കുടിയൊഴിപ്പിക്കലിനും മിക്കവാറും ഇരക ളാവുക. സ്വതന്ത്രാനന്തര ഇന്ത്യയിൽ വികസനമെന്ന പദം ആകർഷകമായ പദമാണ്. വികസനവവു മായി ബന്ധപ്പെട്ടു പൊതുവായി വർദ്ധിച്ച തോതിലുള്ള ചൂഷണമാണ് ഗോത്ര വർഗ്ഗക്കാർ അഭിമുഖരി ക്കുന്നത്. വികസന പദ്ധതികൾ നടപ്പിൽ വരുത്താൻ പ്രകൃതി വിഭവങ്ങൾ വ്യാപകമായ തോതിൽ ചൂഷണം ചെയ്യപ്പെടുന്നു.

1960കളിൽ ദേബാർ കമ്മീഷൻ 1950 ജനുവരി 26മുതൽക്ക് ഭൂമി അന്യാധീനപ്പെട്ട എല്ലാ ആദി വാസി വിഭാഗങ്ങൾക്കും ഭൂമിയുടെ യഥാർത്ഥ അവകാശികളായ അവർക്ക് തന്നെ തിരിച്ചു നൽകു വാൻ ശുപാർശ ചെയ്യുകയുണ്ടായി. ഇതിനെ തുടർന്ന് 1975 ൽ കേരള നിയമസഭ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാനും ഭാവിയിലുള്ള അന്യാധീനപ്പെടൽ നിർത്തലാക്കാനും ഭൂമി കൈമാറ്റ നിയമം കൊണ്ടു വന്നു. ഇതായിരുന്നു ഗോത്രഭൂസംരക്ഷണത്തിനായി നടപ്പിൽ വരുത്തിയ ഏക നിയമം. ഇതും നടപ്പിൽ വരുത്താൻ 11 വർഷമെടുത്തു.

സ്വതന്ത്രാനന്തര ഇന്ത്യയിൽ രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിലെ മുഖ്യഘടകമായി ശ്രദ്ധിക്കപ്പെട്ടത് അണക്കെട്ടുകളാണ്. 3300 ഓളം അണക്കെട്ടുകൾ ഇന്ന് നിലവിൽ ഉണ്ട്, ഇതിനെ തുടർന്നുള്ള പുനരധിവാസം വൻതോതിലുള്ള കുടിയൊഴിപ്പിക്കലുകൾ, അതിജീവനപ്രശ്നങ്ങൾ എന്നിവയുള്ള ഇത്തരം മേഖലകളിൽ കൃത്യമായ അടിസ്ഥാന സംവിധാനങ്ങൾ കാര്യക്ഷമമായി നട പ്പിൽ വരുത്തിയിട്ടില്ലാത്തതിനാൽ ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചു വരുന്നത്. ഇവിടങ്ങളിൽ കൃത്യമായ രീതിയിൽ പുനരധിവസിപ്പിക്കുന്നതിന്റെ ആവശ്യകതയുണ്ട്. വനഭൂമിയുടെ യഥാർത്ഥ

ഉടമകൾ വനമേഖലയിൽ താമസിക്കുന്ന ഗോത്രവർഗക്കാരാണ് എന്ന് ഭരണഘടന ഉറപ്പ് വരുത്തുന്നുണ്ടെങ്കില്ലും പല ഭൂനിയമങ്ങളും ഗോത്രജനത വളരെ ആശങ്കയോടെയാണ് കാണുന്നത്.

## മുൻകാല പഠനങ്ങൾ

നരവംശശാസ്ത്രനായ വെരിയർ എൽവിന്റെ 'എ ഫിലോസഫി ഫോർ നേഫാ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ആദിവാസികളുടെ 'പ്രതിഭക്ക് അനുരൂപമായ രീതിയിലായിരിക്കണം വികസന പദ്ധതികൾ രൂപപ്പെടുത്തേണ്ടതെന്ന് പഞ്ചശീല തത്വങ്ങൾ അവതരിപ്പിച്ചു കൊണ്ട് നെഹ്റു പറയുന്നുണ്ട്.

1947 നു സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യ വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾക്കു സാക്ഷ്യം വഹിക്കുകയും, വിവിധോദ്ദേശ്യമായ നദീതട പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. 1978 ൽ രൂപം കൊണ്ട നർമ്മദാവാലി വികസന പദ്ധതികൾക്കളുടെ ഭാഗമായി സർദാർ സരോവർ അണക്കെട്ടിനു വേണ്ടി നർമ്മദാതീരത്തുള്ള 245 ാളം ഗ്രാമത്തിലുള്ള ഒരു ലക്ഷത്തോളം പേരെ കുടിയിറക്കുകയുണ്ടായി. എന്നാൽ കുടിയിറക്കപ്പെടുന്ന ജനതക്ക് അടിസ്ഥാനസൗകര്യങ്ങളില്ലാത്ത ആവാസവ്യവസ്ഥയാണ് നിലവിൽ ഉണ്ടായിരുന്നത്. ഗോത്രവർഗക്കാരടക്കമുള്ള ജനവിഭാഗങ്ങൾക്കു വേണ്ടി മേധാപട്ക്കരുടെ നേതൃത്വത്തിൽ പദ്ധതിയുടെ സൂക്ഷമമായ പഠനം നടത്താതെയാണ് അണക്കെട്ട് നിർമ്മാണം നടത്തുന്നതെന്നും അടിസ്ഥാന പാരിസ്ഥിതിക ആഘാതം എന്നിവ മുൻനിർത്തിയുള്ള പ്രക്ഷോഭങ്ങൾ ഇന്നും നടന്നു കൊണ്ടിരിക്കുന്നു. ഏകദേശം 3300 ഓളം വൻകിട അണക്കെട്ടുകൾ അണക്കെട്ടുകൾ ഇന്ത്യയിൽ നിർമ്മിച്ചിട്ടുണ്ടെങ്കിൽ വികസനത്തിനായുള്ള കുടിയൊഴിപ്പിലകുകളിൽഗോത്ര-കർഷക ജനത ഒരുമിച്ചു നിന്നു പ്രക്ഷോഭം നയിച്ചപ്പോഴാണ് വികസനത്തിൻെറ പേരിൽ അനുഭവിക്കുന്ന ദുരന്താവസ്ഥയെക്കുറിച്ച് ലോകം അറിഞ്ഞു തുടങ്ങിയത്. മനുഷ്യൻ ഒരുസ്ഥലത്ത് അധിവസിക്കുമ്പോൾ അവന് അവൻെറ പൂർവ്വികരാൽ സാംസ്കാരികമായ് നിർമ്മിതമായ ഒരു മേൽവിലാസം ഉണ്ടായിരിക്കും. ഇന്ത്യ പോലൊരു രാജ്യത്ത് പുനരധിവസിക്കപ്പെടുമ്പോൽ മുമ്പ് പഴയ സ്ഥലത്തുണ്ടായിരുന്ന പദവിയല്ല (status) പുതിയ സ്ഥലത്തുണ്ടാവുക കൂടാതെ പുതിയ അയൽക്കാർ, പുതിയ ഭവനം, ജോലി, വിദ്യാഭ്യാസം എന്നിവയെല്ലാം തന്നെ പൊരുത്തപ്പെടെണ്ടിയിരിക്കുന്നു. ഭൂമിയുടെ ഉടമസ്ഥതാക്രമം (Land Owning Pattern) വിവിധയിടങ്ങളിൽ വ്യത്യസ്ഥത പുലർത്തുന്നു.

പുനരധിവാസത്തെക്കുറിച്ച് ഏറ്റവും കൂടുതൽ പഠനം നടത്തിയ വ്യക്തികളിലൊന്നായ മൈക്കൽ സെർണിയ (2011) സാമൂഹ്യനരവംശ ശാസ്ത്രജ്ഞനാണ്. അദ്ദേഹം ആസൂത്രണ പഠനവും വികസപദ്ധതികളുമായി ബന്ധപ്പെട്ട് ആഫ്രിക്ക, ഏഷ്യ, യൂറോപ്പ്, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പുനരധിവാസവുമായി ബന്ധപ്പെട്ട് അദ്ദേഹം വികസിപ്പിച്ചെടുത്ത സിദ്ധാന്തങ്ങളിൽ വികസനം നിമിത്തമുണ്ടാകുന്ന 8 പ്രശ്നങ്ങളെക്കുറിച്ച് പറയുന്നുണ്ട്.

1. ഭൂമി ഇല്ലായ്മ
2. തൊഴിൽ ഇല്ലായ്മ
3. ഭവനം ഇല്ലായ്മ
4. പാർശ്വവത്ക്കരണം
5. ഭക്ഷ്യ അരക്ഷിതാവസ്ഥ
6. വർധിക്കുന്ന രോഗാവസ്ഥ
7. നഷ്ടപ്പെടുന്ന പൊതുസ്വത്തുക്കളും വിഭവശേഷിയും
8. സാമൂഹിക വിഭജനം

പല ടിആർഡിഎം മേഖലകളിലും മേൽ സൂചിപ്പിച്ച പ്രശ്നങ്ങളിൽ പലതും ഗുണഭോക്താക്കൾ അനുഭവിക്കുന്നതായി വിശകലനത്തിൽ മനസ്സില്ലാക്കാൻ സാധിക്കുന്നു.

ഗാംഗുലിയുടെയും നേഗിയുടെയും(2011) അഭിപ്രായത്തിൽ വികസനവുമായി ബന്ധപ്പെട്ടുള്ള കുടിയൊഴിപ്പിക്കലിനെ രണ്ടായി തിരിക്കാവുന്നതാണ്; നേരിട്ടും അല്ലാതെയുമുള്ള കുടിയൊഴിപ്പികലുകൾ. നേരിട്ടുള്ള കുടിയൊഴിപ്പികലുകളിൽ വികസന പ്രോജക്ടിനായി വിശേഷാധികാരവും സ്ഥാപനം നടത്തുന്നതിലെക്കായി തലമുറകളായി ജീവിച്ചു വന്ന സ്ഥലത്തേക്ക് നേരിട്ടു കുടിയൊഴിപ്പിക്കലുകൾ നടത്തുന്നു. നേരിട്ടല്ലാതെയുള്ള കുടിയൊഴിപ്പിക്കലുകളിൽ പ്രകൃതിയെയും പരിസ്ഥിതിയെയും പരമാവധി ചൂഷണം ചെയ്യ്തും പാരമ്പര്യ അതിജീവനം തന്നെ ഇല്ലാതാക്കുന്നു.

തങ്ങളുടെ പരമ്പരാഗത ഭൂമിയിൽനിന്നും സമുദായത്തിൽനിന്നും കുടിൽതാവളത്തിങ്ങളിൽ നിന്നും സാംസ്കാരിക ആചാരങ്ങളിൽ നിന്നുള്ള കുടിയൊഴിപ്പിക്കലുകൾ പ്രശ്നങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. ഗോത്ര വർഗ്ഗക്കാർക്ക് തങ്ങളുടതൊയ സാമ്പത്തിക ഭരണവ്യവസ്ഥകൾ സംസ്കാരത്തിന്റെ അടിത്തറയായി നിലനിൽക്കുന്നതിനാൽ, തങ്ങളുടെ ഭൂമിയിൽനിന്നു കുടിയിറക്കുമ്പോൾ ഇതെല്ലാം തന്നെ നഷ്ടമാകുന്നു. ഭൂമി നഷ്ടപ്പെടുന്നത് തങ്ങളുടെ എല്ലാ മൂല്യങ്ങൾക്ക് മീതെയുള്ള മരണമണിയാണ്. പ്രകൃതിയുടെ പവിത്രതയും, മുതിർന്നവരുടെ ജ്ഞാനത്തിലുള്ള വിശ്വാസ്യതയും,പൂർവ്വീകാരാധനയും, കുടുംബസ്വത്തിൽ കൃഷി ചെയ്യുന്നതിനും, വീടും പണിയായുധങ്ങളും നിർമ്മിക്കുന്നതിനും, അയൽപക്കങ്ങളിൽ സമത്വോത്സാഹത്തോടെ ഭക്ഷണം കൈമാറിയും ജീവിച്ചു പോന്നതുമെല്ലാം തന്നെ സമ്പത്തിലും സാമ്പത്തികകരുത്തിലുമൂന്നിയ കമ്പോള മൂല്യം തകർത്തുകളയുകയാണ് ചെയ്യ്തത്.

ജന്മിത്തം അവസാനിപ്പിച്ച് ഭൂപരിഷ്ക്കരണ പ്രസ്ഥാനത്തിന് സാക്ഷ്യം വഹിച്ച കാലഘട്ടമായിരുന്നു 1960-70കളെങ്കില്ലും വനമേഖലയിലും ഗോത്രപാരമ്പര്യ ആവാസവ്യവസ്ഥകളിലേക്കും ബാഹ്യ ശക്തികളുടെ കടന്നുകയറ്റവും ഈ കാലഘട്ടങ്ങളിലായിരുന്നു. ബ്രിട്ടീഷുകാരുടെ തോട്ടവത്ക്കരണത്തിന്നും പിന്നാലെ വനഭൂമിയിൽ നിന്നും ഗോത്രജനതയെ വനം വകുപ്പ് പുറന്തള്ളിക്കൊണ്ടിരുന്നു. കൂടാതെ ഭൂവുടമകളുടെ താല്പര്യത്തിനും വ്യാപാരത്തിനും വേണ്ടി ആസൂത്രിത

മായ വനനശീകരണവുമാണ് ഈ കാലഘട്ടത്തിൽ നടന്നത്. വ്യവസായവത്ക്കരണത്തിൻെറ ഭാഗ മായി ഗോത്രജനതയെ അവരുടെ ആവാസവ്യവസ്ഥയിൽ നിന്നും കുടിയിറക്കി. സ്വകാര്യവനം സർക്കാരിൽ നിക്ഷിപ്തമാക്കി കൊണ്ട് 1971 ൽ പാസാക്കിയ നിയമത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കാർക്ക് വനഭൂമി പതിച്ചു നൽകാൻ വ്യവസ്ഥയുണ്ടായിരുന്നു. ഇടുക്കിയിലെ കുണ്ടള മേഖലയിൽ എഞ്ചിനിയറിങ്ങ് കോളജ് പൊളിച്ചു കളഞ്ഞാണ് ഗോത്രവർഗ്ഗകാർക്ക് ഭൂമി നൽകിയത്. ഗോത്രവർഗ്ഗകാരുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാൻ 1975ൽ കേരള നിയമസഭ നിയമം പാസ്സാക്കിയിരുന്നെങ്കിലും 1986 ലാണ് ചട്ടങ്ങൾ തയ്യാറാക്കിയത്. 1975ലെ നിയമം റദ്ദാക്കു കയും ചെയ്തു. 2001 നു ശേഷം 7500 ഏക്കറോളം വരുന്ന ആറളം ഫാം ഗോത്രവർഗ്ഗക്കാർക്കും പകുതി അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുപയോഗിക്കാനായി ഒരു കാർഷികഫാമായി നില നിർത്താനും തീരുമാനിച്ചു(പി.കെ പ്രകാശ്, 2002).

**ഉദേശലക്ഷ്യങ്ങൾ**

1. ഭൂമി സംബന്ധിച്ച ഭൂമിയുടെ ഉടമസ്ഥതാവകാശം സംബന്ധിച്ച പ്രശ്നങ്ങൾ- ഭൂമിയിടെ ഗുണ മേന്മ, കൃഷിക്കനുയോജ്യമായത്, ജല ലഭ്യത, ഭൂമിയുടെ കിടപ്പ് എന്നീ പ്രശ്നങ്ങൾ.
2. അടിസ്ഥാന സൗകര്യം- ഗൃഹം, കുടിവെള്ളം, ശൗചാലയം മുതലായവ.
3. പുനരധിവാസം-അനുകൂല സാഹചര്യം, അധിവാസ മേഖലയുമായി ഇണങ്ങി ചേരൽ.
4. ആശുപത്രി, പിഎച്ച്സി,,സ്ക്കൂൾ, ബാങ്ക്, പോസ്ററ് ഓഫീസ്, മററു പൊതുസ്ഥാപനങ്ങളുമാ യുള്ള ഇടപടലുകൾ.
5. പ്രാദേശിക ഭരണവുമായുള്ള ഇടപടലുകൾ ഊരുക്കൂട്ടം, കുടുംബം മുതലായവക്കുള്ള പങ്ക്.
6. സങ്കേതത്തിനാവശ്യമായതും പഠനത്തിലൂടെ കണ്ടെത്തിയതുമായ പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ അതതു മേഖലകളിൽ അത്യാവശ്യമായ വികസനം നടപ്പിൽ വരുത്തുവാൻ സഹായിക്കുന്നു.

**പഠനത്തിൻെറ പ്രാധാന്യം**

ഗോത്രജനതയുടെ പുനരധിവാസമേഖലകളിൽ പുനരധിവസിപ്പിക്കുബോൾ അവരുടെ ആവാ സവ്യവസ്ഥകളിൽ നിന്ന് അന്യമായ സാഹചര്യത്തിൽ അധിവസിക്കുവാൻ നിർബന്ധിതരാകുന്നു. ഇത്തരം ആവാസവ്യവസ്ഥകളിൽ അവരുടെ തനതായ സാംസ്കാരികവും സാമൂഹികവുമായ ജീവി തക്രമങ്ങളിൽ നിരവധി പ്രശ്നങ്ങളും പ്രതിസന്ധികളും വെല്ലുവിളികളും നേരിടണ്ടി വരുന്നു. തങ്ങ ളുടെ ഗോത്രസമൂഹത്തിൽ നിന്നും വേർപ്പെട്ടു ചിലപ്പോൾ വ്യത്യസ്ഥമായ, തങ്ങൾക്കന്യമായ വിവിധ ഗോത്രസമുദായങ്ങൾക്കിടയിൽ പൊതുസമൂഹത്തിൽ സർക്കാർ വക ലഭിച്ചുപോന്ന ഭൂമി യിൽ അധിവസിച്ചു പോരുന്നു. ഇത്തരം അവസ്ഥകളിൽ ഇവർ നിരവധി വെല്ലുവിളികൾ നേരിടുന്നു. വന്യമൃഗശല്യം, പ്രകൃതി ദുരന്തങ്ങൾ, പണിതീരാത്ത വീടുകൾ, തൊഴിലില്ലായ്മ, രൂക്ഷമായ ജല

ക്ഷാമം, ഭൂമി കൈയേറ്റം, ഗതാഗത സൗകര്യമില്ലായ്മ, വിദ്യാഭ്യാസം നേടുന്നതിനുള്ള പ്രയാസം എന്നിവ ഇവർ നേരിടുന്ന വെല്ലുവിളികളിൽ ചിലതു മാത്രമാണ്.

വികസിത രാജ്യങ്ങളിലൂടെയുള്ള കാഴ്ചപ്പാടുകളാണ് അവികസിത രാജ്യങ്ങളിൽ വികസനമെന്ന ആശയം നടപ്പിൽ വരുത്താൻ കാരണം, അമർത്യാസെൻ പോലുള്ള സാമൂഹിക തത്വചിന്തയിൽ വികസനമെന്നത് സ്വാതന്ത്ര്യമാണ്. എന്നാൽ സുസ്ഥിര വികസനം എത്രത്തോളം എത്തി എന്നതാണ് നാം മനസ്സിലാക്കേണ്ടത്. 1957കളിൽതന്നെ വിവിധ കാരണങ്ങളാൽ ഭൂമി അന്യാധീനപ്പെട്ടവരും, ഭൂരഹിതരുമായി ഗോത്രവിഭാഗങ്ങളെ പുനരധിവസിപ്പിക്കുവാൻ വിവിധ പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിരുന്നു. കേരളത്തിലെ ഗോത്രജനതയുടെ പുനരധിവാസ പദ്ധതികളെ ഇ.ജി ജോസഫ് (മുൻ പട്ടികവർഗ്ഗ വികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ) നാല് ഘട്ടങ്ങളായി തരംതിരിക്കുന്നുണ്ട്. ആദ്യ ഘട്ടം സംസ്ഥാന ഹരിജന ക്ഷേമ വകുപ്പിന്റെ രൂപീകരണവും തുടർന്ന് നടപ്പിലാക്കിയ കോളനൈസേഷൻ പദ്ധതിയുമാണ്. രണ്ടാംഘട്ടം അവികസിത ആദിവാസി മേഖലകളുടെ വികസനാർത്ഥം രൂപീകരിച്ച 'ട്രൈബൽ പോക്കറ്റുകൾ' എന്ന പദ്ധതിയും, മൂന്നാംഘട്ടത്തിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിലക്കു വാങ്ങി നൽക്കുന്ന പദ്ധതിയുമാണ് നടപ്പിലാക്കിയത്. ഈ ഘട്ടത്തിൽ ഭൂരഹിത കുടുംബബങ്ങൾക്ക് ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഭാഗമായി മിച്ചഭൂമി പതിച്ചു നൽകുകയും, കൃഷിയോഗ്യമായ ഭൂമികൾ കണ്ടെത്തി ആയത് ഉടമകളിൽ നിന്നും വിലക്കുവാങ്ങി നൽകുകയുമാണ് ചെയ്തത്. നാലാം ഘട്ടത്തിലാണ് ആദിവാസി പുനരധിവാസ വികസന മിഷൻ വഴിയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്.

അനധികൃത കുടിയേറ്റവും, വിവിധ വികസന പ്രർത്തനങ്ങളുടെയും ഫലമായി കുടിയൊഴിക്കപ്പെട്ടതും ഭൂരഹിതരുമായി മാറിയ ജനവിഭാഗങ്ങളുടെ ഫലപ്രദമായ പുനരധിവാസം കേന്ദ്ര സംസ്ഥാന സർക്കാറുകൾ വ്യവസ്ഥ ചെയ്യുന്നുവെങ്കിലും ഇവ പൂർണ്ണമായും പാലിക്കപ്പെട്ടിരുന്നില്ല. കേരളത്തിലെ ഗോത്രജനതയുടെ 1957 മുതൽക്കെയുള്ള പുനരധിവാസത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഇവ മനസിലാക്കാവുന്നതാണ്. കേരളത്തിലെ പുനരധിവാസ പ്രവർത്തനങ്ങലുടെ നാലാം ഘട്ടം എന്ന് പൊതുവിൽ വിശേഷിക്കപ്പെടുന്ന ആദിവാസി പുനരധിവാസ വികസന മിഷനും (ടി.ആർ.ഡി.എം) പൂർണമായ ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടില്ല. കേരളത്തിലുടനീളം തിരുവനന്തപുരമൊഴികെയുള്ള ജില്ലകളിലായി 39 ഓളം പുനരധിവാസ മേഖലകളിലായി മിഷന്റെ പ്രവർത്തനഫലമായി വിവിധ ഗോത്രവിഭാഗങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ടിആർഡിഎം നിലവിൽ വന്നിട്ട് 17 വർഷത്തോളമായി ഈയവസരത്തിൽ ഇത്തരമൊരു പഠനം നടത്തുന്നതു ഇനി വരും കാലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് വഴികാട്ടുന്നതിനുതകുന്നതിനും അതാതു മേഖലകളിൽ അത്യാവശ്യമായ വികസനം നടപ്പിൽ വരുത്തുന്നതിനും സഹായകരമാകുന്നു.

**പഠന മേഖലകൾ**

തിരുവനന്തപുരത്ത് പട്ടികവർഗ്ഗവകുപ്പിൻ കീഴിൽ സ്ഥിതി ചെയ്യുന്ന ആദിവാസി പുനരധിവാസ വികസന മിഷൻെറ കണക്കുകൾ പ്രകാരം കേരളത്തിൽ പല ജില്ലകളിലായി 39 സ്ഥലങ്ങളിലായാണ് മിഷൻ മുഖാന്തിരം ഭൂമി കൈമാററം ചെയ്തിട്ടുള്ളത്. കേരളത്തിൽ തിരുവനന്തപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലും ടിആർഡിഎം മേഖലകളുണ്ടെങ്കിലും പാലക്കാട്, മലപ്പുറം, തൃശൂർ ജില്ലകളിൽ ആൾതാമസമില്ല. കണ്ണൂർ ജില്ലയിൽ ആറളം ഫാമിലാണ് ഏററവും കൂടുതൽ പുനരധിവാസം നടത്തിയിട്ടുള്ളതെങ്കിലും അവിടെ പദ്ധതിപ്രവൃത്തികൾ കൃത്യമായി നടത്തുന്നതിനാൽ പഠനം നടത്തേണ്ടതില്ലായെന്ന കിർടാഡ്സ് ഡയറക്ടറുടെയും പട്ടിക വർഗ്ഗവകുപ്പ് ഡയറക്ടറുടെയും നിർദേശപ്രകാരം അവിടെ പഠനം നടത്തിയിട്ടില്ല.

വിശദമായി പറഞ്ഞാൽ താഴെ പറയുന്ന വിഷയങ്ങളിലൂന്നിയാണ് പഠനപ്രവർത്തനങ്ങൾ നടത്തിയത്.

- ടി.ആർ.ഡി.എം മുഖേന പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെ വീട്, കുടിവെള്ളം, ശൗചാലയം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തുക.
- മിഷൻ വഴി പുനരധിവാസ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ജയപരാജയങ്ങൾ കണ്ടെത്തുക.
- വിതരണം ചെയ്യപ്പെട്ട ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച പ്രശ്നങ്ങൾ, ഭൂമിയുടെ ഗുണമേന്മ, ജലലഭ്യത, ഭൂമിയുടെ കിടപ്പ്, കൃഷി, ഭാവി സാധ്യതകൾ എന്നിവ പഠനവിധേയമാക്കുക.
- പുനരധിവസിക്കപ്പെട്ട ഗോത്രവിഭാഗങ്ങളുടെ മേഖലകളിൽ നേരിടുന്ന സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങളും അനുകൂല സാഹചര്യങ്ങളെയും കണ്ടെത്തുക.
- സങ്കേതങ്ങളിൽ ആശുപത്രി, പി.എച്ച്.സി, സ്കൂൾ, ബാങ്ക്, മറ്റ് പൊതു സ്ഥാപനങ്ങൾ എന്നീ സൗകര്യങ്ങളുടെ ലഭ്യതയും ഇടപെടലുകളും വിലയിരുത്തുക.

**രീതി ശാസ്ത്രം**

പുനരധിവാസ മേഖലകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച പഠനം നരവംശ ശാസ്ത്ര പഠന രീതികളായ ഇന്റർവ്യൂ, നിരീക്ഷണെം, ഫീൽഡു പഠനം, ഫോക്കസ്സ് ഗ്രൂപ്പിൻെറയും വ്യക്തിഗതവുമായ ചോദ്യാവലികൾ, കൂടാതെ, സൈററ് മാനേജർമാരുടെ ചോദ്യാവലികൾ, കേസ്സ് പഠനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങൾ; ഇവയിലൂടെയെല്ലാം ഉരുത്തിരിഞ്ഞു വരുന്ന അറിവുകൾ വിശകലനം ചെയ്തതിനു ശേഷമാണ് അന്തിമമായി റിപ്പോർട്ട് തയ്യാറാക്കിയിട്ടുളളത്.

**പഠന സാമഗ്രികൾ**

ടി.ആർ.ഡി.എം പുനരധിവാസ മേഖലകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച വിലയിരുത്തൽ പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ വിവിധ ഗവേഷണ രീതികൾ ഉപയോഗിച്ചിട്ടുണ്ട്. നരവംശശാസ്ത്ര പഠന രീതികളായ ഇന്റർവ്യൂ, നിരീക്ഷണം, ഫീൽഡ്തല പഠനം, ചോദ്യാവലികൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രാഥമിക വിവരശേഖരണം നടത്തിയിട്ടുള്ളത്. പുനരധിവാസ മേഖലയിലെ അടിസ്ഥാന വിവരങ്ങൾ ലഭിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിൽ (ടി.ഡി.ഒ, ടി.ഇ.ഒ, ടി.ആർ.ഡി.എം, ഐ.റ്റി.ഡി.പി) നിന്നും ലഭ്യമായ ദ്വിതിയ സ്രോതസ്സുകളെ ആശ്രയിച്ചിട്ടുണ്ട്. പുനരധിവാസ മേഖലയിൽ നിലവിൽ താമസമുള്ള ആകെ കുടുംബങ്ങളുടെ 8% മുതൽ 10% വരെയുള്ള കുടുംബങ്ങളെയാണ് സാമ്പിൾ സർവ്വേയ്ക്ക് വിധേയമാക്കിട്ടുള്ളത്. കൂടാതെ പുനരധിവാസ മേഖലകളിലെ അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ള ഫോക്കസ്ഗ്രൂപ്പ് വിവരശേഖരണവും നടത്തിയിട്ടുണ്ട്. പ്രാഥമികവും ദ്വിതീയവുമായ സ്രോതസ്സുകളെ അവലംബമാക്കിയാണ് പുനരധിവസിപ്പിച്ചിട്ടുള്ള ഗോത്രവിഭാഗങ്ങളുടെ സാമൂഹിക സവിശേഷതകൾ പഠന വിധേയമാക്കിയിട്ടുള്ളത്. കൂടാതെ പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യക്തിഗത ഇന്റർവ്യൂ, കേസ് പഠനങ്ങൾ എന്നിവയും നടത്തിയിട്ടുണ്ട്. സങ്കേതങ്ങളിൽ നിന്നും ശേഖരിച്ച വിവര വിശകലനം നടത്താൻ എസ്.വി.എസ്.എസ് സോഫ്റ്റ് വെയർ സങ്കേതിക വിദ്യയും ഉപയോഗിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിൽ ടി.ആർ.ഡി.എം വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ട് പ്രാരംഭ പഠനം നടത്തിയിട്ടുണ്ട്.

**അദ്ധ്യായങ്ങൾ**

റിപ്പോർട്ട് 5 അദ്ധ്യായങ്ങളിലായാണ് വിവരിച്ചിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ ഉദേശലക്ഷ്യങ്ങൾ, പഠനത്തിൻെറ പ്രാധാന്യം, പഠന മേഖലകൾ, മുൻകാലപഠനങ്ങൾ, രീതി ശാസ്ത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം അദ്ധ്യായത്തിൽ ടിആർഡിഎം മിഷനെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും വിശദീകരിക്കുന്നു. മൂന്നാം അദ്ധ്യായത്തിൽ ഓരോ ജില്ലകകളിലെയും ടിആർഡിഎം മേഖലകളെക്കുറിച്ച് വിശദീകരിക്കുന്നു. നാലാം അദ്ധ്യായത്തിൽ ടിആർഡിഎംമേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നു. അഞ്ചാം അദ്ധ്യായത്തിൽ ഉപസംഹാരം.

## അദ്ധ്യായം 2

# ആദിവാസി പുനരധിവാസ വികസന മിഷൻ

സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് 2001 സെപ്റ്റംബർ - ഒക്ടോബർ കാലത്ത് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിന് മുന്നിൽ ആദിവാസി ദളിത് സമരസമിതിയുടെ നേതൃത്വത്തിൽ നടന്ന സമരം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം ഒത്തു തീർത്തതിൻ പ്രകാരമാണ് ആദിവാസി പുനരധിവാസ വികസനമിഷ.ൻ രൂപീകരിച്ചത്. 2001ൽ സംസ്ഥാനത്തെ ഗോത്രവർഗ്ഗക്കാരുടെയിടയിലെ പട്ടിണി മരണങ്ങളെതുടർന്ന് സ്ത്രികളും കുട്ടികളുമടങ്ങുന്ന 300ഓളം പേർ തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുൻപിലും കുടിൽ കെട്ടി സമരം നയിക്കുകയും ചെയ്തു. സമരത്തെ തുടർന്ന് 2001 ഒക്ടോബർ 16ന് മുഖ്യമന്ത്രിയും ഗോത്രനേതാക്കളും തമ്മിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തു.

1. ഓരോ കുടുംബത്തിനും 5 ഏക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ച് ഇത് സാധ്യമാകുന്ന സുഗന്ധഗിരി,പൂക്കോട് തുടങ്ങിയ പ്രൊജക്ട് പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 5 ഏക്കർ വീതം ഭൂമി നൽകുവാനും മറ്റു സ്ഥലങ്ങളിൽ ഭൂരഹിതരോ, ഒരേക്കറിൽ കുറഞ്ഞ ഭൂമിയോ ഉള്ള ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയുള്ള, കൃഷിഭൂമി ലഭ്യമായ സ്ഥലങ്ങളിൽ 5 ഏക്കർ വരെയും വിതരണം ചെയ്യുവാനും, കൂടാതെ ഭൂവിതരണം 2002 ജനുവരി ഒന്നിന് ആരംഭിക്കുവാനുമുള്ള തീരുമാനവും കൈകൊണ്ടു.
2. ഇപ്രകാരം ലഭിക്കുന്ന പുനരധിവാസ മേഖലകളിൽ ജീവിക്കുവാൻ ആവശ്യമായ വരുമാനം ഉണ്ടാക്കുവാൻ കാലതാമസം ഉണ്ടാകും എന്നുള്ളതു കൊണ്ട് ആദിവാസി കുടുംബാംഗങ്ങൾക്ക് സ്ഥിരമായ വരുമാനം ഉണ്ടാകുന്നതിന് സഹായകമായ തൊഴിൽസംരംഭങ്ങൾ അഞ്ചുവർഷത്തേക്ക് ഏർപ്പെടുത്തുവാനുള്ള തീരുമാനിച്ചു.
3. 1999 ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണം- അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ നിയമം നടപ്പിലാക്കുന്നത് നിലവിലുള്ള കേസുകളിൽ സുപ്രീംകോടതിയുടെ അന്തിമവിധി അനുസരിച്ചായിരിക്കും.
4. ആദിവാസികളുടെ കൈവശം ഇപ്പോഴുള്ള ഭൂപ്രദേശങ്ങളും, പുതിയതായി പതിച്ചു കൊടുക്കുന്ന ഭൂപ്രദേശങ്ങളും ഷെഡ്യൂൾഡ് ഏരിയ ആയി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും, സംസ്കാരവും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തുകയും ചെയ്യും.

5. ആദിവാസികളുടെ സർവ്വതോന്മുഖമായ വികസനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും, ഒരു മിഷൻ മാതൃകയിൽ സമയബന്ധിത മായി പത്താം പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ തന്നെ നടപ്പിലാക്കുന്നതാണ്.
6. ആദിവാസികളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിലും, നടപ്പിലാക്കുന്ന തിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.
7. വയനാടു ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങളുടെ ആധിക്യം പരിഗണിച്ച് അവർക്കു നൽകുന്നതിനാവശ്യമായ ഭൂമി , പ്രത്യേകിച്ചും നിക്ഷിപ്ത വനഭൂമി പരമാവധി (കേന്ദ്രസർക്കാരിന്റെ അനുമതിയോടെ) സമയബന്ധിതമായി കണ്ടുപിടിച്ച് വിതരണം ചെയ്ത് അധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.
8. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസി സമരം ഉടൻ പിൻവലിക്കാവുന്നതാ ണ്.

ഇതിനായി ശ്രീ.റ്റി.മാധവമേനോൻ ഐ.എ.എസ് (റിട്ട.) ചെയർമാനായി ആദിവാസി മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപീകരിക്കുകയും, കമ്മിറ്റിയുടെ ശുപാർശകൾ സംസ്ഥാന ആസൂത്രണ ബോർഡിന് യഥാ സമയം സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാനിന്റെ കരടു തയ്യാറാക്കു കയും, ഇത് 01-01-2002 തീയ്യതിയിൽ ഇടുക്കി ജില്ലയിലെ മറയൂരിൽ വെച്ച് നടത്തിയ പുനരധിവാസ വികസന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനയോഗത്തിൽ പ്രകാശനം ചെയ്യുകയുണ്ടായി.

ദാരിദ്ര രേഖക്ക് താഴെയുള്ള, ഭൂമി ഇല്ലാത്ത ഗോത്രവർഗ്ഗകാർക്കും ഒരു ഏക്കറിൽ കുറവ് ഭൂമിയുള്ള ഗോത്രവർഗ്ഗകാർക്കും, പതിച്ചുനൽകുന്ന ഭൂമിയിൽ താമസം തുടങ്ങുന്ന ഗോത്രവർഗ്ഗക്കാരുടെ പുനരധിവാസ വികസന പദ്ധതികൾ നടപ്പിലാക്കുമന്നതിനായുള്ള ഒരു കേന്ദ്ര ഏജൻസി എന്ന നിലയിൽ ഊരുക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് - മാസ്റ്റർ - ശുപാർശ ചെയ്തു. ഇവ അട്ടപാടി മലയോര വികസന സംഘം അട്ടപാടിയിൽ രൂപീകരിച്ച ഊരു വികസന സമിതിയുടെ മാതൃകയിൽ ആയിരിക്കണമെന്നും ശുപാലർശ ചെയ്തിട്ടുണ്ട്. 2001 നവംമ്പർ 9ാം തീയതിയിലെ ജിഒ (എംഎസ്) 40/2001/ ആസൂത്രൂണവും സാമ്പത്തിക കാര്യങ്ങളും (എ) വകുപ്പ് ഉത്തരവ് പ്രകാരം രൂപീകരിച്ച ആദിവാസി മിഷൻ ചീഫിന്റെ ശുപാർശകളും സർക്കാർ പരിഗണിച്ചിരുന്നു. 2002 മാർച്ച്27ാം തീയതിയിലെ ജിഒ (എംഎസ്) 13/02/എസ് സി എസ് റ്റി. ഡിഡി പ്രകാരം പുനരധി വാസത്തിനും വികസനത്തിനുമായി തിരഞ്ഞെടുക്കപ്പെട്ട ഓരോ ഭൂപ്രദേശത്തിനും കുറഞ്ഞത് ഒരു ഊരുക്കൂട്ടമെങ്കിലും രൂപീകരിക്കണമെന്നും, അതിന്റെ ശരാശരി അംഗസംഖ്യ അൻപതിനടുത്ത് ആകാവുന്നതും. എന്നാൽ 100 ൽ കവിയാൻ പാടില്ലായെന്നും പറയുന്നു. എന്നാൽ പല ടിആർഡിഎം മേഖലകളിലും ഊരുക്കൂട്ടം വെറും ചടങ്ങിൽ ഒതുങ്ങി നിൽക്കുന്നതായി കാണുന്നു. ഗുണഭോക്താക്കളെ കണ്ടെത്താൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ആധികാരികത ഉള്ള ഊരുക്കൂ ട്ടത്തിൻെറ പരിശോധനക്കും അംഗീകാരത്തിനും ശേഷം അവരെ തിരഞ്ഞെടുത്ത പ്രദേശത്തും പൊതുജനശ്രദ്ധക്കായി പ്രദർശിപ്പിച്ചതുിനുശേഷം എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ടെ

ങ്കിൽ അത് ഊരുക്കൂട്ടത്തുനയച്ചു കൊടുക്കണം. ഗുണഭോക്താവ് ഗോത്രാംഗമല്ലെന്നും, ദാരിദ്ര രേഖ മറികടക്കുകയോ ചെയ്തിട്ടുണ്ട് എന്നും തെളിഞ്ഞാൽ ഊരുക്കൂട്ടത്തിന് ശുപാർശ തള്ളിക്കള യാവുന്നതാണ്. മിശ്രവിവാഹിതരിൽ ഗോത്രാംഗത്തിന്റെ പേരിലാണ് ഭൂമി അനുവദിക്കുക.

## ആദിവാസി പുനരധിവാസ വികസന മിഷൻ ഘടനയും പ്രവർത്തനങ്ങളും

2002 ൽ ഇടുക്കി ജില്ലയിലെ മറയൂരിൽ ഭൂരഹിതരായ ഗോത്രവിഭാഗങ്ങൾക്ക് പട്ടയം നൽകി കൊണ്ടാണ് 'ആദിവാസി പുനരധിവാസ വികസന മിഷൻ' ന്റെ പ്രവർത്തനങ്ങളാരംഭിച്ചത്. അഞ്ചു വർഷങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ ഭൂരഹിതരവും ഒരു ഏക്കറിൽ താഴെ ഭൂമിയുള്ളവരുമായ പട്ടി കവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തികവും സാമൂഹികവും, സർവ്വതോന്മുഖമായ വികസനം ഉറപ്പാ ക്കുക എന്നതായിരുന്നു മിഷന്റെ പ്രഖ്യാപിത ലക്ഷ്യം.

ആദിവാസി പുനരധിവാസ വികസന പരിപാടി കാര്യക്ഷമമായും, സമയബന്ധിതമായും ആവിഷ്കരിച്ചും നടപ്പാക്കുന്നതിന് 09-11-2001 ലെ ജി.ഒ (പി) നമ്പർ 663/2001/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉത്തരവു പ്രകാരംആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചു. നയ പരമായ തീരുമാനങ്ങളെടുക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ക്യാബിനറ്റ് സബ്കമ്മിറ്റിയും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര മിഷൻ കമ്മിറ്റിയും, മിഷൻ ചീഫ് മെമ്പർമാരും, സെക്രട്ടറിയും ഉൾപ്പെടുന്ന സംസ്ഥാനമിഷനും, ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാമിഷനുകളും നിലവിൽ വന്നു. താഴെപ്പറയുന്ന ഉദ്ദേശലക്ഷ്യങ്ങളോടെയാണ് ആദിവാസി പുനരധിവാസ വിക സന മിഷൻ രൂപീകരിച്ചത്.

1. അഞ്ചുവർഷ കാലാവധിക്കുള്ളിൽ സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങളുടെ പ്രത്യേകിച്ച് ഭൂരഹിതരും, ഒരേക്കറിൽ കുറവ് ഭൂമിയുള്ളവരുമായ ആദിവാസികളുടെ സാമ്പത്തികവും, സാമൂഹികവും, സർവ്വതോന്മുഖവുമായ വികസനം ഉറപ്പാക്കുക.
2. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യാനായി കൃഷിക്കുപയുക്തമായ ഭൂമി നിക്ഷിപ്തവനഭൂമിയടക്കം കണ്ടെ ത്തുകയും, പ്രസ്തുത ഭൂമി ലഭ്യതയനുസരിച്ച് ഒരേക്കറിൽ കുറയാതെയും, അഞ്ചേക്ക റിൽ കൂടാതെയും അർഹരായവർക്ക് വിതരണം ചെയ്യുക.
3. പുനരധിവസിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങളുടെ സർവ്വതോന്മുഖ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്ലാനിംഗ് ബോർഡിനെ സഹായിക്കുകയും, പത്താം പഞ്ചവത്സരക്കാലത്ത് അതിന്റെ നടത്തിപ്പിൽ ഭാഗഭാഗാക്കുകയും ചെയ്യുക.

4. ആദിവാസികൾക്കുള്ള വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന് ആദിവാസികളെയും, അവരുടെ സന്നദ്ധ സംഘടനകളെയും പ്രേരിപ്പിക്കുകയും, സഹായിക്കുകയും ചെയ്യുക.

5. വയനാടു ജില്ലയിൽ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ വളരെ കൂടുതലുള്ളതിനാൽ പ്രസ്തുത ജില്ലയിലും, മറ്റു സമീപജില്ലകളിലും ഇവർക്ക് ഓരോ കുടുംബത്തിനും അഞ്ചേക്കർ വീതം നൽകാൻ ആവശ്യമായ സ്ഥലം കണ്ടെത്തുക. ആവശ്യമാണെങ്കിൽ അനുയോജ്യമായ നിക്ഷിപ്ത വനഭൂമി കണ്ടെത്തുകയും, ഇത് പതിച്ചു നൽകുന്നതിനാവശ്യമായ അംഗീകാരം കേന്ദ്രസർക്കാരിൽ നിന്നും വാങ്ങാൻ ശ്രമിക്കുകയും ചെയ്യുക.

6. 2002 ജനുവരി 1 മുതലെങ്കിലും ഭൂമി വിതരണം ആരംഭിക്കുക.

7. പട്ടികവർഗ്ഗ പ്രദേശങ്ങൾ ഭരണഘടനയുടെ അഞ്ചാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി.കെ. ശിവാനന്ദൻ ഐ.എ.എസ് ചീഫായിട്ടുള്ള സംസ്ഥാനമിഷൻ പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്ത് ഭൂരഹിതരും, ഒരേക്കറിൽ താഴെ ഭൂമി കൈവശമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പ്രാഥമിക ലിസ്റ്റ് താഴെ ചേർത്തിട്ടുള്ള പ്രകാരം തയ്യാറാക്കി.

- ഭൂരഹിത കുടുംബങ്ങൾ – **22491**
- ഒരേക്കറിൽ താഴെ ഭൂമിയുള്ള കുടുംബങ്ങൾ – **30981**

ആകെ **53472**

ജില്ലാ കളക്ടർമാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും സഹായത്തോടെ വിവിധ ജില്ലകളിൽ വിതരണത്തിനായി കണ്ടെത്തിയ ഭൂമിയുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

പട്ടിക 2.1**വിതരണത്തിനായി കണ്ടെത്തിയ ഭൂമിയുടെ വിവരങ്ങൾ**

| | |
|---|---|
| റവന്യൂഭൂമി | – 8329 ഏക്കർ |
| നിക്ഷിപ്തവനഭൂമി | – 10438 ഏക്കർ |
| കൃഷിവകുപ്പും, പൊതുമേഖലാ സ്ഥാപനങ്ങളും | – 6949 ഏക്കർ |
| കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ | – 2539 ഏക്കർ |
| പ്രൊജക്ട് ഭൂമി | – 7757 ഏക്കർ |
| **ആകെ** | **36012ഏക്കർ** |

മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാൻ കമ്മിറ്റി കണക്കാക്കിയ തുകയുടെ മേഖലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.2**മേഖലാടിസ്ഥാനത്തിൽ ആവശ്യമായ ഫണ്ടിന്റെ വിവരങ്ങൾ (തുക കോടിയിൽ)**

| ക്രമ നമ്പർ | മേഖലയുടെ പേര് | നിർദ്ദേശിക്കപ്പെട്ട തുക | ശതമാനം |
|---|---|---|---|
| 1. | കൃഷിയും അനുബന്ധ മേഖലകളും | 475.00 | 32.76 |
| 2. | ഭവന നിർമ്മാണം | 375.00 | 25.86 |
| 3. | റോഡും വാർത്താവിനിമയവും | 100.00 | 6.90 |
| 4. | ജലസേചനം | 100.00 | 6.90 |
| 5. | മണ്ണ് സംരക്ഷണം | 90.00 | 6.21 |
| 6. | വിദ്യാഭ്യാസം | 75.00 | 5.17 |
| 7. | ഊർജം | 50.00 | 3.45 |
| 8. | ജലവിതരണം | 50.00 | 3.45 |
| 9. | ദാരിദ്ര്യ നിർമ്മാർജ്ജനം | 50.00 | 3.45 |
| 10. | മറ്റു സാമ്പത്തിക വികസന പരിപാടികൾ | 50.00 | 3.45 |
| 11. | ആരോഗ്യം | 35.00 | 2.14 |
| | **ആകെ** | **1450.00** | **100.00** |

പുനരധിവാസ പദ്ധതി പ്രകാരം ഭൂമി പതിച്ചു നൽകുന്നതിന് "ദി കേരള അസൈൻമെന്റ് ഓഫ് ഗവൺമെന്റ് ലാൻഡ്സ് റ്റു ഷെഡ്യൂൾഡ് ട്രൈബ്സ് റൂൾസ് 2001" എന്ന പേരിൽ ചട്ടങ്ങൾ ഉണ്ടാക്കി 13.12.2001 ൽ അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്തു. ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് കുറഞ്ഞത് ഒരേക്കറും കൂടിയത് അഞ്ചേക്കറും ഭൂമി പതിച്ചു നൽകുവാനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുവാൻ വേണ്ടി 1960 ലെ കേരള ഭൂമി

പതിച്ചു നൽകൽ ആക്ടിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയവയാണ് ഈ ചട്ടങ്ങൾ. താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഭൂമി പതിച്ചു നൽകുന്നത്.

1) പതിച്ചു നൽകിയ ഭൂമിയിൽ പിൻതുടർച്ചാവകാശമുണ്ട്. പക്ഷേ കൈമാറ്റം പാടില്ല.
2) പട്ടയം ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ഭൂമിയിൽ താമസം തുടങ്ങണം.
3) പതിവു ഭൂമിയിൽ നിൽക്കുന്ന അനുവദിക്കപ്പെട്ട ചെറു വൃക്ഷങ്ങൾ ഒഴികെയുള്ള മരങ്ങൾ മുറിക്കരുത്.
4) കൃഷിക്കുവേണ്ടി ഏതെങ്കിലും മരം മുറിക്കണമെങ്കിൽ അത് സർക്കാർ മുറിച്ച് മാറ്റും.
5) ഭൂമി പതിച്ച് കിട്ടിയ ആൾ ഊരുകൂട്ടത്തിൽ അംഗമാകണം.
6) പരിസ്ഥിതി സംരക്ഷണത്തിനും ജൈവസമ്പത്ത് സംരക്ഷണത്തിനും വിരുദ്ധമായി പതിച്ചു നൽകിയ ഭൂമി ഉപയോഗിക്കുകയോ കൃഷി ചെയ്യുകയോ അരുത്.
7) അമിത ഉഴുതുമറിക്കൽ രീതി പതിച്ചു കിട്ടിയ ഭൂമിയിൽ പാടില്ല.

ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ മുൻ നിശ്ചയപ്രകാരം 2002 ജനുവരി ഒന്നിന് ഇടുക്കി ജില്ലയിലെ മറയൂരിൽ വെച്ച് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഉദ്ഘാടനം ചെയ്തു. മറയൂരിൽ 242 ഹിൽ പുലയ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒന്നരയേക്കർ വീതവും, കുണ്ടളയിൽ 73 മുതുവാൻ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് അഞ്ചേക്കർ വീതവും ഭൂമിക്ക് പട്ടയം നൽകി. ഉദ്ഘാടന ചടങ്ങിൽ 'മാസ്റ്റർ പ്ലാൻ' മുഖ്യമന്ത്രി ശ്രീമതി. സി. കെ. ജാനുവിന് നൽകി പ്രകാശനം ചെയ്തു.

മിഷന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിൽ ഊർജസ്വലമായി നടന്നു. എന്നാൽ രാഷ്ട്രീയ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും ഉണ്ടായ സ്ഥാനചലനങ്ങളും മറ്റും മൂലം മിഷന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒരു ഘടകമായി പരിണമിക്കുകയും ചെയ്തു. ഇതിനെതിരെ 2003 ൽ ഗോത്ര മഹാസഭ വയനാട്ടിലെ മുത്തങ്ങയിൽ വൻ പ്രതിഷേധ സമരം നടന്നിരുന്നു. മിഷന്റെ കണക്ക് പ്രകാരം 2002 മുതൽ 2017 വരെ ഭൂമിയില്ലാത്ത 7718 ഗോത്രകുടുംബങ്ങൾക്ക് 9739.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ആറളം ഫാമിന്റെ സംസ്ഥാന സർക്കാർ വിലക്കു വാങ്ങിയ ഭാഗവും ഇതിൽ ഉൾപ്പെടുന്നു. മിഷന്റെ പുനരധിവാസ പ്രക്രിയ വിലയിരുത്തുന്നതിനും അതുവഴി പുനരധിവസിക്കപ്പെട്ട ഗോത്രവിഭാഗങ്ങളുടെ സ്ഥായിയായതും സർവ്വതോന്മുഖവുമായ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള പുതിയ മാതൃക രൂപപ്പെടുത്തുവാനും മികച്ച പുനരധിവാസ മാതൃകകളെ കണ്ടെത്തുവാനും ഈ പഠനം ലക്ഷ്യമിടുന്നു.

**പട്ടിക 2.3ഭൂമി വിതരണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | കുടുംബങ്ങളുടെ എണ്ണം | വ്സ്തൃതി (ഏക്കർ) |
|---|---|---|---|
| 1. | കാസർഗോഡ് | 265 | 198.73 |
| 2. | വയനാട് | 997 | 2526.60 |
| 3. | കണ്ണൂർ | 3937 | 3813.37 |
| 4. | മലപ്പുറം | 61 | 46.38 |
| 5. | പാലക്കാട് | 527 | 487.44 |
| 6. | കോഴിക്കോട് | 420 | 600.00 |
| 7. | തൃശ്ശൂർ | 20 | 5.68 |
| 8. | എറണാകുളം | 296 | 418.90 |
| 9. | ഇടുക്കി | 949 | 1460.00 |
| 10. | ആലപ്പുഴ | 35 | 7.67 |
| 11. | കോട്ടയം | 19 | 19.00 |
| 12. | പത്തനംതിട്ട | 33 | 15.74 |
| 13. | കൊല്ലം | 160 | 138.28 |
| | **ആകെ** | **7719** | **9737.99** |

കുറിപ്പ്: മലപ്പുറം, പാലക്കാട് ജില്ലകളിൽ ഭൂവിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്ത തിനാൽ അവിടെ പഠനപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

മേൽപട്ടികവിശകലനം ചെയ്താൽ താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാവുന്ന താണ്.

1) പുനരധിവാസ വികസന മിഷൻ പ്രവർത്തനമാരംഭിച്ചിട്ട് ഒന്നര പതിറ്റാണ്ടിനുശേഷവും ഭൂര ഹിതരിൽ പകുതി പേർക്കുപോലും ഭൂമി നൽകാൻ കഴിഞ്ഞിട്ടില്ല.
2) തിരുവനന്തപുരം ജില്ലയിൽ ആർക്കും ഭൂമി നൽകിയില്ല.
3) ഭൂരഹിതർക്ക് കിടപ്പാടം പതിച്ചു നൽകുന്ന റവന്യൂ വകുപ്പിന്റെ പട്ടയ മേളയിൽ തുച്ഛമായ ഭൂമി ലഭിച്ച പട്ടികവർഗ്ഗക്കാരെയും ഉൾപ്പെടുത്തിയിരിക്കുന്നു.
4) ഭൂരഹിതർക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകുമെന്ന വാഗ്ദാനം നിലനിൽക്കേ പല ജില്ലക ളിലും ഒരേക്കറിൽ കുറഞ്ഞ ഭൂമി മാത്രമാണ് നൽകിയിട്ടുള്ളത്.
5) പട്ടയം ലഭിച്ച പലർക്കും ഭൂമി കൈവശം ലഭിച്ചിട്ടില്ല. ഉദാ: ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ
6) നിക്ഷിപ്ത വനഭൂമി പതിച്ച് നൽകിയവർക്ക് പട്ടയം ലഭിച്ചിട്ടില്ല.
7) പതിച്ച് നൽകിയ ഭൂമി പലയിടത്തും വാസയോഗ്യമോ, കൃഷിക്ക് ഉപയുക്തമോ അല്ല.

ഭൂമി കണ്ടെത്താൻ കഴിയാത്തതാണ് പുനരധിവാസ വികസന മിഷൻ നേരിടുന്ന പ്രധാന വെല്ലുവിളി. ഇതിന് പരിഹാരമായിട്ടാണ് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ വീതം ഭൂമി നൽകണമെന്നുള്ള 1999 ലെ നിയമത്തിന്റെ പിൻബലത്തോടെ നിലവിലുള്ള വനനിയമങ്ങളിൽ

ഇളവുവരുത്തി സുപ്രീംകോടതിയുടെ അനുമതിയോടെ 7683 ഹെക്ടർ വനഭൂമി വിട്ടുകിട്ടിയിട്ടുള്ളത്. പ്രസ്തുത ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 2.4**അനുവദിച്ചഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ**

| ക്രമ നമ്പർ | ജില്ല | വിസ്തൃതി(ഹെക്ടറിൽ) | | |
|---|---|---|---|---|
| | | അനുവദിച്ചത് | വനം വകുപ്പ് അനുയോജ്യമായി കണ്ടത് | റവന്യൂ വകുപ്പ് അനുയോജ്യമായി കണ്ടത് |
| 1. | കാസർഗോഡ് | 37.203 | 37.203 | 37.203 |
| 2. | കണ്ണൂർ | 83.000 | 83.000 | 83.000 |
| 3. | വയനാട് | 3008.080 | 477.5179 | 477.5179 |
| 4. | മലപ്പുറം | 203.64 | 124.19 | 124.18 |
| 5. | പാലക്കാട് | 4361.3027 | 2172.7078 | 155.10 |
| | **ആകെ** | **7693.2257** | **2894.6191** | **876.993** |

കുറിപ്പ് : മലപ്പുറം, പാലക്കാട് ജില്ലകളിൽ ഭൂവിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ അവിടെ പഠനപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. കാസർഗോഡ് ജില്ലയിൽ 151 കുടുംബങ്ങൾക്ക് 75.5 ഏക്കർ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനിടയ്ക്ക് ആദിവാസി ക്ഷേമ സമിതിയുടേയും മറ്റും പിന്തുണയോടെ അമ്പുകുത്തി, പെരിഞ്ചാംകുട്ടി, അരിപ്പ, തലപ്പുഴ, മക്കിയാട്, നെല്ലിയാംപതി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂമി കൈയേറി വീടുവെച്ചും, കൃഷി ചെയ്തും ജീവിച്ചു വരികയാണ്. ഇവർക്കാകട്ടെ സർക്കാർ സഹായങ്ങളെല്ലാം നിഷേധിക്കപ്പെട്ടിരിക്കുകയുമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന ഭൂമി വിലക്കു വാങ്ങി നല്കുന്ന പദ്ധതിക്കും ഭൂപ്രശ്നത്തെ കാര്യമായിട്ടൊന്നും അഭിസംബോധന ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## പുനരധിവാസ വികസന പദ്ധതികൾ

01.01.2002 ൽ പ്രവർത്തനമാരംഭിച്ച ആദിവാസി പുനരധിവാസ വികസനമിഷന്റെ പ്രഖ്യാപിത ലക്ഷ്യം അഞ്ചുവർഷങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികവും സാമൂഹികവും സർവ്വതോന്മുഖമായ വികസനം ഉറപ്പാക്കുകയെന്നതായിരുന്നു. ഭൂവിതരണത്തിനു പുറമേ സ്ഥിരമായ ഒരു വരുമാനമാർഗ്ഗത്തിന് ആവശ്യമായ ഭൂവികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനും ആദിവാസികളുടെ വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക ഉന്നമനത്തിന് ആവശ്യമായ പദ്ധതികൾക്കും ഇതിന് വേണ്ടിവരുന്ന ധനസമാഹരണത്തിനും വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീക

രിക്കുകയുണ്ടായില്ല. മാത്രവുമല്ല, വിവിധ സൈറ്റുകളിൽ കുടിയിരുത്തപ്പെട്ടവരുടെ അതിജീവന ത്തിനും വികസനത്തിനും ഉതകുന്ന സമഗ്ര പ്രോജക്ടുകൾ പോലും തയ്യാറാക്കപ്പെട്ടിട്ടില്ല. വിവിധ വികസന വകുപ്പുകളുടെ പദ്ധതികൾ ഏകോപിപ്പിച്ച് പുനരധിവാസ പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും കാര്യമായ ശ്രമങ്ങൾ നടന്നില്ല. പട്ടികവർഗ്ഗ വികസന വകു പ്പിന്റെ ബഡ്ജറ്റിൽ വക കൊള്ളിച്ച ഫണ്ട് പ്രധാനമായും താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് വിനി യോഗിക്കാനാണ് നിശ്ചയിച്ചിരുന്നത്.

- ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ വികസനം
- ജലസേചനവും കൃഷിയുമുൾപ്പെടെയുള്ള ഭൂവികസന പരിപാടികൾ
- സ്വയം തൊഴിൽ പദ്ധതികൾ
- ആരോഗ്യ പരിപാലന പരിപാടികൾ
- മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ

താല്കാലിക വാസസ്ഥലങ്ങൾ, കാർഷിക സാമഗ്രികൾ, ഭവന നിർമ്മാണം, ഊർജം, കുടിവെ ള്ളം, റോഡു നിർമ്മാണം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ജലസേചന ഫെറോ സിമന്റ് ടാങ്ക്, സ്വയം തൊഴിൽ സംരഭങ്ങൾ, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി കെട്ടിടം എന്നിവയാണ് ഏറ്റെടുത്ത പ്രധാന പദ്ധതികൾ.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബഡ്ജറ്റിൽ വക യിരുത്തിയതും ചിലവഴിച്ചതുമായ തുകകളുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

**പട്ടിക2.5ബഡ്ജറ്റിൽ വകയിരുത്തിയതും ചിലവഴിച്ചതുമായ തുകകളുടെ വിവരങ്ങൾ**

| വർഷം | വിഹിതം(ലക്ഷത്തിൽ) | ചെലവ്(ലക്ഷത്തിൽ) |
|---|---|---|
| 2012 13 | 2000 | 2000 |
| 201314 | 2000 | 1999.94 |
| 201415 | 2000 | 1999.14 |
| 201516 | 2000 | 2165.67 |
| 201617 | 4200 | ലഭ്യമല്ല |

2017 – 18 വർഷത്തെ ബഡ്ജറ്റിൽ 5000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പുനരധി വാസ കോളനികളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന വീഴ്ചകൾ സംഭ വിച്ചു.

1) ഓരോ പുനരധിവാസ കോളനിക്കുവേണ്ടിയും സമഗ്രമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയുണ്ടായില്ല.

2) ഒറ്റപ്പെട്ട പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാമിഷന്റെ അനുമതിയോടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കുകയാണുണ്ടായത്.

3) ഏറ്റെടുത്ത പദ്ധതികൾ പലതും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഉദാ: ആദ്യത്തെ പുന രധിവാസ കോളനിയായ ഇടുക്കി ജില്ലയിലെ മറയൂരിൽ പുനരധിവസിപ്പിച്ച 242 കുടും ബങ്ങൾക്കു വേണ്ടി നിർമ്മാണമാരംഭിച്ച വീടുകളിൽ 54 എണ്ണം നാളിതുവരെ പൂർത്തി യായിട്ടില്ല. ജില്ലയിലാകെ 485 വീടുകൾ പൂർത്തീകരിക്കാനുണ്ട്.

4) മറ്റു വികസന വകുപ്പുകളുമായോ, തദ്ദേശഭരണ സ്ഥാപനങ്ങളുമായോ കാര്യമായ ഏകോപനം ഉണ്ടായില്ല.

5) വന്യമൃഗശല്യം തടയുന്നതിൽ ഫലപ്രദമായ സംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടു ത്തിയിട്ടില്ല.

6) പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്ക് സ്ഥിരമായ തൊഴിലോ വരുമാനമോ പ്രദാനം ചെയ്യുന്ന ഭൂവികസന പദ്ധതികളോ, സംരംഭങ്ങളോ ഏറ്റെടുത്ത് നടപ്പാക്കിയില്ല.

7) പുനരധിവസിക്കപ്പെട്ട കുടുംബങ്ങളിൽ കുറേയധികം പേർ തങ്ങളുടെ സ്വദേശങ്ങളി ലേക്ക് മടങ്ങിപ്പോകാൻ നിർബന്ധിതരായി. ഇടുക്കി ജില്ലയിൽ 9 കോളനികളിൽ ഭൂമി നൽകിയ 1071 ഗുണഭോക്താക്കളിൽ 410 പേർ മാത്രമാണ് ഇപ്പോൾ കോളനികളിൽ സ്ഥിരമായി താമസിക്കുന്നത്.

8) പുനരധിവാസ കോളനികളിൽ പലയിടത്തും അനധികൃത കൈയ്യേറ്റങ്ങൾ നടന്നു. ഇടുക്കിയിൽ മാത്രം ഏഴിടങ്ങളിലായി 67 ഏക്കർ ഭൂമി കൈയ്യേറിയതായി കണ്ടെത്തി യിട്ടുണ്ട്. ഇവ ഒഴിപ്പിക്കുന്നതിനുള്ള നടപടികളൊന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

9) വിതരണം ചെയ്ത ഭൂമി അന്യാധീനപ്പെടുത്തിയ നിരവധി കേസുകൾ ഉണ്ടായിട്ടുണ്ട്.

10) ഭൂമി അനുവദിച്ച് രേഖ കൈമാറിയിട്ടും ഭൂമി ലഭിക്കാത്ത കുടുംബങ്ങളുമുണ്ട്.

11) ഇടുക്കി ജില്ലയിൽ എല്ലാ കോളനികളും വൈദ്യുതീകരിച്ചത് മാത്രമാണ് ഒരു രജത രേഖയായി ചൂണ്ടിക്കാണിക്കാനുള്ളത്.

പട്ടിക2. **6ടിആർഡിഎം സങ്കേതങ്ങൾ**

| | | | |
|---|---|---|---|
| 1 | കൊല്ലം | 1 | അരിപ്പ പുനരധിവാസ സങ്കേതം, കുളത്തൂപ്പുഴ |
| | | 2 | കുരിയോട്ട് മല സങ്കേതം, പിറവന്നൂർ |
| 2 | ആലപ്പുഴ | 3 | മറ്റത്തിൽ പറമ്പിൽ പുനരധിവാസ മേഖല (മുഹമ്മ) |
| | | 4 | വല്ലേതുരുത്ത്, വയലാർ |
| | | 5 | സി.കെ. സങ്കേതം, തൈക്കാട്ടുശ്ശേരി |
| | | 6 | ആഫീസ് പറമ്പ് സങ്കേതം, പാണാവള്ളി |
| 3 | പത്തനംതിട്ട | 7 | തലപ്പള്ളി എസ്റ്റേറ്റ്,അറുഞ്ഞികുഴി സങ്കേതം, വടശ്ശേരിക്കര |
| | | 8 | ഏനാദിമംഗലംടകജ മുരുകൻ കോളനി |

| | | | |
|---|---|---|---|
| 4 | കോട്ടയം | 9 | മടുക്ക സങ്കേതം (ചകിരിമേട്), കോരുത്തോട് |
| | | 10 | കുഴിമാവ് സങ്കേതം, കോരുത്തോട് |
| 5 | ഇടുക്കി | 11 | സിങ്കുകണ്ടം സങ്കേതം, ചിന്നക്കനാൽ |
| | | 12 | ചിന്നക്കനാൽ 80 ഏക്കർ സങ്കേതം, ദേവീകുളം |
| | | 13 | പന്തടിക്കളംസങ്കേതം, ശാന്തൻപാറ |
| | | 14 | പൂപ്പാറസങ്കേതം, ശാന്തൻപാറ |
| | | 15 | മറയൂർ പഞ്ചായത്തിലെ മറയൂർ സങ്കേതം, |
| | | 16 | കുണ്ടല സങ്കേതം, ദേവികുളം |
| | | 17 | വിലക്ക് സങ്കേതം, ചിന്നക്കനാൽ |
| | | 18 | സൂര്യനെല്ലി സങ്കേതം, ചിന്നകനാൽ |
| 6 | ഏറണാകുളം | 19 | പന്തപ്ര സങ്കേതം, കുട്ടമ്പുഴ |
| | | 20 | തലക്കൽ ചന്തു സങ്കേതം, നേര്യമംഗലം |
| | | 21 | എടക്കാട്ട് വയൽ ( പാർപ്പംകോട് സങ്കേതം), കണയന്നൂർ |
| 7 | കോഴിക്കോട് | 22 | മുതുകാട്-കുളത്തൂർ സങ്കേതം, ചക്കിട്ടപ്പാറ |
| | | 23 | വട്ടച്ചിറ സങ്കേതം, കോടഞ്ചേരി |
| | | 24 | പേരാമ്പ്ര എസ്റ്റേറ്റ് സങ്കേതം, ചക്കിട്ടപ്പാറ |
| 8 | വയനാട് | 25 | ചീനിക്കാമൂല സങ്കേതം, ചീങ്ങേരി |
| | | 26 | സുഗന്ധഗിരിസങ്കേതം1 |
| | | 27 | സുഗന്ധഗിരിസങ്കേതം 2 |
| | | 28 | സുഗന്ധഗിരിസങ്കേതം 3 |
| | | 29 | സുഗന്ധഗിരിസങ്കേതം 5 |
| | | 30 | സുഗന്ധഗിരിസങ്കേതം 6 |
| | | 31 | ഈച്ചമാനിക്കുന്ന് സങ്കേതം, അമ്പലവയൽ |
| | | 32 | മട്ടപ്പാറ സങ്കേതം, അമ്പലവയൽ |
| | | 33 | ആറാട്ടുപാറ സങ്കേതം, അമ്പലവയൽ |
| | | 34 | വികാസ് സങ്കേതം, അമ്പലവയൽ |
| | | 35 | പൂക്കോട് കുന്ന് **(കുന്നത്തിടവക)** സങ്കേതം, വൈത്തിരി |
| | | 36 | അമ്പലക്കുന്ന് സങ്കേതം , ചീങ്ങേരി |
| | | 37 | കാരംകൊല്ലി സങ്കേതം, സുൽത്താൻ ബത്തേരി |
| 9 | കണ്ണൂർ | 38 | അപ്പർ ചീക്കാട്സങ്കേതം, ആലക്കോട് എസ്റ്റേറ്റ് , ഉദയഗിരി |
| | | 39 | ലോവർ ചീക്കാട് ആലക്കോട് എസ്റ്റേറ്റ്ആലക്കോട് എസ്റ്റേറ്റ് ,ഉദയഗിരി |
| | | 40 | കോളി സങ്കേതം, ആലക്കോട് എസ്റ്റേറ്റ് , ഉദയഗിരി |
| | | 41 | മധുവനം സങ്കേതം, ആലക്കോട് എസ്റ്റേറ്റ്, ഉദയഗിരി |
| | | 42 | ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതം,ഇരിട്ടി |
| 10 | **കാസർഗോഡ് ജില്ല** | 43 | കിനാനൂർ - കരിന്തളം പുനരധിവാസ സങ്കേതം |
| | | 44 | കുഞ്ചത്തൂർ |

## അദ്ധ്യായം 3

# ജില്ലാതല പഠനങ്ങൾ

ആദിവാസി പുനരധിവാസ വികസന മിഷൻ മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ പഠനങ്ങൾനടത്തിയത് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഏറ

ണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ പത്ത് ജില്ലകളിലാണ്. ഈ ജില്ലകളിലെ പഠനറിപ്പോർട്ടുകളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്. കൊല്ലം ജില്ലയിലെ അരിപ്പ, കുരിയോട്ടുമല സങ്കേതങ്ങൾ. ആലപ്പുഴ ജില്ലയിലെ മറ്റത്തിൽ പറമ്പിൽ പുനരധിവാസ മേഖല (മുഹമ്മ), വല്ലേതുരുത്ത്, വയലാർ, സി.കെ. സങ്കേതം, തൈക്കാട്ടുശ്ശേരി, ആഫീസ് പറമ്പ്, പാണാവള്ളി സങ്കേതങ്ങൾ. പത്തനംതിട്ട ജില്ലയിലെ തലപ്പള്ളി എസ്റ്റേറ്റ്, അറുഞ്ഞികുഴി (വടശ്ശേരിക്കര), ഏനാദിമംഗലത്തുള്ള ടകജ മുരുകൻ കോളനി, കോട്ടയം ജില്ലയിലെമടുക്ക ട്രൈബൽ മിഷൻ സെറ്റിൽമെന്റ്, കുഴിമാവ് സങ്കേതങ്ങൾ,ഇടുക്കി ജില്ലയിലെസിങ്കുകണ്ടം, ചിന്നക്കനാൽ 80 ഏക്കർ,പന്തടിക്കളം, പൂപ്പാറ, മറയൂർ , കുണ്ടല, സൂര്യനെല്ലി സങ്കേതങ്ങൾ. ഏറണാകുളം ജില്ലയിലെ പന്തപ്ര,തലക്കൽ ചന്തു, എടക്കാട്ട് വയൽ ( പാർപ്പംകോട് സങ്കേതം), കോഴിക്കോട് ജില്ലയിലെ മുതുകാട്-കുളത്തൂർ, വട്ടച്ചിറ, പേരാമ്പ്ര എസ്റ്റേറ്റ് സങ്കേതങ്ങൾ, വയനാട് ജില്ലയിലെ ചീനിക്കാമൂല, സുഗന്ധഗിരി-**1**, സുഗന്ധഗിരി-**2**, സുഗന്ധഗിരി-**3**, സുഗന്ധഗിരി-**5**, സുഗന്ധഗിരി-**6**,ഈച്ചമാനിക്കുന്ന്, മട്ടപ്പാറ, ആറാട്ടുപാറ,വികാസ്, പൂക്കോട് കുന്ന് (കുന്നത്തിടവക),അമ്പലക്കുന്ന്, കാരംകൊല്ലി സങ്കേതങ്ങൾ.കണ്ണൂർ ജില്ലയിലെ അപ്പർ ചീക്കാട്, ലോവർ ചീക്കാട്, കോളി, മധുവനം,ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതങ്ങൾ,കാസർഗോഡ് ജില്ലയിലെകിനാനൂർ - കരിന്തളം, കുഞ്ചത്തുർ പുനരധിവാസ സങ്കേതം എന്നിവിടങ്ങളാണ് പഠനം നടത്തിയത്.

## കൊല്ലം ജില്ലയിലെ പുനരധിവാസ സങ്കേതങ്ങൾ

കേരളത്തിലെ തെക്ക് ഭാഗത്തുള്ള രണ്ടാമത്തെ ജില്ലയാണ് കൊല്ലം. തെക്ക് തിരുവനന്തപുരം, വടക്ക് പത്തനംത്തിട്ട ആലപ്പുഴ ജില്ലകളും, കിഴക്ക് തമിഴ്നാട് സംസ്ഥാനവും, പടിഞ്ഞാറ് അറബികടലുമാണ് കൊല്ലത്തിന്റെ അതിരുകൾ. കശുവണ്ടി സംസ്കരണവും കയർ നിർമ്മാണവും, മത്സ്യബന്ധനവുമാണ് ഈ ജില്ലയിലെ പ്രധാന വ്യവസായങ്ങൾ. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് നിന്നും 70 കിലോമീറ്റർ വടക്ക്മാറി ജില്ലാ ആസ്ഥാനമായ ഭരണ നിർവ്വഹണത്തിനായി ജില്ലയെ കൊല്ലം, പുനല്ലൂർ എന്നിങ്ങനെ രണ്ട് റവന്യൂ ഡിവിഷനുകളിലായി തരംതിരിച്ചിരിക്കുന്നു. ഓരോ റവന്യൂ ഡിവിഷനുകളിലും മൂന്നു താലൂക്കുകളുണ്ട്. പുനലൂർ താലൂക്കിലെ അരിപ്പ പുനരധിവാസ സങ്കേതവും, പത്തനാപുരം താലൂക്കിലെ കുരിയോട്ടുമല സങ്കേതവുമാണ് കൊല്ലം ജില്ലയിലെ ടിആർഡിഎം പുനരധിവാസ സങ്കേതങ്ങൾ.

# S.1 അരിപ്പ

## S.1-1 പ്രദേശം

കൊല്ലം നഗരത്തിൽ നിന്നും 45 കിലോമീറ്റർ വടക്ക് കിഴക്കും തിരുവനന്തപുരം നഗരത്തിൽ നിന്നും 65 കിലോമീറ്റർ വടക്കും പത്തനംത്തിട്ട ജില്ലയിൽ നിന്നും 50 കിലോമീറ്റർ അകലെയായും, അക്ഷാംശം 76.92 ഡിഗ്രി കിഴക്കും 9 ഡിഗ്രി വടക്കും, കടൽ നിരപ്പിൽ നിന്നും 34 മീറ്റർ ഉയരത്തിലുമാണ് പുനലൂർ താലൂക്ക് സ്ഥിതി ചെയ്യുന്നത്.പുനലൂർ താലൂക്കിലെ കുളത്തൂപ്പുഴ പഞ്ചായത്തിൽ പതിനൊന്നാം വാർഡിലായാണ് അരിപ്പ പുനരധിവാസ സങ്കേതം സ്ഥിതി ചെയ്യുന്നത്. കിഴക്കൻ മേഖലയിൽ തമിഴ്നാട് സംസ്ഥാനവുമായി ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന നഗരം കൂടിയാണ് പുനലൂർ. ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത കൊല്ലം ജില്ലയിലെയും സമീപജില്ലയായ പത്തനംതിട്ടയിലെയും ഗോത്രവിഭാഗത്തിൽപ്പെട്ട 20 കുടുംബങ്ങൾക്ക് 2010 ലാണ് ഒരു ഏക്കർ വീതം ഭൂമി വിതരണം നടത്തിയത്. സങ്കേതത്തിൽ ഭൂമി ലഭ്യമായവർ മലവേടൻ, മലപണ്ടാരം തുടങ്ങിയ ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരാണ്. സങ്കേതത്തിൽ ഭൂമി 20 കുടുംബങ്ങൾക്ക് അനുവദിച്ചെങ്കിലും രണ്ട് പേർക്ക് പട്ടയ വിതരണം നടത്തിയിട്ടില്ല. ബാക്കിയുള്ള കുടുംബങ്ങളിൽ ഒരു കുടുംബം ഒഴികെ 17 കുടുംബങ്ങൾ സങ്കേതത്തിൽ സ്ഥിരമായി താമസിക്കുന്നണ്ട്. പുനരധിവാസത്തിനുമുമ്പ്75%ഗുണഭോക്താക്കളും സ്വന്തം വീടുകളിലും25%ബന്ധുവീടുകളെയുമാണ് ആശ്രയിച്ചു കഴിഞ്ഞു പോന്നത്.

അരിപ്പ സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 20% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുളളത്.

## S.1.1.1സങ്കേതത്തിന്റെ ചരിത്രം

### ചെങ്ങറ ഭൂസമരം

പത്തനംതിട്ട ജില്ലയിലെ തെക്ക് കിഴക്കായി കുളത്തൂപ്പുഴ പഞ്ചായത്തിൽ ചെയ്യുന്ന ഗ്രാമമാണ് ചെങ്ങറ. പഴയ കൊല്ലം ജില്ലയുടെ ഭാഗമായിരുന്നു ഇവിടം. ഈ പ്രദേശം സ്വാഭാവിക വനങ്ങളാലും റബ്ബർ തോട്ടങ്ങളാലും ചുറ്റപ്പെട്ടുകിടക്കുന്നു. 2005 ആഗസ്റ്റ് 15 ന് പത്തനംതിട്ട മുൻസിപ്പൽ സിവിൽ സ്റ്റേഷന് മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം പ്രഖ്യാപിച്ചതോടെയാണ് ചെങ്ങറ സമരം ആരംഭിക്കുന്നത്. സാധുജനവിമോചന സംയുക്ത വേദി (SJVSV) 2001 ഒക്ടോബർ 3 ന് രൂപീകരിച്ച പ്രക്ഷോഭത്തിന് ആദ്യകാലത്ത് നേതൃത്വമേറ്റെടുത്ത്

സർക്കാറിന് മുമ്പിൽ 22 ആവശ്യങ്ങൾ അടങ്ങിയ അവകാശപത്രിക മുന്നോട്ട് വച്ചു. 2006 ൽ ജനുവരിയിൽ അന്നത്തെ മുഖ്യമന്ത്രി വീഡിയോകോൺഫറൻസിലൂടെ സംഘടന മുന്നോട്ട് വച്ച 22 ആവശ്യങ്ങൾക്ക് ന്യായീകരിക്കാവുന്നതാണെന്ന് ഉറപ്പുനൽകി. ഇങ്ങനെ സത്യാഗ്രഹം അവസാനിപ്പിച്ചു. എന്നാൽ പിന്നീട് ഗവൺമെന്റ് SJVSV യുടെ ആവശ്യങ്ങൾ അവഗണിച്ചു ഇത് സംഘടനാ പ്രവർത്തകരെ പ്രകോപിപ്പിച്ചു. ചന്ദനപ്പള്ളി റബ്ബർ എസ്റ്റേറ്റ് പിടിച്ചെടുക്കാൻ സമരക്കാർ തീരുമാനിച്ചു. സംസ്ഥാന പ്ലാന്റേഷൻ കോർപ്പറേഷന് കീഴിൽ കോന്നിയിൽ സ്ഥിതിചെയ്യുന്ന സമരം ആയരുന്നു ഇത്. സമരക്കാർ 4000 ത്തോളം കുടിലുകൾ അവിടെ കെട്ടിയുയർത്തി. പതിനായിരക്കണക്കിന് വരുന്ന തൊഴിലാളികളുടെ ജീവനോപാധിയായി രുന്നു ഈ എസ്റ്റേറ്റ്. സമരത്തിന്റെ പശ്ചാത്തലത്തിൽ തോട്ടം തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ തൊഴിലാളി യൂണിയനുകൾ അടിയന്തര നടപടി സ്വീകരിക്കണ മെന്ന് ആവശ്യപ്പെട്ടു. അഞ്ചേക്കറോളം ഭൂമിയും 50,000/- രൂപ നഷ്ടപരിഹ◌ാരവും ഉറപ്പുല ഭിച്ചപ്പോൾ സമരത്തിന്റെ അഞ്ചാം ദിവസം സമരക്കാർ ചന്ദനപ്പള്ളി എസ്റ്റേറ്റിൽ നിന്നും ഒഴി ഞ്ഞുപോയി പക്ഷേ വാഗ്ദാനം പാലിക്കാതെ വന്നപ്പോൾ ളാഹ ഗോപാലന്റെ നേതൃത്വത്തിൽ സത്യാഗ്രഹം ആരംഭിച്ചു. പത്ത് ദിവസം കഴിഞ്ഞ് ഗവൺമെന്റ് വിദഗ്ദസമിതിയെ നിയോഗി ച്ചു. ഈ സമിതി ഒരേക്കർ മുതൽ ഒരു ഹെക്ടർ ഭൂമി വരെ നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകി. പക്ഷേ ഈ വാഗ്ദാനവും പാലിക്കപ്പെട്ടില്ല. ഇത് ചെങ്ങറ ഹാരിസൺ മലയാളം കമ്പനി ലിമിറ്റഡ് (HML) ഭൂമി വീണ്ടും കയ്യേറുന്നതിന് കാരണമായി. ഈ സമരത്തെ തുടർന്ന് SJVSV പ്രവർത്തകരെ അറസ്റ്റ് ചെയ്തതും ഏകദേശം രണ്ടായിരത്തോളം വരുന്ന SJVSV പ്രവർത്തകർ ചെങ്ങറ എസ്റ്റേറ്റിന്റെ കുറുമ്പടി ഡിവിഷൻ കീഴിൽ വരുന്ന ഭൂമി പിടി ച്ചെടുത്ത് ഒറ്റ രാത്രികൊണ്ട് അഞ്ഞൂറോളം കുടിലുകൾ കെട്ടി. ഏകദേശം മൂന്ന് ഏക്കറോളം ഭൂമി സമരക്കരുടെ നിയന്ത്രണത്തിലായി ഇവരെക്കൂടാതെ 2007 ഓഗസ്റ്റ് അഞ്ചാം തീയ്യതിയോ ടുകൂടി രണ്ടായിരത്തോളം വരുന്ന ഗോത്രവർഗ്ഗ-ദളിത് മറ്റുപിന്നോക്ക സമുദായങ്ങൾ SJVSV ന്റെ നേതൃത്വത്തിൽ HML ന്റെ ഭൂമി വീണ്ടും കയ്യേറി നൂറോളം കുടിൽ നിർമ്മിച്ചു.

ആദിവാസി ഗോത്രജനസഭ (AGJs), ആദിവാസി ഗോത്ര മഹാസഭ (AGMS), രാഷ്ട്രീയ മഹാസഭ (RMS) എന്നീ സംഘടനകൾ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ശ്രീരാമൻ കൊയ്യോന്റെ നേതൃത്വത്തിലുള്ള അഘ്ഖട പാട്ടക്കാലാവധി അവസാനിച്ച സാഹച ര്യത്തിൽ ഈ ഭൂമി സർക്കാർ തിരിച്ച് പിടിക്കണമെന്ന് ആവശ്യപ്പെട്ടു. ഈ ഭൂമി ഭൂരഹിതരായി ട്ടുള്ള ഗോത്രവർഗ്ഗക്കാർക്കും, തോട്ടംതൊഴിലാളികൾക്കും നൽകണമെന്ന് ആവശ്യപ്പെട്ടു.

സർക്കാർ ചെങ്ങറ ഭൂമി നിർബന്ധിച്ച് ഒഴിപ്പിക്കുകയാണെങ്കിൽ ഈ പ്രക്ഷോഭം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്ന് അഘ്ങട പ്രസിഡന്റ് സി. കെ. ജാനു, ഞങട നേതാവ് എം. ഗീതാനന്ദൻ എന്നിവർ അറിയിച്ചു. തദ്ദേശീയരുടെ പിന്തുണയില്ലെങ്കിൽ പോലും ഈ സമരം തുടർന്ന് ഒരു മാസത്തിനകം 500 കുടുംബങ്ങളിൽ നിന്നുള്ള 4500 അംഗങ്ങൾ സമരത്തിൽ പങ്കെടുത്തു. 23 ആഗസ്തിലെ കണക്കനുസരിച്ച് കുടുംബങ്ങളുടെ എണ്ണം 500 ആയി ഉയർന്നു. സമരത്തിന്റെ പത്താം ദിവസം കൊണ്ട് കുടിലുകളുടെ എണ്ണം 4075 ആയി ഉയർന്നു. 2007 ആഗസ്റ്റ് മുപ്പതോടെ ഇത് 8000 ആയി ഉയർന്നു. നീണ്ടനാളത്തെ പ്രക്ഷോഭത്തിന്റെ ഫലമായി സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും പ്രശ്ന പരിഹാരത്തിനായി വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്ത് നിന്നും നിർദ്ദേശങ്ങൾ ലഭിക്കുകയുമുണ്ടായി. 2008 നവംബർ 24-ാം തീയ്യതി ബഹു. മുഖ്യമന്ത്രി വി.എസ്. അച്ച്യുതാനന്ദൻ ഭൂരഹിതരായിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിനായി മൂന്ന് മുതൽ അഞ്ച് സെന്റ് വരെ ഭൂമിയും മറ്റ് ആവശ്യങ്ങൾക്കായി 75000/- രൂപയും പ്രഖ്യാപിച്ചു. പക്ഷേ സമരക്കാർ ഈ ആവശ്യം നിരാകരിച്ചു. അന്നത്തെ പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശ പ്രകാരം ഭൂമിയുടെ ലഭ്യതക്കനുസരിച്ച് ഭൂമി വിതരണം നടത്തണമെന്ന് ആവശ്യപ്പെട്ടു. ചെങ്ങറ ഭൂ സമരത്തിന്റെ രണ്ടാം വാർഷിക സമയത്ത് പ്രക്ഷോഭകരുടെ അവകാശ വാദങ്ങൾ പരിശോധിക്കാൻ സംസ്ഥാന സർക്കാർ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ (HML) കൈവശമുള്ള ഭൂമിയിൽ സർവ്വെ നടത്താൻ ആവശ്യപ്പെട്ടു. ഈ സർവ്വെയിലൂടെ അധികമായി ലഭിക്കുന്ന ഭൂമിയും മറ്റു ഭൂമിയും പ്രക്ഷോഭകർക്ക് വീതിച്ചുനൽകണമെന്ന് നിർദ്ദേശിച്ചു, ഇത് വഴി പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയും വീട് വയ്ക്കാൻ 1,25,000/- രൂപയും പട്ടിക ജാതിക്കാർക്ക് യഥാക്രമം 50 സെന്റ് ഭൂമിയും ഒരു ലക്ഷം രൂപയും ന്യൂനപക്ഷങ്ങൾക്കും മറ്റ് പിന്നോക്കക്കാർക്ക് 25 സെന്റ് ഭൂമിയും 75,000 രൂപയും അനുവദിച്ചു. ഈ നിർദ്ദേശം അവസാനം അംഗീകരിക്കപ്പെട്ടു. ഈ സമരങ്ങളുടെ ശ്രമമായാണ് ചെങ്ങറ സമരത്തിൽ പങ്കെടുത്ത 20 ഗോത്രകുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി കൊല്ലം ജില്ലയിലെ കുളത്തൂപുഴ പഞ്ചായത്തിലെ അരിപ്പയിൽ 2010 ൽ നൽകാൻ തീരുമാനമായത്. സങ്കേതത്തിൽ ഭൂമി ലഭിച്ച 20 കുടുംബങ്ങളിൽ 18 കുടുംബങ്ങളാണ് ഭൂമി സ്വീകരിച്ചത്. ഇതിൽ 17 കുടുംബങ്ങൾ സ്ഥിരമായി ഇവിടെ താമസിച്ചുവരുന്നു. 100% ഗുണഭോക്താക്കളും ഭൂമി ലഭിച്ചതിനു ശേഷമാണ് സങ്കേതം സന്ദർശിച്ചത്. 20% പേർ 2002-06 വർഷങ്ങളിലും, 75% പേർ 2006-12 വർഷങ്ങളിലുമാണിവിടെ താമസമാരംഭിച്ചത്. ഇങ്ങിനെ ചെങ്ങറ ഭൂസമരത്തിലൂടെ ഭൂമി ലഭിച്ചവരാണ് അരിപ്പ സങ്കേതവാസികൾ.

## S.1.2 സമുദായഘടന

ആകെ 53 പേരാണ് സങ്കേതത്തിൽ സ്ഥിരമായി താമസിക്കുന്നത്. ഇതിൽ 23 പുരുഷൻമാരും 30 സ്ത്രീകളുമുൾപ്പെടുന്നു. മലവേടൻ, മലപണ്ടാരം, മലക്കുറവൻ എന്നവകാശപ്പെടുന്ന ഗോത്രവിഭാഗങ്ങളിൽപ്പെട്ടവർക്കുമാണ് ഭൂമി ലഭ്യമായത്.

## S.1.3 അടിസ്ഥാന സൗകര്യങ്ങൾ

### വീട്

2010 ൽ ഭൂമിയനുവദിച്ച സമയത്ത് തന്നെ മിക്കവരും സങ്കേതത്തിൽ താമസമാരംഭിച്ചിരുന്നു. താത്കാലികമായ ഷെഡിലാണ് താമസമാരംഭിച്ചത്, ഇതിന് സഹായകമായി വകുപ്പ് 3000/- രൂപ വീതം നൽകിയിരുന്നു. 2011-2013 കാലഘട്ടത്തിലാണ് വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഇതിനായി 2.5 ലക്ഷം രൂപവീതം നൽകുകയും ചെയ്തിട്ടുണ്ട്. സങ്കേതത്തിൽ താമസമാരംഭിച്ച 17 കുടുംബങ്ങളിൽ 13 കുടുംബങ്ങളുടെ വീടുകളുടെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും മറ്റുകുടുംബങ്ങൾ ഇപ്പോഴും താത്കാലിക ഷെഡുകളിൽ തന്നെയാണ് താമസിക്കുന്നത്. ഗതാഗത യോഗ്യമായ റോഡ് ഇല്ലാത്തതിനാൽ വീട് നിർമ്മാണത്തിന് സാധനസാമഗ്രികൾ കൊണ്ടുവരാൻ കൂടിയ ചിലവ് വരുന്നുണ്ട്. നിലവിലെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വീടുകളിലെ പ്രവർത്തികൾ സ്വന്തം താത്പര്യ പ്രകാരം 75.0%ഗുണഭോക്താക്കൾ നേരിട്ടു തന്നെയാണ് നടപ്പിലാക്കുന്നത്. കൃത്യസമയത്ത് ഫണ്ട് ലഭ്യമാവാത്തത് ഇവരുടെ നിർമ്മാണത്തെ സാരമായി തന്നെ ബാധിക്കുന്നുണ്ട്. വീടുനിർമ്മാണ പ്രവർത്തി ആരംഭിച്ച ഗുണഭോക്താവ് അടുത്ത ഗഡു ലഭ്യമാവാത്തതിനെ തുടർന്ന് വീടിന്റെ കോൺക്രീറ്റ് പ്രവർത്തി നടത്താതെ വരികയും നിലവിൽ പൂർത്തീകരിച്ച വീടിന്റെ കട്ടിള, ജനൽ തുടങ്ങിയവയുടെ മരങ്ങൾ മഴയും വെയിലുമൊക്കെ കൊണ്ട് നശിച്ച അവസ്ഥയിലാണ്.


പട്ടിക 3.1**ഭവന നിർമ്മാണം**

| ഭവന നിർമ്മാണം | | | | |
|---|---|---|---|---|
| | | സ്വന്തം താത്പര്യപ്രകാരമാണോ ഭവനനിർമ്മാണം നടത്തിയത്? | | ആകെ |
| | | അതേ | അല്ല | |
| സങ്കേതം | അരിപ്പ | 3 | 1 | 4 |
| | | 75.0% | 25.0% | 100.0% |

## S.1.3.1കുടിവെള്ളം

കുന്നിന്റെ മുകളിലും താഴെയുമായിട്ടാണ് 18 കുടുംബങ്ങൾക്ക് സങ്കേതത്തിൽ ഭൂമിയനുവദിച്ചത്. ഇതിൽ മുകൾഭാഗത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് ജലക്ഷാമം രൂക്ഷമാണ്. മഴക്കാലത്ത് തുണിവലിച്ചുകെട്ടിയും വേനൽക്കാലത്ത് സങ്കേതത്തിന് പുറത്തുള്ള കുളത്തിൽ നിന്നും അരുവിയിൽ നിന്നും വെള്ളംശേഖരിച്ചാണ് 25.0%പേർ കുടിക്കാൻ ഉപയോഗിക്കുന്നത്. സങ്കേതവാസികൾ അനുഭവിക്കുന്ന പ്രധാനപ്രശ്നമാണ് കുടിവെള്ള ദൗർലഭ്യം എന്നാൽ സങ്കേതത്തിന്റെ താഴെ ഭാഗത്തുള്ള എട്ടു വീടുകളിൽ സ്വന്തമായി കിണർ നിർമ്മിച്ചിട്ടുണ്ട്. 75%ആളുകൾക്കും കിണർ വെള്ളം ലഭ്യമാണ്. ഇതിനായി വകുപ്പ് ധനസഹായവും നൽകിയിട്ടുണ്ട്

ചിത്രം3.1**കുടിവെള്ളം**




## S.1.3.2റോഡ്

സങ്കേതത്തിലെ പ്രധാന പ്രശ്നമാണ് ഗതാഗതയോഗ്യമായ റോഡില്ലാത്തത്. സങ്കേതം തുടങ്ങുന്നതുമുതൽ താത്കാലിക റോഡ് ഉണ്ടെങ്കിലും ഇത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ

എണ്ണക്കുരു പ്ലാന്റേഷനിലൂടെയാണ് കടന്നുപോകുന്നത്, അതുകൊണ്ട് തന്നെ ഈ റോഡ് പൊതുവഴി ആയി ഉപയോഗിക്കാൻ സാധ്യമല്ല. ഇതല്ലാതെ തന്നെ സങ്കേതത്തിൽ എത്തിച്ചേരാൻ റോഡ് നിർമ്മിക്കാൻ സങ്കേതവാസികൾ നിരന്തരം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ സങ്കേതത്തിലേക്ക് എത്തിപ്പെടാൻ പുതിയ റോഡ് നിർമ്മിക്കുമ്പോൾ അത് ഭൂസമരക്കാർ കയ്യേറിയ മേഖലയിലൂടെയാണ് വരിക അതുകൊണ്ട് തന്നെ നിലവിൽ ഈ റോഡിന്റെ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. സങ്കേതത്തിലേക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിലുള്ള പ്രധാന തടസ്സം ഭൂസമരക്കാരുടെ കയ്യേറ്റമാണെന്നാണ് വകുപ്പിന്റെ ഭാഗത്തുനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഈ കാരണങ്ങൾ കൊണ്ട് ദുരിതത്തിലായിരിക്കുന്നത് ഈ മേഖലയിൽ ഭൂമി ലഭ്യമായ ഗോത്ര കുടുംബങ്ങളാണ് സങ്കേതത്തിലേക്ക് സാധന സാമഗ്രികൾ എത്തിക്കാനാവാതെയും, ആരോഗ്യവിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങൾക്ക് സങ്കേതത്തിന് പുറത്തേക്ക് എത്തിപ്പെടാനും വലിയ രീതിയിലുള്ള ബുദ്ധിമുട്ട് ഇവിടെ അനുഭവിക്കുന്നുണ്ട്. സങ്കേതത്തിന്റെ തുടക്കത്തിൽ വരെ താത്കാലിക റോഡ് ഉണ്ടെങ്കിലും സങ്കേതത്തിനകത്തേക്ക് അതിനുള്ള സാഹചര്യം പോലുമില്ല. മഴക്കാലത്ത് താത്കാലികമായുള്ള ഈ റോഡ് പോലും തീർത്തും ഉപയോഗിക്കാൻ വയ്യാത്ത അവസ്ഥയിലാണ്. സർക്കാർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുതിയ റോഡിനെപറ്റി സങ്കേതത്തിലുള്ളവർക്ക് തന്നെ വിവിധ അഭിപ്രായമാണുള്ളത്. സങ്കേതത്തിന്റെ താഴെ ഭാഗത്തുള്ളവർക്ക് ഈ റോഡ് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നാണ് ഈ പ്രദേശത്തുള്ളവർ അഭിപ്രായപ്പെടുന്നത്.


### S.1.3.3 വൈദ്യുതി

സങ്കേതത്തിലെ വീടുകൾക്ക് രാജീവ്ഗാന്ധി വിദ്യുത്യോചന പദ്ധതി പ്രകാരമാണ് വൈദ്യുതി എത്തിച്ചു നൽകിയിട്ടുള്ളത്. സങ്കേതത്തിൽ സ്ഥിരതാമസമുള്ള 17 കുടുംബങ്ങളിൽ 14 വീടുകൾക്ക് നിലവിൽ വൈദ്യുതി ലഭ്യമായിട്ടുണ്ട്.

### S.1.3.4 ശൗചാലയം

സങ്കേതത്തിലെ ഭവന നിർമ്മാണ പ്രവർത്തി പൂർത്തിയാക്കിയ എല്ലാ വീടുകളിലും ശൗചാലയ നിർമ്മാണ് പൂർത്തീകരിച്ചിട്ടുണ്ട് എന്നാൽ പ്രവർത്തി പൂർത്തിയാവാത്ത രണ്ട് വീടുകളിൽ ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഇല്ല. ശൗചാലയ നിർമ്മാണത്തിന് ധനസഹായമായി 15,000/- രൂപ നൽകിയിട്ടുണ്ടെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചത്.

ചിത്രം3.2 **ശൗചാലയം**





### S.1. 4 വിദ്യാഭ്യാസം

സങ്കേതത്തിൽ താമസമാരംഭിച്ചതിന് ശേഷം പ്രാഥമിക വിദ്യാഭ്യാസത്തിനായി നാലാം തരം വരെ ആശ്രയിക്കുന്നത് സങ്കേതത്തിൽ നിന്നും മൂന്ന് കി.മീ. അകലെയുള്ള കൊച്ചരിപ്പ യിലെ എൽ പി. സ്കൂളിനെയാണ്. അതിനുശേഷം ഹൈസ്കൂൾ വരെ ഏഴ് കി.മീ. അകലെ മടത്തറയും ഹയർസെക്കണ്ടറി പരുത്തി സ്കൂളിനെയുമാണ്. സങ്കേതത്തിലെ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ മെച്ചപ്പെട്ടതാണെങ്കിലും കുട്ടികൾക്ക് സങ്കേതത്തിലും വീടുകളിലും പഠനം നടത്താനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. ഇതുകൂടാതെ കൗമാരക്കാർക്കിട യിലും വീടുകളിലെ മുതിർന്ന പുരുഷൻമാരിലും ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതും മാതാപിതാക്കൾക്ക് കുട്ടികളുടെ പഠന കാര്യത്തിലുള്ള ശ്രദ്ധക്കുറവും സാമ്പത്തിക പിന്നോ ക്കാവസ്ഥയും കുട്ടികളുടെ പഠനത്തിൽ പുറകോട്ടുപോകുന്നതിനുള്ള കാരണമായി തീരുന്നു ണ്ട്. സങ്കേതത്തിന് സമീപം തന്നെ ആൺകുട്ടികളുടെ എം.ആർ.എസ്. സ്കൂൾ ഉണ്ടെങ്കിലും

സങ്കേതത്തിലെ ഒരു കുട്ടിക്ക് പോലും അവിടെ അഡ്മിഷൻ ലഭിച്ചിട്ടില്ല. 100%പേർക്കും സ്ക്കൂളുകളിലെത്തിപ്പെടാൻ പറ്റുന്നുണ്ട്. എന്നാൽ സ്കൂളുകളിൽ 50% കൊഴിഞ്ഞു പോക്ക് ഉണ്ട്. കൂടാതെ വിദ്യാഭ്യാസം നേടിയ യുവതീ, യുവാക്കൾക്കോ മറ്റു പുനരധിവാസ മേഖല യിലെ ജനങ്ങൾക്കോ ഈ സ്കൂളുമായി ബന്ധപ്പെട്ട ജോലികൾക്കോ മറ്റുകാര്യങ്ങൾക്കോ പരിഗണന ലഭിച്ചിരുന്നില്ല. സങ്കേതത്തിനോട് ചേർന്ന് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ജോലിയിൽ പരിഗണന നൽകണമെന്നാണ് ഇവരുടെ ആവശ്യം.

## ചിത്രം 3.3 പഠനത്തിടെയിലെ കൊഴിഞ്ഞുപോക്ക്




### S.1.5ആരോഗ്യം

അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകാത്തതുകൊണ്ടും പുതിയ പ്രദേശത്ത് എത്തി ച്ചേർന്നത് കൊണ്ടും തന്നെ സങ്കേതത്തിൽ താമസമാരംഭിച്ച ഘട്ടത്തിൽ മാനസികമായി പൊരുത്തപ്പെടാൻ സങ്കേതവാസികൾക്ക് ബുദ്ധിമുട്ടുണ്ടായിരുന്നു. കൂടാതെ അസുഖങ്ങൾ ബാധിക്കുന്ന സമയത്ത് ആരോഗ്യകേന്ദ്രത്തിൽ എത്തിച്ചേരാനുള്ള യാത്രാബുദ്ധിമുട്ടും താമ സമാരംഭിച്ച ഘട്ടം മുതൽതന്നെ ഇവിടെയുണ്ടായിരുന്നു. സങ്കേതവാസികളിൽ 75.0% പേരും

ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കൂടുതലായും ആശ്രയിക്കുന്നത് അലോപ്പതി ചികിത്സാരീതിയെയാണ്. ഇതിനായി 100% പേരും രണ്ട് കി.മീ. സമീപത്തുള്ള ചോയിക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തേയും, കിടത്തി ചികിത്സക്ക് 12.കി.മീ. അകലെയുള്ള കുളത്തൂ പുഴയിലെ സ്വകാര്യ ആശുപത്രിയെയുമാണ് ആശ്രയിക്കാറുള്ളത്. ചികിത്സാരംഗത്ത് കൂടു തൽ മെച്ചപ്പെട്ട സൗകര്യത്തിമുള്ള ജില്ലാ ആശുപത്രി സങ്കേതത്തിൽ നിന്ന് 45 ക.മീ. അകലെ പുനലൂരിലാണ് സ്ഥിതിചെയ്യുന്നത്. സങ്കേതത്തിൽ ഇതുവരെ മറ്റുതരത്തിലുള്ള പകർച്ചവ്യാധി കൾ ഒന്നും തന്നെയുണ്ടായിട്ടില്ല. കൂടാതെ ഈ മേഖലയിൽ എത്തിയതിനുശേഷം ജീവിത ശൈലി രോഗങ്ങൾ കൂടിവരുന്നതായും സങ്കേതത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സങ്കേതത്തിൽ 2016 ൽ തലച്ചോറിന് അസുഖം ബാധിച്ച നാലു വയസ്സുള്ള കുട്ടി മരിച്ചിട്ടുണ്ടാ യിരുന്നു കൂടാതെ ജോലി സ്ഥലത്തുനിന്ന് രണ്ട് പേർക്ക് അപകടം സംഭവിച്ചിട്ടുണ്ട്. സങ്കേത ത്തിൽ ഇതുവരെ മെഡിക്കൽ ക്യാമ്പുകളോ, രോഗപ്രതിരോധ പ്രവർത്തനങ്ങളോ നടത്തിയി ട്ടില്ല. സങ്കേതത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടക്കാറുണ്ടെന്ന് സങ്കേതം കണ്ടതിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സങ്കേതത്തിലെ നിന്ന് ഒരു ഹെൽത്ത് പ്രമോട്ടർ താത്കാലികമായി ജില്ലാ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു വരുന്നു ണ്ട്. 50%പേർ ഭക്ഷണകാര്യത്തിൽ മാറ്റങ്ങൾ സംഭവിച്ചതായും 50%പേർഭക്ഷണകാര്യത്തിൽ മാറ്റങ്ങൾ സംഭവിച്ചിട്ടില്ലായെന്നും അഭിപ്രായപ്പെട്ടു.

പട്ടിക 3.2**പ്രാഥമിക ആരോഗ്യ**കേന്ദ്രം

| ആരോഗ്യകേന്ദ്രം | | | | |
|---|---|---|---|---|
| | | പി.എച്ച്.സി | | ആകെ |
| | | ഉണ്ട് | 10 കി.മിനുള്ളിൽ | |
| സങ്കേതം | അരിപ്പ | 0 | 4 | 4 |
| | | 0.0% | 100.0% | 100.0% |

## S.1.6തൊഴിലും വരുമാനവും

സങ്കേതത്തിൽ താമസമാരംഭിച്ചതിനു ശേഷം 50% സങ്കേതവാസികൾക്കുംഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിൽ വലിയ രീതിയിലുള്ള ബുദ്ധിമുട്ട് നേരിടുന്നുണ്ട്. പ്രധാനമായും തൊഴിലില്ലായ്മയാണ് അനുഭവപ്പെടുന്നത്. 25%പേരും പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നി ല്ലായെന്ന് അഭിപ്രായപ്പെട്ടു. 25%ആളുകളും കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്. കൃഷി

ചെയ്ത് ഉപജീവനം കണ്ടെത്തുന്നതിനായി ഒരേക്കർ ഭൂമി ലഭ്യമായിട്ടുണ്ടെങ്കിലും പന്നിശല്യം കാരണം കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. കൂടാതെ കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യങ്ങളും ഒരുക്കി നൽകിയിട്ടില്ല.50% പേർ സ്വന്തമായ് ജലസേചനം നടത്തി പ്രതികൂലമായ ഈ അവസ്ഥയിലും പയർ, വെണ്ട, ചേമ്പ്, ചേന, വാഴ തുടങ്ങിയ ചെറിയ രീതിയിൽ കൃഷി ചെയ്ത് സ്വന്തം ആവശ്യത്തിന് ഇവിടെ നട്ടു വളർത്തി ഉപയോഗിക്കുന്നുണ്ട്.50% പേർ സർക്കാർ വക ജലസേചന പദ്ധതി ഉപയോഗപ്പെടുത്തുന്നു. 60.0%ഗുണഭോക്താക്കളും നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. പദ്ധതിയുടെ ഭാഗമായി അനുവദിച്ച ഭൂമി അളന്നു തിട്ടപ്പെടുത്തി പട്ടയം ലഭിച്ചിട്ടുണ്ടെങ്കിലും സങ്കേതത്തിലും പുറത്തുമായി അതിർത്തി സംബന്ധമായ തർക്കങ്ങൾ സ്ഥിരമായി നടക്കുന്നുണ്ടെന്ന് സങ്കേതത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. എത്രയും പെട്ടന്ന് റീ സർവ്വെ ചെയ്ത് കൃത്യമായ അതിർത്തി പുനർനിർണ്ണയം നടത്തണമെന്നാണ് ഇവരുടെ ആവശ്യം. കൂടാതെ സങ്കേതത്തിന് പുറത്തുള്ള സമരഭൂമിയിൽ സ്ഥിതിചെയ്യുന്നുണ്ട്. ഇവിടെ താമസമുള്ളവരെക്കുറിച്ച് കൃത്യമായ അറിവില്ലാത്തതുകൊണ്ട് തന്നെ സങ്കേതത്തിലെ പെൺകുട്ടികളെ ഒറ്റയ്ക്ക് പുറത്തേക്ക് യാത്രചെയ്യാൻ ഭയവും സുരക്ഷിതത്വ പ്രശ്നവും അനുഭവിക്കുന്നുണ്ടെന്നും ഇവർ അഭിപ്രായപ്പെട്ടു.100% പേരും വന്യമൃഗ ശല്ല്യം നേരിടുന്നുണ്ട്. ഇങ്ങനെ പുറത്തുള്ളവഴിയിൽ നിന്നും കൃഷിയിലേക്കുള്ള വന്യമൃഗങ്ങളുടെ ശല്യം തടയാൻ സങ്കേതത്തിന് ചുറ്റും കമ്പിവേലി നിർമ്മിക്കണമെന്നാണ് ഇവരുടെ ആവശ്യം. സങ്കേതത്തിൽ 33.3%പേർക്ക് ബിപിഎൽ റേഷൻ കാർഡും 66.7% പേർക്ക് ബിപിഎൽ എഎവൈ റേഷൻ കാർഡുമാണുള്ളത്. അരിപ്പ പുനരധിവാസ സങ്കേതത്തിൽ 50.0% പേരും തടിയിതേര വനവിഭവ ശേഖരണത്തിൽ ഏർപ്പെടുന്നു. 20%പേർക്ക് തൊഴിലുറപ്പിൽ അംഗത്വമുണ്ട്. സങ്കേതത്തിൽ 20%പേർക്ക് സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കുന്നുണ്ട്.


പട്ടിക 3.3 **തൊഴിൽ**

| തൊഴിൽ | | | | | | | | |
|---|---|---|---|---|---|---|---|---|
| | | കുടുംബാംഗങ്ങളുടെ തൊഴിൽ | | | | | | |
| | | കാർഷിക മേഖല | നിർമ്മാണ മേഖല | തൊഴിലുറപ്പ് | വീട്ടമ്മ | മറ്റുള്ളവ | ആകെ |
| സങ്കേതം | അരിപ്പ | 0 | 3 | 1 | 1 | 0 | 5 |
| | | 0.0% | 60.0% | 20.0% | 20.0% | 0.0% | 100.0% |

### S.1. 6.1 കടബാധ്യത

സങ്കേതവാസികൾക്കിടയിൽ കടബാധ്യതയുള്ളവരാണ് മിക്കവരും. വീട്, കൃഷി, ചികിത്സ തുടങ്ങിയവയ്ക്കായി 50,000 മുതൽ ഒരു ലക്ഷം വരെ കടം ബാങ്കിൽ നിന്നും വ്യക്തികളിൽ നിന്നൊക്കെയായി പലരും വാങ്ങിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ വീടിനായും കാർഷികാവശ്യങ്ങൾക്കായുമാണ് കടമെടുത്തത്. മിക്കവരും ഇത് തിരിച്ചടവ് നടത്തുന്നുണ്ട്. പുനരധിവാസ മേഖലയിൽ എത്തിപ്പെട്ടതിന് ശേഷമുള്ള പലആവശ്യങ്ങൾക്കും കൃത്യസമയത്ത് ഫണ്ട് ലഭ്യമാക്കാത്തത് ഇവരുടെ നിത്യ ജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്.

ചിത്രം3.4**കടബാധ്യത**




### S.1.7സങ്കേതത്തിന്റെ നിലവിലെ അവസ്ഥ/ പ്രശ്നങ്ങൾ

2010 കാലഘട്ടത്തിലാണ് ചെങ്ങറ ഭൂസമരത്തിന്റെ ഭാഗമായി 20 കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതം ഭൂമി പോയിക്കോട് പ്രധാന റോഡിൽ നിന്നും വിട്ടുമാറി ഒറ്റപ്പെട്ട പ്രദേശത്ത് അനുവദിച്ചത്. ഗോത്രവിഭാഗങ്ങളുടെ പുനരധിവാസം ഭൂമിയനുവദിച്ചുനൽകുക എന്ന കാഴ്ച പ്പാട് വച്ചതുകൊണ്ട് തന്നെ മതിയായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകാൻ സാധിച്ചി ട്ടില്ല. ആയതിനാൽ തന്നെ താമസമാരംഭിച്ച ഘട്ടത്തിൽ മേഖലയിലെ ജിവിതം ബുദ്ധിമുട്ട് നിറ

ഞ്ഞതായിരുന്നു. സ്വന്തം പ്ലോട്ടുകളിൽ എത്തിച്ചേരാനുള്ള പൊതുവഴിപോലും ഉവർക്കുണ്ടായിരുന്നില്ല. അടിസ്ഥാന സൗകര്യപദ്ധതികൾ പിന്നീട് ചിലതൊക്കെ സങ്കേതത്തിൽ നടപ്പിലാക്കിയെങ്കിലും ആവശ്യമായ പലതും ഇന്നും പൂർത്തിയാകാത്ത അവസ്ഥയിലാണ്. അടിസ്ഥാന സൗകര്യങ്ങൾ കൃത്യമായി എത്തിക്കാത്തതും, ഉപജീവനമാർഗ്ഗങ്ങൾ ഒരുക്കി നൽകാത്തതും സങ്കേതത്തിലും പുറത്തുമുള്ള സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കാത്തതും ഇവിടുത്തെ പ്രധാന പ്രശ്നങ്ങളായി തുടർന്നുവരികയാണ്. സങ്കേതത്തിൽ 100.0%പേരും മറ്റു പഞ്ചായത്തുകളിൽ നിന്നും പുനരധിവസിക്കപ്പെട്ടവരാണ്. ഇവർക്കെല്ലാം  പട്ടയം ലഭിച്ചിട്ടുണ്ട്.

## S.1.7.1 സാമൂഹിക സാമ്പത്തിക അവസ്ഥ

ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത ഭൂരഹിതരായ ഗോത്രവിഭാഗക്കാർക്കാണ് ഇവിടെ ഭൂമിയനുവദിച്ചു നൽകിയത്. സങ്കേതത്തിൽ താമസമാരംഭിക്കുന്നതിന് മുമ്പ് സാമൂഹികമായോ സാമ്പത്തികമായോ ആയ യാതൊരുവിധ മുന്നൊരുക്കങ്ങളും ഇവിടെ നടത്തിയിട്ടില്ലെന്നു പറയാം. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഈ മേഖലയെ മറ്റു മേഖലകളിൽ നിന്നും ഒറ്റപ്പെടുത്തുന്നതായിരുന്നു. സങ്കേതത്തിൽ ഭൂമിവിതരണം നടത്തിയത് മലവേടൻ, മലപണ്ടാരം തുടങ്ങിയ സമുദായത്തിൽപ്പെട്ടവർക്കാണ്. ഇതിൽ കുടുംബങ്ങളുടെ എണ്ണത്തിൽ മലപണ്ടാരം, മലക്കുറവൻ എന്നവകാശപ്പെടുന്ന സമുദായങ്ങൾ ഒറ്റപ്പെട്ടാണുള്ളത്. ഒറ്റപ്പെട്ടുതാമസിക്കുന്നവർക്ക് ആചാരനുഷ്ഠാനങ്ങൾ മേഖലയിൽ നടത്തുന്നതിന് തടസ്സമുണ്ട്. ആചാരനുഷ്ഠാനങ്ങളിൽ ഉറച്ചുവിശ്വസിച്ചു പോരുന്ന ഇവര് ആരാധനയ്ക്ക് തങ്ങളുടെ പഴയ സങ്കേതത്തെ ആശ്രയിക്കേണ്ടതായി വരികയാണ്. സങ്കേതത്തിൽ സാമുദായികപരമായ ഒറ്റപ്പെടുത്തലും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. മലവേടൻ സമുദായാചാരങ്ങൾ മേഖലയിൽ കൂട്ടായി നടത്തപ്പെടുന്നുമുണ്ട്. കൂടാതെ സങ്കേതത്തിനു പുറത്തുള്ള മറ്റു ജനവിഭാഗങ്ങളും സങ്കേതവാസികളോട് നല്ല രീതിയിലുള്ള സഹകരണമില്ലെന്നും ഒറ്റപ്പെടുത്തുന്ന സമീപനമാണുള്ളതെന്നും സങ്കേതത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സങ്കേത്തിൽ എത്തിപ്പെട്ടതിന് ശേഷം ജീവിതരീതിയിലും നിലവാരത്തിലും പുരോഗതി പ്രാപിക്കാൻ സാധിച്ചില്ലെന്നും ഭൂമി കിട്ടിയതും കുറച്ച് സൗകര്യങ്ങളും മാത്രമാണ് പുരോഗതിയായി കാണാൻ സാധിച്ചിട്ടുള്ളതെന്നും ഇവർ അഭിപ്രായപ്പെട്ടു. സങ്കേതത്തിലെ ജനങ്ങൾക്കിടയിൽ കൂട്ടായ്മയും സഹകരണവും വർദ്ധിപ്പിക്കാനുള്ള സൗകര്യങ്ങൾ ഒന്നും തന്നെ പുനരധിവാസമേഖലയിൽ ഒരുക്കി നൽകിയിട്ടില്ല. സങ്കേതത്തിൽ താമസമാരംഭിക്കുന്ന ഘട്ടത്തിൽ സാംസ്കാരിക കേന്ദ്രം നിർമ്മിക്കാം എന്ന് വാഗ്ദാനം ലഭിച്ചിരുന്നു. മഴ

പെയ്താൽ ചോർന്നൊലിക്കുന്ന താത്കാലിക ഷെഡ് നിലവിലുണ്ടെങ്കിലും കൂട്ടായ്മകളോ മറ്റു സൗകര്യങ്ങളോ ഇവിടെ നിലവിൽ നടക്കുന്നില്ല.

സങ്കേതത്തിൽ നിലവിൽ സ്വയം തൊഴിൽ പരിശീലന പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മാത്രമാണ് സങ്കേതവാസികൾക്കുള്ള ഏകവരുമാന മാർഗ്ഗം. വർഷത്തിൽ 80 പ്രവർത്തിദിനമെങ്കിലും ഇതിലൂടെ ലഭ്യമാകുന്നുണ്ട്. നിലവിൽ എട്ട് പേർ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ജോലി ചെയ്തുവരുന്നുണ്ട്. കൂടാതെ വനമേഖലയിൽ വനവിഭവശേഖരണത്തിന് ഒൻപത് കുടുംബങ്ങൾക്ക് പാസ് ലഭ്യമായിട്ടുണ്ട്. വന്യമൃഗശല്യം തടയുകയും കൃഷിക്കുള്ള സഹായം, മറ്റു സ്വയം തൊഴിൽ പരിശീലനവും അതിനുള്ള സഹായവും നൽകണമെന്നാണ് ഇവരുടെ പൊതുവായ ആവശ്യം.

### S.1.7.2 നിലവിലെ കൂട്ടായ്മകൾ

#### ഊരുകൂട്ടം

സങ്കേതത്തിൽ ഊരുകൂട്ടം മുഖേനയാണ് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ഊരുകൂട്ട യോഗങ്ങളിൽ പുതിയ പദ്ധതികൾ അവതരിപ്പിക്കുകയും കൂട്ടായി ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. സങ്കേതത്തിലെ 17 കുടുംബങ്ങളിൽ നിന്നും ഊരുകൂട്ടത്തിൽ പങ്കാളിത്തം നടന്നുവരുന്നുണ്ട്. സങ്കേതത്തിലെ പ്രശ്നങ്ങൾ ഊരുകൂട്ടത്തിൽ ചർച്ചചെയ്യുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ 100%പേർ ഊരുകൂട്ടയോഗങ്ങൾ മൂന്ന് മാസം, ആറ് മാസം തുടങ്ങിയ ഇടവേളകളിലോ പ്രത്യേക പദ്ധതിയുടെ ഭാഗമായോ ആണ് ചേരുന്നത്. ഊരുകൂട്ട യോഗത്തിൽ ടി.ഇ.ഒ, പ്രമോട്ടർ, മെമ്പർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. നിലവിലെ ഊരുമൂപ്പൻ സങ്കേതത്തിൽ ഒരുവർഷമായി താമസമില്ലെന്നും അറിയാൻ സാധിച്ചു.

### S.1.7.3 കുടുംബശ്രീ/ അയൽക്കൂട്ടങ്ങൾ

സങ്കേതത്തിൽ 2013 ലാണ് കുടുംബശ്രീ പ്രവർത്തനമാരംഭിച്ചത്. ആദ്യഘട്ടത്തിൽ കുടുംബശ്രീ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. 100.0% ഗുണഭോക്തൾക്കും മുൻപ് കുടുംബശ്രീയിൽ അംഗത്വമുണ്ടായിരുന്നു. തുടക്കം പ്രതിവാരം 30 രൂപ നിക്ഷേപവും പിന്നീട് അത് 50 രൂപയായി ഉയർത്തുകയും 4000/- രൂപ വരെ ഈ നിക്ഷേപം എത്തുകയുണ്ടായി. എന്നാൽ കുടുംബശ്രീ ലോൺ നൽകുകയും ഈ ലോൺ മിക്കവരും തിരിച്ചടക്കാതെ വന്ന

പ്പോൾ കുടുംബശ്രീ പ്രവർത്തനം നിർത്തിവെക്കുകയാണ് ഉണ്ടായത്. നിലവിൽ എട്ട് മാസ ത്തോളമായി കുടുംബശ്രീ പ്രവർത്തിക്കുന്നില്ല.

**ട.1. 8 സങ്കേതവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ**

1. സങ്കേതത്തിനകത്ത് എത്തിച്ചേരാൻ പൊതുവായതും ഗതാഗത സൗകര്യത്തിനുതകുന്നതുമായ റോഡ് ഇല്ലാത്തത് ഇവരുടെ സാമൂഹ്യ ജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കാല താമസവും, സാധനങ്ങൾ സങ്കേതത്തിൽ എത്തിക്കുമ്പോൾ ഉള്ള അധിക ചിലവും, ആശുപത്രി, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും ഇവർ അനുഭവിക്കുന്നുണ്ട്.
2. സങ്കേതത്തിൽ ഒൻപത് വീടുകളിൽ ഇനിയും കുടിവെള്ള സംവിധാനം ഒരുക്കി നൽകാൻ സാധിച്ചിട്ടില്ല. കുടിവെള്ളക്ഷാമം വലിയ ബുദ്ധിമുട്ടായി തുടർന്നു വരുന്നുണ്ട്.
3. സങ്കേതത്തിലെ നാല് വീടുകളുടെ നിർമ്മാണ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. ഒരു ഗുണഭോക്താവിന്റെ കോൺക്രീറ്റ് നടക്കാത്തതിനാൽ മഴയും വെയിലും കൊണ്ട് ജനൽ, കട്ടിള തുടങ്ങിയവയുടെ മരങ്ങൾ നശിച്ചിരിക്കുകയാണ്. പല വീടുകളിലും അടുക്കള, കക്കൂസ്, നിർമ്മാണം പൂർത്തിയായിട്ടില്ല.
4. സങ്കേതത്തിൽ പൊതുകൂട്ടായ്മകൾ വളർത്തിയെടുക്കാനുള്ള സംവിധാനങ്ങളോ, പൊതു ഇടങ്ങളോ നിലവിലില്ല. സങ്കേതവാസികൾ ഒത്തുചേരുന്ന താല്ക്കാലിക ഷെഡ് തകർന്ന അവസ്ഥയിലാണ്.
5. സങ്കേതത്തിലെ വന്യമൃഗശല്യവും, ജലസേചന സൗകര്യത്തിന്റെ അഭാവവും കാരണം കൃഷി ചെയ്യാൻ സാധിക്കുന്നില്ല.
6. സങ്കേതത്തിനകത്തും പുറത്തും സാമുദായികമായും അല്ലാതെയുമുള്ള വിവേചനം നടക്കുന്നുണ്ട്. കൂടാതെ കയ്യേറ്റ ഭൂമി സമീപത്തുള്ള സങ്കേതത്തിൽ സുരക്ഷിതത്വ പ്രശ്നവും നിലനിൽക്കുന്നുണ്ട്.
7. സങ്കേതത്തിലുള്ളവരിൽ നിന്നും പുറത്തുള്ളവരിൽ നിന്നും ഭൂമി സംബന്ധമായ അതിർത്തി തർക്കം നടക്കുന്നുണ്ട്.
8. തൊഴിൽ ലഭ്യതക്കുറവ് സങ്കേതത്തിൽ അനുഭവപ്പെടുന്നുണ്ട്. നിലവിൽ കൃഷി മറ്റു സ്വയം തൊഴിൽ പരിശീലനങ്ങളോ മറ്റു പദ്ധതികളോ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.
9. വിദ്യാഭ്യാസം പൂർത്തീകരിച്ച കുട്ടികൾക്ക് ജോലി ലഭ്യമാകുന്നില്ല. ജോലി ലഭിച്ചാൽ അത് സങ്കേതത്തിലെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പഠിക്കാ നുള്ള പ്രചോദനമാകും.

10. സങ്കേതത്തിന് സമീപത്ത് രണ്ട് കി.മീ. അകലെയാണ് അംഗൻവാടി സ്ഥിതി ചെയ്യുന്നത് ഇത് സങ്കേതത്തിലെ കുട്ടികൾക്ക് അംഗൻവാടിയിലേക്ക് എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

## S.1. 9-സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസി കളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. സങ്കേതത്തിലെത്തിച്ചേരാനുള്ള റോഡിന് പ്രഥമ പരിഗണന നൽകി പൂർത്തിയാക്കണം. നിലവിൽ സങ്കേതത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റോഡിന് സങ്കേതത്തിലുള്ളവരിൽ നിന്ന് തന്നെ വിവിധ അഭിപ്രായങ്ങൾ ഉള്ളതിനാൽ സങ്കേതവാസികളോട് കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.
2. കുടിവെള്ളം ലഭ്യമാകുന്ന താഴെ ഭാഗത്ത് പൊതുകിണർ നിർമ്മിച്ച് പൈപ്പ്, ടാങ്ക് സംവിധാനം വഴി മറ്റുകുടുംബങ്ങൾക്ക് കുടിവെള്ള സംവിധാനം ഒരുക്കാവുന്നതാണ്.
3. പ്രവർത്തികൾ പൂർത്തിയാക്കാത്ത വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കി കാലതാമസം ഒഴിവാക്കാവുന്നതാണ്.
4. ഊരുകൂട്ടത്തിന് പുറമെ സങ്കേതത്തിന് മാത്രമായി പ്രത്യേക കമ്മിറ്റികളോ കൂട്ടായ്മകളോ സൃഷ്ടിച്ച് പരസ്പര ഐക്യവും സഹകരണവും ഉണ്ടാക്കി യെടുക്കാവുന്നതാണ്. ഇങ്ങനെയുള്ള ഒത്തുകൂടലിന് 'പൊതുയിടം' എന്ന രീതിയിൽ സാംസ്കാരിക കേന്ദ്രങ്ങളോ/വായനശാലകളോ നിർമ്മിക്കാവുന്നതാണ്.
5. ഈ വായനശാലകൾ/കേന്ദ്രങ്ങൾ വഴി വിദ്യാർത്ഥികൾക്ക് സങ്കേതങ്ങളിലെ മറ്റു പരിശീലന പരിപാടികൾ നടത്താവുന്നതാണ്.
6. സങ്കേതത്തിൽ ഉയർന്നതലം വരെ പഠിച്ച യുവതീ/യുവാക്കളെകൊണ്ട് സങ്കേത ത്തിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ/ഗൈഡൻസ് ക്ലാസുകളും അതിനുള്ള ധനസഹായവും സൗകര്യങ്ങളും ഒരുക്കി നൽകാവുന്നതാണ്.
7. വന്യമൃഗശല്യം/സുരക്ഷിതത്വം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമായി സങ്കേത ത്തിന് ചുറ്റും കമ്പിവേലി നിർമ്മിച്ചു നൽകി സുരക്ഷ ഉറപ്പാക്കാം.
8. സങ്കേതത്തിനും പുറത്തുമുള്ള അതിർത്തി തർക്കം പരിഹരിക്കാനായി പെട്ടെന്നു തന്നെ സർവ്വെ നടത്തി കൃത്യമായ അതിർത്തി രേഖപ്പെടുത്താവുന്നതാണ്. ഇത് വഴി നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കാവുന്നതാണ്.

9. സങ്കേതത്തിലെ യുവതീ-യുവാക്കൾക്കും മറ്റു മേഖലകളിൽ താല്പര്യമുള്ള വർക്കും സഹായകമാവുന്ന പരിശീലന പരിപാടികൾ നടത്താവുന്നതാണ്. ഡ്രൈവിംഗ് പരിശീലനം, തയ്യൽ പരിശീലനം മറ്റു സാങ്കേതിക തൊഴിൽ പരിശീല നങ്ങൾ തുടങ്ങിയവ കൂടാതെ മേഖലയ്ക്ക് അനുയോജ്യമായ കൃഷി രീതികൾ പരിചയപ്പെടുത്തി പരിശീലനവും ആരംഭ ഘട്ടത്തിലുള്ള സാമ്പത്തിക സഹായം നൽകി സഹായിക്കാവുന്നതാണ്.
10. സങ്കേതത്തിലെ ഉപരിപഠനം നേടിയ യുവതീ-യുവാക്കൾക്ക് പ്രത്യേക പരിഗണ നയോടെ വിവിധ മേഖലകളിൽ ജോലി നൽകാവുന്നതാണ്. ഉദാ: സങ്കേതത്തിനോട് ചേർന്നുള്ള വകുപ്പിന്റെ എം.ആർ.എസ്.സ്കൂൾ മറ്റു സ്ഥാപനങ്ങൾ.
11. മൃഗപരിപാലനത്തിന് താല്പര്യമുള്ളവരെ കണ്ടെത്തി അതിനു വേണ്ട സൗകര്യങ്ങൾ ചെയ്തു നൽകാവുന്നതാണ്. നിലവിൽ മൃഗപരിപാലനം നടത്തുന്ന കുടുംബങ്ങൾക്കും പ്രോത്സാഹനം എന്ന നിലയിൽ സഹായങ്ങൾ നൽകാവുന്നതാണ്.
12. പ്രായമായവർക്കും, രോഗികൾക്കും, കുട്ടികൾ തുടങ്ങിയവർക്ക് ആശുപത്രിയിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ മതിയായ സൗകര്യങ്ങൾ ലഭ്യമാകുന്നത് വരെയെങ്കിലും സങ്കേതത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് സേവനം മാസത്തിൽ ഒരു തവണയെങ്കിലും നടത്താവുന്നതാണ്.

## S.II കുരിയോട്ടുമല സങ്കേതം

### S.II 1 പ്രദേശം

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ പിറവന്തൂർ പഞ്ചായത്തിലാണ് കുരിയോട്ട് മല സങ്കേതം സ്ഥിതിചെയ്യുന്നത്. മലവേടർ, ഉള്ളാടൻ, കാണിക്കാർ, മലപണ്ടാരം തുടങ്ങിയ ഗോത്ര വിഭാഗങ്ങളാണ് ഇവിടെ പുനരധി വസിക്കപ്പെട്ടത്. കൊല്ലം ജില്ലയിലെ തന്നെ പുനലൂർ, കരുനാഗപ്പള്ളി, ആര്യകാവ് അച്ചൻകോവിൽ എന്നീ പ്രദേശങ്ങളിലെ പല കുടുംബങ്ങളാണ് ഇവിടെ പുനരധിവസിപ്പിക്കപ്പെട്ടത്. 2003 ൽ ആദ്യഘട്ടത്തിൽ 114 കുടുംബങ്ങൾക്ക് വീട് അനുവദിച്ചിരുന്നു. അതിൽ നിലവിൽ 91 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. 2013 ൽ രണ്ടാം ഘട്ടത്തിൽ 14 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചതിൽ 5 കുടുംബങ്ങൾ താമസം ആരംഭിച്ചു.88.9% ഗുണഭോക്താക്കൾക്കും പട്ടയം കിട്ടിയിട്ടുണ്ട്. 11.1% പേർക്കിതുവരെ പട്ടയം ലഭിച്ചിട്ടില്ല.

കാട്ടാനയുടെ ഉപദ്രവം ഇല്ലാത്ത, റോഡ്, വാഹന സൗകര്യങ്ങൾ ലഭിക്കുന്നതും ഇല്ലാത്തതുമായ ഈ പ്രദേശം വൈദ്യുതീകരിച്ചതുമാണ്. അംഗനവാടി, പ്രൈമറി തലം മുതൽ ഡിഗ്രി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയും സങ്കേതത്തിനടുത്ത് തന്നെ ഉണ്ട്.

തൊട്ടടുത്ത പ്രദേശങ്ങളിൽ തൊഴിൽ നേടുന്നവരും, സ്വന്തം ഭൂമിയിൽ നിന്ന് കൃഷിചെയ്ത് വരുമാനം ലഭിക്കുന്നവരും, തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്ത് ജീവിക്കുന്നവരും ഈ സങ്കേതത്തിലുണ്ട്. വളരെ കുറച്ച് പ്ലോട്ടുകളൊഴികെ മിക്കവാറും എല്ലാ വീടുകളിലും റോഡ് സൗകര്യവുമുണ്ട്.

## S.II.-1.2 കുരിയോട്ടുമല ചരിത്രം

കൊല്ലം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന ഭൂരഹിതരായ വിവിധ ഗോത്രവിഭാഗങ്ങൾക്ക് 2003 ലാണ് കുരിയോട്ടുമല സങ്കേതത്തിൽ പുനരധിവാസം അനുവദിക്കപ്പെട്ടത്. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന ഈ പ്രദേശത്തിന്റെ ഒരു ഭാഗത്ത് കുരിയോട്ടുമല ഹൈ ടെക് ഫാം സ്ഥിതിചെയ്യുന്നതിൽ നിന്നും 114 ഏക്കർ വരുന്ന ഒരു ഭാഗം ആദിവാസി പുനരധിവാസത്തിന് വിട്ടുനൽകുകയും 2003ൽ കുരിയോട്ടുമലയിൽ ഒന്നാംഘട്ട പുനരധിവാസം നടത്തുകയും ചെയ്തു. ഒന്നാം ഘട്ടത്തില 114 ഭൂരഹിതർക്ക് ഒരേക്കർ വീതം ഭൂമി അനുവദിച്ചു. എന്നാൽ റോഡ്, പൊതുസ്ഥാപനങ്ങൾ എന്നിവക്ക് വേണ്ടി ഇതിൽ നിന്നും സ്ഥലം ഏറ്റെടുക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 32-40 സെന്റ് വീതം 19 കുടുംബങ്ങൾക്ക് നൽകുകയുണ്ടായി. ഒന്നാം ഘട്ടത്തിൽ ലഭിച്ച ഒരേക്കർ ഭൂമിയിൽ 60 കുടുംബങ്ങൾ റബർ കൃഷി ആരംഭിക്കുകയും ചെയ്തു.

## S.II.2 സമുദായഘടന

മലവേടർ, ഉള്ളാടൻ, കാണിക്കാർ, മലപണ്ടാരം തുടങ്ങിയ ഗോത്ര വിഭാഗങ്ങളാണ് കുരിയോട്ടുമലയിൽ പുനരധി വസിക്കപ്പെട്ടത്.

## S.II.3 അടിസ്ഥാന സൗകര്യം

പുനരധിവാസത്തിന് മുമ്പ് മിക്ക കുടുംബങ്ങളും പല പ്രദേശങ്ങളിൽ പല സാഹചര്യങ്ങളിൽ വ്യത്യസ്തസമുദായങ്ങളിൽ ബന്ധുക്കളുടെ കൂടെയോ വാടകവീടുകളിലോ താമസിച്ചിരുന്നവരോ ആയിരുന്നു. സ്വന്തമായി വീടില്ലാത്തവരിൽ, 66.7%പേരും ബന്ധുക്കളുടെ കൂടെയും, 33.3%പേരും വാടകക്കും ആയിരുന്നു താമസിച്ചത്.

പ്രമോട്ടർ, മാധ്യങ്ങൾ എന്നിവ മുഖാന്തിരമാണ് ഭൂമി നൽകുന്നതുമായുള്ള വിവരങ്ങൾ അറിഞ്ഞത്. കുറച്ച് കുടുംബങ്ങൾക്ക് താൽക്കാലിക ഷെഡ് വെക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭിച്ചിരുന്നു.

88.9%ഗുണഭോക്താക്കളും പുനരധിവാസത്തിനു മുൻപ് സ്ഥലം സന്ദർശിച്ചിരുന്നു. ആരംഭഘട്ടത്തിൽ നിർമ്മിതിയാണ് വീടുകൾ നിർമ്മിച്ചു നൽകിയിരുന്നത്. എന്നാൽ നിർമ്മാണത്തിലെ ഗുണനിലവാരമില്ലായ്മയും മറ്റും കാരണം പിന്നീട് പല വീടുകളും പുതുക്കിപണിതു. 44.4%പേരും സ്വന്തം താൽപര്യപ്രകാരമാണ് വീട് നിർമ്മിച്ചത്. നിലവിൽ എല്ലാ വീടുകളിലേക്കും വാഹന സൗകര്യം ലഭ്യമാണ്. അതുപോലെ തന്നെ വൈദ്യുതിയും ലഭ്യമാണ്. കുരിയോട്ട് മലയിൽ സമീപകാലം വരെ കുടിവെള്ളത്തിന് പ്രശ്നങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ (2015ൽ) പൈപ്പ് ലൈൻ വഴി കുടിവെള്ളം ലഭ്യമാണ്.

പട്ടിക 3.4 **ഭവന നിർമ്മാണം**


| ഭവന നിർമ്മാണം | | | | |
|---|---|---|---|---|
| | | സ്വന്തം താത്പര്യപ്രകാരമാണോ ഭവനനിർമ്മാണം നടത്തിയത്? | | |
| | | അതേ | അല്ല | ആകെ |
| കുരിയോട്ടുമല എണ്ണത്തിൽ | എണ്ണത്തിൽ | 4 | 5 | 9 |
| | % സങ്കേതത്തിൽ | 44.4% | 55.6% | 100.0% |

## S.II.3.1ജലസേചനവും കുടിവെള്ളവും

കുരിയോട്ടുമല സങ്കേതത്തിൽ ഒന്നാംഘട്ടത്തിൽ ഒരേക്കർ ഭൂമി ലഭിച്ചവരും രണ്ടാംഘട്ടത്തിൽ 32 സെന്റ് മുതൽ 40 സെന്റ് വരെ ഭൂമി ലഭിച്ചവരുമായ ഭൂരിഭാഗം പേരും നിലവിൽ വീടുകളിലേക്ക് ആവശ്യമായ കുടിവെള്ളം ശേഖരിക്കുന്നത് പൊതു പൈപ്പ് ലൈൻ വഴിയാണ്. എന്നാൽ കുറച്ച് വീട്ടുകാർ തൊട്ടടുത്ത് അരുവികളിൽ നിന്നാണ് (ചെറിയ കിണർ ഉണ്ടാക്കി) കുടിവെള്ളം ശേഖരിക്കുന്നത്. സമീപകാലം വരെ കുരിയോട്ടുമല സങ്കേത വാസികൾക്ക് കുടിവെള്ളത്തിന്റെ കടുത്ത ക്ഷാമം ഉണ്ടായിരുന്നു. പിന്നീട് പൈപ്പ് ലൈൻ വന്നതോടുകൂടി പ്രശ്നം ഒരുപരിധിവരെ പരിഹരിക്കപ്പെട്ടു.33.3%പേർക്കും സ്വന്തമായി കിണർ സൗകര്യം ലഭ്യമാണ്,11.1%ഗുണഭോക്താക്കൾ പൊതു കിണറുകളെയും, 33.3%അരുവികളെ

യും,22.2% പൈപ്പ് സംവിധാനത്തെയുമാണ് ആശ്രയിക്കുന്നത്.എന്നാൽ പ്രദേശത്തിന്റെ ചരിവിന് അനുസരിച്ച് ഉയർന്ന ഭാഗങ്ങളിലുള്ളവർക്ക് വെള്ളം കിട്ടാത്ത അവസ്ഥയും അത് കാരണം ചെറിയ പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. ജലഅതോറിറ്റിയുടെ പദ്ധതി പ്രകാരം ഒന്നാംഘട്ടം 2005 ലും, തുടർന്ന് 2015 വർഷത്തിലുമാണ് ഇവിടെ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത്. ഇത് വഴി നിലവിൽ കുടിവെള്ള പ്രശ്നം കാര്യമായി ബാധിക്കുന്നില്ല.

ചിത്രം 3.5 **കുടിവെള്ളം**




## S.II.3.2വൈദ്യുതി

സങ്കേതത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരണം നടത്തിയതാണ്. എന്നാൽ ഗുണനിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് നടത്തിയ വയറിംങ്ങ് പ്രശ്നം ഉള്ള വീടുകൾ ഉണ്ട്. 986625 രൂപ ചെലവഴിച്ചാണ് കുരിയാട് മല വൈദ്യുതീകരണം കെ.എസ്. ഇ. ബി. നടപ്പാക്കിയത്.


## S.II.3.3റോഡ്

കൊല്ലം ജില്ലയിലെ പല ഭാഗങ്ങളിൽ നിന്നും പുനരധിവസിക്കപ്പെട്ട കുടുംബങ്ങളിൽ പലരും ഭൂമിയിൽ താമസിക്കാതിരിക്കാൻ ഉള്ള പ്രധാന കാരണങ്ങളിൽ ഒന്ന് റോഡ് സൗകര്യങ്ങളുടെ അപര്യാപ്തതയായിരുന്നു. ചില ഭാഗങ്ങളിൽ ചെങ്കുത്തായ കയറ്റങ്ങളും മറ്റും വാഹന സൗകര്യത്തെ ബാധിച്ചിരുന്നു. എന്നാൽ 2013 –2014 വർഷങ്ങളിൽ 1,33,00,000 രൂപ അനുവദിക്കുകയും റോഡ് ടാറിങ്ങ്, കോൺക്രീറ്റ് എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയതിനാൽ നിലവിൽ ആറ് വീടുകൾ ഒഴികെ മറ്റെല്ലാ വീടുകളിലേക്കും റോഡ് സൗകര്യം ലഭ്യമാണ്. നിലവിലെ റോഡ് സൗകര്യത്തിലിവർ തൃപ്തരാണ്. പാറയും ചതുപ്പ് നിറഞ്ഞ പ്രദേശമായതു കാരണവും ഈ ആറ് വീടുകളിലേക്ക് റോഡ് സൗകര്യം ലഭ്യമാകാത്തത്.

## S.II.4 വിദ്യാഭ്യാസം.

കേരളത്തിലെ മറ്റു പുനരധിവാസ സങ്കേതങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റവും അടുത്തുള്ളതും യാത്രാ സൗകര്യങ്ങൾ ലഭ്യമാകുന്നതുമായ ഒരു സങ്കേതമാണ് കുരിയോട്ടുമല സങ്കേതം. അതുകൊണ്ട് തന്നെ ഈ സങ്കേതത്തിൽ 10 മുതൽ 15 വരെയുള്ള കുട്ടികളിൽ മിക്കവാറും സ്കൂളിൽ പോകുന്നവരാണ്. ഇവർക്ക് പൊതുസ്ഥാപനങ്ങളിൽ ജനറൽ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളോടൊപ്പം പഠിക്കുന്നതിന് യാതോരുവിധ പ്രശ്നങ്ങളും ഇല്ല. എന്നാൽ എസ്. എസ്. എൽ.സി ക്ക് ശേഷം മടി, പഠനത്തോട് താൽപര്യകുറവ്, മതിയായ മേൽനോട്ടം ഇല്ലായ്മ എന്നീ കാരണങ്ങളാൽ തുടർ പഠനത്തിന് 77.8% പേരും പോകാൻ മടിക്കുന്നുണ്ട്.

ചിത്രം 3.6




രണ്ട് / മൂന്ന് കി.മീ. ചുറ്റളവിനുള്ളിൽ ഗവ. L.P, U.P, HS എന്നിവയും 5 കി.മീ ഗവ. V.H.S.E യും ഉണ്ട്. MRS 40 കി.മീ. അകലെ കുളത്തുപുഴ എന്ന പ്രദേശത്തും പെൺകുട്ടകൾക്ക് 80 കി.മീ. അകലെ തിരുവനന്തപുരത്തുമാണുള്ളത്. പ്രീമെട്രിക് ഹോസ്റ്റൽ 15 കി.മീ. ദൂരെ ലഭ്യമാണ്. സങ്കേതത്തിനടുത്ത് തന്നെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്.

കുരിയോട്ടുമല സങ്കേതത്തിലെ പല വിദ്യാർത്ഥികളും കലാ - കായിക ഇനങ്ങളിൽ സംസ്ഥാന തലങ്ങളിലും ജില്ലാ തലങ്ങളിലും മത്സരിച്ചുവരുന്നുണ്ട്. സങ്കേതത്തിൽ പുതുതായി നിലവിൽ വന്ന സാംസ്കാരിക നിലയം കേന്ദ്രീകരിച്ച് യുവജന കൂട്ടായ്മയും ക്ലാസുകളും രൂപീകരിച്ചിട്ടുണ്ട്.

## S.II.5 ആരോഗ്യം

കുരിയോട്ടുമല പുനരധിവാസ സങ്കേതത്തിന് അടുത്ത് പൊതു ആശുപത്രികൾ ജില്ല ആശുപത്രികൾ (8 കി.മീ.) എന്നിവ ഉണ്ട്. സങ്കേതവാസികളിൽ ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായാൽ ഇത്തരം അലോപ്പതി ആശുപത്രി കളെയാണ് ആശ്രയിക്കുന്നത്. കൂടാതെ സങ്കേതത്തിൽ മെഡിക്കൽ ക്യാമ്പുകൾ, രോഗ പ്രതിരോധ കുത്തിവെയ്പ് ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നുണ്ട്. എന്നാൽ പല

പ്രദേശങ്ങളിൽ നിന്നും പുനരധിവസിക്കപ്പെട്ടവർ ആയതിനാൽ ചില കുടുംബങ്ങൾക്ക് നിലവിലുള്ള ആരോഗ്യ സംവിധാനം മുമ്പു ലഭിച്ച സൗകര്യത്തെക്കാൾ കൂടുതലായും മറ്റു ചിലർക്ക് സൗകര്യം കുറവായും അനുഭവപ്പെടുന്നു. വായു ജന്യ രോഗങ്ങളും കൊതുകുജന്യ രോഗങ്ങളും ഇടക്ക് സങ്കേതത്തിൽ പടർന്ന് പിടിച്ചിരുന്നു. അതുപോലെ തന്നെ ക്യാൻസർ, ഹൃദ് രോഗം, പക്ഷാഘാതം, പ്രമേഹം തുടങ്ങിയ അസുഖങ്ങൾ ഉള്ളവരും സങ്കേതത്തിലുണ്ട്. അതേസമയം പ്രസവത്തോട് അനുബന്ധിച്ച് കഴിഞ്ഞ 5 വർഷത്തിൽ മാതൃമരണമോ, ശിശുമരണമോ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ യുവജനങ്ങളുടെ ഇടയിൽ മദ്യം, മയക്ക് മരുന്നുകൾ എന്നിവയുടെ ഉപയോഗം സങ്കേതവാസികൾക്കിടയിൽ വലിയ ആരോഗ്യപരവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്.

പട്ടിക 3.5 **പ്രാഥമിക ആരോഗ്യകേന്ദ്രം**

| | | **ആരോഗ്യകേന്ദ്രം** | | |
|---|---|---|---|---|
| | | പി.എച്ച്.സി | | |
| | | ഉണ്ട് | 10 കി.മിനുള്ളിൽ | ആകെ |
| കുരിയോട്ടുമല | എണ്ണം | 7 | 2 | 9 |
| | % സങ്കേതത്തിൽ | 77.8% | 22.2% | 100.0% |


## S.II.6 തൊഴിലും വരുമാനവും

### ഉപജീവനം

കുരിയോട് മല സങ്കേതത്തിലെ ഊരു നിവാസികളുടെ പ്രധാന ഉപജീവന മാർഗ്ഗം, നിർമ്മാണമേഖലയിൽ തൊഴിൽ, കൃഷി അടിസ്ഥാനമായുള്ള കൂലിവേല, മറ്റു നാടൻ പണികൾ എന്നിവയാണ്. ഇതിന് പുറമെ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭിക്കുന്ന ജോലികളും ഇവരുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ്. 55.6%ഗുണഭോക്താക്കളും പുനരധിവാസത്തിനു മുമ്പ് തടിയിതേര വനവിഭവ ശേഖരണത്തിലും, 11.1% പേർ സ്വയം തൊഴിലിലും ഏർപ്പെട്ടിരുന്നു. വിവിധ മേഖലകളിൽ നിന്ന് വന്നവരും വിവിധ സുമുദായങ്ങളിൽ നിന്ന് വന്നവരും ആയതിനാലും അടുത്ത പ്രദേശങ്ങളിൽ ലഭ്യമായ ജോലിക്ക് പോകുന്നതും കാരണം ഈ സങ്കേതവാസികളിൽ ഉപജീവനത്തിൽ വൈവിധ്യ സ്വഭാവങ്ങളാണുള്ളത്. 22.2%പേരും കാർഷിക വൃത്തിയിലും, 33.3%പേരും നിർമ്മാണമേഖലയിലും, 22.2%പേരും തൊഴിലുറപ്പ് പദ്ധതിയിലും ഏർപ്പെടുന്നു. 11.1%പേരും

സാമൂഹിക സുരക്ഷാ പദ്ധതിയിൽ അംഗമാണ്.22.2%പേർ കന്നുകാലി വളർത്തുന്നുണ്ട്. 100% പേർക്കും കാട്ടുപന്നി മുതലായ മൃഗങ്ങൾ കാരണം കൃഷിനാശം സംഭവിക്കുന്നുണ്ട്.

ചിത്രം**3.7തൊഴിലും വരുമാനവും**




ഒന്നാം ഘട്ടത്തിൽ ഒരേക്കർ വീതം ഭൂമിനൽകപ്പെട്ട കുടുംബങ്ങളിൽ 61 കുടുംബങ്ങൾ റബർവെക്കുകയും അതിൽനിന്ന് വരുമാനം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ വേണ്ടത്ര പരിചരണം ലഭിക്കാത്തതിനാലും മറ്റും വരുമാനം കുറച്ച് മാത്രം ലഭിക്കുന്നതോ ലഭിക്കാത്തതോ ആയ കൃഷിയിടങ്ങളും ഉണ്ട്. എന്നാൽ ഇത്തരത്തിലുള്ള കൃഷി അല്ലാതെ പച്ചകറികൾ പോലുള്ള കൃഷി ഇവിടെ കാട്ടുപന്നികളുടെ ശല്ല്യം കാരണം സാധ്യമല്ല. 88.9% പേർക്കും കുടുംബശ്രീയിൽ അംഗത്വമുണ്ട്. 64.3% പേർക്കും തൊഴിൽ ദിനങ്ങൾ ലഭിക്കുന്നില്ല.

അസുഖങ്ങൾകാരണം ജോലിക്ക് പോകാൻ പറ്റാത്തതോ ചില സമയങ്ങളിൽ തൊഴിൽ കുറവുള്ളത് വരുമാനത്തിന് വെല്ലുവിളി ഉയർത്തുന്ന കാര്യങ്ങളാണ്. അതുപോലെ തന്നെ തൊഴിലുറപ്പ് പദ്ധതി പ്രകാരം വളരെ കുറഞ്ഞ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതും കൂലിയിനം സമയാ സമയം ലഭിക്കാത്തതും ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ചെറുകിട സംരഭങ്ങളോ തൊഴിൽ ബാങ്കുകളോ ഈ സങ്കേതത്തിൽ പ്രവർത്തിക്കുന്നില്ല. 77.8% പേർക്കും ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടു കടബാധ്യതയുണ്ട്.88.9%ഗുണഭോക്താക്കൾക്ക് ആജഘ അഅഥ റേഷൻ കാർഡും, 11.1%ഗുണഭോക്താക്കൾക്ക് BPL റേഷൻ കാർഡുമാണുള്ളത്.

## S.II.6 1തൊഴിൽ പരിശീലനം

55.6%തൊഴിൽപരിശീലനം ലഭിച്ചിട്ടുണ്ട്. നിർമ്മിതിക്കാർ വീട് പണിയുന്ന സമയത്ത് ധാരാളം പേർക്ക് ഹോളോബ്രിക്സ് പരിശീലനം കൊടുത്തിരുന്നു. റബർ ടാപ്പിങ്ങിനുള്ള പരിശീലനം ലഭിച്ചിരുന്നു. അതു വളരെ ഉപകാരപ്രദവുമായിരുന്നു.

## S.2.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

64.3% പേരും പഞ്ചായത്തിനു പുറത്തു നിന്നുമുള്ള വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ടവരായിരുന്നു ഈ സങ്കേതത്തിൽ പുനരധിവസിപ്പിക്കപ്പെട്ടിരുന്നത്. അതുകൊണ്ട് തന്നെ സഹകരണ മനോഭാവം വളരെ കുറവായിരുന്നു. പല കുട്ടികളും മുതിർന്നവരും ആദ്യകാലത്ത് പുതിയ സ്ഥലത്ത് വരാൻ മടി കാണിച്ചിരുന്നു. പണി പൂർത്തിയാകാത്ത പല വീടുകളും ഇപ്പോൾ ഇവിടെയുണ്ട്. സ്വന്തം കൃഷി ഭൂമിയിൽ നിന്ന് വരുമാനം ലഭിക്കുന്നവരും ലഭിക്കാത്തവരുമുണ്ട്. അതുപോലെ തന്നെ ഒരേക്കർ ലഭിച്ചവരും 40 സെന്റ് ഭൂമി ലഭിച്ചവരും ഈ സങ്കേതത്തിൽ ഉണ്ട്. ഊരുകൂട്ടത്തിൽ പലപ്പോഴും പലരും പങ്കെടുക്കാറില്ല എന്നും എന്തെങ്കിലും പ്രത്യേക പരിപാടികൾ നടത്തുമ്പോൾ മാത്രമാണ് പങ്കെടുക്കാറുള്ളത് എന്നും ആക്ഷേപം ഉണ്ട്. സങ്കേതത്തിൽ 3 കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടായിരുന്നു. എന്നാൽ ഭൂരിഭാഗം പേർക്കും യാതൊരുവിധ ആനുകൂല്യങ്ങളും സാമ്പത്തിക സഹായങ്ങളും ലഭിക്കാത്തതിനാൽ ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടക്കുന്നില്ല.

## S.2. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

പഠനം പൂർത്തീകരിച്ചവർക്ക് തൊഴിൽ സാകര്യവും, പഠനം പൂർത്തീകരിക്കാത്തവർക്കായി സാക്ഷരത തുടർപഠനത്തിനായുള്ള സൗകര്യവും ഒരുക്കണം. തെരുവു വിളക്കുകൾ ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ ബുദ്ധിമുട്ടുണ്ട്. സങ്കേതത്തിൽ കാട്ടുപന്നിയുടെ ഉപദ്രവമുണ്ട്. ഉയർന്ന പ്രദേശമായതിനാൽ ഇടിമിന്നൽ സങ്കേതത്തിൽ പ്രശ്നമുണ്ടാക്കുന്നുണ്ട്. ഭൂമി സംബന്ധിച്ചും അതിർത്തി സംബന്ധിച്ചുമുള്ള തർക്കങ്ങൾ നിലവിലുണ്ട്. സങ്കേതത്തിൽ ആരാധനസംവിധാനം വേണം. ഇരുപതോളം പ്ലോട്ടുകൾ ആൾക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നു. കടുത്ത മദ്യപാനാസക്തിയുള്ളവരാണ് സങ്കേതവാസികളിൽ പല പുരുഷൻമാരും. കഞ്ചാവ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ പോലീസ് ഇടപെടൽ ഉണ്ടായിട്ടുണ്ട്.

ജലസേചനവുമായി ബന്ധപ്പെട്ട് ഈ സങ്കേതത്തിൽ യാതൊരു വിധപദ്ധതികളും നിലവിലില്ല. ജലസേചന സൗകര്യം ഇല്ലാത്തത് ഒരു പ്രശ്നമായി ഭൂരിഭാഗം പേരും അഭിപ്രായപെട്ടില്ല. എന്നാൽ ഒരേക്കർ വീതം ഭൂമി ലഭിച്ചവർ റബർ കൃഷിചെയ്യുന്നവരാണ്. അതേസമയം മറ്റുകൃഷികൾ ചെയ്യണമെങ്കിൽ ജലസേചന സൗകര്യം അത്യാവശ്യമാണ്.സങ്കേതത്തിൽ പല സ്വകാര്യ ഇടപാടുകാരും കടം നൽകുന്നുണ്ട്. പലരും വീട്ടുസാധനങ്ങൾ ഇങ്ങനെയാണ് വാങ്ങുന്നത്. ഇതു പലപ്പോഴും ബാധ്യതയായി മാറുന്നു.

## S.2.9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസി കളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1.സങ്കേതത്തിൽ ഇനിയും കുടിവെള്ളം എത്താത്ത വീടുകളിൽ പൈപ്പ് ലൈൻ വഴി കുടിവെള്ളം എല്ലായിടത്തും എല്ലാ സീസണിലും ലഭ്യമാക്കണം.

2. കൃഷികൾ ചെയ്യണമെങ്കിൽ ജലസേചന സൗകര്യം അത്യാവശ്യമാണ്. വേനൽകാലത്ത് ജലക്ഷാമം അനുഭവപ്പെടുന്ന സങ്കേതത്തിൽ കാർഷിക ആവിശ്യത്തിനുള്ള ജല ലഭ്യത ഒരു വെല്ലുവിളിയാണ്. അതുകൊണ്ട് തന്നെ ആധുനിക ജലസേചന രീതികൾ അവലംബിക്കുന്നതായിരിക്കും ഉചിതം.

3. റബർകൃഷിയും ടാപ്പിങ്ങും വിജയകരമായി കണ്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിൽ റബർകൃഷി വ്യാപിപിക്കണം ആയതിനാൽ കാർഷിക ആവിശ്യത്തിനായി റബർ തൈകൾ വിതരണം ചെയ്യണം. അതിനായി സാമ്പത്തിക സഹായം ലഭ്യമാക്കണം.

4. കാട്ടുപന്നിയുടെ ഉപദ്രവം രൂക്ഷമായതിനാൽ സങ്കേതത്തിനകത്ത് സംരക്ഷണവേലി കെട്ട ണം.

5. 1 മുതൽ 10 പ്ലോട്ടുകളിലെക്ക് റോഡ് സൗകര്യം വേണം.

6. ഇടിമിന്നലിൽ സങ്കേതത്തിൽ കനത്ത നാശനഷ്ടങ്ങളുണ്ടാവുന്നുണ്ട്. ഇതിനായി രക്ഷാചാലകം അത്യാവശ്യമാണ്.

7.മദ്യപാനാസക്തി നിയന്ത്രിക്കാൻ ബോധവത്ക്കരണത്തിനായുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

8. ഇരുപതോളം പ്ലോട്ടുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. അവ ഭൂരഹിതരായ ആളുകൾക്കു വിത രണം ചെയ്യാവുന്നതാണ്.

9. തൊഴിലുറപ്പ് സംവിധാനത്തിൽ ഗോത്രവർഗ്ഗകാർക്കുള്ള കൂലി കൂട്ടികൊടുക്കണം.
10. സാംസ്കാരിക കേന്ദ്രത്തെ വിപുലപ്പെടുത്തി ആരാധനക്കു വേണ്ടിയുള്ള സൗകര്യമിവിടെ ഒരുക്കാവുന്നതാണ്.

**ഉപസംഹാരം**

പുനലൂർ താലൂക്കിലെ അരിപ്പ പുനരധിവാസ സങ്കേതത്തിലും, പത്തനാപുരം താലൂക്കിലെ കുരിയോട്ടുമല സങ്കേതലുമുള്ള കൊല്ലം ജില്ലയിലെ ടിആർഡിഎം പുനരധി വാസ സങ്കേതങ്ങളിൽ പഠനം നടത്തിയതിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത് ഒരേ ജില്ല യിലാണെങ്കിലും ഇവർ അഭിമുഖീകരിക്കുന്നത് വ്യത്യസ്തമായ പ്രശ്നങ്ങളാണെന്നതാണ്. കുരിയോട്ട്മലയെ അരിപ്പയുമായി തുലനം ചെയ്യുമ്പോൾ താരതമ്യേന പ്രശ്നങ്ങൾ കുറവാ ണ്. അരിപ്പയെ അപേക്ഷിച്ച് കുരിയോട്ട്മലയിൽ കൂടുതൽ സൗകര്യങ്ങളുണ്ട്. കൂട്ടായ്മ ക്കായി നല്ല സാംസ്കാരിക നിലയം, റോഡ് സൗകര്യം മുതലായവ. എന്നാൽ ലഹരിയുടെ ഉപയോഗം, തൊഴില്ലിലായ്മ എന്നിവയിൽ രണ്ടു സങ്കേതങ്ങളിലും സമാനതകളുണ്ട്.

*****************

# പത്തനംതിട്ട ജില്ല

# പത്തനംതിട്ട ജില്ല

സഹ്യപർവ്വതങ്ങളുടെ മടിത്തട്ടിലെ ഒരു മലയോര നഗരമാണ് പത്തനംതിട്ട. നദീതീരത്തുള്ള ഭവനങ്ങളുടെനിര എന്നതാണ് പത്തനംതിട്ട എന്ന ജില്ലയുടെ നാമാർത്ഥം ആയി നൽകപ്പെട്ടിരിക്കുന്നത്. പത്തനംതിട്ട ജില്ലയുടെ വടക്കു ഭാഗത്ത് കോട്ടയം, ഇടുക്കി ജില്ലകളും, പടിഞ്ഞാറ് ആലപ്പുഴയും, കിഴക്ക് തമിഴ്നാടും തെക്ക് കൊല്ലം ജില്ലയുമാണ് സ്ഥിതി ചെയ്യുന്നത്. ഒരുൾനാടൻ കാർഷിക ജില്ലയായ പത്തനംതിട്ടയുടെ ആസ്ഥാനം പത്തനംതിട്ട പട്ടണമാണ്. റബർ, തേയില കൃഷിക്കായി പേരുകേട്ടതാണ് ഈ ജില്ല. പ്രശസ്ത ആരാധനാലയമായ ശബരിമല സ്ഥിതി ചെയ്യുന്നത് പത്തനംതിട്ട ജില്ലയിലാണ്.

പന്തളം രാജകുടുംബവുമായി ബന്ധപ്പെട്ട പത്തനംതിട്ട ജില്ല 1982 ൽ രൂപീകൃതമായി. കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ നാലു ജില്ലകളുമായും തമിഴ്നാട് അതിർത്തിയോട് ചേർന്നും ഉള്ള ഭൂമിയിൽ അധികവും വനഭൂമി തന്നെയാണ്. തിരുവല്ല, അടൂർ എന്നീ രണ്ട് റവന്യൂ ഡിവിഷനുകൾ ചേർന്നാണ് പത്തനംതിട്ട രൂപീകൃതമായിരിക്കുന്നത്. 5 താലൂക്കുകളും 9 ബ്ലോക്കുകളും, 54 ഗ്രാമപഞ്ചായത്തുകളും ഉൾക്കൊള്ളുന്ന ജില്ലയാണിത്. ആശുപത്രി, വിദ്യാഭ്യാസ ശൃംഖലകൾ മറ്റ് ജില്ലകളേക്കാൾ വിപുലമായിത്തന്നെ ഈ ജില്ലയിൽ ഉണ്ട്. കേരളത്തിന്റെ ഊർജ്ജാവശ്യങ്ങളിൽ മൂന്നിലൊരു ഭാഗം നിറവേറ്റപ്പെടുന്നതും ഈ ജില്ലയിലെ ശബരിഗിരി, കക്കാട്, മണിയാർ എന്നീ പദ്ധതികൾ വഴിയാകുന്നു. രൂപവത്കരണ സമയത്ത് പത്തനംതിട്ട, അടൂർ, റാന്നി, കോന്നി, കോഴഞ്ചേരി എന്നീ സ്ഥലങ്ങൾ കൊല്ലം ജില്ലയിൽ നിന്ന് എടുത്തതും, തിരുവല്ലയും മല്ലപ്പള്ളിയും ആലപ്പുഴ ജില്ലയിൽ നിന്നും എടുത്തതാണ്. 2042 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ 1300.73 ചതുരശ്ര കിലോമീറ്റർ സ്ഥലം വനപ്രദേശമാണ്.

ജില്ലയിലെ 80% ജനങ്ങളും നേരിട്ടോ അല്ലാതെയോ കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. തെങ്ങ്, റബ്ബർ, നെല്ലാ, കുരുമുളക്, ഇഞ്ചി, കൊക്കോ, മരച്ചീനി, വാഴ, കശുവണ്ടി, റബ്ബർ, പച്ചക്കറി, കൈതെ എന്നിവയെല്ലാം ഇവിടെ സമൃദ്ധമായ വിളകളാണ്. 3 വിത്തുൽപ്പാദന കേന്ദ്രങ്ങളും അനുബന്ധ പരിശീലന കേന്ദ്രങ്ങളും കൃഷിക്കാരെ സഹായിക്കുന്നതിന് 62 കൃഷി ഭവനുകളും ജില്ലയിലുടനീളം പ്രവർത്തിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ രണ്ട് ടി.ആർ.ഡി.എം പുനരധിവാസ സങ്കേതങ്ങളാണുള്ളത്. (1.) റാന്നി താലൂക്കിലുള്ള വടശ്ശേരിക്കര പഞ്ചായത്തിലെ തലപ്പള്ളി എസ്റ്റേറ്റ്. ഇത്

അറുഞ്ഞികുഴിയെന്നും പുതിയകോളനിയെന്നും അറിയപ്പെടുന്നു.(2.) ഏനാദിമംഗലത്തുള്ള SIP മുരുകൻ കോളനി

## S. IIIതലപ്പള്ളി എസ്റ്റേറ്റ് (അറുഞ്ഞികുഴി സങ്കേതം)

### S. III 1 പ്രദേശം –

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലുള്ള വടശ്ശേരിക്കര പഞ്ചായത്തിലാണ് തലപ്പള്ളി എസ്റ്റേറ്റ് സങ്കേതം സ്ഥിതിചെയ്യുന്നത്. ഇത് അറുഞ്ഞികുഴി പുതിയകോളനി യെന്ന പേരിലും അറയപ്പെടുന്നു. പുനരധിവാസ പദ്ധതി പ്രകാരം 2007- ൽ 14 കുടുംബങ്ങൾക്കാണ് ഇവിടെ പട്ടയം അനുവദിച്ചിരുന്നത്. അതിൽ ഏഴ് കുടുംബങ്ങൾ ഇവിടെ താസമാക്കിയിരുന്നു. എന്നാൽ പിന്നീട് ആനശല്യം കാരണം പല കുടുംബങ്ങളും പഴയ സ്ഥലത്തേക്ക് തിരിച്ച് പോകുകയോ വല്ലപ്പോഴും മാത്രം വന്ന് താമസിക്കുകയോ ചെയ്തു വരുന്നു. പത്തനംതിട്ട ജില്ലയിലെ റാന്നി, ബ്ലോക്ക്പടി, കോഴഞ്ചേരി, അച്ചടിപ്പാറ എന്നീ പ്രദേശങ്ങളിൽ നിന്ന് വന്ന ഹിന്ദുമലവേടർ ആണ് ഈ സങ്കേതത്തിൽ പുനരധിവസിപ്പിക്കപ്പെട്ടത്. താമരപ്പള്ളി എസ്റ്റേറ്റിലെ ഓരോ കുടുംബത്തിനും 67 സെന്റ് വീതമാണ് ഭൂമി അനുവദിക്കപ്പെട്ടിട്ടുള്ളത്.

മുമ്പ് സ്വന്തമായി ഭൂമി ഇല്ലാതിരുന്ന ഇവർ ഭൂമി ലഭ്യമായതിന് ശേഷം മാത്രമാണ് താമസമാരംഭിച്ചത്. നിലവിൽ 6 കുടുംബങ്ങൾ മാത്രം താമസിക്കുന്ന ഈ സങ്കേതത്തിലേക്ക് റോഡും വൈദ്യുതിയും ലഭ്യമാണെങ്കിലും സങ്കേതത്തിന്റെ മുകൾ ഭാഗം കാട്ടാന ശല്യവും ഗതാഗത സൗകര്യകുറവും ഉള്ളതാണ്.

തലപ്പള്ളി എസ്റ്റേറ്റ് സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 66% സാംപിളുകൾ ശേഖരി ച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S. III .2 സമുദായഘടന

നിലവിൽ മലവേടൻ സമുദായത്തിലെ6 കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്.

## S. III .3 അടിസ്ഥാന സൗകര്യം

### S. III.3.1 വീട്

തലപ്പള്ളി എസ്റ്റേറ്റ് സങ്കേതത്തിൽ (അറുഞ്ഞികുഴി) 14 കുടുംബ ങ്ങൾക്കാണ് പുനരധിവാസത്തിന്റെ ഭാഗമായി ഭൂമി നൽകിയിരുന്നത്. എന്നാൽ 75.0% കുടുംബങ്ങൾ മാത്രമാണ് പട്ടയം കൈവശപ്പെടുത്തിയത്. നിലവിൽ നാലു വീടുകളിലായി അഞ്ച് കുടുംബങ്ങൾ താമസിക്കുന്നു. ഒരു കുടുംബത്തിന്റെ താൽകാലിക ഷെഡ് പൊളിഞ്ഞ് പോയതിന് ശേഷം വല്ലപ്പോഴും മാത്രമേ വരാറുള്ളൂ. നാല് വീടുകളിൽ രണ്ട് വീടുകൾ മാത്രമാണ് ഉറപ്പുള്ള വീടുകൾ. ബാക്കി രണ്ട് വീടുകൾ താൽകാലിക ഷെഡുകളാണ്. ഒരു കുടുംബത്തിന്റെ വീട് പണി നടന്ന് കൊണ്ടിരിക്കുന്നു. സ്വന്തമായി ഉണ്ടായിരുന്ന താൽകാലിക ഷെഡ് ആന നശിപ്പിച്ചതിനാൽ താമസമില്ലാത്ത മറ്റൊരാളുടെ താൽകാലിക ഷെഡിൽ രണ്ട് കുടുംബങ്ങളിലായി എട്ട് പേർ താമസിക്കുന്ന ഒരു സാഹചര്യവും ഈ സങ്കേതത്തിലുണ്ട്. ചോർന്നൊലിക്കുന്നതും വൈദ്യുതി ലഭിക്കാത്തതുമാണ് താൽകാലിക ഷെഡുകൾ. നാല് വീടുകൾ മാത്രമാണ് ഇവിടെ ഉള്ളത് എന്നത് കൊണ്ട് തന്നെ ഊരുകൂട്ടം, കുടുംബശ്രീ പ്രവർത്തനങ്ങൾ എന്നിവ ശരിയായ വിധത്തിൽ പ്രവർത്തിക്കുന്നില്ല. കൂലിപ്പണി ചെയ്തും തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ചും പട്ടിക വർഗ്ഗവികസന വകുപ്പിൽ നിന്ന് ലഭ്യമാകുന്ന മറ്റു സഹായങ്ങളാലുമാണ് ഈ കുടുംബങ്ങൾ ജീവിച്ചു വരുന്നത്. പുനരധിവസിപ്പിക്കപ്പെട്ട ഭൂമി തട്ടുകളായാണുള്ളത്. ഒരു ഭാഗത്ത് റോഡും മറ്റു സൗകര്യങ്ങളും മറുഭാഗത്ത് വാഹനസൗകര്യം കുറഞ്ഞും, വന്യമൃഗങ്ങളുടെ ഉപദ്രവം ഏറി യുമാണ് സങ്കേതം സ്ഥിതി ചെയ്യുന്നത്. അത് കൊണ്ട് തന്നെ 14 പേർക്ക് ഭൂമി അനുവദിച്ചതിൽ മുകൾ ഭാഗത്തുള്ളവർ പട്ടയം വാങ്ങാത്തവരോ വാങ്ങിയിട്ട് ആ പ്രദേശത്ത് താമസിക്കാൻ പ്രയാസപ്പെടുന്നവരോ ആണ്.

### S. III.3.2 റോഡ്, കുടിവെള്ളം

തലപ്പള്ളി എസ്റ്റേറ്റ് സങ്കേതത്തിലേക്ക് വാഹന സൗകര്യം ലഭ്യമാണ്. വടശ്ശേരിക്കര പഞ്ചായത്താണ് റോഡ് നിർമ്മാണം നടത്തിയത്. പ്രധാന റോഡിൽ നിന്നും 5 കി.മീ. റോളം ദൂരം റോഡ് സങ്കേതത്തിൽ ചെന്ന് അവസാനിക്കുന്നു. ഇത് സ്കൂൾ, ആശുപത്രി, വീട് പണി എന്നീ ആവശ്യങ്ങൾ എളുപ്പമാക്കാൻ അവരെ സഹായിക്കുന്നു. എന്നാൽ സങ്കേതത്തിന്റെ മറ്റൊരുഭാഗം റോഡ് സൗകര്യം ഇല്ലാത്തതാണ്. ഈ ഭാഗങ്ങളിൽ ആനശല്ല്യവും മറ്റും കാരണം ഇപ്പോൾ താമസമില്ല.

ഈ സങ്കേതത്തിൽ എല്ലാവർക്കും കിണർ വഴി കുടിവെള്ളം ലഭ്യമാണ്. 6/7 മീറ്റർ താഴ്ചയിൽ തന്നെ വെള്ളം ലഭിക്കുന്ന പ്രദേശമാണ്. തൊട്ടടുത്ത സ്ഥലത്ത് നിന്ന് തന്നെ മോട്ടോർ ഉപയോഗിക്കാതെ ബക്കറ്റിൽ കോരിയാണ് വീട്ടാവശ്യങ്ങൾക്കുള്ള വെള്ളം ഉപയോഗിക്കുന്നത്.

പട്ടിക 3.6**അറുഞ്ഞികുഴി സങ്കേതം**

| അറുഞ്ഞികുഴി സങ്കേതം കുടി വെള്ള സൗകര്യം | | | | | |
|---|---|---|---|---|---|
| | | കുടി വെള്ള സൗകര്യം | | | |
| | | സ്വന്തം കിണർ | പൊതു കിണർ | മറ്റുള്ളവ | ആകെ |
| സങ്കേതം | അറുഞ്ഞികുഴി | 4 | 0 | 0 | 4 |
| | | 100.0% | 0.0% | 0.0% | 100.0% |

## S. III.3വിദ്യാഭ്യാസം

വളരെ കുറഞ്ഞ കുടുംബങ്ങൾ മാത്രം ഉള്ളതാകയാൽ ഈ സങ്കേതത്തിൽ അംഗൻവാടികളോ, പ്രൈമറി സ്കൂൾ, മറ്റു പൊതു സ്ഥാപനങ്ങളോയില്ല. സങ്കേതത്തിലുള്ള വിദ്യാർത്ഥികൾ പ്രൈമറി തലം തൊട്ട് ഹൈസ്കൂൾ വരെ 4 കി.മീ. അകലെ വടശ്ശേരിക്കരയിലുള്ള സ്ക്കൂളുകളെയാണ് ആശ്രയിക്കുന്നത്. എന്നാലിത് ദിവസേനയുള്ള യാത്ര ബുദ്ധിമുട്ട് വർദ്ധിപ്പിക്കുന്നു. വീടുകളിൽ കുട്ടികൾക്ക് പഠിക്കാൻ ആവശ്യമായ മുറികളോ മറ്റു സംവിധാനങ്ങളോ ഇല്ലാത്തതിനാലും, +2 ന് ശേഷം പഠിക്കാൻ കൂടുതൽ ദൂരം യാത്രചെയ്യേണ്ടി വരുന്നതും, സാമ്പത്തിക പ്രശ്നങ്ങളും ഈ സങ്കേതത്തിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കൂട്ടായ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ പറ്റാത്തതും പഠനമുറി, ലൈബ്രറി, പൊതു കളിസ്ഥലങ്ങൾ എന്നിവ ഇല്ലാത്തതും ഈ സങ്കേതത്തിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളെ രൂക്ഷമാക്കുന്നു. കുറഞ്ഞ കുടുംബങ്ങൾ മാത്രമുള്ള സങ്കേതമാകയാൽ സങ്കേതത്തിനകത്ത് അംഗൻവാടി, സ്കൂൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നിലവിലില്ല. അതുകൊണ്ട് തന്നെ ഇവിടുത്തെ വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസ പരമായ ആവശ്യങ്ങൾ നിറവേറ്റാൻ പലതരത്തിലും പ്രയാസപ്പെടുന്നു. താഴെ പറയുന്ന കാര്യങ്ങളിലൂടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാം.

### S. III.3.1

1. ചെറിയ കുട്ടികൾക്ക് അംഗൻവാടിയിലേക്ക് പോകാനും തിരിച്ചു കൊണ്ടുവരുന്നതിനും വാഹന സൗകര്യം ഏർപ്പെടുത്തുക.
2. ഒന്നുമുതൽ 10 വരെ പഠിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി ഞങ്ങട അല്ലെങ്കിൽ പ്രീമെട്രിക് ഹോസ്റ്റൽ സംവിധാനം ഏർപ്പാടാക്കുക.
3. പഠനമുറി അല്ലെങ്കിൽ ട്യൂഷൻ എന്നിവ ലഭ്യമാക്കുന്നതിന് തൊട്ടടുത്ത സങ്കേതവുമായി ബന്ധപ്പെടുത്തി സൗകര്യമൊരുക്കാം.
4. കുട്ടികൾക്ക് പഠന സാമഗ്രികൾ, പഠനമുറികൾ എന്നിവ നൽകുക.
5. മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹനങ്ങളും പരിശീലനങ്ങളും നൽകുക.

## S. III.4 ആരോഗ്യം

ശാരീരികവും മാനസികവുമായ പല വെല്ലുവിളികളും നേരിടുന്ന ഒരു സങ്കേതമാണിത്. സുരക്ഷിതമല്ലാത്ത താൽക്കാലിക ഷെഡ്, കാട്ടാനകളുടെ ആക്രമണം എന്നിവ പലതരത്തിലുള്ള മാനസിക പ്രയാസങ്ങൾ സൃഷ്ടിക്കുമ്പോൾ വളരെ കുറച്ച് വീടുകൾ മാത്രമായതിനാൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, പൊതുസ്ഥാപനങ്ങളുടെ കുറവ്, ജനങ്ങളുടെ ഇടപെടലില്ലായ്മ എന്നിവ മൂലവും സാമൂഹിക ആരോഗ്യ രംഗങ്ങളിൽ പലവിധ പ്രശ്നങ്ങൾ നേരിട്ടും പരോക്ഷമായും സൃഷ്ടിക്കുന്നുണ്ട്. എന്നാൽ തൊട്ടടുത്ത ഒളികല്ല് സങ്കേതത്തിൽ മെഡിക്കൽ ക്ലാസുകളും മറ്റും ഉണ്ടാകാറുണ്ട്. സാധാരണയായി അലോപതിയാണ് ഉപയോഗിക്കുന്നതെങ്കിലും പച്ചമരുന്ന് പാരമ്പര്യ ചികിത്സ നടത്തുന്നവർ സങ്കേതത്തിലുണ്ട്. സങ്കീർണമായ ആരോഗ്യപ്രശ്നങ്ങൾ ഈ സങ്കേതത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. അതുപോലെ തന്നെ കഴിഞ്ഞ 5 വർഷത്തിനിടക്ക് മാതൃമരണമോ ശിശു മരണങ്ങളോ സംഭവിച്ചിട്ടില്ല. എന്നാൽ ചെറിയ തോതിൽ ജലജന്യരോഗങ്ങളും വനങ്ങളിൽ ക്ഷുദ്രജീവികളാൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും സങ്കേതവാസികളെ ബാധിക്കുന്നുണ്ട്.

### S. III.4.1.പ്രശ്നങ്ങൾക്കുളളപരിഹാരം

ആരോഗ്യ പ്രശ്നങ്ങളെ നേരിടാനുള്ള കൂട്ടായ പ്രവർത്തനങ്ങൾ ഇവിടെ നടക്കാറില്ല. ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ തൊട്ടടുത്ത സങ്കേതത്തിലാണ് നടത്താറുള്ളത്. ഇത്തരത്തിലുള്ള ചില പ്രശ്നങ്ങൾ സങ്കേതത്തിൽ

ആരോഗ്യമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. താഴെ പറയുന്ന കാര്യങ്ങളിലൂടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവും.

→ ജനസംഖ്യ കുറഞ്ഞ ഇത്തരം സങ്കേതങ്ങളിൽ മുഴുവൻ ആളുകൾക്കും ആവശ്യമായ മെഡിക്കൽ സൗകര്യങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.

→ ചെറിയ സങ്കേതങ്ങളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി ചെറിയ യൂണിറ്റുകളായി മെഡിക്കൽ ക്യാമ്പുകളുടെ പ്രവർത്തനം പ്രത്യേകം നടത്തുക.

→ അടിയന്തിര ചികിത്സക്ക് വാഹനം, മരുന്നുകൾ എന്നിവ വാങ്ങുന്നതിന് സാമ്പത്തിക സഹായം സമയാ സമയങ്ങളിൽ അനുവദിക്കുക.

→ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഇവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.

## S. III.5തൊഴിലും വരുമാനവും

വടശ്ശേരിക്കര സങ്കേതത്തിലെ എല്ലാവരും തന്നെ കൂലിപണിയിൽ നിന്നാണ് പ്രധാന വരുമാനമാർഗ്ഗമായിട്ടുള്ളത്. തടിപ്പണി, തെങ്ങ് കയറ്റം എന്നിവയും കാർഷിക മേഖലയിലെ തൊഴിൽപണിയുമാണ് ഇവരുടെ വരുമാന സ്രോതസ്സ്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയും വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ്. എല്ലാ സമയങ്ങളിലും തൊഴിൽ ലഭ്യമാകാത്തതും തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ തൊഴിൽ ദിനങ്ങൾ ലഭിക്കാത്തതും സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മുക്കാൽ ഭാഗം പേരും (75%) വർഷത്തിൽ 30 തൊഴിൽ ദിന ങ്ങൾ മാത്രമെ ലഭിക്കുന്നുള്ളൂവെന്ന് അഭിപ്രായപ്പെട്ടു. 100% പേർക്കും തൊഴിൽ പരിശീലന ങ്ങൾ ലഭിച്ചിട്ടില്ല. ഈ സങ്കേതത്തിലെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ സ്വീകരിക്കാം.

## S. III.6ഉപജീവനം

തലപ്പള്ളി എസ്റ്റേറ്റിലെ ആകെ താമസിക്കുന്ന 6 കുടുംബങ്ങളിൽ എല്ലാവർക്കും കൂലിപ്പണിയാണ്. തെങ്ങ് കയറ്റം, നിർമ്മാണ തൊഴിൽ, തടിപണി മറ്റു കാർഷിക മേഖലയുമായി ബന്ധപ്പെട്ട കൂലിപണി എന്നിവയാണ് പ്രധാന തൊഴിലുകൾ. കൂടാതെ തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭ്യമാകുന്ന തൊഴിൽദിനങ്ങളും ഉപയോഗപ്പെടു ത്താറുണ്ട്. 60 സെന്റ് മുതൽ 70 സെന്റ് വരെ ഭൂമിയാണ് ഇവർക്ക് അനുവദിച്ചിട്ടുള്ളത്. ആന, പന്നി തുടങ്ങിയ മൃഗങ്ങളുടെ ആക്രമണം കാരണം ഭൂമിയിൽ യാതൊരുവിധ കൃഷിയും നടത്തു

വാൻ സാധിക്കുന്നില്ല. സങ്കേതത്തിൽ നിന്ന് പുറത്തേക്ക് പോകാനും ആനയുടെ ഉപദ്രവം കാരണം പ്രയാസം നേരിടുന്നുണ്ട്.

പട്ടിക 3.7**കുടുംബങ്ങളുടെ തൊഴിൽ വിവരങ്ങൾ**

<table>
<tr><td colspan="8">സങ്കേതത്തിലെ കുടുംബങ്ങളുടെ തൊഴിൽ വിവരങ്ങൾ</td></tr>
<tr><td colspan="2" rowspan="2"></td><td colspan="5">കുടുംബങ്ങളുടെ തൊഴിൽ വിവരങ്ങൾ</td><td rowspan="2">ആകെ</td></tr>
<tr><td>സ്വന്തം കൃഷി</td><td>കാർഷിക തൊഴിൽ</td><td>നിർമ്മാണ തൊഴിൽ</td><td>വീട്ടമ്മ</td><td>വയോജനം</td></tr>
<tr><td rowspan="2">സങ്കേതം</td><td rowspan="2">അറുഞ്ഞി കുഴി</td><td>1</td><td>0</td><td>1</td><td>1</td><td>1</td><td>4</td></tr>
<tr><td>25.0%</td><td>0.0%</td><td>25.0%</td><td>25.0%</td><td>25.0%</td><td>100.0%</td></tr>
</table>

ജലസേചന സൗകര്യമില്ലെങ്കിലും നല്ല രീതിയിൽ വെള്ളം ലഭിക്കുന്ന പ്രദേശമാണ്. 3 ഭാഗവും കേരള ഫോറസ്റ്റിന്റെ ഭാഗമായുള്ള ഈ പ്രദേശത്ത് ജന താമസം കുറവായതും നിലവിലുള്ള സോളാർ വേലി നശിച്ചിരിക്കുന്നതിനാലും മൃഗങ്ങളുടെ ശല്ല്യം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

→ തൊഴിലുറപ്പ് പദ്ധതി പ്രകാരം പരമാവധി തൊഴിൽദിനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

→ സ്വന്തം ഭൂമിയിൽ കൃഷി ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുക.

→ ചെറുകിട വ്യവസായം, കുടിൽവ്യവസായം എന്നിവക്ക് ആവശ്യമായ പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.

→ മാറിയ സാഹചര്യത്തിൽ കുട്ടികളെയും യുവാക്കളെയും പരമ്പരാഗത തൊഴിൽ മേഖലകൾ കൂടാതെ പുതിയ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുകയും പരിശീലനങ്ങൾ നൽകുകയും ചെയ്യുക.

→ തൊഴിൽരഹിതർക്കായി വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ച സങ്കേതത്തിലെ തൊഴിലാളികളെ ഏകോപിപ്പിച്ച് കൂട്ടായ്മയുണ്ടാക്കി തൊഴിൽ ബാങ്കുകൾ രൂപീകരിക്കാം.

→ സങ്കേതത്തിനകത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ സങ്കേതവാസികളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പ് വരുത്തുക.

## S. III .7പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

നിലവിൽ ആറ് കുടുംബങ്ങൾ മാത്രം താമസിക്കുന്ന പത്തനംതിട്ട ജില്ലയിലെ അറുഞ്ഞികുഴി സങ്കേതത്തിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ ഒരു ഭാഗത്ത് മാത്രമാണ് ലഭിക്കുന്നത്. അതുകൊണ്ട് തന്നെ ഇത്തരം സൗകര്യങ്ങൾ ലഭിക്കാത്തതിനാൽ ജനങ്ങൾ താമസിക്കാതിരിക്കുകയും ജനസാന്ദ്രത കുറവായതിനാൽ വന്യമൃഗങ്ങളുടെ ഉപദ്രവങ്ങൾ കൂടുതലാണ്. സാമൂഹിക ക്രയവിക്രയങ്ങൾ ഈ പ്രദേശങ്ങ ളിൽ നടക്കുന്നില്ല. ഇക്കാരണത്താൽ തന്നെ ലഭ്യമായ ഭൂമി താമസമാക്കിയവർക്ക് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താനോ, മെച്ചപ്പെട്ട രീതിയിലുള്ള സാമൂഹിക ജീവിതം നയിക്കാനോ സാധിക്കുന്നില്ല. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ഭൂരഹിതരായവർക്ക് പട്ടയം നൽകുകയും, പട്ടയം ലഭിച്ച മുഴുവൻ ജനങ്ങളെയും പുനരധിവാസമേഖലയിലേക്ക് എത്തിക്കുവാൻ സാധിക്കണം. എങ്കിൽ നിലവിലുള്ള വർക്ക് കൂടുതൽ നല്ലരീതിയിൽ ജീവിക്കുവാൻ സാധിക്കും. സങ്കേതവാസികളുടെ ഉന്നമനത്തിനായി പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ആവശ്യമായ സഹായ സഹകരണങ്ങളും മേൽനോട്ടങ്ങളും ആവശ്യമാണ്.

## S. III .7.1മറ്റുസാമൂഹിക അവസ്ഥ

വളരെ കുറച്ച് കുടുംബങ്ങൾ മാത്രം താമസിക്കുന്ന വളരെ ചെറിയ സങ്കേതം ആയതിനാൽ നല്ലരീതിയിൽ ഊരുകൂട്ടം, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. മാത്രമല്ല ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ സഹായങ്ങൾ പലപ്പോഴും ഈ സങ്കേതത്തിലേക്ക് എത്താറില്ല എന്നും ഇവർ അഭിപ്രായപ്പെടുന്നു. നിലവിൽ ഈ സങ്കേതത്തിൽ കുടുംബശ്രീ പ്രവർത്തി ക്കുന്നില്ല. ഊരുകൂട്ടം നടത്തുന്നത് തൊട്ടടുത്ത ഒളികല്ല് സങ്കേതത്തിൽ വച്ചായതിനാൽ പലപ്പോഴും പങ്കെടുക്കാറില്ല. സാമൂഹിക ഇടപെടലുകൾക്ക് നേതൃത്വം നൽകാനോ പ്രശ്നപരിഹാരം കാണാനോ നേതൃത്വം ഇല്ലാത്തതിനാൽ പല കാര്യങ്ങളിലും വേണ്ടത്ര പരിഗണന ലഭിക്കാതെ പോകുന്നു.75%പേർക്കും BPL-AAY റേഷൻ കാർഡാണുള്ളത്

## S. III .8നിലനിൽക്കുന്ന പ്രശ്നങ്ങൾ

### S. III .8.1പാർപ്പിടം

തലപ്പള്ളി അറുഞ്ഞികുഴി സങ്കേതത്തിൽ രണ്ട് വീടുകൾ മാത്രമാണ് സുരക്ഷിതമായിട്ടുള്ളത് എന്നാൽ ബാക്കി മൂന്ന് കുടുംബങ്ങൾ താമസിക്കുന്നത് താൽകാലിക ഷെഡിലാണ് അതുകൊണ്ട് തന്നെ അടിസ്ഥാനപരമായി വീടും അനുബന്ധ സുരക്ഷയും ഇവർക്ക് ഒരുക്കികൊടുക്കേണ്ടതാണ്.

പാർപ്പിടവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം

→ സ്വന്തമായി വീടില്ലാത്ത, താൽകാലികഷെഡിൽ (ഒറ്റമുറിയിൽ) രണ്ട് കുടും ബങ്ങൾ താമസിക്കുന്ന ഈ സങ്കേതത്തിൽ സുരക്ഷിതമായി താമസിക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്തുക.

→ ഈ സങ്കേതത്തിൽ വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വെക്കാൻ സാഹചര്യം ഉണ്ടാക്കുക.

→ സമയാസമയങ്ങളിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിനും വീട് നിർമ്മാണ ത്തിനും സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക.

→ ആനയുടെ ഉപദ്രവം ഇല്ലാതാക്കാൻ ഉറപ്പുള്ള സോളാർ വേലി നിർമ്മിക്കുയോ പഴയത് പുതുക്കി നൽകുകയോ ചെയ്യുക.

→ അനുവദിക്കപ്പെട്ട 14 കുടുംബങ്ങളെ പുനരധിവാസപ്രദേശത്തേക്ക് എത്തിക്കു കയോ പുതിയ ആളുകളെ കണ്ടെത്തി വീട് വെച്ച് നൽകുകയോ ചെയ്യുക വഴി വനത്തിലെ മൃഗങ്ങളുടെ ശല്ല്യങ്ങൾ കുറയുകയും ചെയാതാൽ സാമൂഹിക ശക്തി കൈവരിക്കുകയും ചെയ്യാം.

### S. III.8.2 റോഡ്, കുടിവെള്ളം

→ റോഡ് സൗകര്യം ഇല്ലാത്ത സങ്കേതത്തിന്റെ മുകൾ ഭാഗത്തേക്ക് ആവിശ്യമായ ഗതാഗത സൗകര്യം ഒരുക്കുക.

→ സങ്കേതത്തിന്റെ താഴ്ന്ന ഭാഗത്ത് വളരെ ഉയർന്ന ഭൂനിരപ്പിൽ കുടിവെള്ളം ലഭിക്കുന്നുണ്ട്. മുകൾഭാഗത്ത് ചെറിയ ഡാമുകൾ സ്ഥാപിക്കുകയോ മറ്റോ ചെയ്ത് എളുപ്പത്തിൽ മുകൾ ഭാഗത്തേക്ക് കുടിവെള്ളം എത്തിക്കാം.

→ തുറന്ന കിണർ ഉപയോഗിക്കുന്നതിനാൽ ജലത്തിന്റെ ഗുണമേന്മ പരിശോധിക്കാൻ സൗകര്യം ലഭ്യമാക്കുക.

## S. III.9 സങ്കേതവാസികളുടെ വികസന സ്വപ്നം

**സങ്കേതത്തിന്റെ ഉന്നമനത്തിനായി സങ്കേതവാസികൾ അഭിപ്രായപ്പെട്ട പ്രവൃത്തികൾ**

→ മൃഗങ്ങളുടെ ഉപദ്രവം തടയാൻ ആവശ്യമായ വേലികൾ, മറ്റു പ്രവൃത്തികൾ എന്നിവ വേഗത്തിൽ നടപ്പിലാക്കുക.

→ ലഭിച്ച ഭൂമി ഉപയോഗപ്പെടുത്താത്തവരിൽ നിന്ന് ആവശ്യമായവരെ കണ്ടെത്തി പരമാവധി ജനങ്ങളെ പുനരധിവാസ മേഖലയിലേക്ക് കൊണ്ട് വരിക.

→ വീടില്ലാത്ത ആളുകൾക്ക് വീട് അനുവദിക്കുക.

→ തൊഴിലുറപ്പ് പദ്ധതി പ്രകാരം മുഴുവൻ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.

→ സങ്കേതത്തിൽ കൃഷി, മൃഗപരിപാലനം എന്നിവ ആരംഭിക്കുന്നതിന് സഹായങ്ങൾ അനുവദിക്കുക.

→ മുഴുവൻ ഭാഗങ്ങളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

→ വൈദ്യുതി ലഭ്യമാകാത്തയിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

→ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ട സാമ്പത്തിക സഹായങ്ങൾ, വാഹനങ്ങൾ എന്നിവ അനുവദിക്കുക.

**ഉപസംഹാരം**

നിലവിൽ 6 കുടുംബങ്ങൾ മാത്രം താമസിക്കുന്ന പത്തനംത്തിട്ട ജില്ലയിലെ അറുഞ്ഞികുഴി സങ്കേതത്തിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ ഒരു സ്ഥലത്തേക്ക് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്ത ഭാഗങ്ങളിൽ ജനങ്ങൾ താമസിക്കാതിരിക്കുകയും ഇവിടങ്ങളിൽ മൃഗങ്ങളുടെ ഉപദ്രവം വർധിക്കുകയും, സാമൂഹിക ക്രയവിക്രയം നടക്കാതിരിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ തന്നെ ലഭ്യമായ ഭൂമി താമസമാക്കിയവർക്ക് ഉപയോഗപ്പെടു

ത്താനോ നല്ല രീതിയിലുള്ള സാമുഹിക ജീവിതം നയിക്കാനോ സാധ്യമാകുന്നില്ല. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ഭൂരഹിതരായവർക്ക് പട്ടയം നൽകുകയും പട്ടയം ലഭിച്ച മുഴുവൻ ആളുകളെയും പുനരധിവാസ മേഖലയിലേക്ക് എത്തിക്കുവാനും സാധിച്ചാൽ  നിലവിലുള്ളവർക്ക് കൂടുതൽ നല്ല രീതിയിൽ ജീവിക്കാം. സങ്കതവാസികളുടെ ഉന്നമനത്തിനായി  പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സഹകരണവും മേൽനോട്ടവും ആവശ്യമാണ്.

## ഏനാദിമംഗലം – SIPമുരുകൻ കോളനി

### S. IV - 1പ്രദേശം

**ഏനാദി മംഗലം**

ചെന്നീർക്കര രാജവംശത്തിന്റേയും പിന്നീട് കായംകുളം രാജവംശത്തിന്റേയും ഭരണത്തിൻ കീഴിലായിരുന്ന അടൂരിലെ പഞ്ചായത്താണ് ഏനാദിമംഗലം. ചാന്നാൻമാരിൽ ഒരു വിഭാഗമാണ് ഏനാദി എന്നും അവർ വസിക്കുന്ന പ്രദേശമാണ് ഏനാദിമംഗലം എന്ന് അറിയപ്പെട്ടിരുന്നതെന്നും, കായംകുളം രാജാവിന്റെ സേനാനായകൻ ആയ ഏനാദി  ഉണ്ണിത്താനിൽ നിന്നുമാണ് ഈ പ്രദേശം ലഭിച്ചതെന്ന് പറയപ്പെടുന്നു. 1953 ൽ ഏനാദിമംഗലം പഞ്ചായത്ത് രൂപീകൃതമായി (https://lsgkerala.gov.in/pages/history.php). അടൂരിൽ നിന്നും 11 കി.മീറ്റർ ദൂരത്തായി സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് ഏനാദിമംഗലം. പറക്കോട് ബ്ലോക്കിലെ 7 പഞ്ചായത്തുകളിൽ ഒന്നാണ് ഏനാദിമംഗലം.

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിലാണ് 251.1 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഏനാദിമംഗലം പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്കിലുൾപ്പെട്ട 15 വാർഡുകളുള്ള പഞ്ചായത്തിലെ ആകെ ജനസംഖ്യ 20252, പുരുഷന്മാർ 9809 എന്നതും സ്ത്രീകൾ 10,443 എന്നതുമാണ്. 91.8% സാക്ഷരത നേടിയ പഞ്ചായത്ത് കൂടിയാണിത്. ഏനാദിമംഗലം പഞ്ചായത്തിലെ പുനരധിവാസ സങ്കേതമായ ടകജ മുരുകൻ കോളനിയിലെ ജനസംഖ്യ 15 ആണ്. പുരുഷന്മാരുടെ എണ്ണം 10 ഉം സ്ത്രീകൾ 5 ഉം ആണ്. 4 കുടുംബക്കാർ  മാത്രമാണ് ഇവിടെ താമസമാക്കിയിരിക്കുന്നത്. ഇവർ ഏറിയപേരും പള്ളിക്കൽ പഞ്ചായത്തിൽ നിന്നുള്ളവരാണ്.

SIP മുരുകൻ കോളനിയിലെ ഗുണഭോക്താക്കളുടെ 100% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S. IV.2 സമുദായഘടന

മലവേടൻ സമുദായക്കാരാണ് SIPമുരുകൻ കോളനി എന്ന പുനരധിവാസ സങ്കേതത്തിൽ താമസിച്ചു വരുന്നത്. മയിലേറ് ഇല്ലം വിഭാഗക്കാരാണ് ഇവർ.

പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തായ ഏനാദി മംഗലം അടൂരിൽ നിന്നും 11 കിലോമീറ്റർ അകലത്തായാണ് സ്ഥിതി ചെയ്യുന്നത്.

## S. IV.3 അടിസ്ഥാന സൗകര്യം

പള്ളിക്കൽ പഞ്ചായത്തിൽ നിന്നും കുടിയേറിപ്പാർത്തവരാണിവർ. കുടിയേറിപ്പാർത്ത ഇവർ 2009 ലാണ് പുനരധിവസിക്കപ്പെട്ടത്. കുടിയേറിപാർത്ത സമയത്ത് തർക്കഭൂമിയായി കിടന്ന ഭൂമിയായിരുന്നു ഇത്. സർവ്വേ കല്ലുകൾ കൃത്യമല്ലാത്തതു കൊണ്ട് വഴിതർക്കങ്ങൾ രൂക്ഷമായിരുന്നു. പ്ലാൻ പ്രകാരം വഴി ഉണ്ടെന്നു പറയുകയും എന്നാൽ വഴിയില്ലാത്ത സാഹചര്യവും ഗുണഭോക്താക്കൾക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. 1998 ൽ ഭൂമിക്കായുള്ള അപേക്ഷ നൽകിയതിൽ ഗുണഭോക്താക്കളുടെ ഭൂമിക്ക് പട്ടയം ലഭ്യമായത് 2009-2010 കാലഘട്ടത്തിലാണ്. പള്ളിക്കൽ പഞ്ചായത്തിലെ താഴെ പള്ളിക്കൽ വയലിൽ താമസമാക്കിയിരുന്ന ഇവർക്ക് പട്ടയം ലഭ്യമായി താമസം ആരംഭിച്ചത് 2009ലാണ്. ഗുണഭോക്താക്കളുടെ ഭൂമിയോട് ചേർന്ന് കിടക്കുന്ന ഭൂമിയിൽ നിന്നും ഏതാനും ഭാഗങ്ങൾ റോഡിലേക്കും വിട്ടുകൊടുത്തിട്ടുണ്ട്. ഏതാനും ഗുണഭോക്താക്കളുടെ വീടിന് അടുത്തുള്ള ആഞ്ഞിലിമരം മുറിക്കുന്നതിനെ ചൊല്ലി തർക്കങ്ങളും നിലനിൽക്കുന്നുണ്ട്. പ്രത്യേകമായ ഊര്മൂപ്പൻ ഇവിടെയില്ല. പള്ളിക്കൽ പഞ്ചായത്തിലെ പള്ളിക്കൽ സങ്കേതത്തിലെ ഊരുമൂപ്പൻ ടകജ മുരുകൻ കോളനിയിലെക്ക് താമസം മാറിയപ്പോൾ അദ്ദേഹത്തിന് ഇവിടത്തെ കൂടി ഊര്മൂപ്പൻ സ്ഥാനം നൽകി.

SIPമുരുകൻ കോളനിയിലെ ആരോഗ്യ ഉപകേന്ദ്രം, സാമൂഹ്യ ആരോഗ്യ കേന്ദ്രം, മരുന്നുഷാപ്പുകൾ, അംഗൻവാടി, ഗവ.എൽ.പി സ്ക്കൂൾ പൂതംങ്കര, ഗവ. യു.പി സ്ക്കൂൾ പൂതംങ്കര, ഗവ. ഹൈസ്ക്കൂൾ എളളമന്നൂർ, ഗവ.വി.എച്ച്.സി എളളമണ്ണൂർ എന്നിവ രണ്ട് കി.മീ. അകലത്തായാണ് സ്ഥിതിചെയ്യുന്നത്. വില്ലേജ് ഓഫീസ്, പലചരക്ക്കട, മൃഗാശുപത്രി എന്നിവ ഏനാദിമംഗലം പഞ്ചായത്തിലാണ്. പോലീസ് സ്റ്റേഷൻ അടൂരും, കൃഷിഭവൻ പറക്കോടും, ബാങ്ക് 1 കി.മീറ്റർ അകലത്തായി മരുതിമോട് എന്ന സ്ഥലത്തുമാണ്.

ഊരുകൂട്ടം, കുടുംബശ്രീ എന്നിവയെല്ലാം നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ മാത്രമേ ലഭ്യമായിട്ടുള്ളൂ.ഇവിടെ സാംസ്കാരിക നിലയം, പൊതുകളിസ്ഥലം, ലൈബ്രറി എന്നിവയൊന്നും ഇവിടെയില്ല. ആകെ ലഭ്യമായ ഭൂമി ഓരോരുത്തർക്കും72സെന്റ് കരഭൂമിയാണ്. ഇതിന്റെ വിസ്ത്രീർണ്ണം 3 ഏക്കർ 60 സെന്റ് ആണ്. ഈ സങ്കേതത്തിലെ സാമൂഹായ സ്ഥാപനങ്ങളെല്ലാം തന്നെ ഏനാദിമംഗലം, അടൂർ, പറക്കോട്, മരുതിമൂട് എന്നീ പ്രദേശങ്ങളിൽ 5 കി.മി ചുറ്റളവിനുള്ളിലാണുള്ളത്.വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒഴികെ മറ്റൊന്നും തന്നെയില്ല. കലാകായിക രംഗത്ത് മികവ് പ്രകടിപ്പിക്കുന്നവരും, സാമൂഹ്യ പ്രവർത്തകർ, മറ്റ് രാഷ്ട്രീയ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരിൽ നിന്നുള്ള പ്രതിനിധികളും ഇവരുടെ ഇടയിൽ നിന്നുമില്ല. ആരാധനാ കേന്ദ്രങ്ങൾ, അയൽപ്പക്കങ്ങൾ എന്നിവ ഇല്ലാതായി എന്നത് പുനഃരധിവാസത്തിലെ സാംസ്കാരിക സാമൂഹിക ജീവിതത്തിൽ വലിയ ഒരളവ് വരെ ബാധിച്ചിട്ടുണ്ട്. പുനഃരധിവാസ പ്രദേശത്ത് ആരാധന നടത്തുവാനുള്ള സൗകര്യങ്ങൾ ഇല്ല എന്നതാണ് സത്യം. സമീപവാസികളുടെ സഹകരണമില്ലായ്മയും സാമൂഹിക വിവേചനം നല്ല പോലെ അനുഭവിക്കുന്നുണ്ട്. പുനഃരധിവാസത്തിന് പ്രദേശം തെരഞ്ഞെടുത്തത് സർക്കാറിന്റെ നിർദ്ദേശപ്രകാരമായതിനാൽ തന്നെയും സ്വന്തമായി ഭൂമി വാങ്ങേണ്ട സാഹചര്യം, സന്ദർഭം എന്നിവ ഒഴിവായിക്കിട്ടി. സാമ്പത്തിക ശേഷി ഇല്ലാത്തതും കൊണ്ട് ഭൂമി ലഭിക്കാത്തതിനാലും ആണ് പുനഃരധിവാസത്തിന് ഈ പ്രദേശം തിരഞ്ഞെടുത്തത്. റോഡ്, വാഹന സൗകര്യങ്ങൾ ലഭ്യമാകുന്ന, പന്നിയുടെ ഉപദ്രവമുള്ള പ്രദേശമാണിത്. പന്നി ഉപദ്രവത്താൽ, കൃഷിനാശം സംഭവിക്കുന്നുണ്ട്.

റോഡ്, വാഹനസൗകര്യങ്ങൾ ലഭ്യമാകുന്ന ഈ പ്രദേശം പാറയുള്ളതും ശുദ്ധജല ലഭ്യത ഇല്ലാത്തതുമാണ്. മൂന്നര ഏക്കർ ഭൂമിയിൽ ഒന്നര ഏക്കർ ആഞ്ഞിലി മരങ്ങളാണ്. ഭൂമി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെക്കുറിച്ച് ബോധവാൻമാരായിരുന്നു ഇവർ. പുനഃരധിവാസവുമായി ബന്ധപ്പെട്ട് മാറ്റിപ്പാർപ്പിച്ച സമയത്ത് വ്യവസ്ഥകൾ എല്ലാം കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഊരുകൂട്ടത്തിൽ വർഷങ്ങളോളം പുനരധിവാസ ഭൂമിക്കായി അപേക്ഷ നൽകിയവരും ഉണ്ടായിരുന്നു, സങ്കേതവാസികൾക്ക് പുനരധിവാസ മേഖല സന്ദർശിക്കാനുള്ള അവസരം ലഭ്യമായിരുന്നില്ല. പട്ടയം കിട്ടിയതിനു ശേഷം സ്ഥലം വന്നു കണ്ടവരായിരുന്നു ഇവർ.

## S. IV. I.3.1ഊരുകൂട്ടം

സങ്കേതത്തിൽ ഊരുകൂട്ടം രജിസ്റ്റർ ചെയ്തതിനാൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്. അതിനാൽത്തന്നെ മാസത്തിൽ ഒരിക്കലോ, വർഷത്തിൽ ഒരിക്കലോ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകയോ ചെയ്യുമ്പോൾ, ഊരുകൂട്ടം ചേരുന്നുണ്ട്. എസ്.ടി. പ്രമോട്ടർ, ഊര് മൂപ്പൻ, പഞ്ചായത്ത് മെമ്പർ, ഊര്നിവാസികൾ, ടി.ഡി.ഒ. എന്നിവർ എല്ലാവരും തന്നെ സാധാരണയായി ഊര്കൂട്ടത്തിൽ പങ്കെടുക്കുന്നവരാണ്. ഇവർ എല്ലാവരും തന്നെ ഒന്നിച്ചു പങ്കെടുത്തില്ലെങ്കിലും പറ്റാവുന്ന തരത്തിൽ തങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുകയും അവശ്യമായ സഹായങ്ങൾക്കായി നടപടികൾ നടത്തി വരികയും ചെയ്തു വരുന്നുണ്ട്. 1–3 മണിക്കൂർ സമയപരിധിയിൽ പ്രത്യേക മിനിട്ട്സുകൾ തയ്യാറാക്കുന്നതാണ് ഊരുകൂട്ടം. പുനഃരധിവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ചർച്ച ചെയ്യുന്ന മേഖലയാണിത്.

## S. IV.I.3.2കുടുംബശ്രീ

സങ്കേതത്തിൽ സ്വയംസഹായ സംഘങ്ങൾ നിലവിലുണ്ട്. ജ്യോതി കുടുംബശ്രീയാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. കുടുംബശ്രീ കൊണ്ട് സങ്കേതവാസികൾക്ക് പ്രജോയനം ലഭിച്ചു വരുന്നുണ്ട് എങ്കിലും കാര്യക്ഷമമായ രീതിയിൽ എത്തിയിട്ടില്ല. 21/05/2017 ജൂണിലാണ് കുടുംബശ്രീ ആരംഭിച്ചത്. 1 വർഷത്തോളമായി പ്രവർത്തിച്ചു വരുന്നുണ്ട് എങ്കിലും പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ട് പോയിട്ടില്ല. കുടുംബശ്രീ തുക കൊണ്ട് അരിചിട്ടി നടത്തിയവരും പിന്നീട് ബുദ്ധിമുട്ടിലായപ്പോൾ നിർത്തിയവരും ഉണ്ട്. ഇതെല്ലാം പൊതുവായ ക്ഷേമകാര്യത്തിലേക്ക് നീക്കി വയ്ക്കാൻ പറ്റുന്ന രീതിയിൽ അല്ല ഇവിടെ പ്രവർത്തിച്ചു വരുന്നത്. ഫണ്ട് ധനശേഖരണം മാത്രമേ ഇത് വരെ നടന്നിട്ടുള്ളൂ. മറ്റ് കാര്യങ്ങൾ നടന്നിട്ടില്ല എന്നത് വലിയൊരു പോരായ്മ തന്നെയാണ്. ആകെ രജിസ്റ്റർ ചെയ്തിരിക്കുന്നവർ 9 പേർ ആണ്.

പട്ടിക 3.8**സങ്കേതത്തിലെ കുടുംബശ്രീ പദ്ധതി**

| സങ്കേതത്തിലെ കുടുംബശ്രീ പദ്ധതി | | | |
|---|---|---|---|
| SIPമുരുകൻ കോളനി | കുടുംബശ്രീ പദ്ധതി | | ആകെ |
| | ഉണ്ട് | ഇല്ല | |
| | 4 | 0 | 4 |
| | 100.0% | 0.0% | 100.0% |

## S. IV.I.3.3 വീടും മറ്റ് അടിസ്ഥാന നിർമ്മാണ പ്രവർത്തികളും

10 വർഷത്തോളമായി പുനരധിവാസ മേഖലയിൽ താമസിച്ചു വരുന്നു. ഭൂമി ലഭ്യമായിട്ടും മാറിത്താമസിക്കാത്തത് ഒരാൾ മാത്രമാണെന്നതാണ് ഫീൽഡ്തല അന്വേഷണത്തിൽ നിന്നും ലഭിച്ചത്. ഭൂമി വീട് നിർമ്മാണത്തിലേക്ക് പ്രയോജനപ്പെടുത്താത്തവരും, ഭൂമി മാത്രമായി ഉപയോഗിക്കുന്നവരും ഇവർക്കിടയിലുണ്ട്. താൽക്കാലിക പാർപ്പിടത്തിലേക്കായി 5000 രൂപ വീതം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ കൃത്യമായ രീതിയിൽ നഷ്ടപരിഹാരം ലഭിക്കാതെ സ്വന്തമായ രീതിയിൽ താൽക്കാലിക പാർപ്പിടം ഒരുക്കിയവരും ഉണ്ട്. ഇത്തരം ചില സാഹചര്യങ്ങളിൽ ഇവർ പാർപ്പിടത്തിനുള്ള ഇടം കണ്ടെത്തുന്നത് ബന്ധുക്കളുടെ കൂടെയാണ് എന്നതാണ് അറിവ്. ഭവന നിർമ്മാണം സ്വന്തം ഇഷ്ടപ്രകാരം നടത്തിയവരും അല്ലാത്തവരും ഉണ്ട്. ടി.ആർ.ഡി.എം. മിഷൻ പ്രകാരം തയ്യാറാക്കുന്നതായ നിർമ്മാണ പ്രവർത്തനങ്ങൾ ആയതിനാൽ കാര്യമായ ഇടപെടലുകൾ വീട്ടുടമസ്ഥന് നടത്താനാകില്ല. ജില്ലയിലെത്തന്നെ പള്ളിക്കൽ പഞ്ചായത്തിൽ 10 സെന്റ് സ്ഥലത്ത് 72 സെന്റ് കരഭൂമിയാണ് ഓരോ ഗുണഭോക്താക്കൾക്കും നൽകിയിട്ടുള്ളത്. പത്തനാപുരം പ്ലാന്റേഷൻ കോർപ്പറേഷൻ ഭൂമി തന്നെ വില്ലേജ് ഓഫീസർ കണ്ടെത്തുകയും, ഭൂമി നൽകുകയുമായിരുന്നു. എന്നാൽ ഈ ഭൂമിയിൽ വൻകയ്യേറ്റം ഇതിനു മുൻപ് നടന്നിട്ടുള്ളതിനാൽ അവർ തമ്മിൽ ആഞ്ഞിലി മരം മുറിക്കുന്നതിനെ ചൊല്ലി ഉടമസ്ഥതാ തർക്കത്തിൽ ഏർപ്പെടുകയും, പിന്നീട് വീടുകളിലേക്ക് ലോറി കയറത്തക്കരീതിയിൽ വഴി വേണമെന്ന് പറയുകയും വഴി വെട്ടുകയുമാണ് ചെയ്തത്. സ്ഥലംകയ്യേറ്റവും ഈ സമയത്ത് തന്നെ ഉണ്ടായിരുന്നതാണ്. മറ്റ് സമുദായക്കാരും തർക്കത്തിൽ ഏർപ്പെടുന്നതിൽ പങ്കാളിത്തം വഹിച്ചിരുന്നു. വഴി തർക്കങ്ങൾ രൂക്ഷമാ

വുകയും പിന്നീട് സർവ്വേ കല്ല് ഇടുകയുമാണ് ചെയ്തത്.1998 ൽ കൊടുത്ത അപേക്ഷക്ക് ഭൂമി ലഭിച്ചത് 2009-ലാണ്.സർവ്വേപ്രകാരം അളക്കാതെ തന്നെ വെട്ടിയ റോഡ് എത്തിച്ചേരുന്നത് തൊടുപ്പറ, കൊടുമൺ, അടൂർ, കലഞ്ഞൂർ, ഭൂതൻകര, കോന്നി, എന്നീ റോഡുകളിലേക്കാണ്. 1 വർഷത്തോളമായി റോഡിന്റെ കോൺക്രീറ്റ് നിർമ്മാണം പൂർത്തിയാകാതെ കിടക്കുക യാണ്. കുറഞ്ഞ വരുമാനമുള്ള തോട്ടപ്പണി, കൂലിപ്പണി എന്നിവ ചെയ്തുവരുന്നവരാണിവർ. കിണർ നിർമ്മാണത്തിനായി 15000 രൂപ പഞ്ചായത്തിൽ നിന്നും ലഭിച്ച ഗുണഭോക്താക്കളുണ്ട്. കുളം, കിണർ എന്നിവ സങ്കേതത്തിൽ ഉണ്ട്. ആഞ്ഞിലികൾക്ക് പ്രത്യേകമായിത്തന്നെ നമ്പറിട്ടിട്ടു നൽകുകയും, ഭീഷണിയായ മരങ്ങൾ മാത്രം മുറിച്ചാൽ മതിയെന്നുള്ള വനം വകുപ്പിന്റെ നിർദേശപ്രകാരം ചില മരങ്ങൾ മുറിക്കാതെയും കാണപ്പെടുന്നു. ഒരുമിച്ച് പണിത 5 വീടുകളും അളന്ന് തിട്ടപ്പെടുത്തിയത് പിന്നീടാണ്.

കുടുംബശ്രീ കൂടുന്ന സമയത്ത് 50 രൂപ പിരിവ് നടത്തിവരുന്നുണ്ട്. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന വിഭാഗക്കാരാണ് കുടുംബശ്രീയിൽ ഏറിയപേരും. റോഡ് പണിക്ക് കയ്യാല കെട്ടിയത് മാറ്റിയാണ് റോഡ് നിർമ്മാണമാക്കിയത്. മണ്ണിട്ടറോഡായതിനാൽ ഓട്ടോ കടന്നു പോകുന്നതിനായി മാത്രം വഴിവെട്ടിയതാണിത്. അതിനും ശേഷമാണ് കോൺക്രീറ്റ് നിർമ്മാണം നടത്തിയത്. 3 പ്ലോട്ടുകൾക്കായി 56000 രൂപ ചിലവ് വന്നിട്ടുണ്ട്. 4 വീടുകൾ മാത്രമാണ് ഇവിടെയുള്ളത്. താൽക്കാലിക വീടൊരുക്കം പൂർത്തിയാക്കുന്ന ഗുണഭോക്താവും ഇവിടെയുണ്ട്. ശൗചാലയ സംവിധാനം പ്ലാനിൽ രേഖപ്പെടുത്താതെയാണ് ഗൃഹനിർമ്മാണം നടത്തിയിരുന്നത്. തൊഴിൽ ലഭ്യതക്കുറവ് പരിഹരിക്കാനായി തൊഴിൽ പരിശീലനങ്ങൾ ലഭിച്ചിട്ടില്ല. സാംസ്കാരിക കേന്ദ്രങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ നിലവിൽ ഇവിടെ ഇല്ല. 2 കി.മീറ്റർ ദൂരത്തിലായി ജഒഇ ഉണ്ട്. ആരോഗ്യ സംവിധാനത്തിനായി ഹെൽത്ത് സെന്റർ ആരംഭിച്ചിട്ടുണ്ട്. താൽക്കാലിക റോഡ് ഉണ്ടെങ്കിലും വഴിത്തർക്കത്തിൽപ്പെട്ടിരിക്കുന്നു. ഗതാഗത സൗകര്യവർദ്ധനവ് കൂടി എന്ന് പറയേണ്ടതായില്ല. രാത്രിയിൽ വാഹന സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഊരിൽ തന്നെ സാമൂഹിക സ്ഥാപനങ്ങൾ കുറവാണ് എന്നതാണ് ഈ സങ്കേതത്തിന്റെ പ്രധാന പോരായ്മ. അംഗൻവാടി, ആശുപത്രികൾ തുടങ്ങിയവ ഉണ്ടെങ്കിൽത്തന്നെയും ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. റോഡിന്റെ ഗുണനിലവാരം വളരെക്കുറവാണ്. ഇരുവശങ്ങളും കെട്ടിയിട്ടില്ലാത്തതിനാൽ മണ്ണിടിയുന്ന സാഹചര്യവും കൂടുതലാണ്. ഈ പ്രദേശത്ത് ജലസേചന സൗകര്യങ്ങൾ പരിമിതമാണ്. വേനൽക്കാലങ്ങളിൽ അവസ്ഥ രൂക്ഷമാണ്. വേനലിൽ വെള്ളം ചുമന്ന് കൊണ്ടുവരണം. അല്ലെങ്കിൽ പഞ്ചായത്ത് കിണറിൽ നിന്നും വാഹനത്തിൽ വെള്ളം എത്തിക്കണം. നിലവിൽ ഇവിടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

## S. IV.4വിദ്യാഭ്യാസം

ഇന്ത്യൻ ഭരണഘടനയുടെ 342–ാം പട്ടികയിൽ ഉൾപ്പെടുത്തി വിശേഷിപ്പിച്ച പട്ടികവിഭാഗക്കാരിൽ 2011–ലെ സെൻസസ് പ്രകാരം കേരളത്തിലെ ആകെയുള്ള 36 വിഭാഗത്തിൽ 18 –ാമതായാണ് മലവേടൻ സമുദായത്തെ ഉൾച്ചേർത്തിരിക്കുന്നത്. കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള മതിയായ സൗകര്യങ്ങൽ ഉണ്ട്. പുനലൂർ, പൂതങ്കര, അടൂർ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് കുട്ടികൾ പഠിക്കുന്നത്. ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ അടുത്ത് കുറവായതിനാൽ പുനലൂരിലാണ് ഇവർ പഠിക്കുന്നത്. 20 കിലോമീറ്ററോളം ദൂരം കൂടുതലാണ്. സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം നല്ലരീതിയിൽ നൽകാൻ കഴിയാത്തവരാണ് ഇവിടെ ഉള്ളത്.

എങ്കിൽതന്നെയും വിദ്യാഭ്യാസം നല്ല രീതിയിൽ നൽകുന്നതിനായി ശ്രമങ്ങളും ഇവരുടെ ഭാഗത്തു നിന്ന് നല്ലതായുണ്ട്. നിലവിൽ താമസമാക്കിയിരിക്കുന്ന വീടുകളിൽ ഉള്ള ഗുണഭോക്താക്കൾ എല്ലാവരും തന്നെ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നുണ്ട്. അതിനാൽ തന്നെ സ്വയം എങ്ങനെ മുന്നോട്ട് പോകണം എന്നതിനെക്കുറിച്ചുള്ള ആശങ്കയും അവരിൽ കാണുന്നു. സങ്കേതവാസികളുടെ ഭൂരിപക്ഷാഭിപ്രായത്തിൽ നിന്നും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്. ഹയർസെക്കണ്ടറി വിദ്യാഭ്യാസം അടൂരിലാണ്. പന്തളം, പുനലൂർ, ചെങ്ങന്നൂരിലാണ് നിലവിൽ ഉന്നത പഠനസൗകര്യങ്ങൾ. സർക്കാർ കീഴിൽ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുമില്ല എന്നതാണ് പ്രധാന പോരായ്മയായി ഇവർ ചൂണ്ടിക്കാട്ടിയത്. താരതമ്യേന വീടുകളിൽ പഠനാന്തരീക്ഷം മെച്ചമാണ്. ഒരു കുട്ടിക്ക് പഠനമുറി സൗകര്യം കിട്ടിയിട്ടുണ്ട്. ഈ വർഷത്തിൽത്തന്നെയാണ് അത് ലഭ്യമായതും (2018ൽ). 2 കുട്ടികൾ ആലപ്പുഴ എം.ആർ.എസ്. ൽ പഠിച്ചു വരുന്നു. ട്യൂഷൻ സംവിധാനങ്ങൾ, സാമൂഹ്യ പഠനമുറികൾ എന്നിവയാണ് സങ്കേതവാസികളുടെ അവശ്യം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം പല കാരണങ്ങളാൽ നിഷേധിക്കപ്പെട്ടവർ ഇവർക്കിടയിലുണ്ട്. എന്നാൽ 6–15 വയസ്സുകൾക്കിടയിൽ പഠനം നിർത്തിയവർ ഇല്ല.

പൂതങ്കരയിലുള്ള അംഗൻവാടി 2 കി.മീ, അകലെയാണ് സ്ഥിതി ചെയ്യുന്നത്.ഗവ.എൽ.പി സ്ക്കൂൾ പൂതംങ്കര, ഗവ. യു.പി സ്ക്കൂൾ പൂതംങ്കര, ഗവ. ഹൈസ്ക്കൂൾ എളളമന്നൂർ, ഗവ.വി.എച്ച്.സി എളളമണ്ണൂർ എന്നിവയാണ് രണ്ട് കി.മീ. അകലത്തായ് സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങൾ.

## S. IV.5ആരോഗ്യം

പുനരധിവാസത്തിന് ശേഷം സാമൂഹികവും മാനസികപരവുമായ ആകുലതകൾ നേരിടേണ്ടി വന്നിട്ടുള്ള ഗുണഭോക്താക്കളാണ് ഏറിയപേരും. പ്രധാന കാരണം പള്ളിക്കൽ പഞ്ചായത്തിലെ പ്രാന്തപ്രദേശത്ത് മാറിത്താമസമാക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ ആണ്. പുനരധിവാസത്തിന് ശേഷം ആകുലത, വിഷാദം, ഭയം, നാട് വിട്ടതിൽ പിന്നെ പുതിയ നാടുമായി പൊരുത്തപ്പെടാനുള്ള പ്രയാസം, നിലവിലെ സാഹചര്യത്തിൽ തൊഴിൽ ലഭ്യതക്കുറവ് നേരിടേണ്ടി വന്ന ഗുണഭോക്താക്കളാണ് ഏറിയപേരും. പുനരധിവാസ മേഖല യിൽ കാര്യമായ രീതിയിൽ ആരോഗ്യ പ്രശ്നങ്ങൾ നിലവിൽ ഉണ്ടായിട്ടില്ല. സമ്പർക്ക രോഗ ങ്ങൾ, പ്രായമായവർക്ക് പനി എന്നിവയെ കൂടാതെ നിലവിൽ മറ്റു രോഗങ്ങൾക്ക് വിധേയ രായവർ ഇവിടെയില്ല എന്നതാണ് ഫീൽഡ്തല സർവ്വേയിൽ നിന്നും വ്യക്തമായത്. വിട്ടുമാ റാത്ത അലർജി ഉള്ളവരും ഇവിടെയുണ്ട്. പ്രായാധിക്യരോഗങ്ങളും സാധാരണ പനികളും പ്രധാനമായി കണ്ടുവരുന്നു. പോഷകസംബന്ധമായ പ്രശ്നങ്ങൾ മൂലം തലകറക്കം പോലുള്ള ആരോഗ്യ പ്രശ്നങ്ങളും നിലവിൽ ഈ സങ്കേതത്തിലുള്ളവർക്കുണ്ട്. ആരോഗ്യ പരിചരണത്തിന് പൊതു സംവിധാനം നിലവിലില്ല. അടൂർ, ചാന്നൂർ ഭാഗങ്ങളിൽ ആരോഗ്യപ രിചരണ സംവിധാനങ്ങൾ നടത്തപ്പെടുമ്പോൾ ഇവർ അവിടേക്ക് പോവുകയാണ് പതിവ്.

പട്ടിക 3.9 **സങ്കേതത്തിലെ പൊതു ആരോഗ്യ കേന്ദ്രം**

| സങ്കേതത്തിലെ പൊതു ആരോഗ്യ കേന്ദ്രം | | | |
|---|---|---|---|
| | പി.എച്ച്.സി | | |
| | അതെ | 10 കി. മിനുള ളിൽ | ആകെ |
| SIP മുരുകൻ കോളനി | 3 | 1 | 4 |
| | 75.0% | 25.0% | 100.0% |

നിലവിൽ 5 വർഷത്തിനിടയിൽ നവജാതശിശു മരണങ്ങളോ പ്രസവസംബന്ധമായ മാതൃ മരണങ്ങളോ നടന്നിട്ടില്ല. ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും, അഗ്നിബാധയേറ്റ്

കൈകൾക്ക് സ്വാധീനക്കുറവുള്ള ഗുണഭോക്താക്കളും നിലവിൽ ഉണ്ട്. ഇവർക്ക് വേണ്ട രീതിയിലുള്ള പരിചരണങ്ങൾ നടത്തിക്കൊടുക്കപ്പെട്ടിട്ടില്ല. വീഴ്ചകൾ മൂലം ശാരീരിക വെല്ലുവിളികൾ നേരിട്ടവരും ഇവർക്കിടയിൽ ഉണ്ട്. മദ്യപാനശീലത്തിന് അടിമകളായ ഗുണഭോക്താക്കളാണ് കൂടുതൽ ഉള്ളത്. പാരമ്പര്യ വൈദ്യൻമാർ സങ്കേതത്തിൽ ഇല്ല. ഇപ്പോൾ നിലവിൽ പ്രധാനമായും ആശ്രയിക്കുന്ന ചികിത്സാരീതി അലോപ്പതിയാണ്. സങ്കേതത്തിൽ നിലവിൽ രോഗപ്രതിരോധ കുത്തിവെപ്പുകളും, ബോധവൽക്കരണ പ്രവർത്തനങ്ങളും, മെഡിക്കൽ ക്യാമ്പുകളും, മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ മരുന്നുകൾ തളിക്കാറുണ്ട്. ആരോഗ്യ രംഗത്ത് നിലവിലെ സേവനങ്ങളിൽ തൃപ്തരായ ആളുകൾ കുറവാണ്. ഗുണഭോക്താക്കൾ ഏറിയപേരും ആരോഗ്യ കാർഡുകൾ വഴി ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ആരോഗ്യ സൗജന്യസേവനങ്ങൾ എല്ലാം തന്നെ  നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നിരുന്നാലും ഹെൽത്ത് കാർഡുകൾ മുഖേന, ലഭ്യമാകുന്ന സേവനത്തിൽ പ്രധാനം ഏതാനും രോഗങ്ങൾക്കുള്ള മരുന്ന് വിതരണവും  ഓപ്പറേഷൻ സംബന്ധിച്ച കാര്യങ്ങൾ മാത്രവുമാണ്. പ്രത്യേകമായ രോഗങ്ങൾക്കുള്ള ഓപ്പറേഷൻ സംബന്ധിച്ച ചെലവുകൾ ഒന്നുംതന്നെ ഇത് പ്രകാരം നിർവ്വഹിക്കാൻ സാധിക്കുന്നില്ല എന്നതും വലിയൊരളവ് വരെ പോരായ്മ തന്നെയാണ്. മാത്രമല്ല മരുന്നുകൾ വിതരണം എത്രമാത്രം നടത്തപ്പെടുന്നു എന്നതിന് അനുസരിച്ചായിരിക്കും ഹെൽത്ത് കാർഡ് സേവനങ്ങളും പ്രയോജനപ്പെടുന്നത്. മറ്റ് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുമ്പോൾ അവർക്ക് ചിലവ് കൂടുന്നുണ്ട്, കടവർദ്ധനവും ഉണ്ടാകുന്നുണ്ട്. പുനരധിവാസത്തിന് ശേഷം ഉപഭോഗശീലങ്ങളിൽ മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്നത് ആണ് ന്യൂനപക്ഷാഭിപ്രായം. എന്നാൽ കാലത്തിനനുസൃതമായ മാറ്റങ്ങൾക്ക് വിധേയർ തന്നെയാണ് ഇവിടുത്തെ സങ്കേതവാസികൾ. ആഹാരശീലങ്ങളിൽ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. ഫാസ്റ്റ് ഫുഡ്, പാരമ്പര്യ ഭക്ഷണ ശീലങ്ങളും, പുറത്തുനിന്നുള്ള ഭക്ഷണ ശീലങ്ങളും  പരമാവധി ഒഴിവാക്കി ആരോഗ്യ രംഗത്ത് തനതു ശീലങ്ങൾ പിന്തുടരുന്നവരാണിവർ. ചോറ്, കപ്പ, പച്ചക്കറികൾ, തുടങ്ങിയവ അടങ്ങുന്നതാണ് ഇവരുടെ സാധാരണ ഭക്ഷണ ക്രമം. പാൽ, മത്സ്യം, ഇറച്ചി ഇവയുടെ ഉപയോഗം സ്വതവേ പരിമിതമാണ്. ഫാസ്റ്റ് ഫുഡ് ഉപയോഗ ശീലങ്ങൾ ഇവർക്കിടയിൽ വളരെ വിരളമാണ്. സ്വതവേ നാടൻ ആഹാര ശീലങ്ങൾ പിന്തുടർന്നു വരുന്നവരാണിവർ. അടുക്കള തോട്ടങ്ങളിൽ പ്രധാനമായും കാന്താരി, വാഴ, കപ്പ, ചേമ്പ്, മുളക്, പാവൽ എന്നിവ നട്ടു വളർത്തുന്നുണ്ട്. കൃഷിക്കായി കൃത്യമായ പരിശീലനങ്ങളും കർഷക കൂട്ടായ്മയും ഉണ്ടാക്കിയെടുക്കാം.

### S. IV.6 തൊഴിലും വരുമാനവും

പുനരധിവാസത്തിന് മുൻപ് മുഖ്യ ജീവനോപാധി കൃഷി തന്നെയായിരുന്നു സങ്കേതത്തിലുള്ളവർക്ക് ഉണ്ടായിരുന്നത്. 50% പേർക്കും കൃഷി തന്നെയാണ് മുഖ്യ ഉപജീവന മാർഗ്ഗം. ഇന്നത്തെ ജീവിത സാഹചര്യത്തിൽ ഇതൊരു വലിയ വരുമാനമല്ല എന്നുള്ളതിനാൽ തന്നെ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് ഇവർ നേരിടുന്നത്. മാത്രമല്ല കൃഷിയെ കൂടാതെ ഇവർ ചെയ്തുവരുന്നത് പച്ചമരുന്ന് പറിക്കലാണ്. ഏതാനും ഗുണഭോക്താക്കൾ മാത്രമാണ് ഇത് ചെയ്യുന്നത്. കുറുന്തോട്ടി, പൊൻകുറിഞ്ഞി, കൊടിത്തൂവ, ഇടംപിരി, വലംപിരി, തുടങ്ങിയ ഔഷധ സസ്യശേഖരണവും, മരുന്ന് വിതരണവും നടത്തി വരുന്നുണ്ട്. എങ്കിലും ഇവയൊന്നും തന്നെ വലിയ ഒരു വരുമാനദായക തൊഴിൽ അല്ല. പുനരധിവാസം ജീവനോപാധി കണ്ടെത്തുന്നതിനെ കാര്യമായിത്തന്നെ ബാധിച്ചിട്ടുണ്ട്. റബർവെട്ട്, വീട്ടു ജോലി തുടങ്ങിയവയിലൂടെ വരുമാനം കണ്ടെത്തിയിരുന്ന ഇവർക്ക് യഥാർത്ഥത്തിൽ പുനരധിവാസം തൊഴിൽ നഷ്ടമാണ് വരുത്തിയത്. ഇത്തരം പുതിയ തൊഴിലിൽ ഏർപ്പെടുന്നുണ്ടെങ്കിലും ഇവിടെ വന്നതിനുശേഷം പുതിയ അന്തരീക്ഷമായതിനാൽ പൊരുത്തപ്പെടാൻ നന്നേ പ്രയാസം നേരിടുന്നുണ്ട്. നിലവിൽ കൂലിപ്പണിയാണ് സങ്കേതത്തിലെ മിക്കവരുടെയും ഉപജീവനമാർഗ്ഗം. വനവിഭവശേഖരണം മാത്രമുള്ള ഇവർക്ക് കഴിഞ്ഞ 10 വർഷമായി തൊഴിൽ കുറവാണ്. ഒരു ദിവസം 500 രൂപ വരെ വരുമാനമുണ്ടാക്കാൻ സാധിക്കുന്നവർക്ക് ഇപ്പോൾ ആരോഗ്യപ്രശ്നങ്ങളാണ്. ഇപ്പോഴത്തെ അവസ്ഥയിൽ ഉള്ളത്. പുനരധിവാസവുമായി ബന്ധപ്പെട്ട് കുടുംബത്തിൽ ആർക്കും തന്നെ ജോലി ലഭിച്ചിട്ടില്ല. എല്ലാ ഗുണഭോക്താക്കളുടെയും വസ്തുവിൽ മരങ്ങൾ ഉണ്ടെങ്കിലും, ഒരു വിധത്തിലും മരങ്ങൾ വെട്ടുകയോ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മരങ്ങൾ കാരണം യാതൊന്നും കൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. വീട് പുരയിടം ഉൾപ്പെടെ ഭൂമി ലഭിച്ചതാണെങ്കിലും ബാക്കി ഭാഗങ്ങൾ കാട് പിടിച്ചു കിടക്കുന്നു. അയൽക്കൂട്ടം പച്ചക്കറി വിത്തുകൾ വിതരണം നടത്തിയിരുന്നു, എങ്കിലും ചുരുങ്ങിയ രീതിയിൽ മാത്രമാണിത്. ജൈവവളവും രാസവളവും ഇവർ നിത്യേന ഉപയോഗിച്ച് വരുന്നുണ്ട്. കാർഷിക വിളകൾ ഗാർഹിക ആവശ്യത്തിനായിട്ടാണ് ഉപയോഗിച്ച് വരുന്നത്. കൃഷി ചെയ്യാത്തതിന് പ്രധാന കാരണം വന്യമൃഗ ശല്യമാണ്.

തടിവെട്ടൽ, തൂമ്പപ്പണി, നിർമ്മാണം ഇവയാണ് പ്രധാന തൊഴിൽ മേഖലകൾ. ഇത്തരം തൊഴിൽ മേഖലകളിൽ നിന്ന് ആഴ്ചയിൽ 3 ദിവസം, 1 ദിവസം എന്നിങ്ങനെയാണ് വരുമാനം. പണ്ട് 200 രൂപ കൂലി ഉണ്ടായിരുന്നത് നിലവിൽ രൂപയുടെ മൂല്യം കുറഞ്ഞു എങ്കിലും തൊഴിൽ മെച്ചം വന്നിട്ടില്ല. ഇന്ന് 200 രൂപകൊണ്ട് ദിനംപ്രതി ജീവിതവൃത്തി ചെയ്യാൻ നന്നേ പ്രയാസമാണ്. അതിനാൽത്തന്നെ ലഭ്യമായ ഭൂമിയിൽ കൃഷി ചെയ്യുന്നില്ല. മറ്റൊരു പ്രധാന

കാര്യം ആഞ്ഞിലിമരങ്ങൾ ഉള്ളതിനാൽ നടാൻ സാധിക്കുന്നില്ല. കാനവെയിൽ വന്നതിനാൽ കൃഷി വളർച്ചയിൽ എത്തിക്കാൻ സാധിക്കുന്നില്ല, കൂടാതെ മൃഗശല്യവും കാരണമാണ്. സങ്കേതത്തിൽ സ്വയംതൊഴിൽ പരിശീലന പദ്ധതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. അതിന്റെ പ്രധാന കാരണം ഊരുകൂട്ടം യോഗതീരുമാനങ്ങളിൽ കൃത്യമായ വിവരങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കാത്തതിലാണ്.

എല്ലാവർക്കും വർഷത്തിൽ 30 തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ അംഗത്വം ഉള്ളവരാണ് ഏറിയപേരും. എങ്കിലും കാർഡ് പുതുതായി എടുത്തവരും ഇവർക്കിടയിലുണ്ട്.

## S. IV.6.1 കടബാധ്യത

കടബാധ്യതകൾ നിലവിലുണ്ട് എന്നത് ഇവിടത്തെ പ്രധാന സാമ്പത്തിക പ്രശ്നമായി തന്നെ സങ്കേതനിവാസികൾ കാണുന്നു. വീടിന്റെ ചോർച്ച പ്രശ്നങ്ങൾ മൂലം ലോൺ എടുത്ത് ചോർച്ച പരിഹരിക്കേണ്ടതായ സാഹചര്യമാണ് നിലവില്ലുള്ളത്. പട്ടയ ഭൂമി ബാങ്കിൽ പണയം വെച്ച് 50,000 രൂപ വരെ കടമുള്ളവരും ഇവിടെയുണ്ട്. മാത്രമല്ല വ്യക്തിഗത ലോൺ എന്ന നിലയ്ക്ക് 6,000 രൂപ വരെ കടം ഉള്ളവരും ഉണ്ട്. കടബാധ്യതകൾ ഏറിവരുന്നത് കുടുംബ പശ്ചാതലത്തെയും കാര്യമായി ബാധിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി വഴി ലഭിക്കുന്ന തുച്ഛമായ വരുമാനവും, തൊഴിലില്ലാ ദിനങ്ങളും കൂടുന്നതും ഇവർക്കിടയിൽ ജീവിത പ്രശ്നം ഉണ്ടാക്കുന്നുണ്ട്.

## S. IV.7പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

**<u>ഭൂമി</u>**

പള്ളിക്കലിൽ നിന്നും മാറിത്താമസിച്ചു വന്ന കുടുംബങ്ങളാണ് ടകജമുരുകൻ കോളനിയിൽ താമസിക്കുന്നത്. ആകെ ഭൂമി ലഭിച്ച കുടുംബങ്ങളിൽ താമസമാക്കുന്നത് 4 പേർ മാത്രമാണ്. പുനരധിവസിപ്പിക്കുന്നതിന് മുൻപ് 4 സെന്റും 7.5 സെന്റും ആയി ആകെ കുറഞ്ഞ ഭൂവുടമസ്ഥാവകാശത്തിൽ ജീവിച്ചു വന്നിരുന്നവരോ, ജീവിക്കേണ്ട സാഹചര്യം നേരിട്ടവരോ ആണ് സങ്കേതവാസികളിൽ ഏറിയപേരും. ഇത് കൂടാതെ സ്വന്തം പേരിൽ ഭൂമി ഇല്ലാതെ 75% പേരും ബന്ധുക്കളോടൊപ്പവും 25% പേർ വാടകക്കുമായിരുന്നു മുൻകാലങ്ങളിൽ താമസിച്ചിരുന്നത്. 100% പേരും പഞ്ചായത്തിനു പുറത്തുനിന്നാണിവിടെ താമസമാരംഭിച്ചത്.

പട്ടിക 3.10 പുനരധിവാസത്തിനു മുൻപ് ഭവന രഹിതമായിരുന്നവർ

| പുനരധിവാസത്തിനു മുൻപ് സങ്കേതവാസികളിലെ ഭവനരഹിതമായ അവസ്ഥ | | | |
|---|---|---|---|
| | ഭവനരഹിതമായ അവസ്ഥയിൽ താമസിച്ചത് ആകെ | | |
| | ബന്ധുക്കളുടെ കൂടെ | വാടകക്ക് | ആകെ |
| SIPമുരുകൻ കോളനി | 3 | 1 | 4 |
| | 75.0% | 25.0% | 100.0% |

സങ്കേതനിവാസികളെ സംബന്ധിച്ച് വലിയ ഒരളവ് വരെ ഭവനരഹിതമായ അവസ്ഥയിൽ സ്വന്തമായി ഭൂമി ലഭിച്ചു അതിൽ താമസിക്കുകയെന്നത് വലിയൊരളവു വരെ മനസന്തോഷം നൽകുന്നു. കരഭൂമി പ്രദേശത്ത് നിന്നും വനപ്രദേശത്തിനോട് ചേർന്നാണ് നിലവിൽ ഭൂമി ലഭ്യമായിരിക്കുന്നത്. ടാറിംഗ് പണികൾ പൂർത്തീകരിച്ചുവരുന്ന റോഡുകൾ ആണെങ്കിലും വഴിത്തർക്കങ്ങൾ ഇവിടെയുണ്ട്. അപേക്ഷകൾ നൽകി 5-6 വർഷത്തിനുള്ളിലോ അതിൽ താഴെ 3 വർത്തിനുള്ളിലോ ആണ് കാലാവധി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ഭൂമി ലഭിക്കുന്നത്. നിലവിൽ ഈപ്രദേശത്ത് ആകെ നൽകിയ ഭൂമി 3 ഏക്കർ 55 സെന്റ് ആണ്. ഇതിൽ താമസമാക്കുന്ന 4 കുടുംബങ്ങൾക്ക് 72 സെന്റ് വീതമാണ് ഭൂമി നൽകിയിട്ടുള്ളത്. 1998-2009ൽ ലൊക്കെയാണ് ഗുണഭോക്താക്കൾ ഈ ഭൂമിക്ക് വേണ്ടി അപേക്ഷ നൽകിയിരുന്നത്. അപേക്ഷ നൽകിയ വർഷത്തിൽത്തന്നെ ഭൂമി ലഭിച്ചിരുന്നില്ല. പുനരധിവാസ വികസനമിഷൻ ഏതാനും വർഷങ്ങൾ കഴിഞ്ഞാണ് ഭൂമി നൽകിയിരുന്നത്. പത്തനംതിട്ട ജില്ലയിൽ അദാലത്ത് നടത്തിവന്നതിൽ 2000ൽ അപേക്ഷ നൽകിയത് 2009ൽ ലാണ് നറുക്കെടുപ്പിലൂടെ ഭൂമി ലഭിച്ചത്. നിരന്തരമായ സമരങ്ങളുടെ ഫലമായി സർക്കാരിൽ നിന്നും നേടിയെടുത്ത ഭൂമിയാണെന്നതുകൊണ്ടും, ഇപ്രകാരം ലഭിച്ച ഭൂമി ആയതിനാൽത്തന്നെ കുറഞ്ഞ ജീവിതസാഹചര്യമാണ് വന്നകാലത്ത് ഉണ്ടായത്. ഭൂമിയിൽ താമസമാരംഭിക്കാത്ത ഗുണഭോക്താവിനു നിലവിൽ പള്ളിക്കലിലുള്ള 12 സെന്റ് സ്ഥലത്താണ് താമസിക്കുന്നത്. ലഭ്യമായ ഭൂമി കരഭൂമിയാണ്. പദ്ധതി പ്രകാരം പതിച്ചു നൽകിയ ഭൂമി ആദ്യകാലത്ത് അളന്ന് തിട്ടപ്പെടുത്തിയതാണെങ്കിലും റീസർവ്വേ ആവശ്യമായി വരേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. വഴിത്തർക്കങ്ങളാണ് ഇത്തരം ആവശ്യകതയിലേക്ക് സങ്കേതവാസികളെ എത്തിച്ചത്. ടാറിംഗ് പൂർത്തീകരണ സമയത്ത് വീടിനു മുൻവശത്ത് ഇത്തരം വഴി

തർക്കങ്ങൾ മൂലം സ്ഥലം നഷ്ടമായതാണ്. അതിനാൽത്തന്നെ സ്ഥലം റീസർവ്വേ ചെയ്യേണ്ടത് ആവശ്യമാണ്. 24 സെന്റിൽ ആഞ്ഞിലി വൃക്ഷത്തെ മുറിക്കുന്നതിലേക്ക് ഖഇആ പ്രവേശനം നടത്താനായി ശ്രമിച്ചപ്പോൾ ഉണ്ടായ വഴിത്തർക്കങ്ങൾ ആയിരുന്നു ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നത്. TRDM ഭൂമിയിൽ നിന്നും മുകൾ ഭാഗത്തായി കയ്യേറ്റ ഭൂമിയുണ്ട്. ഈ കയ്യേറ്റ ഭൂമിയിലേക്കുള്ള പ്രവേശനത്തിനായാണ് വഴി വെട്ടി എടുത്തത്. ഈ സമയത്ത് ഗുണഭോക്താക്കളുടെ വീട് ഉൾപ്പെടെയുള്ള ഭൂമി കൂടി നഷ്ടമായിരുന്നു പുതിയൊരു റീസർവ്വേ ഇതിനാൽ ആവശ്യവുമാണ്. പട്ടയം, കൈവശ രേഖ ലഭിച്ചവരാണ് ഇവിടെയുള്ളത്. പതിച്ചു നൽകിയ ഭൂമിയുമായി ബന്ധപ്പെട്ട് അവകാശ തർക്കങ്ങൾ നിലനിൽക്കുന്നില്ല. ഭൂമിയിൽ ഒട്ടുമിക്കതും ആഞ്ഞിലി വൃക്ഷത്തൈകൾ തന്നെയാണ് ഉള്ളത്. ഇത് കൃഷിക്കു മാത്രമല്ല വീടുകൾക്കും ഭീഷണിയാണ് 2015ന് റോഡിന് വേണ്ടി വീതി കൂട്ടിയപ്പോൾ 1 സെന്റ് നഷ്ടമായിട്ടുണ്ട്.

### S. IV.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

ഏനാദിമംഗലം പഞ്ചായത്തിൽ 4 കുടുംബങ്ങൾ മാത്രമാണ് പുനഃരധിവാസിക്കപ്പെട്ടിട്ടുള്ളത്. ഈ 4 കുടുംബങ്ങളും പള്ളിക്കൽ പഞ്ചായത്തിലുള്ളവരാണ്. പുനരധിവാസത്തിന് മുൻപ് അടിസ്ഥാന സൗകര്യങ്ങൾ തീരെ കുറവായിരുന്നു. പുനരധിവാസ ശേഷം ജീവിതനിലവാരം മെച്ചം വന്നിട്ടുണ്ട് എന്നത് മാത്രമാണ് എടുത്തുപറയതക്കതായുള്ളത്. ബന്ധുക്കളോടൊപ്പമോ വാടക വീട്ടിലോ ഒതുങ്ങി കഴിഞ്ഞവരായിരുന്നു ഇവർ. നിലവിൽ ധാരാളം പോരായ്മകൾ ഉണ്ട്താനും. ഓലപ്പുരയിൽ നിന്നും കോൺക്രീറ്റ് കെട്ടിടത്തിലേക്ക് മാറ്റപ്പെട്ടു3  മ്മ 4 ലക്ഷത്തോളം ചിലവ് പ്രതീക്ഷിക്കാവുന്ന ഈ ഭൂമിയിൽ ഗഡുക്കളായാണ് ഗൃഹനിർമ്മാണം നടന്നത്. 500 മീറ്റർ അകലെയായാണ് ഒട്ടുമിക്ക കുടിവെള്ള സ്രോതസ്സുകളും. എന്നാൽ വേനൽക്കാലംവരെ ഉപയുക്തപ്പെടുത്താൻ തക്കതായ ജലസംഭരണശേഷി ഇതിനില്ല. പുനരധിവാസത്തിന്റെ ആദ്യഘട്ടങ്ങളിൽ ഗുണഭോക്താക്കൾ കടുത്ത ക്ഷാമം നേരിട്ടിരുന്നു. വെള്ളം വറ്റുന്ന അവസരങ്ങളിൽ ദൂരെ നിന്നും വെള്ളം കൊണ്ടു വരേണ്ടതായുണ്ട്.

സങ്കേതത്തിൽ ഉള്ളവർക്ക് വൈദ്യുതി ലഭ്യമാണ്. 25% പേർക്കും ശൗചാലയ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ഭവനനിർമ്മാണം ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ പ്ലാൻ മുഖേനയാണ് നടത്തുന്നത്.കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബത്തിലേക്കാണ് പറിച്ചു നടപ്പെട്ടപ്പോൾ ജീവിത മൂല്യങ്ങളിൽ മാറ്റം സംഭവിച്ചിട്ടുണ്ട്. 5 വീടുകളിൽ 4 പേരും സ്വസമുദായംഗങ്ങളും വേണാട് മയിലേറി ഇല്ലം വിഭാഗക്കാരുമാണ്. എല്ലാവരും ഒരേ സമയത്ത് തന്നെ ഗൃഹനിർമ്മാണം പൂർത്തീകരിച്ചു. ആദ്യകാലത്ത് റബ്ബർ പ്ലാന്റേഷന്റെ

കയ്യേറ്റ ഭൂമിയായിരുന്നു. പിന്നീട് റോഡ് വികസനത്തിനായി ആഞ്ഞിലി മുറിച്ചു മാറ്റപ്പെടുകയും, ജെ.സി.ബി. സംവിധാനങ്ങൾ വഴി റോഡ് വെട്ടുകയും ചെയ്തു. ഇവിടെ 75% പേർക്കും റേഷൻകാർഡ് ആജഘലഅഅഥ ആണ്.

പുനരധിവസിക്കപ്പെട്ടതിന്റെ ആദ്യകാലങ്ങളിൽ കുറേപ്പേർ ആദിവാസികളെ വളരെയേറെ പുച്ഛത്തോടെയാണ് കണ്ടിരുന്നത്. അവർക്ക് 1-5 ഏക്കർ ഭൂമി നൽകപ്പെട്ടു എന്നതുതന്നെയാണ് ഈ സാമൂഹ്യ വേർതിരിവിനു പിന്നിലായുള്ളത്. മദ്യപാനത്തെ ചൊല്ലിയും, നിരവധി തവണ തല്ലു കേസുകൾ എന്നിവയും പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വസമുദായ ആചാരങ്ങൾ - ആരാധന നടത്താനുള്ള സൗകര്യങ്ങൾ പുനരധിവസിപ്പിച്ച പ്രദേശത്ത് ഉണ്ടായിരുന്നില്ല. സാധാരണ സ്ഥലങ്ങൾ തന്നെയാണ് ആരാധന നടത്താനായി ഇവർ ആശ്രയിക്കുന്നത്. പരസ്പര സഹകരണങ്ങൾ ഇവിടെ വളരെ കുറവാണ്. തൊഴിലില്ലായ്മ രൂക്ഷമായ മേഖലയാണ്. പ്രത്യേക വിശേഷങ്ങൾ വന്നാലും ആരും വരില്ല. ബന്ധുക്കൾ തമ്മിൽ സഹകരണമുണ്ട്. വേണാടൻ വിഭാഗത്തിൽപ്പെട്ടവരായ മലയരയൻ വിഭാഗക്കാരാണ് ആരാധന നടത്തിയിരുന്നത്. വെറ്റിലവച്ച് മലയപ്പൂപ്പനും മലയമ്മൂമ്മയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്നതാണ് മറ്റൊരു ചടങ്ങ്. പരമശിവൻ, അയ്യപ്പൻ, മലഅപ്പൂപ്പൻ എന്നിവർക്കാണ് ആരാധന നടത്തുന്നത്. ഇവർക്കിടയിൽ മിശ്രവിവാഹിങ്ങൾ കുറവാണ്. സമുദായചടങ്ങുകളിൽ കർമ്മിമാരാണ് പങ്കെടുക്കുന്നത്. മരണാനന്തര ചടങ്ങുകളിലെ പുലയിടൽ ചടങ്ങുകൾ മരണപ്പെട്ടതിനു ശേഷം 18 ദിവസത്തിനു ശേഷമായിരിക്കും.

വിദ്യാഭ്യാസത്തിനെക്കുറിച്ച് എടുത്തു പറഞ്ഞാൽ അടൂർ ഭാഗത്താണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകപ്പെട്ടത് മഴക്കുഴി എടുക്കൽ, കളപറിക്കൽ, റോഡ് വൃത്തിയാക്കൽ, തോട് വൃത്തിയാക്കൽ, തോട്ടപ്പണി മുതലായവയാണ്. പുരുഷനും, സ്ത്രീക്കും 14 ദിവസങ്ങൾ ആയി നൽകി വരുന്ന കൂലി 210 രൂപ ആണ്. പണിയായുധങ്ങൾ കുറച്ചൊക്കെ നൽകപ്പെട്ടിരുന്നു. ജനനം, വിവാഹം, മരണം, മറ്റ് ചടങ്ങുകൾ എന്നിവയിൽ ചില മാറ്റങ്ങൾ വന്നു എങ്കിലും കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

## S. IV.9 സങ്കേതവാസികളുടെ വികസന സ്വപ്നം

### 1. തൊഴിൽ ഇല്ലായ്മ

പുനരധിവാസ മേഖലയിലെ പ്രധാന പ്രശ്നം തൊഴിൽ ഇല്ലായ്മയാണ്. തൊഴിലുറപ്പ് പദ്ധതികൾ മാത്രമാണ് ഏക ആശ്രയം. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കണം. സ്വന്തം നാട്ടിൽ 100 തൊഴിൽ ദിനങ്ങൾ കൂടാതെ ഉൽപ്പന്ന വർദ്ധനവ്, സ്ഥിരം ആസ്തി സൃഷ്ടിക്കുക, പരി

സ്ഥിതി സംരക്ഷണം എന്നീ സ്വപ്നങ്ങളും ഇവർക്കുണ്ട്. കുടുംബശ്രീ, അയൽക്കൂട്ടം, സ്വയം സഹായ സംഘങ്ങൾ, യുവജനസംഘം, വനിത സഹകരണ സംഘം, കർഷക കൂട്ടായ്മ തുടങ്ങി വിവിധ മേഖലകളിൽ തൊഴിൽ സാധ്യതകൾ വർധിപ്പിക്കണം. കൂടാതെ തൊഴിലില്ലായ്മ പരിഹരിക്കാനായി തൊഴിൽ പരിശീലനങ്ങളും നൽകണം.

**2. സങ്കേതത്തിനു ഭീഷണിയുള്ള മരങ്ങൾ മുറിച്ചു മാറ്റണം**

ഭീഷണിയുള്ള മരങ്ങൾ ഗുണഭോക്താക്കൾക്ക് ഭൂമിയുടെ പട്ടയം നൽകിയതാണെങ്കിലും, മുറിച്ചുമാറ്റാൻ വനാവകാശ നിയമം ഉള്ളതിനാൽ സാധിക്കുന്നില്ല. മാത്രമല്ല അപേക്ഷകൾ സമർപ്പിച്ചിട്ടും മുറിച്ചു മാറ്റാൻ കാലതാമസം നേരിടുന്നുണ്ട്. അത് കൂടാതെ വൃക്ഷങ്ങളിൽ കൈയേറ്റങ്ങളും കണ്ടുവരുന്നുണ്ട്. കൂടാതെ ഇതിന്റെ പേരിൽ തന്നെ ഗതാഗത തടസങ്ങളും, സ്വന്തം ഭൂമി കുറച്ചെങ്കിലും സർക്കാരിന് തന്നെ അന്യാധീനപ്പെടേണ്ട സാഹചര്യങ്ങളും നേരിടുന്നുണ്ട്.

**3. മദ്യപാനം**

ലഹരി മരുന്നുകളും മദ്യപാനശീലവും മറ്റേതൊരു സങ്കേതത്തിലേയും പോലെ ഇവിടെയും സ്ഥിതിഗതികൾ വ്യത്യസ്തമല്ല. മദ്യപാനികളുടെ എണ്ണം കൂടുതൽ തന്നെയാണ്. യുവാക്കൾ, കുട്ടികൾ, വൃദ്ധർ, മുതിർന്നവർ, കൗമാരക്കാർ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. ഇത് മൂലം സാമൂഹികമായ ഒറ്റപ്പെടലും സാമ്പത്തിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്. കൗമാരപ്രായക്കാർക്കായി ലഹരിവിമോചന-ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

**4. കൃഷിക്ക് സഹായം നൽകണം.**

കാർഷിക വിളകളുടെ നാശത്തിന് പ്രധാന കാരണമായി ഗുണഭോക്താക്കൾ ചൂണ്ടികാണിക്കുന്നത് മൃഗ ശല്യമാണ്. യഥാർത്ഥത്തിൽ മൃഗങ്ങളുടെ താമസസ്ഥലത്തേക്ക് ഗുണഭോക്താക്കൾ അതിക്രമിച്ചു കയറിയ അവസ്ഥായാണുള്ളത്. നിലവിൽ കൃഷിചെയ്ത് ജീവത വൃത്തി കണ്ടെത്താൻ ഇതിനാൽ സാധിക്കുന്നില്ല, പോരായ്മകൾ പരിഹരിച്ചും ജൈവവേലി സംവിധാനങ്ങൾ ഒരുക്കിയും കൃഷിക്കായി സംരക്ഷണം ഒരുക്കണം. നിലവിൽ കാർഷിക ഉപകരണങ്ങൾ വാങ്ങാനുള്ള വായ്പ, ഉപകരണങ്ങൾക്കുള്ള സബ്സിഡി എന്നിവ കൃത്യമായി ഇവരിൽ എത്തുന്നില്ല. കൂടാതെ കൃഷിക്ക് തടസ്സം ഉണ്ടാക്കുന്ന മരങ്ങൾ മുറിച്ചുമാറ്റണം.

**5. ഗൃഹനിർമ്മാണം പൂർത്തിയാക്കൽ**

ഒട്ടുമിക്ക വീടുകളും ചോരുന്ന അവസ്ഥയിലാണ്. ആകെ 4 കുടുംബങ്ങളാണ് സങ്കേതത്തിലുള്ളത്. പകുതി പണവും ലോൺ എടുത്താണ് ഗൃഹനിർമ്മാണം പൂർത്തിയാക്കുന്നത്. കൃത്യസമയത്ത് ഗൃഹനിർമ്മാണം പൂർത്തിയാക്കാൻ ഏജൻസികൾക്കാകുന്നില്ല. അവർക്ക് ഫണ്ട് കൃത്യമായി ലഭിക്കാത്തതും പ്രധാന കാരണമാണ്. സർക്കാർ കാര്യക്ഷമത കൂടുതൽ മുന്നോട്ട് വെക്കേണ്ടത് അത്യാവശ്യമാകുന്നു. നിരവധി തവണ പഞ്ചായത്ത്, ബ്ലോക്ക്, പട്ടിക വർഗ്ഗ സംഘടന, മറ്റ് സന്നദ്ധപ്രവർത്തകർ  എന്നിവർക്ക് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും നടപടികൾ കൈകൊണ്ടിട്ടില്ല. കൂടാതെ ഏജൻസികൾ മികച്ച രീതിയിലല്ല പ്രവർത്തിച്ചിരുന്നത്. എജൻസികൾ നേരിട്ടോ അല്ലെങ്കിൽ സബ് ഏജൻസികൾക്കോ കുറഞ്ഞ കരാർ തുകയ്ക്ക് കൊടുത്താണ് ഗൃഹനിർമ്മാണം പൂർത്തിയാക്കിയിരുന്നത്. അറ്റകുറ്റപ്പണികൾക്ക് തന്നെ കാലതാമസം നേരിടുന്നു. ഗുണഭോക്താക്കളിൽ നിന്നു തന്നെ നിർമ്മാണ തൊഴിലാളികളെ കണ്ടെത്തണം.

**6. കുടിവെള്ളം**

ഒട്ടുമിക്ക സങ്കേതങ്ങളിലും കണ്ടുവരുന്ന പ്രധാന പ്രശ്നം കുടിവെള്ള പ്രശ്നമാണ്. കുടിവെള്ളത്തിനായി സ്ഥിര സംവിധാനങ്ങൾ മിക്ക സങ്കേതങ്ങളിലും ഇനിയും എത്തിയിട്ടില്ല. മറ്റേതൊരു സ്ഥലങ്ങളിലേയും പോലെ വേനൽക്കാലത്ത് കടുത്ത കുടിവെള്ളക്ഷാമം രൂക്ഷമായ മേഖലയാണ് ഇതും. കിണർ, ടാപ്പ് എന്നി സംവിധാനങ്ങൾ നിലവിൽ ഇവിടെ കാര്യക്ഷമമല്ല. വേനൽക്കാലത്ത് ദൂരസ്ഥലങ്ങളിൽ നിന്ന് കുടിവെള്ളം ചുമന്നാണ് കൊണ്ടുവരേണ്ടത്. ഇതിനായി പൈപ്പ് സംവിധാനങ്ങൾ ഒരുക്കാം. ദൂരക്കൂടുതലായതിനാൽ കിലോമീറ്ററുകളോളം പൈപ്പ് സംവിധാനം ഒരുക്കേണ്ടതുണ്ട്.

**7. മണ്ണ് സംരക്ഷണം**

അതിർത്തി നിർണ്ണയിച്ച് കയ്യാല കെട്ടൽ ഇവരുടെ ഭൂമിക്ക് ആവശ്യമാണ്. ഭൂ സംരക്ഷണം എന്ന രീതിയിൽ കയ്യാലകെട്ടൽ സംവിധാനം ഒരുക്കേണ്ടതാകുന്നു. മുൻവശത്തായി കയ്യാലയോ, മതിലോ നിർമ്മിക്കേണ്ടതാണ്.

**8. സാമൂഹ്യപഠനമുറികൾ**

വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള മാർഗ്ഗമാണ് സാമൂഹ്യപഠനമുറികൾ ഒരുക്കൽ. ഈ സങ്കേതത്തിലെ പ്രധാന വിദ്യാഭ്യാസ പ്രശ്നങ്ങൾ പഠനചെലവ്, മടി, മെച്ച

പ്പെട്ട സ്കൂൾ സംവിധാനങ്ങളുടെ കുറവ് എന്നിവയെല്ലാമാണ്. അതിനാൽ കൃത്യത യാർന്നതായ സാമൂഹ്യപഠനമുറികൾ വേണ്ടതാണ്. ഗുണഭോക്താക്കളുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസ നിലവാരം ഇനിയും മെച്ചപ്പെടുത്തേണ്ടതായുണ്ട്. സാമൂഹ്യ പഠനമുറികൾ നിർമ്മിക്കപ്പെടുകയോ ഇതിൽ അധ്യയനം നടത്തുന്നതിലേക്ക് ഇവരിൽ നിന്ന് തന്നെ അധ്യാപകരെ തെരഞ്ഞെടുത്ത് ട്യൂഷൻ സംവിധാനങ്ങൾ ഒരുക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ സാമൂഹ്യ പഠനമുറികളിലൂടെ അവരുടെതായ ഭാഷ നിലനിർത്താനായി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഉപസംഹാരം

മേൽ പഠനങ്ങൾ നടത്തിയിട്ടുള്ളത് പത്തനംതിട്ട ജില്ലയിൽ രണ്ട് ടി.ആർ.ഡി.എം പുനരധിവാസ സങ്കേതങ്ങളായ റാന്നി താലൂക്കിലുള്ള വടശ്ശേരിക്കര പഞ്ചായത്തിലെ തലപ്പള്ളി എസ്റ്റേറ്റിലും, ഏനാദിമംഗലത്തുള്ളടകജ മുരുകൻ കോളനിയിലുമാണ്. തലപ്പള്ളി എസ്റ്റേറ്റിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്ത ഭാഗങ്ങളിൽ ജനങ്ങൾ താമസിക്കാതിരിക്കുകയും ഇവിടങ്ങളിൽ മൃഗങ്ങളുടെ ഉപദ്രവം വർധിക്കുകയും, സാമൂഹിക ക്രയവിക്രയം നടക്കാതിരിക്കുകയും ചെയ്യുന്നതിനാൽ ലഭ്യമായ ഭൂമി താമസമാക്കിയവർക്ക് ഉപയോഗപ്പെടുത്താനോ നല്ല രീതിയിലുള്ള സാമുഹിക ജീവിതം നയിക്കാനോ സാധ്യമാകുന്നില്ല. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ഭൂരഹിതരായവർക്ക് പട്ടയം നൽകുകയും പട്ടയം ലഭിച്ച മുഴുവൻ ആളുകളെയും പുനരധിവാസ മേഖലയിലേക്ക് എത്തിക്കുന്നതിലേക്കായി നടപടികൾ കൈക്കൊള്ളാവുന്നതാണ്. കൂടാതെ സങ്കതവാസികളുടെ ഉന്നമനത്തിനായി പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കൂടുതൽ പ്രവർത്തക്കെണ്ടിയിരിക്കുന്നു.

പത്തനംത്തിട്ട ജില്ലയിൽ അടൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഏനാദിമംഗലത്തുള്ള ടകജമുരുകൻ സങ്കേതനിവാസികൾ തൊഴിൽ ഇല്ലായ്മ, അശാസ്ത്രിയമായ വികസന പ്രവർത്തനങ്ങൾ, മദ്യപാനം തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, ഭവന നിർമ്മാണത്തിലെ അപാകതകൾ, പഠന സാഹചര്യങ്ങളില്ലായ്മ എന്നിവ മൂലം ദുരിതങ്ങൾ അനുഭവിക്കുന്നു.

# ആലപ്പുഴ ജില്ല

## ആലപ്പുഴജില്ലയിലെ പുനരധിവാസ സങ്കേതങ്ങൾ

കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ആലപ്പുഴ ജില്ല ചുണ്ടൻ വള്ളങ്ങൾക്കും കയർ വ്യവസായത്തിനും പ്രസിദ്ധമാണ്. കേരളത്തിൽ ഗോത്രവിഭാഗങ്ങൾ ഏറ്റവും കുറവ് അധിവസിച്ചുവരുന്ന ജില്ലയാണ് ആലപ്പുഴ. പട്ടികവർഗ്ഗ ലിസ്റ്റിൽ 34 ആയി ചേർത്തിട്ടുള്ള ഉള്ളാടൻ സമുദായമാണ് ആലപ്പുഴ ജില്ലയിൽ പ്രധാനമായും അധിവസിച്ചു വരുന്ന ഏക പട്ടികവർഗ്ഗ സമുദായം. കൊച്ചുവേലൻ എന്നും ഈ സമുദായം അറിയപ്പെടുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ എരുമേലി, പരുവ, വടശ്ശേരിക്കര, കരിമല, പമ്പ, കൊടുമുടി, രാജ്മ്പാറ, പൊന്നമ്പലമേട്, പമ്പാടക്കടവ് എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിൽ തൊടുപുഴയിലും, കൊല്ലം, എറണാകുളം, തൃശൂർ ജില്ലകളിലും ഉള്ളാടൻ സമുദായക്കാർ അധിവസിച്ചു വരുന്നുണ്ട്. വനവിഭവശേഖരണം, നായാട്ട്, ചെറുവള്ളങ്ങൾ, കൊട്ട, ചവിട്ടി എന്നിവയുടെ നിർമ്മാണം തുടങ്ങിയവയായിരുന്നു ഇവരുടെ പരമ്പരാഗത തൊഴിലുകൾ. 2011 ലെ സെൻസസ് പ്രകാരം ഇവരുടെ ജനസംഖ്യ 16230 ആണ്. ആദിവാസി പുനരധിവാസ വികസനമിഷൻ ആലപ്പുഴ ജില്ലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 2002 കാലഘട്ടത്തിലാണ്. ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, ചെങ്ങന്നൂർ, കാർത്തികപ്പള്ളി, റവന്യൂ താലൂക്കുകളിൽ അധിവസിക്കുന്ന 33 കുടുംബങ്ങൾക്കാണ് ജില്ലയിൽ ഭൂമി അനുവദിച്ചത്. മിഷന്റെ ഭാഗമായി ഭൂമിയനുവദിച്ച മിക്ക സ്ഥലങ്ങളും ഒറ്റപ്പെട്ടുകിടക്കുന്നതിനാൽ സങ്കേതങ്ങൾ സ്ഥിതിചെയ്യുന്നത് നാല് പ്രദേശങ്ങളിലാണ്.

മുഹമ്മപഞ്ചായത്തിലെ മറ്റത്തിൽ, വയലാർ ഗ്രാമപഞ്ചായത്തിലെ വല്ലേത്തുരുത്ത്, തൈക്കോട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ സി.കെ. സങ്കേതം പാണാവള്ളി ഗ്രാമപഞ്ചായത്തിലെ ആഫീസ് പറമ്പ് സങ്കേതം എന്നീ പ്രദേശങ്ങളാണ് ആലപ്പുഴയിൽ ചേർത്തല താലൂക്കിലെ പുനരധിവാസ മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളത്.

## ചേർത്തല പുനരധിവാസ മേഖല

### പുനരധിവാസ ചരിത്രം

സംസ്ഥാനത്തെ ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ഗോത്ര വിഭാഗകുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതക്കനുസരിച്ച് പരമാവധി 5 ഏക്കർ വരെയും ടി.ആർ.ഡി.എം. ന്റെ നേതൃത്വത്തിൽ 2002 കാലഘട്ട ത്തിൽ ഭൂമി പതിച്ചു നൽകുവാൻ, അർഹതപ്പെട്ട ഗോത്രകുടുംബങ്ങൾക്ക് അച്ചടിച്ച അപേക്ഷഫോറങ്ങൾ ജില്ലയിലെ വിവിധ ട്രൈബൽ എക്സൻഷൻ ആഫീസുകൾ, ഗ്രാമപഞ്ചായത്തുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ മുഖേന വിതരണം ചെയ്യുകയുണ്ടായി. ഇതിലൂടെ ലഭിച്ച 830 അപേക്ഷകൾ ടിആർഡിഎം ജില്ലാമിഷൻ സ്വീകരിക്കുകയും ലഭിച്ച അപേക്ഷകരുടെ കരട് ലിസ്റ്റ് തയ്യാറാക്കി ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 17.09.2002ൽ പ്രസിദ്ധീകരിക്കുകയും, അതിൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതിനാൽ ഈ കരട് ലിസ്റ്റ് ജില്ലാതല ജനകീയ കമ്മിറ്റി യുടെയും

ഊരുകൂട്ടങ്ങളുടെയും പരിശോധനകൾക്കും ശുപാർശ കൾക്കും ശേഷം 28.01.02 ൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ട 112 ഗുണഭോക്താക്കളെ മിഷൻ അംഗീകരിക്കുകയും ഈ 112 ഗുണഭോക്താക്കളിൽ 33 കുടുംബങ്ങളെ ജില്ലാമിഷൻ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുകയുമാണ് ചെയ്തത്. ഇങ്ങനെ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആലപ്പുഴ ജില്ലയിലെ പാണാവള്ളി, തൈക്കാട്ടുശ്ശേരി, തുറവൂർ, തണ്ണീർമുക്കം തെക്ക്, ചേർത്തലതെക്ക്, വയലാർ കിഴക്ക്, കഞ്ഞിക്കുഴി, പള്ളിപുറം തുടങ്ങിയ വില്ലേജുകളിലായി 14.99 ഏക്കർ മുതൽ 30 ഏക്കർ വരെ വിസ്തീർണത്തിലാണ് ഭൂമി വിതരണം ചെയ്തത്. എല്ലാ ഗുണഭോക്താക്കളും ഭൂമി ലഭിച്ചതിനു ശേഷമാണ് സ്ഥലം സന്ദർശിച്ചത്. ഭൂമിലഭ്യമായ 33 ഗുണഭോക്താക്കളിൽ ഭൂരിപക്ഷം കുടുംബങ്ങളും നിലവിൽ ലഭ്യമായ ഭൂമിയിൽ താമസിച്ചുവരികയോ വീടിന്റെ നിർമ്മാണ പ്രവർത്തികൾ നടത്തിവരികയോ ചെയ്യുന്നുണ്ട്. നിലവിൽ മുഹമ്മ പഞ്ചായത്തിലെ മറ്റത്തിൽ, വയലാർ പഞ്ചായത്തിലെ വല്ലേതുരുത്ത്, തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ സി.കെ. കോളനി, പാണാവള്ളി ഗ്രാമപഞ്ചായത്തിലെ ആഫീസ് പറമ്പ് തുടങ്ങിയ സ്ഥലങ്ങളാണ് പുനരധിവാസത്തിനായി ഭൂമി അനുവദിച്ചിട്ടുള്ളത്. ഇവിടെ ഭൂമിയനുവദിച്ച 28 കുടുംബങ്ങളിൽ 21 കുടുംബങ്ങൾ സ്ഥിര താമസക്കാരും രണ്ട് കുടുംബങ്ങളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്. അഞ്ച് കുടുംബങ്ങൾ സ്ഥിരമായി താമസിക്കാത്തവരാണ്.

## മറ്റത്തിൽ പറമ്പിൽ പുനരധിവാസ മേഖല (മുഹമ്മ)

### S. V- 1 പ്രദേശം

മുഹമ്മ ഗ്രാമപഞ്ചായത്തിലെ തണ്ണീർ മുക്കം തെക്ക് വില്ലേജിലാണ് മറ്റത്തിൽ പറമ്പിൽപുനരധിവാസമേഖല. ഇവിടെ നാല് കുടുംബങ്ങൾക്ക് 25 സെന്റ് വീതം വിസ്തീർണത്തിലാണ് ഭൂമിയനുവദിച്ചുനൽകിയത്. തണ്ണീർമുക്കം വടക്ക്, പള്ളിപുറം, മാന്നാർ, ആര്യാട് തുടങ്ങിയ വില്ലേജുകളിലെ ഓരോ കുടുംബങ്ങൾക്കാണ് ഭൂമി ലഭ്യമായത്. നിലവിൽ രണ്ട് കുടുംബങ്ങളാണ് ഇവിടെ താമസിച്ചു വരുന്നത്. എല്ലാവരും സ്വന്തം പഞ്ചായ ത്തിനു പുറത്തു നിന്നാണ് ഇവിടെ ഭൂമി ലഭിച്ചു താമസമാരംഭിച്ചത്. എല്ലാവർക്കും പട്ടയം ലഭിച്ചിട്ടുണ്ട്.

മുഹമ്മ സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 50% സാംപിൾ സർവ്വെ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S. V.2 സമുദായഘടന

ഉള്ളാടൻസമുദായംഗങ്ങളാണ് നിലവിൽമറ്റത്തിൽ പുനരധിവാസമേഖലയിൽ താമസിച്ചുവരുന്നത്.

## S. V .3 അടിസ്ഥാന സൗകര്യം

മേഖലയിലെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 2004 കാലഘട്ടത്തിലാണ്. 100%പേരും ഭൂമി ലഭിക്കുന്നതിനു മുൻപ് വാടകക്കായിരുന്നു താമസിച്ചിരുന്നത്. വീടുകളുടെ നിർമ്മാണ പ്രവർത്തി ജില്ലാനിർമ്മിതി കേന്ദ്രം ഏറ്റെടുത്തു നടപ്പിലാക്കുകയാണ് ചെയ്തത്. ഇതിനായി 75000 രൂപയാണ് മിഷൻ അനുവദിച്ചത്. ഇവർ സ്വന്തം താത്പര്യ പ്രകാരമാണ് ഗൃഹനിർമ്മാണം നടത്തിയത്. സിമന്റ് കട്ട കൊണ്ട് നിർമ്മിച്ച വീടുകൾ കോൺക്രീറ്റ് ചെയ്തവയാണ്. നിലവിലുള്ള രണ്ട് വീടുകളും താമസയോഗ്യമാണ്. ഈ വീടുകളിൽ എത്തിച്ചേരാനുള്ള റോഡ് സൗകര്യം നിലവിലില്ല. പ്രദേശവാസികളുടെ ആവശ്യമനുസരിച്ച് പുതിയ റോഡിനുള്ള തുക ഗ്രാമപഞ്ചായത്ത് അനുവദിച്ചുനൽകിയിട്ടുണ്ട്.

കുടിവെള്ള ക്ഷാമം ഈ മേഖലയിലെ പ്രധാനവെല്ലുവിളിയാണ്. ഗുണഭോക്താക്കൾക്ക് സ്വന്തമായി കിണറുണ്ടെങ്കിലും ചതുപ്പുപ്രദേശമായതു കാരണം ചെളി കലർന്ന് മലിനമായി കിടക്കുകയാണ്. പഞ്ചായത്ത് പൊതുകിണറിലെ കുടിവെള്ളം പൈപ്പ് സംവിധാനം വഴി ഒരുക്കിയിട്ടുണ്ടെങ്കിലും ആർക്കും തന്നെ വേനൽക്കാലത്തും മറ്റും ആവശ്യമായ കുടിവെള്ളം ലഭ്യമാകുന്നില്ല. എല്ലാവരും ഈ പൈപ്പ് വെള്ളത്തെയാണ് ആശ്രയിക്കുന്നത്. പ്രദേശത്തെ താമസമുള്ള രണ്ട് വീടുകളിലും വൈദ്യുതി ലഭ്യമായിട്ടുണ്ട്. ഇവിടങ്ങളിൽ ഉപയോഗ യോഗ്യമായ ശൗചാലയങ്ങളും നിർമ്മിച്ചിട്ടുണ്ട്.

സങ്കേതത്തിൽ എത്തിച്ചേർന്നതിന് ശേഷം ജീവിത നിലവാരത്തിലും ജീവിത രീതിയിലും വലിയ രീതിയിലുള്ള മുന്നേറ്റം ഉണ്ടാക്കുവാൻ ഇവർക്ക് സാധ്യമായിട്ടില്ല. ഇതിന്റെ പ്രധാന കാരണം തൊഴിൽലഭ്യതക്കുറവാണ്. 30 മുതൽ 60 തൊഴിൽ ദിനങ്ങൾ മാത്രമെ ഇവർക്കു ലഭിക്കുന്നുള്ളൂ. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ഇതിന് തടസ്സമായിട്ടുണ്ട്.

സ്വസമുദായ ആചാര അനുഷ്ഠാനങ്ങൾ പഴയപ്രദേശത്തുള്ള പോലെ തന്നെ മാറ്റമില്ലാതെ ഇവിടെ തുടരുന്നുണ്ടെന്നും സാമൂഹികപരമായി സമീവാസികളോട് പരസ്പര സഹകരണവും പരസ്പരാശ്രയത്വവും നല്ലരീതിയിൽ മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കുന്നുണ്ടെന്നും ഇവരുടെ ഭാഗത്ത് നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സങ്കേതവാസികളായ രണ്ട് പേർക്കും BPL (Below Poverty Line) – AAY (Antyodaya Anna Yojana) റേഷൻ കാർഡാണുള്ളത്.

## S. V.4 വിദ്യാഭ്യാസം

സ്കൂളുകളും മറ്റു അനുബന്ധസ്ഥാപനങ്ങളും പ്രദേശത്തോട് ചേർന്നുള്ളതു കൊണ്ട് വിദ്യാഭ്യാസപരമായി പുനരധിവാസം കുട്ടികളുടെ പഠനത്തെ ബാധിച്ചിട്ടില്ല.

## S. V.5ആരോഗ്യം

ആരോഗ്യപരമായ പ്രശ്നങ്ങളുണ്ടാകുമ്പോൾ കൂടുതലായും അലോപതി ചികിത്സാരീതിയാണ് ഇവർ ആശ്രയിക്കുന്നത്. മുഹമ്മയിൽ പ്രാഥമിക ആരോഗ്യകേന്ദ്രയവും, സ്വകാര്യആശുപത്രികളും മറ്റു സംവിധാനങ്ങളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 2012 കാലഘട്ടത്തിൽ ചിക്കൻഗുനിയ പനി ഈ പ്രദേശത്തെ ജനങ്ങളിൽ വ്യാപകമായി പിടിപെട്ടിരുന്നു. ചതുപ്പു നിലമായതുകാരണം ഈ പ്രദേശത്ത് മലിനജലം ഇപ്പോഴും കെട്ടികിടക്കുന്ന അവസ്ഥയാണ്. സർക്കാർ സംവിധാനങ്ങൾ വഴി പ്രദേശത്ത് മെഡിക്കൽക്യാമ്പ്, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തി വരുന്നുണ്ട്.

## S. V.6തൊഴിലും വരുമാനവും

ലഭിച്ച ഭൂമിയിൽ യാതൊരു വിധ അതിർത്തി തർക്കങ്ങളും നിലവിലില്ല. ഈ ഭൂമിയിൽ വാഴ, ചേന, ചേമ്പ്, തെങ്ങ്, മുരിങ്ങ തുടങ്ങിയ കൃഷികൾ ചെറിയ രീതിയിൽ നടത്തിവരികയും ഒരു കുടുംബത്തിന് വാഴകൃഷിയിൽ നിന്ന് ചെറിയ രീതിയിലുള്ള വരുമാനവും ലഭ്യമാകുന്നുണ്ട്. രണ്ട് കുടുംബങ്ങളും ഉപജീവനത്തിനായി ദിവസവേതന തൊഴിലിനെയാണ് ആശ്രയിക്കുന്നത്.രണ്ട് ഗുണഭോക്താക്കളും നിർമ്മാണ മേഖലയെ ആശ്ര യിക്കുന്നു.രണ്ട് പേർക്കും സാമൂഹിക സുരക്ഷ പെൻഷൻ ലഭിക്കുന്നില്ല. സങ്കേത്തില്ലാർക്കും തന്നെ തൊഴിൽ പരിശീലനം ലഭിച്ചിട്ടില്ല.

## S. V.7പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

2002 ലാണ് ഈ പ്രദേശത്ത് ഇവർക്ക് ഭൂമി ലഭ്യമായത്. അതിനുമുമ്പ് സ്വന്തമായി ഭൂമി കൈവശമുണ്ടായിരുന്നില്ല. പുനരധിവാസത്തിന് ശേഷം നാല് പേർക്കും 25 സെന്റ് (10.12 ആർസ്) ഭൂമിയാണ് ലഭിച്ചത്. ഇതിന് വ്യവസ്ഥകളോടെ രണ്ട് പേർക്കും പട്ടയവും നൽകിയിട്ടുണ്ട്.

## S. V.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

സ്ഥിരതയുള്ള തൊഴിലില്ലാത്തത് ഇവരുടെ ഉപജീവനത്തെ ബാധിക്കുന്നുണ്ട്. ഈ മേഖലയിലെ പ്രധാന പ്രശ്നം തൊഴിലില്ലായ്മയും കുടിവെള്ള ക്ഷാമവുമാണ്.

## S. V. 9സങ്കേതവാസികളുടെ വികസന സ്വപ്നം

1. കുടിവെള്ള ക്ഷാമം മേഖലയിലെ പ്രധാനവെല്ലുവിളിയാണ്. ഗുണഭോക്താക്കൾക്ക് സ്വന്ത മായി കിണറുണ്ടെങ്കിലും കിണറുകളിൽ നിന്നും ചെളിവെള്ളമാണ് ലഭിക്കുന്നത്. ഇതു മാറ്റു വാൻ ആധുനിക സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

2. തൊഴിലില്ലായ്മ കാരണം സങ്കേതവാസികൾ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. കാർഷിക തൊഴിലിൽ താത്പര്യമുള്ളവർക്ക് അതിനായുള്ള പരിശീലനങ്ങളും അല്ലാത്ത വർക്കു മറ്റു തൊഴിലുകളിൽ പരിശീലനങ്ങളും നൽകാവുന്നതാണ്.

3. റോഡ് സൗകര്യമല്ല. പ്രദേശവാസികളുടെ ആവശ്യമനുസരിച്ച് പുതിയ റോഡിനുള്ള തുക ഗ്രാമപഞ്ചായത്ത് അനുവദിച്ചുനൽകിയിട്ടുണ്ടെങ്കിലും പണി തുടങ്ങാൻ വൈകുന്നു.

# S.VI-സി.കെ. കോളനി (തൈക്കാട്ടുശ്ശേരി)

## S. VI 1 പ്രദേശം

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ തൈക്കാട്ടുശ്ശേരി വില്ലേജിലാണ് സി.കെ. സങ്കേതം. ആകെ ഏഴു കുടുംബങ്ങൾക്കാണ് ഭൂമി വിതരണം ചെയ്തത്. ആറ് കുടുംബങ്ങൾക്ക് 25 സെന്റ് ഒരു കുടുംബത്തിന് 4 സെന്റ് വിസ്തീർണത്തിലാണ് അനുവദിച്ചത്. ഇവർ ജില്ലയിലെ ആര്യാട് തെക്ക് (3) പെരുമ്പളം (1) **പട്ടന്നക്കാട്** (1) മണ്ണാഞ്ചേരി (1) കുത്തിയതോട് (1) വില്ലേജുകളിൽ നിന്നുള്ളവരാണ്. ഭൂവിതരണം നടത്തിയ കുടുംബങ്ങളിൽ ആറ് കുടുംബങ്ങളാണ് ഈ പ്രദേശത്ത് താമസിച്ചുവരുന്നത്. എല്ലാവർക്കും പട്ടയം ലഭിച്ചിട്ടുണ്ട്.

സി.കെ. സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 28% സാംപിൾ സർവ്വെ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S. VI. 2 സമുദായഘടന


ഉള്ളാടൻസമുദായാംഗങ്ങളാണ് നിലവിൽസി.കെ. സങ്കേതത്തിലെ പുനരധിവാസ മേഖലയിൽ താമസിച്ചു വരുന്നത്.

## S. VI. 3 അടിസ്ഥാന സൗകര്യം

2002 ലാണ് പുനരധിവാസത്തിന്റെ ഭാഗമായി ഈ പ്രദേശത്ത് ഭൂവിതരണം നടത്തിയത്. പുനരധിവാസത്തിനു മുൻപ് എല്ലാ കുടുംബങ്ങളും വാടകക്കായിരുന്നു താമസിച്ചു വന്നിരുന്നത്. ഭൂവിതരണം ചെയ്ത ഏഴ് കുടുംബങ്ങളും ഒരു ഉപകുടുംബവുമാണ് ഇവിടെ അധിവസിക്കുന്നത്. ഇതിൽ ഒരു ഗുണഭോക്താവ് നിലവിൽ താമസിക്കുന്നില്ല. ഭൂമി ലഭിച്ചതിനുശേഷം പിന്നീടുള്ള വർഷങ്ങളിലാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ സങ്കേതത്തിൽ ആരംഭിക്കുന്നത്. ഭവന നിർമ്മാണത്തിന് 75,000/ രൂപയാണ് ആദ്യഘട്ടത്തിൽ അനുവദിച്ചത്. നിർമ്മിതി കേന്ദ്രം മുഖേനയാണ് വീടുകളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നത്. മൺഇഷ്ടിക കൊണ്ട് ചുമരും ഓടിനുമുകളിൽ കോൺക്രീറ്റ് ചെയ്തുമാണ് വീടിന്റെ നിർമ്മാണ പ്രവർത്തികൾ നടത്തിയത്. ഇങ്ങനെ വീടുകൾ സുരക്ഷിതത്വമില്ലാതെയാണ് നിർമ്മിച്ചിരിക്കുന്നത്. നിലവിൽ കൈകൊണ്ട് തള്ളുമ്പോൾ അല്ലെങ്കിൽ വാതിൽ അടക്കുമ്പോൾ തന്നെ ചുമർ കുലുങ്ങുന്നതായി അനുഭവപ്പെടുന്നുണ്ടെന്ന് ഇവർ അഭിപ്രായപ്പെടുന്നു. കൂടാതെ കോൺക്രീറ്റ് അടർന്ന് താഴേക്ക് വീഴുകയും ചെയ്യുന്നു. ഭവന നിർമ്മാണത്തിന് നിയോഗിച്ച ഏജൻസി ശരിയായ രീതിയിൽ പ്രവർത്തികൾ നടത്തിയില്ലെന്നാണ് സങ്കേതവാസികളിൽ നിന്നും സങ്കേതം കണ്ടതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. സങ്കേതത്തിലെ താമസമുള്ള ആറ് കുടുംബങ്ങൾക്ക് വൈദ്യുതി നൽകിയിട്ടുണ്ട്. ഒരു കുടുംബത്തിന് മാത്രമാണ് വൈദ്യുതി കണക്ഷൻ നൽകാനുള്ളത്.


അടിസ്ഥാന സൗകര്യമായ വീടിന് പുറമെ സങ്കേതത്തിലുള്ള റോഡ്, കുടിവെള്ളം, ശൗചാലയം തുടങ്ങിയ സൗകര്യങ്ങൾക്കും വലിയ രീതിയിലുള്ള ബുദ്ധിമുട്ട് അനുഭവ പ്പെടുന്നുണ്ട്.. 50% പേർ തങ്ങൾക്കു ലഭിച്ച റോഡ് വളരെ മോശമാണെന്നും 50% പേർ റോഡ് വളരെ നല്ലതാണെന്നും അഭിപ്രായപ്പെട്ടു.

ചിത്രം 3.8റോഡിന്റെ നിലവാരം




കുടിവെള്ളത്തിനായി 50%പേർ സ്വന്തം കിണറുകളെയും 50%പേർ പൈപ്പ് വെള്ളത്തിനെയു മാണ് ആശ്രയിക്കുന്നത്.

ചിത്രം 3.9**കുടിവെള്ളം**



## S. VI.4 വിദ്യാഭ്യാസം

പുനരധിവാസ പ്രവർത്തനം കുട്ടികൾക്ക് വിദ്യാഭ്യാസകാര്യങ്ങളിൽ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകളൊന്നും ഉണ്ടാക്കിയിട്ടില്ല. സ്കൂളുകളും മറ്റുസ്ഥാപനങ്ങളും സമീപ പ്രദേശങ്ങളിൽതന്നെയുണ്ട്. കൂടാതെ വാഹനസൗകര്യവും ഈ മേഖലയിൽ ഇന്ന് ലഭ്യമാകുന്നുണ്ട്. സങ്കേതത്തിൽ താമസമാരംഭിച്ച ഘട്ടത്തിൽ വൈദ്യുതിയില്ലാത്തത് മാത്രമാണ് പ്രയാസം സൃഷ്ടിച്ചത്. സങ്കേതത്തിലെ തൊഴിലില്ലായ്മയും സാമ്പത്തിക പ്രയാസങ്ങളും കുട്ടികളുടെ ഉപരിപഠനത്തെ ബാധിക്കുമോ എന്ന ആശങ്ക ഇവർക്കിടയിൽ നിലനിൽക്കുന്നു.

## S. VI.5ആരോഗ്യം

ആരോഗ്യപരമായി മിക്കവരും അലോപതി ചികിത്സാരീതിക്കാണ് പ്രാധാന്യം കൊടുക്കുന്നത്. സങ്കേതത്തിന് സമീപം തന്നെ തൈക്കാട്ടുശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രവും, കിടത്തി ചികിത്സയ്ക്ക് ചേർത്തല താലൂക്ക് ആശുപത്രിയെയുമാണ് ഇവർ ആശ്രയിക്കുന്നത്. സങ്കേതത്തിൽ താമസമാക്കിയതിന് ശേഷം ചിക്കൻഗുനിയ, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടായിട്ടുണ്ട്. മലിന ജലം തങ്ങിനിൽക്കുന്ന വൃത്തിഹീനമായ പരിസരമാണ് ഇതിനു പ്രധാന കാരണം. ബോധവത്കരണ പ്രവർത്തനങ്ങളും പ്രതിരോധകുത്തിവെപ്പുകളും നടക്കുന്നുണ്ടെങ്കിലും ഇതുവരെയായി ശുചീകരണ പ്രവർത്തനങ്ങൾ ഒന്നും തന്നെ സങ്കേതത്തിൽ നടത്തിയിട്ടില്ല.

## S. VI. 6തൊഴിലും വരുമാനവും

സങ്കേതവാസികൾ പ്രധാനമായും ദിവസവേതന തൊഴിലിലൂടെയാണ് ഉപജീവനം നടത്തി വരുന്നത്. പുതിയ മേഖലയിൽ തൊഴിലില്ലാത്തത് ഇവരുടെ നിത്യജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. ലഭ്യമായ ഭൂമി നിലവിൽ ഉപയോഗയോഗ്യമല്ലാതെ കിടക്കുകയാണ്. ഇവർക്ക് പുനരധിവാസ മിഷന്റെ ഭാഗമായോ, മറ്റു വകുപ്പുകളോ തൊഴിൽ പരിശീലനമോ മറ്റു സൗകര്യങ്ങളോ നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മേഖലയിൽ തൊഴിൽ ലഭിക്കുന്ന ദിനങ്ങളുടെ എണ്ണം വർഷത്തിൽ 50% ലും താഴെയാണ്. വർഷത്തിൽ ഏകദേശം 30 തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്.

## S. VI. 7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സങ്കേതത്തിൽ നിലവിലുള്ള റോഡിൽ സങ്കേതവാസികളും സമീപവാസികളും തമ്മിലുള്ള രൂക്ഷമായ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഈ തർക്കത്തിന്റെ ഭാഗമായി സങ്കേതത്തിലെ ഒരു ഗുണഭോക്താവിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച ഓട്ടോറിക്ഷ സമീപവാസികൾ തകർത്തതായി ആരോപിക്കുന്നു. നിലവിൽ ഈ വാഹനം ഉപയോഗ്യശൂന്യമായി കിടക്കുന്ന അവസ്ഥയാണ്. കൂടാതെ ഭൂമി ഗോത്രവർഗ്ഗവിഭാഗ ങ്ങൾക്ക് വിതരണം ചെയ്യുകയാണെന്ന് അറിഞ്ഞതോടു കൂടി സമീപവാസികൾ കയ്യേറിയെന്നും സങ്കേതത്തിൽ താമസമാരംഭിച്ചത് മുതൽ വലിയ സാമൂഹിക പ്രശ്നങ്ങളാണ് അനുഭവക്കുന്നതെന്നും അടിയന്തിരമായി സ്ഥലം റീസർവ്വെ നടത്തി കൃത്യമായ അതിരുകൾ തിട്ടപ്പെടുത്തണമെന്നുമാണ് സങ്കേതവാസികളുടെ ആവശ്യം.

സങ്കേതത്തിൽ താമസമാരംഭിച്ച കാലഘട്ടം മുതൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉ ണ്ട്. 2017–18 കാലത്താണ് ജപ്പാൻ കുടിവെള്ളപദ്ധതിയുടെ ഭാഗമായി സ്ഥിരമായ കുടിവെള്ളമെത്തിയത്. ഈ പദ്ധതിയിൽ വെള്ളം ലഭിക്കുന്നുണ്ടെങ്കിലും വേനൽകാലത്ത് ചെറിയരീതിയിലുള്ള ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. സങ്കേതത്തിലെ മിക്ക വീടുകളിലും ഉപയോഗപ്രദമായ ശൗചാലയങ്ങൾ നിലവിലില്ല. മിക്കവരും താത്കാലികമായി തുണികൊ ണ്ടോ, പ്ലാസ്റ്റിക് ഷീറ്റ് കൊണ്ടോ മറച്ച ശൗചാലയങ്ങളാണ് ഉപയോഗിക്കുന്നത്. വെള്ളം കയറുന്ന പ്രദേശമായതിനാൽ തന്നെ ഈ രീതിയിലുള്ള മലമൂത്രവിസർജനം മറ്റു ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുവാൻ സാധ്യതയുണ്ട്. സങ്കേതത്തിലെല്ലാ വർക്കും BPL-AAY റേഷൻ കാർഡാണുള്ളത്.

## S. VI. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

സങ്കേതത്തിൽ വന്നതിന് ശേഷം ജീവിത നിലവാരത്തിലും ജീവിതരീതിയിലും വലിയ രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടാക്കാൻ ഇവർക്ക് സാധിച്ചിട്ടില്ല. തൊഴിലിന്റെ അപര്യാപ്തത യാണ് ഇതിന്റെ പ്രധാന കാരണമായി കാണാൻ സാധിക്കുന്നത്. മിക്കവരും ദിവസവേതന തൊഴിലും മറ്റുമാണ് ചെയ്തു വന്നിരുന്നത്. ആചാരപരമായ സംവിധാനങ്ങൾ പുനരധിവാസ പ്രദേശത്ത് ഒരുക്കി നൽകാൻ സാധിച്ചിട്ടില്ല. പലരും തങ്ങളുടെ പഴയ സ്ഥലത്ത് തന്നെയാണ് ഇത്തരം കാര്യങ്ങൾ ചെയ്തുപോരുന്നത്. 25 സെന്റ് ഭൂമിയാണ് സങ്കേതത്തിൽ വിതരണം ചെയ്തത്. ഇതിന്റെ അതിർത്തി അളന്ന് വ്യവസ്ഥകളോടെ പട്ടയം നൽകിയെങ്കിലും സമീപവാസികളുമായി അതിർത്തി തർക്കം നടന്നുവരുന്നുണ്ട്. പുനരധിവാസ പ്രദേശത്ത് സാമുദായികപരമായ കൂട്ടായ്മകൾ ഒന്നും തന്നെയില്ല.

## S. VI. 9 സങ്കേതവാസികളുടെ വികസന സ്വപ്നം

സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.


1. വഴിതർക്കങ്ങൾ സങ്കേതത്തിൽ വളരെയധികം രൂക്ഷമാണ്. ഇതിനായി പഞ്ചായത്തും ഡിപ്പാർട്ട്മെൻ്റും ഇടപെടണം.
2. റോഡിൽ നിന്നും വളരെയധികം താഴ്ന്ന പ്രദേശമാണിത്. അതുകൊണ്ടുതന്നെ മഴകാലത്ത് റോഡിൽ നിന്നും വെള്ളം മുഴുവൻ താഴെ വീടുകളിലെക്ക് ഒഴുകി വരുന്നുണ്ട്. ഇതിന് ശാശ്വത പരിഹാരം കാണണം.
3. സ്ഥലം റീ.സർവ്വെ നടത്തി കൃത്യമായ അതിരുകൾ തിട്ടപ്പെടുത്തി ഇടമതിൽ പണിതാൽ സ്ഥലത്തിനു സുരക്ഷിതത്വമുണ്ടാകും.
4. തൊഴിൽ പരിശീലനം നൽകണമെന്നാണ് അവരുടെ പ്രധാനപ്പെട്ട ആവശ്യം

# S. VII.വല്ലേതുരുത്ത് മേഖല (വയലാർ)

## S. VII.1പ്രദേശം

വയലാർ ഗ്രമപഞ്ചായത്തിലെ വയലാർ വില്ലേജിലാണ് വല്ലേതുരുത്ത് പുനര ധിവാസ മേഖല ഇവിടെ ആറ് കുടുംബങ്ങൾക്ക് ഭൂമിയനുവദിച്ചതിൽ മൂന്ന് കുടുംബങ്ങൾക്ക് 25 സെൻ്റ് വീതവും രണ്ട് കുടുംബങ്ങൾക്ക് 22 സെൻ്റും ഒരുകുടുംബത്തിന് 23 സെൻ്റ് വീതം വിസ്തീർണത്തിലാണ് വിതരണം ചെയ്തത്. ഭൂമി ലഭ്യമായ എല്ലാവരും മറ്റു പഞ്ചായത്തുകളിൽ നിന്നുള്ളവരാണ്. തൈക്കാട്ടുശ്ശേരി, ആര്യാട് തെക്ക്, പട്ടണക്കാട്, മാരാരിക്കുളം വടക്ക്, മുതുകുളം, കൃഷ്ണപുരം തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നും വന്നവരെയാണ് ഇവിടെ പുനരധിവസിച്ചിരിക്കുന്നത്. പുനരധിവസിച്ചിട്ടുള്ളവരിൽ പകുതി പേർ ബന്ധുവീടുകളിലും പകുതി പേർ വാടക വീടുകളിലുമായാണ് മുമ്പ് താമസിച്ചിരുന്നത്.

ചിത്രം 3.10 **താമസംപുനരധിവാസത്തി നു മുൻപ്**




പുനരധിവാസത്തിനു മുമ്പ് ഈ മേഖലയിൽ ഗുണഭോക്താക്കൾ സന്ദർശിച്ചിട്ടുണ്ട്. മേഖലയിൽ ഭൂമി അനുവദിച്ച ആറ് കുടുംബങ്ങളിൽ മൂന്ന് കുടുംബങ്ങളാണ് സ്ഥിരമായി താമസിച്ചു വരുന്നത്. രണ്ട് കുടുംബങ്ങളുടെ ഭവന നിർമ്മാണ പ്രവർത്തനം നടന്നുവരുന്നുണ്ട്. ഒരു കുടുംബം ഭൂമി ആവശ്യമില്ലെന്ന് അറിയിച്ച് എഴുതി നൽകുകയും ചെയ്തിട്ടുണ്ട്.

വല്ലേതുരുത്ത് സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 33% സാംപിൾ സർവ്വെ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S. VII.2 സമുദായഘടന

ആറ് ഉള്ളാടൻ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ മൂന്ന് കുടുംബങ്ങളാണ് സ്ഥിരമായി താമസിച്ചു വരുന്നത്.

## S. VII.3 അടിസ്ഥാന സൗകര്യം

കൈതക്കാട് നിറഞ്ഞ, കായലിൽ നിന്ന് വെള്ളം കയറുന്ന, ചതുപ്പ് നിറഞ്ഞ പ്രദേശത്താണ് ഇവരെ പുനരധിവസിപ്പിച്ചിട്ടുള്ളത്. 2003 ലാണ് ഭൂമി ലഭ്യമായവർ സങ്കേതത്തിൽ താമസമാരംഭിക്കുന്നത്. സ്വന്തമായി ഭൂമിയില്ലാത്തതുകൊണ്ടും സർക്കാറിന്റെ നിർദ്ദേശപ്രകാരവുമാണ് പുനരധിവാസത്തിനായി ഈ ഭൂമി തെരഞ്ഞെടുത്തത്. സങ്കേതത്തിൽ പദ്ധതിപ്രകാരം പതിച്ചു നൽകിയ ഭൂമി അളന്നു തിട്ടപ്പെടുത്തിയാണ് പട്ടയം വിതരണം നടത്തിയത്. എല്ലാവർക്കും പട്ടയം ലഭിച്ചിട്ടുണ്ട്. ഈ ഭൂമിയിൽ കൈയ്യേറ്റങ്ങളോ അവകാശ തർക്കങ്ങളോ ഒന്നും തന്നെ നിലവിൽ ഇല്ല.

സങ്കേതത്തിലെ വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നത് 2003 നു ശേഷമാണ്. നിർമ്മിതി കേന്ദ്രമാണ് ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നത്. ഇതിനായി 75000/ രൂപയാണ് ഓരോ വീടിനും അനുവദിച്ചു നൽകിയത്. ഇങ്ങനെ ആദ്യഘട്ടത്തിൽ മൂന്നു വീടുകളുടെ പ്രവർത്തിയാണ് നടപ്പിലാക്കിയത്. പിന്നീട് രണ്ട് ഗുണഭോക്താക്കൾ വകുപ്പ് സഹായത്തോടെ സ്വന്തമാ യിട്ടാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. നിലവിൽ പൂർത്തിയായ മൂന്ന് വീടുകളിലും സൗകര്യകുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും വാസയോഗ്യമാണ്.

## S. VII.4 വിദ്യാഭ്യാസം-

പുനരധിവാസം കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സം സൃഷ്ടിച്ചിട്ടില്ല. സങ്കേതത്തിന് സമീപത്ത് തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെട്ടതാണെന്നും കുട്ടികളുടെ പഠനനിലവാരം നല്ലരീതിയിലാണെന്നും ഇവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സാമ്പത്തിക പ്രയാസം കുട്ടികളുടെ ഭാവിയെ ബാധിക്കുമോ എന്ന ആശങ്ക മാത്രമാണ് സങ്കേത വാസികൾക്കിടയിലുള്ളത്.

## S. VII.5ആരോഗ്യം

ആരോഗ്യപരമായ കാര്യങ്ങൾക്ക് സങ്കേതവാസികൾ കൂടുതലായും ആശ്രയി ക്കുന്നത് അലോപതി ചികിത്സാരീതിയാണ്. കായൽക്കരയിലെ ചതുപ്പു പ്രദേശമായ തിനാലും മലിനജലം കെട്ടിക്കിടക്കുന്നതിനാലും പകർച്ചവ്യാധികൾ ഈ മേഖലയിൽ കൂടുതലായി പിടിപെടാറുണ്ട്. ചിക്കൻഗുനിയ, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയ അസുഖങ്ങൾ ഈ

മേഖലയിലുള്ളവരെ ബാധിച്ചിട്ടുണ്ട്. അസുഖം ബാധിച്ചാൽ കൂടുതലായും ആശ്രയിക്കുന്നത് സമീപത്തുള്ള വയലാർ പ്രാഥമിക ആരോഗ്യകേന്ദ്രത്തെയോ ചേർത്തല താലൂക്ക് ആശുപത്രിയെയോ ആണ്. പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

## S. VII.6തൊഴിലും വരുമാനവും

പുനരധിവാസ മേഖലയിൽ ഭൂമി ലഭ്യമാകുന്നതിന് മുമ്പ് സ്വന്തമായി ഭൂമിയില്ലാത്തവരായിരുന്നു മിക്ക ഗുണഭോക്താക്കളും. പുനരധിവാസ പ്രദേശത്ത് 25 സെന്റ് വീതം ഭൂമി ലഭിച്ചെങ്കിലും വർഷത്തിൽ ഉപ്പുവെള്ളം കയറുന്നതിനാൽ യാതൊരുവിധത്തിലുള്ള കാർഷിക പ്രവർത്തനങ്ങളും ചെയ്യാൻ ഇവർക്ക് സാധിക്കുന്നില്ല. ഭൂമി ലഭ്യമായത് കൈതക്കാട് നിറഞ്ഞ പ്രദേശത്തായിരുന്നു. ഇത് വെട്ടിതെളിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. വർഷത്തിലാകെ മുപ്പതോളം തൊഴിൽ ദിനങ്ങൾ മാത്രമാണ് ഇവർക്ക് ലഭിക്കുന്നത്. സങ്കേതവാസികൾ പ്രധാനമായും ദിവസവേതന തൊഴിൽ, തൊഴിലുറപ്പ്, കയറ് പിരിക്കൽ തുടങ്ങിയ ജോലികളിൽ നിന്നുമാണ് ഉപജീവനം കണ്ടെത്തുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ 2017–2018 വർഷമാണ് പ്രവർത്തികളിൽ പങ്കാളികളായി ജോലി ചെയ്തുവരുന്നത്. ഇപ്പോൾ എല്ലാവർക്കും തൊഴിലുറപ്പ് പദ്ധതിയിൽ അംഗത്വമുണ്ട്. സങ്കേതത്തിൽ ഒരു ഗുണഭോക്താവ് സ്വന്തമായി കയറ് പിരിക്കുന്ന യൂണിറ്റ് ആരംഭിച്ചെങ്കിലും നിലവിൽ വ്യക്തിപരമായ കാരണങ്ങൾ കൊണ്ട് പ്രവർത്തനം നിർത്തിവെച്ചിട്ടാണുള്ളത്. ഈ പ്രദേശത്ത് തൊഴിലില്ലായ്മ രൂക്ഷമായി ബാധിക്കുന്നുണ്ട്.

## S. VII.7പുനരധിവാസ സങ്കേതത്തിലെ ഇപ്പോഴത്തെ അവസ്ഥ

ജീവിത രീതിയിലും ജീവിത നിലവാരത്തിലും മുൻപ് താമസിച്ചിരുന്ന പ്രദേശത്തെ അപേക്ഷിച്ച് പുരോഗതി കൈവരിക്കാൻ ഇവർക്ക് സാധിച്ചിട്ടില്ല. ഇതിന്റെ പ്രധാന കാരണം തൊഴിലില്ലായ്മയും അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവുമാണ്. താമസമാ രംഭിച്ച ഘട്ടത്തിൽ സാമൂഹികപരമായി സങ്കേതവാസികളോട് സമീപവാസികൾ പരസ്പര സഹകരണവും സൗഹാർദ്ദവും കുറവായിരുന്നു. പ്രദേശത്ത് തൊഴിലവസരങ്ങളൊന്നും സങ്കേതവാസികൾക്ക് നൽകില്ലായിരുന്നു. കൂടാതെ ഒറ്റപ്പെടുത്തുന്ന തരത്തിലുള്ള അവഹേളനങ്ങളും ഇവർക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇന്ന് സമീപവാസികൾ സൗഹാർദത്തോടെയും സഹകരണത്തോടെയുമാണ് കഴിഞ്ഞു വരുന്നത്. മുൻപ്

അധിവസിച്ചിരുന്ന മേഖലയിലെ ആചാരനുഷ്ഠാനങ്ങൾ പുതിയ പ്രദേശത്തും മാറ്റമില്ലാതെ തുടർന്നുവരാൻ സാധിക്കുന്നുണ്ടെന്നും സമുദായാചാരങ്ങളിൽ നിന്ന് വിഭിന്നമായി മറ്റുപ്രദേശത്തുള്ളതുപോലെ വിവാഹാചാരങ്ങളിൽ ഇവിടെയും പൊതുവിഭാഗത്തിന്റെ രീതിയിലേക്ക് മാറിയിട്ടുണ്ട്. സങ്കേതവാസികളായ എല്ലാവർക്കും BPL-AAY റേഷൻ കാർഡാണുള്ളത്.

## S. VII.8നിലനിൽക്കുന്ന പ്രശ്നങ്ങൾ

ചതുപ്പ് നിറഞ്ഞ കായൽക്കരയിലാണ് സങ്കേതം സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് തന്നെ ശുദ്ധജല ദൗർലഭ്യം ഇവിടെ അനുഭവപ്പെടുന്നുണ്ട്. സങ്കേതത്തിലെ ഒരു ഗുണഭോക്താവിന് കുഴൽകിണർ ഉണ്ടെങ്കിലും മറ്റുവീടുകൾക്ക് ഇത് ഉപയോഗപ്രദമാകുന്നില്ല. കൂടാതെ വേനൽക്കാലത്ത് കുഴൽകിണറിലും ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. മിക്കവരും 300 മീറ്റർ നടന്നുപോയാണ് കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും വെള്ളം കൊണ്ടുവരുന്നത്. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി സങ്കേതത്തിലെ എല്ലാ വീടുകളിലും എത്തിച്ചു നൽകിയിട്ടുണ്ട്. റോഡ് സൗകര്യം 200 മീറ്റർ സമീപത്ത് വരെയുണ്ട്. ഉപയോഗപ്രദമായ ശൗചാലയങ്ങൾ ഇതുവരെ നിർമ്മിച്ചു നൽകിയിട്ടില്ല.

## S. VII. 9സങ്കേതവാസികളുടെ വികസന സ്വപ്നം

1. എല്ലാ വർഷവും മഴക്കാലത്ത് വെള്ളം കയറുന്ന പ്രദേശമാണ് സങ്കേതത്തിലെ പുനരധിവാസ പ്രദേശം. ഉപ്പുവെള്ളം കായലിൽ നിന്ന് കയറുന്നതുകൊണ്ട് തന്നെ പ്രദേശത്ത് യാതൊരു വിധത്തിലുള്ള കാർഷിക പ്രവർത്തികളും ചെയ്യാൻ സാധിക്കുന്നില്ല. ഇത്തരം പ്രതിബന്ധങ്ങൾ ഒഴിവാക്കാൻ ആധുനികരീതിയിലുള്ള മാർഗ്ഗങ്ങൾ അവംലംബിക്കുന്നതാണ് ഫലപ്രദം.

2. പ്രദേശത്തിന് അനുയോജ്യമായ രീതിയിലുള്ള ചെറുകിട സംരഭങ്ങൾ ആരംഭിക്കുന്നതിനായി സങ്കേതത്തിലുള്ളവർക്ക് പരിശീലനം നൽകണമെന്നാണ് സങ്കേതവാസികളുടെ ആവശ്യം. ഉദാഹരണത്തിന് കയറുപിരി യൂണിറ്റ് പോലുള്ളവ.

3. സങ്കേതത്തിലെ വീടുകളിൽ ഇപ്പോഴും ഉപയോഗപ്രദമായ ശൗചാലയങ്ങൾ നിർമ്മിച്ചു നൽകാൻ ഇനിയും സാധിച്ചിട്ടില്ല. താത്കാലികമായി മറച്ച ഷെഡുകളാണ് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ ഇവർ ഉപയോഗിക്കുന്നത്.

4. സങ്കേതത്തിലേക്ക് എത്തിചേരുന്നതിനായുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുക.

## S. VIII. ആഫീസ് പറമ്പ് സങ്കേതം (പാണാവള്ളി)

### S. VIII - 1 പ്രദേശം

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ പാണാവള്ളി വില്ലേജിലാണ് ആഫീസ് പറമ്പ് പുനരധിവാസ സങ്കേതം. പതിനൊന്ന് കുടുംബങ്ങൾക്കാണ് ഇവിടെ ഭൂമി അനുവദിച്ചത്. ഇവർ ജില്ലയിലെ ആര്യാട് തെക്ക്, ആലപ്പുഴ പടിഞ്ഞാറ്, തണ്ണീർമുക്കം വടക്ക്, മാന്നാർ, പഴവീട്, പട്ടണക്കാട്, കീരിക്കാട്, പെരുമ്പളം, മണ്ണഞ്ചേരി, കുത്തിയതോട് തുടങ്ങിയ പഞ്ചായ ത്തുകളിൽ നിന്നും വന്നു താമസിക്കുന്നവരാണ്. പാണാവള്ളി പഞ്ചായത്തിനു പുറത്തു നിന്നുള്ളവരാണിവിടെ ഭൂമി ലഭിച്ചു താമസമാരംഭിച്ചത്.

ആഫീസ് പറമ്പ് സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 22% സാംപിൾ സർവ്വെ ശേഖരി ച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S. VIII- 2 സമുദായഘടന

പതിനൊന്ന് ഉള്ളാടൻ കുടുംബങ്ങളാണിവിടെ സ്ഥിരമായി താമസിച്ചു വരുന്നത്.

### S. VIII.3 അടിസ്ഥാന സൗകര്യം

2002 ലാണ് ആദിവാസി പുനരധിവാസവികസന മിഷന്റെ ഭാഗമായി ഭൂമിയനു വദിച്ചത്. തൊട്ടടുത്ത വർഷം തന്നെ മിക്കവരും സങ്കേതത്തിൽ ഷെഡ് വെച്ച് താമസ മാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ താമസമാരംഭിച്ച ഏഴു കുടുംബങ്ങളുടെ വീടുകളുടെ നിർമ്മാണ പ്രവർത്തി നിർമ്മിതി കേന്ദ്രമാണ് നടത്തിയത്. ഇതിനായി 75000/ രൂപയാണ് പുനരധിവാസ വിക സനമിഷൻ അനുവദിച്ചത്. ഇങ്ങനെ നിർമ്മിച്ച വീടുകളുടെ ഗുണനിലവാരം കുറവാണ്. ഓട് വെച്ച് കോൺക്രീറ്റ് ചെയ്തതിനാൽ മഴക്കാലത്ത് ചോർച്ച അനുഭവപ്പെടുന്നുണ്ട്. രണ്ട് ഇടുങ്ങിയ മുറികളും ചെറിയ ഹാളും അടങ്ങിയ വീട് സൗകര്യം തീരെകുറഞ്ഞ രീതിയിലാണ് നിർമ്മാണം നടത്തിയത്. ഇന്ന് മിക്ക വീടുകളിലും സൗകര്യക്കുറവ് അനുഭവപ്പെടുന്നുണ്ട്.

സങ്കേതത്തിൽ താമസമാരംഭിച്ച കാലത്ത് ഗതാഗത യോഗ്യമായ റോഡുകൾ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് റോഡ് സൗകര്യം ഈ പുനരധിവാസമേഖലയിൽ മതിയായ രീതിയിൽ നൽകിയിട്ടുണ്ട്.

സങ്കേതത്തിൽ താമസമാരംഭിച്ച ഘട്ടത്തിൽ കുടിവെള്ളക്ഷാമം വലിയ തോതിൽ അനുഭവപ്പെട്ടിരുന്നു. സങ്കേതത്തിലെ വീടുകളിൽ കിണർ നിർമ്മിച്ചെങ്കിലും ശുദ്ധജലം ലഭ്യമായിരുന്നില്ല. കായൽ കരയായ, ചതുപ്പ് പ്രദേശമായതിനാലാണ് ഈ ബുദ്ധിമുട്ട് അനുഭവപ്പെട്ടത്. ശുദ്ധജലത്തിന് വേണ്ടി നിരന്തരം ആവശ്യപ്പെട്ടെങ്കിലും 2017 ലാണ് സ്ഥിരമായി കുടിവെള്ള സംവിധാനമൊരുക്കി നൽകിയത്. നിലവിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി സ്ഥിരമായി വെള്ളം ലഭിക്കുന്നുണ്ട്. ഇതിനായി ആദ്യഘട്ടം 6000 രൂപയും പിന്നീട് വെള്ളത്തിന്റെ ഉപയോഗത്തിന് അനുസരിച്ച് വർഷത്തിൽ 800 രൂപ യൊക്കെ ശരാശരി ഇവരുടെ ഭാഗത്ത് നിന്ന് ഈടാക്കുന്നുണ്ട്.

സങ്കേതത്തിൽ താമസമാരംഭിച്ച ഘട്ടം മുതൽ (2002) തന്നെ എല്ലാ ഗുണഭോക്താ ക്കൾക്കും വൈദ്യുതി നൽകാൻ സാധിച്ചിട്ടുണ്ട്. സങ്കേതത്തിൽ താമസമാരംഭിച്ച് പത്ത് വർഷത്തേക്ക് ഉപയോഗിക്കാവുന്ന ശൗചാലയം ഉണ്ടായിരുന്നില്ല. 2015 കാലഘട്ടത്തിലാണ് മിക്കവർക്കും ശൗചാലയം നിർമ്മിച്ച് നൽകിയത്. വീട് നിർമ്മിച്ച കാലത്ത് തന്നെ ഇതിന് ഫണ്ട് മാറ്റിവെക്കാത്തത് നിർമ്മാണം വൈകാൻ കാരണമായി.

## S. VIII- 4 വിദ്യാഭ്യാസം

പുനരധിവാസം കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളെ ബാധിച്ചിട്ടില്ല. സമീപത്ത് തന്നെ മതിയായ വിദ്യാഭ്യാസ സൗകര്യങ്ങളും വാഹന സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് തന്നെയാണ് തുടർവിദ്യാഭ്യാസം നടത്താൻ കുട്ടികൾ നേരിടുന്ന പ്രധാന വെല്ലുവിളി.

## S. VIII– 5 ആരോഗ്യം

ആരോഗ്യപരമായ പ്രശ്നങ്ങൾ നേരിടുമ്പോൾ പ്രധാനമായും സമീപത്ത് 500 മീറ്റർ അകലെയുള്ള ആഫീസ് പറമ്പ് ആശുപത്രിയെയാണ് സമീപിക്കാറുള്ളത്. കിടത്തി ചികിത്സയ്ക്ക് ചേർത്തല താലൂക്ക് ആശുപത്രിയെയുമാണ് ആശ്രയിക്കുന്നത്. വെള്ളം

കെട്ടികിടക്കുന്ന ചതുപ്പ് പ്രദേശമായതിനാൽ തന്നെ മഴക്കാലത്ത് എലിപ്പനി, ഡെങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ പകർച്ചവ്യാധികളും പിടിപെടാറുണ്ട്. സങ്കേതത്തിൽ ആരോഗ്യ വകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ശുചീകരണ പ്രവർത്തനങ്ങൾ, ബോധവത്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നുണ്ട്.

## S. VIII- 6തൊഴിലും വരുമാനവും

സങ്കേതത്തിൽ ഭൂമി ലഭ്യമാക്കുന്നതിന് മുമ്പ് മിക്കവർക്കും സ്വന്തമായി ഭൂമിയുണ്ടായിരുന്നില്ല. നിലവിൽ ലഭ്യമായ ഭൂമി സർക്കാർ അളന്നു തിട്ടപ്പെടുത്തിയാണ് പട്ടയം നൽകിയതെങ്കിലും മിക്കവർക്കും സ്വന്തം പ്ലോട്ടിനെ കുറിച്ച് കൃത്യമായ ധാരണയില്ല. ഇതിൽ ഒരു കുടുംബം സ്ഥലസംബന്ധമായ തർക്കത്തിന് പ്രമോട്ടർ മുഖാന്തിരം പട്ടികവർഗ്ഗ വികസന വകുപ്പിലും പഞ്ചായത്തിലും പരാതി നൽകിയിട്ടുണ്ട്. സങ്കേതത്തിൽ ഭൂമി ലഭ്യമായവരിൽ മിക്കവരും തങ്ങൾക്ക് ലഭിച്ച ഭൂമിയിൽ ചെറിയ രീതിയിലുള്ള പച്ചക്കറികൾ കൃഷി ചെയ്തുവരുന്നുണ്ട്. കൂടാതെ കുറച്ചു കുടുംബങ്ങൾ തെങ്ങ്, കശുവണ്ടിതൈകൾ തുടങ്ങിയവയും തങ്ങളുടെ ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ട്. സങ്കേതത്തിൽ മിക്കവരും പുനരധിവാസത്തിന് മുൻപ് ചെയ്തുകൊണ്ടിരുന്ന തൊഴിലുകളിൽതന്നെയാണ് ഇപ്പോഴും തുടരുന്നത്. ഉപജീവനത്തിനായി തങ്ങളുടെ പഴയ പ്രദേശത്ത് പോയി വരികയോ താമസിക്കു കയോ ചെയ്യുന്നുണ്ട്. മരംവെട്ട്, വള്ളത്തിന്റെ അറ്റകുറ്റപ്പണി തുടങ്ങിയ ദിവസവേതന തൊഴിലുകളാണ് ചെയ്യുന്നത്.പുനരധിവാസ മേഖലയിൽ തൊഴിൽ ലഭിക്കാത്തതു കൊണ്ട് വളരെയറ്റം ബുദ്ധിമുട്ട് ഇവർക്ക് അനുഭവപ്പെടുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ചിലർ തൊഴിലെടുക്കുന്നുണ്ടെങ്കിലും മിക്കവർക്കും വർഷം ശരാശരി 3040 തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്. ആർക്കും തന്നെ സാമൂഹിക സുരക്ഷാപെൻഷൻ ലഭിക്കുന്നില്ല.

## S. VIII– 7പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സങ്കേതത്തിലെ താമസത്തിന് ശേഷം ജീവിതരീതിയിലും ജീവിതനിലവാരത്തിലും മുൻപ് താമസിച്ചിരുന്ന സ്ഥലത്തേക്കാൾ പുരോഗതി കൈവരിച്ചെങ്കിലും മതിയായ തൊഴിൽ ലഭ്യമാകാത്തത് സങ്കേതവാസികളുടെ നിത്യജീവിതത്തെ ബാധിക്കുന്നുണ്ട്. മിക്കവരും തങ്ങളുടെ പഴയ പ്രദേശത്ത് പോയി തൊഴിൽ ചെയ്തു ഉപജീവനം നടത്തുകയാണ് ചെയ്യുന്നത്. സങ്കേതത്തിൽ താമസമാരംഭിച്ചതിന് ശേഷം സങ്കേതവാസികൾ തമ്മിലുള്ള സഹകരണവും പരസ്പരാശ്രയവും കുറവാണ്. എല്ലാ കുടുംബങ്ങൾക്കും ഒത്തു ചേരാനുള്ള

ഒരു വേദി ഇനിയും സങ്കേതത്തിൽ നടപ്പായിട്ടില്ല. സാംസ്കാരിക കേന്ദ്രമോ, വായനശാലകളോ മറ്റു സ്ഥാപനങ്ങളോ ഒന്നും തന്നെ സങ്കേതത്തിൽ പ്രവർത്തിക്കുന്നില്ല. സങ്കേതത്തിന് പുറത്തുള്ള മറ്റു ജനവിഭാഗങ്ങളും സങ്കേതത്തിലുള്ളവരുമായി സഹകരണവും പരസ്പര സഹായവും നിലനിൽക്കുന്നില്ല. സങ്കേതത്തിൽ താമസിക്കുന്നവർ ഒറ്റപ്പെട്ട അവസ്ഥയിലാണ് ജീവിക്കുന്നത്. ഇത് ഇവർക്കിടയിൽ മാനസിക പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇനി ഭൂമി നൽകുമ്പോൾ സ്വന്തം താമസസ്ഥലത്തോ സമീപപ്രദേശങ്ങളിലോ നൽകണമെന്നാണ് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നത്.

പുനരധിവാസത്തിന് ശേഷം ആചാരാനുഷ്ഠാനങ്ങളിൽ ഒന്നും കാര്യമായ മാറ്റം ഇവർക്കിടിയിൽ സംഭവിച്ചിട്ടില്ല. മറ്റു സ്ഥലങ്ങളിൽ ഉള്ള പോലെയുള്ള സാമൂഹിക മാറ്റങ്ങൾ മാത്രമാണ് ഇവർക്കിടയിലും സംഭവിച്ചിട്ടുള്ളത്. മരണം, ജനനം പോലെയുള്ള ചടങ്ങുകൾ ആചാരപ്രകാരം നടക്കുന്നുണ്ടെങ്കിലും വിവാഹരീതിയിൽ പൊതു സമൂഹ ത്തിന്റെ ആചാരനുഷ്ഠാനങ്ങൾ കടന്നുകൂടിയിട്ടുണ്ട്. മിക്കവരും ദൈവിക ആരാധനയ്ക്ക് തങ്ങളുടെ മുൻകാലത്തെ പ്രദേശങ്ങളിലെ ആരാധന കേന്ദ്രത്തെ തന്നെയാണ് ആശ്രയിച്ചു വരുന്നത്.

### S. VIII– 7.1 ഊരുകൂട്ട സംവിധാനം

എല്ലാ സങ്കേതങ്ങളിലും ഊരുകൂട്ടം പഞ്ചായത്ത് അടിസ്ഥാനത്തിലാണ് നടപ്പാക്കു ന്നത്. താരതമ്യേന കുടുംബങ്ങളുടെ എണ്ണം കുറവായതിനാൽ ആനുകൂല്യങ്ങൾ മിക്കവാറും മറ്റു സങ്കേതങ്ങളിലേക്കാണ് നൽകപ്പെടുന്നതെന്ന് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നു. കൂടാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സമയത്ത് ബഹളവും മറ്റും ഉണ്ടാകുന്നതുകൊണ്ട് മിക്കവരും ഊരു കൂട്ടയോഗത്തിന് പോകുന്നതും കുറവാണ്. ഊരുകൂട്ട യോഗങ്ങൾ വർഷത്തിൽ ഒന്നോ രണ്ടോ തവണകളിൽ മാത്രമാണ് എല്ലാ പഞ്ചായത്തുകളിലും നടക്കുന്നത്. പ്രശ്നങ്ങൾ ഊരുകൂട്ട യോഗത്തിൽ ചർച്ച ചെയ്യാറുണ്ടെങ്കിലും അതിന്റെ പരിഹാരങ്ങൾ ഒന്നും തന്നെ ചെയ്യുന്നില്ല. ഊരു കൂട്ടയോഗങ്ങൾ മുഖേന വികസന പ്രവർത്തനങ്ങൾ നടക്കുന്നതിന് പകരം പുനരധി വാസമേഖലയെ പ്രത്യേകമായി കണ്ട് മറ്റു വികസന കൂട്ടായ്മകൾ ഉണ്ടാക്കി ആ സംവിധാനം വഴി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കപ്പെടണം.

## S. VIII– 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകാത്തതാണ് എല്ലാ മേഖലകളും അനുഭവിക്കുന്ന പ്രധാന പ്രശ്നം.
2. സങ്കേതങ്ങളിൽ ആദ്യഘട്ടത്തിൽ അനുവദിച്ച വീടുകളിലെല്ലാം ഗുണനിലവാരമില്ലാത്തതിന് മതിയായ കാരണം ഫണ്ടിന്റെ അഭാവവും ഏജൻസി കൃത്യമായി നിർമ്മാണ പ്രവർത്തികൾ ചെയ്യാത്തതുമാണ്. നിർമ്മിച്ച വീടുകൾക്ക് ചോർച്ച അനുഭവപ്പെടുന്നുണ്ട്. കൂടാതെ രണ്ട് മുറികളും ഹാളും വരാന്തയുമുള്ള വീടാണ് ആദ്യഘട്ടത്തിൽ നിർമ്മിച്ചത്. ഇതിൽ ഒരു കുടുംബത്തിന് താമസിക്കാനുള്ള സൗകര്യം പോലുമില്ല.
3. പുനരധിവാസ സങ്കേതങ്ങളിൽ ആഫീസ് പറമ്പ് ഒഴികെയുള്ള മൂന്ന് മേഖലകളിലും റോഡ് സൗകര്യം നിലവിലില്ല. സി.കെ. കോളനിയിൽ നിലവിലുള്ള റോഡ് സംബന്ധമായ തർക്കം നിലനിൽക്കുകയുമാണ്. ഇത് സങ്കേതവാസികളും സമീപവാസികളും തമ്മിലുള്ള തർക്കത്തിന് പലപ്പോഴും കാരണമാകുന്നുണ്ട്. സങ്കേതത്തിലെ ഒരു ഗുണഭോക്താവിന് പട്ടിക വർഗ്ഗ വികസന വകുപ്പ് നൽകിയ ഓട്ടോറിക്ഷ തർക്കത്തിന്റെ പേരിൽ തകർക്കുകയും ചെയ്തിട്ടുണ്ട്.
4. ആലപ്പുഴ ജില്ലയിലെ എല്ലാ പുനരധിവാസ സങ്കേതങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ശുദ്ധജലക്ഷാമമാണ്. ഇതിൽ ആഫീസ് പറമ്പ് സങ്കേതത്തിലും, സി.കെ. സങ്കേതത്തിലും ജപ്പാൻ കുടിവെള്ളപദ്ധതിയുടെ ഭാഗമായി 2017 മുതൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. മറ്റ് രണ്ട് സങ്കേതങ്ങളിലും അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.
5. പുനരധിവാസ സങ്കേതങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം മതിയായ ശൗചാലയങ്ങൾ ഇല്ലാത്തതാണ്. ആഫീസ് പറമ്പ് സങ്കേതത്തിൽ മാത്രമാണ് ഉപയോഗിക്കാവുന്ന ശൗചാലയ സംവിധാനങ്ങൾ ലഭ്യമായിട്ടുള്ളത്. മറ്റു സ്ഥലങ്ങളിൽ താത്കാലിക ശൗചാലയങ്ങളാണ് ഉപയോഗിക്കുന്നത്.
6. അനുവദിച്ച മേഖലകളെല്ലാം തന്നെ ചതുപ്പ് നിലങ്ങളും വെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങളുമായതിനാൽ തന്നെ എല്ലാ സങ്കേതങ്ങളിലും ചിക്കൻഗുനിയ, എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടായിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാത്തത് പകർച്ച വ്യാധികൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.

7. ആഫീസ് പറമ്പ്, സി.കെ. സങ്കേതം തുടങ്ങിയ പുനരധിവാസ മേഖലകളിൽ ഭൂമി സംബന്ധമായ അവകാശ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്.
8. തൊഴിലില്ലായ്മ എല്ലാ പ്രദേശങ്ങളെയും രൂക്ഷമായി ബാധിക്കുന്നുണ്ട്. പുതിയ പ്രദേശത്തെ തൊഴിൽ അന്വേഷിച്ചുപോകാനുള്ള ബുദ്ധിമുട്ടും സ്ഥിരതൊഴിൽ ലഭ്യമാകാത്തതും കാരണം മിക്കവരും തങ്ങളുടെ പഴയ മേഖലയിൽ പോയി തൊഴിൽ ചെയ്തുവരുന്ന അവസ്ഥയാണുള്ളത്.
9. അനുവദിച്ച ഭൂമിയിൽ ചില കുടുംബങ്ങൾ മാത്രമാണ് കൃഷിചെയ്യുന്നത്. ഭൂരിഭാഗം പേരുടെയും ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. ചില പ്രദേശങ്ങളിൽ വെള്ളം കയറുന്നതുകൊണ്ടും മറ്റു പ്രദേശങ്ങളിൽ ഇതിനുള്ള സൗകര്യം ഉണ്ടെങ്കിലും അവബോധം നൽകാത്തതു കാരണം കൃഷിചെയ്യാതിരിക്കുന്നതിന് ഒരു കാരണമാണ്.
10. മിക്ക സങ്കേതങ്ങളിലും സങ്കേതവാസികളിൽ പരസ്പര സഹകരണമോ കൂട്ടായ് മകളോ ഇല്ല. കുടുംബശ്രീ അയൽകൂട്ടങ്ങൾ എവിടെയും പ്രവർത്തിക്കുന്നില്ല.
11. സങ്കേതവാസികൾക്ക് ഒത്തുചേരാനുള്ള സാംസ്കാരിക കേന്ദ്രം, വായനശാലകൾ തുടങ്ങിയവ ഒന്നും തന്നെ എവിടെയും ഒരുക്കി നൽകിയിട്ടില്ല.
12. മിക്കസങ്കേതങ്ങളും സമീപവാസികളിൽ നിന്നും വിവേചനം നേരിടുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് ഒരുമിച്ച് കൊണ്ടുപോകാനുള്ള സംവിധാനങ്ങൾ ഈ മേഖലയിൽ ഇല്ല.
13. ഊരുകൂട്ട പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നടക്കുമ്പോൾ പുനരധിവാസ മേഖലകൾക്ക് മതിയായ പ്രാതിനിത്യം ലഭിക്കുന്നില്ല.

## S. VIII– 9സങ്കേതവാസികളുടെ വികസന സ്വപ്നം

1. അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി നൽകുക
2. വീട് നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാൻ മുൻഗണന നൽകുക. കൃത്യമായ എസ്റ്റിമേറ്റോടു കൂടി മതിയായ ഫണ്ട് അനുവദിച്ചു നൽകി അറ്റകുറ്റ പണികൾ നടത്താവുന്നതാണ്.
3. റോഡ് സൗകര്യം ഒരുക്കി നൽകുക, ഇതു സംബന്ധമായ തർക്കങ്ങൾ പഞ്ചായത്ത് മുഖാന്തിരം പരിഗണന നൽകി ഒത്തു തീർപ്പാക്കുക. സ്ഥല സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുകയും പുനരധിവാസ മേഖല കളിലെ സ്ഥലങ്ങൾ റീസർവ്വെ നടത്തി കൃത്യമായി അളന്നു തിട്ടപ്പെടു ത്തുക. കയ്യേറ്റക്കാരുണ്ടെങ്കിൽ പുറത്താക്കാനുള്ള നടപടി സ്വീകരിക്കാ വുന്നതാണ്.

4. മറ്റത്തിൽ, വല്ലേതുരുത്ത് സങ്കേതങ്ങളിൽ പൈപ്പ് വഴി ശുദ്ധജല സംവിധാനമൊരുക്കി നൽകാവുന്നതാണ്.
5. ശൗചാലയങ്ങൾക്ക് പ്രഥമ പരിഗണന നൽകി നിർമ്മിച്ചു നൽകുക. ചതുപ്പു പ്രദേശങ്ങളായതു കാരണം സെപ്റ്റിക് ടാങ്കുകൾ നൽകി ആ പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ നിർമ്മിച്ചു നൽകേണ്ടതുണ്ട്.
6. പഞ്ചായത്ത് തലത്തിൽ പുനരധിവാസ മേഖലകളിലെ തൊഴിലാളികളെ ഉൾക്കൊള്ളിച്ച് തൊഴിൽ ബാങ്ക് രൂപീകരിക്കുക. പ്രാവീണ്യം തെളിയിച്ച ജോലികൾക്ക് മുൻഗണന നൽകി തൊഴിലുറപ്പ് വരുത്തുക.
7. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ കൃത്യമായി നൽകുക. ആദ്യഘട്ട ങ്ങളിൽ സ്വന്തം ഭൂമിയിലെ കാർഷിക പ്രവർത്തികൾ, ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു നടപ്പാക്കാവുന്നതാണ്. ഇതിനുള്ള സാമഗ്രികളും നടീൽ വസ്തുക്കളും ആദ്യഘട്ടത്തിൽ അനുവദിച്ചു നൽകാവുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
8. കാർഷിക യന്ത്രങ്ങൾ, മറ്റു ചെറുകിട സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങിയ വക്ക് ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്തി നൽകാവുന്നതാണ്.
9. സാംസ്കാരിക കേന്ദ്രങ്ങൾ, ഒത്തുചേരാനുള്ള മറ്റു സംവിധാനങ്ങൾ തുടങ്ങി യവ ഒരുക്കി നൽകി, സമീപവാസികളെ ഉൾക്കൊള്ളിച്ചു കൊണ്ട് കൂട്ടായ് മകൾ സൃഷ്ടിക്കാവുന്നതാണ്.
10. ഊരുകൂട്ടം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചേരുമ്പോൾ കൃത്യമായ പ്രാതിനിധ്യം ഇവർക്ക് ലഭിക്കുന്നില്ല. ആയതിനാൽ പുനരധിവാസ മേഖലക്ക് മാത്രമായി വികസന കൂട്ടായ്മകൾ ഉണ്ടാക്കി ആ സംവിധാനം വഴി പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. സങ്കേതത്തിൽ പൂഴി (മണ്ണ്) നിറച്ച് ഉയർത്തി കൊണ്ടുവരുന്നത് വെള്ളക്കെട്ട് നിൽക്കുന്നത് ഒഴിവാക്കാൻ സാധിക്കും. കൂടാതെ നല്ല മണ്ണ് നിറച്ചാൽ കൃഷിയും ചെയ്യാവുന്നതാണ്.

## ഉപസംഹാരം

ചേർത്തല സങ്കേതത്തിൽ സ്ഥിതി ചെയ്യുന്നത് നാല് പുനരധിവാസ മേഖലകളാണ്. മുഹമ്മ പഞ്ചായത്തിലെ മറ്റത്തിൽ, വയലാർ പഞ്ചായത്തിലെ വല്ലേതുരുത്ത്, തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ സി.കെ. കോളനി, പാണാവള്ളി ഗ്രാമപഞ്ചായത്തിലെ ആഫീസ് പറമ്പ് തുടങ്ങിയ നാല് സ്ഥലങ്ങളിലാണ് പുനരധിവാസത്തിനായി ഭൂമി അനുവദിച്ചിട്ടുള്ളത്.

അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകാത്തതാണ് എല്ലാ മേഖലകളും അനുഭവി ക്കുന്ന പ്രധാന പ്രശ്നം.

കുടിവെള്ള ക്ഷാമം, തൊഴിലില്ലായ്മ, റോഡ് സൗകര്യമില്ലായ്മ എന്നിവയാണ് മുഹമ്മ പഞ്ചായത്തിലെ മറ്റത്തിൽ സങ്കേതവാസികൾ നേരിടുന്ന പ്രതിസന്ധികൾ. വയലാർ പഞ്ചായത്തിലെ വല്ലേതുരുത്ത് സങ്കേതവാസികൾ പ്രധാനമായും അഭിമുഖരിക്കുന്നത് ഉപ്പുവെള്ളം കായലിൽ നിന്ന് പ്രദേശത്ത് കയറുന്നതുകൊണ്ടുള്ള പ്രതിസന്ധികളും, സങ്കേതത്തിലെ വീടുകളിലെ ഉപയോഗ്യമായ ശൗചാലയങ്ങളുമാണ്. ആഫീസ് പറമ്പ്, സി.കെ. സങ്കേതം തുടങ്ങിയ പുനരധിവാസ മേഖലകളിൽ ഭൂമി സംബന്ധമായ അവകാശ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്.

പുനരധിവാസ സങ്കേതങ്ങളിൽ ആഫീസ് പറമ്പ് ഒഴികെയുള്ള മൂന്ന് മേഖലകളിലും റോഡ് സൗകര്യം നിലവിലില്ല. സി.കെ. കോളനിയിൽ നിലവിലുള്ള റോഡ് സംബന്ധമായ തർക്കം നിലനിൽക്കുകയുമാണ്. ഇത് സങ്കേതവാസികളും സമീപവാസികളും തമ്മിലുള്ള തർക്കത്തിന് പലപ്പോഴും കാരണമാകുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ ആഫീസ് പറമ്പ് സങ്കേതത്തിലും, സി.കെ. സങ്കേതത്തിലും ഒഴികെ എല്ലാ പുനരധിവാസ സങ്കേതങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ശുദ്ധജലക്ഷാമമാണ്. ആഫീസ് പറമ്പ് ഒഴികെ മറ്റു പുനരധിവാസ സങ്കേതങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം മതിയായ ശൗചാലയങ്ങൾ ഇല്ലാത്തതാണ്. മറ്റു സ്ഥലങ്ങളിൽ താത്കാലിക ശൗചാലയങ്ങളാണ് ഉപയോഗിക്കുന്നത്. അനുവദിച്ച മേഖലകളെല്ലാം തന്നെ ചതുപ്പ് നിലങ്ങളും വെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങളുമായതിനാൽ തന്നെ എല്ലാ സങ്കേതങ്ങളിലും ചിക്കൻഗുനിയ, എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടായിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാത്തത് പകർച്ച വ്യാധികൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. തൊഴിലില്ലായ്മ എല്ലാ പ്രദേശങ്ങളെയും രൂക്ഷമായി ബാധിക്കുന്നുണ്ട്. പുതിയ പ്രദേശത്തെ തൊഴിൽ അന്വേഷിച്ചുപോകാനുള്ള ബുദ്ധിമുട്ടും സ്ഥിരതൊഴിൽ ലഭ്യമാകാത്തതും കാരണം മിക്കവരും തങ്ങളുടെ പഴയ മേഖലയിൽ പോയി തൊഴിൽ ചെയ്തുവരുന്ന അവസ്ഥയാണ്.

അനുവദിച്ച ഭൂമിയിൽ ചിലകുടുംബങ്ങൾ മാത്രമാണ് കൃഷിചെയ്യുന്നത്. ഭൂരിഭാഗം പേരുടെയും ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. ചില പ്രദേശങ്ങളിൽ വെള്ളം കയറുന്നതുകൊണ്ടും മറ്റു പ്രദേശങ്ങളിൽ ഇതിനുള്ള സൗകര്യം ഉണ്ടെങ്കിലും അവബോധം നൽകാത്തതു കാരണം കൃഷിചെയ്യാതിരിക്കുന്നതിന് ഒരു കാരണമാണ്. മിക്ക

സങ്കേതങ്ങളിലും സങ്കേതവാസികളിൽ പരസ്പര സഹകരണമോ കൂട്ടായ്മകളോ ഇല്ല. കുടുംബശ്രീ അയൽകൂട്ടങ്ങൾ എവിടെയും പ്രവർത്തിക്കുന്നില്ല. സങ്കേതവാസികൾക്ക് ഒത്തുചേരാനുള്ള സാംസ്കാരിക കേന്ദ്രം, വായനശാലകൾ തുടങ്ങിയവ ഒന്നും തന്നെ എവിടെയും ഒരുക്കി നൽകിയിട്ടില്ല. സങ്കേതങ്ങളിലുള്ളവർ സമീപവാസികളിൽ നിന്നും വിവേചനം നേരിടുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് ഒരുമിച്ച് കൊണ്ടുപോകാനുള്ള സംവിധാനങ്ങൾ ഈ മേഖലയിൽ ഇല്ല. ഊരുകൂട്ട പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നടക്കുമ്പോൾ പുനരധിവാസ മേഖലകൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല.

# കോട്ടയം ജില്ല

## കോട്ടയം ജില്ലയിലെ പുനരധിവാസ സങ്കേതങ്ങൾ

മധ്യകേരളത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലയാണ് കോട്ടയം. കിഴക്ക് പശ്ചിമ ഘട്ടവും, പടിഞ്ഞാറ് വേമ്പനാട് കായലും കുട്ടനാടും, വടക്കു ഭാഗത്ത് എറണാകുളം, ഇടുക്കി ജില്ല കളും, തെക്കുഭാഗത്ത് പത്തനംതിട്ട, ആലപ്പുഴ ജില്ലകളും സ്ഥിതി ചെയ്യുന്നു. കോട്ടയം ജില്ലയിൽ 11 ബ്ലോക്കുകളിലായി 73 ഗ്രാമ പഞ്ചായത്തുകളും 95 വില്ലേജുകളുമുണ്ട്. ഇന്ത്യ യിലാദ്യമായി സമ്പൂർണ്ണ സാക്ഷരത കൈവരിച്ച നഗരമാണ് കോട്ടയം. കേരളത്തിലെ അക്ഷര നഗരിയെന്ന് പ്രശസ്തി കേട്ട ജില്ല റബർ കൃഷിയിലും റബർ വ്യാപാരത്തിലും ഒന്നാം സ്ഥാന മലങ്കരിക്കുന്നു. ആകെ 2208 ച.കി.മി വിസ്തൃതിയുള്ള കോട്ടയം ജില്ല പ്രകൃത്യാ തന്നെ മല പ്രദേശം, ഇടനാട്, നിമ്ന പ്രദേശം എന്നിങ്ങനെ വ്യത്യസ്ത പുലർത്തുന്നു. ജില്ലയുടെ ഭൂരി ഭാഗം പ്രദേശവും ഇടനാട്ടിലുൾപ്പെടുന്നു. കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളിൽ മലപ്ര ദേശവും, കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി താലൂക്കുകളിൽ ഇടനാടും, നിമ്ന പ്രദേശങ്ങളു മാണുള്ളത്.

2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ ആകെ പട്ടികവർഗ ജനസംഖ്യയുടെ 0.68 ശതമാനം പട്ടികവർഗ ജനവിഭാഗങ്ങളാണ് കോട്ടയം ജില്ലയിൽ അധിവസിച്ചുവരുന്നത്. കോട്ടയം ജില്ലയിൽ കോരുത്തോട് ഗ്രാമപഞ്ചായത്തിന് കീഴിലെ മടുക്ക (ചകിരിമേട്), കുഴിമാവ് എന്നീ രണ്ട് പുനരധിവാസകേന്ദ്രങ്ങളാണുള്ളത്.

ജില്ലയിലെ ഏറ്റവും വലിയ ഗോത്രവിഭാഗം മലയരയർ ആണ്. മലയരയർക്ക് പുറമെ ഉള്ളാടൻ, ഊരാളി, മലവേടൻ എന്നീ ഗോത്രവിഭാഗങ്ങളും ഇവിടെ അധിവസിച്ചു വരുന്നുണ്ട്. ജില്ലയിലെ പുനരധിവാസ പ്രവർത്തനങ്ങളിൽ ഉള്ളാടൻ വിഭാഗത്തിനാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. ജനസംഖ്യയുടെ പകുതിയിലേറെ മലയരയൻ വിഭാഗമാണ്. ഇവർക്ക് വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഭൂരഹിതരും, സ്വന്തമായി കിടപ്പാടമില്ലാത്തവരുമായ ഗുണഭോക്താക്കൾക്കാണ് കോട്ടയം ജില്ലയിൽ പ്രധാനമായും ഭൂമി വിതരണം നടത്തിയിട്ടുള്ളത്. എല്ലാവരും പഞ്ചായത്തിനു പുറത്തു നിന്നുമാണിവിടെ പുനരധിവസിക്കപ്പെട്ടത്.

## S.IXമടുക്ക ട്രൈബൽ മിഷൻ സെറ്റിൽമെന്റ്

### S.IX. 1 പ്രദേശം

2002–ൽ ആദിവാസി പുനരധിവാസ വികസന മിഷന്റെ ആരംഭകാലത്ത് തന്നെ കോട്ടയം ജില്ലയിൽ പദ്ധതിപ്രകാരമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോരുത്തോട് ഗ്രാമപഞ്ചായത്തിന് കീഴിലെ മടുക്ക (ചകിരിമേട്), കുഴിമാവ് എന്നീ മേഖലകളിലായാണ് പദ്ധതിയിൽ ഗുണഭോക്താക്കളെ പുനരധിവസിപ്പിച്ചത്. 2002 – ൽ കാഞ്ഞിരപ്പള്ളി താലൂക്കിന് കീഴിലുള്ള എരുമേലി, തോലാമ്പാറ, കൊമ്പുകുത്തി, പുലികുന്ന്, പുഞ്ചവയൽ എന്നിവിടങ്ങളിൽ നിന്നുള്ള ഭൂരഹിതരായ മലവേടൻ, മലപണ്ടാരം, ഉള്ളാടൻ വിഭാഗങ്ങളിൽ നിന്നുള്ള കുടുംബങ്ങളെയാണ് പദ്ധതിപ്രകാരം പുനരധിവാസിപ്പിച്ചിട്ടുള്ളത്. മടുക്ക സിറ്റിയിൽ നിന്നും 2 കി.മീ. അകലെയായി ചകിരിമേട്ടിൽ 17 കുടുംബങ്ങൾക്കും, 5 കി.മീ. അകലെ കുഴിമാവ് മേഖലയിൽ രണ്ട് കുടുംബങ്ങൾക്കുമാണ് ഭൂമി വിതരണം നടത്തിയിട്ടുള്ളത്. ചകിരിമേട്, കുഴിമാവ് എന്നിങ്ങനെ രണ്ട് വ്യത്യസ്തമേഖലകളിലായാണ് പുനരധിവാസ മേഖല സ്ഥിതിചെയ്യുന്നതെങ്കിലും ഈ രണ്ടു മേഖലകൾക്കുമായി പൊതുവായി 'മടുക്ക ട്രൈബൽ മിഷൻ സെറ്റിൽമെന്റ്' എന്ന പൊതുപേരിലാണ് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. കോട്ടയം ജില്ലയിൽ ടി.ആർ.ഡി.എം. പ്രത്യേക സൈറ്റ് മാനേജർ സംവിധാനം നിലവിലില്ലാത്തതിനാൽ കാഞ്ഞിരപ്പള്ളി പ്രോജക്ട് ഓഫീസറുടെ നേതൃത്വത്തിലാണ് ജില്ലയിലെ മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്.

മടുക്ക (ചകിരിമേട്) സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 29% സാംമ്പിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.IX.2 സമുദായഘടന

ഉള്ളാടൻ വിഭാഗത്തിലുള്ള 10 കുടുംബങ്ങൾക്കും, മലയരയൻ വിഭാഗത്തിലുള്ള 3 കുടുംബങ്ങൾക്കും, മലവേടൻ വിഭാഗത്തിൽ നിന്നുള്ള 3 കുടുംബത്തിനും, മലപണ്ടാരം വിഭാഗത്തിൽ നിന്നുള്ള ഒരു കുടുംബത്തിനുമാണ് ജനമേഖലയിൽ ഭൂമി അനുവദിച്ചിട്ടുള്ളത്.

## S.IX.3 അടിസ്ഥാന സൗകര്യം

**മടുക്ക ട്രൈബൽമിഷൻ സെറ്റിൽമെന്റ് – ചകിരിമേട്**

വണ്ടൻപതാൽ സോഷ്യൽ ഫോറസ്റ്റ് ഡിവിഷനോട് ചേർന്ന് ചകിരിമേട്ടിലാണ് മടുക്ക ട്രൈബൽ മിഷൻ സെറ്റിൽമെന്റ് സ്ഥിതിചെയ്യുന്നത്. മടുക്കസിറ്റിയിൽ നിന്നും 2 കി.മീ. ദൂരെയാണ് ഈ പ്രദേശം 17 കുടുംബങ്ങൾക്ക് ഒരെക്കർ ഏക്കർ വീതം ഭൂമിയാണ് ഇവിടെ വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് വീട് വെക്കാനായി 10 സെന്റ് വീതം അടുത്തടുത്തും ശേഷിക്കുന്ന 90 സെന്റ് വീതം ഭവന പരിസരങ്ങളിൽ നിന്നും മാറിയുമാണ് വിതരണം ചെയ്തിട്ടുള്ളത്.

മടുക്ക സിറ്റിയിൽ നിന്നും അഞ്ച് കി.മീ. മാറി കോരുത്തോട് മുക്കോട് താഴെ പ്രധാനറോഡിന് സമീപത്തായി കുഴിമാവ് മേഖലയിൽ മലയരയൻ, ഉള്ളാടൻ വിഭാഗങ്ങളിൽ നിന്നുള്ള രണ്ട് കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തിട്ടുണ്ട്. സങ്കേതത്തിലേക്ക് പുനരധിവസിക്കപ്പെട്ട ബഹുഭൂരിപക്ഷം കുടുംബങ്ങളും സ്വന്തമായി ഭൂമിയോ, കിടപ്പാടമോ ഇല്ലാത്തവരും വാടകവീടുകളിൽ കഴിഞ്ഞിരുന്നവരുമാണ്. 2002 – ൽ തന്നെ മേഖലയിൽ അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. 75,000 രൂപ ചിലവിലാണ് ആദ്യഘട്ടത്തിൽ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾ സ്വന്തമായാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. നിലവിൽ സങ്കേതത്തിലാകെ 23 വീടുകളുണ്ടെങ്കിലും അവയിൽ 4 എണ്ണം മാത്രമാണ് വാസയോഗ്യമായവ. ലഭ്യമായ 75,000 രൂപ ചിലവിൽ കോൺക്രീറ്റ് ചെയ്ത് വീടുകളാണ് ഗുണഭോക്താക്കൾ നിർമ്മിച്ചിട്ടുള്ളതെങ്കിലും ബഹുഭൂരിപക്ഷവും ചോർന്നൊലിക്കുന്നവയും പുനരുദ്ധാരണം ആവശ്യമായവയുമാണ്. ഇടിമിന്നൽ കൊണ്ടുള്ള അപകടങ്ങൾ പതിവായി സംഭവിക്കാറുള്ള മേഖലയിൽ, ഇടിമിന്നലിൽ നിന്നും രക്ഷനേടാനായി വീടുകളിൽ സ്ഥാപിച്ച മിന്നൽ രക്ഷാചാലകങ്ങളാണ് വീടുകളുടെ ശോഷണത്തിന് പ്രധാന കാരണങ്ങളായിട്ടുള്ളതെന്ന് സങ്കേതവാസികൾ അഭിപ്രായപ്പെട്ടു. ശൗചാലയം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ സങ്കേതത്തിലെല്ലാവർക്കുമുണ്ട്. ജല ദൗർലഭ്യമാണ് സങ്കേതവാസികൾ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്.

## S.IX.4 വിദ്യാഭ്യാസം

3 മുതൽ 10 കിലോമീറ്ററിനുള്ളിൽ സങ്കേതത്തിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നേടാനുള്ള സൗകര്യങ്ങൾ മടുക്കയിലുണ്ട്. എന്നാൽ 10–ാം തരം

പൂർത്തിയായതിന് ശേഷം ഉപരിപഠനത്തിനുള്ള സൗകര്യങ്ങളും, സാധ്യതകളും മേഖലയിൽ കുറവാണ്. 10-ാം തരത്തിന് ശേഷം പഠനം നിർത്തുന്ന പ്രവണത പ്രത്യേകിച്ചും ആൺകുട്ടികൾക്കിടയിൽ കൂടുതലായി കണ്ടു വരുന്നുണ്ട്. സങ്കേതത്തിലേക്ക് പൊതുവാഹന സൗകര്യമില്ലാത്തതിനാലും ഗതാഗത സംവിധാനങ്ങൾ കുറവായതിനാലും വിദ്യാലയത്തിലേക്ക് എത്തിപ്പെടാനുള്ള പ്രയാസം വിദ്യാർത്ഥികൾ അനുഭവിക്കുന്നുണ്ട്. പ്രീപ്രൈമറിതലം മുതൽക്ക് കുട്ടികൾക്ക് സങ്കേതത്തിൽ അംഗനവാടി സൗകര്യം നിലവിലുണ്ട്. 2011 ൽ ആരംഭിച്ച അംഗൻവാടി സംവിധാനം 650 രൂപ മാസവാടകയിൽ സങ്കേതവാസിയുടെ വീട്ടിൽവെച്ചാണ് നടത്തപ്പെടുന്നത്.

## S.IX.5 ആരോഗ്യം

അലോപ്പതി ചികിത്സാ രീതിയെയാണ് പ്രധാനമായും സങ്കേതവാസികൾ ആശ്രയിക്കുന്നത്. ആയുർവേദ ചികിത്സാരീതി പിൻതുടരുന്നവരും സങ്കേതത്തിലുണ്ട്. ചിക്കൻഗുനിയ, മഞ്ഞപിത്തം മുതലായ വ്യാധികൾ സങ്കേതത്തിൽ മുൻപ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജീവിത ശൈലി രോഗങ്ങൾ, മറ്റ് രോഗങ്ങൾ എന്നിവകൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്നവർ നിലവിൽ സങ്കേതത്തിലില്ല. മൂന്ന് നവജാത ശിശുകളുടെ മരണം സങ്കേതത്തിൽ സംഭവിച്ചിട്ടുണ്ട്. നിലവിൽ ചികിത്സയ്ക്കായി മടുക്കയിൽ നിന്നും ആറ് കി.മീ. അകലെയുള്ള കോരുത്തോട് പ്രൈമറി ഹെൽത്ത് സെന്ററിനെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. കിടത്തി ചികിത്സ ആവശ്യമാക്കുന്ന പക്ഷം കാഞ്ഞിരപ്പള്ളിവരെ 24 കി.മീ. ദൂരം ഇവർക്ക് സഞ്ചരിക്കേണ്ടിവരുന്നു. 8 കി.മീ. ദൂരെ മുണ്ടക്കയത്ത് കിടത്തി ചികിത്സ ലഭ്യമായിരുന്നുവെങ്കിലും നിലവിൽ അവിടെ കിടത്തി ചികിത്സാ സൗകര്യം ലഭ്യമല്ല. മുൻപ് സങ്കേതം കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ നടന്നിരുന്നുവെങ്കിലും, ഇപ്പോൾ ക്യാമ്പുകൾ നടക്കുന്നില്ല. പാലിയേറ്റീവ് കെയർ അംഗങ്ങൾ പ്രായമായ അംഗങ്ങൾക്ക് പരിചരണം നൽകുന്നതൊഴിച്ചാൽ ആരോഗ്യ പരിചരണത്തിന് സങ്കേതത്തിൽ മറ്റ് സൗകര്യങ്ങളൊന്നുമില്ല. സങ്കേതം കേന്ദ്രീകരിച്ച് ആശാവർക്കർ പ്രവർത്തിക്കുന്നുവെങ്കിലും അവരുടെ സേവനവും ചുരുക്കം അവസരങ്ങളിൽ മാത്രമാണ് ലഭ്യമാകുന്നത്.


## S.IX. തൊഴിലും വരുമാനവും

### ഉപജീവനോപാധികൾ

ഗുണഭോക്താക്കൾക്ക് ഓരോത്തർക്കും ഒരു ഏക്കർ വീതം ഭൂമി ലഭിച്ചിട്ടുണ്ടെങ്കിലും വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിച്ച ഭൂമിയിൽ നിന്നും വരുമാനം കിട്ടിതുടങ്ങിയിട്ടുള്ളത്. നിർമ്മാണേതര മേഖലയിലെ കൂലിവേലകളും തൊഴിലുറപ്പുമാണ്

നിലവിൽ സങ്കേതവാസികൾക്കാശ്രയം. സങ്കേതത്തിലേക്ക് പുനരധിവസിക്കപ്പെട്ട ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷവും നഗരപ്രദേശങ്ങളോട് ചേർന്ന് വാടക വീടുകളിൽ താമസിച്ചിരുന്നവരാണ്. നിർമ്മാണേതര മേഖലയിലെ കൂലിപണികൾ ഈ സ്ഥലങ്ങളിൽ ലഭ്യമായിരുന്നു.എന്നാൽ മടുക്ക മേഖലയിലേക്ക് പുനരധിവസിക്കപ്പെട്ടതോടെ തൊഴിൽ സാധ്യതകൾക്ക് മുൻപത്തെ അപേക്ഷിച്ച് വൻതോതിൽ കുറവ് വന്നു. പുനരധിവസിക്കപ്പെട്ടതിന്റെ ആദ്യകാലങ്ങളിൽ പ്രദേശവാസികൾ കാണിച്ച വിവേചനം കാരണവും തൊഴിലുകൾ തേടി പഴയസ്ഥലങ്ങളിലേക്ക് പോകേണ്ട അവസ്ഥ സങ്കേതവാസികൾ നേരിട്ടിട്ടുണ്ട്. ഗുണഭോക്താക്കൾക്കെല്ലാം തന്നെ വർഷത്തിൽ 30 ൽ കുറഞ്ഞ തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്.


ചിത്രം 3.11**തൊഴിൽ**




20% പേർ കാർഷിക മേഖലയിലും, 20%പേർ നിർമ്മാണ മേഖലയിലും, 20% പേർ തൊഴിലുറപ്പ് പദ്ധതിയിലും തൊഴിൽ ചെയ്യുന്നവരാണ്. 20% പേർ വീട്ടമ്മമാരും, . 20% പേർ വൃദ്ധരുമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരുമാനം കണ്ടെത്തുന്നതിന് ഒരു പരിധിവരെ സങ്കേതവാസികൾക്ക് സഹായകമായിട്ടുണ്ട്. 50.0% പേർക്കും സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കുന്നില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്വന്തം ഭൂമികളിൽ പണി എടുക്കാവുന്നതാണെങ്കിലും കയ്യാല നിർമ്മാണം, മഴക്കുഴി നിർമ്മാണം എന്നിവ മാത്രമാണ് നിലവിൽ നടത്തുന്നത്. പട്ടിക വർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ അഞ്ച് വർഷ ങ്ങൾക്ക് മുൻപ് പഞ്ചായത്തിന്റെ ഊരുകൂട്ടത്തിൽ ഉൾപ്പെട്ടതും എന്നാൽ ടി.ആർ.ഡി.എം ൽ ഉൾപ്പെടാത്തതുമായ സമീപത്തുള്ള കോസടി സങ്കേതവാസികൾക്കും, മടുക്ക സങ്കേതവാസി കൾക്കുമായി, ആകെ 39 വീട്ടുകാർക്ക് റബ്ബർ, വാഴ തൈ, കാട് വെട്ടി, തെങ്ങ് കയറ്റ യന്ത്രം എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളിൽ 80%പേർക്ക് ആജഘ അഅഥ റേഷൻ കാർഡും20.0%പേർക്ക് ആജഘ റേഷൻ കാർഡുമാണുള്ളത്.

ചിത്രം3.12 **റേഷൻകാർഡ്**




## S.IX.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

ലഭ്യമായ ഭൂമിയിൽ റബർകൃഷി ചെയ്ത് വരുമാനം കണ്ടെത്തുന്ന കുടുംബങ്ങളും സങ്കേതത്തിലുണ്ടെങ്കിലും ഇവരും വരുമാനം കണ്ടെത്തുന്നതിൽ സ്വയം പര്യാപ്തത നേടിയിട്ടില്ല. ജലസേചന സൗകര്യം ഈ മേഖലയില്ലാത്തതിനാൽ മറ്റ് കൃഷികൾ ചെയ്യാൻ കഴിയാത്ത അവസ്ഥയാണ് സങ്കേതത്തിൽ നിലവിലുള്ളതെങ്കിലും, കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തിൽ പ്ലോട്ടുകളിൽ കരനെല്ല് കൃഷി ചെയ്തു വിജയിപ്പിച്ച ചരിത്രം സങ്കേതത്തിലുണ്ട്. വീടിനോടനുബന്ധിച്ച് ലഭ്യമായ പത്ത് സെന്റ് ഭൂമിയിൽ

ഗാർഹികാവശ്യത്തിനുള്ള പച്ചക്കറി കൃഷി ആദ്യകാലങ്ങളിൽ നടത്തിയിരുന്നുവെങ്കിലും മഴയെ ആശ്രയിച്ച് മാത്രം കൃഷി ചെയ്യാൻ കഴിയുന്ന അവസ്ഥയാണ് നിലവിലുള്ളത്. സങ്കേതത്തിലെല്ലാവർക്കും വൈദ്യുതി സൗകര്യം ലഭ്യമാണ്.

ഊരുകൂട്ടം, കുടുംബശ്രീ മുതലായ രാഷ്ട്രീയ സാമൂഹിക സംവിധാനങ്ങൾ സങ്കേതത്തിലുണ്ട്. ഊരാളി, ഉള്ളാടൻ, മലയരയൻ, മലവേടൻ, മലപണ്ടാരം എന്നീ വ്യത്യസ്ത വിഭാഗങ്ങളാണ് സങ്കേതത്തിൽ പുനരധിവസിക്കപ്പെട്ടത്. ഈ വിഭാഗങ്ങൾക്കോരോരുത്തർക്കും ഇടയിൽ വ്യത്യസ്തവും പാരമ്പര്യവുമായ രാഷ്ട്രീയ സംവിധാനങ്ങൾ നിലനിന്നിരുന്നുവെങ്കിലും, ഊരുകൂട്ടമെന്ന പൊതുസംവിധാനമാണ് സങ്കേതത്തിൽ നിലവിലുള്ളത്.

പുനരധിവാസമേഖലയിലാകെ രണ്ട് കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ സ്ത്രീകൾക്കിടയിൽ കൂട്ടായ്മയും സഹകരണവും വളർത്താൻ ഈ യൂണിറ്റുകൾക്കായിട്ടുണ്ട്.

### S.IX.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

വികസന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതൊഴിച്ചാൽ, ഊരുകൂട്ടം സങ്കേതത്തിന്റെ സർവ്വതോന്മുഖമായ വികസന കാര്യങ്ങളിൽ കാര്യമായ പങ്ക് വഹിക്കുന്നില്ല. പഞ്ചായത്ത് ഊരുകൂട്ടത്തിന് പുറമെ മടുക്ക, കുഴിമാവ് മേഖലയിൽ പുനരധിവസിപ്പിക്കപ്പെട്ടവർക്കുമാത്രമായി പ്രത്യേകം കമ്മിറ്റിയും ഊരുകൂട്ടവും ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങളും സജീവമല്ല. പുനരധിവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ഊരുകൂട്ടത്തിൽ ചർച്ച ചെയ്യാറുണ്ടെങ്കിലും ഊരുമൂപ്പൻ പദ്ധതികളുടെ നടത്തിപ്പിൽ പക്ഷപാതപരമായ തീരുമാനങ്ങളാണ് എടുക്കാറുള്ളതെന്ന് സങ്കേതവാസികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. സങ്കേതത്തിൽ ജനസംഖ്യാപരമായി ഏറ്റവും കുറവ് അംഗങ്ങളുള്ളത് മലപണ്ടാരം വിഭാഗത്തിലാണ്. മലപണ്ടാരം വിഭാഗത്തിൽ നിന്നുള്ള ഒരു കുടുംബം മാത്രമാണ് സങ്കേതത്തിലുള്ളത്. അതുകൊണ്ട് തന്നെ സങ്കേതത്തിലെ ഇതരവിഭാഗ ജനങ്ങളിൽ നിന്നും ഇവർക്ക് വിവേചനം അനുഭവിക്കേണ്ടിവരുന്നുണ്ട്. സങ്കേതത്തിൽ അംഗൻവാടി, സാംസ്കാരികനിലയം, ലൈബ്രറി എന്നിങ്ങനെയുള്ള പൊതു കെട്ടിടങ്ങളില്ലാത്തത് കൊണ്ട് തന്നെ ആളുകൾക്ക് ഒത്തുകൂടാനുള്ള പൊതുസ്ഥലം ഇല്ല. തെരുവു വിളക്കുകൾ ഇല്ല. അത് സ്ഥാപിക്കേണ്ടതുണ്ട്.

സങ്കേതത്തിനകത്ത് വേനൽകാലത്ത് വളരെ ശക്തമായ കാറ്റടിക്കും ഇതു മൂലം കൃഷിക്കും ചിലപ്പോൾ വീടിനു മുകളിൽ മരങ്ങൾ വീണു വീടുകൾക്കും നാശനഷ്ടമുണ്ടാകുന്നു. കൂടാതെ കാട്ടുതീയുമുണ്ടാകാറുണ്ട്.

**S.IX.8.1കുടിവെള്ളം–** ജല ദൗർലഭ്യം സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. വേനൽകാലങ്ങളിൽ കുടിവെള്ളത്തിന് പുറമെ മറ്റ് ഗാർഹികാവശ്യത്തിനുള്ള വെള്ളത്തിന് കടുത്ത ക്ഷാമമാണ് സങ്കേതവാസികൾ അനുഭവിച്ച് വരുന്നത്. ഇത്തരം അവസരങ്ങളിലെല്ലാം തന്നെ പൈസ കൊടുത്ത് വെള്ളം വാങ്ങി ഉപയോഗിക്കേണ്ട അവസ്ഥയാണ് സങ്കേതവാസികൾക്കുള്ളത്. ഇത്തരത്തിൽ ക്ഷാമ കാലങ്ങളിൽ മാസത്തിൽ 7500 രൂപ വരെ കുടിവെള്ളത്തിനായി ഇവർക്ക് ചിലവ് വരുന്നുണ്ട്. മഴകാലങ്ങളിൽ മഴവെള്ളം സംഭരിച്ച് വെച്ചാണ് കുടിക്കാനായി മിക്ക കുടുംബങ്ങളും ഉപയോഗിക്കുന്നത്. പുനരധിവസിക്കപ്പെട്ട ആദ്യനാളുകളിലും പ്രദേശവാസികളിൽ നിന്നും കടുത്ത വിവേചനം നേരിടേണ്ടിവന്ന സങ്കേതവാസികൾക്ക് കുടിവെള്ളം കണ്ടെത്തുന്നതിന് വളരെയധികം ദുരിതങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി പട്ടികവർഗ വികസനവകുപ്പ്, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ സങ്കേതത്തിൽ നടപ്പിലാക്കിയിട്ടു ണ്ടെങ്കിലും അവയും പരാജയമാണ്. ഒരു മഴവെള്ള സംഭരണി, ഏഴ് കുടുംബങ്ങൾക്ക് ജനമൈത്രി പോലീസിന്റെ ടാങ്ക് സൗകര്യം എന്നിവയും നൽകിയിരുന്നുവെങ്കിലും കുറച്ച് കാലത്തേക്ക് മാത്രമാണ് ഗുണഭോക്താക്കൾക്ക് ഇവയുടെ ഗുണഫലം ലഭിച്ചിട്ടുള്ളത്. വീടുകൾതോറും കുടിവെള്ള വിതരണത്തിനുള്ള പൈപ്പ് ലൈൻ സംവിധാനം മടുക്ക സങ്കേതത്തിലും 2004 മുതൽ പ്രവൃത്തിച്ചിരുന്നുവെങ്കിലും മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ കേടുപാടുകൾ വന്ന പൈപ്പ് ലൈൻ സംവിധാനം പുനസ്ഥാപിച്ചിട്ടില്ല. 2004 മുതൽ 2007 വരെ ഏതാണ്ട് 3 വർഷകാലയളവിൽ മാത്രമാണ് ഗുണഭോക്താക്കൾക്ക് ഈ പൈപ്പ്ലൈൻ സംവിധാനത്തിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്. നിലവിൽ ഒരു കിണർ, ഒരു കുഴൽകിണർ, ഒരു കുളം എന്നീ സംവിധാനങ്ങൾ സങ്കേതത്തിലുണ്ടെങ്കിലും മുഴുവൻ കുടുംബങ്ങൾക്കും പ്രയോജനപ്പെടുന്നില്ല.

## S.IX.8.9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ വിവരശേഖരണത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള ളത്.

1. സങ്കേതത്തിലെ മുഴുവൻ പേർക്കും കുടിവെള്ളം ലഭിക്കുന്നില്ല. മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ കേടുപാടുകൾ വന്ന പൈപ്പ് ലൈൻ സംവിധാനം പുന:സ്ഥാപിക്കണം.

2. എല്ലാ വീടുകളിലും ചോർച്ചയുണ്ട് ഇതിനായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3. ഇടി മിന്നലേറ്റ് വീടുകൾ വിണ്ടു കീറുന്നു. തെങ്ങുകൾ കത്തി നശിക്കുന്നു. മിന്നലിൽ നിന്നും രക്ഷ നേടാനായി ആധുനിക രക്ഷാചാലകം അത്യാവശ്യമാണ്.

4. അംഗൻവാടിക്കായി കെട്ടിടം നിർമ്മിക്കണം. ഇപ്പോഴത് താത്ക്കാലിക സംവിധാനത്തി ലാണ് പ്രവർത്തിക്കുന്നത്.

5. എല്ലാവർക്കും ഒത്തുകൂടുവാനും പുനരധിവാസ മേഖലയുടെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുവാനും സാമൂഹിക കേന്ദ്രം നിർമ്മിക്കണം. നിലവിൽ ഇ തിന്റെ രേഖകൾ ശരിയായിട്ടില്ല.

6. ട്യൂഷൻ സെന്ററുകളും സാമൂഹിക പഠനമുറികളും വേണം. സാമൂഹിക കേന്ദ്രങ്ങളു ണ്ടെങ്കിൽ ഇതിനായി ഉപയോഗപ്പെടുത്താമായിരുന്നു.

7. മൃഗശല്ല്യം മൂലം കാർഷിക മേഖലയിൽ തകർച്ച നേരിടുന്നുണ്ട്.

8. മെച്ചപ്പെട്ട സ്ഥലം ലഭിച്ചാൽ കുറച്ചു പേർക്കെങ്കിലും മാറി താമസിക്കണമെന്നുണ്ട്. അതിനായി പട്ടയം മാറ്റി വാങ്ങാൻ താത്പര്യമുള്ളവരുണ്ട്.

9. സങ്കേതത്തിനടുത്ത് ഹെൽത്ത് സെന്ററുകളൊന്നുമില്ല. 10 കി.മി അകലെയായുള്ള ഹെൽത്ത് സെന്ററുകളെയാണ് ആശ്രയിക്കേണ്ടി വരുന്നത്. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ കൃത്യമായി നടപ്പിലാക്കണം.

10. അതിർത്തി തർക്കങ്ങൾ ഉണ്ടാകാറുണ്ട്. അത് കൃത്യമായി പരിഹരിക്കാൻ റീസർവ്വെ നട ത്തണം.

## S.X.കുഴിമാവ് പുനരധിവാസ മേഖല

### S.X.പ്രദേശം

ടി.ആർ.ഡി.എം. പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് മടുക്കയിൽ നിന്നും 5 കി.മീ. അകലെ കുഴിമാവ് മേഖലയിലാണ് കുഴിമാവ് സങ്കേതം സ്ഥിതി ചെയ്യുന്നത്. രണ്ട് കുടുംബങ്ങൾക്കാണ് ഇവിടെ ഭൂമി അനുവദിച്ചിട്ടുള്ളത്. ഒരേക്കർ ഭൂമിവീതം നൽകാമെന്ന് അറിയിച്ചിരുന്നുവെങ്കിലും 84 സെന്റ്, 87 സെന്റ് വീതമാണ് ഭൂമി ലഭ്യമായിട്ടുള്ളത്. ഇവരെല്ലാ വരും 'ആദിവാസി ദളിത് സമരസമിതി' നേതൃത്വത്തിൽ നടത്തിയ 2001ലെ ഭൂസമരത്തിൽ പങ്കെടുത്തവരാണ്. എരുമേലി പഞ്ചായത്തിലെ ഇരുമ്പൂന്നിക്കര, ചിറക്കടവ് പഞ്ചായത്തിലെ മണിമല എന്നിവിടങ്ങളിൽ നിന്നുമാണ് ഇവർ ഇവിടേക്ക് പുനരധിവാസിക്കപ്പെട്ടിട്ടുള്ളത്. ലഭ്യമായ ഭൂമിയിൽ റബ്ബർ, കവുങ്ങ് മുതലായവ കൃഷി ചെയ്തു വരുമാനം കണ്ടെത്തുന്നുണ്ട്.

സങ്കേതത്തിൽ താമസിക്കുന്ന രണ്ട് ഗുണഭോക്താക്കളുടെ (100%) സാംപിളുകൾ ശേഖ രിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.X.2 സമുദായഘടന–

ഉള്ളാടൻ, മലയരയൻ വിഭാഗങ്ങളിൽ നിന്നും ഓരോ കുടുംബങ്ങൾക്കു വീതമാണ് ഇവിടെ ഭൂമി അനുവദിച്ചിട്ടുള്ളത്. കുഴിമാവ് പുനരധിവാസമേഖലയിൽ രണ്ട് കുടുംബങ്ങളിലുമായി ആകെ 9 പേരാണ് താമസമുള്ളത്.

### S.X.3 അടിസ്ഥാന സൗകര്യം

ചകിരിമേട് പുനരധിവാസമേഖലയെ അപേക്ഷിച്ച് വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം മുതലായവയ്ക്ക് കുഴിമാവ് മേഖലയിൽ മെച്ചപ്പെട്ട സംവിധാനങ്ങളുണ്ട്. എന്നാൽ ഇതര ജനവിഭാഗങ്ങളുടെ ഇടപെടലും, കയ്യേറ്റവും കുഴിമാവ് മേഖലയിൽ കൂടുതലാണ്. മേഖലയിലെ ഇതര വിഭാഗം ആളുകൾ പുനരധിവാസ ഭൂമി കയ്യേറി റോഡ് വെട്ടിയിട്ടുണ്ട്. ഇത്തരത്തിൽ 10 സെന്റ് ഭൂമി ഇവർക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

## S.X.4 വിദ്യാഭ്യാസം

അടുത്തു തന്നെയുളള കുഴിമാവ് ഗവൺമെന്റ് സ്ക്കൂളിൽ ഒന്നു മുതൽ പത്താം ക്ലാസ്സ് വരെ യുളള പഠനത്തിനായുളള സൗകര്യമുണ്ട്. പുനരധിവാസം മൂലം കുട്ടികളുടെ പഠനത്തിന് തട സ്സങ്ങളൊന്നുമുണ്ടായില്ല.

## S.X.5ആരോഗ്യം

കോരുത്തോട്, കാഞ്ഞിരപ്പിളളി എന്നിവിടങ്ങളിലാണ് ആരോഗ്യ പ്രശ്നത്തിന് ചികിത്സ തേടി പോകാറുളളത്. പുനരധിവാസമേഖലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തു ന്നുണ്ട്. കൂടാതെ ആശാവർക്കർമാരുമുണ്ട്. എല്ലാവരും അലോപതി ചികിത്സാരീതിയാണ് അവലംബിക്കുന്നത്. കുട്ടികൾക്ക് രോഗപ്രതിരോധ കുത്തിവെപ്പുകളെടുക്കുന്നുണ്ട്.

## S.X.6തൊഴിലും വരുമാനവും

ഗുണഭോക്താക്കൾ തങ്ങൾക്ക് ലഭിച്ച ഭൂമിയിൽ റബ്ബർ, കവുങ്ങ് മുതലായവ കൃഷി ചെയ്തു വരുമാനം കണ്ടെത്തുന്നുണ്ട്. റബർ, തെങ്ങ്, കവുങ്ങ്, കശുമാവ്, വാഴ എന്നിവയാ ണ് ഇവിടെ കൃഷി ചെയ്യുന്നത്. മുമ്പ് പശുവിനെ വളർത്തിയിരുന്നുവെങ്കിലും ഇപ്പോഴില്ല. തൊഴിലുറപ്പിൽ അംഗത്വമുണ്ടെങ്കിലും വർഷത്തിൽ ആകെ മൂന്ന് തൊഴിൽ മാത്രമെ ലഭിക്കു ന്നുളളൂ. നിലവിൽ താമസിക്കുന്ന രണ്ട് കുടുംബങ്ങൾക്കും ബാങ്കുകളിൽ കാർഷിക ലോണു കളുണ്ട്. ഗുണഭോക്താക്കൾക്കെല്ലാം തന്നെ വർഷത്തിൽ 30 ൽ കുറഞ്ഞ തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്.

ഗുണഭോക്താക്കളിൽ രണ്ട് പേർക്ക് യഥാക്രമം ആജഘ അഅഥ റേഷൻ കാർഡും ആജഘ റേഷൻ കാർഡുമാണുളളത്.

പട്ടിക 3.11 റേഷൻകാർഡ്

| റേഷൻ കാർഡ് | | | | | |
|---|---|---|---|---|---|
| | | | റേഷൻ കാർഡ് | | |
| | | | ബി പി എൽ | ബി പി എൽ എ എ വൈ | ആകെ |
| സങ്കേതം | കുഴിമാവ് | എണ്ണം | 1 | 1 | 2 |
| | | % സങ്കേതത്തിൽ | 50.0% | 50.0% | 100.0% |

## S.X.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

കോട്ടയം ജില്ലയിലാകെ ആദിവാസി പുനരധിവാസ വികസന മിഷനിലൂടെ 19 കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. ഭൂമി ലഭ്യമായ 19 ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾ ലഭ്യമായ ഭൂമിയിൽ താമസിക്കുന്നില്ല. ടി.ആർ.ഡി.എം. മിഷന് ജില്ലയിൽ പ്രത്യേക സൈറ്റ് മാനേജർ സംവിധാനം നിലവിലില്ല. കാഞ്ഞിരപ്പിള്ളി പ്രോജക്ട് ഓഫീസറുടെ നേതൃത്വത്തിലാണ് നിലവിൽ ജില്ലയിലെ ടി.ആർ.ഡി.എം. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്.

ഭൂമി വിതരണവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹരായ വർക്ക് തന്നെയാണ് മിഷൻ ഭൂമി വിതരണം നടത്തിയിട്ടുള്ളത്. റോഡ്, വീട്, കുടിവെള്ളം മുതലായ അടിസ്ഥാന വികസനാവശ്യങ്ങൾക്ക് മിഷൻ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. എല്ലാവരും പഞ്ചായത്തിനു പുറത്തു നിന്നും പുനരധിവസിക്കപ്പെട്ടവരാണ്. കുന്നിൻ ചെരുവിലാണ് സ്ഥലം സ്ഥിതി ചെയ്യുന്നത്. സർക്കാറിന്റെ നിർദേശപ്രകാരം ലഭിച്ച സ്ഥലത്താണിവർ അധിവസിച്ചു വരുന്നത്. മറ്റു സമുദായക്കാരുടെ ബാഹുല്യമുള്ള സ്ഥലം കൂടിയാണിത്. മടുക്കയിലെ കുടുംബശ്രീയിൽ ഇവർക്ക് അംഗത്വമുണ്ടായിരുന്നു എന്നാൽ ഇപ്പോഴില്ല. സങ്കേതത്തിലെല്ലാവർക്കും വൈദ്യുതി സൗകര്യം ലഭ്യമാണ്.

## S.X.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

നിലവിൽ സമീപവാസികൾ റോഡ് കൈയ്യേറിയിട്ടുണ്ട്. സ്ഥലം സർക്കാറിൽ നിന്നും ലഭിച്ചതിനു ശേഷമാണ് റോഡ് കൈയ്യേറ്റം നടന്നിട്ടുള്ളത്. ഇതിനെതിരെ കേസ്സ് കൊടുത്തിട്ടുണ്ട്. പക്ഷെ സങ്കേതവാസികൾക്കെതിരെയാണ് വിധിയായിട്ടുള്ളത്.

## S.X.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. പുനരധിവസിക്കപ്പെട്ട് 15 വർഷങ്ങൾ കഴിഞ്ഞിട്ടും സങ്കേതത്തിന്റെ സർവതോന്മുഖമായ ഉന്നമനം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ സങ്കേതം നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളി കുടിവെള്ള പ്രശ്നമാണ്.
2. കുറഞ്ഞ തൊഴിലവസരങ്ങളും, ജീർണ്ണാവസ്ഥയിലായ വീടുകളും സങ്കേതവാസികൾ നേരിടുന്ന മറ്റ് പ്രശ്നങ്ങളാണ്.
3. ലഭിച്ച ഭൂമിക്ക് അതിര് തിരിച്ച് കയ്യാല വെക്കേണ്ടതുണ്ട്.

4. കാർഷിക വായ്പ എഴുതി തള്ളണം.

**ഉപസംഹാരം**

കോട്ടയം ജില്ലയിലാകെ ആദിവാസി പുനരധിവാസ വികസന മിഷനിലൂടെ 19 കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. അതിൽ തന്നെ രണ്ട് ഗുണഭോക്താക്കൾ ലഭ്യമായ ഭൂമിയിൽ താമസിക്കുന്നില്ല. ടി.ആർ.ഡി.എം. മിഷന് ജില്ലയിൽ പ്രത്യേക സൈറ്റ് മാനേജർ സംവിധാനം നിലവിലില്ല.

ചകിരിമേട്, കുഴിമാവ് എന്നിങ്ങനെ രണ്ട് വ്യത്യസ്തമേഖലകളിലായാണ് പുനരധിവാസ മേഖല സ്ഥിതിചെയ്യുന്നതെങ്കിലും ഈ രണ്ടു മേഖലകൾക്കുമായി പൊതുവായി 'മടുക്ക ട്രൈബൽ മിഷൻ സെറ്റിൽമെന്റ്' എന്ന പൊതുപേരിലാണ് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്.

മടുക്ക (ചകിരിമേട്) പുനരധിവാസ മേഖലയിൽ കുടിവെള്ളം,വീടുകളിലെ ചോർച്ച, ഇടി മിന്നൽ പോലെയുള്ള പ്രശ്നങ്ങൾ രൂക്ഷമാണ്. ഇടി മിന്നലേറ്റ് തെങ്ങുകൾ കത്തി നശിക്കുന്നു. ആധുനിക രക്ഷാചാലകം ഇവിടെ അത്യാവശ്യമാണ്. സങ്കേതത്തിൽ താത്ക്കാലിക അംഗനവാടി സംവിധാനമാണുള്ളത്. അംഗനവാടിക്കായി കെട്ടിടമൊരുക്കണം. സങ്കേതവാസികൾക്ക് ഒത്തു ചേരുവാനും കൂട്ടാമായി ചർച്ചകൾ നടത്തി തീരുമാനങ്ങളെടുക്കുവാനും സാംസ്കാരിക നിലയം വേണം. മടുക്ക പുനരധിവാസമേഖലയെ അപേക്ഷിച്ച് വിദ്യാഭ്യാസം, ആരോഗ്യം, മുതലായവയ്ക്ക് കുഴിമാവ് മേഖലയിൽ മെച്ചപ്പെട്ട സംവിധാനങ്ങളുണ്ട് എന്നിരുന്നാലും കുടിവെള്ളം, ലഭിച്ച ഭൂമിക്ക് കയ്യാല വെക്കൽ എന്നീ വികസന പ്രവർത്തനങ്ങൾ കൂടി ഇവിടെ പൂർത്തീകരിക്കാനുണ്ട്.

# ഇടുക്കിജില്ല

# ഇടുക്കി ജില്ലയിലെ പുനരധിവാസ സങ്കേതങ്ങൾ

1972 ജനവരി 26നാണ് ഇടുക്കി ജില്ല രൂപം കൊണ്ടത്. തെക്ക് പത്തനംത്തിട്ടയും, തെക്ക് പടിഞ്ഞാറ് കോട്ടയവും, വടക്ക് പടിഞ്ഞാറ് ഏറണാകുളവും, വടക്ക് തൃശ്ശൂരും കിഴക്ക് തമിഴ്നാടും ഇടുക്കി ജില്ലയുടെ അതിർത്തികൾ പങ്കിടുന്നു. കേരളത്തിന്റെ സുഗന്ധദ്രവ്യങ്ങളുടെ, വൈദ്യുതിയുടെ കലവറയാണ് ഇടുക്കി. ഇടുക്കി ജില്ലയിൽ ആറ് ടി ആർ ഡി എം സങ്കേതങ്ങളാണുളളത്. ഗോത്രസമൂഹം വയനാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അധിവസിക്കുന്നത് ഇടുക്കി ജില്ലയിലാണ്.

ദേവികുളം താലൂക്കിലെ ചിന്നക്കനാൽ 80 ഏക്കർ പുനരധിവാസ സങ്കേതം, മറയൂർ പഞ്ചായത്തിലെ മറയൂർ സങ്കേതം, കുണ്ടല സങ്കേതം, ചിന്നക്കനാലിലെ വിലക്ക് സങ്കേതം, സിങ്കുകണ്ടം മുന്നൂറ്റൊന്ന് സങ്കേതം, ശാന്തൻപാറ പഞ്ചായത്തിലെ പന്തടിക്കളം സങ്കേതം, സൂര്യനെല്ലി സങ്കേതം എന്നിവയാണ് ഇടുക്കി ജില്ലയിലെ 8 ടി ആർ ഡി എം സങ്കേതങ്ങൾ.

## S.XI.ചിന്നക്കനാൽ 80 ഏക്കർ പുനരധിവാസ സങ്കേതം

### S.X1 പ്രദേശം

ദേവീകുളം താലൂക്കിലെ ചിന്നക്കനാൽ പഞ്ചായത്തിൽ എട്ടാം വാർഡിലാണ് ചിന്നക്കനാൽ 80 ഏക്കർ പുനരധിവാസ സങ്കേതം. മൂന്നാർ ടൗണിൽ നിന്നും 30 കി.മീ. അകലെ ആനയിറങ്ങൽ ഡാമിന്റെ കരയിലായാണ് 80 ഏക്കർ സങ്കേതം നിലകൊള്ളുന്നത്. മറയൂർ പഞ്ചായത്തിലെ വിവിധ സങ്കേതങ്ങളിലെ 68 കുടുംബങ്ങൾക്ക് ഇവിടെ രണ്ടര ഏക്കർ വീതം ഭൂമിയനുവദിക്കുകയും, 53 കുടുംബങ്ങൾക്ക് 80 ഏക്കർ ഭാഗത്തും, 15 കുടുംബങ്ങൾക്ക് ഡാമിന്റെ മറുകരയിൽ പന്തടിക്കളം സങ്കേതത്തിനോട് ചേർന്നുമാണ് ഭൂമി അനുവദിച്ചത്. നിലവിൽ ഉപ കുടുംബങ്ങൾ ഉൾപ്പെടെ 79 കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ട്. വ്യക്തികൾക്ക് ഭൂമിയനുവദിച്ചതിനു പുറമെ സങ്കേതത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കു വേണ്ടി 2.5012 ഹെക്ടർ ഭൂമി മാറ്റിവെച്ചിട്ടുണ്ട്.

2011 ലെ കാനേഷുമാരി സർവ്വെ പ്രകാരം ഇവരുടെ ആകെ ജനസംഖ്യ 2959 ആണ്. ഇതിൽ 1461 പുരുഷൻമാരും 1498 സ്ത്രീകളും ഉൾപ്പെടുന്നു. മറയൂർ പഞ്ചായത്തിലെ കുമ്മിട്ടാംകുഴി, ചെറുവാട്, കരിമുട്ടി, നാച്ചിവയൽ, പട്ടിക്കാട്, മിഷൻവൈൽ, മറയൂർ തുടങ്ങിയ ഏഴ് സങ്കേതങ്ങളിലെ ഹിൽപുലയ വിഭാഗത്തിലെ കരവഴി പുലയർക്കാണ് ചിന്നക്കനാൽ 80 ഏക്കർ ഭാഗത്ത് ഭൂമി വിതരണം ചെയ്തത്.

ചിന്നക്കനാൽ 80 ഏക്കർ സങ്കേതത്തിൽഗുണഭോക്താക്കളുടെ 8% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുളളത്.

## S.XI.1. 1ചിന്നക്കനാൽ 80 ഏക്കർ പുനരധിവാസ ചരിത്രം

ഗോത്രവിഭാഗങ്ങളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി കേരളത്തിൽ നടന്ന വിവിധ സമരങ്ങളുടെ ഭാഗമായി ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിക്കുകയും ഭൂരഹിതരായ ഗോത്രവിഭാഗങ്ങളെ കണ്ടെത്തി മിഷൻ മുഖാന്തിരം ഭൂവിതരണം നടത്തുകയും ചെയ്തു. ഇങ്ങനെ കേരളത്തിൽ ആദ്യമായി ഭൂമി വിതരണം നടത്തിയത് ഇടുക്കി ജില്ലയിലാണ്. ഈ ജില്ലയിലെ 72 മുതുവാൻ ഗോത്രവിഭാഗങ്ങൾക്ക് കുണ്ടളയിലും 242 ഹിൽപുലയ സമുദായങ്ങൾക്ക് മറയൂരിലും ആയിരുന്നു ആദ്യത്തെ ഭൂമി വിതരണം നടത്തിയത്. ഈ കാലത്ത് തന്നെ ഹിൽപുലയ ഗോത്രവിഭാഗത്തിൽപ്പെടുന്ന മറയൂരിലെ 68 കുടുംബങ്ങൾക്ക് കുണ്ടള ഭാഗത്ത് അഞ്ച് ഏക്കർ വീതം ഭൂമി നൽകികൊണ്ടുള്ള പട്ടയ വിതരണവും നടന്നു. എന്നാൽ നിശ്ചിത ഭൂമി 2007 വരെ ഹിന്ദുസ്ഥാൻ നാഷണൽ പ്രിന്റിങ്ങ് കമ്പനിക്ക് (HNL) പാട്ടത്തിന് നൽകിയതു കാരണം പാട്ടക്കാലാവധി കഴിഞ്ഞാലും ഭൂമി കിട്ടുമോ എന്ന ആശങ്കയുണ്ടായിരുന്നതിനാൽ മറ്റൊരു സ്ഥലത്തേക്ക് ഭൂമി ലഭിക്കാൻ ആവശ്യപ്പെട്ടു. അഞ്ച് ഏക്കർ ഭൂമി തന്നെ ലഭിക്കണമെന്ന് ഈ കുടുംബങ്ങൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത്രയും കുടുംബങ്ങൾക്ക് ഇവിടെ ഭൂമി ലഭ്യമായിരുന്നില്ല. തുടർന്നാണ് 2003 ഏപ്രിലിൽ 68 കുടുംബങ്ങൾക്ക് ചിന്നക്കനാൽ പഞ്ചായത്തിലെ ആനയിറങ്ങൽ ഡാമിന് സമീപം ഭൂമി നൽകാൻ തീരുമാനമായത്. അതുവരെ ഈ ഭൂമി ഒചഘ ന്റെ കൈവശമായിരുന്നു. സമരങ്ങളുടെ ഭാഗമായി ഈ ഭൂമിയിലെ 80 ഏക്കർ ഇടുക്കി ജില്ലയിലെ മന്നാൻ ഗോത്രവിഭാഗത്തിൽപ്പെട്ടവർ കൈവശം വെച്ചിരുന്നു. ഈ ഭൂമി തിരിച്ചെടുത്ത് 53 കുടുംബങ്ങൾക്ക് ഭൂമി നൽകാൻ തികയാതെ വന്നപ്പോൾ സങ്കേതത്തിനോട് ചേർത്തു തന്നെ എതിർവശത്ത് ഡാമിന്റെ കരയിലായി പറമ്പികുളം പുനരധിവാസ മേഖലയോട് ചേർന്ന് ഭൂമിയനുവദിക്കുകയും ചെയ്തത്. 80 ഏക്കർ ഭൂമി തിരിച്ചെടുത്ത് ഇവർക്ക് നൽകിയതു കൊണ്ടാണ് ഈ സങ്കേതം 80 ഏക്കർ പുനരധിവാസ സങ്കേതം എന്ന് അിറയപ്പെടുന്നത്. 80 ഏക്കർ ഭാഗത്തെ കൃഷി ഭൂമിയും വളക്കൂറുള്ള മണ്ണും കണ്ട് ഇഷ്ടപ്പെട്ടത് കൊണ്ടാണ് തങ്ങൾ ആവശ്യപ്പെട്ടിരുന്ന അഞ്ച് ഏക്കർ ഭൂമി എന്ന ആവശ്യത്തിൽ നിന്ന് ഇവരെ പിൻമാറാൻ പ്രേരിപ്പിച്ചത്.

2003 ഏപ്രിൽ 27 നാണ് ഗുണഭോക്താക്കൾക്ക് ഇവിടെ ഭൂമി നൽകിയത്. അതിന് ശേഷം തൊട്ടടുത്ത മെയ് മാസം തന്നെ സങ്കേതത്തിൽ ഷെഡ് കെട്ടി സങ്കേതവാസികൾ താമസമാരംഭിച്ചിരുന്നു. സങ്കേതത്തിൽ ഭൂമി ലഭിച്ചവരെല്ലാം തന്നെ തങ്ങളുടെ താൽപര്യ പ്രകാരമാണ് ഭൂമി സ്വീകരിച്ചത്. നിലവിൽ കൈയ്യേറിയ കുടുംബങ്ങൾ കൃഷി ചെയ്തത് കൊണ്ട് ഭൂമിയുടെ മണ്ണിന്റെ ഫലഭൂയിഷ്ടത മനസ്സിലാക്കാൻ ഇവർക്ക് സാധിച്ചു. സങ്കേതത്തിൽ താമസമാരംഭിക്കുന്ന ഘട്ടത്തിൽ വളരെ പ്രയാസമേറിയ ജീവിതമാണ് മിക്കവരും നയിച്ചിരുന്നത്. സങ്കേതത്തിൽ വരുന്ന സമയത്ത് തന്നെ കുറച്ച് കാലത്തേക്ക് വേണ്ടി വരുന്ന അരിയും സാധനങ്ങളുമായാണ് ഇവരെത്തിയത്. താമസമാരംഭിക്കുന്ന ഘട്ടത്തിൽ നല്ല റോഡുകളോ, കുടിവെള്ള സൗകര്യങ്ങളോ, വാസയോഗ്യമായ വീട്, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോ ഒന്നും

തന്നെയൊരുക്കിയിരുന്നില്ല. സങ്കേതത്തിൽ താമസമാരംഭിക്കുന്ന ഘട്ടം മുതൽക്കെ മൃഗശല്ല്യം രൂക്ഷ മായിരുന്നു. കൂടാതെ ആനയുടെ ആക്രമണം ജീവനു തന്നെ ഭീഷണിയായിരുന്നു. തുടക്കം മുതൽ ഇത്തരം വിപരീതമായ സാഹചര്യത്തെ അതിജീവിച്ചു, വെല്ലുവിളികൾ നേരിട്ടു കൊണ്ട് കേരളത്തിലെ പുനരധിവാസ വികസന മിഷൻ സങ്കേതങ്ങളിൽ ഒരു മാതൃക സങ്കേതമാകാൻ 80 ഏക്കർ സങ്കേതത്തിനു സാധിച്ചിട്ടുണ്ട്.

## S.XI.2സമുദായഘടന

സങ്കേതത്തിൽ ഭൂമിയനുവദിച്ചവരെല്ലാം തന്നെ ഭൂരഹിതരായ ഹിൽപുലയ ഗോത്രവിഭാഗങ്ങളാണ്. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ അഞ്ചുനാട്, പാലപ്പെട്ടി, കരിമുട്ടി, അലംപെട്ടി, ചമ്പക്കാട്, ഈച്ചപ്പെട്ടി, പുരവയൽ, കെട്ടെപ്പാലം, കുമ്മിട്ടാംകുഴി, നാച്ചിവയൽ, ചെറുവാട് തുടങ്ങിയ പ്രദേശങ്ങളിൽ വസിക്കുന്ന ഗോത്രവിഭാഗമാണ് ഹിൽപുലയ. വനവിഭവങ്ങൾ ശേഖരിക്കുന്ന കുറുമ്പ പുലയരും കാർഷിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കരവഴി പുലയരും ചേർന്നാണ് ഹിൽപുലയ എന്നറിയപ്പെടുന്നത്. ഈ രണ്ട് വിഭാഗങ്ങൾ തമ്മിൽ വിവാഹബന്ധങ്ങളിൽ ഏർപ്പെടാറില്ല. തമിഴ് സംസാരഭാഷയായിട്ടുള്ള ഈ വിഭാഗക്കാർ ഭൂരിഭാഗവും ഇപ്പോൾ കാർഷിക തൊഴിലാളികളാണ്. ഇക്കാലത്ത് വളരെ കുറച്ച് പേർ മാത്രമാണ് വനവിഭവശേഖരണത്തിൽ ഏർപ്പെടുന്നത്.

## S.XI.3 അടിസ്ഥാന സൗകര്യം

### 80 ഏക്കർ പുനരധിവാസ സങ്കേതം – അടിസ്ഥാന സൗകര്യവികസനങ്ങളുടെ മാതൃക

ഭൂമി ലഭ്യമായ കാലയളവിൽ തന്നെ കൃത്യമായ ആസൂത്രണത്തിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയ സങ്കേതമാണ് 80 ഏക്കർ. സങ്കേതത്തിൽ ഭൂമി ലഭ്യമായവരെല്ലാം തന്നെ ഒരേ ഗോത്രവിഭാഗത്തിൽപ്പെട്ടവരാണെന്നുള്ളത് ഇവർ ക്കിടയിൽ ഒരു ഐക്യം രൂപപ്പെടുന്നതിനും കൂട്ടായ്മയുണ്ടാക്കുന്നതിനും കാരണമായി. ഈ കൂട്ടായ്മയെ നല്ല രീതിയിൽ ഉപയോഗിക്കാൻ സമുദായ നേതൃത്വവും നല്ല പങ്ക് വഹിച്ചിട്ടുണ്ട്. 2001 ജനുവരിയിലാണ് 68 കുടുംബങ്ങൾക്ക് കുണ്ടളയിൽ അഞ്ച് ഏക്കർ വീതം ഭൂമിയനുവദിച്ചത്. കമ്പനിയുടെ (ഹിന്ദുസ്ഥാൻ നാഷണൽ പ്രിന്റിങ്ങ് കമ്പനി) കൈവശമുള്ള ഭൂമി കിട്ടാൻ വൈകുമെന്നുള്ളതു കൊണ്ടും, 80 ഏക്കർ ഭാഗത്തെ ഭൂമിയിൽ ജലസേചനത്തിന് യാതൊരു ബുദ്ധിമുട്ടുമില്ലാത്ത, മൂന്ന് ഭാഗവും ഡാമിലെ വെള്ളത്താൽ ചുറ്റപ്പെട്ട കൃഷിയോഗ്യമായ ഭൂമി കണ്ടപ്പോൾ തങ്ങളുടെ അഞ്ച് ഏക്കർ എന്ന ആവശ്യം പരിമിതപ്പെടുത്തി രണ്ടര ഏക്കർ എന്നാക്കിയും, ഈ ഭൂമിയിൽ 68 കുടുംബങ്ങളെ കൊണ്ടെത്തിക്കാൻ സമുദായ നേതൃത്വം വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. 2003 ൽ കിട്ടിയ ഭൂമി വീണ്ടും നഷ്ടപ്പെടുമോ എന്നുള്ള ആശങ്കയുണ്ടായിരുന്ന സമയത്തും ഭൂമി ലഭിച്ചവരെ ഒരുമിച്ചു നിർത്താൻ സങ്കേതത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എല്ലാം തന്നെ കൃത്യമായ

വീക്ഷണത്തോടെ നടപ്പിലാക്കാൻ സമുദായ നേതൃത്വത്തിനും സങ്കേതവാസികൾക്കും സാധിച്ചിട്ടുണ്ട്.

**സങ്കേതത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തിയ രീതികൾ**

## S.XI.3.1ഊരുകൂട്ടം

സങ്കേതത്തിൽ ശക്തവും കൃത്യതയോടെയുമുള്ള ഊരുകൂട്ട പ്രവർത്തനം നടന്നു വരുന്നുണ്ട്. സങ്കേതത്തിന്റെ വികസന പ്രവർത്തനങ്ങളെല്ലാം തന്നെ നടന്നു വരുന്നത് ഈ ഊരുകൂട്ടം മുഖേനയാണ്. സങ്കേതത്തിലെ 68 കുടുംബങ്ങളെയും ഉൾപ്പെടുത്തിയാണ് ഊരു കൂട്ടം നടത്തിവരുന്നത്. 3 മാസത്തിൽ ഒരു തവണയോ പദ്ധതികളുടെ ഭാഗമായോ ഊരുകൂട്ടയോഗം നടന്നു വരുന്നുണ്ട്. സങ്കേതത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ഊരു കൂട്ടത്തിൽ ചർച്ചചെയ്യുകയും, പുതിയ പദ്ധതികൾ അവതരിപ്പിക്കുകയും, ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. മറ്റു സങ്കേതങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും എന്നതിനു പകരം 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരും ഊരു കൂട്ടത്തിൽ പങ്കെടുക്കണമെന്ന് തീരുമാനിക്കുകയും ഊരു കൂട്ടം തീയതി മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും മുൻകൂട്ടി അറിയിച്ച് ഊരു കൂട്ടത്തിൽ പങ്കെടുക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. നിലവിലെ പ്രൊമോട്ടർ സങ്കേതത്തിലെ തന്നെയായതിനാലും സങ്കേതത്തിന്റെ ആരംഭ ഘട്ടം മുതൽ തന്നെ പ്രൊമോട്ടറായി തുടരുന്നതിനാലും, സമുദായ നേതാവായതിനാലും, ഇവിടുത്തെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നതിൽ വളരെയേറെ പുരോഗതിയുള്ളതായി കാണാൻ സാധിക്കുന്നുണ്ട്.

## S.XI.3.2ഊരു കമ്മിറ്റി

ആരംഭഘട്ടത്തിൽ തന്നെ സങ്കേതത്തിലെ ഊരു കൂട്ടത്തിന് പുറമെ സങ്കേതത്തിലെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഒരു ഊരു കമ്മിറ്റി രൂപീകരിക്കുകയും സമുദായ ആചാരപ്രകാരം തലവനെ നിശ്ചയിക്കുകയും ചെയ്തു. പുനരധിവാസ മേഖലയിൽ പല സങ്കേതത്തിൽ നിന്നും വന്നവരായതുകൊണ്ടു തന്നെ ഒരു തലൈവരെ (മൂപ്പനെ) നിശ്ചയിക്കുക എന്നുള്ളത് പ്രയാസമേറിയതായിരുന്നു. അതുകൊണ്ട് തന്നെ എല്ലാവരും ചേർന്ന് ഏറ്റവും കൂടുതൽ കുടുംബങ്ങൾ എത്തിച്ചേർന്ന സങ്കേതങ്ങളായ കുമ്മിട്ടാംകുഴി, ചെറുവാട്, നാച്ചിവയൽ സങ്കേതങ്ങളിലെ പ്രായം കൂടിയ മൂന്നു പേരെ തലൈവർ ആക്കുകയും എല്ലാ മാസവും ആദ്യത്തെ ഞായർ, ചില മാസങ്ങളിൽ രണ്ട് പ്രാവശ്യമെല്ലാം യോഗം ചേരുകയും ചെയ്യുന്നുണ്ട്. സങ്കേതത്തിന്റെ ആവശ്യങ്ങൾ ഈ യോഗത്തിൽ അവതരിപ്പിച്ച് തീരുമാനത്തിൽ എത്തിയതിന് ശേഷമാണ് ഊരു കൂട്ടത്തിൽ അവതരിപ്പിച്ച് സാധ്യമാക്കിയെടുക്കുന്നത്. ഈ കമ്മിറ്റി വഴി സമുദായത്തിന്റെയും സങ്കേതത്തിന്റെയും ആവശ്യങ്ങൾ ഇവർക്കിടയിൽ മാത്രം ചർച്ച

ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ സങ്കേതത്തിന്റെ പ്രശ്നങ്ങൾ കുടുംബ പ്രശ്നങ്ങൾ വരെ പരിഹാരം കാണാനും ഈ കൂട്ടായ്മയിൽ ശ്രദ്ധിക്കുന്നുണ്ട്.

ഈ കൂട്ടായ്മക്ക് പുറമെ പത്ത് പ്ലോട്ടുകൾക്ക് ഒരു ലീഡർ എന്ന ക്രമത്തിൽ 68 കുടുംബങ്ങൾക്ക് ഏഴ് ലീഡറെ നിശ്ചയിക്കുകയും ഈ പത്ത് പ്ലോട്ടുകളിലെ എല്ലാ കാര്യങ്ങളും ഈ ലീഡറെ അറിയിക്കുകയും ചെയ്യുന്നു. ഈ ഏഴ് പേരും സമുദായ നേതാവു കൂടിയായ പ്രമോട്ടറും ചായ കടയിലോ, മറ്റു വീടുകളിലോ ദിവസവും ഒത്തുചേരും. ഇങ്ങനെ സങ്കേതത്തെ സംബന്ധിക്കുന്ന മുഴുവൻ കാര്യങ്ങളും എല്ലാ ദിവസവും ചർച്ചയിൽ എത്തുകയും ചെയ്യുന്നു.

### S.XI.3.3വീട് നിർമ്മാണ പ്രവർത്തനങ്ങൾ

സിങ്കുകണ്ടം 301, പന്തടിക്കളം, ചിന്നക്കനാൽ 80 ഏക്കർ തുടങ്ങിയ പുനരധിവാസ സങ്കേതങ്ങളിൽ 2007 കാലഘട്ടത്തിലാണ് വീട് നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിച്ചത്. അതിനുമുമ്പ് താത്ക്കാലിക ഷെഡ് വെയ്ക്കുന്നതിനായി 3000 രൂപയും നൽകിയിരുന്നു. 2007-2008 കാലഘട്ടത്തിൽ വീട് നിർമ്മാണത്തിനായി 75000 രൂപയാണ് അനുവദിച്ചത്. സിങ്കുകണ്ടം 301, പന്തടിക്കുളം സങ്കേതങ്ങളിൽ ആദ്യ ഘട്ടത്തിൽ ഗുണഭോക്താക്കൾ നേരിട്ടായിരുന്നു ഗൃഹ നിർമ്മാണം നടത്തിയതെങ്കിലും ഈ തുകയ്ക്ക് ഗുണഭോക്താക്കൾ നിർമ്മിച്ച വീടുകൾ പരാജയമായിരുന്നു. ഇത് മുന്നിൽ കണ്ട് 80 ഏക്കർ ഭാഗത്തെ ഗുണഭോക്താക്കൾ ഗൃഹനിർമ്മാണം കോൺട്രാക്ടറെ കൊണ്ട് നടത്താൻ തീരുമാനമെടുത്തു. ഊരുകൂട്ട കമ്മിറ്റി തന്നെ നല്ല രീതിയിൽ വീടുനിർമ്മാണം നടത്തിയ കോൺട്രാകടറെ കണ്ടെത്തുകയും പ്രവർത്തികൾ നടത്താൻ ചുമതലപ്പെടുത്തുകയും ചെയ്തു. 2005ൽ ആരംഭിച്ച നിർമ്മാണപ്രവർത്തികളിൽ 14 വീടുകളുടെ നിർമ്മാണം കോൺക്രീറ്റ് ചെയ്യുന്നതു വരെ നടന്നു. ആദ്യഘട്ടത്തിൽ അനുവദിച്ച 75000 രൂപക്ക് നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കാൻ സാധിക്കാതെ വന്നപ്പോൾ ഫണ്ട് ഉയർത്താൻ ആവശ്യപ്പെടുയും ഫണ്ടിൽ കൂടുതൽ തുക ഉയർത്തി ഒരു ലക്ഷമാക്കുകയും ചെയ്തു. ഈ ഫണ്ട് കൊണ്ട് 2010 ആകുമ്പോഴേക്കും 68 വീടുകളും കോൺക്രീറ്റ് പ്രവൃത്തി പൂർത്തിയാക്കുകയും അതിനു ശേഷം നടത്തേണ്ട പ്രവൃത്തികൾക്കായി ഊരു കമ്മിറ്റി മുഖാന്തിരം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സർക്കാറിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കലക്ടർ മുഖാന്തിരം നടത്തിയ ചർച്ചയിൽ ഫണ്ട് ഉയർത്തുകയും 135000 രൂപയായി നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2008-2010 ആദ്യഘട്ടത്തിൽ നിർമ്മിച്ച 80 വീടുകൾ ഉൾപ്പെടെ 30 വീടുകൾക്ക് ഉപയോഗിച്ച മണൽ നിലവാരം കുറഞ്ഞതായതിനാൽ ചോർച്ചയനുഭവപ്പെടുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സങ്കേതത്തിലെ ആനശല്യം പരിഹരിക്കാൻ വേണ്ടി എല്ലാ വീടുകളുടെയും മുകൾ ഭാഗത്ത് തൽക്കാലിക ഷെഡ് പണിതിട്ടുണ്ട്. ആന വരുന്ന സമയത്ത് ഈ ഷെഡുകളിൽ കയറി നിൽക്കുകയും, ബഹളമുണ്ടാക്കി ആനയെ തുരത്തുകയുമാണ് ചെയ്യുന്നത്.

## S.XI.3.4കുടിവെള്ളം

സങ്കേതത്തിൽ താമസമാരംഭിച്ച ഘട്ടത്തിൽ ഗുണഭോക്താക്കൾ വളരെയേറെ കുടിവെള്ള ക്ഷാമം അനുഭവിച്ചിരുന്നു. കുടിവെള്ള സംവിധാനങ്ങൾ സങ്കേതത്തിൽ ഒരുക്കുന്നതിലും വളരെയേറെ തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. ഇതിന്റെ പ്രധാന കാരണമായി കാണുന്നത് ഫണ്ടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി നൽകുന്നതിലെ താമസം തന്നെയാണ്. 2008 ൽ തന്നെ കുടിവെള്ള സംവിധാനം ഒരുക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ജില്ലാ മിഷൻ പാസാക്കിയിരുന്നു. എന്നാൽ ഇതിന്റെ അന്തിമ അനുമതി ലഭിച്ചത് 2012ൽ മാത്രമാണ്. കിണർ കുഴിക്കാനും, തുടർന്ന് ഡാം സേഫ്റ്റി അതോറിറ്റിയുടെ അനുമതിക്ക് ഒരു വർഷവും, കുടിവെള്ള സംവിധാനങ്ങൾ സങ്കേതത്തിൽ എത്തിക്കുന്നതിനും പൈപ്പ് കണക്ഷൻ നൽകുന്നതിനു ഒരു വർഷവും പിന്നെയും താമസിച്ചു. അതിനു ശേഷം വെള്ളം പമ്പ് ചെയ്യുന്ന മോട്ടോർ പ്രവർത്തിപ്പിക്കാൻ വൈദ്യുതിക്കായി ത്രീഫേസ്സ്ലൈൻ എടുക്കാൻ ഒരു വർഷം കൂടി കാത്തു നിൽക്കേണ്ടിവന്നു. ഇതുമൂലം 2008ൽ ആരംഭിച്ച കുടിവെള്ള പദ്ധതി 2015 അവസാനമാണ് കമ്മീഷൻ ചെയ്തത്.

സങ്കേതത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിൽ കൃത്യമായ ആസൂത്രണം സങ്കേതത്തിലുള്ളവരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ട്. 68 കുടുംബങ്ങൾക്ക് West 1, West 2, East 1, East 2 എന്നിങ്ങനെ നാല് ഭാഗങ്ങളിലായി നാല് കുടിവെള്ള ടാങ്കുകൾ നിർമ്മിച്ചു. ഇതിന് ആവശ്യമായ വെള്ളം രണ്ട് കിണറുകളിൽ നിന്നായാണ് ശേഖരിക്കുന്നത്. ഇങ്ങനെ നാല് ടാങ്കുകളിൽ വെള്ളം ശേഖരിക്കുന്ന ഗുണഭോ ക്താക്കളുടെ നാല് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. അതാത് കമ്മിറ്റികളിലുള്ളവർ അവരുടെ കുടിവെള്ള പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുന്നു. ഈ കമ്മിറ്റികൾ ഓരോ ഗുണഭോക്താക്കളിൽ നിന്നും മാസം 100 രൂപ നിരക്കിലും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരിൽ നിന്നും 50 രൂപ നിരക്കിലും തുക ഈടാക്കുന്നുണ്ട്. കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് അടക്കുന്നതും അറ്റകുറ്റപണികൾ നടത്തുന്നതും ഈ തുക കൊണ്ടാണ്. ബാക്കി വരുന്ന തുക അതാതു കമ്മിറ്റിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്. നിലവിൽ വേനൽക്കാലത്ത് ചെറിയ രീതിയിലുള്ള കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ആരംഭഘട്ടത്തിൽ 68 കുടുംബങ്ങൾ ഉണ്ടായിരുന്നത് ഇപ്പോൾ 79 ആയി ഉയർന്നിട്ടുണ്ട്. സമീപ ഭാവിയിൽ കുടിവെള്ള ക്ഷാമം നേരിടാൻ സാധ്യത യുള്ളതു കൊണ്ട് കിണറിന്റെ ആഴം വർദ്ധിപ്പിക്കണമെന്ന് ഇവർ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഒന്നര അടി ഉയരവും 13 അടി വൃത്തത്തിലുമുള്ള റിംങ്ങുകളാണ് കിണറിന് ഉപയോഗിച്ചിട്ടുള്ളത്.

പട്ടിക 3.12**കുടിവെള്ള സംവിധാനം**

| | കുടിവെള്ള സംവിധാനം | | | | | ആകെ |
|---|---|---|---|---|---|---|
| | സ്വന്തം കിണർ | പൊതുകിണറുകൾ | പൈപ്പുവെള്ളം | അരുവികൾ | മറ്റുളളവ | |
| 80 | 0 | 1 | 3 | 0 | 2 | 6 |
| ഏക്കർ | 0.0% | 16.7% | 50.0% | 0.0% | 33.3% | 100.0% |

സങ്കേതത്തിൽ 16.7% പേരും പൊതുകിണറുകളെയും, 50% പേരും പൈപ്പു മാർഗത്തെയുമാണ് ആശ്രയിക്കുന്നത്. 50%പേർക്കും എല്ലാ സീസണുകളിലും ജലലഭ്യതയുണ്ട്. എന്നാൽ ബാക്കി 33% മറ്റു ജലസ്രോതസ്സുകളെ ആശ്രയിക്കുന്നു. വേനൽ കാലത്ത് കടുത്ത ജലദൗർലഭ്യം നേരിടുന്നുണ്ട്.

## S.XI.3.5വൈദ്യുതി

2003ൽ ഭൂമി ലഭ്യമായെങ്കിലും 2008 വരെ ഭൂമിയുടെ പട്ടയം സർക്കാരിന്റെ കൈയ്യിൽ തന്നെ ആയിരുന്നു. ആയതിനാൽ വീട് നിർമ്മാണം ആരംഭിച്ചത് 2008 കാലത്താണ്. സങ്കേതത്തിൽ വൈദ്യുതി ആരംഭഘട്ടത്തിൽ തന്നെ എത്തിയെങ്കിലും 2010-11 കാലഘട്ടത്തിൽ വീടു നിർമ്മാണം പൂർത്തിയായതിന് ശേഷമാണ് വൈദ്യുതി ലഭ്യമായത്.

## S.XI.3.6റോഡ്

സങ്കേതത്തിൽ ഭൂമി ലഭ്യമായ ഘട്ടത്തിൽ റോഡുകൾ ഒന്നും ഉണ്ടായിരുന്നില്ല. 2003 ൽ താമസമാരംഭിച്ച് 2005-2006 കാലത്താണ് റോഡ് നിർമ്മാണത്തിന് 15 ലക്ഷം രൂപ അനുവദിക്കുന്നത്. പിന്നീട് റോഡ് പ്രവർത്തികൾ ഒന്നും ചെയ്തിരുന്നില്ല. നിലവിൽ ചെയ്ത റോഡ് മഴയ്ക്കു ശേഷം ഗതാഗത യോഗ്യമല്ലാതാവുകയും തന്മൂലം ബുദ്ധിമുട്ട് അനുഭവിക്കുകയും, ഊരുകൂട്ടത്തിലും, കമ്മിറ്റികളിലും ചർച്ചചെയ്യുകയും റോഡ് സോളിങ്ങിനും, ടാറിങ്ങിനും ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ റോഡ് സോളിംങ്ങ് നടത്താതെ റോഡ് ടാറിംങ്ങിനുള്ള 23.5 ലക്ഷം രൂപയാണ് അനുവദിച്ചത്. പിന്നീട് ഊരു കൂട്ട കമ്മിറ്റിയുടെ നിരന്തര ഇടപെടൽ കൊണ്ട് റോഡ് സോളിംങ്ങ് ചെയ്യാൻ 49.5 ലക്ഷം രൂപ 2014-2015ൽ അനുവദിക്കുകയും, നിർമ്മാണ പ്രവർത്തികൾ 2015ൽ ആരംഭിക്കുകയും 2017ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ട് വിനിയോഗത്തിലെ കാലതാമസമാണ് റോഡ് നിർമ്മാണം വൈകുന്നതിന് കാരണമായി തീർന്നത്. കൂടാതെ ടി. ആർ. ഡി. എം. പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു അസിസ്റ്റന്റ് എൻഞ്ചിനീയർ (എസ്റ്റിമേറ്റ് എടുക്കാൻ) ഇല്ലാത്തത് മുഴുവൻ പ്രവർത്തനങ്ങൾക്കും കാലതാമസം വരുന്നതിന് കാരണമായി. നിലവിൽ 2.5 കി.മീ. റോഡ് ഗതാഗത യോഗ്യമാണ്. 66.7% പേരും നിലവിലെ റോഡ് വളരെ നല്ലതാണെന്ന് അഭി

പ്രായപ്പെട്ടെങ്കിലും സങ്കേതത്തിനകത്തേക്കുള്ള പോക്കറ്റ് റോഡുകളിലുടെയുള്ള യാത്ര ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഈ പ്രശ്നം ഊരു കൂട്ടത്തിൽ ചർച്ചചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2018 ജൂൺ 19 ന് നടന്ന ജില്ലാ കമ്മിറ്റി പാസാക്കുകയും ചെയ്തിട്ടുണ്ട്.

## S.XI.3.7ഫെൻസിങ്ങ് (വൈദ്യുതവേലി)

വന്യമൃഗ ശല്ല്യമുള്ള പ്രദേശമായതുകൊണ്ടുതന്നെ സങ്കേതത്തിൽ താമസ മാരംഭിച്ച ഘട്ടത്തിൽ സുരക്ഷയ്ക്കാണ് പ്രധാന പരിഗണന നൽകിയത്. സങ്കേതത്തിന് ചുറ്റുമായി 6.75 കി.മീ. ദൂരമായിരുന്നു ഫെൻസിങ്ങ് ആവശ്യമുണ്ടായിരുന്നത്. ഇതിന് വേണ്ടി ഫണ്ട് അനുവദിക്കുവാൻ 37 തവണ തിരുവനന്തപുരത്തും മറ്റുമായി സർക്കാർ ഓഫീസുകൾ സന്ദർശിച്ച് വളരെയധികം പ്രയത്നിച്ചതിൽ 2007ലാണ് 13 ലക്ഷം രൂപ അനുവദിച്ചത്. 2008 ജനുവരിയിൽ കണക്ഷൻ ലഭിക്കുകയും ചെയ്തു. രണ്ട് സെക്ഷനായാണ് സങ്കേതത്തിൽ ഫെൻസിംങ്ങ് ചെയ്തിട്ടുള്ളത്. സങ്കേതത്തിൽ നിന്ന് പുറത്തേക്ക് കടക്കുന്നതിന് വേണ്ടി 17 സ്ഥലങ്ങളിൽ ഗേറ്റും സ്ഥാപിച്ചു.

ഈ സങ്കേതത്തിൽ സ്ഥാപിച്ച ഫെൻസിംങ്ങ് സംവിധാനങ്ങൾ ശ്രദ്ധിക്കാൻ വേണ്ടി മാത്രം സങ്കേതത്തിലെ കമ്മിറ്റി രണ്ട് സെക്ഷനിൽ ഓരോ ആൾക്കാരെ ചുമതലപ്പെടുത്തുകയും എല്ലാ ആഴ്ചയിലും ഒരു ദിവസം മുഴുവൻ കുടുംബങ്ങളും ഒരുമിച്ചുപോയി ഫെൻസിംങ്ങ് നടത്തിയ ഭാഗങ്ങൾ സന്ദർശിക്കുകയും അറ്റകുറ്റ പണികൾ അപ്പോൾതന്നെ നടത്തുകയും ചെയ്തിരുന്നു. ഇതിനുള്ള പരിശീലനം ഊട്ടിയിലെ മുതുമലയിൽ നിന്ന് 4 പേർക്ക് ലഭിച്ചിരുന്നു. ഇവർ ഇത് സങ്കേതത്തിലുള്ള മറ്റു കുടുംബങ്ങളെ പരിശീലിപ്പിക്കുകയും ചെയ്തു. ആന വൈദ്യുതിവേലി തകർക്കുന്നത് പതിവായതും കാലപ്പഴക്കവും ആയപ്പോൾ അറ്റകുറ്റപ്പണിക്ക് ഫീസ് ആവശ്യപ്പെടുകയും 2014-15 വർഷം 4.5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. അറ്റകുറ്റപണിയുടെ ഭാഗമായി വൈദ്യുതിവേലി നെറ്റ്, ബോൾട്ട് ഉപയോഗിച്ചാണ് നിർമ്മിച്ചത്. ഇതുകാരണം വൈദ്യുതി വേലിയുടെ മുകളിൽ മരങ്ങൾ വീഴുമ്പോൾ പൊട്ടി പോകുകയും അറ്റകുറ്റപണിക്ക് ശേഷമുള്ള പുതിയ രീതി പരാജയമായി തീരുകയും ചെയ്തു. നിലവിൽ സങ്കേതത്തിലെ 3 കുടുംബങ്ങൾ ചേർന്ന് സ്വന്തമായി ഫെൻസിംങ്ങ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 10,000 രൂപ സ്വന്തമായും 35,000 രൂപ സ്വകാര്യ പണമിടപ്പാട് സഥാപനത്തിൽ നിന്നും ലഭിക്കും. കുറച്ചു കുടുംബങ്ങൾ ഒരുമിച്ചു വാങ്ങുമ്പോൾ പാനലും ബാറ്ററിയും എനർജേസറും ഒരെണ്ണം മാത്രം ആവശ്യമായതു കൊണ്ട്, വേലിക്കുവേണ്ടി വരുന്ന കമ്പി മാത്രമാണ് അധികമായി വേണ്ടിവരുന്നതെന്നും സങ്കേതവാസികൾ അഭിപ്രായപ്പെട്ടു.

## S.XI.4 വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് നല്ല രീതിയിൽ ശ്രദ്ധ കൊടുക്കുന്ന സങ്കേതമായി 80 ഏക്കർ പുനരധിവാസ സങ്കേതത്തെ കാണാം. സങ്കേതത്തിൽ താമസമാരംഭിച്ചതിന് ശേഷം കുട്ടികൾ

പ്രഥമിക വിദ്യാഭ്യാസം നേടുന്നത് 4 കി.മീ. അകലെയുള്ള ബി.എൽ.രാം സ്കൂളിലാണ്. അതിന് ശേഷം കുട്ടികളെ എം.ആർ.എസ്. സ്കൂളിലോ ഹോസ്റ്റലുകളിൽ നിർത്തിയോ ആണ് പഠിപ്പിക്കുന്നത്. സങ്കേതത്തിൽ നിന്ന് 8 കി.മീ. അകലെ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ ഉണ്ടെങ്കിലും എല്ലാവരും എം.ആർ.എസ്. സ്കൂളിൽ നിർത്തിയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. വന്യമൃഗ ശല്യം കുട്ടികളുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നുണ്ട്. കുട്ടികളെ എം.ആർ.എസ്. ഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിക്കുമ്പോഴും രക്ഷിതാക്കൾ കുട്ടികളുടെ കാര്യത്തിൽ ആശങ്കയിലാണ് ജീവിക്കുന്നത്. കുട്ടികൾ വളർന്നു വരുമ്പോൾ സമുദായാചാരങ്ങൾ മറക്കുകയും രക്ഷിതാക്കളോടും സമുദായത്തോടുമുള്ള ബന്ധം അകന്നുപോവാൻ സാധ്യതയുണ്ടെന്നും ഇവർ ഭയപ്പെടുന്നുണ്ട്.

## S.XI.5 ആരോഗ്യം

സങ്കേതത്തിനകത്ത് പൊതുവായ ആരോഗ്യപരിചരണ സംവിധാനമില്ല. സങ്കേതത്തിൽ നിന്ന് 8 കി.മീ. അകലെയുള്ള ചിന്നക്കനാലിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെയും, 15 കി.മീ. ദൂരെ കുരുവിള സിറ്റിയിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തി ന്റെയും സേവനം ലഭ്യമാണ്. ആരോഗ്യപരിചരണത്തിന് സങ്കേതത്തിലുള്ളവർ പൊതുവെ അലോപതി ചികിത്സാരീതിയും, സർക്കാർ സംവിധാനങ്ങളെയുമാണ് പിന്തുടരുന്നത്. രോഗപ്രതിരോധ കുത്തിവെപ്പുകൾ, ബോധവത്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ പുനരധിവാസ മേഖലയിൽ ചെയ്തു വരുന്നുണ്ട്. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവരോ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ ആരും തന്നെ ഈ മേഖലയിൽ ഇല്ല. ആരോഗ്യ പരിചരണത്തിനായി പുറത്തേക്കുള്ള യാത്ര വന്യമൃഗശല്യം കാരണം പ്രയാസ മേറിയതാണ്. സങ്കേതത്തിലെ 83.3% പേരും ആരോഗ്യപരിചരണ സംവിധാനത്തിൽ തൃപ്തരല്ല.

## S.XI.6 തൊഴിലും വരുമാനവും

പട്ടിക 3.13**തൊഴിൽ**

| 80 **ഏക്കർ സങ്കേതം** **തൊഴിൽ** | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| തൊഴിലില്ലായ്മ | സ്വന്തം കൃഷി | കാർഷിക തൊഴിലാളികൾ | നിർമ്മാണ തൊഴിൽ | വനമേഖല | കന്നുകാലി വളർത്തൽ | തൊഴിലുറപ്പ് | വീട്ടമ്മ | മറ്റുളളവ | വൃദ്ധർ | രോഗികൾ | ആകെ |
| 0 | 3 | 1 | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 6 |
| 0.0% | 50.0 % | 16.7% | 0.0% | 0.0 % | 0.0% | 0.0% | 16.7 % | 16.7 % | 0.0% | 0.0 % | 100.0 % |

പാരമ്പര്യമായി കാർഷിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ് കരവഴി പുലയർ. 50.0% പേരുംസ്വന്തമായി കൃഷി ചെയ്യുന്നവരാണ്. 16.7% പേർ കാർഷിക തൊഴിലാളികളും, 16.7% പേർ വീട്ടമ്മമാരും, 16.7% പേർ മറ്റു തൊഴിലുകളിലും ഏർപ്പെടുന്നു. സങ്കേതത്തിൽ 66.7% ഗുണഭോക്താക്കൾക്ക് ആജഘ അഅഥ റേഷൻ കാർഡും, 16.7% ഗുണഭോക്താക്കൾക്ക് ആജഘ റേഷൻ കാർഡുമാണുളളത്.

ഭൂമി ലഭ്യമായവരെല്ലാം തന്നെ പുനരധിവാസ മേഖലയിൽ എത്തിച്ചേരുന്നതിന് മുമ്പ് കരിമ്പ് കൃഷിയിലോ, നെൽകൃഷിയിലോ ഏർപ്പെട്ടിരുന്നവരോ, ദിവസവേതന തൊഴിലാളികളോ ആയിരുന്നു. ചുരുക്കം ചിലർ കരാർ അടിസ്ഥാനത്തിലും ജോലി ചെയ്തിരുന്നു. ഇങ്ങനെ ദിവസവേതന തൊഴിലിലേർപ്പെടുന്ന പുരുഷന്മാർക്ക് 70 മുതൽ 75 രൂപയും സ്ത്രീകൾക്ക് 35 രൂപയുമാണ് 2001-2003 കാലഘട്ടങ്ങളിൽ ലഭിച്ചിരുന്നത്. കൂടാതെ ആഴ്ചയിൽ എല്ലാ ദിവസവും മുടങ്ങാതെ ജോലിയും ലഭിച്ചിരുന്നു. പുനരധിവാസ മേഖലയിൽ എത്തിപ്പെട്ടതിന് ശേഷം ആരംഭഘട്ടത്തിൽ വളരെയേറെ പ്രയാസപ്പെട്ടാണ് ജീവിതം നയിച്ചിരുന്നത്. ഇവർ ഭൂമി ലഭിച്ചവരെല്ലാം തന്നെ ഭൂരഹിതരും സ്വന്തമായി കൃഷി ചെയ്യാത്തവരുമായിരുന്നു. എന്നാൽ സങ്കേതത്തിലെ പൊതുവായ കൂട്ടായ്മയുടെ ഫലമായി എല്ലാവരും തങ്ങൾക്ക് ലഭിച്ച കൃഷിയിടത്തിൽ കൃഷിചെയ്യാനാരംഭിച്ചു. ഇതിന് വേണ്ടി സങ്കേതത്തിലുള്ള തൊഴിലറിയുന്നവർ മറ്റുള്ളവരെ പരിശീലിപ്പിച്ചു.

കീടങ്ങൾ നശിക്കാൻ വേണ്ടിയും, വന്യമൃഗങ്ങൾ നശിപ്പിക്കുന്നതു കുറവുമായ ഇഞ്ചി വിളയാണ് ആദ്യമായി കൃഷി ചെയ്യാൻ തീരുമാനിച്ചത്. തുടർന്ന് ഊരുകൂട്ടം ചർച്ച ചെയ്ത് ഇഞ്ചിവിത്ത് ആവശ്യപ്പെടുകയും കൃഷി ചെയ്യുകയും ചെയ്തു. സർക്കാറിന്റെ ആനുകൂല്യങ്ങൾ

വാങ്ങുന്നതിനും വിതരണം നടത്തുന്നതിനും ഊരുകൂട്ടം കൃത്യമായി ഇടപെടുകയും നടപ്പിൽ വരുത്തുകയും ചെയ്തിരുന്നു. ആദ്യഘട്ടത്തിൽ ഓരോ കുടുംബത്തിനും 200 കുരുമുളക് തൈകളാണ് വിതരണം ചെയ്തിരുന്നത്. ഇത് നട്ടുപിടിപ്പിക്കാനുള്ള കൂലിയായി തൈ ഒന്നിന് 10 രൂപ വെച്ചും ടി.ആർ.ഡി.എം. നിന്ന് ലഭിച്ചു. എന്നാൽ ഊരു കൂട്ട തീരുമാനപ്രകാരം ഗുണഭോക്താക്കൾക്ക് തൈ ഒന്നിന് 10 രൂപ നൽകാതെ ആ ഫണ്ട് ഉപയോഗിച്ച് കുരുമുളക് തൈ വെക്കാനുള്ള മുരിക്ക് മരത്തിന്റെ കമ്പും മുരിക്ക് ആവശ്യമില്ലാത്തവർക്ക് പ്ലാവിൻ തൈയും വിതരണം ചെയ്തു. ഇതുവഴി ഫണ്ട് വകമാറ്റി ചിലവഴിക്കുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. ഇതിന് പുറമെ 2015-16 കാലത്ത് കുടുംബം ഒന്നിന് 25 ജാതിതൈ, ഓറഞ്ച് തൈ, ഒരു കുടുംബത്തിന് 200 വീതം കാപ്പിതൈ കൂടാതെ കൃഷിയിടത്തിൽ ജോലി ചെയ്യുന്നതിനുള്ള തുമ്പ, കോടാലി, പിക്കാസ് തുടങ്ങിയ കാർഷികോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. (സങ്കേതത്തിൽ ഭൂമി ലഭ്യമായ 68 കുടുംബങ്ങളും തങ്ങളുടെ ഭൂമി കൃത്യമായി ഉപയോഗിക്കുന്നതായി കാണാൻ സാധിക്കും.

മക്കളുടെ വിദ്യാഭ്യാസം കാരണവും ആരോഗ്യപരമായ പ്രശ്നങ്ങൾകൊണ്ടും സ്ഥിരതാമസമില്ലാത്ത 3 കുടുംബങ്ങൾ പോലും തങ്ങൾക്ക് ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ട്). സങ്കേതത്തിൽ കൃഷിയിടത്തിൽ മരുന്നു തെളിക്കാൻ വേണ്ടി 68 കുടുംബങ്ങൾക്ക് ആദ്യഘട്ടത്തിൽ ചെറിയ സ്പ്രെയർ നൽകിയിരുന്നു. കൂടാതെ 50 മീറ്റർ മുതൽ 500 മീറ്റർ വരെ മരുന്നു തളിക്കാൻ പറ്റുന്ന പവ്വർ സ്പ്രെയർ ഒന്ന്, കാടുവെട്ടിയന്ത്രം 4 എണ്ണം തുടങ്ങിയവ ടി. ആർ.ഡി.എം ൽ നിന്ന് ലഭിച്ചിരുന്നു. മറ്റു സങ്കേതങ്ങളിൽ നിന്ന് വ്യത്യസ്തമായി, ലഭ്യമായ യന്ത്ര ഉപകരണങ്ങൾ ഇവർ സങ്കേതത്തിന്റെ പൊതുവായി മാറ്റുകയും സങ്കേതത്തിലെ ആവശ്യമുള്ളവർക്ക് പവ്വർ സ്പ്രെയർ ഒന്നിന് ഇന്ധനത്തിന് പുറമെ ദിവസം 500 രൂപയ്ക്കും, കാടുവെട്ടി യന്ത്രം മൂന്ന് ദിവസത്തേക്ക് 500 രൂപ നിരക്കിലും വാടകയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. ഇങ്ങനെ ഇതിലൂടെ ലഭ്യമാകുന്ന തുക ഈ യന്ത്രങ്ങൾ തകരാറിലാവുമ്പോൾ നന്നാക്കിയെടുക്കാൻ വേണ്ടി ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

ഇതിലൂടെ നല്ലവരുമാനവും ഇവർക്ക് ലഭിക്കുന്നുണ്ട്. പതിവിൽ നിന്ന് വിപരീതമായി ഒരു സ്ഥിരം കൃഷിയിൽ നിന്നുമാറി ഹൃസ്വകാല വിളകൾ ചെയ്യാൻ ഇവർ താത്പര്യപ്പെടുന്നുണ്ട്. ഇവിടെ പരീക്ഷണാടിസ്ഥാനത്തിൽ സമീപത്തായി പയർ കൃഷിയും നടത്തുന്നുണ്ട്. വർഷം കൃത്യമായി ജലം ലഭ്യമായാൽ മൂന്ന് തവണ ഹൃസ്വകാലവിളയിറക്കാം. ഒരു സീസണിൽ തന്നെ 50 സെന്റ് സ്ഥലത്ത് നിന്ന് 2000 കി ലോഗ്രം പയർ കൃഷി ചെയ്യാം. കേരളത്തിൽ വിപണിയില്ലാത്ത ഈ പയറിന് തൊട്ടടുത്ത സംസ്ഥാനത്തെ മധുരയിൽ 60 രൂപ മുതൽ 135 രൂപവരെ ലഭിക്കും. ചിലവുകളൊക്കെ കഴിഞ്ഞ് കിലോ 75 രൂപവരെ മിച്ചം പരീക്ഷണാടിസ്ഥാനത്തിൽ ചെയ്ത കൃഷിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇത് വിപുലീകരിച്ച് സങ്കേതത്തിൽ നടപ്പിലാക്കാനാണ് ഇവരുടെ തീരുമാനം. ഇതിനായി സമീപ പുനരധിവാസ സങ്കേതമായ കുണ്ടളയിൽ നിന്ന് ഇവിടെയുള്ള 100

പേർക്ക് ഹ്രസ്വകാല കൃഷിയിൽ പരിശീലനം ലഭിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്തവരൊക്കെ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിന് പുറമെ പുനരധിവാസ സങ്കേതങ്ങളിൽ വിതരണം ചെയ്യാൻ വേണ്ടി കുരുമുളക് തൈ ഉല്പാദിക്കുന്ന ഒരു അഗ്രോ ഫാം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിനായി ടി. ആർ. ഡി. എം. ന്റെ ഭാഗത്ത് നിന്ന് 2017-18 വർഷം ഒരു ലക്ഷം രൂപ സഹായവും ലഭിച്ചിട്ടുണ്ട്. നിലവിൽ 10,000 ത്തോളം കുരുമുളക് തൈകൾ ഇവിടെ വിതരണത്തിന് സജ്ജമായിട്ടുണ്ട്. ഇതിന് പായ്ക്കറ്റ് ഒന്നിന് 50 രൂപ നിരക്കിൽ വകുപ്പ് ഇവർക്ക് നൽകും. സിങ്കുകണ്ടം 301, പന്തടിക്കളം, 80 ഏക്കർ തുടങ്ങിയ മേഖലകളിലാണ് വിതരണം ചെയ്യുന്നത്. കൂടാതെ ഇതിന്റെ കൂടെ ആവശ്യമായ വളങ്ങളും പായ്കറ്റ് ഒന്നിന് 10 രൂപ നിരക്കിൽ നൽകുന്നുണ്ട്. ഇങ്ങനെ അനുവദിച്ച പദ്ധതികൾ വളരെ മികച്ച രീതിയിൽ നടപ്പിലാക്കാൻ സങ്കേതവാസികൾക്ക് സാധിക്കുന്നുണ്ട്.

## S.XI.6-1മൃഗപരിപാലനം

സങ്കേതത്തിലെ മിക്ക കുടുംബങ്ങളും പശു, പോത്ത്, ആട്,  കോഴി തുടങ്ങിയ മൃഗങ്ങളെ വളർത്തുന്നവരാണ്. ഇതിൽ നിന്ന് ചെറിയ രീതിയിലുള്ള വരുമാനവും ഇവർക്ക് ലഭിക്കുന്നുണ്ട്.

## S.XI.6-2തൊഴിലുറപ്പ്

സങ്കേതത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 100 തൊഴിൽ ചെയ്തുവരുന്ന 9 കുടുംബങ്ങൾ ഉണ്ട്. വർഷത്തിൽ 100 തൊഴിൽ ദിനം ലഭ്യമാകുന്നു ണ്ടെങ്കിലും, സ്വന്തം കൃഷിയുള്ളത് കൊണ്ട് മറ്റുള്ളവർക്കും പോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്.

## S.XI.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സമരങ്ങളുടെ ഭാഗമായി 2001 നവംബർ അവസാനം ഭൂമിക്ക് അപേക്ഷിക്കുകയും 2001 ജനുവരി 1ന് കുമ്പളയിൽ 5 ഏക്കർ ഭൂമിക്കുള്ള പട്ടയം അനുവദിക്കുകയും ചെയ്തു. എന്നാൽ ഭൂമിയുടെ അവകാശം സംബന്ധിച്ച പ്രശ്നം കാരണം 2003 ഏപ്രിലിൽ ചിന്നക്കനാൽ 80 ഏക്കറിലേക്ക് മാറ്റി നൽകി അതേ വർഷം മെയ്മാസം ഇവിടെ താമസം തുടങ്ങിയെങ്കിലും പട്ടയം സ്വീകരിച്ചത് 2008 ൽ മാത്രമാണ്. ഒരു കുടുംബത്തിന് രണ്ടര ഏക്കർ വീതമാണ് ഭൂമി അനുവദിച്ചത്. ഇങ്ങനെ 53 കുടുംബങ്ങൾക്ക് ഇവിടെയും 15 കുടുംബങ്ങൾക്ക് പന്തടിക്കളം സങ്കേതത്തിനോട് ചേർന്നും ഭൂമി നൽകി. പ്ലോട്ട് നമ്പർ 37, 47, 51 എന്നിവയിൽ കയ്യേറ്റം നടന്നതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തെ ചൊല്ലി ഹൈക്കോടതിയിൽ കേസ് നടന്നുവരുന്നുണ്ട്. 65 കുടുംബങ്ങൾക്ക് രണ്ടര ഏക്കർ വീതവും പൊതുവായ ആവശ്യങ്ങൾക്കായി 2.5012 ഹെക്ടർ ഭൂമിയും മാറ്റിവെച്ചിട്ടുണ്ട്. ഈ സങ്കേതത്തിൽ നൽകിയ ഭൂമിയെല്ലാം തന്നെ നല്ല രീതിയിൽ കൃഷി ചെയ്യാൻ സാധിക്കുന്ന മണ്ണാണ്. കൃഷി യോഗ്യമല്ലാത്ത പാറനിറഞ്ഞ 0.3423 ഹെക്ടർ ഭൂമി ഇവർക്ക്

നൽകാതെ മാറ്റിവെച്ചിട്ടും ഉണ്ട്. ഏലം, കാപ്പി, കുരുമുളക്, പയർ തുടങ്ങിയവ വിപണനത്തിനും തക്കാളി, ബീൻസ്, ചീര, ചേമ്പ്, കാച്ചിൽ, മുളക് തുടങ്ങിയവ സ്വന്തം ആവശ്യത്തിനും ഇവർ കൃഷിചെയ്യുന്നുണ്ട്. കൂടാതെ ടി. ആർ. ഡി. എം, മറ്റു വകുപ്പുകളിൽ നിന്നുമെല്ലാം ലഭിച്ച ഓറഞ്ച്, മാതളം മാമ്പഴം തുടങ്ങിയ ഫലവർഗ്ഗങ്ങളും ഇവിടെ കൃഷിചെയ്യുന്നുണ്ട്. സങ്കേതത്തിലെല്ലാവർക്കും വൈദ്യുതിയും, ശൗചാലയങ്ങളുമുണ്ട്.

## S.XI.7-1കുടുംബശ്രീ

സങ്കേതത്തിൽ സങ്കേതവാസികൾ മാത്രമായുള്ള മൂന്ന് കുടുംബശ്രീ യൂണിറ്റും രണ്ട് അയൽകൂട്ടങ്ങളും പ്രവർത്തിക്കുന്നുണ്ട്. സങ്കേതത്തിലെ എല്ലാ കുടുംബങ്ങളിൽ നിന്നുള്ളവരും ഈ കൂട്ടായ്യിൽ ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീക്ക് 9% പലിശയിൽ ബേങ്ക് ലോൺ നൽകുന്നുണ്ട്. ഈ തുക കുടുംബശ്രീയിലുള്ളവർക്ക് 12% പലിശ നിരക്കിൽ നൽകുന്നുണ്ട്. ഇവർ ഇതിൽ നിന്ന് കൃഷിക്കും മറ്റു ആവശ്യങ്ങൾക്കും വാങ്ങുകയും തിരിച്ചടവ് നടത്തുകയും ചെയ്യുന്നുണ്ട്.

## S.XI.7-2കടബാധ്യത

സങ്കേതത്തിലെ മിക്കവരും കൃഷിക്ക് വേണ്ടിയാണ് ലോൺ എടുത്തിരിക്കുന്നത്. വ്യക്തികളുടെ കൈയ്യിൽ നിന്നും കുടുംബശ്രീ സ്വയം സഹായ സംഘങ്ങളിൽ നിന്നുമാണ് ഇങ്ങനെ ലോൺ എടുത്തിരിക്കുന്നത്. എല്ലാവരും തന്നെ കടബാധ്യതയുടെ തിരിച്ചടവ് നടത്തുന്നുണ്ട്.

### വികസന മാതൃകയിലേക്ക് നയിച്ച കാരണങ്ങൾ

1. ഒരേ ഗോത്രവിഭാഗത്തിൽപെട്ടവർക്ക് ഒരുമിച്ച് ഭൂമി നൽകിയത് ഐക്യവും സമുദായ കൂട്ടായ്മയുണ്ടാകുന്നതിനും കാരണമായി.
2. ഈ കൂട്ടായ്മയെ വളർത്തിയെടുക്കുന്നതിനും നിലനിർത്തിപോകുന്നതിനുമുള്ള നേതൃത്വം ഇവർക്കിടയിൽ നിന്നു തന്നെ ഉയർന്നുവന്നു.
3. ശക്തമായ ഊരു കൂട്ടവും പ്രത്യേക കമ്മിറ്റിയും ഓരോ പദ്ധതികൾ നടപ്പിൽ വരുത്തുമ്പോഴും കൃത്യമായി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കി വരികയും ചെയ്തു.
4. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ കൃത്യമായി അറിയിക്കാനും വേണ്ട നടപടിക്രമങ്ങൾ എടുക്കാനും പ്രമോട്ടർക്ക് സാധിച്ചു.
5. സമുദായ നേതാവ് തന്നെ പ്രമോട്ടർ ആയതും അതേ സങ്കേതത്തിൽ നിന്നുള്ള വ്യക്തിയായതു കാരണവും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ കൂടുതൽ സഹായകരമായി.
6. ഊരു കൂട്ടത്തിലെ മുതിർന്ന മൂന്ന് പേരെ തലൈവർ ആക്കിയതും സമുദായകൂട്ടായ്മ നിലനിർത്തുന്നതിന് കാരണമായി.

7. പത്ത് പ്ലോട്ടിന് ഒരു ലീഡർ, കുടിവെള്ള കമ്മിറ്റി, ഫെൻസിംങ്ങ് മെയിന്റനൻസ് ടീം തുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു.
8. സങ്കേതത്തിന്റെ പരിസ്ഥിതിയോട് ഇണങ്ങുന്ന പുതിയ കാർഷിക വിളകൾക്കും കാർഷിക രീതികളും ആവിഷ്കരിച്ച് പരിശീലനം നൽകാനും നടപ്പിലാക്കാനും ഈ കൂട്ടായ്മക്ക് സാധിച്ചു.
9. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ കമ്മിറ്റികളിലും ഊരു കൂട്ടത്തിലും അവതരിപ്പിക്കുകയും അത് ലഭ്യമാക്കാൻ ഒരാളെ നിശ്ചയിക്കുകയും ആ വ്യക്തിയുടെ യാത്രാ ചിലവുകൾ ഈ കമ്മിറ്റി വഹിക്കുകയും ചെയ്തിരുന്നു. ഇതു കൊണ്ട് തന്നെ ബന്ധപ്പെട്ട കാര്യങ്ങൾ പെട്ടെന്നു തന്നെ അറിയുവാനും അതിനനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിരുന്നു.
10. സങ്കേതത്തിനു ലഭ്യമാകുന്ന ഉപകരണങ്ങൾ പൊതു സ്വത്തായി മാറ്റി എല്ലാവർക്കും ഉപയോഗിക്കാനും അത് നില നിർത്തികൊണ്ടുപോകാനും സാധിച്ചു.
11. കാർഷിക ആവശ്യത്തിന് വേണ്ടിവരുന്ന കുരുമുളക് തൈ സങ്കേതത്തിൽ തന്നെയുണ്ടാക്കി വിതരണം ചെയ്യുന്നു.
12. കാർഷിക യന്ത്രങ്ങളുടെ ഉപയോഗ പരിശീലനം, ഫെൻസിംഗ് മെയ്ന്റനൻസ് തുടങ്ങിയവ സങ്കേതത്തിലുള്ളവർ പരിശീലിച്ചതു കാരണം ആവശ്യഘട്ടങ്ങളിൽ തകരാർ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

## S.XI.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. സങ്കേതത്തിലെ 37, 49, 51 പ്ലോട്ടുകൾ മറ്റുവ്യക്തികൾ കയ്യേറിയിട്ടുണ്ട്. നിലവിൽ സർക്കാർ കോടതിയിൽ കേസ് നടത്തുന്നു.
2. ഭവന നിർമ്മാണത്തിൽ ആദ്യഘട്ടത്തിൽ നിർമ്മിച്ച 30 വീടുകളിൽ ചോർച്ചാ പ്രശ്നം ഉണ്ട്.
3. സങ്കേതത്തിലെ പ്രധാന റോഡ് ടാറിംങ്ങ് നടത്തി ഗതാഗത യോഗ്യമായെങ്കിലും പോക്കറ്റു റോഡുകൾ ഗതാഗതയോഗ്യമല്ല.
4. സങ്കേതത്തിൽ താമസിക്കുന്നവരുടെ ഉപകുടുംബങ്ങൾ പുതിയ വീടുകൾ നിർമ്മിക്കുന്നതുമായി വീടുകളുടെ എണ്ണം വർദ്ധിക്കുകയും നിലവിലെ കിണറിലെ വെള്ളം ആവശ്യത്തിന് തികയാതെ വരുന്ന അവസ്ഥയുണ്ട്. ആയതിനാൽ കിണറിന്റെ ആഴം വർദ്ധിപ്പിക്കേണ്ടതുണ്ട്.
5. സങ്കേതത്തിൽ എല്ലാവരും കൃഷി ചെയ്യുന്നുണ്ടെങ്കിലും ജലസേചനത്തിന് സൗകര്യക്കുറവ് അനുഭവപ്പെടുന്നുണ്ട്.
6. സങ്കേതത്തിലെ പ്രധാന പ്രശ്നം മൃഗശല്ല്യം തന്നെയാണ്. സങ്കേതത്തിന് ഫെൻസിംഗ് നടത്തിയെങ്കിലും ഇപ്പോൾ തകർന്ന അവസ്ഥയിലാണ്. നെട്ട്/ ബോൾട്ട് എന്നിവയിട്ട്

തയ്യാറാക്കിയ ഫെൻസിംഗ് പരാജയമായിരുന്നു. കൂടാതെ സങ്കേതത്തിന് പുറത്തേക്കുള്ള യാത്ര പ്രയാസം നിറഞ്ഞതുമാണ്.

7. ആവശ്യപ്പെടുന്ന പദ്ധതികൾ പാസ്സായിട്ടും ഫണ്ട് അനുവദിക്കുന്നതും വിനി യോഗിക്കുന്നതും വൈകുന്നതിനാൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് കാല താമസം നേരിടുന്നു.
8. സങ്കേതത്തിനടുത്ത് തന്നെ കുട്ടികളെ വിദ്യാഭ്യാസത്തിന് അയക്കാൻ സാധിക്കാത്തത് സമുദായാചാരങ്ങൾ അന്യമാകുന്നതിനും രക്ഷിതാക്കളോടും മറ്റും മുതിർന്നവരുമായും അകലുന്നതിനും കാരണമാകുന്നു.
9. സങ്കേതത്തിന് പുറത്തേക്കുള്ള യാത്രാസൗകര്യം വന്യമൃഗ ശല്ല്യം കാരണം തട സ്സമുണ്ടാക്കുന്നു. രാത്രികാലങ്ങളിൽ ആശുപത്രികളിൽ പോലും പോകാൻ സാധിക്കാത്ത അവസ്ഥയാണ്.
10. സങ്കേതത്തിന് പൊതുവായി സാംസ്കാരിക കേന്ദ്രം ഉണ്ടെങ്കിലും സങ്കേത ത്തിന്റെ ആരംഭ സ്ഥലത്തായതു കാരണം എത്തിച്ചേരാനുള്ള പ്രയാസം അനുഭ വിക്കുന്നു. ആയതുകാരണം എല്ലാവർക്കും എത്തിച്ചേരാൻ സൗകര്യമുള്ള മധ്യഭാഗത്തുള്ള വ്യക്തിയുടെ ഭൂമിയിലാണ് യോഗങ്ങൾ നടത്തുന്നത്.
11. നിലവിലെ ആരാധന സ്ഥലം (സർപ്പം) ഒരു വ്യക്തിയുടെ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മറ്റ് ആരാധന സൗകര്യങ്ങൾ ഒന്നും തന്നെ സങ്കേതത്തിലില്ല. ഇതിനായി ഭൂമി മാറ്റിവെച്ചിട്ടും ഇല്ല.
12. സങ്കേതത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് കൃത്യമായ മാസ്റ്റർപ്ലാൻ ഉണ്ടായിരുന്നില്ല.

## S.XI.9- സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുളളത്.

1. സർക്കാറിന്റെ ഭാഗത്ത് നിന്ന് ശക്തമായ ഇടപെടൽ നടത്തി കയ്യേറ്റക്കാരെ പുറത്താക്കണം.
2. ആനശല്യം പരിഹരിക്കാൻ ആറളം വന്യജീവി സങ്കേതത്തിനോട് ചേർന്ന് നടപ്പാക്കിയ മാതൃകയിൽ റെയിൽവെ ഫെൻസിങ്ങ് ചെയ്യുക.
3. കാർഷിക രീതികൾ പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുക.
4. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
5. പുനരധിവാസ മേഖലയിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ടി മാത്രം അസിസ്റ്റന്റ് എൻജിനീയറെ നിശ്ചയിക്കുക.
6. ഇടുക്കി ജില്ലയ്ക്ക് CBSE MRS കൊണ്ടുവരണം.

7. നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം.
8. മൃഗപരിപാലനത്തിന് അനുയോജ്യമായ സ്ഥലവും താത്പര്യമുള്ളവരും ഉണ്ട്. ചെറിയ രീതിയിലുള്ള ഫാം സംവിധാനങ്ങൾ നടപ്പിലാക്കാം.
9. സങ്കേതത്തിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ വിപണനം നടത്താനുള്ള സൗകര്യമൊരുക്കണം.
10. കീടനാശിനി ഉപയോഗം കുറഞ്ഞ കാർഷിക രീതിയാണിവിടെ നടപ്പിലാക്കുന്നത്. ഇവിടെ നിന്ന് ലഭിക്കുന്ന പച്ചക്കറികൾ/മറ്റു ഉൽപന്നങ്ങൾ ഞ്ഞട -പോലെയുള്ള സർക്കാർ സംവിധാനങ്ങൾ വഴി വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം.
11. സമുദായത്തിന്റേതായ ആരാധനകേന്ദ്രം പണിയുന്നതിനുള്ള സ്ഥലം അനുവദിക്കുക.
12. നിലവിൽ വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ വാണിജ്യാടിസ്ഥാന ത്തിലുള്ള കൃഷിക്കു പകരം വന്യമൃഗങ്ങൾക്ക് വാസയോഗ്യമായ രീതിയിൽ ഒരുക്കി നൽകുക. ഇതുവഴി ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഉറങ്ങി വരുന്നത് തടയാൻ സാധിക്കും.
13. പുനരധിവാസത്തിന് കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കാലതാമസം കൂടാതെ നടപ്പിലാക്കണം.
14. മറ്റുവകുപ്പുകളിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിനായി ഒരു പൊതു സംവിധാനം ഉണ്ടാക്കണം.

## S.XII.പന്തടിക്കളം പുനരധിവാസ സങ്കേതം

### S.XII.1 പ്രദേശം

ദേവികുളം താലൂക്കിലെ ശാന്തൻപാറ പഞ്ചായത്തിലെ രണ്ടാം വാർഡിലായി ആനയിറങ്ങൽ ഡാമിന്റെ കരയിലായാണ് പന്തടിക്കളം പുനരധിവാസ സങ്കേതം സ്ഥിതി ചെയ്യുന്നത്. സങ്കേതത്തിൽ ഒരേക്കർ വീതം ഭൂമിയാണ് പുനരധിവാസ ത്തിന്റെ ഭാഗമായി വിതരണം ചെയ്തത്. 62 കുടുംബങ്ങളെയാണ് ഭൂമി നൽകാൻ തിരഞ്ഞെടുത്തത്. ഇതിൽ 44 കുടുംബങ്ങൾക്ക് 2003 ൽ 44 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. 18 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്താൻ ശേഷിക്കുന്നുമുണ്ട്. നിലവിൽ സങ്കേതത്തിൽ ഭൂമി ലഭിച്ച 32 കുടുംബങ്ങളും ഇവരുടെ 19 ഉപ കുടുംബങ്ങളുമടക്കം 51 കുടുംബങ്ങൾ താമസിച്ചുവരുന്നു. 74 പുരുഷന്മാരും 69 സ്ത്രീകളുമുൾപ്പെടെ 143 പേർ ഇതിൽ ഉൾപ്പെടുന്നു. ഭൂമി ലഭിച്ച 44 കുടുംബങ്ങളിൽ 2 കുടുംബങ്ങൾ തങ്ങൾക്ക് ലഭിച്ച ഭൂമിയിൽ താമസമില്ലെങ്കിലും കൃഷി ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്നില്ല.

പന്തടിക്കളം പുനരധിവാസ സങ്കേതത്തിലെ ഗുണഭോക്താക്കളുടെ 11% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S.XII.1.1പന്തടിക്കളം പുനരധിവാസ മേഖല ചരിത്രം

കേരളത്തിൽ ഭൂമിക്കു വേണ്ടി ഗോത്രവിഭാഗങ്ങൾ നടത്തിയ സമരത്തിന്റെ ഭാഗമായി 2001–2002 കാലഘട്ടത്തിൽ ഇടുക്കി ജില്ലയിലെ ഭൂരഹിതരായ ഗോത്രവിഭാഗങ്ങൾ ജില്ലയിലെ പലഭാഗത്തും കുടിൽ കെട്ടി താമസമാരംഭിച്ചിരുന്നു. ഈ സമരങ്ങളുടെ ഭാഗമായാണ് ചിന്നക്കനാൽ പഞ്ചായത്തിലെ 80 ഏക്കർ ഭൂമി മന്നാൻ സമുദായത്തിൽപ്പെട്ട ഗോത്രവിഭാഗക്കാർ സംഘടിതമായി താമസമാരംഭിച്ചത്. എന്നാൽ ഈ ഭൂമി ഇതേ കാലഘട്ടത്തിൽ തന്നെ മറയൂർ പഞ്ചായത്തിലെ ഹിൽപുലയ ഗോത്രവിഭാഗത്തിൽപെട്ട 68 കുടുംബങ്ങൾക്ക് 2003 ഏപ്രിൽ 23ന് 80 ഏക്കർ ഭൂമി വിതരണം ചെയ്യുകയും നിലവിൽ താമസിച്ചുവരുന്ന 30 കുടുംബങ്ങൾക്ക് ഭൂമിയില്ലാതെ വരികയും ചെയ്തു. ഈ ഘട്ടത്തിൽ പുതിയ സ്ഥലത്ത് ഭൂമി അനുവദിക്കാതെ ഇവിടെ നിന്ന് വിട്ടുപോകില്ലെന്ന് അറിയച്ചതിനെ തുടർന്ന് 80 ഏക്കർ ഭൂമിയുടെ എതിർവശത്ത് ഡാമിന്റെ കരയിൽ പന്തിക്കളം ഭാഗത്ത് ഇടുക്കി ജില്ലയിലെ ഈ 30 കുടുംബങ്ങൾക്കും കോട്ടയം ജില്ലയിലെ 32 കുടുംബങ്ങൾക്കും ഭൂമി നൽകാൻ തീരുമാനിച്ചു. ഇതിൽ 44 കുടുംബങ്ങൾക്കാണ് 2003 ഡിസംബർ 7ന് പട്ടയ വിതരണം നടത്തിയത്. 2003 കാലഘട്ടത്തിൽ തന്നെ ഇടുക്കി ജില്ലയിലെ 30 കുടുംബങ്ങളും കോട്ടയം ജില്ലയിലെ രണ്ട് കുടുംബങ്ങളുൾപ്പെടെ 32 കുടുംബങ്ങളാണ് പന്തടിക്കളം ഭാഗത്ത് താമസിച്ചുവന്നിരുന്നത്. രണ്ട് കുടുംബങ്ങൾ തങ്ങൾക്ക് അനുവദിച്ച ഭൂമിയിൽ താമസിക്കുന്നില്ലെങ്കിലും കൃഷിചെയ്തു വരുന്നുണ്ട്. അവശേഷിക്കുന്ന പത്ത് കുടുംബങ്ങൾ ലഭിച്ച ഭൂമിയിൽ താമസിക്കുകയോ കൃഷി ചെയ്ത് വരികയോ ചെയ്യുന്നില്ല. താമസമാരംഭിക്കുന്ന ഘട്ടത്തിൽ വീട്, റോഡ്, കുടിവെള്ളം തുടങ്ങിയ യാതോരു വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി നൽകിയിരുന്നില്ല. കൂടാതെ മൃഗ ശല്യവും ഉപജീവനമാർഗ്ഗമില്ലാതെയും തീർത്തു ബുദ്ധിമുട്ടുള്ള ജീവിത സാഹചര്യമാണ് ഉണ്ടായിരുന്നത്.

2008–2010 കാലഘട്ടത്തിലാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഈ ഘട്ടത്തിൽ 13 വീടുകളുടെ നിർമ്മാണം നടന്നിട്ടുണ്ട്. ബാക്കിയുള്ള വീടുകളുടെ പ്രവൃത്തി ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നു. ഗതാഗത യോഗ്യമായ നല്ല റോഡുകൾ ഇന്നും സങ്കേതത്തിൽ നിർമ്മിച്ചിട്ടില്ല. നിലവിലുള്ള മൺറോഡ് സങ്കേതത്തിലുള്ളവർ തന്നെയാണ് അറ്റകുറ്റപണികൾ നടത്തിവരുന്നത്. സങ്കേതത്തിനുള്ള 750മീറ്റർ കഴിഞ്ഞാലുള്ള 4കി.മീ. റോഡ് ഇപ്പോഴും സ്വകാര്യ കമ്പനിയുടെ കൈയ്യിലാണ്. (ഹാരിസൺസ് മലയാളം) കമ്പനി അധികൃതരുമായി നടത്തിയ ചർച്ചയിൽ റോഡിന് വേണ്ടി സ്ഥലം വിട്ടുനൽകാം എന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ റോഡ് മോശമായി തന്നെയാണുള്ളത്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം തുടങ്ങിയ സംവിധാനം ഒരുക്കിയത് 2012–13 കാലത്ത് മാത്രമാണ്. 2003ൽ സങ്കേതത്തിൽ

താമസമാരംഭിച്ചിട്ടുണ്ടെങ്കിലും 2012-13 കാലഘട്ടത്തിലാണ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായി തുടങ്ങിയത്. ഇന്നും വികസന പ്രവർത്തനങ്ങൾ അതിന്റെ പ്രാഥമിക തലത്തിൽ തന്നെയാണ് നിൽക്കുന്നത്.

## S.XII.2 സമുദായഘടന

ഇടുക്കി, കോട്ടയം ജില്ലയിലെ മന്നാൻ, ഉള്ളാടൻ, ഊരാളി തുടങ്ങിയ ഗോത്ര വിഭാഗങ്ങൾക്കാണ് പുനരധിവാസ പ്രവർത്തനത്തിന്റെ ഭാഗമായി ഇവിടെ ഭൂമി അനുവദിച്ചു നൽകി യത്.

## S.XII.3 അടിസ്ഥാന സൗകര്യം

പന്തടിക്കളം പുനരധിവാസ മേഖലയിൽ ഭൂമിയനുവദിച്ച 32 കുടുംബങ്ങളും അവരുടെ 19 ഉപകുടുംബങ്ങൾ ഉൾപ്പെടെ ആകെ 51 കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. 2007 ലാണ് സങ്കേതത്തിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ആരംഭഘട്ടത്തിൽ സങ്കേതത്തിൽ താമസമാക്കിയ കുടുംബങ്ങളിൽ 13 കുടുംബങ്ങളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചത്. അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഒരുക്കി നൽകാത്തതുകൊണ്ട് തന്നെ ആദ്യഘട്ടത്തിൽ അനുവദിച്ച ഫണ്ട് പര്യാപ്തമായിരുന്നില്ല. ആയതുകാരണം വീട് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ വരികയും തുടർന്ന് നടന്ന ചർച്ചകളുടെ ഫലമായി ഫണ്ട് ഉയർത്തുകയും 2010-2011 കാലഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ നേരിട്ടുതന്നെയാണ് ഭവന നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയത്. ഈ 13 വീടുകൾക്കു പുറമെ ബാക്കിയുള്ള വീടുകളിൽ 19 വീടുകളുടെയും ഉപകുടുംബങ്ങളിൽപെട്ട 16 കുടുംബങ്ങളെയും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഉപകുടുംബത്തിൽപെട്ട മൂന്ന് കുടുംബങ്ങൾ വീട് ആവശ്യമില്ലെന്ന് അറയിച്ചിട്ടുണ്ട്. ഭൂമി ഇങ്ങനെ തരം തിരിച്ചു നൽകുമ്പോൾ കാർഷികാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്ന ഭൂവിസ്തൃതി കുറയുന്നതു കൊണ്ടാണ് ഇവർ ഈ തീരുമാനത്തിൽ എത്തിയത്.

സങ്കേതത്തിൽ താമസമാക്കുന്നതിന് മുമ്പ് സൗകര്യങ്ങളോടു കൂടിയ വീട് ഉണ്ടായിരുന്നില്ല. മിക്കവാരും കുടുംബങ്ങളോടൊപ്പമായിരുന്നു താമസിച്ചിരുന്നത്. വീടുകൾക്ക് ഷീറ്റിട്ടതോ, ഓടുകൊണ്ടുള്ളതോ ആയ മേൽക്കൂരയാണ് ഉണ്ടായിരുന്നത്. ഭിത്തി കാട്ടുകല്ല്, മൺകട്ട കൊണ്ടും തറ ചാണകം കൊണ്ടുള്ളതുമായിരുന്നു. നിലവിൽ സങ്കേതത്തിലുള്ള സൗകര്യങ്ങളിൽ മുൻകാല സൗകര്യങ്ങളെ അപേക്ഷിച്ച് തൃപ്തികരമാണ്. മുമ്പ് താമസിച്ചിരുന്ന പ്രദേശത്ത് നിന്ന് പുനരധിവാസ മേഖലയിൽ എത്തിച്ചേർന്ന ഘട്ടത്തിൽ വലിയ രീതിയിലുള്ള പ്രയാസങ്ങൾ ഇവർ അനുഭവിച്ചിട്ടുണ്ട്. റോഡ് സൗകര്യങ്ങൾ ഇല്ലാത്തതും വന്യമൃഗശല്യവും ഉപജീവന മാർഗ്ഗമില്ലാത്തതും ഇവരുടെ

ജീവിതത്തെ കൂടുതൽ പ്രതിരോധത്തിലാക്കി. വീട് നിർമ്മാണത്തിനുള്ള ഫണ്ട് ഈ മേഖലയിൽ വാസ യോഗ്യമായ വീട് നിർമ്മിക്കാൻ അപര്യാപ്തമാണ്. സങ്കേതത്തിൽ സാധനങ്ങൾ എത്തിക്കുന്നതിന് തന്നെ വലിയ തുക ഇവർ ചിലവഴിക്കുന്നുണ്ട്. ഭൂമി ലഭ്യമായതിന് ശേഷം താമസമാക്കിയ ഭൂരിഭാഗം പേരും കൃഷി ചെയ്തുവരുന്നുണ്ട്. ലഭിച്ച ഒരു ഏക്കർ ഭൂമിയിൽ തന്നെയാണ് വീട് നിർമ്മാണവും ഇവർ നടത്തിയിട്ടുള്ളത്.

## S.XII.3.1കുടിവെള്ളം

സങ്കേതത്തിൽ താമസമാരംഭിച്ച ഘട്ടം മുതൽ തന്നെകുടിവെള്ള പ്രശ്നം വലിയ രീതിയിൽ ഇവർ അനുഭവിച്ചിരുന്നു. 2003 ലാണ് സങ്കേതത്തിൽ ഭൂമി ലഭ്യമായവർ താമസമാരംഭിക്കുന്നത്. ആ കാലഘട്ടത്തിൽ തന്നെ കുടിവെള്ളത്തിനുള്ള പദ്ധതികൾ ആവശ്യപ്പെട്ടെങ്കിലും ഒന്നും നടപ്പിലായില്ല. 2012-2013 വർഷങ്ങളിലാണ് സങ്കേതത്തിൽ കുടിവെള്ള പദ്ധതി ആരംഭിക്കുന്നത്. ഫണ്ട് ലഭ്യമാക്കാനുള്ള കാലതാമസം കൊണ്ട് 2014-15 വർഷമാണ് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നത്. സങ്കേതത്തിലെ പൊതുകിണറിൽ നിന്ന് മൂന്ന് ടാങ്കുകളിലായാണ് ജലം സംഭരിക്കുന്നത്. ആദ്യത്തെ ടാങ്കിൽ നിന്ന് 20 കുടുംബങ്ങൾക്കും മറ്റു രണ്ടു ടാങ്കുകളിൽ നിന്നായി 25 കുടുംബങ്ങളുമാണ് കുടിവെള്ളം ഉപയോഗിക്കുന്നത്. നിലവിൽ സങ്കേതത്തിലെ താമസമുള്ള മുഴുവൻ പ്ലോട്ടുകളിലും പൈപ്പ് ലൈൻ വഴി കുടിവെള്ളമെത്തിക്കുന്നുണ്ട്. സങ്കേതത്തിൽ എല്ലാ സീസണിലും കുടിവെള്ളം ലഭ്യമാകുന്നുണ്ടെങ്കിലും വേനൽക്കാലത്ത് ആവശ്യത്തിനുള്ള കുടിവെള്ളം തികയുന്നില്ല. മൂന്ന് ടാങ്കുകളിലേക്ക് ഒരു കിണറിൽ നിന്നാണ് വെള്ളം ഉപയോഗിക്കുന്നത്. ഇതുകാരണം വേനൽക്കാലത്ത് പത്തോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുന്നില്ല. പ്രശ്ന പരിഹാരത്തിനായി പുതിയ കിണറു കുഴിക്കാനും നിലവിലെ കിണറിന്റെ ആഴം വർദ്ധിപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. സങ്കേതത്തിലെ ചില ഗുണഭോക്താക്കൾക്ക് സ്വന്തമായി മോട്ടോർ വെച്ച് കുടിവെള്ളവും ജലസേചന സൗകര്യവും ഒരുക്കിയിട്ടുണ്ട്.

## S.XII.3.2വൈദ്യുതി

2003 കാലഘട്ടത്തിൽ സങ്കേതത്തിൽ താമസമാരംഭിച്ചുവെങ്കിലും വൈദ്യുതി നൽകിയിട്ടുള്ളത് 2012-13 കാലഘട്ടത്തിലാണ്. നിലവിൽ സങ്കേതത്തിലെ താമസമുള്ള മുഴുവൻ വീടുകളിലും വൈദ്യുതി നൽകിയിട്ടുണ്ട്.

പട്ടിക 3.14**വൈദ്യുതി**

| | വൈദ്യുതി | | ആ കെ |
|---|---|---|---|
| | അതെ | അല്ല | |
| പന്തടിക്കളം | 6 | 0 | 6 |
| | 100.0% | 0.0% | 100.0% |

## S.XII.3.3റോഡ് സൗകര്യം

സങ്കേതത്തിൽ ഭൂമി നൽകുന്ന ഘട്ടത്തിൽ ഗതാഗത യോഗ്യമായ റോഡുകൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. സങ്കേതത്തിൽ എത്തിച്ചേരുന്നതിന് വേണ്ടി 'ഹാരിസൺ മലയാളം പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്വകാര്യ കമ്പനിയുടെ സ്ഥലത്തു കൂടെയുള്ള റോഡാണ് ഉപയോഗിച്ചിരുന്നത്. ഈ റോഡ് തന്നെ വേണ്ടത്ര നിലവാരമില്ലാത്തതാണ്. ഈ കമ്പനിയുടെ സ്ഥലത്ത് നിന്ന് 750 മീറ്റർ റോഡ് സങ്കേതത്തിലൂടെയാണ് കടന്നു പോകുന്നത്. സങ്കേതവാസികൾതന്നെ മുൻകൈയെടുത്താണ് ഈ റോഡ് ചെറിയ രീതിയിൽ ഗതാഗതയോഗ്യമാക്കിയത്. റോഡ് സൗകര്യമില്ലാത്തതു കാരണം വീട് നിർമ്മാണത്തിന് വലിയ തുക തന്നെ ഇവർക്ക് ചിലവഴിക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസം, ചികിത്സ, തുടങ്ങിയ ആവശ്യങ്ങൾക്കും ഗതാഗത യോഗ്യമായ റോഡില്ലാത്തത് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. സങ്കേതവാസികളും പട്ടികവർഗ്ഗ വികസനവകുപ്പിലെ ഉദ്യോഗസ്ഥരും ഹാരിസൺ മലയാളം കമ്പനിയുമായി നടത്തിയ ചർച്ചയിൽ സങ്കേതത്തിലേക്കുള്ള റോഡ് നിർമ്മിക്കുന്നതിനു വേണ്ടി കമ്പനിയുടെ നിലവിലെ റോഡുള്ള സ്ഥലം വിട്ടുതരാമെന്ന് അറിയിച്ചിട്ടുണ്ട്.

## S.XII.4 വിദ്യാഭ്യാസം

യാത്രാ സൗകര്യത്തിന് പ്രയാസകരവും മൃഗശല്യവുമുള്ള ഒറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് പന്തടിക്കളം പുനരധിവാസ സങ്കേതം. സങ്കേതത്തിൽ നിന്ന് പുറത്തേക്ക്, വിദ്യാഭ്യാസ സ്ഥാപനത്തിങ്ങളിലെക്ക് പോകുന്നതിനു വളരെയധികം പ്രയാസം ഇവിടെയുള്ളവർ അനുഭവിക്കുന്നുണ്ട്. 2003ൽ ഭൂമി നൽകിയെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഇതുവരെ ശരിയായി ഒരുക്കി നൽകിയിട്ടില്ല. വീടുകളുടെ നിർമ്മാണ പ്രവർത്തി പൂർത്തിയാകാത്തതും, സൗകര്യങ്ങളില്ലാത്തതും കുട്ടികളുടെ പഠനത്തെ സാരമായിബാധിക്കുന്നുണ്ട്. ചില കുട്ടികളെ ഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിച്ചുവരുന്നുണ്ട്. ഈ കുട്ടികൾ മറ്റു കുട്ടികളെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായി പുരോഗതി കൈവരിച്ചിട്ടുണ്ട്. സങ്കേതത്തിന് സമീപത്തുള്ളത് തമിഴ് മീഡിയം

സ്കൂളായതിനാൽ തന്നെ അവിടെ കുട്ടികളെ പഠിപ്പിക്കുവാൻ ഇവർ താത്പര്യപ്പെടുന്നില്ല. തുടർവിദ്യാഭ്യാസത്തിനും കേരളത്തിലെ ജോലി സംബന്ധമായ ആവശ്യങ്ങൾക്കും മലയാളം ആവശ്യമായതിനാൽ മലയാളം മീഡിയം സ്ക്കൂളുകളിൽ വിദ്യാഭ്യാസം നടത്താനാണ് രക്ഷിതാക്കൾ താത്പര്യപ്പെടുന്നത് സങ്കേതത്തിലുള്ളവർ ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയ ഉപരിപഠനങ്ങൾക്കായി മൂന്നാർ, രാജാക്കാട്, അടിമാലി തുടങ്ങിയ പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. യാത്രാ സൗകര്യക്കുറവും, യാത്രാചിലവും, സാമ്പത്തിക ബുദ്ധിമുട്ടും ഇവരുടെ പഠനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഈ സങ്കേതത്തിൽ സാമ്പത്തിക ബാധ്യത കാരണം ഡിഗ്രി പൂർത്തിയാക്കാത്തവരുണ്ട്. ഇവിടെ വിദ്യാഭ്യാസ കാര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടി പ്രഥമ പരിഗണന നൽകേണ്ടത് റോഡിനാണ്. മതിയായ റോഡ് സൗകര്യം ഒരുക്കുന്നതിനും പൊതുഗതാഗത സംവിധാനത്തിനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. മാത്രമല്ല സങ്കേതത്തിന് സമീപത്തുള്ള സ്കൂളിൽ മലയാളം മീഡിയം ഉൾപ്പെടുത്തുന്നതുവഴി ദൂരെയുള്ള സ്കൂളിൽ പോകേണ്ടിവരുന്ന അവസ്ഥ യില്ലാതാകുകയും ചെയ്യും. കൂടാതെ പുരനധിവാസ മേഖലയിലെ വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ മുഴുവൻ സൗകര്യങ്ങളും സർക്കാർ ഏറ്റെടുത്ത് നടത്തുന്ന കാര്യം പരിഗണിക്കെണ്ടതുണ്ട്.

## S.XII.5 ആരോഗ്യം

പുനരധിവസിക്കപെട്ടിരുന്ന സമയത്ത് സങ്കേതവാസികൾ മാനസികവും സാമൂഹിപരമായി പ്രശ്നങ്ങൾ അനുഭവിച്ചിട്ടുണ്ട്. മൃഗ ശല്യവും അടിസ്ഥാന സൗകര്യങ്ങളില്ലാതെ ഒറ്റപ്പെട്ട സ്ഥലത്ത് എത്തിച്ചേർന്നിരുന്ന സമയത്ത് ഭയത്തോടെയാണ് ഇവർ കഴിഞ്ഞിരുന്നത്. ആരോഗ്യപരമായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ആശുപത്രിയിൽ പോകാനുള്ള ഗതാഗത സൗകര്യം ഉണ്ടായിരുന്നില്ല. സങ്കേതത്തിന് സമീപത്ത് മതിയായ ആരോഗ്യ സംവിധാനങ്ങളും ഉണ്ടായിരുന്നില്ല. പകൽ സമയങ്ങളിൽ പോലും ആനയിറങ്ങുന്നത് കാരണം സമീപ ആശുപത്രിയിൽ എത്തിച്ചേരുക ദുഷ്ക്കരമായിരുന്നു. സങ്കേതത്തിൽ താമസമാരംഭിച്ചതിനു ശേഷം പകർച്ചവ്യാധികളോ മറ്റു അസുഖങ്ങളോ ഒന്നും തന്നെയുണ്ടായിട്ടില്ല. അസുഖം വന്നാൽ കൂടുതലായും ശാന്തമ്പാറ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലോ, 15 കി.മീ. അകലെയുള്ള കുരുവിള സിറ്റി എന്ന സ്ഥലത്തുള്ള ആശുപത്രിയിലുമാണ് ചികിത്സിക്കുന്നത്. സങ്കേതത്തിലെ എല്ലാവരും തന്നെ അസുഖം വരുന്ന സമയത്ത് കൂടുതലായും അലോപതി മരുന്നുകളെയാണ് ആശ്രയിക്കുന്നത്. ഇവിടെ വർഷത്തിൽ ഒരു തവണ മെഡിക്കൽ ക്യാമ്പ് നടക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനവും വല്ലപ്പോഴും സങ്കേതത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ സങ്കേതത്തിലെ അംഗൻവാടിയിൽ രോഗപ്രതിരോധ കുത്തിവെയ്പ്പും ബോധവത്കരണ ക്ലാസുകളും നടന്നു വരുന്നുണ്ട്.

## S.XII.6 തൊഴിലും വരുമാനവും

സങ്കേതത്തിലെ കുടുംബങ്ങൾക്ക് ഒരേക്കർ വീതമാണ് ഭൂമിയനുവദിച്ചത്. വിതരണം ചെയ്ത ഭൂമിയെല്ലാം തന്നെ കൃഷിക്കനുയോജ്യമായ ഭൂമിയാണ്. ഭൂമി ലഭ്യമായവരിൽ പത്ത് കുടുംബങ്ങൾ ഒഴികെ എല്ലാവരും തന്നെ ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ട്. കൃഷിയിൽ നിന്നുള്ള വരുമാനവും, തൊഴിലുറപ്പ് പദ്ധതിയുമാണ് ഈ മേഖലയിലെ പ്രധാന ഉപജീവന മാർഗ്ഗങ്ങൾ. ഭൂമി ലഭ്യമായ സമയത്ത് യാതൊരു വരുമാന മാർഗ്ഗവും ഇവർക്കുണ്ടായിരുന്നില്ല. നിലവിൽ പത്ത് കുടുംബങ്ങളിലുള്ളവർ തൊഴിലുറപ്പിൽ ഉൾപ്പെടുത്തി തൊഴിൽ ചെയ്തുവരുന്നുണ്ട്. സങ്കേതത്തിലും പുറത്തും ആനശല്യം ഉള്ളതു കാരണം തൊഴിൽ തേടി സങ്കേതത്തിന് പുറത്ത് പോകാൻ സാധിക്കാത്തവ അസ്ഥയാണുള്ളത്. പയർ, കപ്പ, മരച്ചീനി, ഇഞ്ചി, കുരുമുളക്, കാപ്പി, കാച്ചിൽ, തുടങ്ങിയവ സ്വന്തം ആവശ്യത്തിനും ഇവർ കൃഷി ചെയ്തുവരുന്നുണ്ട്. നിലവിൽ കൃഷി ചെയ്തുവരുന്നവർക്കെല്ലാം കുരുമുളക്, കാപ്പി, വളങ്ങൾ തുടങ്ങിയവ പുനരധിവാസ വികസന മിഷൻ നൽകിയിട്ടുണ്ട്. കൃഷിക്ക് വേണ്ടിയുള്ള ജലസേചന സൗകര്യമില്ലാത്തത് കൃഷി ചെയ്യുന്നതിനെ സാരമായി ബാധിക്കുന്നുണ്ട്. അതികൊണ്ടു തന്നെ മഴക്കാലത്ത് മാത്രമാണ് കൃഷി ചെയ്യാൻ സാധിക്കുന്നത്. വേനൽക്കാലത്ത് ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. ജലസേചന സൗകര്യം ഒരുക്കി നൽകുകയും വന്യമൃഗശല്യം അകറ്റുകയും ചെയ്താൽ കൃഷിയിൽ നിന്നുതന്നെ നല്ലൊരു വരുമാനം ലഭിക്കുന്നതാണ്. കൂടാതെ ഡാമിൽ നിന്ന് മീൻപിടിച്ചും ഉപജീവനം നടത്തിവരുന്നവരുണ്ട്. സങ്കേതത്തിലുള്ളവരെ സംബന്ധിച്ച് ഒരു ഏക്കർ കൃഷിയിൽ നിന്നുമാത്രമാണ് വരുമാനം ലഭിക്കുന്നത് വന്യമൃഗശല്യം കാരണവും തൊഴിൽ ലഭ്യതകുറവ് കൊണ്ടും തൊഴിലില്ലാത്ത അവസ്ഥയാണിവിടെയുള്ളത്. കിട്ടുന്ന തൊഴിലിന് തന്നെ വളരെ കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്. സങ്കേതത്തിൽ ഇപ്പോൾ തന്നെ 19 ഉപകുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഗുണഭോക്താക്കൾ തങ്ങൾക്ക് ലഭിച്ച ഭൂമി മക്കൾക്ക് വിഭജിച്ച് നൽകുമ്പോൾ കൃഷി ചെയ്യാനുള്ള ഭൂമിയുടെ അളവ് കുറയുകയും മറ്റു മാർഗ്ഗങ്ങളില്ലാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. ഈ പ്രശ്നം കാരണം മൂന്ന് ഉപകുടുംബങ്ങൾ തങ്ങളുടെ സ്ഥലത്ത് വീട് വെയ്ക്കാൻ തയ്യാറാകുന്നില്ല. സങ്കേതത്തിൽ താമസിക്കുന്നവർക്ക് മറ്റു തൊഴിൽ പരിശീലനങ്ങളോ, സംവിധാനങ്ങളോ ഒരുക്കി നൽകണമെന്നാണ് ഇവരുടെ ആവശ്യം.

### S.XII.6.1ഫെൻസിങ്ങ്

2011-12 കാലഘട്ടത്തിലാണ് സങ്കേതത്തിൽ മൃഗശല്യം തടയാൻ വേണ്ടി 80 ഏക്കറിലെ 15 വീടുകൾ ഉൾപ്പെടെ 77 വീടുകൾ ഉൾക്കൊള്ളുന്ന വിധത്തിലാണ് ഫെൻസിംങ്ങ് ചെയ്തത്. എന്നാൽ കൃത്യമായ അറ്റകുറ്റപണികൾ നടത്താതെയും പുതിയ രീതിയിൽ (നെറ്റ്/ബോൾട്ട്) ഘടി പ്പിച്ചും, സ്ഥിരമായി മൃഗങ്ങൾ ആക്രമണവും കാരണം ഫെൻസിംങ്ങ് സംവിധാനം തകരുകയും നിലവിൽ പ്രവർത്തിക്കാത്ത അവസ്ഥയിലുമാണുള്ളത്.

## S.XII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

### ഊരുകൂട്ടം

സങ്കേതത്തിൽ ഊരുകൂട്ടം മുഖാന്തിരമാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. സങ്കേതത്തിന്റെ പ്രശ്നങ്ങളും വികസന കാര്യങ്ങളും ഊരു കൂട്ടത്തിൽ ചർച്ചചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. ഊരുകൂട്ട കമ്മിറ്റി 2010 മുതൽ കൃത്യമായി മൂന്ന് മാസം കൂടുമ്പോൾ നടത്തിവരുന്നുണ്ട്. പ്രമോട്ടർ, പഞ്ചായത്ത് മെമ്പർ, കുടുംബങ്ങളിലെ ഒരംഗം, സൈറ്റ്മാനേജർ തുടങ്ങിയവർ ഊരുകൂട്ടത്തിൽ പങ്കെടുക്കാറുണ്ട്.

## S.XII.7.1ഊരു കമ്മിറ്റി

80 ഏക്കർ പുനരധിവാസ സങ്കേതത്തിന്റെ മാതൃകയിൽ ഇവിടെയും ഊരു കൂട്ടത്തിന് പുറമെ പ്രത്യേക ഊരു കമ്മിറ്റി നടത്തി വരുന്നുണ്ട്. സങ്കേതത്തിന്റെ പൊതുവായ ആവശ്യങ്ങളാണ് ഊരുകൂട്ടത്തിൽ ചർച്ചചെയ്യുന്നത്. ഊരു കൂട്ടത്തിൽ പങ്കെടുക്കു ന്നതിന് മുമ്പ് തന്നെ ഇത്തരം പൊതുകാര്യങ്ങളിൽ തീരുമാനമെടുക്കാൻ ഈ കമ്മിറ്റികൾ സഹായിച്ചിരുന്നു. കൂടാതെ സങ്കേതത്തിൽ താമസിക്കുന്നവരുടെ കുടുംബ പ്രശ്നങ്ങൾ, സങ്കേതവാസികൾ തമ്മിലുള്ള പ്രശ്നങ്ങൾ ഒക്കെ ഈ കൂട്ടായ്മയിൽ പരിഹരിച്ചു വരുന്നുണ്ട്. സങ്കേതത്തിൽ 51 കുടുംബങ്ങളാണ് നിലവിൽ താമസിച്ചുവരുന്നത്. ഇതിൽ കൂടുതലും മന്നാൻ ഗോത്രവിഭാഗത്തിൽപ്പെടുന്നവരാണ്. മന്നാൻ വിഭാഗത്തിന്റെ ഊരിന്റെ അധിപൻ കാണിയാണ്. സമുദായത്തിന്റെ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം പരാമ്പര്യമായി കാണിക്കാണ്. പന്തടിക്കളം സങ്കേതത്തിൽ ഭൂമി അനുവദിച്ചവരിൽ മന്നാൻ കുടിയിലെ കാണിയും ഉണ്ടായിരുന്നു. ആയതുകാരണം പുതിയ സങ്കേതത്തിന്റെ മൂപ്പനായി ഈ കാണിയെ തന്നെ തിരഞ്ഞെടുക്കുകയും ചെയ്തു.

## S.XII.7.2മറ്റു സൗകര്യങ്ങൾ

സങ്കേതത്തിനകത്ത് സാംസ്കാരിക പ്രവർത്തനങ്ങൾ നടത്താൻ പൊതുവായ ഇടങ്ങൾ ഒന്നും തന്നെയില്ല. സംസ്കാരിക കേന്ദ്രം, ലൈബ്രറി, മറ്റു സംവിധാനങ്ങളും ഇതുവരെ നടപ്പായിട്ടില്ല.

## S.XII.8നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. സങ്കേതത്തിൽ മതിയായ ഗതാഗത സൗകര്യമില്ല. നിലവിലെ മൺറോഡിൽ യാത്രചെയ്യാൻ ബുദ്ധിമുട്ടുണ്ട്.
2. സങ്കേതത്തിൽ വീട് നിർമ്മാണം നല്ല രീതിയിൽ പൂർത്തീയാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ആന തകർത്ത വീടുകളിലെ അറ്റകുറ്റപണികൾ പോലും നടത്തുന്നില്ല.

3. കുടിവെള്ള സംവിധാനത്തിൽ പ്രത്യേക ശ്രദ്ധ നൽകണം. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു.
4. കുടുംബങ്ങൾ കൂടി വരുന്നതനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർധിക്കുന്നില്ല.
5. സങ്കേതത്തിലെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ/ കൂടിച്ചേരലുകൾ നടത്താൻ പൊതു സാംസ്കാരിക കേന്ദ്രമില്ല.
6. തൊഴിലുറപ്പ് പദ്ധതി എല്ലാ കുടുംബങ്ങൾക്കും ലഭ്യമാകുന്നില്ല.
7. ആരാധന സൗകര്യം, കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യം തുടങ്ങിയവയൊന്നും ഈ പ്രദേശത്ത് ഒരുക്കി നൽകിയിട്ടില്ല.
8. പൊതു ഗതാഗത സംവിധാനം ഇല്ലാത്തതുകാരണം സങ്കേതത്തിന് പുറത്തുള്ള ആശുപത്രി, സ്ക്കൂൾ, ഗവൺമെന്റ് വകുപ്പുകൾ, ജോലി സംബന്ധമായ കാര്യങ്ങൾ തുടങ്ങിയിടങ്ങളിലേക്ക് യാത്രചെയ്യാൻ പ്രയാസം അനുഭവിക്കുന്നു.
9. അനുവദിച്ച പ്ലോട്ടുകൾ ഉടമസ്ഥർ വരാത്തതു കാരണം കാടുപിടിച്ചു കിടക്കുകയും വന്യമൃഗങ്ങൾ വസിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു. കൂടാതെ ഭൂമി സമീപത്തുള്ള മറ്റു ഭൂ ഉടമകൾ കയ്യേറാനും സാധ്യതയുണ്ട്.
10. നിലവിലെ ഫെൻസിംങ്ങ് സംവിധാനം തകർന്നത് വന്യമൃഗശല്യം കൂടന്നതിന് കാരണമായി. സമീപപ്രദേശങ്ങളിലെ ആവാസവ്യവസ്ഥകൾ തകരുന്നത് കാരണം വന്യമൃഗ ശല്യം കൂടി വരുന്ന അവസ്ഥയാണ്.
11. സങ്കേതത്തിൽ കൂടുതലും ചെയ്യുന്നത് ജലസേചനം ആവശ്യമുള്ള കാർഷിക വിളകളാണ്. ആയതിനാൽ ജല ദൗർലഭ്യം സാരമായി കൃഷിയെ ബാധിക്കുന്നുണ്ട്.

## S.XII.9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസി കളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. എല്ലാ കാലാവസ്ഥകളിലും കുടിവെള്ളം ലഭ്യമാകണം. അതിനായി സങ്കേതത്തിൽ പുതിയ കിണർ കുഴിക്കുകയും നിലവിലെ കിണറിന്റെ ആഴം വർദ്ധിപ്പി ക്കുകയും ചെയ്യണം.
2. പദ്ധതികളിലെ കാലതാമസം ഒഴിവാക്കാൻ കൃത്യമായ ആസൂത്രണത്തോടെ പ്ലാൻ തയ്യാറാക്കുകയും, പ്രവർത്തികൾ ആരംഭിക്കുകയും, ഫണ്ട് അനുവദി ക്കുകയും ചെയ്യണം.
3. നടപ്പിലാക്കുന്ന പദ്ധതികൾ മോണിറ്ററിംങ്ങ് നടത്തണം സങ്കേതത്തിന് എത്ര ത്തോളം ഗുണകരമായെന്നും അന്വേഷിക്കണം.

4. വീട് നിർമ്മാണത്തിന് ഫണ്ട് തികയുന്നില്ല. സങ്കേതത്തിലെ ആവശ്യങ്ങൾ ക്കനുസരിച്ച് ഫണ്ട് വർദ്ധിപ്പിക്കണം.
5. ആധുനിക രീതിയിലുള്ള റെയിൽവേ, റോപ്പ് ഫെൻസിംങ്ങ് സംവിധാനം തുടങ്ങിയവ നടപ്പിലാക്കി മൃഗങ്ങളെ അകറ്റാം.
6. പന്തടിക്കളം, 301 സങ്കേതം, 80 ഏക്കർ, സൂര്യനെല്ലി, ചിന്നക്കനാൽ വിലക്ക് തുടങ്ങിയ പുനരധിവാസ മേഖലകൾക്ക് വേണ്ടി പൊതു ആശുപത്രി ആരംഭിക്കണം.
7. സങ്കേതത്തിലേക്കുള്ള റോഡ് നിർമ്മാണത്തിന് പ്രഥമ പരിഗണ നൽകി നടപ്പിലാക്കണം.
8. സങ്കേതത്തിൽ താമസമാരംഭിക്കുന്ന ഗുണഭോക്താക്കളുടെ ഭൂമി ഊരുകൂട്ട തീരുമാന പ്രകാരം താത്പര്യമുള്ള ഗോത്ര വർഗ്ഗക്കാർക്ക് താത്കാലികമായെങ്കിലും കൃഷി ചെയ്യാൻ നൽകണം.
9. സങ്കേതത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾക്ക് കൃത്യമായ ആസൂത്രണവും ഉണ്ടാ യിരിക്കണം. പരിഗണന നൽകേണ്ട പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ നടപ്പിലാക്കണം.
10. തൊഴിലുറപ്പ് പദ്ധതി സ്വന്തം കൃഷിയിടത്തിലെ ജോലിയുമായി ബന്ധപ്പെടുത്തി നൽകണം.
11. സങ്കേതത്തിൽ ഭൂമിയുള്ളത് കൊണ്ട് മൃഗപരിപാലനത്തിന് സാധ്യതയുണ്ട്. കൂട്ടമായോ, വ്യക്തിഗതമായോ വളർത്തുമൃഗങ്ങളെ വിതരണം ചെയ്യാം.
12. സാംസ്കാരിക കേന്ദ്രം ആധുനീക സൗകര്യത്തോട് കൂടി നിർമ്മിക്കണം. കുട്ടികൾക്ക് പഠിക്കാൻ ലൈബ്രറി സൗകര്യവും ഏർപ്പെടുത്തണം.
13. സങ്കേതത്തിലേക്ക് ചിലവ് കുറഞ്ഞ പൊതു ഗതാഗത സംവിധാനം ഒരുക്കി നൽകണം.
14. പയർ, ചേമ്പ്, ചേന, കാച്ചിൽ, കാപ്പി, കപ്പ, ഏലം, ഇഞ്ചി, കുരുമുളക് മറ്റു പച്ചക്കറികൾ തുടങ്ങിയവ സങ്കേതത്തിൽ ഉദ്പാദിപ്പിക്കുന്നുണ്ട്. ഇവയൊക്കെ വിപണനം നടത്താനുള്ള പൊതുസംവിധാനം ഒരുക്കണം.
15. സമുദായ ആചാരങ്ങൾ നടത്തേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകണം.
16. സങ്കേതത്തിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നവർക്കായി ഊരു കൂട്ടത്തിൽ നിന്ന് യാത്രാ ചിലവിനുള്ള തുക വകയിരുത്തണം.

# S.XIII. മറയൂർ സങ്കേതം

## S.XIII.1 പ്രദേശം

ദേവികുളം താലൂക്കിലെ മറയൂർ പഞ്ചായത്തിൽ സർവ്വെ നമ്പർ 277ലെ 3, 5 വാർഡുകളിലായാണ് മറയൂർ സങ്കേതം സ്ഥിതി ചെയ്യുന്നത്. 2001ലാണ് ഗുമ്മിട്ടാംകുഴി, പട്ടിക്കാട്, ചെറുവാട്, ചെമ്മൺകുഴി, നാച്ചിവയൽ, കരിമുട്ടി, ബാബുനഗർ, പ്രിയദർശ്ശിനി, എന്നിവിടങ്ങളിൽ നിന്ന് ഭൂരഹിതരായ ഹിൽ പുലയ സമുദായംഗങ്ങൾ മറയൂർ സങ്കേതത്തിൽ താമസമാരംഭിച്ചത്. മറയൂർ സങ്കേതം ഇന്ദിര കോളനി എന്നും അറിയപ്പെടുന്നു. ഇന്ദിരാനഗർ, കുടക്കം പട്ടി, നൂറുവീട്, സ്റ്റേജ് മന്ദ, മുരുകമല, ചേപ്പൻകയ്യ്, നാവലോഡകുഴി എന്നീ 8 സ്ഥലങ്ങൾ ഉൾപ്പെട്ടതാണ് മറയൂർ സങ്കേതം. സങ്കേതത്തിൽ ഭൂമി 242 കുടുംബങ്ങൾക്കാണ് ലഭിച്ചിട്ടുള്ളത്. നിലവിൽ 121 കുടുംബങ്ങളാണിവിടെ താമസിക്കുന്നത്. ഇതിൽ ചേപ്പൻകയ്യ്, നാവലോഡകുഴി എന്നീ സങ്കേതങ്ങളിൽ ആൾതാമസമില്ല. 1.5 ഏക്കർ ഭൂമി വീതമാണ് ഗുണഭോക്താക്കൾക്ക് അനുവദിച്ചു കിട്ടിയത്. എല്ലാവരും ഭൂമി ലഭിച്ചതിനു ശേഷമാണ് സ്ഥലം സന്ദർശിച്ചത്. ഗുണഭോക്താക്കളെല്ലാവരും 2002 -2006 കാലഘട്ടത്തിൽ താമസമാരംഭിച്ചവരാണ്.

ഗുമ്മിട്ടാംകുഴി, ചെമ്മൺകുഴി, കരിചുട്ടി, ബാബുനഗർ, പ്രിയദർശിനി, നാച്ചിവയൽ, ചെറുവാട് എന്നീ സമീപ പ്രദേശങ്ങളിൽ നിന്നും വന്ന ഭൂരഹിതരായ ഹിൽ പുലയ സമുദായംഗങ്ങളാണ് ഇവിടെ അധിവസിച്ചു വരുന്നത്. ഗുണഭോക്താക്കളെല്ലാംതന്നെയും പഞ്ചായത്തിനു പുറത്തു നിന്നുള്ളവരാണ്. പുനരധിവാസത്തിനു മുമ്പ് 66% ബന്ധുക്കളുടെ കൂടെയും, 25%വാടകക്കും, 8.3%പേർ സ്വന്തമായുമാണ് താമസിച്ചു വന്നിരുന്നത്.

മറയൂർ സങ്കേതത്തിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ 10% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S.XIII.2 സമുദായഘടന

നിലവിൽ താമസിക്കുന്ന 121 കുടുംബങ്ങൾ ഹിൽ പുലയ സമുദായംഗങ്ങളാണ്

## S.XIII.3 അടിസ്ഥാന സൗകര്യം

സങ്കേതത്തിൽ ഭൂമി ലഭിച്ചവർക്ക് മതിയായ വാഹനസൗകര്യം സംജാതമായിട്ടില്ല. മിക്കവാറും പാറയുള്ള പ്രദേശങ്ങളാണ്. നറുക്കെടുപ്പിലൂടെയാണ് ഗുണഭോക്താക്കൾക്കു ഭൂമി ലഭിച്ചത്. വീടുകൾ നിർമ്മിച്ചത് നിർമ്മിതി കേന്ദ്രമാണ്. വീടുകൾക്കായി 3.50 ലക്ഷമാണ് അനുവദിച്ചിട്ടുളളത്. ഇത് 4 ഗഡുക്കളായാണ് ലഭിച്ചിട്ടുള്ളത്. പകുതി പണി തീർത്ത വീടുകൾക്ക് പഞ്ചായത്തിൽ

നിന്നും വീണ്ടും ഒരു ലക്ഷം അനുവദിച്ചതിനു ശേഷമാണ് പലതിന്റെയും പണി പൂർത്തീകരിച്ചത്. വീടുകൾക്ക് 2 മുറികളും ഒരടുക്കളയും, കക്കൂസുമാണ് നിർമ്മിച്ചിട്ടുള്ളത്. ഇപ്പോഴും പൂർത്തിയാകാത്ത ഭവനങ്ങളുണ്ട്. 50% പേരും സ്വന്തം ഇഷ്ടപ്രകാരമാണ് ഭവന നിർമ്മാണം നടത്തി യിട്ടുള്ളത്. മറയൂർ വില്ലേജ് ഓഫീസ് ഒരു കി.മി അകലെയായി സ്ഥിതി ചെയ്യുന്നു.

ഒന്നു മുതൽ നാലു വരെയുള്ള പ്ലോട്ടിൽ ഭൂമി കൈയ്യേറ്റങ്ങളുണ്ടായിട്ടുണ്ട്. ആദ്യകാലത്ത് താമസമാരംഭിക്കുവാൻ 3,000 രൂപ സർക്കാർ ധനസഹായം ലഭിച്ചിട്ടുണ്ട്. സങ്കേതത്തിൽ സാംസ്കാരിക നിലയം, ആരോഗ്യ കേന്ദ്രം മുതലായവയുണ്ടെങ്കിലും ആശുപത്രികൾ ഇല്ല. കുടിവെള്ളം സൗക ര്യമുണ്ടെങ്കിലും കാർഷികാവശ്യങ്ങൾക്കുപയോഗപ്പെടുന്നില്ല. 1/2കിലോമീറ്റർ അകലെയുള്ള കൂടക്കടവ് മലയിലെ ആറ്റിൽ നിന്നും പൈപ്പ് വഴിയും ലഭിക്കുന്നു. ജലനിധി വഴിയും കുടിവെള്ളമെ ത്തിചേരുന്നുണ്ട്. സങ്കേതത്തിൽ വൈദ്യുതി ലഭ്യമാണ്. മുൻപ് താമസിച്ച സങ്കേതത്തിൽ എല്ലാ വരും അടുത്തടുത്താണ് താമസിച്ചിരുന്നത്. ചിലപ്പോൾ തമ്മിൽ വഴക്കുകൾ ഉണ്ടാവുകയും ചെയ്യും. എന്നാൽ ഇപ്പോൾ സ്ഥലം കൂടുതലുണ്ട്. സങ്കേതവാസികൾ പരസ്പരം നല്ല സഹകരണത്തിലാണ് കഴിയുന്നത്. എല്ലാ പ്ലോട്ടുകളിലും റോഡ് ഇല്ല. എന്നാൽ ഉള്ള റോഡുകളിൽ ഭൂരിഭാഗവും നല്ലതാ ണ്. 83.3% പേർ റോഡുകൾ വളരെ നല്ലതാണെന്നും, 8.3% പേർ റോഡുകൾ നല്ലതാണെന്നും, 8.3% പേർ റോഡുകൾ വളരെ മോശമാണെന്നും സർവ്വേയിൽ അഭിപ്രായപ്പെട്ടു.

കമ്മ്യൂണിറ്റി ഹാൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവ സങ്കേതത്തിലുണ്ട്. നിലവിൽ നാവ ലോഡക്കുഴി ഭാഗത്തുള്ള റോഡിന്റെ സ്ഥിതി വളരെ മോശമാണ്. നടക്കാൻ പോലും ബുദ്ധിമുട്ടുന്നു. ഇവിടെ ലഭിച്ച ഭൂമി അളന്നു തിട്ടപ്പെടുത്തി പട്ടയം കിട്ടിയിട്ടുണ്ട്.

## S.XIII.3.1 ഊരുകൂട്ടം

സങ്കേതത്തിൽ ഊരുകൂട്ടം പ്രവർത്തിക്കുന്നുണ്ട്. പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ യോഗം ചേരാറുണ്ട്. ഊരുകൂട്ടത്തിന്റെ സമയപരിധി ഏകദേശം 3 മണിക്കൂറാണ്.

## S.XIII.3.2 കുടുംബശ്രീ

സങ്കേതത്തിൽ കുടുംബശ്രീ പ്രവർത്തിക്കുന്നില്ല. ഇവരുടെ പഴയ സ്ഥലത്തെ കുടും ബശ്രീയിലാണ് ഇവർക്ക് അംഗത്വമുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽഅംഗത്വമുണ്ട്.

## S.XIII.4 വിദ്യാഭ്യാസം

സങ്കേതവാസികൾ വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നത് ഒരു കി.മി അകലെയുള്ള ഗവ. എൽ. പി സ്ക്കുൾ മറയൂർ, സെന്റ് മേരീസ് യു.പി സ്ക്കൂൾ, രണ്ട് കി.മി അകലെയുള്ള ഗവ. എച്ച്. എസ്. എസ്. മറയൂർ, അഞ്ച് കി.മി അകലെയായി സ്ഥിതി ചെയ്യുന്ന കോവിൽക്കടവ് ഐ.എച്ച്.ആർ. ഡി. എന്നിവയെയാണ്. 45 കി.മി അകലെയായി ആൺകുട്ടികൾക്കായി മൂന്നാർ എം. ആർ. എസ്സും,

110 കി.മി അകലെയായി പെൺകുട്ടികൾക്കായി പന്നിയാർ എം. ആർ. എസ്സും, ഒരു കി.മി അകലെ യായി ആൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലും, അര കി.മി അകലെയായി പെൺകുട്ടി കൾക്കായുള്ള പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലും സ്ഥിതി ചെയ്യുന്നു. നാല് കി.മി അകലെയാണ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പ്രി മെട്രിക്ക് ഹോസ്റ്റലുകൾ. 45 കി.മി അകലെയായി മൂന്നാറിൽ എഞ്ചിനിയറിങ്ങ് കോളജും, 220 കി.മി അകലെയായി കോട്ടയത്ത് മെഡിക്കൽകോളജും സ്ഥിതി ചെയ്യുന്നു. വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ മെച്ചപ്പെട്ടതാണെങ്കിലും, കുട്ടികൾക്ക് സങ്കേതത്തിലും വീടുകളിലും പഠനം നടത്താനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. കുട്ടികൾക്ക് കരിയർ കൗൺസിലിങ്ങുകളും, പഠനമുറികളും നൽകണം. 4ാംതരം വരെ MGLC (Multi Grade Learning Centre) ഉണ്ട്. കുട്ടികളിൽ പലർക്കും സ്ക്കൂളുകളിൽ ഭാഷാപരമായ പ്രയാസങ്ങൾ നേരി ടുന്നതിനാൽ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു പോരേണ്ടതായി വന്നിട്ടുണ്ട്. കളിക്കാൻ നല്ല കളി സ്ഥലമില്ല. 'ഗോത്രരശ്മി' എന്ന ലൈബ്രറി സങ്കേതത്തിൽ തുടങ്ങാനിരിക്കുന്നു.

## S.XIII.5 ആരോഗ്യം


അലോപ്പതി ചികിത്സാരീതിയാണ് പിൻതുടരുന്നത്. മദ്യപാനാസക്തി കൂടുതലായി ഇവർക്കിട യിൽ കണ്ടുവരുന്നു. സങ്കേതത്തിൽ രോഗപ്രതിരോധ കുത്തി വെയ്പ്പുകൾ, അംഗൻവാടി കേന്ദ്രീക രിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മറയൂരിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുണ്ട്. പക്ഷെ ആവശ്യത്തിനു ഡോക്ടർമാരോ സൗകര്യങ്ങളോ ഇല്ല.

## S.XIII.6 തൊഴിലും വരുമാനവും

സങ്കേതത്തികത്ത് ജലസേചനം ഇല്ലാത്തതിനാൽ കൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. മുമ്പ് അധിവസിച്ചിരുന്ന പ്രദേശങ്ങളിലാണ് ഇപ്പോഴും ജോലി ലഭിക്കുന്നത്. ആദ്യകാലത്ത് നെൽകൃഷി യുമായി ജോലി ചെയ്തിരുന്നത്. ആ ജോലിയിൽ ആറു മാസത്തോളം മാത്രമാണ് തൊഴിൽ ലഭിച്ചി രുന്നുള്ളൂ. ഇപ്പോൾ കരിമ്പ് കൃഷിയാണ് പ്രധാനമായും ചെയ്യുന്നത്. ഈ തൊഴിൽ എല്ലാ സീസ ണിലും ലഭ്യമാണ്. മറ്റു കൃഷിപ്പണികൾ, തൂമ്പ പണി, എന്നിവയും ചെയ്യാറുണ്ട്. ആന, കാട്ടുപന്നി മുതലായവ കൃഷി നശിപ്പിക്കുന്നുണ്ട്. പച്ചക്കറി വിത്തുകൾ കൃഷിഭവൻ വഴി ലഭിക്കുന്നുണ്ട്.

തൊഴിലുറപ്പ് വഴി വെള്ളച്ചാൽ വൃത്തിയാക്കിയിട്ടുണ്ട്. തൊഴിലുറപ്പിൽ അംഗത്വമുണ്ടെങ്കിലും വർഷത്തിൽ ആറു തൊഴിലാണ് ലഭിക്കാറുള്ളത്. മിക്കവർക്കും പലർക്കും സ്വകാര്യ സ്ഥാപനങ്ങ ളിൽ കടബാധ്യത ഉണ്ട്.41.7%പേർക്ക് സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കുന്നുണ്ട്.58.3% പേർ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നില്ലായെന്ന് അഭിപ്രായപ്പെട്ടു.

ചിത്രം 3.13തൊഴിൽ




25% പേർ സ്വന്തമായി കൃഷി ചെയ്യുന്നവരും, 50% പേർ കാർഷിക തൊഴിലാളികളുമാണ്.വന്യമൃഗശല്ല്യം കൃഷിയെ സാരമായി ബാധിക്കുന്നതിനാൽ വേലി കെട്ടണം. കുടിവെള്ളം ലഭ്യമാണെങ്കിലും കാർഷികാവശ്യങ്ങൾക്കു ഉപയോഗപ്പെടുന്നില്ല. ഉപജീവനത്തിനായി 8.3% പേരും കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. കോഴി, ആട്, പശു എന്നിവയാണ് പ്രധാനമായും വളർത്തുന്നത്. നാവലോഡക്കുഴി ഭാഗത്ത് കീരി ശല്ല്യമുള്ളതിനാൽ കോഴി വളർത്തൽ സാധ്യമാകുന്നില്ല. 16.7% പേർ നിർമ്മാണ തൊഴിലാളികളുമാണ്.

## S.XIII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ


പുനരധിവസിപ്പിക്കുമ്പോൾ റോഡ്, കുടിവെള്ളം എന്നീ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും. അതൊന്നും നടപ്പിലായിട്ടില്ല. സങ്കേതത്തിൽ എല്ലാവർക്കും വൈദ്യുതി കണക്ഷനുണ്ട്. ഗതാഗത സൗകര്യമില്ലാത്തതിനാൽ വീടുപണിക്കായുള്ള സാധങ്ങളെത്തിക്കാൻ ചുമട്ടുകൂലിയിനത്തിൽ വളരെയധികം സാമ്പത്തിക നഷ്ടമുണ്ടാകുന്നു. ഇന്ദിരാനഗർ സങ്കേതത്തിൽ പ്ലോട്ട് നമ്പർ 2000നു ശേഷമുള്ള എല്ലാ പ്ലോട്ടുകളിലും ആനയുടെ ശല്ല്യമുണ്ട്. ആനയെ ഭയന്ന് നിർമ്മിതിക്കാർ ഭവന നിർമ്മാണം നടത്തിയിട്ടില്ല. വേറെ പ്ലോട്ടുകളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സമ്മതിച്ചെങ്കില്ലും ഇതുവരെ ഒന്നും നടന്നിട്ടില്ല. 1-ാംപ്ലോട്ട് മുതൽ 40-ാംപ്ലോട്ട് വരെ റോഡ് കൈയ്യേറ്റങ്ങൾ ഉണ്ടാ

യിട്ടുണ്ട്. പരാതിപ്പെട്ടപ്പോൾ കലക്ടർ ഇടപ്പെട്ടിട്ടുണ്ട്. അതിർത്തി തർക്കങ്ങൾ ഉണ്ടാവാറുണ്ട്. സ്ഥലം അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്.

## S.XIII.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ


മൃഗശല്ല്യം, തൊഴിൽരാഹിത്യം എന്നിവ മൂലം പകുതിയോളം വീട്ടുകാർ ഇപ്പോഴും സങ്കേതത്തിൽ താമസമാക്കിയിട്ടില്ല. 500 മീറ്റർ അകലെയുള്ള ടാങ്കിൽ നിന്നും പെപ്പ് വെള്ളം ലഭിക്കുന്നുണ്ടെങ്കിലും മഴയത്ത് ചപ്പ് ചവറുകൾ വന്നടിയുന്നതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്നു. മുതുവാൻ സമുദായത്തിലെ കുട്ടികൾ ഹിൽപുലയരുടെ കുട്ടികളുമായ് അകലം പാലിക്കാറുണ്ട്. അവർ ഇവരുടെ വീടുകളിൽ വരാറില്ല. ഇവരുടെ കുട്ടികൾ അവരുടെ വീടുകളിൽ പോകാറുമില്ല. സങ്കേതത്തിൽ കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി എന്നിവയുണ്ട്.

ചിത്രം3.14ശൗചാലയം



സങ്കേതത്തിൽ 75% പേർക്കും ശൗചാലയങ്ങൾ ഉണ്ട്. എന്നാൽ 16.7% പേർക്ക് ശൗചാലയങ്ങളില്ല. 8.3% പേർക്കാകട്ടെ ഉപയോഗശുന്യമായ ശൗചാലയങ്ങളാണുള്ളത്.

ചിത്രം3.15**കുടിവെള്ളം**




സ്വന്തമായി കിണറുള്ളവരോ, പൊതുകിണറുകൾ ഉപയോഗിക്കുന്നവരോ സങ്കേതത്തിലില്ല. 66.7% പേർ പൈപ്പ് സംവിധാനത്തെയും, 25% പേർ അരുവികളെയും, 8.3% പേർ മറ്റു സംവിധാനങ്ങളെയുമാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. 33.3% പേർക്ക് മാത്രമെ കുടിവെള്ളം എല്ലാ സീസണുകളിലും ലഭിക്കുന്നത്. ബാക്കി 66.7% പേരും കുടിവെള്ളത്തിനായി കടുത്ത ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ജലനിധി വഴി വെള്ളം ലഭിക്കുന്നുണ്ട് എന്നാലിപ്പോൾ 3 മാസമായി ലഭിക്കുന്നില്ല. അതിനു മുൻപ് നിർമ്മിതിയുടെ പൈപ്പ് ഇട്ടിരുന്നു. പക്ഷെ എല്ലായ്പ്പോഴും വെള്ളം ലഭിക്കാറില്ല. കടുത്ത വേനലിൽ കുടിവെള്ളക്ഷാമം ഉണ്ടാകാറുണ്ട്.

## S.XIII.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതകവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

- സങ്കേതത്തിൽ കടുത്ത വേനലിൽ, കുടിവെള്ള ക്ഷാമം രൂക്ഷമാണ്. സ്വന്തമായി കിണറുള്ളവരോ, പൊതു കിണറുകൾ ഉപയോഗിക്കുന്നവരോ സങ്കേതത്തിലില്ല.
- റോഡ് - നാവലോഡക്കുഴി ഭാഗത്തുള്ള റോഡിന്റെ സ്ഥിതി വളരെ മോശമാണ്. നടക്കാൻ പോലും ദുഷ്ക്കരമാണ്.

- ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാർ വേണം.
- കൃഷിക്കായുള്ള ജലസേചനം ഉറപ്പ് വരുത്തണം.
- സ്ക്കൂളുകളിലെ ഭാഷാ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം
- പഠിക്കാൻ ട്യൂഷൻ സൗകര്യം/കരിയർ കൗൺസിലിങ്ങ് എന്നിവ നൽകണം.
- ആനക്കുഴി മുഴുവനാക്കണം, ആധുനിക രീതിയിലുള്ള റെയിൽവേ ഫെൻസിങ്ങ് / റോപ്പ് വേ ഫെൻസിങ്ങ് നിർമ്മിക്കണം.
- പൊതു കിണർ കുഴിച്ച് ജലക്ഷാമം പരിഹരിക്കണം.
- വീട് നിർമ്മാണം പൂർത്തീകരിക്കണം
- മൃഗശല്ല്യം പരിഹരിക്കണം

## S.XIV.കുണ്ടല സങ്കേതം (ഇടുക്കി)

### S.XIV.1 പ്രദേശം

ആദിവാസി പുനരധിവാസ വികസന മിഷനിലൂടെ സംസ്ഥാനത്ത് ആദ്യം ഭൂമി വിതരണം നടത്തിയത് ഇടുക്കി ജില്ലയിലെ കുണ്ടലയിലെ മുതുവാൻ സങ്കേതത്തിലാണ്. ദേവികുളം പഞ്ചായത്തിലെ കെ.ഡി.എച്ച്. വില്ലേജിൽ ഉൾപ്പെടുന്ന കുണ്ടല സങ്കേതം മൂന്നാറിൽ നിന്നും 25 കി.മീ. അകലെയായി സ്ഥിതിചെയ്യുന്നു. കുണ്ടല പുനരധിവാസ മേഖലയിലാകെ 20234 ഹെക്ടർ സ്ഥലം പുനരധിവാസ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും ഒരു കുടുംബത്തിന് 5 ഏക്കർ എന്ന കണക്കിൽ 71 കുടുംബങ്ങൾക്കായി 355 ഏക്കർ ഭൂമിയാണ് പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുള്ളത്. കുണ്ടല പുനരധിവാസ മേഖല 'മിന്താടിക്കുടി' (മേൽക്കുടി) 'കില്ലാടിക്കുടി' (കീഴ്ക്കുടി) എന്നിങ്ങനെ രണ്ട് ഭാഗങ്ങളിലായാണ് സ്ഥിതിചെയ്യുന്നത്. സങ്കേതവാസികളിൽ 27.3% പേർ പഞ്ചായത്തിനു പുറത്തു നിന്നും, 45.5% പേരും സ്വന്തം ജില്ലയിൽ നിന്നും താമസമാക്കിയവരാണ്. 81. പേർക്കും പട്ടയം ലഭിച്ചിട്ടുണ്ട്. എന്നാൽ 18.2% ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല.

കുണ്ടല സങ്കേതത്തിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ 14% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XIV.2സമുദായഘടന-

ഉപകുടംബങ്ങളടക്കം 96 കുടുംബങ്ങൾ സങ്കേതത്തിൽ നിലവിലുണ്ട്. സങ്കേതത്തിലെ ആകെ ജനസംഖ്യ 283 ആണ്. അതിൽ 137 പേർ പുരുഷന്മാരും 137 സ്ത്രീകളുമാണ്. തലമുറകളായി

കുണ്ടളകുടിയിൽ താമസമുള്ള കുടുംബങ്ങളാണ് മീന്താടിക്കുടി ഭാഗത്ത് താമസിക്കുന്നത്. 1980 ലെ പശ്ചിമഘട്ടവികസന പദ്ധതിയുടെ ഭാഗമായി കുണ്ടലയിൽ കുടിയിരുത്തപ്പെട്ട കുടുംബങ്ങളും തലമുറകളായി ഈ മേഖലയിൽ താമസിച്ചുവരുന്നവരും നിലവിൽ കുണ്ടളയിലുണ്ട്. മുതുവാൻ സമുദായംഗങ്ങൾ മാത്രം പുനരധിവസിക്കപ്പെട്ടതിനാൽ സമുദായ ആചാരങ്ങളും, വിശ്വാസങ്ങളും ഒരു പരിധിവരെ കാത്തുസൂക്ഷിക്കാൻ കുണ്ടള സങ്കേതവാസികൾക്ക് കഴിഞ്ഞിട്ടുണ്ട്. 1980 കളിൽ തന്നെ പുനരധിവാസത്തിന് വിധേയമായിട്ടുള്ള കുടുംബങ്ങൾക്ക് 2002 – ൽ ടി. ആർ. ഡി. എം. പുനരധിവാസ പദ്ധതിയിലൂടെ ഭൂമി അനുവദിക്കുകയും മിഷൻ ഏറ്റെടുക്കുകയുമാണ് ചെയ്ത്.

## S.XIV.2.1കുണ്ടള പുനരധിവാസ സങ്കേതം – ചരിത്രം

പൂഞ്ഞാർ രാജാവിന്റെ അധീനതയിലുണ്ടായിരുന്ന ഇടുക്കിയിലെ ഹൈറേഞ്ച് പ്രദേശങ്ങളിലായിരുന്നു മുതുവാൻ, മന്നാൻ, ഹിൽപുലയ, ഊരാളി, മലയരയ, മലപണ്ടാരം എന്നീ ഗോത്രവിഭാഗങ്ങൾ പ്രധാനമായും അധിവസിച്ചു വന്നിരുന്നത്. കേരളത്തിന്റെ പ്രധാന വൃഷ്ടി പ്രദേശങ്ങളായ ഈ മേഖലകൾ 1870 വരെ നിബിഡ വനങ്ങളായിരുന്നു. ഗോത്രജനത വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും പുനംകൃഷി നടത്തിയും ജീവിച്ചു വന്നിരുന്ന മേഖലകളിലാണ് തോട്ടവിള കൃഷിക്കു വേണ്ടി യൂറോപ്യൻ പ്ലാന്റർമാരുടെ വൻതോതിലുള്ള കയ്യേറ്റം നടന്നിരുന്നത്. 1877 ൽ പൂഞ്ഞാർ രാജാവ് കണ്ണൻദേവൻ മലനിരകളിൽ 277 ചതുരശ്രമൈൽ സ്ഥലം കാപ്പി കൃഷി ചെയ്യാൻ ജോൺ ഡാനിയൽ മൺറോയുടെ ബ്രിട്ടീഷ് കമ്പിനിക്ക് പാട്ടത്തിന് കൊടുത്തതോടെയാണ് ഗോത്രജനതയുടെ അധിവാസ മേഖലകൾ യൂറോപ്യൻ പ്ലാന്റന്മാർ സ്വന്തമാക്കുന്നതിന് ഇടുക്കി ജില്ലയിൽ തുടക്കം കുറിച്ചത്. തിരുവിതാംകൂർ രാജാവിന്റെ അംഗീകാരം കിട്ടിയ പാട്ടക്കരാർ ഭൂമിയിൽ 1897 ലാണ് കണ്ണൻദേവൻ ഹിൽ പ്രൊഡ്യൂസിംഗ് കമ്പനി രൂപീകരിച്ചത്. 1964ൽ ടാറ്റയും ഫിൻലേയും സംയുക്തമായി ഈ കമ്പനിയുടെ ഉടമസ്ഥത ഏറ്റെടുത്തു. യൂറോപ്യൻ പ്ലാന്റർമാർ തേയിലതോട്ടങ്ങളാക്കി മാറ്റിയ കണ്ണൻ ദേവൻ മലനിരകളിലായിരുന്നു കേരളത്തിൽ ഏറ്റവും കൂടുതൽ മുതുവാൻ കുടികളുണ്ടായിരുന്നത്. സങ്കേതവാസിയായ കന്തസ്വാമിയുടെ അഭിപ്രായത്തിൽ കെ.ഡി. എച്ച് വില്ലേജിൽ മാത്രം മുതുവാന്മാരുടെ 20 ഓളം കുടികളാണ് നഷ്ടപ്പെട്ടത്. കമ്പനി ഭൂമികളിൽ തേയിലയും യൂക്കാലിയും വെച്ച് പിടിപ്പിച്ചപ്പോൾ മുതുവാന്മാർ മറയൂർ, മാങ്കുളം, പള്ളിവാസൽ, കുണ്ടല തുടങ്ങിയ ഭാഗത്തേക്ക് പോയി. ഭൂമി നഷ്ടമായതോടെ വനവിഭവ ശേഖരണം, കന്നുകാലി വളർത്തൽ, പുനംകൃഷി മുതലായ ഉപജീവന മാർഗങ്ങളെല്ലാം മുതുവാന്മാർക്ക് നഷ്ടമായി. എന്നാൽ ആ കാലയളവിൽ നഴ്സറി ഷെഡുകൾ നിർമ്മിക്കുവാനും, വന്യജീവികളിൽ നിന്ന് തോട്ടവിളകൾക്ക് സംരക്ഷണം നൽകുവാനും മുതുവാന്മാരുടെ സേവനം കമ്പനി ഉപയോഗപ്പെടുത്തിയിരുന്നു. 1970 ൽ കുണ്ടല മുതുവാൻ കുടിയിൽ 7 ഓളം കുടുംബങ്ങൾ മാത്രമാണ് താമസിച്ചിരുന്നത്. 80 ഏക്കറോളം ഭൂമി ഈ കുടുംബങ്ങൾ കൈവശം വെച്ച് കൃഷി ചെയ്തു വന്നിരുന്നു. 1979 ൽ ഇന്ദിരാഗാന്ധി നടപ്പിലാക്കിയ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി കുണ്ടലയിൽ ജോയിന്റ് ഫാമിങ്ങ് സൊസൈറ്റി രൂപീകരിച്ചു. സമീപ പ്രദേശങ്ങളിലെ

മുത്തൻമുടി, കട്ടമുടികുടി, സ്വാമിയാറളകുടി, വത്സ്യപ്പെട്ടികുടി മുതലായ സങ്കേതങ്ങളിൽ നിന്നുള്ള 33 കുടുംബങ്ങളെയും കുണ്ടലയിൽ പുനരധിവസിപ്പിച്ചാണ് കുണ്ടലയിൽ സൊസൈറ്റി ആരംഭിച്ചത്. കമ്പനി യൂക്കാലി പ്ലാന്റേഷൻ കൈമാറിയിരുന്ന 200 ഏക്കറോളം ഭൂമിയും പദ്ധതിക്കുവേണ്ടി വിട്ടുനൽകിയിരുന്നു. സൊസൈറ്റി വഴി ഒരു കുടുംബത്തിന് 3 പശു എന്ന കണക്കിൽ 120 പശുക്കളെ നൽകുകയും പദ്ധതിക്കാവശ്യമായി 40 പശുക്കൾവീതമുള്ള 3 തൊഴുത്തുകൾ മാട്ടുപ്പെട്ടി ഇൻഡോസ്വിസ് പ്രോജക്ട് പ്രകാരം നിർമ്മിച്ചു നൽകുകയും ചെയ്തു. മേഖലയിൽ പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്കുള്ള വീടുകൾ ഹരി ജനക്ഷേമ വകുപ്പുവഴിയും നിർമ്മിച്ചുനൽകി. ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് പാൽശേഖരിച്ച് മിൽമയിൽ നൽകുന്ന രീതിയിലായിരുന്നു സൊസൈറ്റി പ്രവർത്തിച്ചിരുന്നത്. 1992 വരെ മികച്ച രീതിയിൽ പ്രവർത്തിച്ചിരുന്ന സൊസൈറ്റിക്ക് സർക്കാറിൽ നിന്നുള്ള സാമ്പത്തിക്കേതര സഹായങ്ങൾ പിൽകാലത്ത് ലഭിച്ചിരുന്നില്ല. പ്രിയദർശിനി, പൂക്കോട് മുതലായ പശ്ചിമഘട്ട വികസന പദ്ധതികളിൽ നിന്നും വ്യത്യസ്തമായി കുണ്ടലയിൽ ഭൂമിയിലെ സർവ്വവിധ അധികാരങ്ങളും ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകിയിരുന്നു. കൂടാതെ സൊസൈറ്റിയുടെ കൈവശമുണ്ടായിരുന്ന ഭൂമികളിൽ ഈ കാലയളവിൽ സാമൂഹ്യ വനവൽക്കരണ പദ്ധതിയിലുൾപ്പെടുത്തി യൂക്കാലി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തിരുന്നു. 2000ൽ മൂന്നാർ എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കുവാൻ മേഖലയിൽ നടത്തിയ കയ്യേറ്റ ശ്രമത്തെ തുടർന്ന് നടത്തിയ ചെറുത്തുനിൽപിന്റെയും ഫലമായി 2002ലാണ് ഭൂമി ഗുണഭോക്തക്കൾക്ക് ലഭ്യമാക്കിയത്. 1980 മുതൽ ഗുണഭോക്താക്കൾ കൈവശം വെച്ച് ഉപയോഗിച്ചിരുന്ന ഭൂമി 5 ഏക്കർ കണക്കിന് നിജപ്പെടുത്തിയാണ് മിഷൻ വിതരണം ചെയ്തത്. മേഖലയിലാകെ 20234 ഹെക്ടർ സ്ഥലം പുനരധിവാസ പ്രവർത്തനങ്ങൾക്കായി കണ്ടെത്തുകയും 2002ൽ മുതുവാൻ, ഹിൽപുലയ വിഭാഗങ്ങളിൽ നിന്നുള്ള 128 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുകയും ചെയ്തു. എന്നാൽ മറയൂർ മേഖലയിൽ നിന്നുള്ള ഹിൽപുലയ വിഭാഗങ്ങൾക്ക് ഹിന്ദുസ്ഥാൻ നാഷണൽ ലിമിറ്റഡ് (HNL)ന്റെ കൈയ്യിലുള്ള പാട്ടകാലാവധി കഴിയാത്ത ഭൂമിയാണ് വിതരണം ചെയ്തിരുന്നത്. പാട്ടകാലാവധി കഴിയാത്ത ഭൂമി വിതരണം ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ ഹിൽപുലയ വിഭാഗത്തിൽ നിന്നുള്ള കുടുംബങ്ങൾക്ക് മിഷൻ പിന്നീട് ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ പഞ്ചായത്തിലെ പന്തടിക്കളത്ത് ഭൂമി വിതരണം ചെയ്തു പുനരധിവസിപ്പിച്ചു. ഇവിടെ ഭൂമി ലഭിക്കുന്നതിനു മുൻപ് 81.8% സങ്കേതവാസികൾ ബന്ധുവീടുകളിലും, 18.2% സങ്കേതവാസികൾ വാടകക്കുമാണ് താമസിച്ചിരുന്നത്.

## S.XIV.3 അടിസ്ഥാന സൗകര്യം

പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി കുണ്ടല ഫാമിംങ്ങ് കോർപറേറ്റീവ് സൊസൈറ്റി ആരംഭിച്ച കാലത്ത് തന്നെ പുനരധിവാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തിയിട്ടുണ്ട്. ആ കാലയളവിൽ

കുണ്ടളയിൽ താമസിച്ചിരുന്ന 40 കുടുംബങ്ങൾക്ക് കരിങ്കല്ലിൽ പണിത 40 വീടുകൾ ഹരിജനക്ഷേമ വകുപ്പ് നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഒരു വരാന്തയും, മൂന്ന് മുറികളും, അടുക്കള സൗകര്യവുമുള്ള ഈ വീടുകളുടെ മേൽക്കൂര അസ്ബറ്റോസ് ഷീറ്റുകൾ കൊണ്ടാണ് നിർമ്മിച്ചിരുന്നത്. സങ്കേതവാസികളുടെ അഭിപ്രായ പ്രകാരം ശൗചാലയ സൗകര്യമില്ലാത്തത് ഒഴിച്ചാൽ ആ കാലഘട്ടത്തിൽ ലഭ്യമാകുന്നതിൽ മികച്ച സൗകര്യം വീടുകളിലുണ്ടായിരുന്നു. നിലിവിലും വിരലിലെണ്ണാവുന്ന കുടുംബങ്ങൾ ഈ വീടുകളിലാണ് താമസിക്കുന്നത്.

2002 – ൽ ആദിവാസി പുനരധിവാസ വികസന മിഷൻ വഴി സങ്കേതത്തിൽ ഭൂമി വിതരണം നടത്തിയതിന് ശേഷം ഭവന നിർമ്മാണം, റോഡ്, കുടിവെള്ളം മുതലായ വികസന പ്രവർത്തനങ്ങൾ മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 51 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ മിഷൻ ഏറ്റെടുത്തുവെങ്കിലും അവ പൂർത്തീകരിച്ചിട്ടില്ല. 75,000 രൂപ ചിലവിൽ നിർമ്മിച്ച ഈ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തൃശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കോസ്റ്റ് ഫോർഡ് ഏജൻസിയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 51 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തുവെങ്കിലും കോസ്റ്റ് ഫോർഡ് 35 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. വരാന്ത, ഹാൾ, 2 കിടപ്പുമുറികൾ എന്നിവ ഉൾപ്പടെ 300 ചതുരശ്ര അടിയിലുള്ള ഈ വീടുകൾക്ക് അടുക്കള സൗകര്യം നിർമ്മിച്ചു നൽകിയിട്ടില്ല. സമുദായത്തിന്റെ വിശ്വാസ പ്രകാരമല്ല ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്ന് ഗുണഭോക്താക്കൾ അഭിപ്രായപ്പെട്ടു. അടുക്കള സൗകര്യമില്ലാത്ത 35 വീടുകൾക്ക് അടുക്കള നിർമ്മിച്ചു നൽകാനുള്ള പദ്ധതിയും സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും 29 വീടുകൾക്ക് മാത്രമാണ് അടുക്കള നിർമ്മിച്ചുനൽകിയിട്ടുള്ളത്. 2.5 ലക്ഷം രൂപ ചിലവിൽ 20 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്താക്കൾ നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കിയെങ്കിലും 15 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ ചില വീടുകളുടെ തറ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ വീടുകളുടെ തറ നിർമ്മാണം കഴിഞ്ഞ് 12 വർഷത്തിലധികമായിട്ടും ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. നിലവിൽ കോസ്ഫോർസ് ഏജൻസി ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഉപേക്ഷിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ''ഇന്ദിരാ ആവാസ് യോജന'' (കഅഥ)പദ്ധതി വഴി നിർമ്മാണം പൂർത്തിയാക്കിയ വീടുകളും സങ്കേതത്തിലുണ്ട്. ഗുണഭോക്താക്കളിൽ ചില കുടുംബങ്ങൾക്ക് ഉപയോഗ ശൂന്യമായ കക്കൂസുകളാണുള്ളത്. മുൻ കാലങ്ങളിൽ വീടുകളോട് ചേർന്ന് കക്കൂസ് സൗകര്യം ഒരുക്കാൻ പാടില്ലെന്ന വിശ്വാസം ഇവർക്കിടയിലുണ്ടായിരുന്നു. അത് കൊണ്ട് തന്നെ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് 10 പൊതുകക്കൂസുകൾ മീന്താടിക്കുടിയിൽ മുൻപ് നിർമ്മിച്ചു നൽകിയിരുന്നു. നിലവിൽ അവ കാട് കയറി ഉപയോഗശൂന്യമാണ്.

### S.XIV.3.1കുടിവെള്ളം

മേഖലയിൽ താമസമാരംഭിച്ച കാലം മുതൽ മലയിലെ ചോലകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. 2500000 രൂപ മുടക്കി കില്ലാടിക്കുടി ഭാഗത്ത് ചെക്ക് ഡാം നിർമ്മിച്ച് പൈപ്പ് വഴി സങ്കേതവാസികൾക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതി സങ്കേതത്തിൽ നടപ്പിലാക്കിയെങ്കിലും അവയും പരാജയപ്പെട്ടു. മതിയായ ആസൂത്രണമില്ലാതെയാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കിയത്. ചെക്ക്ഡാമിൽ മണ്ണ് വന്നു നിറഞ്ഞതും, പൈപ്പുകൾ ആന തകർത്തതും പദ്ധതിയുടെ പരാജയകാരണ ങ്ങളാണ്. പൈപ്പ് വഴി ചോലകളിൽ നിന്നും വെള്ളം വീടുകളിലെത്തിക്കുന്ന സംവിധാ നമാണ് കുടിവെള്ളത്തിനായി നിലവിലും ഗുണഭോക്താക്കൾ ആശ്രയിക്കുന്നത്.

### S.XIV.3.2റോഡ്

കുണ്ടല മീന്താടിക്കുടി ഭാഗത്ത് പ്രധാനമന്ത്രി ഗ്രാമീണ സഡക്ക് യോജന പദ്ധതിയിൽ നിർമ്മിച്ചു നൽകിയ റോഡ് സൗകര്യം നിലവിലുണ്ട്. വീടുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡും ഈ മേഖലയിലുണ്ട്. എന്നാൽ കില്ലാടികുടി മേഖലയിൽ എത്തിചേരാൻ മൺ റോഡ് മാത്രമാണുള്ളത്. മഴക്കാലത്ത് ചെളി നിറയുന്ന ഈ റോഡ് വഴിയുള്ള യാത്ര ദുസ്സഹമാണ്.

### S.XIV.3.3 സാമൂഹിക രാഷ്ട്രീയ സംവിധാനങ്ങൾ

തനതായ ആചാര വിശേഷങ്ങൾ പാലിച്ചുവരുന്ന ഗോത്രവിഭാഗമാണ് മുതുവാൻ. തമിഴ് നാട്ടിലെ മധുര ജില്ലയിലെ ബോഡി നായ്ക്കന്നൂരിൽ നിന്നും ദേവികുളത്തേക്ക് കുടിയേറി പാർത്തവരാണ് മുതുവാന്മാരെന്ന് പൊതുവിൽ വിശ്വസിക്കപ്പെടുന്നു. കാണി, തലൈവൻ തുടങ്ങിയ അനൗദ്യോഗിക കൗൺസിലും, ചാവടി (സത്രം), തിണ്ണവീട് മുതലായ സാമൂഹിക സംവിധാനങ്ങളും മുതുവാൻ സമുദായത്തിന്റെ സവിശേഷതയാണ്. കുണ്ടലക്കുടി മേഖലയിൽ ഇത്തരം സമുദായത്തിന്റെ സാമൂഹിക സംവിധാനങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ‘കുടി’ എന്നറിയപ്പെടുന്ന മുതുവാൻ വാസകേന്ദ്രങ്ങളിൽ കുടിയിലെ കാര്യങ്ങളിൽ തീരുമാനമെടുക്കാവുന്ന പരമാധികാരി ‘കാണി’യാണ്. കാണിയെ സഹായിക്കാനായി ‘തലൈവൻ’ എന്നറിയപ്പെടുന്ന സഹായിയും കുടികളിലുണ്ട്. സമുദായത്തിന്റെ ഇത്തരം സാമൂഹിക കൂട്ടായ്മക്ക് പുറമെ ഔദ്യോഗിക സമ്പ്രദായമായ ഊരുകൂട്ടം സങ്കേതത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. സങ്കേതത്തിലെ വികസന പ്രവർത്തനങ്ങളിൽ തീരുമാനമെടുക്കുന്ന പരമാധികാരം ഊരുകൂട്ടത്തിനാണെങ്കിലും സാമുദായികമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്

കാണിക്കാരനും തലൈവനുമടങ്ങുന്ന അനൗദ്യോഗിക കൗൺസിലാണ്. കുടിയിലെ വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾക്ക് തീർപ്പുകൽപ്പിക്കുന്നത് 'പഞ്ചായം' എന്ന സംവിധാനത്തിലൂടെയാണ്. പഞ്ചായം നടത്തുമ്പോൾ വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾക്ക് തീർപ്പു കൽപ്പിക്കുന്നതും ശിക്ഷകൾ വിധിക്കുന്നതും കാണിക്കാരനും തലൈവനു അടങ്ങുന്ന അനൗദ്യോഗിക കൗൺസിലാണ്. ശിക്ഷാവിധികളിൽ കാലാനുസൃതമായി മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും സമുദായത്തിന്റെ ഇത്തരം സാമൂഹിക സംവിധാനങ്ങൾ കുണ്ടല പുനരധിവാസ മേഖലയിൽ ഇന്നും നിലനിൽക്കുന്നുണ്ട്.

## S.XIV.3.4വാലായ്പുര

മുൻകാലങ്ങളിൽ ആർത്തവം, പ്രസവം എന്നിവയുമായി ബന്ധപ്പെട്ട് സ്ത്രീകൾ കുടികളിൽ നിന്നും മാറി വാലാപുരകളിൽ (തീണ്ടാരി പുര) പാർക്കുന്ന സംവിധാനം ഭൂരിപക്ഷം ഗോത്രവിഭാഗങ്ങൾക്കിടയിലും നിലനിന്നിരുന്നു. പിൽകാലത്ത് ഇത്തരം ആചാരങ്ങൾക്കും, സംവിധാനങ്ങൾക്കും കാലാനുസൃതമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഒരു പരിധിവരെ മുതുവാൻ ഗോത്രജനത ഇത്തരം വിശ്വാസങ്ങൾ നില നിർത്തി വരുന്നുണ്ട്. കുണ്ടല പുനരധിവാസമേഖലയിലും ആർത്തവകാലത്ത് മാറി നിൽക്കാനുള്ള വാലാപുര സമ്പ്രദായം ഇന്നും നിലനിൽക്കുന്നുണ്ട്. ആർത്തവ സമയങ്ങളിൽ സ്ത്രീകളും പെൺകുട്ടികളും 4 ദിവസത്തോളം വീടുകളിൽനിന്നും മാറി വാലാപുരകളിലാണ് താമസിച്ചു വരുന്നത്. ഫർണീച്ചർ, അടുക്കള തുടങ്ങിയ സൗകര്യങ്ങളോടെ 23,20,000 രൂപ ചിലവിൽ സർക്കാർ സഹായത്തോടെ കുണ്ടലയിൽ വാലാപുര നിർമ്മിച്ചു നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവൃത്തി കഴിഞ്ഞ് 2 വർഷം കഴിഞ്ഞിട്ടും വാലാപുര സ്ത്രീകൾക്കും പെൺകുട്ടികൾക്കുമായി തുറന്നു കൊടുത്തിട്ടില്ല. പുതിയ വാലാപുരയോട് തൊട്ടുള്ള, മുൻപ് പണികഴിച്ച വാലാപുരയിലാണ് ഇന്നും സ്ത്രീകളും പെൺകുട്ടികളും താമസിക്കുന്നത്. വാലാപുരയ്ക്ക് സംരക്ഷണത്തിനായി ചുറ്റുമതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ടെങ്കിലും വാലാപുരയുടെ പരിസരം കാട് കയറി കിടക്കുകയാണ്. അതുകൊണ്ട് തന്നെ മതിയായ സൗകര്യവുമില്ലാത്ത വാലാ പുരയിലാണ് ആർത്തവകാലത്ത് സ്ത്രീകൾ കഴിയുന്നത്.

## S.XIV.3.5സത്രം

5 വയസ്സുമുതലുള്ള ആൺകുട്ടികൾക്കും, മുത്തച്ഛന്മാർക്കും, അവിവാഹിതരായ ചെറുപ്പക്കാർക്കുമുള്ള പൊതുശയനമുറി (Dormitory)സമ്പ്രദായം മുതുവാൻ സമുദായത്തിന്റെ തനത് സവിശേഷതയാണ്. സമുദായ മര്യാദയും, ചിട്ടകളും, നിയമവ്യവസ്ഥകളും തലമുറകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നത് സത്രത്തിൽ വെച്ചാണ്. സാമൂഹ്യമുറകളും, ജാതിമുറകളും പഠിപ്പിക്കുന്ന

സത്രമെന്ന സമ്പ്രദായം കുണ്ടള സങ്കേതത്തിൽ നിലവിലുണ്ട്. മുതുവാൻ സമുദായാചാര പ്രകാരം 5 വയസിന് മുകളിലുള്ള ആൺകുട്ടികൾക്ക് അച്ഛന്മാരുടെ കൂടെ വീടുകളിൽ കഴിയുന്നതിന് വിലക്കുണ്ട്. പെൺകുട്ടികൾക്കും സമാനമായ വിലക്കുണ്ട്. 5 വയസിന് മുകളിലുള്ള പെൺകുട്ടികളും, അവിവാഹിതരായ പെൺകുട്ടികളും, മുത്തശ്ശിമാരും രാത്രികാലങ്ങളിൽ കഴിഞ്ഞിരുന്നത് തിണ്ണവീടുകളിലാണ്. നിലവിൽ സങ്കേതത്തിലെ പെൺകുട്ടികളും മുത്തശ്ശിമാരും രാത്രികാലങ്ങളിൽ കഴിഞ്ഞ് വരുന്നത് ആൾപാർപ്പില്ലാത്ത വീടുകളിലാണ്. ആൺകുട്ടികൾക്കുള്ള സത്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ടി.ആർ.ഡി.എം. മിഷന്റെ സാമ്പത്തിക സഹായത്തോടെ കുണ്ടളകുടിയിൽ നടന്നു വരുന്നുണ്ട്. സങ്കേതത്തിൽ നിർമ്മാണ തൊഴിലുകളിൽ പ്രാവീണ്യം നേടിയ ആളുകൾ ഉണ്ടായിട്ടും മേഖലയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഇവരെ പങ്കുചേർത്തിട്ടില്ല.

## S.XIV.3.6ആരാധന

തലമുറകളായി തനത് ആചാരവിശേഷങ്ങളും, ആരാധനരീതികളും പിൻ തുടർന്നു വരുന്നവരാണ് മുതുവാൻ ഗോത്രവിഭാഗം. അവർ വനദേവതകൾ, മുരുകൻ, അമ്മ ദൈവങ്ങൾ എന്നിവയെ ആരാധിച്ചുവരുന്നു. കുണ്ടള പുനരധിവാസമേഖലയിൽ മീന്താടിക്കുടിയിൽ ഈ ദൈവങ്ങളെയെല്ലാം ആരാധിക്കാനുള്ള ആരാധനാലയം നിലവിലുണ്ട്.

## S.XIV.4വിദ്യാഭ്യാസം

താരതമ്യേന എത്തിപ്പെടാൻ പ്രയാസകരമായതും, മതിയായ പൊതു വാഹന സൗകര്യങ്ങളില്ലാത്തതുമായ മേഖലയിലാണ് കുണ്ടള ടി.ആർ.ഡി.എം. സങ്കേതം സ്ഥിതിചെയ്യുന്നത്. കുട്ടികൾക്ക് ഔപചാരികമായ വിദ്യാഭ്യാസം നേടാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഈ മേഖലയിലില്ലാത്തതും എത്തിപ്പെടാനുള്ള വിഷമവും വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. സങ്കേതത്തിലെ മുതിർന്ന തലമുറയിൽ ഔപചാരിക വിദ്യാഭ്യാസം നേടിയവർ തമിഴ് മീഡിയം വിദ്യാലയങ്ങളിൽ പഠിച്ചവരാണ്. എന്നാൽ തമിഴ് മീഡിയം സ്കൂളുകളിൽ പഠിച്ചിറങ്ങുന്നവർക്ക് കേരളത്തിൽ തൊഴിലവസരങ്ങളും, ഉപരിപഠന സാധ്യതകളും കുറവായത് കൊണ്ട് കുട്ടികളെ മലയാളം മീഡിയം സ്കൂളുകളിൽ പഠിപ്പിക്കാനാണ് രക്ഷിതാക്കൾ താൽപര്യപ്പെടുന്നത്. കുണ്ടള പുനരധിവാസ മേഖലയിൽ നിന്നും 3 കി.മീ. അകലെ മലയാളം മീഡിയം സ്കൂൾ മാത്രമാണുള്ളത്. യു.പി, ഹൈസ്കൂൾ ഉപരിപഠനത്തിനായി കുട്ടികൾക്ക് ദിനംപ്രതി 40 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടി വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് എത്തിപ്പെടാനുള്ള പ്രയാസം കാരണം പഠനം പാതിവഴിയിലുപേക്ഷിച്ച കുട്ടികളും സങ്കേതത്തിലുണ്ട്. പെൺകുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ കാര്യമായ പുരോഗതി കുണ്ടള പുനരധിവാസ മേഖലയിലു ണ്ടായിട്ടില്ല. സമുദായം പാരമ്പര്യമായി പിൻതുടർന്നുവരുന്ന ചില വിശ്വാസങ്ങൾ പെൺകുട്ടികളുടെ ഉപരിപഠനത്തിന് തടസം സൃഷ്ടിക്കുന്നുണ്ട്.

ഔപചാരികമായ വിദ്യാഭ്യാസത്തിന് പുറമെ തലമുറകളിലേക്ക് കൈമാറി വരുന്ന പാരമ്പര്യ അറിവുകൾ മുതുവാൻ സമുദായത്തിലിടയിലുണ്ട്. സത്രം, തിണ്ണവീട് മുതലായ സമുദായ സാമൂഹിക സംവിധാനങ്ങൾ ഇത്തരം അറിവുകളെ കൈമാറ്റം ചെയ്യാനും കാത്തുസൂക്ഷിക്കാനും മുതൽ കൂട്ടായിട്ടുണ്ട്. സാമൂഹിക നിയന്ത്രണ സംവിധാനങ്ങൾ കുണ്ടള പുനരധിവാസമേഖലയിൽ നിലനിൽക്കുന്നുണ്ട്. സമുദായത്തിന്റെ സാമൂഹിക മര്യാദകളും, ആചാരവിശേഷങ്ങളും പുതുതലമുറയ്ക്ക് പകർന്നു നൽകാൻ സത്രം, തിണ്ണവീട് മുതലായ സംവിധാനങ്ങൾ മുതൽകൂട്ടായിട്ടുണ്ട്. സാമുഹിക നിയന്ത്രണ സംവിധാനങ്ങളും കാലാനുസൃതമായ മാറ്റത്തിന് വിധേയമായിട്ടുണ്ട്. എങ്കിലും സാമുദായിക മൂല്യങ്ങളും വാമൊഴി സമ്പത്തും സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നിലവിലും മേഖലയിൽ നടക്കുന്നുണ്ട്.

## S.XIV.5 ആരോഗ്യം

മുൻകാലങ്ങളിൽ രോഗശമനത്തിനായി മന്ത്രവാദത്തെയും, പച്ചമരുന്നിനെയും മുതുവാൻ വിഭാഗം ആശ്രയിച്ചിരുന്നുവെങ്കിലും നിലവിൽ അലോപ്പതി ചികിത്സാരീതിയോടാണ് സങ്കേതവാസികൾ കൂടുതൽ താൽപര്യം കാണിക്കുന്നത്. അലോപ്പതി ചികിത്സ ലഭ്യമാക്കുന്നതിനായി കുണ്ടളയിൽ നിന്നും 3കി.മീ. അകലെയുള്ള കുണ്ടളയിലുള്ള ടാറ്റാ ചികിത്സാ കേന്ദ്രത്തിനെയാണ് ആശ്രയിക്കുന്നത്. കിടത്തി ചികിത്സയുൾപ്പെടെ ലഭ്യമാകുന്ന ഇവിടെ മുതുവാൻ സമുദായംഗങ്ങൾക്ക് സൗജന്യ സേവനമാണ് ലഭിക്കുന്നത്. സങ്കേതത്തിന്റെ സമീപത്തുള്ള സാൻഡോസ് സങ്കേതത്തിൽ ഹോമിയോ ചികിത്സ ലഭ്യമാണെങ്കിലും സങ്കേതവാസികൾ കൂടുതലായും ആശ്രയിക്കുന്നത് ടാറ്റാ ചികിത്സാ കേന്ദ്രത്തിനെയാണ്. മികച്ച ചികിത്സ ലഭ്യമാകാൻ 40 കി.മീ. സഞ്ചരിക്കണം. അതിനായി അടിമാലി, മൂന്നാർ മേഖലകളിലെ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.


## S.XIV.6തൊഴിലും വരുമാനവും

പുനംകൃഷി, നായാട്ട്, കന്നുകാലി വളർത്തൽ, വനവിഭവ ശേഖരണം എന്നിവയായിരുന്നു മുതുവാന്മാരുടെ മുൻകാല ഉപജീവന മാർഗ്ഗങ്ങൾ. നിലവിൽ കൃഷി, കാർഷിക ഇതര മേഖലകളിലെ തൊഴിലുകൾ എന്നിവയെയാണ് സങ്കേതവാസികൾ വരുമാനത്തിനായി ആശ്രയിക്കുന്നത്. താൽക്കാലികാടിസ്ഥാനത്തിൽ ഫോറസ്റ്റ് വാച്ചർ തൊഴിലിൽ ഏർപ്പെട്ട ആളുകളും (6 പേർ), ഇതര തൊഴിലുകളായ ഡ്രൈവിംഗ്, നിർമ്മാണമേഖലയിലെ തൊഴിലുകൾ എന്നിവയിൽ നിന്നും വരുമാനം കണ്ടെത്തുന്നവരും സങ്കേതത്തിലുണ്ട്. കന്നുകാലി വളർത്തൽ, വനവിഭവ ശേഖരണം എന്നിവ വരുമാനം കണ്ടെത്താനുള്ള ഉപതൊഴിലുകളാണ്. മഴയെ ആശ്രയിച്ചുള്ള

കൃഷിയിലേർപ്പെടുന്നവരാണ് ബഹുഭൂരിപക്ഷം ആളുകളും. അതുകൊണ്ട് തന്നെ വേനൽകാലങ്ങളിൽ തൊഴിലുറപ്പ്, കൂലിവേലകൾ എന്നിവയിൽ നിന്നുമാണ് വരുമാനം കണ്ടെത്തുന്നത്. ലഭ്യമാകുന്ന കാലങ്ങളിൽ തേൻ, തെള്ളി, കൽപാശം മുതലായ വനവിഭവങ്ങളുടെ വിപണനവും നടത്തുന്നുണ്ട്.

കണ്ണൻ ദേവൻ ഹിൽപ്ലാന്റേഷന്റെ യൂക്കാലി പ്ലാന്റേഷൻ ഭൂമിയാണ് 71 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുള്ളത്. ലഭ്യമായ 5 ഏക്കർ ഭൂമി കൃഷിക്ക് ഉപയുക്തമാക്കി വരുമാനം കണ്ടെത്തുന്നവരുണ്ടെങ്കിലും ഭൂമി ലഭ്യമാക്കുക വഴി ലക്ഷ്യം കണ്ട സങ്കേതത്തിന്റെ സർവോതോന്മുഖമായ വികസനം പൂർണമായും നേടിയെടുക്കാനായിട്ടില്ല. ലഭ്യമായ ഭൂമിയിൽ ഹ്രസ്വകാല വിളകളായ വിവിധയിനം പച്ചക്കറികളും, യൂക്കാലി, ചനക്ക (ടശഹ്ല്യ ഛമഹ)മുതലായ ദീർഘകാലവിളകളും പ്രധാനമായും കൃഷി ചെയ്തു വരുന്നു. മതിയായ ജലസേചന സൗകര്യമില്ലാത്തതിനാൽ മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് മേഖലയിൽ കൂടുതലായും ചെയ്തു വരുന്നത്. കാരറ്റ്, ബീറ്റ്റൂട്ട്, കാബേജ്, ബീൻസ് മുതലായ പച്ചക്കറികളാണ് മഴ ലഭ്യമാകുന്ന സമയങ്ങളിൽ കൂടുതലും കൃഷി ചെയ്തുവരുന്നത്. ഗുണഭോക്താക്കൾക്ക് 5 ഏക്കർ വീതം ഭൂമി വിതരണം ചെയ്തുവെങ്കിലും ലഭ്യമായ ഭൂമിയിൽ കൃഷി ചെയ്യാനുള്ള മതിയായ സാമ്പത്തിക-ഇതര സഹായങ്ങൾ ആദ്യകാലങ്ങളിൽ ബന്ധപ്പെട്ട അധികാരികൾ ഒരുക്കി നൽകിയിരുന്നില്ല. ഭൂമി പാട്ടത്തിന് നൽകുക/ ഒറ്റക്ക് കൊടുക്കുക മുതലായ പ്രവണതകൾ നിലവിലില്ലെങ്കിലും അവയ്ക്ക് സമാനമായി കൃഷി ചെയ്യാനുള്ള സാമ്പത്തിക സഹായം നൽകി ഇടനിലക്കാർ കർഷകരെ ചൂഷണം ചെയ്യുന്ന പ്രവണത സങ്കേതത്തിൽ നിലനിൽക്കുന്നുണ്ട്. കൃഷി, മറ്റിതര ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഇടനിലക്കാരുടെ ഇടപെടൽ കുണ്ടല പുനരധിവാസ മേഖലയിലും സജീവമാണ്. കൃഷിയിറക്കാനായി വിത്തും, വളവും, സാമ്പത്തിക സഹായവും ചെയ്യുന്ന ഇടനിലക്കാർക്ക് തന്നെ വിളവും നൽകാൻ ഗുണഭോക്താക്കൾ നിർബന്ധിതരാകുന്നു. വിപണനത്തിന് ശേഷം ലഭിക്കുന്ന ലാഭത്തിന്റെ ചെറിയ ശതമാനം മാത്രമാണ് കർഷകന് കിട്ടുന്നത്. സ്വന്തമായി ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള പ്രയാസം കാരണം നിലവിലും ഈ പ്രവണത തുടർന്നു കൊണ്ടെയിരിക്കുന്നു. കുണ്ടല സങ്കേതത്തിലെ ബഹുഭൂരിപക്ഷം കർഷകരും ഇടനിലക്കാരിൽ നിന്നും സാമ്പത്തിക സഹായം വാങ്ങിയാണ് കൃഷിചെയ്യുന്നത്. ഹോർട്ടികോർപ്പിന്റെ ഗ്യാപ്പ്(ഏീീറ അഴൃശരൗഹൗേൃമഹ ജൃമരശേലെ)പദ്ധതി വഴി വിപണി കണ്ടെത്തിയ വിരലിലെണ്ണാവുന്ന ഗുണഭോക്താക്കൾ സങ്കേതത്തിലുണ്ട്. ഹോർട്ടി കോർപ്പ് സംരംഭം വഴി ചെറുകിട വ്യാപാരം മാത്രമേ നടത്താൻ കഴിയൂ എന്നതു കൊണ്ടും, ഉൽപന്നങ്ങളിൽ നിന്നുള്ള വരുമാനം അതത് കാലത്ത് ലഭിക്കാത്തതു കൊണ്ടും സങ്കേതവാസികൾക്ക് ഈ രീതിയോട് താൽപര്യം കുറവാണ്.

ചിത്രം3.16 **തൊഴിൽ**




63.6% സ്വന്തമായി കൃഷി ചെയ്യുന്നവരും, 18.2% കാർഷിക തൊഴിലാളികളും, 9.1% തൊഴിൽരഹിതരുമാണ് സങ്കേതത്തിലുള്ളത്. 72.7% പേർക്കും കുടുംബശ്രീയിൽ അംഗത്വമുണ്ട്. എന്നാൽ 27.3% പേർക്ക് കുടുംബശ്രീയിൽ അംഗത്വമില്ല.

## S.XIV.6.1 കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ

സങ്കേതത്തിൽ ബഹുഭൂരിപക്ഷവും കൃഷി പ്രധാന ഉപജീവന മാർഗ്ഗമായിട്ടുള്ള ഗുണഭോക്താളാണ് 5 ഏക്കർ ഭൂമി ലഭ്യമായിട്ടും അതിൽ നിന്നും സ്ഥിരവരുമാനം കണ്ടെത്താൻ കഴിയാത്ത ഗുണഭോക്താക്കൾ സങ്കേതത്തിലുണ്ട്. മതിയായ ജലസേചന സൗകര്യങ്ങളില്ലാത്തത് കാരണം മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി ചെയ്യുന്നത്. കൃഷിയിറക്കാനുള്ള സാമ്പത്തിക ശേഷിയില്ലാത്തത് കൊണ്ട് ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്ന ഗുണഭോക്താക്കളും സങ്കേതത്തിലുണ്ട്. വന്യമൃഗങ്ങളുടെ ആവാസമേഖല കയ്യേറിയതും, പ്ലാന്റേഷൻ തോട്ടങ്ങളുടെ

ആഗമനവുമാണ് സങ്കേതത്തിൽ വന്യമൃഗശല്യം കൂടുതലാവാൻ പ്രധാന കാരണം. കുണ്ടല മേഖലയിൽ റവന്യൂ മിച്ചഭൂമികളിൽ മൃഗങ്ങൾക്കുള്ള പുൽമേടുകളും, ജല സൗകര്യവും ഒരുക്കി നൽകിയാൽ ഒരു പരിധിവരെ വന്യമൃഗശല്യം തടയാവുന്നതാണ്.

## S.XIV.6.2മൃഗശല്യം

ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിലുള്ള ആന ശല്യം കുണ്ടള പുനരധിവാസ മേഖലയിലുണ്ട്. മാട്ടുപ്പെട്ടി ഡാമിന്റെ വൃഷ്ടിപ്രദേശത്ത് സ്ഥിതിചെയ്യുന്ന പുനരധിവാസ മേഖല ആദ്യകാലം തൊട്ട് ആനകളുടെ വിഹാര കേന്ദ്രങ്ങളാണ്. മുൻകാലത്തെ അപേക്ഷിച്ച് മേഖലയിലെ ജനവാസം കൂടുതലായത് ആനശല്യം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന് സങ്കേതവാസികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ആനശല്യം കാരണം ഒരാൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. കൂടാതെ ഇങ്ങനെ കൃഷിനാശം സംഭവിച്ച ഗുണഭോക്താക്കളും സങ്കേതത്തിലുണ്ട്. കില്ലാടിക്കുടി മേഖലയിലെ ഗുണഭോക്താക്കൾ സ്വന്തം ചിലവിൽ ഫെൻസിംഗ് ചെയ്താണ് കൃഷിചെയ്യുന്നത്.

## S.XIV.8. നിലനിൽക്കുന്ന പ്രശ്നങ്ങൾ

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 5 ഏക്കർ വീതം ഭൂമി നൽകുന്നത് വഴി സർവ്വ തോന്മുഖമായ വികസനം ടി. ആർ. ഡി. എം. മിഷൻ മുന്നിൽ കണ്ടിരുന്നു. 1980 കളിൽ പുനരധിവാസത്തിന് വിധേയമായവരും തലമുറകളായി കുണ്ടളക്കുടിയിൽ താമസിക്കുന്നവരും സങ്കേതത്തിലുണ്ട്. 5 ഏക്കർ ഭൂമി ലഭ്യമാക്കിയെങ്കിലും ദേവികുളം മേഖലയിലെ ഇതര സങ്കേതങ്ങൾ നേരിടുന്നതിന് സമാനമായ വെല്ലു വിളികൾ കുണ്ടള പുനരധിവാസ മേഖലയും നേരിടുന്നുണ്ട്. ഇവിടെ 63.6% പേർക്കും സ്വന്തമായി ശൗചാലയങ്ങളുണ്ട് 18.2% പേർക്ക് ശൗചാലയങ്ങളില്ല.

## S.XIV.8.2വിദ്യാഭ്യാസ പിന്നോക്കാവസ്ഥ

മതിയായ സംവിധാനങ്ങളില്ലാത്തതിനാൽ വിദ്യാഭ്യാസം നേടുന്നതിന് വെല്ലു വിളികളുണ്ട്. ദിനംപ്രതി 40 കി.മീ. അധികം യാത്രചെയ്തുവേണം കുട്ടികൾക്ക് വിദ്യാലയങ്ങളിലെത്താൻ. ആനശല്യമുള്ള മേഖലയായതിനാൽ യാത്രസുരക്ഷിതവുമല്ല. മറയൂർ, മൂന്നാർ, അടിമാലി എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, എം.ആർ.എസ് ഹോസ്റ്റലുകളുണ്ടെങ്കിലും ഹോസ്റ്റൽ സൗകര്യം ഉപയോഗപ്പെടുത്തുന്നവർ കുറവാണ്. പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് രക്ഷിതാക്കളുടെ താൽപര്യകുറവ് കാരണം അവരുടെ വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ട്.

## S.XIV.8.3.കുടിവെള്ള പ്രശ്നം

കുടിവെള്ള പ്രശ്നം സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. വിവിധ കുടിവെള്ള പദ്ധതികൾ പഞ്ചായത്ത്, പട്ടികവർഗവികസന വകുപ്പ് എന്നിവർ ചേർന്ന് നടപ്പിലാക്കിയെങ്കിലും അവ പരാജയപ്പെട്ടു. മലഞ്ചെരുവുകളിലെ 'ഓലി' യിൽ നിന്നുള്ള വെള്ളമാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. 18.2% പേർ പൊതു കിണറുകളെയും, 72.7% പേർ അരുവികളെയു മാണ്ആശ്രയിക്കുന്നത്. 72.7% പേർ വേനൽ കാലത്ത് കടുത്ത ജലക്ഷാമം നേരിടുന്നു.

## S.XIV.8.4ശൗചാലയം

സങ്കേതത്തിൽ 63.6% പേർക്കും സ്വന്തമായി ശൗചാലയങ്ങളുണ്ടെങ്കിലും 18.2% പേർക്ക് ശൗചാലയങ്ങളില്ല.

## S.XIV.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. ആനയ്ക്ക് പുറമെ മാൻ, മ്ലാവ്, പന്നി മുതലായവയുടെ ശല്യവും മേഖലയിലുണ്ട്. പഴയ ട്രഞ്ച് പുനർനിർമ്മിക്കുക, റെയിൽവേ ഫെൻസിംഗ് കൊണ്ടുവരിക എന്നിവ യിലൂടെ വന്യമൃഗശല്യവും ഒരു പരിധിവരെ തടയാവുന്നതാണ്.
2. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾക്ക് അവബോധം നൽകേണ്ടതാണ്. തുടർവിദ്യാഭ്യാസത്തിന് താൽപര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാവുന്നതും, തുടർ വിദ്യാഭ്യാസം നേടുന്നതിനുള്ള സംവിധാനങ്ങൾ അവർക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
3. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവാത്ത വീടുകളുടെയും, അറ്റകുറ്റ പണികൾ ആവശ്യമുള്ളവയുടെയും പ്രവർത്തനങ്ങൾ യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതാണ്.
4. കാർഷിക മേഖല വിപുലപ്പെടുത്തേണ്ടതും കൃഷി ചെയ്യാനുള്ള ധനസഹായം തവണകളായി തിരിച്ചടക്കാമെന്ന വ്യവസ്ഥയോടെ നൽകാവുന്നതുമാണ്. ഇടനിലക്കാർ വഴിയുള്ള ചൂഷണം,

സാമ്പത്തികം സഹായം നൽകുന്നതോടെ ഒഴിവാക്കാവുന്നതാണ്. വിളകൾക്ക് വിപണി ഒരുക്കി നൽകാവുന്നതാണ്.

5. പട്ടയം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് പട്ടയം ലഭ്യമാക്കുക. മേഖലയിൽ പ്ലോട്ടുകളായി അളന്നു തിരിച്ചിട്ടും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത ഭൂമികൾ സാമൂഹിക പാരി സ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയതിന് ശേഷം മാത്രം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്.
6. കുടിവെള്ള പ്രശ്നം സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ്. ഇത് പരിഹരി ക്കുന്നതിനായി ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

## S.XV. സിങ്കുകണ്ടം 301 ഏക്കർ കോളനി

### S.XV.1 പ്രദേശം

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ പഞ്ചായത്തിലാണ് സിങ്കു കണ്ടം മുന്നൂറ്റൊന്ന് ഏക്കർ സങ്കേതം സ്ഥിതിചെയ്യുന്നത്. ഒരേക്കർ വീതം 301 കുടുംബങ്ങൾക്ക് അനുവദിച്ചപ്പോഴാണ് ഇവിടം മുന്നൂറ്റൊന്ന് ഏക്കർ കോളനി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി യത്. ഹിൽപുലയ, ഉള്ളാടൻ, മന്നാൻ, മലയരയൻ (ക്രിസ്ത്യൻ) ഹിന്ദു മലയരയ മുതുവാൻ ഗോത്ര വർഗ്ഗമെന്നവകാശപ്പെടുന്ന വിഭാഗങ്ങൾക്കാണ് ഇവിടെ ഒരേക്കർ വീതം ഭൂമി വീടിനും കൃഷിചെയ്യാ നുമായി നൽകിയത്. 2003-ൽ പട്ടയം ലഭിച്ച ഉടനെ തന്നെ താത്ക്കാലിക ഷെഡ് നിർമ്മിക്കുന്നതിന് 3000 രൂപ അനുവദിക്കുകയും ആ വർഷം തന്നെ ഷെഡ് നിർമ്മിച്ച് താമസം തുടങ്ങുകയും ചെയ്തി രുന്നു. ഇടുക്കി ജില്ലയുടെതന്നെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്ന വിവിധ സമുദായങ്ങളിൽപ്പെട്ട മിക്കവരും കൃഷിചെയ്തിരുന്നവരോ കൃഷി അടിസ്ഥാനമാക്കിയുള്ള കൂലിപ്പണി ചെയ്തിരുന്നവരോ ആയിരുന്നു. അതുകൊണ്ടുതന്നെ കാർഷിക മേഖലയിലെ ഉപജീവനമാർഗ്ഗം ഇവരുടെ പുനരധി വാസ ജീവിതത്തിന് അനുകൂല ഘടകങ്ങളാണ്.

റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഈ പ്രദേശത്തിന്റെ ഒരു ഭാഗം സൂര്യനെ ല്ലിയും, കിഴക്ക് ഭാഗം തമിഴ്നാട് അതിർത്തിയും, പടിഞ്ഞാറ് ഭാഗം ചിന്നകനാലുമാണ്. മറ്റൊരു ഭാഗം ആനയിറങ്കൽ ഡാമുമാണ്. ഇതുവഴി തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുന്നതിന് സർക്കാർ ബോട്ടുകളും അനുവദിച്ചിട്ടുണ്ടായിരുന്നു. സ്ക്കൂൾ, ആശുപത്രി, മറ്റു സർക്കാർ സ്ഥാപന ങ്ങൾ എന്നിവക്ക് തൊട്ടടുത്ത പൂപ്പാറ, ചിന്നകനാൽ സൂര്യനെല്ലി എന്നീ പ്രദേശങ്ങളെ ആശ്രയിക്കു ന്നു.

സിങ്കുകണ്ടം മുന്നൂറ്റൊന്ന് ഏക്കർ സങ്കേതത്തിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ 22% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

**മുന്നൂറ്റൊന്ന് ഏക്കർ കോളനി ചരിത്രം**

2003 ലാണ് മുന്നൂറ്റൊന്ന് ഏക്കർ കോളനിയിൽ ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം ഹിൽപുലയ, ഉള്ളാടർ, മലയരയൻ. ഹിന്ദുമലയൻ, മുതുവാൻ എന്നീ ഗോത്ര വർഗ്ഗമെന്നവകാശപ്പെടുന്ന 301 കുടുംബങ്ങളെ പുനരധിവസിപ്പിച്ചത്. ചെമ്പകതഴുകുടി, പച്ചപുൽകുടി, ടായ്കുടി എന്നീ സമീപ പ്രദേശത്ത് നിന്നും ഹിൽപുലയ സമുദായത്തിൽപ്പെട്ടവർ മറയൂർ ഭാഗത്തുനിന്നുമാണ് പുനരധിവസിപ്പിക്കപ്പെട്ടത്. സിങ്കുകണ്ടം മുന്നൂറ്റൊന്ന് ഏക്കർ കോളനിയിലേക്ക് പുനരധിവസിപ്പിക്കുന്നതിനെ വനം വകുപ്പ് എതിർക്കുകയും അന്നത്തെ ഡി.എഫ്.ഒ ആനത്താവളമായ പ്രദേശത്താണ് 301 കോളനി സ്ഥാപിക്കുന്നത് എന്നും പുനരധിവസിപ്പിക്കപ്പെട്ട ജനത സുരക്ഷിതരല്ല എന്നും കാണിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. ആനയിറങ്കൽ ഡാം ഈ സങ്കേതത്തോട് അടുത്ത് സ്ഥിതിചെയ്യുന്നു. മുന്നൂറ്റൊന്ന് ഏക്കർ കോളനി വന്യമൃഗ ശല്യമുള്ളതും, മതിയായ ഗതാഗത സൗകര്യം ലഭ്യമാകാത്തതുമാണ്. കുടിയേറ്റത്തിന്റെ കാലത്ത് നിന്നും കൈയ്യേറ്റങ്ങളുടെ കാലത്തേക്ക് മലയോര മേഖല മാറിയതോടെയാണ് മുമ്പില്ലാത്ത വിധം ആനയുടെ ആക്രമണങ്ങൾ മലയോരമേഖലകളിലും, പുനരധിവാസ മേഖലകളിലും വർദ്ധിച്ചത്. 2002-ൽ ആദിവാസി പുനരധിവാസ പദ്ധതി നടപ്പിലാക്കുകയും ആനതാരകളിൽ റിസോട്ടുകൾ ഉയരുകയും, വിനോദ സഞ്ചാര കേന്ദ്രമായി സമീപ പ്രദേശങ്ങൾ മാറിയതോടെ കൈയ്യേറ്റങ്ങളും, ജനങ്ങളുടെ ഇടപെടലുകളും വർദ്ധിക്കുകയും, കൃഷി ഇടങ്ങൾ സോളാർ വേലികെട്ടിതിരിക്കുകയും ചെയ്തതോടെ ആനകളുടെ ആക്രമണം ഈ പ്രദേശത്ത് വർദ്ധിച്ചു.

2003-ൽ പട്ടയം ലഭിച്ചതിന് ശേഷം സങ്കേതവാസികൾ ധാരാളം സമരങ്ങളിൽ പങ്കെടുക്കുകയുണ്ടായി. 2005-ൽ സിങ്കുകണ്ടം പോസ്റ്റാഫീസിന് മുമ്പിൽ ഭവനത്തിന് വേണ്ടിയും, 2007-ൽ ശുദ്ധജലത്തിന് വേണ്ടിയും ( പിന്നീട് 68 ലക്ഷം രൂപ അനുവദിച്ചു), 2009-ൽ 81 ദിവസം ചിന്നക്കനാൽ വില്ലേജ് ഓഫീസിൽ വച്ച് വൈദ്യുതിക്ക് വേണ്ടിയും സമരം ചെയ്തതിനു ശേഷം വൈദ്യുതി ലഭിക്കുകയും ചെയ്തു. 2009-ൽ ജില്ലാ കലക്ടർ, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ സങ്കേതം സന്ദർശിച്ചു.

## S.XV.2 സമുദായഘടന

ഹിൽപുലയ, ഉള്ളാടൻ, മലയരയൻ, ഹിന്ദുമലയരയൻ, മുതുവാൻ എന്നീ ഗോത്ര വർഗ്ഗങ്ങളെന്നവകാശപ്പെടുന്ന 301 കുടുംബങ്ങളെയാണ് സങ്കേതത്തിൽ പുനരധിവസിപ്പിച്ചത്.

## S.XV.3 അടിസ്ഥാന സൗകര്യം

മുന്നൂറ്റൊന്ന് ഏക്കർ കോളനിയിൽ ഒരേക്കർ ഭൂമിയിൽ വീട് വച്ച് നൽകിയെങ്കിലും ആനകളുടെ ശല്ല്യം കാരണം മിക്ക കുടുംബങ്ങളും സ്ഥിരമായി താമസിക്കുന്നില്ല. ഇപ്പോൾ നിലവിൽ 94 കുടുംബങ്ങൾ മാത്രമാണ് ഉള്ളത്. അതിൽ 36 കുടുംബങ്ങൾ മാത്രമാണ് സ്ഥിരം താമസക്കാർ.

150-ൽ അധികം വീടുകൾ താമസിക്കാതെ ഒഴിഞ്ഞ് കിടക്കുന്നു. പല വീടുകളിലും നിർമ്മാണത്തിലെ പാകപ്പിഴകൾ കാരണം ചോർന്നൊലിക്കുന്നു. വീടുകളിലേക്ക് കുടിവെള്ള സൗകര്യമോ മതിയായ ഗതാഗത സംവിധാനമോ ഇല്ലാത്തതിനാൽ കുടിവെള്ളം കൊണ്ടുവരാൻ മിക്ക കുടുംബങ്ങളും കിലോമീറ്ററുകളോളം കാട്ടുമൃഗങ്ങൾക്കിടയിലൂടെ സഞ്ചരിക്ക്ണം. വിവിധ സമുദായങ്ങൾ ഒരുമിച്ച് താമസിക്കുമ്പോൾ ഉണ്ടാകുന്ന ചെറിയ പ്രശ്നങ്ങളും ഇവർക്കിടയിൽ ഉണ്ട്. പലരും സ്വസമുദായ ത്തിന്റെ ആചാരനുഷ്ഠാനങ്ങളിൽ നിന്ന് വിട്ട് പോകുന്നു.

പട്ടിക 3.15 **ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ**

| ക്രമ ചീ | ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ | ലഭ്യമായതിലെ പ്രശ്നങ്ങൾ |
|---|---|---|
| 1 | കോൺക്രീറ്റ് വീട് | മിക്കവയും ചോർന്നൊലിക്കുന്നു |
| 2 | വൈദ്യുതി | വയറിംഗ് നടത്തിയതിൽ പ്രശ്നം |
| 3 | തൊഴിലുറപ്പ് പദ്ധതി | തൊഴിൽ ദിനങ്ങൾ കുറവ് |
| 4 | കൃഷിഭൂമി | ജലസേചനം ഇല്ല, ആനശല്യം |
| 5 | സാമ്പത്തിക സഹായങ്ങൾ | ആവശ്യത്തിന് ലഭ്യമല്ല |

പട്ടിക 3.16 **ലഭ്യമല്ലാത്ത അടിസ്ഥാന സൗകര്യങ്ങൾ**

| | ലഭ്യമല്ലാത്ത അടിസ്ഥാന സൗകര്യങ്ങൾ |
|---|---|
| 1 | കുടിവെള്ളം |
| 2 | ജലസേചന സൗകര്യം |
| 3 | സോളാർ വേലി പൂർണ്ണമല്ല |
| 4 | ഗതാഗത സൗകര്യം കുറവ് |
| 5 | വന്യജീവികളെ നിയന്ത്രിക്കാൻ സാധിച്ചില്ല |
| 6 | പ്രാഥമിക ആശുപത്രി |
| 7 | അംഗൻവാടി സ്കൂൾ |
| 8 | പരിശീലന പരിപാടികൾ |

6 കി.മി. അകലെയുള്ള വിലക്ക് എന്ന പ്രദേശത്താണ് ആരോഗ്യ ഉപകേന്ദ്രം സ്ഥിതിചെയ്യുന്ന ത്. ജില്ല ആശുപത്രി 85 കി.മി. അകലെ പൈനാവ് എന്ന സ്ഥലത്താണ് ഉള്ളത്. 3 കി.മി. അകലെ യുള്ള സിങ്കുകണ്ടത്ത് അംഗൻവാടി സ്ഥിതിചെയ്യുന്നു. 6 കി.മി. ചുറ്റളവിൽ ബാങ്കുകൾ, മൃഗാശുപ ത്രി, കൃഷിഭവൻ, പലചരക്ക്കട, പോസ്റ്റ് ഓഫീസ്, വില്ലേജ് ഓഫീസ്, റേഷൻ കട എന്നിവയുണ്ട്. എന്നാൽ സങ്കേതത്തിനുള്ളിൽ അംഗൻവാടി,ലൈബ്രറി, പൊതുകളിസ്ഥലം സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളില്ല.

## S.XV.4 വിദ്യാഭ്യാസം

മുന്നൂറ്റൊന്ന് ഏക്കർ കോളനിയിൽ പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സൗകര്യം ഇല്ല. പ്രധാനമായും മതിയായ വാഹനസൗകര്യം ഇല്ലാത്തതും ആനകളുടെ ശല്ല്യം കാരണം പുറത്ത് പോകാൻ പറ്റാത്തതും വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നം ആണ്. 3.കി.മി. അകലെ സികുണ്ടം എന്ന പ്രദേശത്ത് അംഗൻവാടി ഉണ്ടെങ്കിലും പ്രാഥമിക തലം മുതൽ ഹൈസ്കൂൾവരെ ചിന്നകനാൽ, വിലക്ക് എന്നീ പ്രദേശങ്ങളിലേക്ക് കാട്ടാനകളുടെ സഞ്ചാര വഴിയിലൂടെ യാത്ര ചെയ്യേണ്ടതുണ്ട്. ആൺകുട്ടികളുടെ എം.ആർ.എസ് 32.കി.മി. ദൂരെ മൂന്നാറിലും, പെൺകുട്ടികൾക്കുള്ള എം.ആർ.എസ് 65 കി.മി. അകലെ അടിമാലിയിലുമാണ് സ്ഥിതി ചെയ്യുന്നത്. സ്വന്തമായി ഒരു കുടുംബത്തിന് ഭൂമി ലഭിച്ചത് ഒഴിച്ചാൽ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സാഹചര്യം പൊതുവെ കുറഞ്ഞതായാണ് വിലയിരുത്തൽ. എന്നാൽ പഠനം തുടരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും ദൂരെ സ്ഥലങ്ങളിലുള്ള ഹോസ്റ്റലുകളിലോ എം.ആർ. എസ്സുകളിലോ പഠനം നടത്തുന്നു. മറ്റുപല വിദ്യാർത്ഥികളും അവരുടെ ബന്ധുവീട്ടിൽ നിന്ന് സ്കൂളുകളിൽ പോകുന്നു. ചുരുക്കം ചില വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

### S.XV.4.1സങ്കേതത്തിൽ നിന്ന് വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുള്ള ദൂരം

പട്ടിക 3.17**സങ്കേതത്തിൽ നിന്ന് വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുള്ള ദൂരം**

| | സ്ഥാപനം | ദൂരം | സ്ഥലം |
|---|---|---|---|
| 1 | അംഗൻവാടി | 3 .കി.മി | സിങ്കുകണ്ടം |
| 2 | എൽ.പി.സ്കൂൾ | 6 .കി.മി | വിലക്ക് |
| 3 | യു.പി.സ്കൂൾ | 6 കി.മി | വിലക്ക് |
| 4 | ഹൈസ്കൂൾ | 7 കി.മി | ചിന്നകനാൽ |
| 5 | വി.എച്ച്.സി/ഹയർ സെക്കന്ററി | 6 കി.മി | വിലക്ക് |
| 6 | എം.ആർ.എസ് ആൺകുട്ടികൾ | 3 കി.മി | മൂന്നാർ |
| 7 | എം.ആർ.എസ് പെൺകുട്ടികൾ | 65 കി.മി | അടിമാലി |
| 8 | പ്രീമെടിക് ഹോസ്റ്റൽ ആൺ/പെൺ | 65 കി.മി | അടിമാലി |
| 9 | ഐ. ടി.ഐ , പോളിടെക്നിക് | 55 കി.മി | നെടുങ്കണ്ടം |
| 10 | മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജ് | 85 കി.മി | പൈനാവ് |

## S.XV.5 ആരോഗ്യം

മുന്നൂറ്റൊന്ന് ഏക്കർ കോളനിയിൽ പുനരധിവസിപ്പിക്കപ്പെട്ടവർ ഭയം, ആകുലതകൾ, ഉറക്കമില്ലായ്മ തുടങ്ങിയ മാനസിക പ്രശ്നങ്ങളാൽ സമ്മർദ്ദങ്ങൾ അനുഭവിക്കുന്നുണ്ട്. ഇടക്കിടെ ഉണ്ടാ

വുന്ന ആനകളുടെ ആക്രമണം മൂലം കുടുംബാംഗങ്ങൾ മരണപ്പെടുന്നതും വീട്, കൃഷി എന്നിവക്ക് നാശനഷ്ടങ്ങൾ വരുന്നതും ഇതിന് കാരണങ്ങളാണ്. എന്നാൽ ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ചികിൽസയോ, കൗൺസിലിങ്ങോ നടത്തിയിട്ടില്ല. വായുജന്യമായ ചിലതരം പനികൾ, സങ്കേതത്തിൽ ഉണ്ടായിരുന്നു. പക്ഷാഘാതം, കിഡ്നി പ്രശ്നം, ശ്വാസം മുട്ടൽ, കരൾ വീക്കം തുടങ്ങിയ അസുഖങ്ങളും സങ്കേതവാസികൾക്കിടയിൽ ഉണ്ട്. പ്രധാനമായും അലോപ്പതിയാണ് ചികിൽസക്ക് ആശ്രയിക്കുന്നത്. കഴിഞ്ഞ 5 വർഷത്തിനിടയിൽ സങ്കേതത്തിൽ മാതൃമരണമോ, ശിശുമരണമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

പുനരധിവാസ മേഖലകളിൽ ആരോഗ്യ പരിചരണത്തിന് പൊതു സംവിധാനം ഇല്ലാത്തത് ചികിൽസ ലഭിക്കാതെ മരിക്കുന്ന അവസ്ഥവരെ ഉണ്ടാക്കുന്നു..

സാമ്പത്തികമായി പിന്നോക്കമായതിനാൽ സ്വകാര്യ ആശുപത്രികളെ ഇവർ ആശ്രയിക്കുന്നില്ല. വാഹനസൗകര്യം ഇല്ലാത്തതിനാൽ ചികിൽസക്ക് വേണ്ടി കൂടുതൽ ദൂരം അപകടരമായ സാഹചര്യത്തിൽ നടക്കേണ്ടി വരുന്നു. ശാരീരിക വെല്ലുവിളികൾ നേരിടുന്ന ചുരുക്കം ചിലർ സങ്കേതത്തിലുണ്ട്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട ധാരാളം പേർ സങ്കേതത്തിലുണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കുറവാണെന്നും ആരോഗ്യ രംഗത്ത് നിലവിൽ ലഭിക്കുന്ന സേവനങ്ങളിൽ തൃപ്തരല്ലെന്നുമാണ് ഇവരുടെ അഭിപ്രായം. പുനരധിവാസത്തിനു ശേഷം ചികിൽസാ ചിലവ് വർദ്ധിച്ചുവെന്നും പുറത്ത് നിന്ന് സാധനങ്ങൾ വാങ്ങിക്കുന്ന അളവ് വർദ്ധിച്ചതിനാൽ ഉപഭോഗ ശീലങ്ങളിലും ആഹാര ശീലങ്ങളിലും മാറ്റം ഉണ്ടായി എന്നും ചിലർ അഭിപ്രായപ്പെട്ടു. സങ്കേതവാസികൾ സ്വന്തം വീട്ടാവശ്യങ്ങൾക്ക് അടുക്കളത്തോട്ടം പരിപാലിക്കുന്നു.

## S.XV.6 തൊഴിലും വരുമാനവും

സ്വന്തം പറമ്പിൽ കൃഷിപ്പണിചെയ്തും കൃഷിയുമായി ബന്ധപ്പെട്ട കൂലിപ്പണി ചെയ്തുമാണ് ഇവിടുത്തെ ആളുകളിൽ 90% പേരും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. തൊഴിൽ ലഭിക്കാൻ ആശ്രയിക്കുന്ന മറ്റൊരു പ്രധാന മാർഗ്ഗം തൊഴിലുറപ്പ് പദ്ധതിയാണ്. എന്നാൽ വളരെ കുറഞ്ഞ തൊഴിൽ ദിനങ്ങൾ മാത്രമാണ് ഇതുവഴി ലഭിക്കുന്നത്. തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് തൊഴിൽ അന്വേഷിച്ച് പോകുന്നവർ ഉണ്ടെങ്കിലും പലപ്പോഴും ആനശല്ല്യം കാരണം ജോലിക്ക് പോകാൻ സാധിക്കുന്നില്ല.

പുനരധിവാസത്തിന് മുമ്പും ഇവർ കൃഷി പണിചെയ്തവർ ആയതിനാൽ കൃഷി ചെയ്ത് വരുമാനം നേടാൻ കഴിവുള്ളവരാണ്. നിലവിലെ തൊഴിൽ മുമ്പത്തെ തൊഴിലിനേക്കാൾ നല്ലതാണ് എന്ന അഭിപ്രായം ഇവർക്കുണ്ട്. എന്നാൽ പല പ്രദേശങ്ങളിൽ നിന്ന് വന്നവരായതിനാൽ ചുരുക്കം ചിലർ തൊഴിൽ കുറവും ആന ശല്ല്യം കാരണം കൃഷി ചെയ്യുന്നില്ല. നിലവിൽ 301 ഏക്കർ കോളനിയിലെ കുടുംബങ്ങൾ കൃഷിയിൽ നേരിടുന്ന പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങൾ ആനകൾ കൃഷി നശിപ്പിക്കുന്നു എന്നതും വിപണനം നടത്താൻ പ്രയാസം നേരിടുന്നു എന്നതുമാണ്. പലപ്പോഴും

യഥാർത്ഥ വിലകിട്ടാത്തതിനാൽ കടം വാങ്ങി കൃഷി ചെയ്യുന്ന ഇവർക്ക് ഇങ്ങനെ കൂടുതൽ കടബാധ്യത ഉണ്ടാകാൻ കാരണമാവുന്നു. പലപ്പോഴും വ്യക്തികളിൽ നിന്ന് കൃഷി ആവശ്യത്തിന് പണം കടം വാങ്ങുകയും ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലക്ക് അവർക്ക് തന്നെ നൽകാൻ നിർബന്ധിക്ക പ്പെടുകയും ചെയ്യുന്നുണ്ട്.

ഏലം, കുരുമുളക്, കപ്പ, മറ്റു പച്ചക്കറികൾ എന്നിവ നന്നായി വിളയിക്കാൻ പറ്റുന്ന മണ്ണാണ് സങ്കേതത്തിലുള്ളത്. എന്നാൽ കൃഷിചെയ്യാൻ യന്ത്രങ്ങളും സാമ്പത്തിക സഹായങ്ങളും ആവശ്യമാ ണ്. സർക്കാറിൽ നിന്ന് 100 കുടുംബത്തിന് ഏലം, ജാതി, ഇവ പണിയാനുള്ള കൂലി എന്നിവ നൽകി യിരുന്നു. എന്നാൽ ജലസേചന സൗകര്യം ഇല്ലാത്തതിനാൽ പലതും വേനലിൽ നശിച്ചു. എങ്കിലും സ്വന്തമായി ബീൻസ്, കപ്പ, വാഴ, ചേമ്പ്,ജാതി എന്നിവ കൃഷി ചെയ്ത് ഇവർ ഉപജീവനം കണ്ടെത്തു ന്നു.

## S.XV.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

### ഊരുകൂട്ടം

വർഷത്തിൽ രണ്ട് എന്ന തോതിൽ ഊരുകൂട്ടം ചേരാറുണ്ട്. എന്നാൽ പ്രത്യേക പരിപാടികൾ നടപ്പിലാക്കേണ്ടി വരുമ്പോൾ പ്രത്യേക ഊരുകൂട്ടവും നടക്കുന്നു. ഊരുകൂട്ടത്തിൽ സൈറ്റ് മാനേജർ, ടി.ഇ.ഒ, വാർഡ് മെമ്പർ, ഊരുമൂപ്പൻ, സങ്കേതവാസികൾ എന്നിവർ പങ്കെടുക്കുന്നു. രണ്ടോ മൂന്നോ മണിക്കൂറിലധികം സമയമെടുത്ത് നടത്തുന്ന യോഗത്തിൽ ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് മിനിട്സ് തയ്യാറാക്കുന്നു. എന്നാൽ പലപ്പോഴും വാർഡ് മെമ്പർ,ടി.ഇ.ഒ, എന്നിവർ യോഗത്തിൽ പങ്കെടുക്കാറില്ലെന്ന് ചിലർ അഭിപ്രായപ്പെട്ടു.

## S.XV.7.1കുടുംബശ്രീ , തൊഴിലുറപ്പ് പദ്ധതി

പുനരധിവാസ സങ്കേതത്തിൽ കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരതാ മസം ഇല്ലാത്തതിനാലും പഴയ സ്ഥലത്ത് നിലവിൽ അംഗത്വം ഉള്ളതിനാലും കുടുംബശ്രീയിൽ പലരും മെമ്പർമാരല്ല. അംഗത്വം ഉള്ളവർ കുടുംബശ്രീ മീറ്റിംങ്ങിൽ പങ്കെടുക്കുന്നവരും ലോൺ എടു ത്തവരുമാണ്. സങ്കേതത്തിൽ എല്ലാവർക്കും തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ കാർഡ് ഉള്ളവരാ ണ്. ലഭിക്കുന്ന തൊഴിൽ ദിനങ്ങൾ വളരെ കുറവാണ്.

**S.XV.7.2 സിങ്കുകണ്ടം 301 ഏക്കർ കോളനിയിൽ 2018 മാർച്ച് വരെ ടി.ആർ.ടി.എം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

പട്ടിക 3.18 **ടി.ആർ.ടി.എം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

| SL NO | പദ്ധതിയുടെ പേര് | അനുവദിച്ച ഫണ്ട് | ചിലവഴിച്ച ഫണ്ട് | പരാമർശം |
|---|---|---|---|---|
| 1 | താൽക്കാലിക ഷെഡ് നിർമ്മിക്കാൻ 3,000രൂപ | 903,000 | 903,000 | |
| 2 | കാർഷിക ഉപകരണങ്ങൾ വാങ്ങാൻ 1,000 രൂപ വീതം | 301,000 | 301,000 | |
| 3 | വീട് നിർമ്മാണം | 32,025,000 | 38,953,041 | 301 വീടുകൾ അനുവദിച്ചു 84 എണ്ണം നിർമ്മിച്ചു. |
| 4 | കുടിവെള്ള വിതരണം | 6,175,000 | 4,631,750 | (നടന്നു കൊണ്ടിരിക്കുന്നു)പ്രയോജനം ലഭ്യമായി തുടങ്ങിട്ടില്ല |
| 5 | പശു പരിപാലന യൂണിറ്റ് | 640,500 | 640,500 | ക്ഷീര വികസന വകുപ്പ് |
| 6 | സോളാർ വേലി | 3,95,3190 | | തുടങ്ങിയിട്ടില്ല |
| 7 | കമ്പിളി പ്പുതപ്പ് വിതരണം | 173,200 | 142,705 | |
| 8 | ഫൈബർ ബോട്ട് | 149,106 | 220,203 | 4 എണ്ണം അനുവദിച്ചു 2 എണ്ണം കിട്ടി |
| 9 | ആന്തരീക റോഡുകളുടെ നവീകരണം | 10,00,000 | 10,00,000 | |
| 10 | സോളാർ വിളക്കുകളും ബാറ്ററി മാറ്റി സ്ഥാപിക്കലും | 35,930 | 35,930 | അനർട്ട് (30 എണ്ണം) |
| 11 | വയറിങ്ങിനുള്ള സഹായം | 20,000 | 20,000 | (10 പേർക്ക്) |
| 12 | റോഡ് കോൺക്രീറ്റ് | 45,00,000 | 45,00,000 | |
| 13 | ഡ്രൈവിങ്ങ് പരിശീലനം | 87,000 | | 9 പേർക്ക് |
| 14 | ഫൈബർ ബോട്ട്, വല എന്നിവയുടെ വിതരണം | 2,10,000 | | 5 വള്ളം<br>10 വല |

**അവലംബം-ടി ആർഡിഎം സൈറ്റ് മാനേജരുടെ കാര്യാലയം, ഇടുക്കി**

## S.XV.4 വിദ്യാഭ്യാസം

സങ്കേതത്തിനകത്ത് അംഗനവാടി ഇല്ലാത്തതും എൽ. പി, യു. പി, ഹൈസ്കൂൾ എന്നിവയ്ക്കായി ആനയിറങ്ങുന്ന വഴികളിലൂടെ .യാത്ര ചെയ്യേണ്ട സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. കൂടാതെ വാഹന സൗകര്യം ലഭ്യമാകാത്ത റോഡുകളും വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളാണ്. പ്രശ്നങ്ങളെ നേരിടാൻ താഴെ പറയുന്ന കാര്യങ്ങൾ സ്വീകരിക്കാം.

→ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയാൽ/മെച്ചപ്പെടുത്തിയാൽ പട്ടയം ലഭിച്ച ഭൂരിഭാഗം കുടുംബങ്ങളും തിരിച്ചുവരും. ഇതുവഴി റോഡ് സൗകര്യം വർദ്ധിക്കുകയും ആളുകളുടെ ഇടപെടൽ കാരണം ആനശല്ല്യം കുറയുകയും കുട്ടികൾക്ക് അടുത്തുള്ള വിദ്യാലയങ്ങളിൽ പഠനം നടത്തുവാനും സാധിക്കും.

→ ഗതാഗത സൗകര്യം വർദ്ധിപ്പിച്ച് (ടാറിങ്ങ് നടത്തി) വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെക്ക് വാഹന സൗകര്യം ഒരുക്കുക.

→ നിലവിലെ സാഹചര്യത്തിൽ പഠനം നിർത്തിയവരോ തുടർന്ന് ട.ഘ.ഇ

→ അല്ലെങ്കിൽ +2 എന്നിവക്ക് ശേഷം തുടർന്ന് പഠിക്കാത്തവരെയോ കണ്ടുപിടിച്ച് ഞടെ/ ഹോസ്റ്റൽ എന്നിവിടങ്ങളിലേക്ക് പഠന സൗകര്യം ഒരുക്കുക.

→ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോൽസാഹനങ്ങളും പഠന അന്തരീക്ഷവും വർദ്ധിപ്പിക്കുന്നതിന് പഠനമുറി, ട്യൂഷൻ, മേശ, തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുക.

→ പഠനം കഴിഞ്ഞവർക്ക് അനുബന്ധ മേഖലകളിൽ ജോലി നൽകുകയും സങ്കേതത്തിന്റെ വികസനത്തിന് ഉപകരിക്കുന്ന രൂപത്തിൽ അവരെ ഉപയോഗപ്പെടുത്തുകയും ചെയ്യുക

→ മദ്യം, മയക്കുമരുന്ന്, മറ്റു നിയമ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ നിന്ന് വിട്ടുനിൽക്കുന്നതിന് തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നിവ നടത്തുക.

## S.XV.5 ആരോഗ്യം

പുനരധിവാസ മേഖലകളിൽ ആരോഗ്യ പരിചരണത്തിന് പൊതു സംവിധാനം ഇല്ലാത്തതും ആനശല്ല്യം കാരണം ആരോഗ്യവകുപ്പിന്റെ പദ്ധതികൾ സങ്കേതത്തിനകത്തേക്ക് എത്താത്തതും സങ്കേതവാസികളുടെ ആരോഗ്യ മേഖലയിലെ വെല്ലുവിളികളാണ്. ശാരീരിക ബുദ്ധിമുട്ടുകൾക്ക് പുറമെ സാമൂഹികവും, മാനസികവുമായ പല ബുദ്ധിമുട്ടുകളും ഇവർ നേരിടുന്നു. വേണ്ടത്ര ഗതാഗത സൗകര്യം നിലവിലില്ലാത്തതിനാൽ അടിയന്തിര സാഹചര്യങ്ങളിൽ ആശുപത്രിയിൽ എത്തിക്കാൻ പറ്റാത്തതിനാൽ മരണമടഞ്ഞ സാഹചര്യവും ഇവിടെ ഉണ്ടായിരുന്നു. പ്രശ്നപരിഹാരങ്ങൾക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

→ ഗതാഗത സംവിധാനം വിപുലീകരിച്ച് അടിയന്തിര സാഹചര്യങ്ങളിൽ ആശുപത്രിയിലേക്ക് വാഹനം ലഭ്യമാക്കുക.

→ നിശ്ചിത ഇടവേളകളിൽ മെഡിക്കൽ പരിശോധന സങ്കേതത്തിനുള്ളിൽ വെച്ച് നടത്തുക.

→ മാനസിക-ശാരീരിക പ്രയാസങ്ങൾ നേരിടുന്നവർക്ക് ഫോൺ വഴി ബന്ധപ്പെടാനും തുടർന്ന് വിശദമായ പരിചരണത്തിനും അവസരം ഒരുക്കുക.

→ രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ ബോധവൽക്കരണ പരിപാടികൾ എന്നിവ ഊർജ്ജിത മാക്കുക.

→ ആയുർവേദം, ഹോമിയോ എന്നീ ചികിൽസാ രീതികൾ സങ്കേതത്തിൽ പ്രയോജനപ്പെടുത്തു ക.

→ സങ്കേതത്തിനകത്തോ തൊട്ടടുത്ത പുനരധിവാസ സങ്കേതത്തിനടുത്തോ (രണ്ടു സങ്കേത ത്തിന് ഉപകാരപ്പെടുന്ന രീതിയിൽ ) ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങാം.

→ ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളെകുറിച്ചും, മദ്യം, മയക്കുമരുന്ന് എന്നിവ ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും സങ്കേതവാസികൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നട ത്തുക.

## S.XV.6 തൊഴിലും വരുമാനവും

ഏതൊരു സമൂഹത്തിന്റെയും ജീവിത നിലവാരത്തിന്റെ അടിസ്ഥാനം അവരുടെ സാമ്പത്തിക അവസ്ഥയാണ്. ഇത് ആ സമൂഹത്തിന്റെ തൊഴിലും ഉപജീവന മാർഗ്ഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. 301 ഏക്കർ കോളനിയിൽ കാർഷിക മേഖലയിൽ ജോലി ചെയ്ത് പരിചയമുള്ളവരും, സ്വന്തം കൃഷി സ്ഥലത്ത് ജോലി ചെയ്യുന്നവരും ഉണ്ട്. എന്നാൽ ശാസ്ത്രീയമായ അറിവ് ഇല്ലാത്തതും, നല്ല വിപണി കണ്ടെത്താൻ പറ്റാത്തതും, ആന ശല്ല്യം അടക്കമുള്ള പ്രശ്നങ്ങളും ഇവരുടെ ഉപജീവനത്തെ ബാധി ക്കുന്നു. 301 ഏക്കർ കോളനിയിൽ തൊഴിൽ മേഖലയും, ഉപജീവന മാർഗ്ഗങ്ങളും മെച്ചപ്പെടുത്തുന്ന തിന് താഴെ പറയുന്ന കാര്യങ്ങൾ സ്വീകരിക്കാവുന്നതാണ്.

→ കൃഷിയിടങ്ങളിൽ ആനയിറങ്ങുന്നത് ഒഴിവാക്കാൻ സോളാർവേലി സ്ഥാപിക്കുക. സോളാർവേലിയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും മറ്റും കമ്മറ്റികൾ രൂപീകരിക്കു കയും, സമയാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക.

→ ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ ഉണ്ടെങ്കിലും വിപണിയിൽ ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥ ഒഴിവാക്കി ഇത്തരം സങ്കേതങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങി ക്കാൻ പ്രത്യേക സൗകര്യം ഉണ്ടാക്കുക.

→ പുതിയ തൊഴിൽ പരിചയപ്പെടുത്തുകയും പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പഠന യോഗ്യതക്ക് അനുസരിച്ച് തൊഴിൽ കണ്ടെത്താൻ സഹായിക്കുകയും ചെയ്യുക.

## S.XV.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

വിവിധ സമുദായങ്ങൾ വസിക്കുന്നതിനാലും പലരും സ്ഥിരമായി താമസിക്കാത്തവരുമായതിനാൽ ഇവിടെ പ്രശ്നങ്ങൾ ഉണ്ടാവാറുണ്ട്. സങ്കേതത്തിൽ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. പരമാവധി തൊഴിൽ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ചെറിയ കാശ് പോലും ഇല്ലാത്തതിനാൽ കുടുംബശ്രീയിൽ അംഗങ്ങൾ ആകുന്നില്ല എന്ന പ്രശ്നത്തിന് പരിഹാരം കാണേണ്ടതുമാണ്. കൂടുതൽ ആളുകളെ കുടുംബശ്രീയിൽ അംഗങ്ങൾ ആക്കുകയും ഏതെങ്കിലും തരത്തിലുള്ള സ്വയം സഹായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്താൽ ജീവിത നിലവാരവും, സാമ്പത്തിക അവസ്ഥയും മെച്ചപ്പെടുന്നതാണ്.

2003-ൽ പട്ടയം ലഭിച്ചശേഷം മിക്ക വീടുകളും 75000 രൂപ മുതൽ ഒന്നര ലക്ഷം രൂപക്ക് വീട് നിർമ്മിക്കാൻ കരാർ നൽകിയതായിരുന്നു. അതിനാൽ തന്നെ ഗുണ നിലവാരം കുറഞ്ഞ നിർമ്മാണ പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. ആവശ്യത്തിന് കമ്പി ഉപയോഗിക്കാതെ ഓട് വിരിച്ച് കോൺക്രീറ്റ് ചെയ്ത വീടുകളും ഇന്ന് ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. പ്രശ്ന പരിഹാരങ്ങൾക്ക് താഴെ പറയുന്നവ സ്വീകരിക്കാവുന്നതാണ്.

→ നിലവിൽ ചോർച്ചയുള്ള വീടുകളിൽ കോൺക്രീറ്റിന് മുകളിൽ ഗുണമേൻമയുള്ള റൂഫിങ്ങ് ഷീറ്റ് ഉപയോഗിക്കാം.

→ നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ടി കുടുംബങ്ങളുടെ പങ്കാളിത്തം/ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പുവരുത്തുക

→ സ്വന്തമായി വീട് നിർമ്മിക്കാൻ കഴിവുള്ളവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സ്വന്തമായി പ്രവൃത്തി ഏറ്റെടുക്കാൻ പ്രാപ്തരാക്കുക.

→ സങ്കേതത്തിനുള്ളിലെ പ്രവൃത്തികൾ പരമാവധി സങ്കേതവാസികൾക്ക് തന്നെ നൽകുക. ആവശ്യമെങ്കിൽ വേണ്ട പരിശീലനങ്ങളും നൽകാം.

→ കൃത്യമായ മേൽനോട്ടവും വിലയിരുത്തലുകളും നടത്തുക.

→ പൊതുകാര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ സമുദായാംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക

→ ദീർഘ വീക്ഷണത്തോട് കൂടിയതും ഇടനിലക്കാരെ പരമാവധി ഒഴിവാക്കിക്കൊണ്ടും പദ്ധതികൾ ആവിഷ്കരിക്കുക

→ കുടിവെള്ളം ലഭ്യമാക്കുക, ഇതിനായി പൈപ്പ് ലൈൻ പദ്ധതി, കുഴൽ കിണർ, കിണർ എന്നിവ ഉപയോഗപ്പെടുത്താം.

## S.XV.9സങ്കേതവാസികളുടെ വികസന സ്വപ്നം

→ ഊരുകൂട്ടം കൃത്യമായ ഇടവേളകളിൽ നടത്തുകയും, വേണ്ടപ്പെട്ട അധികാരികൾ പങ്കെടുക്കുകയും, സങ്കേതവാസികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുക. അതോടൊപ്പം സങ്കേതത്തിൽ സ്ഥിരമായി താമസിക്കുന്നവരും സർവ്വസമ്മതനായ ആളെ ഊരുമൂപ്പനായി തിരഞ്ഞെടുക്കുകയും ചെയ്യാം.

→ ഭൂമി ലഭിച്ച മുഴുവൻ കുടുംബങ്ങളെയും സങ്കേതത്തിലെ സ്ഥിരം താമസക്കാരായി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം വേഗത്തിലാക്കുക

→ അടിസ്ഥാന പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക. ആവശ്യമുണ്ടെങ്കിൽ സങ്കേതത്തിന്റെ വലിപ്പവും യാത്രാസൗകര്യങ്ങളും കണക്കിലെടുത്ത് പുതിയ നിയമങ്ങൾ നടത്താം.

→ പുറത്ത് നിന്നുള്ള ആളുകളുടെ കൈയ്യേറ്റം, മറ്റു അതിക്രമങ്ങൾ എന്നിവ തടയുന്നതിനായി സങ്കേതത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കാം. ആവശ്യമായ നിയമ സഹായങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ നൽകുക.

# S.XVI. വിലക്ക് സങ്കേതം

## S.XVI.1 പ്രദേശം

ദേവികുളം താലൂക്കിലെ ചിന്നക്കനാലിലാണ് വിലക്ക് സങ്കേതം സ്ഥിതി ചെയ്യുന്നത്. 2003 ലാണ് ഈ സങ്കേതത്തിൽ ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചു കിട്ടിയത്. ആകെയുള്ള 68 ഏക്കർ ഭൂമി 68 പ്ലോട്ടുകളിലായി ഒരേക്കർ വീതം 68 പേർക്ക് ലഭിച്ചു. കുമിളി, സൂര്യനെല്ലി, വിലക്ക് എന്നിവിടങ്ങളിൽ നിന്നുമാണ് ഗുണഭോക്താക്കൾ ഇവിടെ താമസമാരംഭിച്ചത്. നറുക്കെടുപ്പിലൂടെയാണ് സ്ഥലം വിതരണം ചെയ്തത്. 100% പേരും പഞ്ചായത്തിനു പുറത്തു നിന്നുമുളളവരാണ് ഇവിടെ പുനരധിവസിക്കപ്പെട്ടത്. കുമളി, കോക്കയാട്, പീരുമേട് പഞ്ചായത്തുകളിൽ നിന്നും വന്ന് താമസമാക്കിയവരാണിവർ.

68 പേരിൽ ആകെ 3 പേർ മാത്രമാണ് ഇവിടെ താമസിക്കുന്നത്. താമസിക്കുന്ന മൂന്നിൽ 2 പേരുടെസാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S.XVI.2 സമുദായഘടന–

മന്നാൻ, പളിയൻ, ഊരാളി, മലയരയൻ എന്നീ ഗോവിഭാഗങ്ങളിൽ നിന്നുളളവരാണ് ഇവിടെ താമസിക്കുന്നത്.

## S.XVI.3 അടിസ്ഥാന സൗകര്യം–

ഇത് ഒറ്റപ്പെട്ടു കിടക്കുന്ന സ്ഥലമാണ്. ഇവിടെ ആന ശല്ല്യം അതീവ രൂക്ഷമാണ്. മതിയായ റോഡ്, ഗതാഗത സൗകര്യം ലഭിക്കാത്ത പ്രദേശങ്ങൾ എന്നീ വെല്ലുവിളികൾ നേരിടുന്ന സങ്കേതം കൂടിയാണ്. സങ്കേതത്തിൽ ഊരുകൂട്ടമുണ്ട്. ഊരുകൂട്ടം പദ്ധതികൾക്കായി മാത്രം ഒത്തു ചേരുന്നു. നിലവിലെ പ്രശ്നങ്ങൾ ഊരുകൂട്ടത്തിൽ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കും.

## S.XVI.4വിദ്യാഭ്യാസം

വിദ്യാർത്ഥികൾ പഠനത്തിനായി 1/2 കിമീ അകലെ ചിന്നകനാലിലുള്ള ഗവ.എൽ.പി സ്ക്കൂൾ, വിലക്കിലുളള ഗവ.യു.പി സ്ക്കൂൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. എന്നാൽ 10ാം തരം കഴിഞ്ഞാൽ ഉപരി പഠനത്തിനായി മൂന്നാറിൽ പോകണം.

## S.XVI.5 ആരോഗ്യം

അലോപ്പതി ചികിത്സാരീതിയാണ് പിൻതുടരുന്നത്. സങ്കേതത്തിൽ രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ, അംഗൻവാടി കേന്ദ്രീകരിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ് എന്നിവയുണ്ട് എന്നാലിവിടെ ആവശ്യത്തിനു ഡോക്ടർമാരോ സൗകര്യങ്ങളോ ഇല്ല. അടുത്തുള്ള പിഎച്ച്സിയിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രമാണ് ഡോക്ടർമാർ വരുന്നുള്ളുവെന്ന് സങ്കേതവാസികൾ അഭിപ്രായപ്പെട്ടു.

## S.XVI.6 തൊഴിലും വരുമാനവും

ഏലം, കുരുമുളക്, മഞ്ഞൾ, പച്ചമുളക്, കരിമ്പ് എന്നിവ സങ്കേതത്തിൽ കൃഷി ചെയ്യുന്നുണ്ട്. സങ്കേതവാസികളിൽ ഒരാൾക്ക് പെട്ടികടയുണ്ടായിരുന്നത് കാറ്റിൽ തകർന്നു പോയി. പരമ്പരാഗത തൊഴിലിൽ വന്ന മാറ്റങ്ങൾ ഇവരുടെ ഉപജീവനത്തെ ബാധിച്ചിട്ടുണ്ട്. മതിയായ ജലസേചന സൗകര്യങ്ങളില്ലാത്തത് കൊണ്ട് മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി ചെയ്യുന്നത്. മൃഗങ്ങളുടെ ആവാസമേഖല കയ്യേറിയതു ഇവർ നേരിട്ടു കൊണ്ടിരിക്കുന്ന വളരെ വിഷമകരമായ അവസ്ഥയാണ്. അതിനാൽതന്നെ എപ്പോഴും ഭയന്നു കൊണ്ടു ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നവരാണിവർ.

## S.XVI.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

68 ഗുണഭോക്താക്കളിൽ 3 പേർ മാത്രമാണിവിടെ താമസിക്കുന്നത്. ഭൂമി ലഭ്യമായിട്ടും മൃഗ ശല്ല്യം, കുടി വെള്ള പ്രശ്നം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ മൂലമാണ് ഭൂരിപക്ഷം പേരും മാറി താമസിക്കാതിരിക്കുന്നത്. 2 കി മി അകലെയുള്ള ആനയിറങ്ങൽ ഡാമിൽ നിന്നും, 700 മീറ്റർ അകലെയുള്ള തോട്ടിൽ നിന്നും വെള്ളമെടുക്കുന്നുണ്ട്. വേനൽ കാലത്ത് കടുത്ത കുടി വെള്ള ക്ഷാമം നേരിടുന്നു. കാർഷികോപകരണങ്ങൾ, മിഷനുകൾ ഏന്നിവ മറ്റു സങ്കേതങ്ങളിൽ അനുവദിച്ചു നൽകുന്നുണ്ട്. എന്നാൽ ഇവിടെ സങ്കേതത്തിൽ ആൾതാമസമില്ലാത്തതിനാൽ ഡിപ്പാർട്ട്മെന്റ് വഴി ഇതൊന്നും ലഭ്യമാകുന്നില്ല.

## S.XVI.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

കൊടുത്തിരിക്കുന്ന ഭൂമി അന്വേഷണം നടത്താതെ ഭൂമിയുള്ളവർക്കു തന്നെയാണ് നൽകിയ തെന്ന് സങ്കേതവാസികളിൽ ചിലർ അഭിപ്രായപ്പെട്ടു. ആൾതാമസമില്ലാത്തതിനാൽ ഭൂരിപക്ഷം പ്ലോട്ടുകളും കാട് പിടിച്ചു കിടക്കുകയാണ്. ഇതു കൊണ്ടു തന്നെ മൃഗ ശല്ല്യം വളരെ രൂക്ഷമാണ്. പല പ്ലോട്ടുകൾക്കും ഒട്ടും തന്നെ റോഡ് സൗകര്യമില്ല. ചിന്നക്കനാൽ പഞ്ചായത്തിലെ മൊത്തം മാലിന്യം നിക്ഷേപിക്കുന്ന മാലിന്യകുഴി, വിലക്ക് സങ്കേതത്തിന് 200 മീറ്റർ മാത്രം അകലെയായി സ്ഥിതി ചെയ്യുന്നു. ഇത് ഇവർക്കു വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വേനൽ കാലത്ത് കടുത്ത കുടി വെള്ള ക്ഷാമം നേരിടുന്നു.

## S.XVI.9സങ്കേതവാസികളുടെ വികസന സ്വപ്നം

1. കുടി വെള്ളക്ഷാമം വളരെയധികം രൂക്ഷമാണ്. അതിനുള്ള പരിഹാരം കാണണം.
2. നല്ല വിനോദസഞ്ചാര മേഖലയാണിത്. ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
3. പദ്ധതി പരീക്ഷണത്തിനുള്ള ഉപകരണമാക്കരുത്. ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശങ്ങൾ നൽകി അലംബാവം കൂടാതെ കൃത്യ സമയത്ത് പൂർത്തീകരിക്കണം. ഇക്കോ കമ്മ്യൂണിറ്റി വഴി ഗോത്രവർഗ്ഗക്കാർക്ക് ടൂറിസം മേഖലയിൽ ജോലി നൽകണം.
4. സർക്കാർ സഹായത്താൽ ലോണെടുത്ത് സർക്കാർ ജാമ്യം നിന്നാൽ കൃഷി ചെയ്തതിരിച്ചട ക്കാം.
5. അർഹതപ്പെട്ടവർക്കു ഭൂമി നൽകണം. ഭൂമിയിൽ താമസിക്കാത്തവരുടെ പട്ടയം റദ്ദ് ചെയ്ത് ആവശ്യക്കാർക്ക് അനുവദിച്ചു നൽകണം.
6. ഗോത്ര വർഗ്ഗക്കാരെക്കുറിച്ച് അറിവുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കണം.

7. തേയിലകൃഷി ചെയ്യണം. ഫാക്ടറി അടുത്ത് തന്നെയുണ്ട്. ആസൂത്രിതമായി വേണമായിരുന്നു സ്ഥലം കൈമാറാൻ. ഗുണഭോക്താക്കൾ വരുന്നതിനു മുമ്പ് തന്നെ തോട്ടമുണ്ടാക്കി ആദായമുണ്ടാകുമ്പോൾ മാറ്റി പാർപ്പിക്കാമായിരുന്നു.

## S.XVII. പൂപ്പാറ സങ്കേതം

### S.XVII.1 പ്രദേശം

ഇടുക്കി ജില്ലയിലെ പ്രധാന വില്ലേജ് ആണ് പൂപ്പാറ. തേയില, കാപ്പി, ഏലം എന്നിവ നല്ലരീതിയിൽ ഇവിടെ കൃഷി ചെയ്ത് വരുന്നുണ്ട്. 2011 ലെ സെൻസസ് പ്രകാരം 8231 പേർ താമസിച്ചുവരുന്നതിൽ 4137 പേർ പുരഷൻമാരും 4094 പേർ സ്ത്രീകളുമാണ്. കുമിളിയിൽ നിന്നും മൂന്നാറിലേക്കുള്ള വഴിയിലാണ് ഈ ഗ്രാമം. ആനയിറങ്ങൽ അണക്കെട്ട്, സൂര്യനെല്ലി, കൊളുക്കുമല, രാജപ്പാറ തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സമീപത്താണ്. തേയില, ഏലം, കുരുമുളക് എന്നിവ പ്രധാന വരുമാനമാർഗ്ഗമാണ്. ഈ ഗ്രാമത്തിന്റെ നാല് അതിരുകളിൽ പടിഞ്ഞാറ് അടിമാലിയും, കൊച്ചിയും കിഴക്ക് ബോഡി തേനി മധുരയും തെക്ക് സൂര്യനെല്ലി, മൂന്നാർ, വടക്ക് നെടുങ്കണ്ടം, കുമിളിയുമായി നാല് അതിരുകളാണുള്ളത്.

പൂപ്പാറസങ്കേതത്തിൽ ഗുണഭോക്താക്കളുടെ 10% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XVII.1.1 പ്രദേശം

**പൂപ്പാറ സങ്കേതം – ചരിത്രം**

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിലാണ് പൂപ്പാറ എസ്റ്റേറ്റ് എന്നറിയപ്പെടുന്ന പൂപ്പാറ സങ്കേതം സ്ഥിതിചെയ്യുന്നത്. ജില്ലയിൽ നിന്നും 26 കി.മീ. ദൂരം ശാന്തൻപാറയ്ക്കും അവിടെനിന്നും 4 കി.മീ. ദൂരം പൂപ്പാറയ്ക്കും ഉണ്ട്. 2000ത്തിലാണ് ഗുണഭോക്താക്കൾ പൂപ്പാറയിൽ എത്തിയതെങ്കിലും 2 വർഷം കഴിഞ്ഞ് 2002 ലാണ് ഇവർക്ക് പട്ടയം ലഭിക്കുന്നത്. മന്നാൻ, ഉള്ളാടൻ സമുദായങ്ങൾക്കാണ് ഇവിടെ ഭൂമി ലഭിച്ചത്. അന്നത്തെ കോഴിമല രാജാവായിരുന്നു തേവൻ രാജ മന്നാന്റെയും അനുയായികളുടേയും അശ്രാന്ത പരിശ്രമത്തിലാണ് നിലവിലെ ഗുണഭോക്താക്കൾക്ക് ഭൂമി ലഭിച്ചത്. ഇവർ ഇടുക്കി ജില്ലയിൽതന്നെ അനുയോജ്യമായ സ്ഥലം അന്വേഷിച്ചു കണ്ടെത്തുകയും അത് റവന്യൂ ഡിപ്പാർട്ട്മെന്റിനെ അറിയിക്കുകയും തുടർന്ന് താമസമാക്കാൻ അനുമതി നൽകുകയുമാണ് ഉണ്ടായത്. ഭൂരഹിതരായവർക്ക് ഭൂമി നൽകുക എന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിൽ അക്ഷീണം രാജാവ് പ്രയത്നിച്ചിരുന്നു. കൊങ്ങിണിക്കാടുകൾ നിറഞ്ഞ വനപ്രദേശമായ ഈ ഭൂമിയിൽ കൊങ്ങിണിമുള്ളുകൾ തിങ്ങിനിറഞ്ഞിരുന്നു. വനംവകുപ്പിന്റെ പാട്ടഭൂമികൾ ആണ് പിന്നീട് ഇവർക്കായി നൽകിയത്. പൈൻ മരങ്ങൾ വളർന്ന് നിന്നിരുന്ന ഇവിടെ

2000ത്തിൽ താൽക്കാലികഷെഡ് കെട്ടി താമസമാരംഭിച്ചു. വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നും കുടിയേറിപ്പാർത്തയിവർക്ക് 2002ലാണ് പട്ടയം ലഭിക്കുന്നത്. തൊപ്രാംകുടി, വാത്തിക്കുട്ടി, കഞ്ഞിക്കുഴി, അരിവാളം ചാൽ, കോഴിമല, മതികെട്ടാൻ ചോല, പഴയരിക്കണ്ടത്തിൽ എന്നിവിടങ്ങളിൽ നിന്നാണ് ഇവർ ഇവിടേക്ക് താമസമാരംഭിച്ചത്. രാജാവിന്റെ നിർദ്ദേശപ്രകാരം പൂപ്പാറയിലേക്ക് താമസമാറ്റത്തിനായി താൽപ്പര്യമുള്ള 150 കുടുംബങ്ങൾ മാറിത്താമസിക്കാനായി വന്നു. എന്നാൽ സർക്കാറിന് ഇത്രയും കുടുംബങ്ങൾക്കായി ഭൂമി നൽകാൻ സാധ്യമല്ലാത്തതിനാൽ കുറെപേർ തിരിച്ചുപോവുകയും ബാക്കിയുള്ള ആളുകൾക്ക് മാത്രമായി ഭൂമി കണ്ടെത്തുകയുമാണ് ചെയ്തത്. ഹാരിസൺ പ്ലന്റേഷൻ കോർപ്പറേഷന്റെ തേയിലത്തോട്ടത്തിന് സമീപത്തായും 20 ഓളം കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്.

സങ്കേതത്തിൽ പ്രവേശിച്ച സമയത്ത് താൽക്കാലിക കുടിൽകെട്ടിയാണ് ഇവർ താമസമാരംഭിച്ചിരുന്നത്. പുല്ലു മേയുന്നതിലേക്ക് 500 രൂപയാണ് സർക്കാർ നൽകിയിരുന്നു. 47 കുടുംബങ്ങൾക്കായി ഒരു ഏക്കർ വീതം 47 ഏക്കറും പൊതു ആവശ്യത്തിലേക്ക് 4.83 ഏക്കറുമാണ് നീക്കിവെച്ചിരുന്നത്. ഇതിൽ നിന്നും നിലവിൽ പഞ്ചായത്തിന്റെ വികസനത്തിനായി ഏതാനും ഭൂമി നൽകണമെന്ന ആവശ്യം പരിഗണിച്ച് കുറച്ച് ഭൂമി പഞ്ചായത്തിന് വിട്ടുനൽകാനും ബാക്കിയുള്ളത് പൊതു ആവശ്യത്തിലേക്ക് നീക്കാനും തീരുമാനമായിട്ടുണ്ട്. 2002 ൽ പൂപ്പാറ വില്ലേജ് ഓഫീസിൽ വെച്ചാണ് പൂപ്പാറ എസ്റ്റേറ്റിലേക്കുള്ള പട്ടയവതരണം ഉദ്ഘാടനം നടത്തിയത്. ഉദ്ഘാടന ദിവസം 7 പേർക്ക് പട്ടയം ലഭിക്കുകയും ബാക്കിയുള്ളവർക്ക് ഉടുമ്പൻ ചോല താലൂക്കിൽ വെച്ച് നടന്ന പട്ടയ വിതരണത്തിൽ ഭൂമി നൽകുകയും ചെയ്തിരുന്നു. പട്ടയം നൽകിയെങ്കിലും 2003-2004 കാലത്താണ് ഭവനനിർമ്മാണം നടത്തിയത്. ഇവിടെ താമസിക്കുന്നത് 187 പേരാണ് അതിൽ 95 പുരുഷൻമാരും 92 സ്ത്രീകളുമാണുള്ളത്. 47 പേർക്ക് ഭൂമി ലഭിച്ചതിൽ നിലവിൽ താമസിക്കുന്ന കുടുംബങ്ങൾ 43 പേരാണ്. ഇപ്പോൾ ഇവരുടെ ഉപകുടുംബങ്ങൾ ഉൾപ്പെടെ 61 കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഉപകുടുംബങ്ങൾക്ക് ഓരോ ഗുണഭോക്താക്കളുടെയും വിഹിതത്തിൽ നീക്കം ചെയ്ത 5.10 സെന്റ് സ്ഥലമാണ് ലഭ്യമാകുന്നത്. 47 പേരിൽ 4 പേർ ഇവിടേക്ക് താമസം മാറിയിട്ടില്ല. പട്ടയം ലഭിക്കുകയും ഭവനനിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ സ്ഥലത്ത് അവിടെ താമസിക്കുന്നവരും, താമസമല്ലാത്ത ഗുണഭോക്താക്കളുടെ തൊട്ടടുത്ത പ്ലോട്ടിൽ ഇഞ്ചി, വാഴ, മരച്ചീനി മുതലായവ പാട്ട കൃഷിചെയ്ത് വരുന്നുണ്ട്. എന്നാൽതന്നെയും 2 ഏക്കർ കാട് പിടിച്ച് കിടക്കുകയാണ്.

### S.XVII.1.2സങ്കേതം - പൊതുവായ വിവരങ്ങൾ

ഇടുക്കി ജില്ലയിലെ ശാന്തൻപാറ പഞ്ചായത്തിൽ നിന്നും 4 കി.മീ. അകലെയാണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. എസ്റ്റേറ്റിന്റെ 4 അതിരുകൾ നോക്കിയാൽ പടിഞ്ഞാറ് ഭാഗത്തേക്കുള്ള റോഡ് അടിമാലി, രാജാക്കാട് ഭാഗത്തേക്ക് പോകുന്നതാണ്. വടക്ക് ഭാഗം ഹാരിസൺ പ്ലാന്റേഷൻ കോർപ്പറേഷന്റെ തേയിലത്തോട്ടമാണ്. ഇതിനോട് ചേർന്ന് ഏതാനും കുടുംബങ്ങൾ

താമസിക്കുന്നുണ്ട്. കിഴക്ക് - തെക്ക് വശങ്ങൾ കോളനിയോട് ചുറ്റിയ റോഡാണ് ഉള്ളത്. കുപ്പശ്ശേരി കണ്ണമംഗലം വില്ലേജ് റോഡ്, ആനയിറങ്കൽ ഡാമിനോട് ചേർന്ന് തന്നെയാണ് ഈ പ്രദേശമുള്ളത്.

സങ്കേതത്തിന് ചുറ്റിലുമായുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രം, ജില്ലാ ആശുപത്രി, ആരോഗ്യ ഉപകേന്ദ്രം എന്നിവ വളരെ അകലത്തിലെ 22-80 കി.മീ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ വിദ്യാഭ്യാസ കാര്യങ്ങളിൽ പ്രാഥമികതലം മുതൽ ഹയർസെക്കണ്ടറി തലം വരെ ഏതാണ്ട് 5 കി.മീ. ചുറ്റളവിൽ സൗകര്യങ്ങളുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് മതിയായ സൗകര്യങ്ങളൊന്നും ഇവിടെയില്ല. പ്രദേശത്ത് ഊരുകൂട്ടം, കുടുംബശ്രീ, അയൽകൂട്ടം എന്നിവ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്ന വൈദ്യുതി, കുടിവെള്ള പദ്ധതി കൾ എന്നിവ നടപ്പിലാക്കിയതാണെങ്കിലും വേനൽ കാലങ്ങളിൽ കടുത്ത ജലക്ഷാമം സങ്കേതവാസികൾ നേരിടുന്നുണ്ട്.

## S.XVII.1.3കുടിവെള്ളം

2002 ലെ ഊരുകൂട്ട തീരുമാന പ്രകാരം സ്ഥലത്ത് 7 ഗുണഭോക്താക്കളുടെ ഭൂമിയിലായി ആകെ 7 കിണർ നിർമ്മിച്ചിരുന്നു. 10 കുടുംബങ്ങൾക്ക് വീതം മതിയായ രീതിയിൽ ഉപയോഗിക്കാമെന്ന തീരു മാനത്തിലാണ് കിണർ നിർമ്മിച്ചത്. രണ്ട് സെന്റ് സ്ഥലമാണ് അതിനായി നീക്കിയത്. ഇപ്പോൾ നിലവിൽ മൂന്ന് കിണറുകളും, കിണറുകളിലൊന്ന് കുളമായും കുടിവെള്ളത്തിനായി ഉപയോഗിച്ച് വരുന്നുണ്ട്. മറ്റ് മൂന്ന് കിണറുകളിൽ രണ്ടെണ്ണം വെള്ളമില്ലാത്തതാണ്. ഒരെണ്ണം ഒരു ഗുണഭോക്താവ് മണ്ണിട്ട് മൂടിയിരുന്നു. 6 മാസത്തേക്ക് മഴവെള്ളസംഭരണം കിണറിൽ നടക്കുന്നതിനാൽ ജലം ലഭിക്കും. എന്നാൽ കൃഷിക്ക് ഉപയോഗപ്പെടുത്താൻ തക്കശേഷി ഇതിനില്ല. മഴക്കാലത്ത് പെയ്തുവീഴുന്ന വെള്ളം ശേഖരിക്കാനായി മഴവെള്ള സംഭരണികൾ 8 എണ്ണം ഉണ്ട്. ഇതിൽ 6 എണ്ണം ഗുണഭോക്താക്കൾക്ക് പട്ടിക വർഗ്ഗ വകുപ്പ് നൽകിയതാണ്. ഇത് എല്ലാവരും ഉപയോഗിക്കുന്നുണ്ട്. എന്നിരുന്നാലും വേനൽക്കാലത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന മേഖലയാണിത്.

## S.XVII.1.4കന്നുകാലി വളർത്തൽ

സങ്കേതത്തിനകത്ത് ക്ഷീരസഹകരണ സംഘം നിലവിലില്ല. എന്നാൽ 4 കി.മീ. അകലത്ത് ശാന്തൻപാറ പഞ്ചായത്തിനോട് കേന്ദ്രീകരിച്ച് നടത്തിവരുന്ന ക്ഷീരസഹകരണ സംഘത്തിലേക്ക് 5 ഗുണഭോക്താക്കൾ പാൽ നിത്യേന എത്തിക്കുന്നുണ്ട്. സങ്കേതത്തിലേക്ക് ആദ്യം എത്തിയിരുന്ന സമയത്ത് പാൽ 20 ഓളം പേർ നൽകിയതാണെങ്കിലും പുല്ലിന്റെ ലഭ്യതക്കുറവ് മൂലം നിർത്തിവെയ്ക്കുകയാണ് ചെയ്തത്. 5 പേർ പുല്ല് സ്വന്തമായി കൃഷിചെയ്യുന്നുണ്ട്. അതിലേക്ക് 2000 രൂപയോളം സബ്സിഡിയും നൽകിവരുന്നുണ്ട്. ഈ 5 ഗുണഭോക്താക്കളും 2-5 പശുക്കളെ പരിപാലിച്ചു വരികയും കൃഷി കൂടാതെ ക്ഷീരപരിപാലനത്തിൽ നിന്നും ഉപജീവന മാർഗ്ഗം കണ്ടെത്തുകയും ചെയ്യുന്നുണ്ട്.

സങ്കേതത്തിൽ സാംസ്കാരികനിലയം, പൊതുകളിസ്ഥലം, ലൈബ്രറി എന്നിവ ഇല്ല. ഇപ്പോഴും ആചാരരീതികൾ കുറെയേറെ പിന്തുടർന്ന് വരുന്നതിനാൽ വാലാപ്പുര മന്നാൻ സമുദായക്കാരെ സംബന്ധിച്ച് ആവശ്യമുള്ളതാണ്. ഇപ്പോഴത്തെ പ്രൊമോട്ടറുടെ വീടിന്റെ തൊട്ടടുത്താണ് പുര നിർമ്മിച്ചിരിക്കുന്നത്. എല്ലാ ഗുണഭോക്താക്കളും ആവശ്യഘട്ടത്തിൽ ഇത് പ്രയോജനപ്പെടുത്തുന്നുണ്ട്. സ്വന്തം ചിലവിലാണ് ഇത് പണിതിരിക്കുന്നത്. വർഷങ്ങൾ പഴക്കമുള്ളതിനാൽ ഇതിന് പകരമായി പുതിയൊരു വാലാപ്പുര നിർമ്മിക്കേണ്ടത് ആവശ്യമാണ്.

## S.XVII.1.5 ഗതാഗതം

ചെറുവാഹനങ്ങൾ സർവ്വീസ് നടത്തുന്നുവെങ്കിലും ബസ് സർവ്വീസ് ഇല്ല. ഏറെക്കുറെ ടാറിംഗ് പൂർത്തിയാക്കിയ റോഡുകൾ ഉണ്ടെങ്കിലും 150 മീറ്റർ പ്രധാന റോഡിനോട് ചേർന്ന് ചെളിയും, പുല്ലുമാണുള്ളത്. ഈ സ്ഥലത്തിനോട് ചേർന്ന് താമസിച്ചുവരുന്ന 5 ഗുണഭോക്താക്കൾക്ക് ഇവ തടസ്സമാണ്. കോൺക്രീറ്റ്, ടാറിംഗ് റോഡുകൾ ഇനിയും നിർമ്മിക്കേണ്ടതായുണ്ട്.

## S.XVII.1.6 ഭവനനിർമ്മാണം

ഭവനനിർമ്മാണത്തിൽ ഭവനത്തിന്റെ വിസ്തീർണ്ണം 320 സ്ക്വയർ ഫീറ്റാണ്. 75,000 രൂപയ്ക്കാണ് വീട് കോസ്പോളർ എന്ന സ്വകാര്യ ഏജൻസിക്ക് കോൺട്രാക്റ്റായി പണിതു നൽകാൻ കൊടുത്തിരുത്. അവർ കുറച്ചുവീട് പണിതു നൽകി. 2003-2004 കാലത്താണ് ഭവനനിർമ്മാണം ആരംഭിച്ചത്. അതുവരെയും തൽക്കാലിക ഷെഡിലാണ് ഇവർ കഴിഞ്ഞിരുന്നത്. വീട് നിർമ്മാണത്തിന് സിമന്റ് കട്ടകൾ എത്തിക്കാൻ ആദ്യത്തെ ഒരു മാസം കുടുംബശ്രീയുടെ പങ്കാളിത്തമുണ്ടായിരുന്നു. എന്നാൽ പിന്നീടുണ്ടായില്ല. ഇത്രയും വർഷത്തിനിടയിൽ പണിതുനൽകിയ എല്ലാ ഭവനങ്ങളും മെയിന്റനൻസ് വർക്ക് നിലനിൽക്കുന്നുണ്ട്. പ്ലാസ്റ്ററിംഗ് നടത്തുന്നതിലേക്ക് 25000 രൂപ മിഷൻ മുഖേന നൽകിയതാണ്. പുതിയതായി ഭവനനിർമ്മാണം നടത്തുന്ന അത്രയും ചിലവുകൾ ഇതിൽ ഉള്ളതിനാൽ പുതിയൊരു ഭവനനിർമ്മാണം നടത്തുകയാണ് ചെയ്യുന്നത്.

പാരമ്പര്യത്തൊഴിലായ കൊട്ട, വട്ടി എന്നിവയുടെ നെയ്ത്ത് നിർമ്മാണം നടത്തി വന്നിരുന്ന ഗുണഭോക്താക്കൾക്ക് ഇവിടെ ഇവ നല്ല രീതിയിൽ തുടർന്നുകൊണ്ട് പോകുവാൻ സാധിക്കുന്നില്ല. ഭൂരിഭാഗം ഗുണഭോക്താക്കളും ഏലം, കുരുമുളക് എന്നിവയെല്ലാം കൃഷി ചെയ്താണ് ജീവിച്ചുവരുന്നത്. ജൂണിൽ വിത്തിടൽ നടത്തി ഡിസംബർ-ജനുവരി മാസത്തിൽ വിളവെടുക്കൽ നടത്തുകയും, വിപണനം നടത്തുകയും ചെയ്ത് വരുന്നവരമുണ്ട്.

കലാകായികരംഗത്ത് ശോഭിക്കുന്ന വിദ്യാർത്ഥികൾ സമുദായത്തിലുണ്ട്. 2004 ൽ മഹിളാസമഖ്യയുടെ തുന്നൽ പരിശീലനം 20 പേർക്ക് നൽകി വന്നിരുന്നതാണ്. ഡ്രൈവിംഗ്

പരിശീലനം സ്ത്രീകൾക്കും നൽകിയിട്ടുണ്ട്. 2 സ്ത്രീകൾ ഓട്ടോ റിക്ഷ വഴി ഉപജീവനം കണ്ടെത്തിവരുന്നുണ്ട്. സങ്കേതത്തിൽ പൊതുശ്മശാനം നിലവിൽ ഇല്ല. കുടിവെള്ള സംവിധാനത്തിനായി ആദ്യകാലത്ത് വാട്ടർ അതോറിറ്റി സൗകര്യം ഒരുക്കിയിരുന്നതാണ്. എന്നാൽ പൈപ്പിംഗ് കുറച്ച് വീടുകളിൽ നടത്തുകയും പിന്നീട് കണക്ഷൻ ഇല്ലാകുകയുമാണ് ചെയ്യത്. മോട്ടോറും മറ്റ് സംവിധാനങ്ങൾ ഒന്നും തന്നെ നടപ്പാക്കാൻ ഇവർക്ക് സാധിക്കാതെ വന്നു. ഫണ്ടുകൾ ഉണ്ടായിരുന്നെങ്കിലും ബില്ല് ലാപ്സാവുകയാണ് ചെയ്തത്. 2002-2003 വർഷത്തിലാണ് ഇത് നിർമ്മിച്ചിരുന്നത്. പദ്ധതിയുടെ പാളിച്ചകൾ കാരണം 2004ൽ രാജീവ് ഗാന്ധികുടിവെള്ള പദ്ധതി സങ്കേതത്തിൽ നടപ്പിലാക്കുന്നത്. നിലവിൽ ഇത് ഗുണഭോക്താക്കൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ഈ പദ്ധതിയിലൂടെ ആഴ്ചയിൽ രണ്ട് ദിവസം വെള്ളം ലഭിക്കുന്നുണ്ട്.

സങ്കേതത്തിൽ ഊര് മൂപ്പൻ മന്നാൻ സമുദായത്തിൽപെട്ടയാളാണ്. ഊര് മൂപ്പൻ വീട്ടിൽവെച്ചാണ് യോഗങ്ങൾ ചേരുന്നത്. പൊതുവായ പ്രശ്നങ്ങൾ സൈറ്റ് മാനേജരെ അറിയിക്കുന്നുണ്ട്. രണ്ട് കുടുംബശ്രീ അയൽകൂട്ടങ്ങൾ ഇവിടെ പ്രവർത്തിച്ച് വരുന്നുണ്ട്. ഗ്രാമ സഭ കൂടുമ്പോൾ പ്രാധാന്യം പട്ടികജാതി വിഭാഗങ്ങൾക്കാണെന്നും, പട്ടികവർഗ്ഗക്കാർക്ക് വലിയ പ്രാധാന്യം ലഭിക്കുന്നില്ലെന്നും പൊതുവിൽ ഇവർക്കിടയിൽ പരാതികളുണ്ട്. ഏലം, ജാതി, കാപ്പി എന്നിവ നല്ല രീതിയിൽ കൃഷി ചെയ്യുന്നുണ്ട്. എങ്കിലും ജലസേചന സൗകര്യങ്ങൾ ഏലത്തിന് ലഭിക്കുകയാണെങ്കിൽ ഉപകാരപ്രദമായിരിക്കും. ഗ്രാമസഭകൾ ചേരുമ്പോൾ പ്രമോട്ടർമാർ പങ്കെടുത്ത് പ്രശ്നങ്ങൾ അറിയിക്കുന്നുണ്ടെങ്കിലും അവർ സജീവമായി പ്രവർത്തിക്കുന്നില്ല. ഏറിയ ഗുണഭോക്താക്കളും മന്നാൻ വിഭാഗത്തിൽ ഉള്ളവരായതിനാൽ നിലവിൽ കാണി, ഊര് മൂപ്പൻ മുതലായ സ്ഥാനങ്ങൾ വഹിക്കുന്നത് മന്നാൻ സമുദായക്കാരാണ്.

## S.XVII.2 സമുദായഘടന

44 മന്നാൻ സമുദായക്കാരും 3 ഉള്ളാടൻ സമുദായംഗങ്ങളുമാണ് ഇവിടെ താമസിക്കുന്നത്.

## S.XVII.3 അടിസ്ഥാന സൗകര്യം

തേവൻ രാജമന്നാന്റെ ഇടപെടലിനെ തുടർന്ന് പൂപ്പാറയിൽ ഭൂമി കണ്ടെത്തുകയും റവന്യൂ-വനം വകുപ്പുകളെ അറിയിക്കുകയും പിന്നീട് സർക്കാർ കൃത്യമായി അളന്ന് ഭൂമി പതിച്ചുനൽകുകയുമാണ് ചെയ്തത്. ഭൂമി ലഭ്യമായ ആദ്യകാലത്ത് ഇതിനു സമീപത്ത് വസിച്ചിരുന്ന കൊല്ലൻ സമുദായക്കാരുമായി ഭൂമി സംബന്ധിച്ച തർക്കങ്ങളിൽ ഏർപ്പെട്ടിരുന്നു. നിലവിൽ പതിച്ചു നൽകിയ ഭൂമിയിൽ ഇവരുടെ ഭൂമികൂടി കയ്യേറിയിട്ടുണ്ട് എന്ന തെറ്റിദ്ധാരണയിൽ ആണ് തർക്കങ്ങളുടലെടുത്തത്. ആ കാലഘട്ടത്തില പാർട്ടിക്കാരും, ഫോറസ്റ്റ്കാരും, കൊല്ലൻ സമുദായക്കാരും ഒറ്റക്കെട്ടായി താൽക്കാലിക ഷെഡുകൾ നശിപ്പിക്കുകയും ഇവിടേക്കുള്ള പ്രവേശനം തടയുകയുമെല്ലാം

ചെയ്തിരുന്നു. എന്നാൽ രാജാവിന്റെ പിൻബലത്താൽ ഇവർ ഇവിടെത്തന്നെ നിലകൊള്ളുകയും ഭൂമി നേടിയെടുക്കുകയുമാണ് ചെയ്തത്. 2001ൽ പ്രാദേശിക സമരം നടത്തുകയും ഇതിനെത്തുടർന്ന് സർക്കാരും മറ്റ് വകുപ്പുകളും ഇടപെട്ട് ഭൂമി നൽകുകയുമായിരുന്നു.

മതികെട്ടാൻ മലയുടെ ഭാഗമായിത്തന്നെയാണ് ഈ പ്രദേശം നില കൊള്ളുന്നത്. റോഡ് - വാഹനസൗകര്യങ്ങൾ എല്ലാമുള്ള കരഭൂമിയാണിത്. പന്നിയുടെ ശല്യം ഒഴികെ മറ്റ് പ്രശ്നങ്ങൾ ഇവിടെയില്ല. തൊഴിൽ ലഭ്യതക്കുറവ് നേരിയ തോതിൽ മാത്രമാണ് ഇവിടെയുള്ളത്. ഭൂരിഭാഗം പേരും കർഷകർ ആണ്. കപ്പ, കാച്ചിൽ, ചേമ്പ് എന്നിവ കൃഷിചെയ്തു വരുന്നവരാണിവർ. കൊല്ലൻ സമുദായക്കാർ ഒഴികെ മറ്റ് വിഭാഗക്കാരുടെ ബാഹുല്യം ഇവിടെയില്ല. പാറയുള്ള പ്രദേശമായതിനാൽ ജലം കുറവാണിവിടെ. വേനൽക്കാലങ്ങളിൽ സ്വന്തമായി ടാങ്കുകളിൽ നിന്നും വെള്ളം വേനലിൽ എത്തിക്കുന്നതിൽ ഒരു ദിവസം 600 - 1000 രൂപ വരെ ചിലവ് വരുന്നുണ്ട്. കുരുമുളക്, ഏലം എന്നിവ വിപണനാവശ്യത്തിലേക്ക് കൃഷി ചെയ്തുവരുന്നവരുണ്ട്.

പുനരധിവാസ സമയത്ത് അടിസ്ഥാന സൗകര്യങ്ങൾ ദ്രുതഗതിയിൽ നൽകാമെന്ന് വാഗ്ദാനങ്ങൾ നൽകിയിരുന്നുവെങ്കിലും പാലിക്കപ്പെട്ടിരുന്നില്ല. പിന്നീട് ജലലഭ്യതക്കായി വന്ന പദ്ധതികൾ പാളിപോവുകയും ചെയ്തു. ഭവനം, മൃഗപരിപാലനത്തിനായി മൃഗങ്ങൾ, ബയോഗ്യാസ് എന്നിവ നൽകിയെങ്കിലും മതിയായ രീതിയിൽ ലഭിച്ചിരുന്നില്ല. കൃഷിക്കായി ഏലം, ജാതി, വളങ്ങൾ എന്നിവ നൽകിയിരുന്നു.  ഒഴിപ്പിക്കൽ നടപടികളോ നഷ്ടപരിഹാരം നൽകലോ ഒന്നും ഇവിടെ ഉണ്ടായിട്ടില്ല. നേരെ വന്ന് കുടിയേറിപാർക്കുകയാണ് ചെയ്തത്.

## S.XVII.5 ആരോഗ്യം

സങ്കേതത്തിനകത്ത് 6 കി.മീ. അകലെയായി ശാന്തൻപാറയിലാണ് പൊതു ആരോഗ്യ സംവിധാനമുള്ളത്. ക്യാമ്പുകൾ മുഖാന്തിരം മരുന്ന് വിതരണവും ഇവിടെ നടത്തിവരുന്നുണ്ട്. എന്നാലിതു കാര്യക്ഷമമല്ല. ചികിത്സാച്ചെലവുകൾ സർക്കാറിൽ നിന്ന് ലഭിക്കുന്നില്ല എന്നതാണ് പ്രധാന കാരണം. സങ്കേതത്തിൽ വികലാംഗരും മാനസിക വെല്ലുവിളികൾ നേരിടുന്നവരും മദ്യം, മയക്കുമരുന്നിന് അടിമപ്പെട്ടവരും ധാരാളമുണ്ട്. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, എന്നീ മൂന്ന് ചികിത്സാരീതികളെയും ഇവർ ആശ്രയിച്ചുവരുന്നുണ്ട്. രോഗപ്രതിരോധ കുത്തിവെപ്പുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും മെഡിക്കൽ ക്യാമ്പുകളും ശാന്തൻപാറ പ്രൈമറി ഹെൽത്ത് സെന്റർ മുഖാന്തിരം വർഷാവർഷങ്ങളായി നടത്തിവരുന്നുണ്ട്. തൊഴിലുറപ്പ് മുഖേന ശുചീകരണപ്രവർത്തനങ്ങളും ഇവിടെ നല്ല രീതിയിൽ നടക്കുന്നുണ്ട്.

ആരോഗ്യരംഗത്തെ നിലവിലെ സേവനങ്ങളിൽ തൃപ്തി കണ്ടെത്താൻ സങ്കേതവാസികൾക്ക് സാധിക്കുന്നില്ല. അലോപ്പതി ആരോഗ്യകേന്ദ്രം തൊട്ടടുത്തില്ലാത്തതിനാൽ യാത്രചിലവ് കൂടുന്നുണ്ട്. ചികിത്സാച്ചെലവുകൾ വർദ്ധിച്ചതിനാൽ മെച്ചപ്പെട്ട ചികിത്സാകൾ യഥാസമയങ്ങളിൽ നൽകാൻ സാധിക്കുന്നില്ല. മുൻകാലങ്ങളെക്കാൾ ഇന്ന് ഉപഭോഗശീലങ്ങളിൽ മാറ്റം വന്നിട്ടുണ്ട്. പുറമേ നിന്നും

സാധനങ്ങൾ വാങ്ങുന്നതിന്റെ അളവ് കൂടുകയും ഫാസ്റ്റ് ഫുഡ് സംസ്കാരങ്ങൾ പതിയെ സ്വീകരിച്ചുവരുന്നവരും പുറത്ത് നിന്നുള്ള ഭക്ഷണ ശീലങ്ങൾ പിന്തുടരുന്നവരും സങ്കേതവാസികൾക്കിടയിലുണ്ട്. എങ്കിലും പാരമ്പര്യ ഭക്ഷണശീലങ്ങളിൽ കപ്പയും ചോറും ഇന്നും ഉൾപ്പെടുത്തുന്നുണ്ട്. മത്സ്യം, ഇറച്ചി ഇവ ആഴ്ചയിൽ ഒരു ദിവസം ഉപയോഗിക്കുകയും, പാൽ നിത്യേന ഉപയോഗിച്ച് വരികയും ചെയ്യുന്നു. ഒട്ടുമിക്ക ഗുണഭോക്താക്കളും അടുക്കളത്തോട്ടങ്ങൾ നല്ല രീതിയിൽ പരിപാലിച്ചുവരുന്നവരാണ്. പയർ, വഴുതന, തക്കാളി, തൊമരുപയർ, ചീര, മുളക്, ഇഞ്ചി, കപ്പളം, ചേമ്പ്, കാച്ചിൽ മുതലായവ നട്ട് പരിപാലിച്ച് വരുന്നുണ്ട്.

## S.XVII.6 തൊഴിലും വരുമാനവും

പുനരധിവാസത്തിന് മുമ്പ് കൃഷിയും വനവിഭവശേഖരണവുമായി ജീവിച്ചുവരുന്നവരാണ് ഇവർ. ആഴ്ചയിൽ 2-3 ദിവസങ്ങൾ മാത്രമാണ് തൊഴിൽ ലഭിച്ചിരുന്നത്. ഗതാഗത സംവിധാനങ്ങൾ കുറഞ്ഞതിനാൽ നിർമ്മാണതൊഴിലുകളിൽ ഏർപ്പെടാൻ ഗുണഭോക്താക്കൾക്ക് സാധിക്കാതെ വന്നിരുന്നു. മഴക്കാലങ്ങളിൽ തൊഴിലില്ലായ്മ രൂക്ഷമായിരുന്നു. സർക്കാർ നൽകി വരുന്ന അരി വിതരണമാണ് അക്കാലത്തെ ഏക ആശ്രയം. ഏലം, കുരുമുളക് എന്നിവയാണ് പ്രധാന തൊഴിലായുള്ളത്. ഏലത്തോട്ടത്തിലെ കായെടുക്കൽ, കളപറിക്കൽ എന്നിവയെല്ലാം ചെയ്തുവരുന്നവർ ഇപ്പോഴും ഇവിടെയുണ്ട്. സ്വന്തം കൃഷി, മൃഗപരിപാലനം എന്നിവയായിരുന്നു ഉപജീവന ഉപാധികൾ.

എന്നാൽ പുനരധിവാസ ശേഷം കൃഷിയിലേക്ക് തിരിയുകയും 7 വർഷത്തിനുശേഷം വരുമാനം ലഭിക്കുകയും ചെയ്തു. 2000ത്തിൽ ഇവിടെ വന്നത് മുതൽ കൃഷി ചെയ്തുവരുന്നവരാണിവർ. സ്വന്തം കൃഷിയിടത്തിനു പുറമെ സ്വകാര്യ വ്യക്തികളുടെ ഏലത്തോട്ടത്തിലും ഇവർ പണി ചെയ്ത് വരുന്നുണ്ട്. സ്ത്രീകൾക്കും പുരുഷൻമാർക്കും 350 -400 രൂപയാണ് ദിനം കൂലിയായി നൽകി വരുന്നത്. വർഷത്തിൽ 50000 രൂപയോളം വരുമാനം കൃഷിയിൽ നിന്നു ഉണ്ടാക്കിയെടുക്കാൻ ഇവർക്ക് സാധിച്ചുവരുന്നുണ്ട്. സ്വന്തം ജോലി എന്ന അഭിമാനവും കൂടുതൽ സമ്പാദ്യ ശീലം ഉണ്ടാക്കിയെടുക്കാനും ഏറെ ഗുണഭോക്തക്കൾക്കും സാധിച്ചിട്ടുണ്ട്. ഏലത്തോട്ടം തന്നെയാണ് പ്രധാന വരുമാനമാർഗ്ഗം ഊര് മൂപ്പന്റെ മകൻ പ്രൊമോട്ടർ ആയി സങ്കേതത്തിൽ പ്രവർത്തിച്ചിരുന്നു.

ലഭ്യമായ ഭൂമിയിൽ കൃഷി ചെയ്താണ് ഇവർ ജീവിക്കുന്നത്. പട്ടിക വർഗ്ഗ വികസന വകുപ്പ് മോട്ടോർ പമ്പുകളും വളങ്ങളും മരുന്നുകളും നൽകി വരുന്നുണ്ട്. ഏലം, കുരുമുളക്, കാപ്പി, കപ്പ, ഇഞ്ചി, മഞ്ഞൾ, ഏത്തവാഴ, പച്ചക്കറികൾ തുടങ്ങിയവയാണ് പ്രധാനവിളകളായി കൃഷി ചെയ്തു വരുന്നത്. ചിലർ ഏത്തവാഴ കൃഷിക്ക് സ്ഥലം പാട്ടത്തിന് നൽകി വരുന്നുണ്ട്. ഏലത്തോട്ടത്തിൽ മരുന്ന് അടിക്കാനായി 3000 രൂപയാണ് ചെലവാക്കി വരുന്നത്. എല്ലാ മാസവും ഇത് അടിക്കേണ്ടതായുണ്ട്. ഏലത്തിനായുള്ള മൺപണി, തട്ട് ഒരുക്കൽ മുതലായവ നടത്തിവരുന്നത്

ഓരോ സങ്കേതവാസികളും സ്വന്തമായാണ്. കൂടാതെ മരുന്ന് തളിക്കുന്നതിലേക്ക് പമ്പുകൾ ലഭിക്കാത്തവർക്ക് പമ്പ് വാടകയായി 1500 രൂപ നൽകി വരുന്നുണ്ട്. ഇതിനായി ഒരാൾക്കുള്ള കൂലിച്ചെലവ് ഒരു ദിനം 500 രൂപയാണ്. കിളവെട്ട്, മെഷീൻ, മോട്ടോർ പമ്പുകൾ എന്നിവ പട്ടികവർഗ്ഗ വികസന ഓഫീസുകൾ മുഖാന്തിരം നൽകുന്നുണ്ട്. 100 ചെടികളിൽ 3 തവണയായാണ് ഏലം എടുത്തുവരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും ജൈവവളവും രാസവളവും നല്ല രീതിയിൽ ലഭിക്കുന്നതിനാൽ വിപണനവും മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് പോകുന്നു. 1.5 കിന്റൽ ജൈവവളങ്ങളും രാസവളങ്ങളും ഇവിടേയ്ക്കായി നൽകി വന്നിട്ടുണ്ട്. ഏതാനും പേർക്ക് വാർഷിക വരുമാനമായി തന്നെ 47,000 – 1,00,000 രൂപവരെ ലഭിക്കുന്നുണ്ട്. ഇവർ ജലസേചനത്തിനായി കുഴൽകിണറിനെയും ആശ്രയിക്കുന്നുണ്ട്. പ്രധാനമായി പന്നിയുടെ ശല്യമാണ് ഇവിടെയുള്ളത്. ഇവ കപ്പ. ചേന, ചേമ്പ്, കാച്ചിൽ, വാഴ ഇവ പതിവായി പന്നി നശിപ്പിക്കുന്നു. മൃഗപരിപാലനം നേരത്തെയുള്ള സങ്കേതമാണിത്. 47 കുടുംബങ്ങൾക്കായി പശു, ആട്, കോഴി, മുയൽ എന്നിവയെല്ലാം വീതിച്ചു നൽകിയിരുന്നതാണ്. എന്നാൽ പിന്നീട് മൃഗങ്ങളെ വളർത്തുന്ന കുടുംബങ്ങളുടെ എണ്ണം ക്രമേണ കുറഞ്ഞുവന്നിരുന്നു. ആരോഗ്യപരമായ ഭക്ഷണങ്ങൾ നൽകി ഇവയെ സംരക്ഷിക്കുന്നതിൽ പ്രയാസമേറിയതാണ് പ്രധാന കാരണം, ക്ഷീരോൽപ്പന്നത്തിൽ സ്വയം പര്യാപ്തത കൈവരിച്ച കുടുംബങ്ങൾ ഇവിടെയുണ്ട്. ദിനം പ്രതി 12 ലിറ്റർ പാൽ ക്ഷീരസഹകരണ സംഘത്തിൽ എത്തിക്കാനും പ്രതിമാസം ലിറ്ററിന് 30 രൂപ നിരക്കിൽ നല്ലൊരു വരുമാനം കണ്ടെത്താനും ഗുണഭോക്താക്കൾക്ക് സാധിക്കുന്നുണ്ട്. കുരുമുളക് തൈ വിതരണം, വളം എന്നിവയെല്ലാം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നൽകിവന്നിട്ടുണ്ട്. സങ്കേതത്തിലെ സ്വയം തൊഴിൽ പരിശീലന പദ്ധതികളായി നടപ്പിലാക്കിയിരുന്നത് ഡ്രൈവിംഗ് പരിശീലനവും, മഹിളാസംഘങ്ങളുടെ നേതൃത്വത്തിൽ 10 പേർക്ക് തയ്യൽ പരിശീലനവുമായിരുന്നു. എന്നാൽ ഇതിന്റെ പ്രയോജനം വളരെ കുറച്ചു ഗുണഭോക്താക്കൾക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ. വനാവകാശ നിയമങ്ങൾ ഉള്ളതിനാൽ മരങ്ങൾ മുറിക്കുന്നതിനും വിലക്കുണ്ട്.

### തൊഴിലുറപ്പും കടബാധ്യതകളും

തൊഴിലുറപ്പ് അംഗത്വമുള്ള ഗുണഭോക്താക്കൾക്ക് ഇതു വഴി 100 ദിനങ്ങൾ തൊഴിൽ ലഭിക്കുന്നുണ്ട്. കുടുംബശ്രീ വഴിയും, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ വഴിയും ലോണുകൾ എടുത്ത് തിരിച്ചടക്കാത്ത വകയിൽ ഏറെയും കടബാധ്യതകൾ ഗുണഭോക്താക്കൾക്ക് ഉണ്ട്. ഇതെല്ലാം ശാരീരിക, മാനസിക ആരോഗ്യത്തേയും ബാധിച്ചു വരുന്നുണ്ട്. ഇതുകൂടാതെ ചികിത്സാ ബാധ്യതകൾ ഉള്ളവരും സങ്കേതത്തിലുണ്ട്.

## S.XVII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സങ്കേതത്തിലെ 43 ഗുണഭോക്താക്കൾ 17 വർഷത്തോളമായി സ്ഥിരതാമസക്കാരാണ്. ഭൂമി ലഭിച്ചിട്ടും മാറിത്താമസിക്കാത്ത മന്നാൻ സമുദായക്കാരായ 4 ഗുണഭോക്താക്കൾ നിലവിലുണ്ട്.

അനന്തരവകാശികളുടെ മരണം, ആരോഗ്യ പ്രശ്നങ്ങൾ, താൽപ്പര്യമില്ലായ്മ, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവ മൂലമാണ് താമസമാക്കാത്തവരും, സ്വന്തം സ്ഥലം പാട്ടത്തിന് നൽകുന്നവരും ഇവിടെയുണ്ട്. ഭവനരഹിതരും 5 സെന്റ് സ്ഥലത്ത് ഒതുങ്ങി താമസിച്ചവരുമായ ഇവർ ആദ്യകാലത്ത് താൽക്കാലിക കുടിലുകളിലാണ് വസിച്ചിരുന്നത്. 500 രൂപ പുല്ലിന് ലഭിച്ചതല്ലാതെ മറ്റ് ചിലവുകൾ എല്ലാം തന്നെ സ്വന്തമായാണ് നടത്തിയത്. 10000 രൂപയോളം ചിലവ് ഇതിനായിട്ടുണ്ട്.

സർക്കാറിന്റെ നിർദ്ദേശത്തിൽ പ്ലാനുകൾ തയ്യാറാക്കി കോസ്മോപ്ലാൻ എന്ന സംഘടനയാണ് സങ്കേതത്തിലെ ഭവനനിർമ്മാണം നടത്തിയത്. പണിതവീടുകൾക്കെല്ലാം ചോർച്ചയുണ്ട്.

പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ 2001 ൽ നടത്തിയിരുന്നു. നിലവിൽ ഇപ്പോഴും പുല്ലു കയ്യാലകൾ കെട്ടി വരുന്നുണ്ട്. എന്നാൽ ഇത്തരം കാര്യങ്ങൾക്ക് പഞ്ചായത്തിൽ നിന്നും കൃഷി ഓഫീസിൽ നിന്നും സഹായങ്ങൾ ലഭിക്കുന്നില്ലെന്ന് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നു.

പൊതുപൈപ്പിൽ നിന്നുള്ള ജലം 2 ദിവസം കൂടുമ്പോൾ വൈകുന്നേരങ്ങളിലാണ് വരുന്നത്. വൈദ്യുതി ബില്ലായി 100 രൂപ വീതം ഓരോ ഗുണഭോക്താവും നൽകിവരുന്നുണ്ട്. സ്വന്തമായി കെട്ടിയുണ്ടാക്കിയ ചായ്പ്പുകളാണ് ഇവർക്ക് ഉണ്ടായിരുന്നതെങ്കിൽ നിലവിൽ ലഭ്യമായത് അടുക്കളയോടെയുള്ള ഭവനങ്ങളാണ്. പഞ്ചായത്ത് മുഖാന്തിരമോ, ഐ.ആർ.ഡി.പി. മുഖേനയോ ആയിരുന്നു സ്വന്തം ചിലവ് കൂടി ഉൾപ്പെടുത്തി ആദ്യകാലത്ത് ഇവർക്ക് ഭവനങ്ങൾ നിർമ്മിച്ചതെങ്കിൽ, നിലവിൽ ടി.ആർ.ഡി.എം. പദ്ധതി പ്രകാരം ആണ് ഭവനങ്ങൾ നിർമ്മിക്കപ്പെട്ടത്. മെയിന്റനൻസ് വർക്കിലേക്ക് 25000 ഉൾപ്പെടെ 2 ലക്ഷത്തോളം രൂപ ഗഡുക്കളായി നൽകിയാണ് ഇവർക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകിയിരിക്കുന്നത്. താമസയോഗ്യമല്ലാത്തതും, കൂട്ടുകുടുംബ വ്യവസ്ഥയിൽ ക്ലേശിച്ച് ജീവിതം നയിച്ച ഇവർക്ക് പദ്ധതി പ്രകാരം നൽകിയ ഭവനങ്ങൾ താമസയോഗ്യമായതു തന്നെയാണ്. എങ്കിലും വർഷങ്ങൾ പിന്നിടുമ്പോൾ ചോർച്ച മൂലം പുനർനിർമ്മാണം നടത്തേണ്ട സാഹചര്യമാണ് മിക്ക ഭവനങ്ങൾക്കുമുള്ളത്. 75000 എന്ന നിലക്ക് നിർമ്മിക്കപ്പെട്ട ഭവനങ്ങളായിരുന്നു ഇവയെല്ലാം. മാത്രമല്ല ഭവനങ്ങൾ ഓട് വച്ച് കോൺക്രീറ്റ് ചെയ്തിരിക്കുന്നതിനാൽ ചോർന്നൊലിക്കുന്നുണ്ട്. റിപ്പയറിംഗ് നടത്തിയാലും താമസിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ടി.ആർ.ഡി.എം. മിഷൻ മുഖാന്തിരം സങ്കേതത്തിൽ ആവശ്യമായ ഗതാഗത സൗകര്യങ്ങളും ജലസേചന സൗകര്യങ്ങളും ഭവന നിർമ്മാണങ്ങളും മറ്റ് അടിസ്ഥാന പദ്ധതികളും നടപ്പിലാക്കി വന്നിട്ടുണ്ട്. 2005 വർഷത്തിൽ 7 കിണറുകൾ നിർമ്മിക്കുകയും, 2013-14 ൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയും നടപ്പിലാക്കിയട്ടുണ്ട്. 2005 ൽ തന്നെ റോഡ് വികസനത്തിനായി ഫണ്ട് അനുവദിച്ചു നൽകുകയും റോഡുകൾ നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. സ്വയം തൊഴിൽ പരിശീലന പദ്ധതികളുടെ ഭാഗമായി 2004 -2005ൽ 20 പേർക്ക് തയ്യൽ പരിശീലനവും 2018 ൽ 10 പേർക്ക് ഡ്രൈവിംഗ് പരിശീലനവും (പുരുഷൻമാർക്ക് മാത്രം) നൽകിയിട്ടുണ്ട്. 2014-15ൽ കാർഷിക

അഭിവൃദ്ധിക്കും ഗുണഭോക്താക്കൾക്ക് കൃഷിയിൽ നിന്നും ഉപജീവനം നൽകുന്നതിലേക്കായി കാർഷിക ഉപകരണങ്ങൾ, വളം, കുരുമുളക് തൈ വിതരണം എന്നിവയെല്ലാം നൽകിവന്നിട്ടുണ്ട്. 2002ൽ 14 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ച കുടിവെള്ള പദ്ധതികൾ നടപ്പിൽ വരുത്തുകയും കരാർ മുഖാന്തിരം പൈപ്പ് വിതരണം നടത്തുകയും ചെയ്തെങ്കിലും പരാജയപ്പെടുകയാണ് ഉണ്ടായത്. മൃഗപരിപാലത്തിനായി കന്നുകാലികളെ നൽകുകകയും, പണിയായുധങ്ങളും, നടീൽവസ്തുക്കളും, ജൈവവളം, ഭക്ഷ്യവിതരണം എന്നിവ നടത്തിവരികയും ചെയ്തിരുന്നു.

## S.XVII.7.1ഊരു കൂട്ടം

സങ്കേതത്തിൽ നിലവിൽ ഊരുകൂട്ടം സജീവമായിത്തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. 6 മാസത്തിലൊരിക്കലാണ് ഊരു കൂട്ടം ചേരുന്നത്. ഊര് മൂപ്പൻ, പ്രൊമോട്ടർ, സൈറ്റ് മാനേജർ, സങ്കേതവാസികൾ എന്നുവരെല്ലാം രണ്ട് മണിക്കൂറോളം നീളുന്ന യോഗത്തിൽ പങ്കെടുക്കുകയും പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്. ഊര് കൂട്ടത്തിലെ ഓരോ ഗുണഭോക്താക്കളുടെയും പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. ഊര് മൂപ്പൻ തന്നെ സങ്കേതത്തിലെ പൊതുവിലുള്ള പ്രശ്നങ്ങൾ സൈറ്റ് മാനേജരെ അറിയിക്കുന്നുണ്ട്.

## S.XVII.7.2കുടുംബശ്രീ

നിലവിൽ സങ്കേതത്തിൽ 3 കുടുംബശ്രീകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ ഒരെണ്ണത്തിൽ മന്നാൻ സമുദായക്കാർ മാത്രമാണ് പങ്കെടുത്തു വരുന്നത്. ഇതിൽ വായാപാ സഹായങ്ങൾ മാത്രമാണുള്ളത്. സങ്കേത്തിലെ മറ്റ് രണ്ട് കുടുംബശ്രീകൾ പ്രവർത്തിച്ചുവരുന്നത് ജനറൽ വിഭാഗത്തിന്റെ കൂടി സഹായത്താലാണ്. അത് പ്രകാരം വായ്പകൾ നൽകുകയും, മൈക്രോ ഫിനാൻസ് സംരംഭങ്ങൾ ആരംഭിക്കുകയും, പപ്പടം, അച്ചാർ എന്നിവയുടെ യൂണിറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രി വഴി തയ്യൽ-ഡ്രൈവിംഗ് പോലുള്ള തൊഴിൽ പരിശീലനങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുമുണ്ട്. ചില ഗുണഭോക്താക്കൾ ഇതിലെ അംഗങ്ങൾ ആണ്. കൂടാതെ 5 പേർ ചേർന്ന് ജോയിന്റ് ലയബലിറ്റി ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്. വാഴ-കപ്പ എന്നിവ കൂട്ടമായി ചെയ്തുവരുന്നവരുണ്ട്. ജനറൽ വിഭാഗത്തിന്റെ കൂടി സഹായത്താലാണ് ഇത് ചെയ്തുവരുന്നത്.

## S.XVII.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

സങ്കേതത്തിലെ പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും മറ്റ് തരത്തിലുള്ള ആവശ്യങ്ങൾക്കും സംസ്കാരിക നിലയമില്ല എന്നത് പ്രധാന പോരായ്മയാണ്. 2005 ൽ തന്നെ സങ്കേതത്തിൽ റോഡ് വികസനത്തിനായി നല്ല രീതിയിൽ ഫണ്ട് അനുവദിച്ചു നൽകുകയും ഫണ്ട് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇവ നടപ്പിലാക്കിയതാണെങ്കിലും ടാറിംഗ് പൂർത്തിയാക്കിയിട്ടില്ല.

കിണറുകളും, കുളങ്ങളും നിർമ്മിച്ച് ജലക്ഷാമത്തിനുള്ള പരിഹാരം നടത്തിവരുന്നുണ്ട്. 4 കിണറുകളും ഒരു കുളവും 8 മഴ വെള്ള സംഭരണികളും, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയും ഇവിടെ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സങ്കേതത്തിൽ വേനൽക്കാലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. വേണ്ടത്ര ജലസേചന സൗകര്യങ്ങൾ ഒരുക്കി നൽകിയാൽ കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കാനാകും. വേനൽക്കാലത്ത് കിലോമീറ്ററുകളോളം താണ്ടി വെള്ളം ലഭ്യമാക്കേണ്ട സാഹചര്യമാ മാണുള്ളത്. സ്ത്രീജനങ്ങളും, വൃദ്ധരും, കുട്ടികളും ഇതിൽ പങ്കാളിത്തം വഹിക്കേണ്ടി വരുന്നുണ്ട്. കിലോമീറ്ററുകളോളം വെള്ളം ചുമന്ന് വരുന്നത് ഇവരുടെ ആരോഗ്യത്തേയും ബാധിക്കുന്നുണ്ട്. മാത്രമല്ല റോഡിൽ നിന്നും ദൂരെയുള്ള വീടുകളിൽ പൈപ്പ് വഴി വെള്ളം എത്തിക്കാൻ സംവിധാനങ്ങൾ ഒരുക്കി നൽകുന്നുണ്ടെങ്കിലും ഇടയ്ക്കിടെ പൈപ്പുകൾ പൊട്ടി വെള്ളം ലഭ്യമല്ലാതാവുകയും, പതിവായി ലഭിക്കാത്തതും പ്രധാന തടസ്സങ്ങളാണ്. സാമ്പത്തിക നിലവാരം മെച്ചപ്പെട്ടവർ വേനൽക്കാലത്ത് മറ്റ് വീടുകളിൽ നിന്നും വാഹനങ്ങൾ വഴി വെള്ളം കൊണ്ടു വരികയാണ് ചെയ്യുന്നത്. എന്നിരുന്നാലും മൊത്തം സങ്കേതവാസികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുമില്ല. ഒരെക്കർ ഏക്കർ ഭൂമി വീതം ഉള്ളതിനാൽ കൃഷിക്ക് ജലസേചനം ലഭ്യമാക്കാൻ സാധിക്കാതെയും വരുന്നുണ്ട്. വേണ്ടത്ര ജലസേചന സൗകര്യങ്ങൾ ഒരുക്കി നൽകിയാൽ മാത്രമാണ് കൃഷി മെച്ചപ്പെടുത്തുവാൻ കഴിയുന്നത്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഗ്രാമസഭയിൽ പ്രാതിനിധ്യം കുറവാണെന്ന് ഇവർ അഭിപ്രായപ്പെ ടുന്നു. രാഷ്ട്രീയ പ്രാതിനിധ്യം കുറവായതിനാൽ. മറ്റ് വിഭാഗക്കാർ അവരുടെ നിക്ഷിപ്ത താത്പര്യങ്ങൾ നേടിയെടുക്കുമ്പോൾ ഗ്രാമസഭയിൽ ഇവർ തഴയപ്പെടുന്ന രീതിയാണ് കാണുന്നത്. ആനുകൂല്യങ്ങൾ നൽകുന്നതിനും, അത് കൃത്യമായി ഇവർക്ക് എത്തിക്കുന്നതിനുമുള്ള നല്ല രാഷ്ട്രീയ നേതാക്കളും ഇവർക്ക് പിൻബലമായിട്ടില്ല

സങ്കേതത്തിലെ ഭൂരിഭാഗം ഗുണഭോക്താക്കൾക്കും തൊഴിൽ പരിശീലനങ്ങൾ നടപ്പിൽ വരുത്തിയതിന്റെ പ്രയോജനങ്ങൾ ലഭിച്ചിട്ടില്ല. പുനരധിവാസ സമയത്ത് നിർമ്മിക്കപ്പെട്ട വീടുകൾ ആയതിനാൽ ഒട്ടുമിക്ക ഭവനങ്ങളും മഴക്കാലങ്ങളിൽ ചോർന്നൊലിക്കുന്ന അവസ്ഥയാണ്. കരാർ പ്രകാരം ഏറ്റെടുത്ത് പണിതു നൽകിയ ഭവനങ്ങളിൽ മുകൾ ഭാഗത്ത് ഓട് പതിപ്പിച്ചാണ് കോൺക്രീറ്റ് പൂർത്തിയാക്കിയത്.

## S.XVII.9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസവുമായി നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

**1.സംസ്കാരിക നിലയത്തിന്റെ നിർമ്മാണം**

നിലവിൽ ഊര് കൂട്ടം, മറ്റ് കൂട്ടായ്മകൾ സങ്കേതത്തിൽ ചേരുമെങ്കിലും സാംസ്കാരിക നിലയം അടിസ്ഥാന ആവശ്യം തന്നെയാകയാൽ നിർമ്മിച്ചു നൽകേണ്ടതാണ്.

**2. കുടികൾക്കിടയിലുള്ള റോഡ്, ടാറിംഗ്**

ഓരോ കുടികളിലേക്കും ഇനിയും ടാറിംഗ് പൂർത്തീകരിക്കാത്ത റോഡുകൾ ഉള്ളതിനാൽ ഗതാഗതം ദുരിതത്തിലാണ്. ഇവ നിർമ്മിച്ചു നൽകിയാൽ മാത്രമാണ് ഗതാഗത പ്രശ്നത്തിനു പരിഹാരമാകുന്നത്.

**3. ജലക്ഷാമം പരിഹരിക്കുക**

വേനൽക്കാലങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം സങ്കേതവാസികൾ നേരിടേണ്ടി വരുന്നുണ്ട്.

**4.ആശുപത്രി – ഹെൽത്ത് സെന്റർ സ്ഥാപനങ്ങൾ ആരംഭിക്കൽ**

സങ്കേതത്തിനകത്ത് ആരോഗ്യപരിചരണത്തിനായി ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്റർ ആവശ്യമാണ്. ചികിത്സക്കായി 6 കി.മീ. അകലെയുള്ള ശാന്തൻപാറയാണ് ഏക ആശ്രയം. കൂടാതെ ഗതാഗതസൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുള്ളതിനാൽ ചികിത്സാസൗകര്യങ്ങൾ പെട്ടെന്ന് എത്തിക്കാനും പ്രയാസം നേരിടുന്നുണ്ട്.

**5. വീടിന്റെ ചോർച്ചകൾ പരിഹരിക്കൽ**

പണിതു നൽകിയ ഭവനങ്ങൾ എല്ലാം തന്നെ ചോർന്നൊലിച്ച് വാസയോഗ്യമല്ലാത്ത സ്ഥിതിയിലാണ്. മെയിന്റൻസ് വർക്കിലേക്ക് തുകകൾ ഏതാനും ഗുണഭോക്താക്കൾക്ക് നൽകിയതാണെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരമായില്ല. വീടുകൾ പുതുക്കിപ്പണിതു നൽകണമെന്നാണ് ഗുണഭോക്താക്കളുടെ അഭിപ്രായം.

**6. മോട്ടോർ പമ്പ്സെറ്റ് വിതരണം**

സങ്കേതത്തിനകത്തെ ഗുണഭോക്താക്കൾ കാർഷികവൃത്തിയിൽ ഏർപ്പെടുന്ന വരാണ്. ഏലം, കുരുമുളക് എന്നിവയാണ് പ്രധാന വിളകൾ, അതിനാൽ സങ്കേതത്തിനകത്ത് ഏലത്തോട്ടത്തിലേക്ക് മരുന്നുകൾ അടിക്കുന്നതിനായി പമ്പ്സെറ്റ് നൽകിയാൽ ഗുണഭോക്താക്കൾക്ക് നല്ല രീതിയിൽ കാർഷിക അഭിവൃദ്ധിക്ക് ഉതകുന്നതാണ്. നിലവിൽ എല്ലാ ഗുണഭോക്താക്കൾക്കും പമ്പ്സെറ്റുകൾ ഇല്ല.

### 7. കൃഷിക്കായി നടീൽവസ്തുക്കൾ ലഭ്യമാക്കുക

കൃഷിയാണ് സങ്കേതവാസികളുടെ പ്രധാന വരുമാന മാർഗ്ഗമെന്നതിനാൽ കൃഷിക്കായി നടീൽവസ്തുക്കൾ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി കാർഷിക ഉപകരണങ്ങളും, വിത്തുകൾ, വളങ്ങൾ എന്നിവ നൽകുന്നുവെങ്കിലും പോരായ്മകൾ ഉള്ളതിനാൽ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

### 8. ശൗചാലയ സംവിധാനങ്ങൾ ഒരുക്കൽ

ഓരോ വീടുകൾക്കും ശൗചാലയ സംവിധാനങ്ങൾ നല്ല രീതിയിൽ നിർമ്മിക്കേണ്ടതാണ്. കരാർ പ്രകാരം കുറച്ചു വീടുകൾക്ക് ശൗചാലയം നിർമ്മിക്കുന്നതിനായുള്ള തുക നൽകിയതുമാണ്. എങ്കിലും എല്ലാവർക്കും ഈ സൗകര്യങ്ങൾ ലഭ്യമായിട്ടില്ല.

### 9. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള സാമ്പത്തിക സഹായം നൽകൽ

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായം നൽകേണ്ടത് അത്യാവശ്യ മാണ്. ഒരോ വിദ്യാർത്ഥിയും വിദ്യാഭ്യാസപരമായി മെച്ചപ്പെടണമെങ്കിൽ നല്ല രീതിയിൽ പഠനം മുന്നോട്ടുപോകാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടത് അത്യാവശ്യമാണ്. സാമ്പത്തിക നിലവാരം താഴ്ന്ന രീതിയിൽ ആണെങ്കിൽ പഠിക്കാനുള്ള മാനസികാവസ്ഥയും നഷ്ടപ്പെട്ടുപോകുന്നു. മാതാപിതാക്കളുടെ ഭാഗത്തു നിന്നും പ്രോത്സാഹനങ്ങൾ സാമ്പത്തിക പ്രയാസം നേരിടുമ്പോൾ കുറഞ്ഞ് കുറഞ്ഞ് വരുന്നു. പഠനോപകരണങ്ങൾ കൃത്യമായ രീതിയിൽ എത്തിച്ചു കൊടുക്കു കയും, സാമ്പത്തിക സഹായം വേണ്ട രീതിയിൽ നൽകുകയും ചെയ്താൽ വിദ്യാഭ്യാസ പ്രശ്ന ങ്ങളുടെ തീവ്രത കുറക്കാൻ സാധിക്കും.

### 10. തൊഴിൽ ഇല്ലായ്മ പരിഹരിക്കൽ

പഠിച്ചിറങ്ങിയ കുട്ടികൾക്ക് തൊഴിൽ ലഭിക്കുന്നില്ല എന്നത് പ്രധാന പ്രശ്നമാണ്. തൊഴിൽ പരിശീലനം നൽകുക വഴി, തൊഴിൽ ഇല്ലായ്മ കുറെയേറെ പരിഹരിക്കാൻ സാധിക്കും. ഇതിനായി സങ്കേതത്തിൽ തന്നെ സാമൂഹ്യ പഠനമുറികളും, ട്യൂഷൻ സൗകര്യങ്ങളും ഉപയോഗപ്പെടുത്താവുന്ന താണ്. ക്ലാസ്സുകൾ സങ്കേതത്തിലുള്ള പഠിച്ച ഉദ്യോഗാർത്ഥികൾക്ക് കൈകാര്യം ചെയ്യാനുള്ള അവ സരം നൽക്കണം. സങ്കേതത്തിൽ കൂലിപണി ചെയ്യുന്ന തൊഴിലാളികളും, തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിക്കുന്നവരുമാണ് കൂടുതൽ. ഇവർക്കെല്ലാം എല്ലാ പ്രവൃത്തി ദിനങ്ങളിലും തൊഴിൽ ലഭിക്കുന്നില്ല. പതിവായി ജോലി ഇല്ലാത്തത്, പ്രധാന പ്രശ്നം തന്നെയാണ്. നിത്യച്ചിലവ് കഴിഞ്ഞു പോകുന്നതിൽ വളരെയധികം പ്രയാസം ഇവർ അനുഭവിക്കുന്നുണ്ട്. തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ഇല്ലായ്മ വേതനം നൽകുകയും, തൊഴിൽ പരിശീലനങ്ങൾ നടപ്പിലാക്കേണ്ടതും ആത്യാവശ്യമാണ്.

**11. തൊഴിൽ വൈദഗ്ധ്യത്തിന് പരിശീലനം**

കൃഷിയും വനവിഭവ ശേഖരണവും ഇടയ്ക്കിടെ തൊഴിലുറപ്പ് മുഖാന്തിരം ലഭ്യമായ തൊഴിലുകളും ഉപജീവനം കണ്ടെത്തുന്നതിൽ ഇവരെ വളരെയധികം സഹായിക്കുന്നുണ്ട്. ഡ്രൈവിംഗ് പരിശീലനങ്ങളും തയ്യൽ പരിശീലനങ്ങളും കുറച്ച് ഗുണഭോക്താക്കൾക്ക് മാത്രമേ പ്രയോജനപ്പെട്ടിട്ടുള്ളൂ അതിനാൽ താൽപ്പര്യമുള്ള കൂടുതൽ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുക വഴി ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സാധിക്കുന്നതാണ്.

**12. കൃഷി ഫാം ആരംഭിക്കലും സ്വയം തൊഴിൽ പരിശീലനങ്ങളും**

സങ്കേതത്തിൽ കൃഷി ഫാമുകൾ ആരംഭിക്കേണ്ടതുണ്ട്. കൂടുതൽ സങ്കേത വാസികളും കർഷകരായതിനാൽ ഫാമുകൾ ആരംഭിക്കുന്നത് സങ്കേതത്തിലെ നിലവിലെ പ്രശ്നങ്ങൾക്ക്, കർഷകർക്ക് മുതൽകൂട്ടായിരിക്കും. നിലവിൽ കർഷകർ ഉണ്ടെങ്കിലും അവർക്ക് വിളകൾ കൃത്യമായ രീതിയിൽ മാർക്കറ്റിൽ എത്തിച്ച് പണം ലഭ്യമാക്കാൻ സാധിക്കുന്നില്ല. കാർഷികവിളകളുടെ വളർച്ചയ്ക്ക് വളങ്ങൾ നൽകിയും, വിത്തുൽപ്പാദന സംവിധാനങ്ങളും, മൃഗപരിപരിപാലനത്തിന് ഡയറി ഫാം പോലുള്ള സംവിധാനങ്ങളും വികസിപ്പിക്കേണ്ടതായുണ്ട്. കാർഷികപെൻഷനുകളും മറ്റ് വിവിവധതരം അനുയോജ്യമായ പദ്ധതികളും കർഷകർക്ക് ലഭ്യമാക്കിയാൽ മാത്രമാണ് കൃഷി വികസനം സാധ്യമാകുന്നത്. കൂടാതെ സങ്കേതത്തിലെ മികച്ച കർഷകരെ കണ്ടെത്തി വേണ്ടത്ര പ്രോത്സാഹനങ്ങളും നൽകണം.

**13. കോച്ചിംഗ് സെന്ററുകൾ ആരംഭിക്കൽ**

പഠിതാക്കൾക്ക് സർക്കാർ സേവനമേഖലകളിലെ തൊഴിലുകൾക്കായി പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. സ്പോർട്സിൽ തൽപ്പരരായ വിദ്യാർത്ഥികൾക്ക് സ്പോർട്സ് കോച്ചിംഗ് സെന്ററുകളിൽ പരിശീലങ്ങൾ നൽകി അവരെ ഉയർത്തികൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്.

**14. മെഡിക്കൽ ക്യാമ്പുകൾ**

സങ്കേതവാസികളിൽ പല ആളുകൾക്കും മെഡിക്കൽ ക്യാമ്പുകളിൽ നിന്നും ആവശ്യ മായ മരുന്നുകൾ ലഭിക്കുന്നില്ല.

**15. കമ്പ്യൂട്ടർ പരിശീലന യുണിറ്റുകൾ**

വിദഗ്ധരായ കമ്പ്യൂട്ടർ പരിജ്ഞാനികളെ ഉൾപ്പെടുത്തി സങ്കേതത്തിൽ കമ്പ്യൂട്ടർ പരിശീലന യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. അടിസ്ഥാന കമ്പ്യൂട്ടർ വിവരങ്ങൾ സങ്കേതവാസികൾക്ക് ലഭി ക്കുന്നതിന് ഇത് സഹായകരമായിരിക്കും.

## S.XVIII. സൂര്യനെല്ലി സങ്കേതം

### S.XVIII.1 പ്രദേശം

ചിന്നകനാൽ ഗ്രാമപഞ്ചായത്തിലെ സിങ്കുകണ്ടം 9ാം വാർഡിലാണ് സൂര്യനെല്ലി സങ്കേതം സ്ഥിതി ചെയ്യുന്നത്. 2002 ലാണ് ഇവിടെ പുനരധിവാസ പ്രവർത്തനങ്ങൾ നടന്നിട്ടുളളത്. 92 ഏക്കർ ഭൂമിയാണ് പുനരധിവാസത്തിനു വേണ്ടി നീക്കി വച്ചത്. ഒരാൾക്ക് ഒരേക്കർ വീതമാണ് നൽകിയിട്ടുള ളത്. 92 പേരിൽ ആകെ 2 പേർ മാത്രമാണ് ഇവിടെ താമസിക്കുന്നത്. ധാരാളം കയ്യേറ്റങ്ങൾ നടന്നു കൊണ്ടിരിക്കുന്ന പ്രദേശം കൂടിയാണിത്. കുമളി, തൊടുപുഴ, വണ്ണപുറം, പൂമാല എന്നിവിടങ്ങളിൽ നിന്നുളള മന്നാൻ, മലയരയൻ, മലങ്കൂറവൻ എന്നവകാശപ്പെടുന്ന സമുദായങ്ങളാണിവിടെ അധിവ സിക്കുന്നത്. എല്ലാവരും പഞ്ചായത്തിനു പുറത്തു നിന്നാണിവിടെ താമസിക്കുന്നത്.

92 പേരിൽ ആകെ 2 പേർ മാത്രമാണ് ഇവിടെ താമസിക്കുന്നത്. 2 പേരുടെ (100%) സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുളളത്.

### S.XVIII.2 സമുദായഘടന

മന്നാൻ, മലയരയൻ, മലങ്കുറവൻ എന്നവകാശപ്പെടുന്ന സമുദായങ്ങളും ഈ സങ്കേതത്തിൽ താമസിച്ചു വരുന്നു.

### S.XVIII.3 അടിസ്ഥാന സൗകര്യം

ഭൂമിയില്ലാത്തവർക്കാണിവിടെ ഭൂമി അനുവദിച്ചു നൽകിയിട്ടുളളത്. സങ്കേതത്തിൽ ഊരുകൂട്ടം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കില്ലും ആൾ താമസമില്ലാത്തതിനാൽ 2 വർഷമായി ഊരുകൂട്ടം കൂടിയിട്ടില്ല. ഒറ്റപ്പെട്ട സ്ഥലമായ ഇവിടെ വന്യമൃഗശല്ല്യത്തിൽ നിന്നും സംരക്ഷണമില്ലാത്തതിനാലും, തൊഴില്ലില്ലാ യ്മ മൂലവും മിക്കവരും താമസിക്കുന്നില്ല. താത്ക്കാലിക പാർപ്പിടമൊരുക്കാൻ 3000 രൂപ വന്ന കാലത്ത് അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഭവന നിർമ്മാണം കോൺട്രാക്റ്റർമാരാണ് നടത്തിയിട്ടുളളത്. ഇവിടെ കമ്മ്യൂണിറ്റി ഹാൾ ഇല്ല. കൂടാതെ റോഡ് സൗകര്യം വളരെ മോശമാണ്. 2017ൽ നീർക്കുഴി നിർമ്മിച്ചിട്ടുണ്ട്. വേറെ മണ്ണ് സംരക്ഷണ പ്രവൃത്തികളൊന്നും തന്നെ ചെയ്തിട്ടില്ല. എല്ലാവർക്കും പട്ടയം ലഭിച്ചിട്ടുണ്ട്. ആൾതാമസമില്ലാത്ത സ്ഥലമായതിനാൽ അയൽപക്കമില്ല. കൂടാതെ അതീവ രൂക്ഷമായ മൃഗശല്ല്യവുമുണ്ട്. കുടി വെള്ളം ഒരു കിമീ അകലെയുളള തോട്ടിൽ നിന്നും ഓസിട്ടാണ് എടുക്കുന്നത്. കുടി വെള്ളം ലഭിക്കുന്നതിനായി വേനൽകാലത്ത് കുന്നിൻ ചെരിവ് കയറിയിറങ്ങ ണം.

## S.XVIII.4വിദ്യാഭ്യാസം

4 കിമീ അകലെയാണ് എൽപി, യുപി സ്ക്കൂളുകൾ സ്ഥിതി ചെയ്യുന്നത്. തുടർ വിദ്യാഭ്യാസ ത്തിനായി മൂന്നാറിനെ ആശ്രയിക്കണം.

## S.XVIII.5 ആരോഗ്യം

പുനരധിവാസത്തിനു ശേഷം സാമൂഹികവും മാനസികവുമായ ആകുലതകൾ, ദുസ്വപ്നം, ഉറക്കമില്ലായ്മ, ഭയം എന്നിവ സങ്കേതവാസികൾ നേരിട്ടിട്ടുണ്ട്. –പ്രാഥമിക ആരോഗ്യ കേന്ദ്രം വിലക്ക് സങ്കേതത്തിലാണ് സ്ഥിതി ചെയ്യുന്നത്. ചികിത്സക്കായി പ്രധാനമായും ആശ്രയിക്കുന്നത് അലോപതി മരുന്നുകളെയാണ്. രോഗപ്രതിരോധ കുത്തിവെപ്പുകൾ, ബോധവൽക്കരണ പ്രവർത്തന ങ്ങൾ, മെഡിക്കൽ ക്യാമ്പ്, ബയോമെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ എന്നീ സൗകര്യ ങ്ങളൊന്നും സങ്കേതത്തിലില്ല.

## S.XVIII.6 തൊഴിലും വരുമാനവും

നിലവിൽ കൃഷി, കാർഷികേതര മേഖലകളിലെ തൊഴിലുകൾ എന്നിവയാണ് സങ്കേതവാസികൾ വരുമാനത്തിനായി ആശ്രയിക്കുന്നത്. ഏലം. യൂക്കാലി എന്നിവ കൃഷി ചെയ്യുന്നു ണ്ട്. സങ്കേതവാസികളിൽ ഒരാൾ ചൂല്ലുണ്ടാക്കാനുള്ള പുല്ല് വെട്ടുന്ന പണിയിൽ ഏർപ്പെട്ടിട്ടുണ്ട്. 45 പുല്ലിന് 20 രൂപ വച്ച് ആഴ്ചയിൽ 150 രൂപ ലഭിക്കും. എന്നാൽ ആനയിറങ്ങുന്നതിനാൽ ഇപ്പോളതിനു സാധിക്കുന്നില്ല. നിലവിലെ സ്ഥലങ്ങൾ മൃഗ ശല്ല്യം കാരണം കൃഷി ചെയ്യാൻ കഴിയുന്നില്ല. സങ്കേത വാസികളിൽ ഒരാൾക്കു മാത്രമെ തൊഴിലുറപ്പിൽ അംഗത്വമുള്ളൂ. ഇവർക്ക് സ്വകാര്യ വ്യക്തികളിൽ നിന്നും ബാങ്കുകളിൽ നിന്നും ചികിത്സക്കായും, വീട്ടുസാധനങ്ങൾ വാങ്ങിയതിലെല്ലാം കടബാധ്യത യുണ്ട്.

## S.XVIII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

ഗുണഭോകൃത കമ്മിറ്റിയിൽ സൂര്യനെല്ലി സങ്കേതവാസികൾക്ക് ടി.ആർ.ഡി.എം പദ്ധതി പ്രകാരം മുള്ളു വേലി പണിയുന്നതിനു ജില്ലാ കലക്ടരുടെ ഉത്തരവ് പ്രകാരം ഗുണഭോകൃത കമ്മിറ്റി രൂപീകരിക്കുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയുമുണ്ടായി എന്നാലിതുവരെ യാതൊരു നിർമ്മാണ ജോലിയും ഇതേവരെ നടന്നിട്ടില്ല. കമ്മിറ്റിയുടെ കൺവീനർ സൂര്യനെല്ലിയിലെ സങ്കേത വാസിയല്ലാത്തത് സങ്കേതവാസികളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സങ്കേതത്തിൽ വിറക് ലഭ്യമ ല്ലാത്തതിനാൽ ഗ്യാസ് കണക്ഷനും അടുപ്പിനും വേണ്ടി ഊരുകൂട്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആന യിറങ്ങൽ ഡാമിൽ മത്സ്യബന്ധനം നടത്തുന്നതിനു "ടെൻഡർ" ചെയ്യുന്ന നടപടി നിർത്തിലാക്കി,

സങ്കേതവാസികൾക്കും കൂടി ഉപജീവനത്തിനായി മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുമതി നൽകണമെന്നാണ് ഇവരുടെ ആവശ്യം.

## S.XVIII.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

ആന ശല്ല്യം വളരെയധികം രൂക്ഷമായി അനുഭവിക്കുന്ന സങ്കേതമാണിത്. ആന വീടുകൾ പൊളിച്ചിട്ടിട്ടുണ്ട്. ഫോറസ്റ്റ് വകുപ്പിൽ നിന്നും 50000 രൂപ നഷ്ടപരിഹാരമായി ലഭിച്ചിട്ടുണ്ട്. കുടി വെള്ളക്ഷാമം,. റോഡ് സൗകര്യമില്ലായ്മ എന്നിവയാലും പ്രയാസങ്ങൾ നേരിടുന്നുണ്ട്. തൊഴിലും തൊഴിലുറപ്പ് പദ്ധതികളും, ആൾതാമസമില്ലാത്തതിനാൽ ഊരുകൂട്ടവും കാര്യക്ഷമമല്ല. ഇവിടെ കുടുംബശ്രീ പ്രവർത്തിക്കുന്നില്ല. ലഭിച്ച ഭൂമി കൃഷി യോഗ്യമല്ല. ഭൂമി കൈയ്യേറ്റമുണ്ട്. ഇതിനെ ചോദ്യം ചെയ്താൽ പ്രദേശവാസികൾ ഭീഷണിപ്പെടുത്താറുണ്ടെന്നും ഇവർ പറയുന്നു. പ്രദേശവാസികളിൽ നിന്നും വിഷമതകൾ നേരിടുന്നുണ്ട്.

## S.XVIII.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1.കുടിവെള്ളം ലഭ്യമാക്കണം.- കുടി വെള്ളത്തിനായി അകലെയുള്ള തോട്ടിൽ നിന്നും ഓസിട്ടാണ് എടുക്കുന്നത്. വേനൽകാലത്ത് വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്.

2.സങ്കേതത്തിൽ പുതിയ താമസക്കാരെ കൊണ്ടു വരണം.

3.തൊഴിലുറപ്പ് പദ്ധതിലൂടെ തൊഴിൽ ലഭ്യമാക്കണം.

4.വന്യമൃഗ ശല്ല്യത്തനു പരിഹാരം കാണണം.

5.സങ്കേതത്തിൽ നിന്നും പുറത്തുള്ള ആൾക്കാർ 120ാം നമ്പർ പ്ലോട്ടിൽ മദ്യപിച്ചു ശല്ല്യം ചെയ്യുന്നു. അത് തടയാനുള്ള നടപടികളെടുക്കണം.

# ഉപസംഹാരം

ഇടുക്കി ജില്ലയിലെ സങ്കേതങ്ങളിൽ താരതമ്യ പഠനം നടത്തുമ്പോൾ സമുദായംഗങ്ങളുടെ കൂട്ടായ്മ കൊണ്ടും, മികച്ച നേതൃത്വം കൊണ്ടും ചിന്നക്കന്നാൽ 80 ഏക്കർ മറ്റു സങ്കേതങ്ങൾക്ക് ഒരു മാതൃകാ സങ്കേതമാണ്. എന്നാൽ സങ്കേതത്തിലെ 37, 49, 51 പ്ലോട്ടുകൾ മറ്റുവ്യക്തികൾ കയ്യേറിയിട്ടുണ്ട്. ഇതിനായി നിലവിൽ സർക്കാർ കോടതിയിൽ കേസ് നടത്തുന്നുണ്ട്.ഭവന

നിർമ്മാണത്തിൽ ആദ്യഘട്ടത്തിൽ നിർമ്മിച്ച 30 വീടുകളിലെ ചോർച്ച, ഗതാഗതയോഗ്യമല്ലാത്ത പോക്കറ്റു റോഡുകൾ, കൃഷിക്കായുള്ള ജലസേചനമില്ലായ്മ, ഫണ്ട് അനുവദിക്കുന്നതും വിനിയോഗിക്കുന്നതും വൈകുന്നതിനാൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായുള്ള കാല താമസം, എല്ലാറ്റിനുമുപരി സങ്കേതത്തിലെ പ്രധാന പ്രശ്നം മൃഗശല്ല്യം തന്നെയാണ്. സങ്കേതത്തിന് ഫെൻസിംഗ് നടത്തിയെങ്കിലും ഇപ്പോൾ തകർന്ന അവസ്ഥയിലാണ്. മൃഗ ശല്ല്യം കാരണം രാത്രികാലങ്ങളിൽ ആശുപത്രികളിൽ പോലും പോകാൻ സാധിക്കാത്ത അവസ്ഥയാണ്.

പന്തടിക്കളം പുനരധിവാസ സങ്കേതം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഗതാഗത സൗകര്യമില്ലായ്മ, പുർത്തീകരിക്കാത്ത വീടുകൾ, വേനൽക്കാലത്തെ ജലക്ഷാമം, പൊതു ഗതാഗത സംവിധാനം ഇല്ലാത്തതുകാരണം സങ്കേതത്തിന് പുറത്തുള്ള ആശുപത്രി, സ്ക്കൂൾ, ഗവൺമെന്റ് വകുപ്പുകൾ, ജോലി സംബന്ധമായ കാര്യങ്ങൾ തുടങ്ങിയിടങ്ങളിലേക്ക് യാത്രചെയ്യാനുള്ള പ്രയാസം, മൃഗശല്യം എന്നിവയാണ്. കൂടാതെ അനുവദിച്ച പ്ലോട്ടുകൾ ഉടമസ്ഥർ വരാത്തതു കാരണം കാടുപിടിച്ചു കിടക്കുകയും വന്യമൃഗങ്ങൾ വസിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു. സങ്കേതത്തിൽ കൂടുതലും ചെയ്യുന്നത് ജലസേചനം ആവശ്യമുള്ള കാർഷിക വിളകളാണ്. ആയതിനാൽ ജല ദൗർലഭ്യം സാരമായി കൃഷിയെ ബാധിക്കുന്നുണ്ട്.

മറയൂർ സങ്കേതത്തിൽ മൃഗശല്ല്യം, തൊഴിൽരാഹിത്യം എന്നിവ മൂലം പകുതിയോളം വീട്ടു കാർ ഇപ്പോഴും താമസമാക്കിയിട്ടില്ല. 500 മീറ്റർ അകലെയുള്ള ടാങ്കിൽ നിന്നും പെപ്പ് വെള്ളം ലഭി ക്കുന്നുണ്ടെങ്കിലും മഴയത്ത് ചപ്പ് ചവറുകൾ വന്നടിയുന്നതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്നു. സങ്കേതത്തിൽ പലർക്കും ഉപയോഗശുന്യമായ ശൗചാലയങ്ങളാണുള്ളത്. സ്വന്തമായി കിണറുള്ളവ രോ, പൊതുകിണറുകൾ ഉപയോഗിക്കുന്നവരോ സങ്കേതത്തിലില്ല. പൈപ്പ് സംവിധാനത്തെയും അരു വികളെയും കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്ന ഇവർ കുടിവെള്ളത്തിനായി കടുത്ത പ്രയാസങ്ങൾ നേരിടുന്നുണ്ട്.

കുണ്ടളക്കുടിയിൽ സങ്കേതത്തിൽ മതിയായ സംവിധാനങ്ങളില്ലാത്തതിനാൽ വിദ്യാഭ്യാസം നേടുന്നതിന് വെല്ലുവിളികളുണ്ട്. ദിനംപ്രതി 40 കി.മീ. അധികം യാത്രചെയ്തുവേണം കുട്ടികൾക്ക് വിദ്യാലയങ്ങളിലെത്താൻ. ആനശല്യമുള്ള മേഖലയായതിനാൽ യാത്രസുരക്ഷിതവുമല്ല. പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് രക്ഷിതാക്കളുടെ താൽപര്യകുറവ് കാരണം അവ രുടെ വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ട്. കുടിവെള്ള പ്രശ്നം സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. വേനൽ കാലത്ത് സങ്കേതം കടുത്ത ജലക്ഷാമം നേരിടുന്നു. എല്ലാത്തിനുമുപരി മൃഗശല്യവും മേഖലയിലുണ്ട്. പഴയ ട്രഞ്ച് പുനർനിർമ്മിക്കുക, റെയിൽവേ ഫെൻസിംഗ് കൊണ്ടുവരിക എന്നിവയിലൂടെ മൃഗശല്യവും ഒരു പരിധിവരെ തടയാവുന്നതാണ്. സങ്കേതത്തിൽ പൂർത്തിയാവാത്ത വീടുകളുടെയും, അറ്റകുറ്റ പണികൾ ആവശ്യമുള്ളവയുടെയും പ്രവർത്തനങ്ങൾ യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതാണ്. കൃഷി ചെയ്യാനുള്ള ധനസഹായം തവണകളായി തിരിച്ചടക്കാമെന്ന വ്യവസ്ഥയോടെ

നൽകാവുന്നതുമാണ്. ഇടനില ക്കാർ വഴിയുള്ള ചൂഷണം, സാമ്പത്തികം സഹായം നൽകുന്നതോടെ ഒഴിവാ ക്കാവുന്നതാണ്. കൂടാതെ വിളകൾക്ക് വിപണി ഒരുക്കി നൽകാവുന്നതാണ്. കുടിവെള്ള പ്രശ്നം സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ്. ഇത് പരിഹരിക്കുന്നതിനായി ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

സിങ്കുകണ്ടം 301 ഏക്കർ കോളനിയിൽ വന്യജീവി ശല്ല്യംകാരണം പല കുടുംബങ്ങളും സ്ഥിരതാമസക്കാരല്ല. 2003-ൽ പട്ടയം ലഭിച്ചിട്ടുള്ളവർ ധാരാളം സമരങ്ങളിൽ പങ്കെടുക്കുകയും ധാരാളം വെല്ലുവിളികൾ നിറഞ്ഞ ജീവിത സാഹചര്യങ്ങളിലൂടെ കടന്ന് പോകുകയും ചെയ്യുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം തുടങ്ങിയ മേഖലയിൽ ആനശല്ല്യം ഒരു പ്രധാന പ്രശ്നം ആയിരിക്കതന്നെ ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, വിപണനം, ചോർന്നൊലിക്കുന്ന വീടുകൾ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ സങ്കേതവാസികൾ നേരി ടുന്നു. എന്നാൽ പരമാവധി ഭൂരഹിതരെ സങ്കേതത്തിലേക്ക് പുനരധിവസിപ്പിക്കുകയും വന്യജീവി ശല്ല്യത്തിന് പരിഹാരം കാണുകയും ഉപജീവന സൗകര്യം മെച്ചപ്പെടുത്തുകയും വഴി ഈ സങ്കേത ത്തിൽ വളരെ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

വിലക്ക് സങ്കേതം ഒറ്റപ്പെട്ടു കിടക്കുന്ന സ്ഥലമാണ്. ഇവിടെ ആന ശല്ല്യം അതീവ രൂക്ഷമാണ്. മതിയായ റോഡ്, ഗതാഗത സൗകര്യം ലഭിക്കാത്ത പ്രദേശങ്ങൾ എന്നീ വെല്ലുവിളികൾ നേരിടുന്ന സങ്കേതത്തിൽഭൂമി ലഭ്യമായിട്ടും മൃഗ ശല്ല്യം, കുടി വെള്ള പ്രശ്നം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ മൂലമാണ് ഭൂരിപക്ഷം പേരും മാറി താമസിക്കാതിരിക്കുന്നത്. ഭൂരിപക്ഷം പ്ലോട്ടുക ളും കാട് പിടിച്ചു കിടക്കുകയാണ്. ഇതു കൊണ്ടു തന്നെ മൃഗ ശല്ല്യം വളരെ രൂക്ഷമാണ്. ചിന്നക്ക നാൽ പഞ്ചായത്തിലെ മൊത്തം മാലിന്യം നിക്ഷേപിക്കുന്ന മാലിന്യകുഴി, വിലക്ക് സങ്കേതത്തിന് 200 മീറ്റർ മാത്രം അകലെയായി സ്ഥിതി ചെയ്യുന്നു. ഇത് ഇവർക്കു വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വേനൽ കാലത്ത് കുടി വെള്ള ക്ഷാമം നേരിടുന്ന സങ്കേതമാണിത്.

പൂപ്പാറ സങ്കേതത്തിൽ സാംസ്കാരിക നിലയമില്ല. ടാറിടാത്ത റോഡുകൾ ഉള്ളതിനാൽ ഗതാഗതം ദുരിതത്തിലാണ്. വേനൽക്കാലങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം സങ്കേതവാസികൾ നേരിടേണ്ടി വരുന്നുണ്ട്. പണിതു നൽകിയ ഭവനങ്ങൾ എല്ലാം തന്നെ ചോർന്നൊലിച്ച് വാസയോഗ്യമല്ലാത്ത സ്ഥിതിയിലാണ്.

സൂര്യനെല്ലി സങ്കേതം ആന ശല്ല്യം വളരെയധികം രൂക്ഷമായി അനുഭവിക്കുന്ന മേഖലയാണ്. ആന വീടുകൾ പൊളിച്ചിട്ടിട്ടുണ്ട്. കൂടാതെ കുടി വെള്ളക്ഷാമം,. റോഡ് സൗകര്യമില്ലായ്മ എന്നിവ യാലും സങ്കേതവാസികൾ പ്രയാസങ്ങൾ നേരിടുന്നുണ്ട്. തൊഴിലും തൊഴിലുറപ്പ് പദ്ധതികളും, ആൾതാമസമില്ലാത്തതിനാൽ ഊരുകൂട്ടവും കാര്യക്ഷമമല്ല. ലഭിച്ച ഭൂമി കൃഷി യോഗ്യമല്ല.

80 ഏക്കർ പുനരധിവാസ സങ്കേതം, മറയൂർ പഞ്ചായത്തിലെ മറയൂർ സങ്കേതം, കുണ്ടല സങ്കേതം, ചിന്നക്കനാലിലെ വിലക്ക് സങ്കേതം, സിങ്കുകണ്ടം മുന്നൂറ്റൊന്ന് സങ്കേതം, ശാന്തൻപാറ പഞ്ചായത്തിലെ പന്തടിക്കളം സങ്കേതം, സൂര്യനെല്ലി സങ്കേതം എന്നിവിടങ്ങളിലെ പഠനങ്ങളിൽ നിന്നും എല്ലാ സങ്കേതങ്ങളിലും രൂക്ഷമായ വന്യമൃഗശല്ല്യം, കുടി വെള്ളക്ഷാമം,. റോഡ് സൗകര്യമി ല്ലായ്മ എന്നിവയാലും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. പന്തടിക്കളം, 301 സങ്കേതം, 80 ഏക്കർ, സൂര്യനെല്ലി, ചിന്നക്കനാൽ വെലക്ക് തുടങ്ങിയ പുനരധിവാസ മേഖലകൾക്ക് വേണ്ടി പൊതു ആശുപത്രി ആരംഭിക്കണമെന്നാണ് സങ്കേതവാസിക ളുടെ ആവശ്യം.

സങ്കേതത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് കൃത്യമായ മാസ്റ്റർപ്ലാൻ ഉണ്ടായിരുന്നില്ലായെന്നാണ് മേൽപറഞ്ഞ എല്ലാ സങ്കേതങ്ങളും പരിശോധിച്ചാൽ നമുക്ക് മനസ്സി ലാക്കാൻ സാധിക്കുന്നത്. കൃത്യമായ ആസൂത്രണത്തോടു കൂടിയാണ് ഭൂമി അനുവദിച്ചതെങ്കിൽ പ്രശ്നങ്ങളുടെയും വെല്ലുവിളികളുടെയും തോതു വളരെയേറെ കുറയുമായിരുന്നു. പഠനപ്രവർത്ത നങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കിയ വിഷയങ്ങൾ പരിഹരിച്ചാൽ മാത്രമെ സങ്കേതങ്ങൾ അധിവാസ യോഗ്യമാകുകയുള്ളൂ. കൂടാതെ ജില്ലയിൽ പ്ലോട്ടുകളായി അളന്നു തിരിച്ചിട്ടും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത ഭൂമികൾ സാമൂഹിക പാരിസ്ഥിതിക പ്രത്യാഘാതങ്ങളെ ക്കുറിച്ച് പഠനങ്ങൾ നടത്തിയതിന് ശേഷം മാത്രം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്.

********************

# എറണാകുളം ജില്ല

## എറണാകുളം ജില്ലയിലെ പുനരധിവാസ സങ്കേതങ്ങൾ

വടക്ക് തൃശൂർ ജില്ലയും തെക്ക് ആലപ്പുഴ-കോട്ടയം ജില്ലകളും പടിഞ്ഞാറ് ലക്ഷ ദ്വീപും, കിഴക്ക് ഇടുക്കി ജില്ലയുമാണ് എണാകുളം ജില്ലയുടെ അതിർത്തികൾ. മഹത്തായ പൈതൃകമുള്ള എറണാകുളം ജില്ലയിലാണ് അറബികടലിന്റെ റാണിയെന്നറിയപ്പെടുന്ന കൊച്ചി സ്ഥിതി ചെയ്യുന്നത്. സാംസ്കാരിക പൈതൃകം, വിഭവ സമ്പത്ത്, വാണിജ്യം എന്നീ മേഖലകളിൽ ഈ ജില്ല സ്വന്തമായ കൈയ്യൊപ്പ് ചാർത്തിയിട്ടുണ്ട്.

എറണാകുളം ജില്ലയിലെ മൂന്ന് ടി.ആർ.ഡി.എം സങ്കേതങ്ങൾ താഴെ പറയുന്നവയാണ്.

1. കോതമംഗലം താലൂക്കിലെ കുട്ടംപുഴ ഗ്രാമപഞ്ചായത്തിലെ പന്തപ്ര സങ്കേതം, 2. കോതമംഗലം താലൂക്കിൽ കവളങ്ങാട് പഞ്ചായത്തിലെ നേര്യമംഗലം തലക്കൽ ചന്തു സങ്കേതം. 3. കണയന്നൂർ താലൂക്കിലെ എടക്കാട്ട് വയൽ ഗ്രാമപഞ്ചായത്തിലെ എടക്കാട്ട് വയൽ സങ്കേതം.

## S.XIX.പന്തപ്ര സങ്കേതം

### S.XIX. 1 പ്രദേശം

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കുട്ടംപുഴ ഗ്രാമപഞ്ചായത്തിലാണ് പന്തപ്ര സങ്കേതം സ്ഥിതി ചെയ്യുന്നത്. മുതുവാൻ സമുദായത്തിലെ 18 കുടുംബങ്ങളും മന്നാൻ സമുദായത്തിലെ 49 കുടുംബങ്ങളുമടക്കം 67 കുടുംബങ്ങൾക്ക് ഈ സങ്കേതത്തിൽ ഭൂമി അനുവദിക്കുകയുണ്ടായി. അതിൽ 64 കുടുംബങ്ങൾ ഇപ്പോൾ സങ്കേതത്തിൽ താമസിക്കുന്നു. കോതമംഗലം താലൂക്കിലെ വാരിയം കോളനിയിലെ പട്ടിക വർഗ്ഗ സങ്കേതത്തിൽ താമസിച്ചിരുന്ന കുടുംബങ്ങൾ സ്വന്തമായി ഭൂമിയില്ലാത്തതിനാലും കാട്ടാനകളുടെയും വന്യ മൃഗങ്ങളുടെയും ശല്യം കാരണവും കണ്ടൻപാറ എന്ന സ്ഥലത്ത് താമസമുറപ്പിച്ചു. അവിടുന്ന് പിന്നീട് ഇവരെ വനം വകുപ്പിന്റെ സഹകരണത്തോടെ പന്തപ്ര തേക്ക് പ്ലാന്റേഷനിൽ മാറ്റി താമസിപ്പിച്ചു. അനുയോജ്യമായ സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ പന്തപ്രയിലെ 67 കുടുംബങ്ങൾക്ക് രണ്ടേക്കർ വീതം ഭൂമി കൈവശരേഖ നൽകി. അതോടൊപ്പം വീട്, വൈദ്യുതി, കുടിവെള്ളപദ്ധതി, റോഡ് നിർമ്മാണം, സോളാർ വേലി എന്നിവയ്ക്കും തുക അനുവദിച്ചിട്ടുണ്ട്. സങ്കേതത്തിൽ കുടിവെള്ളപദ്ധതിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുകയും വൈദ്യുതി കണക്ഷന് ആവശ്യമായ നിയമനടപടികൾ ആരംഭി

ക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഗുണഭോക്താക്കൾക്ക് സോളാർ വേലി, റോഡ് എന്നീ സൗകര്യങ്ങൾ ഉണ്ട്.

പന്തപ്ര സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 10% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XIX. 1 പുനരധിവാസ ചരിത്രം

കുട്ടമ്പുഴയിൽ നിന്നും 70 കി.മി. ദൂരം സ്ഥിതിചെയ്യുന്ന വാര്യത്താണ് മന്നാൻ, മുതുവാൻ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾ അധിവസിച്ചിരുന്നത്. ഇവരുടെ ഉപജീവനമാർഗ്ഗം പ്രധാനമായും തങ്ങളുടെ ഭൂമിയിൽ കൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകളായിരുന്നു. മിക്ക കുടുംബങ്ങൾക്കും 2 ഏക്കർ മുതൽ 20 ഏക്കർ വരെ ഭൂമി കൈവശം ഉണ്ടായിരുന്നു.

വർഷങ്ങൾ പിന്നിട്ടപ്പോൾ തങ്ങളുടെ അധിവാസ മേഖലകളിലേക്ക് വന്യ മൃഗങ്ങളുടെ (ആന, പന്നി, മാൻ) ശല്യം കൂടി വന്നതും വിദ്യാഭ്യാസം, ആരോഗ്യം മറ്റു നിയമപരമായ ആവശ്യങ്ങൾ എന്നിവയ്ക്ക് വേണ്ടി കാൽനടയായി വരേണ്ടി വന്നതും ഇവരുടെ ജീവിതം ദുസ്സഹമാക്കി. ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിനു കുട്ടികൾ ഹോസ്റ്റലുകളിൽ ചേർന്ന് പഠിക്കേണ്ടി വന്നതിനാലും, തുടർന്ന് ലഭിക്കുന്ന ജോലി സങ്കേതത്തിന് പുറത്തായതിനാലും ഇവിടെ നിന്ന് മാറിതാമസിക്കാൻ ഇവർ നിർബന്ധിതരായി. അതിനാൽ സങ്കേതത്തിന് പുറത്ത് നാടിനോട് ചേർന്ന് ഭൂമി ലഭ്യമാക്കണമെന്ന് ഇവർ ആവശ്യപ്പെടുകയും സർവ്വേ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പ്രദേശം വനഭൂമി ആയതുകാരണം നൽകാൻ സാധിക്കുകയില്ലെന്ന് അറിയിപ്പ് ലഭിച്ചതിനു ശേഷം വാരിയം പട്ടികവർഗ്ഗ സങ്കേതത്തിൽ താമസക്കാരായിരുന്ന 49 മന്നാൻ കുടുംബങ്ങളും 18 മുതുവാൻ കുടുംബങ്ങളടക്കം ആകെ 67 കുടുംബങ്ങൾ ഈ സങ്കേതത്തിൽ നിന്ന് പാലായനം ചെയ്ത് പൂയംകുട്ടി പുഴയുടെ തീരത്ത് 'കണ്ടൻപാറ' എന്ന സ്ഥലത്ത് താമസമുറപ്പിച്ചു. സ്വന്തം സ്ഥലത്തേക്ക് മാറിപ്പോകുവാൻ ഇവരോട് ആവശ്യപ്പെട്ടെങ്കിലും ഇവർ വിസമ്മതിക്കുകയും, ഭൂമിക്ക് വേണ്ടി കേസ് നടത്തുകയും, വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ ധാരാളം സമരങ്ങൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന് കേരള ഹൈക്കോടതി വിധിപ്രകാരം ഭൂമി നൽകാൻ തീരുമാനമായി.

പന്തപ്രയിൽ താമസിക്കുന്ന 67 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം കൈവശ രേഖ ലഭിച്ചു. വാരിയം സെറ്റിൽമെന്റിലെ 147.6085 ഹെക്ടർ ഭൂമി വനംവകുപ്പിന്

തിരികെ നൽകിയതിനെ തുടർന്ന് വനം വന്യജീവി വകുപ്പിന്റെ 18/12/2017 തീയ്യതിയിലെ സർക്കാർ ഉത്തരവ് നം. 54/2017 വനം പ്രകാരം ഉര്യതൻതണ്ണി പന്തപ്ര തേക്ക് പ്ലാന്റേഷനിൽ 67 കുടുംബങ്ങൾക്ക് രണ്ടേക്കർ ഭൂമി നൽകുന്നതിനും സങ്കേതനിവാസികളുടെ പൊതു ആവശ്യത്തിനായി ആകെ അനുവദിച്ച ഭൂമിയുടെ 70% സ്ഥലം നീക്കി വയ്ക്കുന്നതിനും ഉത്തരവായി. 31/03/2018 തീയ്യതി ബഹു. മുഖ്യമന്ത്രി കൈവശരേഖ വിതരണം നടത്തുകയും ചെയ്തു.

## S.XIX.2 സമുദായഘടന

മുതുവാൻ സമുദായത്തിലെ 18 കുടുംബങ്ങളും, മന്നാൻ സമുദായത്തിലെ 49 കുടുംബങ്ങളുമടക്കം 67 കുടുംബങ്ങൾക്ക് ഈ സങ്കേതത്തിൽ ഭൂമി ലഭിച്ചിട്ടുണ്ട്. അതിൽ 64 കുടുംബങ്ങളാണ് നിലവിൽ സങ്കേതത്തിൽ അധിവസിക്കുന്നത്.

## S.XIX.3 അടിസ്ഥാന സൗകര്യം

ഇടമലയാർ വനാന്തരത്തിലെ വാരിയം ആദിവാസി കോളനയിൽ നിന്ന് ആനയടക്കമുള്ള മൃഗങ്ങളിൽ നിന്നും നേരിട്ടിട്ടുളള വെല്ലുവിളികൾ കാരണം പതിറ്റാണ്ടുകൾക്ക് മുമ്പ് പാലായനം ചെയ്ത മുതുവാൻ, മന്നാൻ വിഭാഗത്തിൽപ്പെട്ട 67 കുടുംബങ്ങളെ പന്തപ്രയിലെ 6 ഏക്കർ വരുന്ന തേക്കു തോട്ടത്തിൽ താൽക്കാലികമായി പാർപ്പിക്കുകയായിരുന്നു. എന്നാൽ 2017 ഏപ്രിൽ 10 ന് രണ്ടേക്കർ വീതം ഭൂമി വീടിനും കൃഷിക്കും വേണ്ടി ഉടമസ്ഥാവകാശ സാക്ഷ്യപത്രം ലഭിക്കുകയാണുണ്ടായത്. അതുകൊണ്ട് തന്നെ ഈ സങ്കേതത്തിലെ ഒരു കുടുംബത്തിനും താൽക്കാലിക ഷെഡ് അല്ലാതെ നല്ല വീട് ലഭിച്ചിട്ടില്ല. താൽക്കാലിക ഷെഡ് വെയ്ക്കുന്നതിന് വേണ്ടി ടാർപോളിൻ ഷീറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും വീടുകളിൽ വൈദ്യുതി, കിണർ, കുടിവെള്ളം, ജലസേചനം എന്നീ സൗകര്യങ്ങൾ ഇല്ല. ഇടുക്കി ജില്ലയിലെ തന്നെ വാരിയത്ത് എന്ന പ്രദേശത്ത് നിന്നാണ് 2013-ൽ കുട്ടംമ്പുഴയിലെ പന്തപ്രയിലേക്ക് സങ്കേതവാസികൾ മാറി താമസിക്കുന്നത്. മുമ്പ് മിക്ക കുടുംബങ്ങളും ബന്ധുക്കളുടെ കൂടെയായിരുന്നു താമസം. മൃഗങ്ങളുടെ ശല്ല്യം രൂക്ഷമായതും, സ്വന്തമായി ഭൂമിയില്ലാത്തതും പുനരധിവാസത്തിന് കാരണമായി. പണ്ട് താമസിച്ചതിനേക്കാൾ മെച്ചപ്പെട്ട നിലയിലാണ് ഇപ്പോൾ എന്നതാണ് മിക്ക കുടുംബങ്ങളുടെയും വിലയിരുത്തൽ. മുമ്പ് ആന ശല്ല്യം, റോഡ് സൗകര്യത്തിന്റെ കുറവ്, ഒരേ വീട്ടിൽ കൂടുതൽ അംഗങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ പാരമ്പരാഗത രീതിയിൽ നിന്നും കാലാനുസൃതമായ മാറ്റങ്ങൾ ജീവിത രീതിയിലും ഉണ്ടായിട്ടുണ്ട്. സങ്കേതത്തിൽ കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്തും, തൊഴിലു

റപ്പ് മുഖേന ജോലി ചെയ്തും ഇവർ ജീവിക്കുന്നു. നിലവിലെ സാഹചര്യത്തിൽ റോഡ്, അംഗൻവാടി, ആശുപത്രി, ആരാധനാലയം തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്.

## S.XIX.3.2 റോഡ്, വൈദ്യുതി ,കുടിവെള്ളം

67 കുടുംബങ്ങൾക്കായി രണ്ടേക്കർ വീതം പട്ടയം നൽകിയ പന്തപ്ര കോളനിയിലെ മണ്ണിട്ട് നിരപ്പാക്കാത്തതും ടാറിംഗ് നടത്താത്തതുമായ റോഡ് അതിന്റെ പ്രാരംഭദശയിലാണ്. സർവ്വേ നടത്തിയവരിൽ 50% പേർ റോഡിന്റെ ഗുണനിലവാരം 'മോശം' എന്ന ഗണത്തിലും 50% പേർ 'നല്ലത്'എന്ന ഗണത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എങ്കിലും ഭൂരിപക്ഷം പേരും മുമ്പ് അധിവസിച്ചിരുന്ന പ്രദേശത്തെ അപേക്ഷിച്ച് പുനരധിവാസമേഖലയിലെ റോഡ് സൗകര്യത്തിൽ സംതൃപ്തരാണ്. 3.കി.മീ.വരെ അകലത്തിൽ ടാർ ചെയ്ത റോഡ് സൗകര്യം ഉണ്ട്. അതുപോലെതന്നെ 3.കി.മീ ദൂരത്ത് ആരോഗ്യ ഉപകേന്ദ്രം, സ്വകാര്യ ആശുപത്രി, മരുന്ന്ഷോപ്പ്, പോലീസ് സ്റ്റേഷൻ, വില്ലേജ് ഓഫീസ്, റേഷൻ കട എന്നിവയും ഉണ്ട്.

പട്ടികവർഗ്ഗ വികസന ഓഫീസിൽനിന്നും ലഭിച്ച വിവരപ്രകാരം, 350 ചതുരശ്രഅടി വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് ഒരു ഗുണഭോക്താവിന് 3.5 ലക്ഷം രൂപ അനുവദനീയമാണ്. ഈ തുക 4 ഗഡുക്കളായി നൽകാം. പ്രസ്തുത പദ്ധതിക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിന്റെ 22/09/2017 തിയ്യതിയിലെ സർക്കാർ ഉത്തരവ് 2337/2017 പ്രകാരം ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി അനുവദിച്ച 2,34,50,000/- തുക മൂവാറ്റുപുഴ പട്ടികവർഗ്ഗ വികസന ഓഫീസറുടെ 12/01/2018 തീയ്യതിയിലെ ബി-766/17 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആദിവാസി പുനരധിവാസമിഷൻ പദ്ധതിക്കായി കാക്കനാട് ജില്ലാ ട്രഷറിയിൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും ഭവന നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ മരം മുറിച്ചു മാറ്റി പണി നടത്തുന്നതിനനുസരിച്ച് വ്യക്തിഗതമായി കൈമാറുന്നതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. പന്തപ്രയിലെ എല്ലാ കുടുംബങ്ങളെയും കുട്ടംമ്പുഴ പഞ്ചായത്തിന്റെ ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പന്തപ്ര സങ്കേതത്തിൽ വൈദ്യുതി നടപ്പിലാക്കുന്നതിന് K.S.E.B മൂവാറ്റുപുഴ ഡിവിഷൻ തയ്യാറാക്കിയ 42,68,500 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാണ്. നിലവിൽ പന്തപ്ര സങ്കേതത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. എന്നാൽ വൈദ്യുതി നൽകാനുള്ള എല്ലാ നിയമപരമായ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എല്ലാ വീടുകൾക്കും എത്രയും വേഗത്തിൽ വൈദ്യുതി കണക്ഷൻ നൽകാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ വൈദ്യുതി ലഭിക്കാത്തതിനാൽ വൈദ്യുത ഉപകരണങ്ങൾ ഇല്ല. എന്നാൽ മൊബൈൽ

ഫോൺ, ചെറിയ എൽ.ഇ.ഡി വിളക്ക് എന്നിവ സോളാർ ചാർജിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. മൃഗ ശല്ല്യം തടയാൻ സങ്കേതത്തിന് ചുറ്റും സോളാർ വേലി സ്ഥാപിച്ചിട്ടുണ്ട്. സങ്കേതത്തിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മൂവാറ്റുപുഴ ഡിവിഷൻ തയ്യാറാക്കി നൽകിയ 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് വകുപ്പിന്റെ 22/09/2017 തിയ്യതിയിലെ സർക്കാർ ഉത്തരവ് 2337/2017 പ്രകാരം ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ട് .

## S.XIX.4 വിദ്യാഭ്യാസം

പന്തപ്ര സങ്കേതത്തിൽ ഒരു അംഗനവാടി പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക പഠനത്തിന് വേണ്ടി ആശ്രയിക്കുന്നത് 3.കി.മി. ദൂരത്ത് സ്ഥിതിചെയ്യുന്ന കുട്ടംമ്പുഴ ഗവ: സ്കൂൾ ആണ്. അവിടെത്തന്നെ യു.പി., ഹൈസ്കൂൾ, +2, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു. എന്നാൽ പോളി ടെക്നിക് സ്ഥാപനങ്ങൾ 20 കി.മീ.അകലെ പോലാട് എന്ന സ്ഥലത്തും മെഡിക്കൽ എഞ്ചിനീയറിങ്ങ് കോളേജുകൾ കോതമംഗലം, നെല്ലിമറ്റം എന്നീ പ്രദേശങ്ങളിലുമാണ് സ്ഥിതി ചെയ്യുന്നത്. എം.ആർ.എസ് സ്ഥാപനങ്ങൾ ഉള്ളത് 80 കി.മി. അകലെ തൊട്ടടുത്ത ജില്ലയിൽ ആലുവ, ചാലക്കുടി എന്നീ പ്രദേശങ്ങളിലാണ്. പ്രീ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നേര്യമംഗലം, എറണാകുളം എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്നു.

## S.XIX.1സങ്കേതത്തിനുള്ളിൽ നിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള ദൂരം

പട്ടിക 3.19**സങ്കേതത്തിൽ നിന്ന് വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുള്ള ദൂരം**

| നമ്പർ | സ്ഥാപനം | ദൂരം | സ്ഥലം |
|---|---|---|---|
| 1 | അംഗനവാടി | 1 കി.മി. | സങ്കേതത്തിനകത്ത് |
| 2 | എൽ.പി.സ്കൂൾ | 3 കി.മി. | പിണവൂർകുടി |
| 3 | യു.പി സ്കൂൾ | 3 കി.മി. | പിണവൂർകുടി |
| 4 | ഹൈസ്കൂൾ | 3 കി.മി. | പിണവൂർകുടി |
| 5 | വി.എച്ച്.സി.ഹയർ സെക്കന്ററി സ്കൂൾ | 3 കി.മി. | കുട്ടംമ്പുഴ |
| 6 | എം.ആർ.എസ്. ആൺകുട്ടികൾ | 70 കി.മി. | ആലുവ |
| 7 | എം.ആർ.എസ്. പെൺകുട്ടികൾ | 70 കി.മി. | ചാലക്കുടി |
| 8 | പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | 52 കി.മി. | നേര്യമംഗലം |

| | | | |
|---|---|---|---|
| | | 70 കി.മി. | എറണാകുളം |
| 9 | ഐ.ടി. ഐ | 20 കി.മി. | ചോലാട് |
| 10 | മെഡിക്കൽ/എഞ്ചിനീയറിംഗ് | 35 കി.മി. | കോതമംഗലം |
| | | 40 കി.മി. | നെല്ലിമറ്റം |

മിക്ക കുടുംബങ്ങൾക്കും പുനരധിവാസത്തിനു മുമ്പുള്ള സാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ നിലവിലെ സാഹചര്യം മുമ്പത്തേക്കാൾ പഠനത്തിന് അനുകൂലമാണെന്നും ബുദ്ധിമുട്ടുള്ളവർക്ക് ഹോസ്റ്റൽ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് എന്നും സങ്കേതവാസികൾ അഭിപ്രായപ്പെട്ടു. എന്നാൽ പഠനത്തിന് വേണ്ട സൗകര്യങ്ങൾ പഠന മുറി, വൈദ്യുതി, മറ്റു സഹായങ്ങൾ എന്നിവ അനുവദിക്കേണ്ടതാണ്.


## S.XIX. 5 ആരോഗ്യം

പന്തപ്ര പുനരധിവാസ സങ്കേതത്തിൽ, രോഗപ്രതിരോധ കുത്തിവയ്പ്പുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, ശുചീകരണപ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു. പുനരധിവസിപ്പിക്കുന്നതിന് മുമ്പത്തേക്കാൾ നല്ല സാഹചര്യമാണ് പുനരധിവാസത്തിനുശേഷം എന്നതാണ് പൊതുവിലയിരുത്തൽ. ചെറിയതോതിലുള്ള പകർച്ചവ്യാധികൾ, പക്ഷാഘാതം, ആസ്ത്മ തുടങ്ങിയ രോഗങ്ങൾ സങ്കേതത്തിൽ ഉണ്ടാകാറുണ്ട്. എന്നാൽ 5 വർഷത്തിനുള്ളിൽ മാതൃ മരണമോ, ശിശു മരണമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ചെറിയതോതിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ആളുകളുണ്ട്. ലഹരിക്ക് അടിമപ്പെടുന്ന ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. സങ്കേതവാസികളിൽ ഭൂരിപക്ഷം പേരും അലോപ്പതി മരുന്നാണ് ഉപയോഗിക്കുന്നത്. പാരമ്പര്യ ചികിൽസകൾ കുറവാണ് ഈ സങ്കേതത്തിൽ.

## S.XIX. 6 തൊഴിലും വരുമാനവും

പന്തപ്ര സങ്കേതത്തിലെ ഭൂരിപക്ഷം ആളുകളും ഉപജീവനത്തിന് ഇപ്പോൾ ആശ്രയിക്കുന്നത് കൃഷി അടിസ്ഥാനമായുള്ള കൂലിപ്പണിയാണ്. ചുരുക്കം ചില ആളുകൾ നിർമ്മാണ മേഖലയിലും പ്രകൃതി വിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തിയും ഉപജീവന മാർഗ്ഗം തേടുന്നുണ്ട്. തൊട്ടടുത്ത പ്രദേശങ്ങളിൽ ജോലിക്ക് പോകാറുണ്ടെങ്കിലും എല്ലാ കാലാവസ്ഥയിലും ജോലിയില്ലാത്തത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതുപോലെതന്നെ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭ്യമാകുന്നുണ്ടെങ്കിലും തൊഴിൽ ദിനങ്ങൾ വളരെ കുറവാണ്.

ചിത്രം3.17**തൊഴിൽ**




സങ്കേതത്തിൽ 14.3% പേർ തൊഴിൽരഹിതരാണ്. 57.1% പേർ കാർഷിക മേഖലയിലും, 14.3% പേർ നിർമ്മാണ മേഖലയിലും ജോലി ചെയ്യുന്നു. 14.3% പേർ വീട്ടമ്മമാരാണ്. സ്വന്ത മായി രണ്ടേക്കർ സ്ഥലം ഉണ്ടെങ്കിലും മരം മുറിക്കാൻ പാടില്ല എന്ന നിയമം കാരണം സ്വന്തം ഭൂമിയിലും കൃഷി നടത്താൻ പ്രയാസപ്പെടുകയാണ് ഇവർ. പുനരധിവാസത്തിന് മുമ്പ് സ്വന്ത മായി കൃഷി ചെയ്തവരായിരുന്നു സങ്കേതവാസികൾ. അതുകൊണ്ടുതന്നെ നിരപ്പുള്ളതും വളക്കൂറുള്ളതുമായ മണ്ണിൽ കൃഷി ചെയ്യാൻ വേണ്ടി മരം മുറിച്ചുമാറ്റാൻ അനുവദിക്കുകയാ ണെങ്കിൽ കൃഷിയിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്താൻ ഇവർക്ക് സാധിക്കും. ലഭ്യമായ സ്ഥലങ്ങളിൽ പല കുടുംബങ്ങളും അടുക്കളത്തോട്ടം ചെയ്യുന്നുണ്ട്. ചില കുടുംബങ്ങൾ തേനീച്ച കൃഷിയും നടത്തുന്നുണ്ട്.

**S.XIX.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ**

പന്തപ്ര സങ്കേതത്തിൽ നിലവിൽ സാംസ്കാരിക നിലയം, പൊതുകളിസ്ഥലം, ലൈബ്ര റി, ക്ഷീര സഹകരണസംഘം, പട്ടികവർഗ്ഗ സഹകരണസംഘം എന്നിവ ഇല്ല. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ ഒരു തലമുറയുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട്

എത്രയും വേഗം ആസൂത്രണത്തോടൊപ്പം വിവിധ വകുപ്പുകളുടെ സംയോജനത്തോടു കൂടി ഇത്തരം സ്ഥാപനങ്ങൾ വളർത്തേണ്ടതാണ്. എന്നാൽ ഊരുകൂട്ടം, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ സങ്കേതത്തിൽ നടന്നുവരുന്നുണ്ട്. പൊതുശ്മശാനത്തിന് വേണ്ടി സ്ഥലം എടുത്തിട്ടുണ്ട്. വളർന്ന് വരുന്ന തലമുറയിൽ വളരെയധികം പഠനപാഠ്യേതര വിഷയങ്ങളിൽ കഴിവുള്ള കുട്ടികൾ ഉണ്ട്. ഇത്തരം കുട്ടികളെ കണ്ടെത്തി പ്രോൽസാഹനവും പരിശീലനവും നൽകാൻ പര്യാപ്തമായ പൊതു ഇടങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.

പന്തപ്ര സങ്കേതത്തിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ 10/01/2018 ന് പന്തപ്ര പുനരധിവാസം സംബന്ധിച്ച് കലക്റ്ററേറ്റിൽവെച്ച് ചേർന്ന ഉന്നതതല യോഗത്തിലെ നിർദ്ദേശപ്രകാരം സങ്കേതത്തിൽ 15/01/18ന് ഊരുകൂട്ടം ചേരുകയും പുനരധിവാസപ്രവർത്തനങ്ങളെകുറിച്ച് സങ്കേതവുമായി ചർച്ച നടത്തുകയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെകുറിച്ച് വിശദീകരിക്കുകയും ചെയ്തു. പുനരധിവാസ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിനായി പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഏജൻസികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനും, സമയാസമയങ്ങളിൽ പുരോഗതി വിലയിരുത്തുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ചർച്ചയിൽ വ്യക്തമാക്കി. നിലവിൽ ലഭ്യമാക്കാത്ത കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി എന്നീ പൊതുസൗകര്യങ്ങളും വരുമാനദായകമായ മറ്റു പദ്ധതികൾ, കൃഷി പദ്ധതികൾ എന്നിവ വീടുകളുടെ നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് ആരംഭിക്കുമെന്നുള്ള വിവരങ്ങൾ ലഭിക്കുകയും ചെയ്തു.

**കുടുംബശ്രീ**

പന്തപ്ര നിവാസികൾ 2010-ൽ കണ്ടംപാറ എന്ന സ്ഥലത്താണ് 3 യൂണിറ്റുകൾ ആരംഭിച്ചത്. പിന്നീട് 2018 ൽ പന്തപ്രയിൽ ഒരു യൂണിറ്റുകൂടി ആരംഭിച്ചു. ഒരു യൂണിറ്റിൽ ശരാശരി 12 പേർ ഉണ്ട്. നിലവിൽ മൊത്തം 4 യൂണിറ്റു കുടുംബശ്രീയാണ് പന്തപ്രയിൽ ഉള്ളത്. ഒരു ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും (Joint Liability Group) ഉണ്ട്. 5 അംഗങ്ങൾ അടങ്ങിയ ഈ ഗ്രൂപ്പ് വാഴ കൃഷി ചെയ്തുവരുന്നു. അംഗങ്ങൾ നിക്ഷേപിച്ച ചെറിയ തുകകളും ചെറിയ ലോണുകളും അവർക്ക് അതുവഴി ലഭിക്കുന്നു.

പന്തപ്ര സങ്കേതത്തിനകത്ത് തന്നെ ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിക്കുകയാണെങ്കിൽ അത് കുറെ കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കാൻ കാരണമാകും. ഇവർക്ക് മുള, ഈറ്റ എന്നിവ കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം, ടൈലറിംഗ് എന്നിവ പരിശീലിപ്പിച്ചെടുക്കാം. നിലവിൽ കിറ്റ്കോ 10 കുടുംബങ്ങൾക്ക് തേനീച്ചപ്പെട്ടി സ്ഥാപിച്ചു നൽകിയിട്ടുണ്ട്.

ഇത് നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. എന്നാൽ ചില കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗത്വമെടുക്കാതിരിക്കാനുള്ള കാരണം അവർക്ക് സ്ഥിരമായി തൊഴിൽ ലഭിക്കാത്തതിനാൽ ചെറിയ തുക പോലും ത്രിഫ്റ്റ് നൽകാൻ പറ്റാത്തതിനാലാണ്. ഈ സങ്കേതത്തിന് പ്രത്യേക പരിഗണന നൽകിയാൽ ധാരാളം കുടുംബങ്ങൾക്ക് കുടുംബശ്രീ വഴി തൊഴിൽ ലഭിക്കുകയും അതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിയുകയും ചെയ്യും.

**S.XIX. 7.1പന്തപ്ര സങ്കേതത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

പട്ടിക 3.20**നടപ്പിലാക്കിയ പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | എസ്റ്റിമേറ്റ് തുക | ഏജൻസി | പരാമർശം |
|---|---|---|---|---|
| 1 | ഭവന നിർമ്മാണം (ഒരു കുടുംബത്തിന് 3.50ലക്ഷം) | 34,50,000 | വ്യക്തിഗതം | 4ഗഡുക്കളായി തുക അനുവദിക്കുന്നതാണ് |
| 2 | വൈദ്യുതീകരണ പ്രവർത്തനങ്ങൾ | 42,68,500 | കെ.എസ്.ഇ.ബി | |
| 3 | കുടിവെള്ള പദ്ധതി | 48,00,000 | വാട്ടർഅതോറിറ്റി | |
| 4 | മണ്ണു റോഡ് നിർമ്മാണം | 37,50,000 | കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് | |
| 5 | സോളാർ വേലി | 8,05,000 | വനംവകുപ്പ് | |
| ആകെ | | 3,76,73,500/- | | |

അവലംബം- ടിആർഡിഎം സൈറ്റ് മാനേജരുടെ കാര്യാലയം,ഇടുക്കി

## S.XIX.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

2018 മാർച്ച് 31 ന് കൈവശ രേഖ ലഭിച്ച ഒരു പുതിയ സംരഭമാണ് പന്തപ്ര പുനരധിവാസ സങ്കേതം. 2 ഏക്കർ വീതം ഭൂമി ലഭിച്ച ഈ സങ്കേതത്തിനകത്ത് ധാരാളം വികസനപരമായ കാര്യങ്ങൾ ചെയ്ത് തീർക്കാനുണ്ട്. വനം വകുപ്പ് മുഖേന ലഭിച്ച ഭൂമിയിൽ നിന്ന് മരം മുറിക്കാൻ അനുമതിയില്ലാത്തതും കഴിഞ്ഞ വർഷം മാത്രം പട്ടയം ലഭിച്ച ഭൂമിയും ആയതിനാൽ അടിസ്ഥാന വികസനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നേയുള്ളൂ. ഈ സാഹചര്യത്തിൽ മറ്റു വികസന മാതൃകകൾ അവലംബിച്ച് പരാജയ കാരണങ്ങൾ പഠനവിഷയമാക്കിയും സമയബന്ധിതവും ആസൂത്രണത്തോടും കൂടി പദ്ധതികൾ ആവിഷ്കരിക്കാൻ

സാധിച്ചാൽ മാത്രം വളരെ വേഗത്തിൽ ഫലം കാണാൻ സാധ്യതയുള്ള ഒരു പുനരധിവാസ സങ്കേതമാണ് പന്തപ്ര സങ്കേതം.

**S.XIX. 8.1വീട്**

67 കുടുംബങ്ങളാണ് നിലവിൽ ഇവിടെ താമസിക്കുന്നത്. താൽക്കാലിക ഷെഡ് കെട്ടാൻ ഓരോ കുടുംബത്തിനും 3500 രൂപയുടെ പ്ലാസ്റ്റിക് ഷീറ്റ് വാങ്ങി നൽകിയിരുന്നു. എന്നാൽ ഷീറ്റുകൾക്ക് ആവശ്യത്തിനുളള വലിപ്പം ഇല്ലാത്തതിനാൽ വീടുകൾക്ക് മേൽവിരി യിടാൻ വളരെയധികം പ്രയാസമുണ്ടായി. ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ രൂപയുടെ മൂല്യത്തിന് തുല്യമായ ഉൽപ്പന്നം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. പല സങ്കേത ങ്ങളിലും വീട് ലഭിച്ചിട്ടും താമസിക്കാൻ പറ്റാത്ത സാഹചര്യങ്ങൾ ഉണ്ട്, അതുകൊണ്ടുതന്നെ ഒരു പുതിയ പുനരധിവാസ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുമ്പോൾ താമ സിക്കാൻ ആവശ്യമായ സുരക്ഷ, ഉപജീവനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് ആവശ്യമായ പരിഗണന നൽകേണ്ടതാണ്. ആന ശല്യം അനുഭവപ്പെടുന്ന ഈ പ്രദേശത്ത് ആവശ്യമായ സോളാർ വേലി നിർമ്മിക്കുകയും പുറത്തുനിന്നുള്ള ഇടപെടലു കൾ, കൈയ്യേറ്റങ്ങൾ എന്നിവയ്ക്കുള്ള സാധ്യതകൾ ഇല്ലാതാക്കുകയും ചെയ്ത് ഈ സങ്കേ തത്തെ പരമാവധി സ്വയം പര്യാപ്തമായ രൂപത്തിൽ വാർത്തെടുക്കാം. വീട് നിർമ്മിക്കുന്ന തോടൊപ്പംതന്നെ ഗതാഗതസൗകര്യം, കിണർ/കുടിവെള്ളം, ജലസേചനം, കക്കൂസ് തുട ങ്ങിയ ആവശ്യങ്ങളും എത്രയും വേഗത്തിൽ നിറവേറ്റേണ്ടതുണ്ട്. വീട് നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സഹായം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ നിർമ്മാണത്തിലെ ഗുണമേൻമ ഉറപ്പ് വരുത്തുന്നതിന് ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ചിട്ട് സമയാസമയങ്ങ ളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നിർമ്മാണത്തിലെ പോരായ്മകൾ ചൂണ്ടിക്കാണി ക്കുകയും ഗുണ മേൻമ ഉറപ്പ് വരുത്തേണ്ടതുമാണ്.

**S.XIX. 8.2 താഴെപറയുന്ന നിർദ്ദേശങ്ങൾ അടിസ്ഥാന വികസനത്തിൽ സ്വീകരിക്കാവുന്ന താണ്**

→ സ്വന്തമായി വീട് നിർമ്മിക്കാൻ കഴിയുന്നവർക്ക് ഇഷ്ടപ്രകാരമുള്ള വീട് വെയ്ക്കാൻ അനുമതി നൽകുക. അല്ലാത്തപക്ഷം ഗുണമേൻമ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടപ്പിലാക്കുക.

→ സങ്കേതവാസികൾക്ക് പരമാവധി തൊഴിൽ ദിനങ്ങളും, അവർക്കാവശ്യമുള്ള പരിശീ ലനങ്ങളും നിർദ്ദേശങ്ങളും നൽകുക.

→ വീട് നിർമ്മിക്കുന്നതോടൊപ്പം അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, തൊഴിൽ സാഹചര്യം, വൈദ്യുതി, കക്കൂസ് തുടങ്ങിയവയും പൂർത്തീകരിക്കുക.

→ വീട് നിർമ്മാണത്തിൽ കുടുംബാംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.

**S.XIX.8.3റോഡ് -ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ**

പന്തപ്രയിൽ ഓരോ കുടുംബത്തിനും അനുവദിക്കുന്ന രണ്ടേക്കർ വീതം ഭൂമിയിലേക്ക് എത്തിച്ചേരുന്നതിനായി ഉൾറോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടി നിലവിൽ കുട്ടമ്പുഴ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ 37,50,000 രൂപ ചിലവ്വരുന്ന എസ്റ്റിമേറ്റിന് ഭരണാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്. എന്നാൽ ഉൾറോഡുകൾ നിർമ്മിക്കുമ്പോൾ മരം മുറിക്കാൻ വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. നിലവിലുള്ള റോഡ് മണ്ണ് കൊണ്ടുള്ളതും കൂടുതൽ ഭാരമുള്ള വാഹനങ്ങളോ, വസ്തുക്കളോ കൊണ്ടുപോകാൻ പറ്റാത്തതുമാണ്. അതുകൊണ്ടുതന്നെ വീട് നിർമ്മിക്കണമെങ്കിൽ റോഡുസൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. റോഡ് നിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട ചില നിർദ്ദേശങ്ങൾ.

→ എല്ലാ വീടുകൾക്കും റോഡ് ലഭ്യമാകുന്ന വിധത്തിൽ ഉൾറോഡുകൾ നിർമ്മിക്കുക

→ കൃഷി സ്ഥലങ്ങളിലേക്ക് യന്ത്രങ്ങൾ, വളം എന്നിവ എത്തിക്കുന്നതിനായി ചെറിയ റോഡുകൾ നിർമ്മിക്കാം.

→ റോഡു നിർമ്മാണത്തിൽ ഗുണനിലവാരം ഉറപ്പാക്കുക.

→ മണ്ണിന്റെ സ്വഭാവം അനുസരിച്ച് ടാർ, കോൺക്രീറ്റ് എന്നിവ ഉപയോഗിച്ചും വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ഓവുചാൽ നിർമ്മിച്ചു വേണം റോഡു നിർമ്മിക്കാൻ.

→ എല്ലാസമയത്തും ഗതാഗതം സുഗമമാക്കുന്നതിനും സ്കൂൾ, ആശുപത്രി മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെടേണ്ടതുള്ളതുകൊണ്ടും, സോളാർ വേലി, സോളാർ വഴിവിളക്കുകൾ എന്നിവ സ്ഥാപിക്കാം.

→ വീട് നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് ഗുണനിലവാരം ഉള്ള റോഡ് നിർമ്മാണം പൂർത്തിയാക്കുക.

### S.XIX. 8.4 ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുക

കൃഷി അടിസ്ഥാനമാക്കിയുള്ള കൂലിപ്പണിയാണ് ഇന്ന് മിക്ക സങ്കേതവാസികളുടെയും വരുമാനമാർഗ്ഗം. കൃഷി ചെയ്യാൻ അറിവും താത്പര്യവുമുള്ള ഇവർക്ക് അനുകൂല സാഹ ചര്യം സൃഷ്ടിച്ച് ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്താം. നിലവിൽ പന്തപ്ര സങ്കേതവാസികൾക്ക് ലഭിച്ചത് വനഭൂമിയാണ്. അതുകൊണ്ട്തന്നെ ഇപ്പോൾ കൃഷി സാധ്യമല്ല. ഈ പ്രശ്നത്തിന് പരിഹാരം കണ്ടാൽ മാത്രമേ കൃഷിയിലൂടെയുള്ള ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കാനാവൂ. 15 സെന്റിലെ മുഴുവൻ മരങ്ങളും ബാക്കി പാഴ് മരങ്ങളും മുറിക്കാൻ അനുവദിക്കണം എന്നാണ് സങ്കേതവാസികൾ ആവശ്യപ്പെടുന്നത്. ഇത് അംഗീകരിച്ചാൽ തന്നെ അവർക്ക് ഒരു പരിധിവരെ കൃഷി സാധ്യമാകും. അതോടൊപ്പം മറ്റു പുനരധിവാസ മേഖലകളിൽ കൃഷിചെയ്തു വിജയിച്ച മാതൃകകൾ പഠിക്കുകയും ആവശ്യമായ മാറ്റങ്ങൾക്ക് അനുസരിച്ച് പന്തപ്ര സങ്കേതത്തിൽ നടപ്പിലാക്കാവുന്നതുമാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ, വിവിധ വകുപ്പുകളുടെ ഇടപെടലുകളും, സാമ്പത്തിക സഹായങ്ങളും, വേണ്ടത്ര പരിശീലന ങ്ങളും നടത്തേണ്ടതാണ്. ഇതോടൊപ്പം ആട്, കോഴി, പോത്ത് തുടങ്ങിയ വളർത്തുമൃഗങ്ങളെ ഉപജീവനമാർഗ്ഗത്തിനായി വളർത്താവുന്നതാണ്.

### S.XIX. 8.5 നിർദ്ദേശങ്ങൾ

→ കൃഷി പ്രധാന ഉപജീവനമാർഗ്ഗം ആയതിനാൽ എത്രയും പെട്ടന്ന് പാഴ്മരങ്ങൾ മുറിക്കാനുള്ള നിയമപരമായ തടസ്സങ്ങൾ ഒഴിവാക്കുക.

→ കാർഷിക പരിശീലനം, യന്ത്രങ്ങൾ, വിത്ത്, വളം മറ്റു സഹായങ്ങൾ എന്നിവ അതാത് വകുപ്പുകളിൽ നിന്ന് സമയായമയങ്ങളിൽ ലഭ്യമാക്കുക.

→ ശാസ്ത്രീയ കൃഷിരീതി പരിശീലിപ്പിക്കുക.

→ പുതിയ വിത്തിനങ്ങളും കാർഷിക മേഖലകളും അവലംബിക്കുക.

→ കൃഷി യന്ത്രങ്ങളുടെ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക

→ കാർഷിക വിപണനത്തിന് സൗകര്യം ഒരുക്കുക

→ വന്യമൃഗ ശല്ല്യങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കാൻ വേണ്ട കാര്യങ്ങൾ നട പ്പിലാക്കുക

→ തൊഴിലുറപ്പ് പദ്ധതി എല്ലാവരിലേക്കും കൂടുതൽ തൊഴിൽ ദിനങ്ങളോടുകൂടി നടപ്പിലാക്കുക.

→ കൃഷി ഉൽപ്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്ന ചെറുകിടസംരഭങ്ങൾ തുടങ്ങാൻ പരിശീലനവും സഹായങ്ങളും അനുവദിക്കുക.

→ സാങ്കേതിക മേഖലകളിൽ പരിശീലനം നൽകുക

→ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന (ഉപജീവനമേഖലകളിൽ) പദ്ധതികളിൽ താത്പര്യമുള്ള ആളുകളെ പങ്കെടുപ്പിക്കുക.

→ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്കും തൊഴിൽ പരിശീലന യൂണിറ്റുകളിലേക്കും കുട്ടികളെയും യുവതി-യുവാക്കളെയും ആകർഷിപ്പിക്കുക.

→ പരമ്പരാഗത രീതിയിൽ നിന്നും മാറി ആധുനീക രീതിയുലുള്ള തേനീച്ച വളർത്തൽ, സോപ്പു നിർമ്മാണം, കുട നിർമ്മാണം, പച്ചക്കറി കൃഷി തുടങ്ങിയ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തി നൽകുക.

→ വിവിധ വകുപ്പുകളുടെയും ഗവൺമെന്റിതര സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ആധുനീക രീതിയിലുള്ള കാർഷിക അഭിരുചിയുള്ള ആളുകളെ കണ്ടത്തി പരിശീലനം നൽകുക.

→ ചെറുകിടസംരഭങ്ങൾക്ക് സാമ്പത്തിക സഹായങ്ങളും പ്രോത്സാഹനവും നൽകുക.

നിലവിൽ കൃഷി അടിസ്ഥാനമായ കൂലിപ്പണി ചെയ്ത് ജീവിക്കുന്ന സങ്കേത വാസികളിലെ പുതുതലമുറയ്ക്ക് പുതിയ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുകയും ആവശ്യമായ മേഖലകളിൽ പരിശീലനങ്ങൾ നൽകുക വഴി മാറുന്ന കാലത്തിനനുസരിച്ച് പുതിയ തൊഴിൽ നേടാൻ സഹായിക്കുകയും ചെയ്യാം. ഇത്തരത്തിൽ ടൈലറിങ്ങ് പരിശീലനം, റബ്ബർ ടാപ്പിങ്ങ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, കമ്പ്യൂട്ടർ ഡിസൈനിങ്ങ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകാം. നിലവിലെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുകയും സങ്കേതത്തിനുള്ളിലെ തൊഴിൽ (നിർമ്മാണ മേഖല, കാർഷിക മേഖല, മറ്റുള്ളവ) സങ്കേതവാസികൾക്ക് തന്നെ നൽകുകയും, തൊഴിലുറപ്പ് പോലുള്ള പദ്ധതികളിൽ പരമാവധി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ചും നിലവിലെ അംഗങ്ങൾക്ക് തൊഴിലിനുള്ള അവസരങ്ങളൊരുക്കാം.

### S.XIX. 8.6പഠനസൗകര്യം വർദ്ധിപ്പിക്കുക

ഏതൊരു വികസനത്തിന്റെയും അടിസ്ഥാന ഘടകം വിദ്യാഭ്യാസമാണ്. പന്തപ്ര സങ്കേതത്തിൽ നിലവിൽ വിദ്യാഭ്യാസത്തിന് ഒരു അംഗനവാടി മാത്രമാണ് ഉള്ളത്. എന്നാൽ തൊട്ടടുത്ത പ്രദേശങ്ങളിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. യാത്രാ സൗകര്യം വർദ്ധിപ്പിക്കുക വഴി കൂടുതൽ വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് അയക്കാൻ സാധിക്കും.


പഠന അന്തരീക്ഷം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വീട്ടിൽ പഠന മുറിയും, ട്യൂഷൻ സംവിധാനങ്ങളും ലഭ്യമാക്കുക അതോടൊപ്പം ഭൗതിക-സാമ്പത്തിക സഹായങ്ങളും നൽകി അവ ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

കലാ-കായിക മേഖലകളിൽ മികവ് പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി ശാസ്ത്രീയമായ പരിശീലനങ്ങൾ നൽകാൻ പ്രാപ്തമായ സ്ഥാപനങ്ങളിൽ എത്തിക്കേണ്ടതാണ്. പഠിക്കുന്ന കുട്ടികളെ പങ്കെടുപ്പിച്ച് നേതൃത്വ പരിശീലനം, കമ്മ്യൂണിക്കേഷൻ, കരിയർ ഗൈഡൻസ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

### S.XIX.8.7കുടിവെള്ളം, ജലസേചനം,വൈദ്യുതി

സർക്കാറിന്റെ വിവിധ വകുപ്പുകളുടെ സംയോജനം സാധ്യമാകുന്ന ഒരു മേഖലയാണിത്. കൃത്യമായ ആസൂത്രണ സംയോജനം, നടപ്പിലാക്കൽ എന്നിവ നിർവ്വഹിച്ചാൽ ദീർഘകാലാടിസ്ഥാനത്തിൽ ഉപകാരം ലഭിക്കുന്ന ഇത്തരം പദ്ധതികൾ ഒരു സങ്കേതത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളെയാണ് നിറവേറ്റുന്നത്. മുൻ പദ്ധതികൾ പരിശോധിക്കുകയാണെങ്കിൽ ഗുണനിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണവും വഞ്ചനാപരമായ പ്രവർത്തനങ്ങളും കാരണം ഇതിന്റെ ഉപകാരം ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോകുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ഉപഭോക്തൃ കമ്മറ്റികൾ രൂപീകരിക്കുകയും ഗുണനിലവാരമുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യാം.

ചിത്രം 3.18**കുടിവെള്ളം**




സങ്കേതത്തിൽ 57.1% പേർക്ക് സ്വന്തമായി കിണറുകളുണ്ട്. 14% പൈപ്പ് വെള്ളത്തെയും, 14% അരുവികളെയും ആശ്രയിക്കുന്നു. ഇവിടെ പൊതുകിണറുകളില്ല. പന്തപ്ര സങ്കേതത്തിൽ രണ്ടേക്കർ ഭൂമി കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അതുകൊണ്ടുതന്നെ ആവശ്യമായ ജലസേചന സൗകര്യം, വൈദ്യുതി എന്നിവ നൽകിയാൽ മാത്രമാണ് ഇവരുടെ കൃഷിയിലൂടെയുള്ള ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്താൻ സാധ്യമാവുക. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ വേഗത്തിൽ മാറ്റം വരാൻ സാധ്യതയുള്ള ഒരു സങ്കേതമാണ് പന്തപ്ര സങ്കേതം.

**S.XIX.8.9സങ്കേതത്തിന്റെ സുരക്ഷിതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ**

പന്തപ്ര സങ്കേതം നിലവിൽ കാട്ടാനകളുടെ സാന്ദ്രത ഏറ്റവും കൂടുതലുള്ള പ്രദേശങ്ങളിൽ ഒന്നാണ്. അതുകൊണ്ടുതന്നെ സങ്കേതത്തിൽ സോളാർ വേലി, തെരുവ് വിളക്കുകൾ എന്നിവ ഒരുക്കേണ്ടതാണ്. നിലവിൽ പ്രദേശത്ത് വന്യമൃഗ ശല്ല്യം നേരിടുന്നതിനായി സോളാർ വേലി നിർമ്മിക്കുന്നതിനായി വനംവകുപ്പ് തയ്യാറാക്കിയ 8,05,000 രൂപയുടെ മൂല്യനിർണ്ണയ പ്രകാരം കുട്ടംമ്പുഴ പഞ്ചായത്ത് മുഖേന പ്രവൃത്തിയും തുടർവർഷങ്ങളിലെ അറ്റകുറ്റപണിക്ക് ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ട്.

→ സങ്കേതത്തിന്റെ മുഴുവൻ ഭാഗത്തേക്കും ഘട്ടംഘട്ടമായി ആധുനിക രീതിയിലുള്ള സോളാർ വേലി പൂർത്തിയാക്കുക.

→ മരങ്ങൾ വീണ് വേഗത്തിൽ നശിക്കാത്ത തരത്തിലുള്ള വേലികൾ പരീക്ഷിക്കാം.

→ അറ്റകുറ്റ പണികൾക്കായി സ്ഥിരമായ സംവിധാനം കണ്ടെത്തുക.

→ ഗുണനിലവാരം ഉറപ്പുവരുത്തുക. പറ്റുമെങ്കിൽ സങ്കേതവാസികൾക്ക് പരിശീലനം നൽകി ജോലി അവർക്ക് നൽകാം.

### S.XIX. 9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. വീട്, കൃഷി എന്നിവക്ക് വേണ്ടി മരങ്ങൾ മുറിച്ച് സൗകര്യമൊരുക്കുക.
2. വീട്, കുടിവെള്ളം, വൈദ്യുതി എന്നീ അടിസ്ഥാന ആവശ്യങ്ങൾ വേഗത്തിൽ നിറവേറ്റുക.
3. റോഡ് ടാർ ചെയ്യുക.
4. കളിസ്ഥലം, ലൈബ്രറി തുടങ്ങിയവ നിർമ്മിക്കുക.
5. സങ്കേതവാസികൾക്കായുള്ള അരാധനാലയങ്ങൾ.
6. കുട്ടികൾക്ക് വിദ്യാലയത്തിൽ എത്തിചേരാൻ വാഹന സൗകര്യം
7. പൊതു ശ്മശാനം.

## S.XX. നേര്യമംഗലം തലക്കൽ ചന്തു സങ്കേതം

### S.XX. 1 പ്രദേശം

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കവളങ്ങാട് പഞ്ചായത്തിൽ നേര്യമംഗലം കൃഷിഫാമിന് സമീപത്തായി സ്ഥിതിചെയ്യുന്ന സങ്കേതമാണ് നേര്യമംഗലം തലക്കൽ ചന്തു സങ്കേതം. ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങളുടെ പുനരധിവാസമാണ് നേര്യമംഗലം തലക്കൽ ചന്തു പുനരധിവാസ പദ്ധതിയും ലക്ഷ്യം വെച്ചത്. സങ്കേതത്തിലാകെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 19.9 ഏക്കർ സ്ഥലമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. നേര്യമംഗലം ജില്ലാകൃഷി ഫാമിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഏറ്റെടുത്താണ് മേഖലയിൽ വിതരണം ചെയ്തിട്ടുള്ളത്. ഉള്ളാടൻ വിഭാഗത്തിൽ നിന്നുള്ള ഗുണഭോക്താക്കളുടെ പുനരധിവാസത്തിനാണ് മേഖലയിൽ മുൻഗണന നൽകിയിട്ടുള്ളത്. ഉള്ളാടൻ വിഭാഗങ്ങൾക്ക് പുറമെ മുതുവാൻ, മന്നാൻ, മലയരയൻ വിഭാഗങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കൾക്കും ഭൂമി വിതരണം നടത്തിയിട്ടുണ്ട്. 93 കുടുംബങ്ങൾക്ക് പട്ടയം നൽകിയെങ്കിലും ആകെ 31 കുടുംബങ്ങളാണിവിടെ അധിവസിക്കുന്നത്. ഗോത്രവർഗ്ഗക്കാരെന്നവകാശപ്പെടുന്ന 5 മുതുവാൻ കുടുംബങ്ങൾ, 3 മലയരയൻ കുടുംബങ്ങൾ, ഒരു മന്നാൻ കുടുംബം

എന്നിവർക്കൊണ്ട് ഇവിടെ ഭൂമി വിതരണം നടത്തിയിട്ടുള്ളത്. കോതമംഗലം താലൂക്കിന് കീഴിലുള്ള മേട്നാംപാറ, മണിയൻപാറ, ഏഴിപ്ര, എച്ച്. എം. ടി കോളനി, പുലിയുണ്ണിപ്പാറ, പിണ്ടിമന, വെങ്ങോല, വടാട്ടുപാറ, പിണവൂർ, വാഴൂർ, മാമലകണ്ടം മുതലായ പ്രദേശങ്ങളിൽ നിന്നുമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത്.

പുനരധിവാസത്തിന്റെ ആദ്യഘട്ടത്തിൽ പിറവം മേഖലയിൽ നിന്നുള്ള ഉള്ളാടൻ സമുദായത്തിൽ നിന്നുള്ള ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചിരുന്നു. എന്നാൽ പാരമ്പര്യമായി വഞ്ചിപണി ചെയ്തിരുന്ന, വനവുമായി ആഭിമുഖ്യമുണ്ടായിരുന്ന ഇവർ ഈ മേഖലയിൽ ഉപജീവനമാർഗം കണ്ടെത്താൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചത് പ്രകാരം സങ്കേതത്തിൽ താമസിക്കാൻ തയ്യാറാവാത്തതിനാൽ പട്ടയം തിരിച്ച് നൽകി. പിന്നീട് 2015 വരെ തലക്കൽ ചന്തു പുനരധിവാസമേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയിരുന്നില്ല. ശേഷിക്കുന്ന ഗുണഭോക്താക്കൾ നേര്യമംഗലം വില്ലേജ് ഓഫീസ്, കലക്ട്രേറ്റ് എന്നിവ കേന്ദ്രീകരിച്ചും, നേര്യമംഗലം പുനരധിവാസ ഭൂമിയിൽ കുടിൽകെട്ടിയും നടത്തിയ സമരങ്ങളുടെ ഫലമായണ് 2015 –16 ൽ പട്ടയം നൽകിയത്. മേഖലയിൽ കുടിൽകെട്ടി സമരം നടത്തിയ കാലയളവിൽ തന്നെ സങ്കേതത്തിലുണ്ടായ ഇതര വിഭാഗങ്ങളുടെ കയ്യേറ്റങ്ങൾ സമരക്കാർ ഒഴിപ്പിക്കുകയും ചെയ്തിരുന്നു. വീടും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതിന് ശേഷമുള്ള പുനരധിവാസം ഗുണഭോക്താക്കൾക്ക് വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും സങ്കേതത്തിലെ അടിസ്ഥാന വികസന പ്രവർത്തനങ്ങളിന്നും ശൈശവ ദിശയിലാണ്.

നേര്യമംഗലം തലക്കൽ ചന്തു സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 16% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XX.2 സമുദായഘടന

ആകെ 31 കുടുംബങ്ങളാണ് സങ്കേതത്തിൽ സ്ഥിരമായി താമസിക്കുന്നത്. മുതുവാൻ, മലയരയൻ, മന്നാൻ എന്നവകാശപ്പെടുന്ന ഗോത്ര വർഗ്ഗക്കാർക്കാണിവിടെ ഭൂ വിതരണം നടത്തിയിട്ടുള്ളത്.

### S.XX.3 അടിസ്ഥാന സൗകര്യം

2004 ൽ 10 കുടുംബങ്ങൾക്ക് പുനരധിവാസ മേഖലയിൽ പട്ടയം വിതരണം നടത്തിയിരുന്നുവെങ്കിലും 2015 – ൽ മാത്രമാണ് ഗുണഭോക്താക്കൾ സങ്കേതത്തിൽ താമസമാരംഭിച്ചിട്ടുള്ളത്. വീട്, റോഡ്, കുടിവെള്ളം, ശൗചാലയം മുതലായ അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കി നൽകുവാനുള്ള പദ്ധതി പ്രവർത്തനങ്ങൾ മേഖലയിൽ പുരോഗമിച്ചുവരുന്നു.

ഭവനനിർമ്മാണ പ്രവർത്തനങ്ങളിലൂടെ 102 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ടെങ്കിലും 31 കുടുംബങ്ങൾ മാത്രമാണ് നിലവിൽ സങ്കേതത്തിലുള്ളത്. പട്ടയം ലഭ്യമാവാത്ത 6 കുടുംബങ്ങളും ഇവിടെ കയ്യേറി താമസിക്കുന്നുണ്ട്. സങ്കേതത്തിൽ താമസമുള്ള കുടുംബങ്ങളിൽ 4 കുടുംബങ്ങൾക്ക് മാത്രമാണ് താമസ യോഗ്യമായ വീടുകളുള്ളത്. അവശേഷിക്കുന്ന 27 കുടുംബങ്ങളും 3 വർഷത്തി ലധികമായി താൽക്കാലികമായുണ്ടാക്കിയ ഷെഡുകളിലാണ് താമസിച്ചുവരുന്നത്. സങ്കേതത്തിൽ ആകെ ഭവനനിർമ്മാണത്തിനായി 5635000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾ സ്വന്തമായാണ് ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്.

### S.XX.4 വിദ്യാഭ്യാസം

2 കി.മി അകലെയുള്ള ഗവ. യു.പി. സ്ക്കൂൾ ആവോലിച്ചാലിലാണ് 1 മുതൽ 7 വരെ വിദ്യാർത്ഥികൾ പഠിക്കുന്നത്. കൂടാതെ +2 വരെ 2 കി.മി അകലെയുള്ള ഗവ.എച്ച്.എച്ച്.എസ്സ് നേര്യമംഗലത്തും സങ്കേതത്തിലെ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. വീടുകളിൽ മതിയായ സൗകര്യങ്ങളില്ലാത്തത് കൊണ്ട് പഠനത്തിന് പ്രയാസം നേരിടുന്ന വിദ്യാർത്ഥികൾ സങ്കേതത്തിലുണ്ട്. താൽകാലിക ഷെഡുകളിലാണ് സങ്കേതത്തിലെ ബഹുഭൂരിപക്ഷം പേരും താമസിക്കുന്നത്. വൈദ്യുതിയില്ലാത്തതു കൊണ്ട് വീടുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള അന്തരീക്ഷമില്ല. ലഭ്യമായ വിവര പ്രകാരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് മുൻകാല ങ്ങളെ അപേക്ഷിച്ച് ദൂരകൂടുതലുമുണ്ട്. മേഖലയിൽ മതിയായ പൊതുവാഹന സൗകര്യമില്ലാത്തതും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് എത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. റോഡ്, വാഹനം തുടങ്ങിയ സൗകര്യമില്ലാ ത്തതിനാലും വീടുകളിൽ അനുയോജ്യമായ പഠനാന്തരീക്ഷമില്ലാത്തതിനാലും പഠനം ഇടക്കുവെച്ച് നിർത്തേണ്ടി വന്നവരും സങ്കേതത്തിലുണ്ട്.


### S.XX.5 ആരോഗ്യം

1 കിലേമീറ്റർ അകലെയുള്ള നേര്യമംഗലം പ്രൈമറി ഹെൽത്ത് സെന്ററിനെയാണ് പ്രധാനമായും ആരോഗ്യപരിചരണത്തിന് സങ്കേതവാസികൾ ആശ്രയിക്കുന്നത്. രോഗപ്രതിരോധകുത്തിവെപ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സങ്കേതത്തിൽ നടത്താറുണ്ട്. ആരോഗ്യ മേഖലയിൽ പൊതുവിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ സങ്കേത ത്തിൽ ലഭിക്കുന്നുണ്ട്.

**S.XX.6 തൊഴിലും വരുമാനവും**

നിർമ്മാണ മേഖലയിലെ തൊഴിലുകളെയാണ് ഇവർ പ്രധാനമായും ആശ്രയിക്കുന്നത്. കാർഷികവൃത്തികളിൽ നിന്നും പച്ചമരുന്ന് ശേഖരണത്തിൽ നിന്നും വരുമാനം കണ്ടെത്തുന്നവരും സങ്കേതത്തിലുണ്ട്. കോതമംഗലം താലൂക്കിന് കീഴിൽ വിവിധയിടങ്ങളിൽ നിന്നും വന്നവരാണ് സങ്കേതവാസികൾ. 2016-ൽ തലക്കൽ ചന്തു പുരനധിവാസമേഖലയിലേക്ക് മാറിതാമസിച്ചിട്ടുള്ള ഗുണഭോകാതാക്കൾക്ക് പ്രദേശവാസികളുമായി ബന്ധം ഇല്ലാത്തതിനാൽ തൊഴിൽ കണ്ടെത്തുവാൻ ബുദ്ധിമുട്ടുകളും ഇടക്കാലത്ത് നിർമ്മാണ മേഖലയിലുണ്ടായ തൊഴിൽ സ്തംഭനം കാരണം തൊഴിലില്ലാത്ത അവസ്ഥയുമുണ്ടായിട്ടുണ്ട്. പരമ്പരാഗത തൊഴിലായ പച്ചമരുന്ന് ശേഖരണത്തിൽ ഏർപ്പെടുന്നവരുണ്ടെങ്കിലും തലക്കൽ ചന്തു സങ്കേതവു മായി ബന്ധപ്പെട്ട വനമേഖല പരിചയമില്ലാത്തതിനാൽ പഴയ സ്ഥലത്ത് തന്നെ തിരിച്ചുപോയി പച്ചമരുന്ന് ശേഖരിക്കുകയാണ് ചെയ്യുന്നത്. ഗാർഹികാവശ്യങ്ങൾക്കുള്ള പച്ചക്കറികൾ ലഭ്യമായ ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ട്. തൊഴിലുറപ്പിലൂടെ വരുമാനം കണ്ടെത്തുന്ന കുടുംബങ്ങളും സങ്കേതത്തിലുണ്ട്. വർഷത്തിൽ 50 ദിന തൊഴിൽ വരെ ഇവർക്ക് ലഭിക്കുന്നുണ്ട്.

ചിത്രം3.19**തൊഴിൽ**




സങ്കേതത്തിൽ 20% പേർ തൊഴിൽരഹിതരാണ്. 40% പേർ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നു. 20% പേർ ഗൃഹഭരണവും 20% പേർ മറ്റുതൊഴിലുകളും ചെയ്യുന്നു.

## S.XX. 7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സങ്കേതത്തിലെ വിരലിലെണ്ണാവുന്ന കുടുംബങ്ങളൊഴിച്ച് മറ്റെല്ലാവരും തന്നെ സങ്കതങ്ങളിൽ നിന്നും മാറി അണുകുടുംബങ്ങളായി വാടകവീടുകളിലോ, മിച്ച ഭൂമികളിലോ താമസിച്ചവരാണ്. വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നും വ്യത്യസ്ത ഗോത്ര വിഭാഗത്തിലുൾപ്പെടുന്നവരായതു കൊണ്ട് തന്നെ സങ്കേതവാസികൾക്കിടയിൽ സാമൂഹിക ഐക്യം രൂപപ്പെട്ടിട്ടില്ല. സങ്കേതത്തിൽ അടിപിടി കേസുകളും അക്രമണ സംഭവങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പട്ടിക ഗോത്രവിഭാഗത്തിലുൾപ്പെടാത്ത കുടുംബങ്ങൾക്കും മേഖലയിൽ ഭൂമി അനുവദിച്ചിട്ടുണ്ടെന്ന ആക്ഷേപവും നിലനിൽക്കുന്നുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളിൻമേൽ മതിയായ അന്വേഷണങ്ങൾ നടത്താതെയാണ് മേഖലയിൽ ഭൂമി വിതരണം നടത്തിയിട്ടുള്ളത്. സങ്കേതത്തിന് പുറത്തുനിന്നുള്ള ജനവിഭാഗങ്ങളുടെ ഇടപെടലുകൾ മദ്യപാനം, സ്ത്രീകളെ ചൂഷണം ചെയ്യൽ മുതലായ അവസ്ഥയിലേക്ക് നയിക്കുന്നുണ്ട്. മദ്യപാനം മൂലമുള്ള സാമൂഹിക പ്രശ്നങ്ങൾ വലിയ തോതിൽ സങ്കേതത്തിൽ നിലനിൽക്കുന്നുണ്ട്.

സങ്കേതത്തിൽ ഊരുകൂട്ട സംവിധാനം നിലവിലുണ്ടെങ്കിലും വർഷത്തിൽ ഒന്നോ, രണ്ടോ തവണ മാത്രം ഊരുകൂട്ടം ചേരുന്ന രീതിയാണ് നിലനിൽക്കുന്നത്. ഊരുകൂട്ട സംവിധാനം സങ്കേതത്തിൽ ശക്തമല്ല. സ്ത്രീകളുടെ നേതൃത്വത്തിൽ 2 കുടുംബശ്രീ യൂണിറ്റുകൾ സങ്കേതത്തിൽ പ്രവർത്തിക്കുന്നുണ്ട്. താരതമ്യേന മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പച്ചക്കറി കൃഷി ചെയ്യാനുള്ള സാമ്പത്തിക സൗകര്യവും വാദ്യോപകരണ പരിശീലനത്തിനുള്ള വസതിയും ലഭിച്ചിട്ടുണ്ട്.

### S.XX.7.1ആരാധന

വ്യത്യസ്തമായ ആചാര വിശേഷങ്ങൾ പാലിച്ചുവരുന്ന ഒന്നിലധികം സമുദായങ്ങളാണ് സങ്കേതത്തിൽ താമസിച്ചുവരുന്നത്. ഈ വിഭാഗങ്ങളുടെ ഓരോരുത്തരുടെയും സാമൂഹിക ആചാരങ്ങൾ / ആരാധന നടത്താനുള്ള സൗകര്യങ്ങൾ പുനരധിവസിപ്പിച്ച മേഖലയിലില്ല. സങ്കേതങ്ങളിൽ കൂട്ടമായി ജീവിച്ചിരുന്ന രീതിയിൽ നിന്നും മാറി ഒറ്റപ്പെട്ട് വാടകവീടുകളിൽ കഴിഞ്ഞിരുന്നവരാണ്, ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷവും. അതുകൊണ്ട് തന്നെ ആരാധന സംവിധാനങ്ങൾ മേഖലയി ലില്ലാത്തത് കൊണ്ട് ഇവർക്ക് പ്രത്യേക അസൗകര്യങ്ങളുണ്ടായിട്ടില്ല. സമുദായങ്ങളുടെ ഓരോരുത്തരുടെയും ജനനം, വിവാഹം, മരണം, മറ്റ് ചടങ്ങുകൾ എന്നിവയിൽ കാലാനുസൃതമായ


മാറ്റങ്ങളുണ്ടായതൊഴിച്ചാൽ പുനരധിവാസ മേഖലയിലേക്ക് മാറിതാമസിച്ചത് കൊണ്ട് മാത്രം ചടങ്ങുകളിൽ മാറ്റങ്ങളുണ്ടായിട്ടില്ല.

**S.XX.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ**

ഭൂരഹിതരും മിച്ചഭൂമികളിലോ വാടകവീടുകളിലോ താമസിച്ചിരുന്നവരാണ് സങ്കേതത്തിൽ നിലവിലുള്ള ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷവും ഈ ഗുണഭോക്താക്കളെല്ലാം തന്നെ 2016ൽ, അതായത് 3 വർഷം മുൻപ് മാത്രം സങ്കേതത്തിലേക്ക് മാറി താമസിച്ചവരാണ്. സങ്കേതത്തിൽ ഷെഡുകളിൽ താമസിക്കുന്ന 27 കുടുംബങ്ങളിൽ അവശരോഗികളും, മാനസികപ്രയാസമനുഭവിക്കുന്നവരുള്ള കുടുംബങ്ങളുമുണ്ട്. പ്ലോട്ടുകളിലേക്ക് വഴിയില്ലാത്തതും, പ്ലോട്ടുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സം സൃഷ്ടിക്കുന്ന വൻമരങ്ങൾ മുറിച്ച് മാറ്റാനുള്ള സാങ്കേതിക തടസങ്ങളും മേഖലയിലെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ മേഖലയിലെ ചതുപ്പ് ഭൂമിക്ക് സമീപത്തായി ഭൂമി ലഭിച്ച ഗുണഭോക്താക്കളുടെ പ്ലോട്ടുകളിൽ ഭവന നിർമ്മാണമടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള പാരിസ്ഥിതിക പ്രശ്നം നിലനിൽക്കുന്നുണ്ട്. ചതുപ്പ് ഭൂമിക്ക് സമീപ പ്ലോട്ടുകളിൽ വെള്ളം കയറുന്നതും, നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് തടസമാണ്. വൈദ്യുതി, ശൗചാലയങ്ങൾ മുതലായ സൗകര്യങ്ങൾ സങ്കേതത്തിൽ നിലവിലാർക്കും തന്നെയില്ല.

കുടിവെള്ളത്തിനായി അയൽപക്കങ്ങളിലെ കിണറുകളെയാണ് ഗുണഭോക്താക്കളെല്ലാം ആശ്രയിക്കുന്നത്.

ചിത്രം3.20**കുടിവെള്ളം**




സ്വന്തമായി കിണർ സൗകര്യമുള്ള 1 കുടുംബം മാത്രമാണ് സങ്കേതത്തിലുള്ളത്. മറ്റ് കുടുംബങ്ങളെല്ലാം തന്നെ 100 മുതൽ 800 മീറ്റർവരെ ദിനംപ്രതി നടന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. കുടിവെള്ള സംവിധാനം ഒരുക്കുന്നതിനായി 6030000 രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്. മേഖലയിൽ കിണറുകുത്തി പമ്പ് ഹൗസ് നിർമ്മിച്ചിട്ടുണ്ടെങ്കിലും പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. സങ്കേതവാസികളുടെ അഭിപ്രായത്തിൽ മുവാറ്റുപുഴ ജലസേചനവകുപ്പിന്റെ നേതൃത്വത്തിൽ നടന്ന പ്രസ്തുത നിർമ്മാണപ്രവൃത്തികളിൽ അപാകതകളുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾ ശേഷി ക്കുന്ന പ്രസ്തുത പമ്പ് ഹൗസിന് ചോർച്ചയുണ്ടെന്ന ആക്ഷേപം സങ്കേതവാസികളു ന്നയിക്കുന്നുണ്ട്.

സങ്കേതത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 1820478 രൂപ വകയിരു ത്തുകയും ആവശ്യമായ പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പോസ്റ്റുകൾ സ്ഥാപിച്ച് 1 വർഷം കഴിഞ്ഞിട്ടും സങ്കേതത്തിലാർക്കും തന്നെ വൈദ്യതി ലഭിച്ചിട്ടില്ല. ജനസംഖ്യയുടെ 40 ശതമാനം കുട്ടികളുള്ള സങ്കേതത്തിൽ വൈദ്യുതിയില്ലാത്തത് കുട്ടികളുടെ പഠനത്തിന് തടസം സൃഷ്ടിക്കുന്നുണ്ട്. നേര്യമംഗലം കവളങ്ങാട് പ്രധാന റോഡിന് സമീപത്തായി 200 മീ. അകലെ നേര്യമംഗലം കൃഷിഫാമിനോട് ചേർന്നാണ് തലക്കൻ ചന്തു ടി.ആർ.ഡി.എം. പുനരധിവാസ മേഖല സ്ഥിതിചെയ്യുന്നത്. സങ്കേതത്തിലേക്ക് എത്തിചേരാൻ റോഡ് സൗകര്യം നിലവിലു ണ്ടെങ്കിലും പ്ലോട്ടുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള മതിയായ റോഡ് സംവിധാനങ്ങൾ മൺറോഡുകൾ

സങ്കേതത്തിലില്ല. വകുപ്പിന്റെ നേതൃത്വത്തിൽ റോഡ്, കലുങ്ക് ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ റോഡ് വെട്ടാനായി കണ്ടെത്തിയ വഴികളിലെ വൻമരങ്ങൾ മുറിച്ചുമാറ്റാനുള്ള അനുമതി ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെച്ചിരിക്കുകയാണ്. റോഡ്, കലുങ്ക് എന്നിവയുടെ നിർമ്മാണത്തിനായി ആകെ 8,50,0000 രൂപയാണ് വകയിരുത്തി യിട്ടുള്ളത്. സങ്കേതത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഭവനനിർമ്മാണമടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാധനസാമഗ്രികൾ എത്തിക്കാൻ കഴിയാതെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്ന അവസ്ഥയും സങ്കേതത്തിലുണ്ട്.

### S.XX.9 സങ്കേതവാസികളുടെ വികസന സ്വപ്നം

- നേര്യമംഗലം തലക്കൽ ചന്തു പുനരധിവാസ മേഖലയിൽ ഭൂമി അനുവദിച്ചതിന്റെ 30.39 ശതമാനം പേർ മാത്രമാണ് നിലവിൽ താമസമുള്ളത്. വീട്, കുടിവെള്ളം ശൗചാലയം, റോഡ് മുതലായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തത് സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. സങ്കേതത്തിലെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനുള്ള പ്രധാന കാരണം റോഡ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലാണ്. മേഖലയിലെ റോഡ് നിർമ്മിക്കുന്നതിനുള്ള സങ്കേതിത പ്രശ്നങ്ങൾ അവസാനിക്കുന്നതുവഴി ഇതര നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാ വുന്നതാണ്.
- ഭൂരഹിതരായ ഗുണഭോക്താക്കളെയാണ് മേഖലയിൽ പുനരധിവസിപ്പിച്ചിട്ടുള്ളത്. 10 സെന്റ് സ്ഥലം വീതമാണ് കുടുംബങ്ങൾക്കോരോരുത്തർക്കും വിതരണം ചെയ്തിട്ടുള്ളത്. ഭവനനിർമ്മാണത്തിൽ മുൻതൂക്കം നൽകിയാണ് ഭൂമി വിതരണം ചെയ്തിട്ടുള്ളത്. അതുകൊണ്ട് തന്നെ ലഭ്യമായ ഭൂമയിൽ നിന്നും കൃഷി ചെയ്തുവരുമാനം കണ്ടെത്താൻ ഗുണഭോക്താക്കൾക്ക് കഴിഞ്ഞിട്ടില്ല. നിർമ്മാണേതര മേഖലകളിലെ കൂലിപണികളെ ആശ്രയിക്കുന്നവരാണ് സങ്കേതവാ സികളിൽ ബഹുഭൂരിപക്ഷവും. ഈ മേഖലയിലെ ഇതര ജനവിഭാഗങ്ങളുമായി മെച്ചപ്പെട്ട സാമൂഹിക ബന്ധം സ്ഥാപിക്കാൻ കഴിയാത്തത് കൊണ്ട് തന്നെ മേഖലയിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് ഗുണഭോക്താക്കൾ പ്രയാസപ്പെടുന്നുണ്ട്. പുനരധിവാസ പദ്ധതിയിലൂടെ, സ്വന്തമായി ഭൂമി ലഭ്യമായതിലൂടെ വീടില്ലാത്ത അവസ്ഥയിൽ നിന്നും മാറ്റമുണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ പുനരധിവാസത്തിന് ശേഷമുള്ള ജീവിതരീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപെടേണ്ടതു

ണ്ടതെങ്കിലും സങ്കേതവാസികൾ തൃപ്തരാണ്. ഒന്നിലധികം ഗോത്രവിഭാഗങ്ങൾ സങ്കേതത്തിൽ താമസമുണ്ട്. വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളിൽ നിന്നും വന്നവരായത് കൊണ്ട് തന്നെ സാമൂഹിക ഐക്യം സങ്കേതത്തിൽ രൂപപ്പെട്ടിട്ടില്ല. ഇത് സങ്കേതവാസികൾ തമ്മിലുള്ള പരസ്പര സഹകരണത്തിനും പരസ്പരാശ്രയത്തിനും ദോഷകരമായി ബാധിക്കുന്നു. മദ്യപാനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമം മുതലായ സാമൂഹിക പ്രശ്നങ്ങൾ സങ്കേതം നേരിടുന്ന മറ്റൊരു വെല്ലുവിളികളാണ്.

- ഭൂരഹിതരായ പട്ടിക ഗോത്രവിഭാഗങ്ങളുടെ പുനരധിവാസമാണ് ടി.ആർ.ഡി.എം. മിഷന്റെ പ്രധാന ലക്ഷ്യം. എന്നാൽ തലക്കൽ ചന്തു പുനരധിവാസമേഖലയിൽ പട്ടിക ഗോത്രവിഭാഗത്തിലുൾപ്പെടാത്ത കുടുംബങ്ങൾക്കും ഭൂമി അനുവദിച്ചിട്ടുണ്ട്. മേഖലയിൽ വിശദമായ അന്വേഷണങ്ങൾ നടത്തിയതിന് ശേഷം അനർഹരായ വരെ ഒഴിവാക്കേണ്ടതാണ്. ലഭ്യമായ ഭൂമിയിൽ താമസിക്കാൻ തയ്യാറാവാത്ത ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് പട്ടയം റദ്ദ് ചെയ്യാവുന്നതാണ്. അപേക്ഷകളിൻ മേൽ വിശദമായ അന്വേഷണം നടത്തി അർഹതാ പട്ടിക തയ്യാറാക്കിയതിന് ശേഷം മാത്രം ഈ ഭൂമി വിതരണം ചെയ്യാവുന്നതാണ്.
- തൊഴിലില്ലായ്മ സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. പുനരധിവാസ മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന 'ജില്ലാ ഫാം നേര്യമംഗലം' ത്തിൽ പ്രത്യേക പരിഗണന ആവശ്യമായ കുടുംബങ്ങളിൽ നിന്നുള്ള ഒരംഗത്തിനെങ്കിലും തൊഴിൽ നൽകാവുന്നതാണ്.
- സങ്കേതത്തിലെ ആകെ ജനസംഖ്യയുടെ 40 ശതമാനത്തിലധികവും കുട്ടികളാണ്. കുട്ടികൾക്ക് പൊതുപഠന മുറി നിർമ്മിച്ചു നൽകാവുന്നതും അവിടെ ട്യൂഷൻ സൗകര്യം ഏർപ്പെടുത്താവുന്നതുമാണ്.

## S.XXI.എടക്കാട്ട് വയൽ സങ്കേതം ( പാർപ്പംകോട് സങ്കേതം)

### S.XXI.1 പ്രദേശം

ജില്ലയിലെ ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം കണയന്നൂർ താലൂക്കിലെ എടക്കാട്ട് വയൽ വില്ലേജിൽ 86 ഗുണഭോക്താക്കൾക്ക് 6 സെന്റ് സ്ഥലം വീതം ഭൂമി നൽകിയിരുന്നു. ഉള്ളാടൻ, മലയൻ ഗോത്ര വർഗ്ഗമെന്നവകാശപ്പെടുന്ന 85 കുടുംബ ങ്ങൾക്കാണ് ഭൂമി നൽകിയത്. നിലവിൽ ഭൂമി ലഭിച്ചവരിൽ ആകെ 17 കുടുംബങ്ങൾ മാത്രമാണ് ഇപ്പോൾ താമസിച്ചുവരുന്നത്.

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട ഗ്രാമമാണ് എടക്കാട്ട് വയൽ. ജില്ലയിലെത്തന്നെ 8 കി.മീ. ചുറ്റളവിൽ മുളന്തുരുത്തിയിലാണ് ആരോഗ്യ ഉപകേന്ദ്രം സ്ഥിതിചെയ്യുന്നത്. എന്നാൽ സാമൂഹിക ആരോഗ്യ കേന്ദ്രവും, ജില്ലാ ആശുപത്രിയും സങ്കേതത്തിൽ നിന്നും ഏതാണ്ട് 17 കി.മീ, 26 കി.മീ ദൂരത്തിലാണ് സ്ഥിതി ചെയ്തുവരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ 5 കി.മീ. ചുറ്റള്ളവിൽത്തന്നെ ആയതിനാൽ ഇത്തരം സൗകര്യങ്ങൾ വളരെ എളുപ്പത്തിൽ ലഭ്യമായിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ഉന്നതപഠനങ്ങൾക്കും മറ്റ് സാങ്കേതിക പഠനങ്ങൾക്കും ഏറെ ദൂരത്തേക്ക് പോകേണ്ടതായ സാഹചര്യമാണുള്ളത്. നിലവിൽ ഊരുകൂട്ടം, കുടുംബശ്രീ, അയൽകൂട്ടം എന്നിവയെല്ലാം തന്നെ സങ്കേതത്തിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും സാംസ്കാരിക നിലയം, ലൈബ്രറി, എന്നിവ സങ്കേതത്തിലില്ലാത്തത് സങ്കേതവാസികളിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

ജില്ലയിൽ ബ്ലോക്ക് നമ്പർ 25 ൽ ആണ് പാർപ്പംകോട് ട്രൈബൽ സങ്കേതം സ്ഥിതിചെയ്യുന്നത്. 86 കുടുംബങ്ങൾക്കായി 6 സെന്റ് വീതം ആകെ 5 ഏക്കർ 18 സെന്റ് ആണ് നീക്കി വെച്ചത്. ഭൂരഹിതർക്ക് ഭൂമി നൽകുക എന്ന ലക്ഷ്യം നിറവേറ്റുന്നത്തിനായി നടപ്പിൽ വരുത്തിയ പദ്ധതി പ്രകാരമാണ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലു ള്ളവർക്ക് ഭൂമി നൽകിയത്. ജില്ലയിലെത്തന്നെ ഞാറയ്ക്കൽ, മൂത്തകുന്നം, കോട്ടുവള്ളി, തൃക്കാക്കരം നോർത്ത്, രാമേശ്വരം, ആലുവ, ഇടപ്പള്ളി നോർത്ത്, പുതുവൈപ്പ്, ആലുവ ഈസ്റ്റ്, പറവൂർ, മണക്കുന്നം, ഇളങ്കുന്നപ്പുഴ, പള്ളിപ്പുറം, പുത്തൻകുരിശ്, ഐക്കരനാട്, മേമുറി, തൃക്കാരിയൂർ, വെങ്ങോല, എലംകുളം, എടക്കാട്ട് വയൽ, വെള്ളൂർക്കുന്നം, തെക്കേവാഴക്കുളം, കുട്ടമ്പുഴ, അറക്കപ്പടി, അയ്യംപുഴ, മുളന്തുരുത്തി, എടത്തല, മീൻകുന്നം, പിറവം, ഇടക്കൊച്ചി, മാറാടി തുടങ്ങി വിവിധ വില്ലേജുകളിൽ നിന്നുള്ള ഭൂരഹിതരായ ഗുണഭോക്താക്കൾക്കാണ് സങ്കേതത്തിൽ ഭൂമി നൽകിയത്.

എടക്കാട്ട് വയൽ ( പാർപ്പംകോട് സങ്കേതം) സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 35% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XXI..2 സമുദായഘടന

ജില്ലയിലെ ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം കണയന്നൂർ താലൂക്കിലെ എടക്കോട്ട് വയൽ വില്ലേജിൽ 86 ഗുണഭോക്താക്കൾക്ക് 6 സെന്റ് സ്ഥലം വീതം ഭൂമിയാണ് ലഭിച്ചിട്ടുള്ളത്. ഉള്ളാടൻ, മലയരയൻ ഗോത്രവർഗ്ഗമെന്നവകാശപ്പെടുന്നവർക്കാണ് ഭൂമി ലഭ്യമായത്. നിലവിൽ ഭൂമി ലഭിച്ചവരിൽ ആകെ 17 കുടുംബങ്ങൾ മാത്രമാണ് സങ്കേതത്തിൽ താമസിച്ചുവരുന്നത്.

**S.XXI.3 അടിസ്ഥാന സൗകര്യം**

2012ലാണ് സങ്കേതത്തിൽ ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിരുന്നത്. സ്വന്തമായി ഭൂമിയോ കിടപ്പാടമോ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് തന്നെയാണ് ഭൂ വിതരണം നടത്തിയിട്ടുളളത്. ബന്ധുവീടുകളിലും ഒരു സെന്റ് സ്ഥലത്തുമായി വളരെ പരിതാപകരമായ അവസ്ഥയിൽ കഴിഞ്ഞു വന്നിരുന്ന ഇവർക്ക് ടി.ആർ.ഡി.എം. പ്രകാരം 6 സെന്റ് പുരയിടഭൂമിയാണ് ലഭിച്ചത്. പാർപ്പിടം പൂർത്തിയാകുന്ന ക്രമപ്രകാരം ആണ് സങ്കേതത്തിലേക്ക് ഗുണഭോക്താക്കൾ താമസത്തിന് വന്നിരുന്നത്. നിലവിൽ ട്രൈബൽ ഓഫീസ് മുഖാന്തിരം പുനരധിവാസം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിരുന്നതാണ്. ഭൂമി കണ്ടൽകാടുകളും പാഴ്മരങ്ങളും തിങ്ങിനിറഞ്ഞ പ്രദേശമായിരുന്നു. പിന്നീട് ഗുണഭോക്താക്കളുടെ തന്നെ ശ്രമഫലത്താൽ കാട് വെട്ടിത്തെളിച്ചാണ് ഇവിടെ പാർപ്പിട സൗകര്യമൊരുക്കിയിരുന്നത്. കീരി, മലമ്പാമ്പ്, നീർനായ തുടങ്ങിയ മൃഗശല്യങ്ങൾ ഉള്ള പ്രദേശമാണ്. എന്നാൽ മറ്റ് സങ്കേതങ്ങളുടെ അത്ര രൂക്ഷമായ പ്രശ്നങ്ങൾ ഇവിടെയില്ല. പുനരധിവാസ സങ്കേതത്തിൽ ഗുണഭോക്താക്കൾ തൊഴിലില്ലായ്മയാണ് അഭിമുഖീകരിക്കുന്നത്. നഗര പ്രദേശമായതിനാൽ മറ്റ് സങ്കേതത്തിൽ നിന്നും വ്യത്യസ്തമായ സാമൂഹിക സംസ്ക്കാരിക സാഹചര്യമാണ് ഇവിടെയുള്ളത്. പുറംപോക്ക് ഭൂമിയിലും, വെള്ളക്കെട്ട് നിറഞ്ഞ നഗരപ്രാന്തപ്രദേശങ്ങിലും കഴിഞ്ഞുവന്നിരുന്നവരാണിവർ.

ഗതാഗത സൗകര്യങ്ങൾ ലഭ്യമാക്കാൻ തക്കതായ സാഹചര്യങ്ങൾ ഇവിടെയുണ്ടെങ്കിലും ഗതാഗതസൗകര്യങ്ങൾ മതിയായ രീതിയിൽ ഇപ്പോഴും ലഭിക്കുന്നില്ല. ചെറുവാഹനങ്ങൾ മാത്രമാണ് സങ്കേതത്തിലേക്ക് പ്രവേശിക്കുന്നത്. ഗതാഗതച്ചെലവിലേക്ക് നല്ലൊരു തുക നീക്കിവയ്ക്കേണ്ടി വരുന്നു. സങ്കേതത്തിൽ ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടില്ല. നിലവിൽ പാറയുള്ള പ്രദേശമാണെങ്കിലും പാറപൊട്ടിച്ചാണ് ഇവിടെ വാസയോഗ്യമാക്കിയത്. ഭൂമി കൃത്യമായ രീതിയിൽ അളന്ന് തിരിക്കാതെയാണ് ഏതാനും ഗുണഭോക്താക്കൾക്ക് നൽകിയിരുന്നത്. അക്കേഷ്യ തോട്ടങ്ങളായിരുന്ന ഭൂമിയെ നിലവിൽ പാർപ്പിടയോഗ്യമാക്കുകയാണ് ചെയ്തത്. കോൺക്രീറ്റ് ഭവന നിർമ്മാണം, മണ്ണൊലിപ്പ് തടയുന്നതിലേക്ക് താൽക്കാലിക സംവിധാനത്തോടെയുള്ള ചുറ്റുമതിൽ എന്നിവ വാഗ്ദാനങ്ങളായി നൽകിയ താണെങ്കിലും പാലിക്കപ്പെട്ടിരുന്നില്ല.

### S.XXI.3.1വീടും മറ്റ് അടിസ്ഥാന നിർമ്മാണ പ്രവർത്തികളും

പഞ്ചായത്തിൽത്തന്നെ ആകെയുള്ള പട്ടികവർഗ്ഗ സങ്കേതത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതനുസരിച്ചാണ് ഓരോ കുടുംബങ്ങളും താമസിച്ചുവരുന്നത്. അത്തരത്തിൽ പൂർത്തിയായ 17 കുടുംബങ്ങൾ നിലവിൽ താമസമാക്കി വരുന്നു. ഏതാനും ഗുണഭോക്താക്കൾ താമസമാക്കാത്ത മറ്റ് വീടുകളിൽ താമസമാരംഭിച്ച് വ്യക്തിഗതമായിത്തന്നെ വീടുകൾ നിർമ്മിച്ച് വരുന്നുണ്ട്. കുടുംബശ്രി മുഖേനയും മറ്റ് സ്വകാര്യ ഏജൻസികൾ വഴിയുമെല്ലാം ഭവനനിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. സങ്കേതത്തിൽ ഭൂമി ലഭിച്ചിട്ടും ഏതാനും ഗുണഭോക്താക്കൾ ഇനിയും മാറിത്താമസിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകളും, തൊഴിൽ ലഭ്യതക്കുറവും കാരണം പ്ലോട്ട് നമ്പർ 21, 18, 17, 16, 11, 10, 08, 07, 05, 02 പ്രകാരം ഉൾപ്പെട്ട ഗുണഭോക്താക്കൾ ആരും തന്നെ താമസമാക്കിയിട്ടില്ലായെന്നാണ് സങ്കേതവാസികളിൽ നിന്നും ലഭിച്ച വിവരങ്ങളിൽ നിന്നും മനസ്സിലാക്കിയത്.

സങ്കേതത്തിൽ 15 വീടുകൾ ഓട് പതിപ്പിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. കോൺക്രീറ്റ് ഉപ യോഗിച്ചുള്ള ഭവനനിർമ്മാണം നല്ല രീതിയിൽ അല്ല നടന്നിട്ടുള്ളത്. സങ്കേതവാസി കൾക്കോരോരുത്തർക്കും ഭവന നിർമ്മാണം നടത്തുന്നതിന് മുൻപ് പ്ലാൻ കാണിച്ചു കൊടുത്തിരുന്നതാണ്, എന്നാൽ പൂർത്തിയായി വരുമ്പോൾ പോരായ്മകളാണ് കൂടുതൽ. ഓടുകൾ, കമ്പികൾ എന്നിവ ഉറപ്പില്ലാതെയാണ് പണിതിരിക്കുന്നത്. മഴക്കാലത്ത് അകത്തേക്ക് വെള്ളം കയറുന്ന അവസ്ഥയിലാണ് വീട് നിർമ്മിച്ചിരിക്കുന്നത്. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കണമെന്ന് ആവശ്യപെട്ടിട്ടും ഏജൻസികൾ വഴി പൂർത്തിയാക്കാത്തതിനാലും, കാലതാമസം നേരിടുന്നതിനാലും വ്യക്തിഗതമായിത്തന്നെ ഏറിയ പണച്ചിലവും, മാനസിക പ്രയാസവും ഇവർ നേരിട്ടുകൊണ്ടിരിക്കുന്നു. ശരിയായ രീതിയിൽ പ്ലാസ്റ്ററിംഗ് സംവിധാനങ്ങൾ ചെയ്യാത്തതു കൊണ്ട് ഭിത്തികൾ അടർന്ന് പോയ്ക്കൊണ്ടിരിക്കുന്നുണ്ട്. പണിത വീടുകൾക്ക് തന്നെ നിലം ശരിയായ രീതിയിലല്ല പണിതിരിക്കുന്നത്. കുടുംബശ്രീ മുഖാന്തിരം നിർമ്മിച്ച് നൽകിയ വീടുകൾ ഒന്നും തന്നെ താമസയോഗ്യമല്ല എന്നാണ് സങ്കേതവാസികൾ അഭിപ്രായപ്പെട്ടത്. വളരെ സൗകര്യം കുറഞ്ഞ അന്തരീക്ഷമാണ് നിലവിൽ ഉള്ളത്. വാതിൽ, ജനൽ എന്നിവയൊന്നും തന്നെ ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യത്തിലാണ്. തൊട്ടാൽ അടർന്നു വീഴുന്ന പ്ലാസ്റ്ററിംഗ് സംവിധാനങ്ങളും, ഈടും ഉറപ്പുമില്ലാത്ത താമസയോഗ്യമാക്കാൻ പറ്റാത്ത കോൺക്രീറ്റ് ഭവനങ്ങളാണ് ഉള്ളത്. ശൗചാലയ സംവിധാനങ്ങൾ ഒരുക്കിയതിലും ധാരാളം പാളിച്ചകൾ പറ്റിയിട്ടുണ്ട്. അടുക്കള സൗകര്യങ്ങൾ വളരെ കുറവാണ്. 6 സെന്റ്

സ്ഥലത്ത് ഭവന നിർമ്മാണം ചുരുക്കിയാണ് വീട് നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്, ഓടുകൾ വീടിനോട് ചേർന്ന് മതിയായി ആവരണം ചെയ്തിട്ടില്ലാത്തതിനാൽ ചോർച്ച കൂടുതലാണ്.

സങ്കേതത്തിനകത്ത് റോഡ് സംവിധാനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ സങ്കേതവാസികൾക്ക് ചെറുവാഹനസൗകര്യങ്ങൾ മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. ബസ് സർവ്വീസുകൾ ഇവിടെ ലഭ്യമല്ല. ടാറിംഗ് സംവിധാനങ്ങൾ കനം കുറച്ച് നിർമ്മിക്കപെട്ടതിനാൽ വാഹനങ്ങൾ കയറിയിറങ്ങുമ്പോൾ ഭൂമി താഴ്ന്ന് പോകുകയാണ് ചെയ്യുന്നത്. ഈ പ്രദേശം മണ്ണിടിച്ചിൽ പ്രദേശമാകയാൽ ചുറ്റുമതിൽ കെട്ടേണ്ടതായുണ്ട് എന്നാൽ അതൊന്നും ഇതുവരെ ചെയ്തിട്ടില്ല.

ജലസേചന സൗകര്യങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെട്ടതാണ്. ആദ്യകാലത്ത് കുഴൽകിണർ സംവിധാനങ്ങൾ നല്ല രീതിയിൽ ഒരുക്കി മോട്ടോർ സംവിധാനങ്ങൾ ഫിറ്റ് ചെയ്യുന്നതിനായി എല്ലാവരും സഹകരണം അറിയിച്ചതായിരുന്നു. എന്നാൽ ഇലക്ട്രിക് ബില്ലുകൾ അടയ്ക്കുന്നതിലെ തർക്കങ്ങൾ ഇവരെ ഇതിൽ നിന്നും പിന്നോക്കം നയിക്കുകയും സംരംഭം പരാജയപ്പെടുകയും ചെയ്തു. കിണർ ഉണ്ടായിരുന്നുവെങ്കിലും വെള്ളം കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമാണ് ഉപയോഗിച്ചിരുന്നത്. അതിനാൽ ഗുണഭോക്താക്കൾക്ക് വെള്ളെമെടുക്കാൻ സാധിച്ചിരുന്നില്ല. മോട്ടോർ സംവിധാനങ്ങൾ നടപ്പിലാകാത്തതിനാൽ ബദൽ സംവിധാനം എന്ന നിലയ്ക്ക് പഞ്ചായത്ത് കുടിവെള്ള പദ്ധതി ആഴ്ചയിൽ ഇവർക്ക് ലഭിക്കുന്നുണ്ട്. വീട്ടിൽ നിന്നും 30 മീ. അകലത്തായാണ് കുടിവെള്ള സംവിധാനം ഒരുക്കിയിരിക്കുന്നത്. ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമായി ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്. അതിനാൽ കൃഷി നടത്താൻ സാധിക്കുന്നില്ല. വീട്ടാവശ്യത്തിലേക്കായി ചെറിയ രീതിയിൽ വാഴ, കപ്പ എന്നിവ മാത്രം കൃഷി ചെയ്തു വരുന്നുണ്ട്. അത് തന്നെ ഏതാനും കുടുംബങ്ങൾ മാത്രമാണ് കൃഷി ചെയ്യുന്നത്. വേനൽക്കാലങ്ങളിൽ കടുത്ത ജലക്ഷാമം ഇവർ നേരിടുന്നുണ്ട്. 550 രൂപയ്ക്ക് ദിവസവും വെള്ളം ടാങ്ക് വഴി വീട്ടാവശ്യത്തിന് എത്തിക്കേണ്ട സാഹചര്യം ഇവിടെയുണ്ട്. പൊതു ടാങ്ക് വഴിയുള്ള വെള്ളം ദിവസത്തിൽ ലഭിക്കുന്നില്ല എന്നതും പ്രധാന വെല്ലുവിളിയാണ്. സങ്കേതത്തിനകത്ത് 100 മീറ്റർ പരിധിയിൽ ആഴ്ചയിൽ 2 ദിവസം ടാങ്ക് സംവിധാനം വഴി വെള്ളം ലഭിക്കുന്നുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയും പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ കടുത്ത വേനൽക്കാലത്ത് വെള്ളം ചുമന്ന് കൊണ്ടുവരേണ്ട സാഹചര്യമാണ് ഉള്ളത്.

സങ്കേതത്തിനകത്ത് വൈദ്യുതി സംവിധാനങ്ങൾ വീട് പൂർത്തിയാകുന്ന മുറയ്ക്കും താമസമാകുന്ന മുറയ്ക്കുമാണ് ലഭ്യമാക്കുന്നത്. സർക്കാർ നേരിട്ട് ഏജൻസികൾ വഴി നിർമ്മിച്ചു നൽകിയ വീടുകൾ ഒഴികെ സ്വന്തമായി നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ വൈദ്യുതീകരണവും സ്വന്തം ചിലവിൽ തന്നെയാണ് ഗുണഭോക്താക്കൾ നിലവിൽ ചെയ്തുവരുന്നത്. സ്വന്തമായി നിർമ്മിക്കുന്ന വീടുകളിൽ ശൗചാലയ സംവിധാനങ്ങൾ വളരെ വൈകിയാണ് ഒരുക്കുന്നത്. കുടുംബശ്രീ വഴി നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ മേൽനോട്ടം നിലവിൽ ആരും ചെയ്യുന്നില്ല എന്നും സങ്കേതവാസികൾ പരാതിയുണ്ട്. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നില്ല. ശക്തമായ മഴ ഉണ്ടാകുന്ന സമയങ്ങളിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നുണ്ട്. അതിനാൽ ഓരോ വീടിനും താൽക്കാലിക മതിലുകൾ ആവശ്യമാണ്.

### S.XXI.3.2അടിസ്ഥാന സൗകര്യങ്ങൾ പുനരധിവാസത്തിന് മുൻപും ശേഷവും

സ്വന്തമായി ഭൂമി ഇല്ലാതിരുന്ന ഗുണഭോക്താക്കളാണ് സങ്കേതത്തിൽ അധികപേരും. കൂട്ടുകുടുംബത്തിലോ, വാടകയ്ക്കോ മറ്റ് ബന്ധുമിത്രാദികളോടൊപ്പമോ, താമസിച്ചുവന്നവരാണ് ഇവർ. ചില ഗുണഭോക്താക്കൾക്ക് ഒട്ടും താമസിക്കാനിടയില്ലാത്ത ജീവിത സാഹചര്യവും നേരിടേണ്ടി വന്നിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ നിന്നും മാറി കോൺക്രീറ്റ് കെട്ടിടത്തിലേക്കാണ് ഇവരെ മാറ്റിപാർപ്പിച്ചത്. ഗഡുക്കളായി കെട്ടിട നിർമ്മാണത്തിലേക്ക് തുക നൽകുകയോ, അതിൽപ്രകാരം സ്വന്തമായി നിർമ്മിക്കു കയോ കുടുംബശ്രീ മുഖേനനിർമ്മാണം നടത്തുകയോ ആണ് നിലവിൽ ചെയ്തു വന്നത്. എന്നാൽ ഭവനനിർമ്മാണത്തിൽ ധാരാളം പാളിച്ചകൾ കണ്ടുവരുന്നു. രണ്ട് മുറികളും ഒരു ഹാളുമുള്ള ഭവനങ്ങളിൽ കുറഞ്ഞ സ്ഥലം മാത്രമാണ് അടുക്കളക്ക് നീക്കിവെച്ചിരിക്കുന്നത്. നിർമ്മാണപുരോഗതിയ്ക്ക് അനുസരിച്ചാണ് ഗുണഭോക്താക്കൾ വീടുകളിൽ താമസമാക്കുന്നത്.

സ്വന്തമായി ഭവന നിർമ്മാണം നടത്തുന്നവർക്ക് കടബാധ്യതകൾ കൂടി വരികയാണ് ചെയ്യുന്നത്. ചെയ്തുകഴിഞ്ഞ ഭവനങ്ങൾ എല്ലാം തന്നെ നിർമ്മാണത്തിലെ അപാകതകൾ മൂലം താമസയോഗ്യമാകാത്ത സാഹചര്യമാണുള്ളത്. സ്വന്തം വീട് ഉണ്ടെന്ന അഭിമാനമൊഴികെ മറ്റു മെച്ചങ്ങളില്ല. പുതിയ സങ്കേതത്തിനകത്തെ മറ്റൊരു പ്രധാന പ്രശ്നവും ഇത് തന്നെയാണ്. കൃത്യമായ രീതിയിൽ തൊഴിൽ ലഭ്യമാകാത്തതിനാൽ ഉപജീവനത്തിനും പ്രയാസം നേരിടേണ്ടി വരുന്നുണ്ട്. സ്വസമുദായങ്ങൾ തന്നെയാണ് സങ്കേതത്തിനകത്ത് താമസിക്കുന്നത്. മലയൻ ഗോത്രവർഗ്ഗമെന്നവകാശപ്പെടുന്ന ഒരു കുടും

ബമൊഴിച്ചാൽ ഭൂരിഭാഗവും ഉള്ളാടൻ ഗോത്രവർഗ്ഗമെന്നവകാശപ്പെടുന്നവരാണ് സങ്കേതത്തി ലുളളത്. ജില്ലയിലെ മറ്റ പല പ്രദേശങ്ങളിൽ നിന്നും ഇവിടേക്ക് പുനരധിവസിക്കപ്പെട്ടവരാകയാലും 'പട്ടികവർഗ്ഗക്കാർ - കോളനിയിൽ താമസിക്കുന്നവർ' എന്നൊരു കാഴ്ച്ചപ്പാട് മറ്റ് സമുദായക്കാർക്കിടയിൽ ഉണ്ടെന്നാണ് പൊതുവിൽ സങ്കേതവാസി കളുടെ അഭിപ്രായം. പരസ്പര സഹകരണവും പര്സപരാശ്രയത്വവും ഇല്ലാത്തതു കൊണ്ടു തന്നെ കുഴൽകിണർ നിർമ്മാണത്തിന് 3 വീട്ടുകാർ സഹകരിക്കാത്തതിന്റെ പേരിൽ തുടങ്ങിവെച്ച പ്രവൃത്തി സങ്കേതത്തിൽ നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്.

## S.XXI.4 വിദ്യാഭ്യാസം

ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 1കി.മീ, 2കി.മീ ചുറ്റളവിൽ സ്ക്കൂൾ സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ ഉന്നതവിദ്യാഭ്യാസത്തിന് 4 കിലോമീറ്റർ അകലെയുള്ള ആലകുന്ന് സ്ക്കൂളിൽ പോകണം. അതുപോലെ കാഞ്ഞിരമറ്റം, എടക്കാട് വയൽ എന്നിവിടങ്ങളിലാണ് ഹൈസ്കൂൾ തലം മുതൽ ഹയർസെക്കണ്ടറി തലം വരെ പഠനസൗകര്യങ്ങൾ നിലവിൽ ഉള്ളത്. 4 കി.മീ. ദൂരത്തേക്കുള്ള യാത്ര തന്നെ വിദ്യാർത്ഥികൾക്ക് ദുരിതമാണ്. കൂടാതെ ബസ് സർവ്വീസുകൾ ഈ മേഖലയിൽ ഇല്ലാത്തത് പഠനച്ചിലവ് വർദ്ധിപ്പിച്ചിട്ടുണ്ട്. പണ്ട് അധിവസിച്ചിരുന്ന മേഖലയ്ക്ക് അടുത്ത് പഠിച്ചുകൊണ്ടിരുന്ന ഇവർ ഇപ്പോൾ വളരെ ദൂരെ പോയി പഠിക്കുകയാണ് ചെയ്യുന്നത്. കൂടാതെ വിദ്യാഭ്യാസമുളള മാതാപിതാക്കളുടെ എണ്ണം കുറവായതിനാൽ അറിവുകൾ പകർന്ന് നൽകാൻ സാധിക്കാത്തവരാണ് ഏറിയ പേരും. അതിനാൽ മക്കൾക്ക് വേണ്ട രീതിയിൽ വിദ്യാഭ്യാസം നൽകാനും ഇവർക്ക് കഴിയുന്നില്ല. അനുയോജ്യമായ പഠനാന്തരീക്ഷം വീടുകളിൽ ഇല്ലാത്തതും വിദ്യാർത്ഥികളെ ബുദ്ധിമുട്ടിക്കുന്നു. ഇതിനെല്ലാമൊരു പരിഹാരമെന്ന നിലയിൽ ട്യൂഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാണ് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നത്. പഞ്ചായത്തിന് വികസന ഫണ്ടിൽ വിദ്യാഭ്യാസത്തിനായി നീക്കി വച്ചിട്ടുളളത് 40,000 രൂപയാണ്. ഇതിൽ നിന്നും സങ്കേതത്തിലേക്ക് ഫണ്ടുകൾ നാമമാത്രമായാണ് ലഭിക്കുന്നത്. വിദ്യാലയങ്ങളിൽ മറ്റ് സമുദായത്തിലെ വിദ്യാർത്ഥികളുമായി ഇടപെഴകുന്നതിൽ ബുദ്ധിമുട്ട് നേരിട്ടവരും, 6-25 വയസ്സിനിടയിൽ പഠനം നിർത്തിയവരും ഇവർക്കിട യിലുണ്ട്. നിലവിൽ പഠനാന്തരീക്ഷം മെച്ചപ്പെടുത്താവുന്ന രീതിയിൽ പുതിയ സംവിധാനങ്ങൾ ഇനിയും ഒരുക്കേണ്ടതുണ്ട്.

**S.XXI.5 ആരോഗ്യം**

മറ്റ് സങ്കേതങ്ങളുമായി താരതമ്യം ചെയ്യപ്പെടുമ്പോൾ മൃഗ ശല്യം മാനസികാ രോഗ്യത്തെ ബാധിച്ചവർ ഇവിടെയില്ല. എന്നാൽ ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത മൂലം വിദ്യാഭ്യാസം നേടുന്നതിനായി ഏറെ ദൂരം നടക്കേണ്ട സാഹചര്യവും, തൊഴിൽ ലഭ്യതക്കുറവും ഗുണഭോക്താക്കളിൽ ആകുലതയും, ഉറക്കമില്ലായ്മയും സൃഷ്ടിക്കുന്നു. കൂടാതെ ഗൃഹ നിർമ്മാണം സ്വന്തം ചിലവിൽ നടത്തുന്നവർ വലിയ കടബാധ്യതകൾ മൂലം ഇത്തരം ആകുലതയും ഉറക്കമില്ലായ്മയുമാണ് അഭിമുഖീകരിക്കുന്നത്. നിലവിൽ പകർച്ചവ്യാധികൾ ഒന്നും തന്നെ സങ്കേതത്തിൽ പടർന്നു പിടിച്ചിട്ടില്ല. എന്നാൽ പ്രമേഹം, തൈറോയിഡ് എന്നിവയുള്ളവർ ഇവിടെയുണ്ട്. ഏറിയപേരും കടബാധ്യതകൾ മൂലം മാനസിക പ്രയാസങ്ങൾ നേരിടുന്നവരാണ്.


ആരോഗ്യപരിചരണത്തിന് പൊതുസംവിധാനങ്ങൾ ഇല്ല എന്നത് പ്രധാന പോരായ്മയാണ്. ആരോഗ്യപരിപാലനത്തിനായി ഏറെ ദൂരം പോകേണ്ട സാഹചര്യ മാണ് നിലവിലുള്ളത്. ബസ് സർവ്വീസുകൾ ഇല്ലാത്തതിനാൽ അസുഖം വന്നാൽ ചെറുവാഹനങ്ങൾ മാത്രമാണ് ചികിത്സയ്ക്ക് ആശ്രയം. പ്രായമായവർക്കിടയിൽ മദ്യപാനം കണ്ടു വരുന്നുണ്ടെങ്കിലും അടിമപ്പെട്ടവർ കുറവാണ്. സർവ്വേ വിവരങ്ങളിൽ ലഭിച്ചതിൽ പ്രകാരം നവജാത ശിശു മരണങ്ങളും, മാനസിക വെല്ലുവിളികൾ നേരിടുന്നവരും ഇവിടെയില്ല. സങ്കേ തത്തിലെ പാരമ്പര്യ വൈദ്യൻമാരെ ചിലർ ആശ്രയിക്കുന്നു. എന്നാൽ നിലവിൽ കൂടുതൽ പേരും ആശ്രയിക്കുന്നത് അലോപ്പതി ചികിത്സാരീതിയാണ്. സങ്കേതത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ക്യാമ്പുകൾ എല്ലാ മാസവും നടത്തിവരുന്നുണ്ട്. ഒരു കി.മീ. ദൂരത്തായി ഹോമിയോ ഡിസ്പെൻസറികളുണ്ട്. തൊഴിലുറപ്പ് മുഖാന്തിരം ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും, ആശുപത്രികളിലേക്ക് എത്തിപ്പെടുന്നതിനായുള്ള ദൂരക്കൂടുതലും, ആശുപത്രി തൊട്ടടുത്ത് ഇല്ലാത്തതിനാലും കൃത്യമായ ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കാത്തതും, ഗൃഹ നിർമ്മാണത്തിലെ ഭാരിച്ച ചിലവ് മൂലം ഉണ്ടായിട്ടുള്ള കടങ്ങൾ തുടർ മാനസിക പ്രയാസങ്ങൾ ഇവയെല്ലാം തന്നെ ഇവർ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ചികിത്സാരംഗത്ത് ക്ലിനിക്കുകൾ തുടങ്ങിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.

**S.XXI.6 തൊഴിലും വരുമാനവും**

പുനരധിവാസ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ തൊഴിലും ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന്റെ പ്രയാസങ്ങളുമാണ്. നിർമ്മാണമേഖലാ തൊഴിലാളി കളും, തെങ്ങ്കയറ്റക്കാരും, കാട് വെട്ടിത്തെളിക്കുന്ന ജോലി ചെയ്യുന്നവരും ഇവിടെയുണ്ട്. തൊഴിൽ ഇല്ലായ്മ സങ്കേതത്തിൽ രൂക്ഷമാണ്. കൃത്യമായ വരുമാനമാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ഗുണ ഭോക്താക്കൾക്ക് ഉപജീവനത്തിന് പല തടസ്സങ്ങളും നേരിടുന്നുണ്ട്. പുതിയസ്ഥലത്ത് ഗുണഭോക്താക്കളെ പരിചയമുള്ളവർ കുറവായതിനാൽ ഇവിടെ തൊഴിൽ ചെയ്യാൻ ആരും ഇവരെ വിളിക്കാറില്ല. കൂടാതെ നിർമ്മാണത്തൊഴിലുകൾ കൂടുതലും ചെയ്യുന്നത് ഇതര സംസ്ഥാന തൊഴിലാളികളാണ്. ഭൂരിഭാഗം ഗുണഭോക്താക്കളും കൂലിവേല ചെയ്തു ജീവിച്ചു വരുന്നവരാണ്. ആഴ്ചയിൽ മൂന്ന് ദിവസമാണ് തൊഴിൽ ലഭ്യമാകുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരമാണ് ഏറിയപേർക്കും തൊഴിൽ ലഭിക്കുന്നത്. പഴയ സ്ഥലത്ത് പ്രധാന വരുമാന ഉപാധിയായിരുന്നു തെങ്ങ് കയറ്റം. എന്നാൽ മഴക്കാലത്ത് പുനരധിവാസ മേഖലയിൽ തെങ്ങ് കയറ്റ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നില്ല. കൂടാതെ തൊഴിലിന് ലഭിക്കുന്ന കൂലി തുച്ഛമാണ്. സങ്കേതത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികളെ, സ്വന്തമായി വീട് നിർമ്മാണം നടത്തുന്നവരുടെ കെട്ടിടം നിർമ്മിക്കുന്നതിന് മാത്രമാണ് വിളിക്കാറുള്ളത്. എന്നാൽ കുടുംബശ്രീ വഴി നടത്തുന്ന ഭവന നിർമ്മാണത്തിനു ഇവരെ വിളിക്കാറില്ല.

ചിത്രം3.21**തൊഴിൽ**



സങ്കേതത്തിൽ 16.7% പേർ തൊഴിൽരഹിതരാണ്. 16.7% പേർ കാർഷിക മേഖലയിലും, 16.7% പേർ നിർമ്മാണ മേഖലയിലും ജോലി ചെയ്യുന്നു. 16.7% പേർക്ക് തൊഴിലുറപ്പിലൂടെ തൊഴിൽ ലഭിക്കുന്നുണ്ട്. 33.3% പേർ വീട്ടമ്മമാരാണ്.

ആറ് സെന്റ് വീടും പുരയിടവും മാത്രമാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചിരുന്നത്. അതിനാൽ ഓരോ ഗുണഭോക്താക്കൾക്കും പ്രത്യേക രീതിയിൽ കൃഷി രീതികൾ പിന്തുടരുന്നതിന് സാധിക്കുന്നില്ല. ലഭ്യമായ ഭൂമിയിൽ കുറഞ്ഞ കാർഷികവിളകൾ ഗാർഹികാവശ്യത്തിന് മാത്രമാണ് ഉപയോഗപ്പെടുത്തുന്നത്. മാവ്, വാഴ, കപ്പ, പയർ വർഗ്ഗങ്ങൾ, ചേമ്പ്, പച്ചമുളക് എന്നിവയാണ് പ്രധാന കൃഷികൾ. ജൈവ കൃഷിയാണ് പിന്തുടരുന്നത്. പലപ്പോഴും കൃഷി അടുക്കളത്തോട്ടത്തിൽ മാത്രമായി ഒതുങ്ങുന്നു. സങ്കേതവാസികൾക്ക് മതിയായ ജലസേചന സൗകര്യമില്ലാത്തതിനാൽ കൃഷി ഉപജീവനമാർഗ്ഗമാക്കാൻ സാധിക്കുന്നില്ല. സങ്കേതത്തിൽ കൃഷിക്കായി പ്രത്യേക സ്ഥലവും നീക്കിവെച്ചിട്ടില്ല. അതിനാൽതന്നെ കാർഷിക സ്വയം പര്യാപ്തത ഇവിടെയില്ല എന്നത് മറ്റൊരു വെല്ലുവിളിയാണ്. കുടിവെള്ളത്തിനും മറ്റ് സൗകര്യങ്ങൾക്കും വാട്ടർ അതോറിറ്റിയുടെ വെള്ളം മാത്രമാണുള്ളത്. സങ്കേതത്തിൽ ഓരോ ഗുണഭോക്താ ക്കൾക്കും മതിയായ ഭൂമി ഇല്ലത്തതിനാൽ മൃഗപരിപാലനം സാധ്യമാകുന്നില്ല. അതിനാൽ ഇത്തരം സംരംഭങ്ങളിൽ കൂടി ജീവിതനിലവാരം മെച്ചപ്പെടുത്താൻ സാധിക്കുകയില്ല. ഇവിടെ സ്വയം തൊഴിൽ പരിശീലന പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. 10 പേർക്ക് ജോലി ലഭ്യമാകുന്ന തരത്തിൽ സിമന്റ്, കുടനിർമ്മാണ യൂണിറ്റുകൾക്കുള്ള പ്രൊപ്പോസലുകൾ സർക്കാറിലേക്ക് നൽകിയിട്ടുണ്ട് എന്നല്ലാതെ പദ്ധതികൾ ആരംഭിച്ചിട്ടില്ല.

## S.XXI .7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ എടക്കാട്ട് വയൽ വില്ലേജിലെ പട്ടികവർഗ്ഗസങ്കേതത്തിനായി നീക്കിവെച്ചത് അഞ്ച് ഏക്കർ പതിനാറ് സെന്റ് ഭൂമിയാണ്. ഇതിൽ താമസമാക്കിയിട്ടുള്ള ഭൂരിഭാഗം ഗുണഭോക്താക്കളും ഉള്ളാടൻ സമുദായമെന്നവകാശപ്പെടുന്നവരാണ്. ഒരു ഗുണഭോക്താവ് മലയരയൻ സമുദായമെന്നും, ബാക്കി 85 പേർ ഉള്ളാടൻ സമുദായമെന്നുമാണവകാശപ്പെടുന്നത്. ആറ് സെന്റ് വീതമുള്ള കര ഭൂമിയാണ് ഇവർക്ക് ലഭ്യമായത്. 2012ൽ പട്ടയം നൽകപ്പെട്ടതാണ്. എന്നാൽ കെട്ടിടനിർമ്മാണത്തിനനുസരിച്ചാണ് ഭൂമിയിൽ ഗുണഭോക്താക്കൾ താമസിക്കുന്നത്. എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമായ ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും പട്ടയരേഖ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഫലഭൂയിഷ്ഠമായ ഭൂമിയാണ് നൽകിയതെങ്കിലും കുറഞ്ഞ അളവിൽ

മാത്രമാണ് ഓരോ ഗുണഭോക്താക്കൾക്കും ഭൂമി ലഭ്യമായിരിക്കുന്നത്. അതിനാൽ തന്നെ കൃഷി ഒരു വരുമാന മാർഗ്ഗമാക്കാൻ സാധിക്കുന്നില്ല. കൂടാതെ ജലലഭ്യതക്കുറവും ഇതിന് പ്രധാന തടസ്സം തന്നെയാണ്. ചില ഗുണഭോക്താക്കൾക്ക് ലഭിച്ച ഭൂമി വാസയോഗ്യമാക്കുന്നതിന് സ്വന്തം ചിലവിൽ ചെയ്യേണ്ടതായ സാഹചര്യവും ഉണ്ടായിട്ടുണ്ട്. മൂന്ന് പ്രാവശ്യം സർവ്വേ നടത്തേണ്ടിവരികയും എന്നാൽ കൃത്യമായ രീതിയിൽ ഭൂമിയെക്കുറിച്ച് അറിയാത്തവരും ഇവർക്കിടയിലുണ്ട്. അടുത്തടുത്ത് വീടുകൾ നിർമ്മിച്ചതിനാൽ അവകാശ തർക്കങ്ങളും നിലനിൽക്കുന്നുണ്ട്.

2000ത്തിന് മുൻപ് തന്നെ ഭൂമിക്കായി അപേക്ഷ നൽകിയതാണെങ്കിലും 2005ലാണ് ഭൂമി ലഭിക്കുന്നത്. ഭൂമി ലഭിച്ച ആദ്യത്തെ ഗുണഭോക്താവ് കൃഷ്ണൻകുട്ടി എന്നവരാണ്. 2015 ജൂൺ 7.ാം തീയ്യതിയാണ് ഭൂമിയുടെ പട്ടയം ഇവർക്ക് ലഭ്യമായത്. എടക്കാട്ട് വയൽ പഞ്ചായത്ത് പരിധിയിൽ, ചെത്തിക്കോട് വില്ലേജിൽ പാർപ്പംകോട് സങ്കേതത്തിൽ തരിശുഭൂമിയായ അക്കേഷ്യ തോട്ടങ്ങളാണ് ഇവർക്കായി നീക്കിവെച്ചത്. ജില്ലയിൽ ഗുണഭോക്താക്കളുടെ എണ്ണം കൂടുതൽ ആയതിനാൽ മാത്രമാണ് ഒരു ഏക്കർ വീതം ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരുന്നത്. ആറ് സെന്റ് വീതം 86 ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിരിക്കുന്ന മിച്ചഭൂമി സർക്കാർ നേരിട്ട് വിലക്ക് വാങ്ങിയതാണ്.

**ഊരുകൂട്ടം**

ഊരുകൂട്ടം സങ്കേതത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുവെങ്കിലും കാര്യമാത്രമായ രീതിയിൽ വികസന പ്രവർത്തനങ്ങൾ ഇനിയും ഏറ്റെടുത്തു നടപ്പിലാക്കേണ്ടതായുണ്ട്. ആറ് മാസത്തിൽ ഒരിക്കലാണ് ഊര്കൂട്ടം യോഗം ചേരുന്നത്. യോഗത്തിൽ പ്രൊമോട്ടർ, പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, പഞ്ചായത്ത് സെക്രട്ടറി, മെമ്പർമാർ, ഊര് മൂപ്പൻ തുടങ്ങിയവർ സജീവമായിത്തന്നെ പങ്കെടുക്കുകയും പുനരധിവാസം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്തു വരുന്നുണ്ടെങ്കിലും കാര്യക്ഷമമായ രീതിയിൽ ഇനിയും മുന്നോട്ട് പോയിട്ടില്ല.

**കുടുംബശ്രീ**

സങ്കേതത്തിൽ 2017 ലാണ് കുടുംബശ്രീ രൂപീകരിച്ചത്. ഇതിൽത്തന്നെ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭ്യമാകുന്നു എന്നതല്ലാതെ പുരോഗമനപരമായ രീതിയിൽ ഒന്നും തന്നെ പ്രവർത്തനങ്ങൾ മുന്നോട്ട് പോയിട്ടില്ല. 25 വീടുകളുടെ ഭവനനിർമ്മാണം കുടുംബശ്രീ

വഴി നിർമ്മിച്ചു നൽകിയതാണ്. ഏതാനും ഭവനങ്ങൾ നിർമ്മാണം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു.

### S.XXI.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

തൊഴിലുറപ്പ് പദ്ധതികൾ തുടങ്ങിവച്ചതാണെങ്കിലും സങ്കേതത്തിൽ അംഗത്വമുള്ള ഗുണഭോക്താക്കൾ കുറവാണ്. വർഷത്തിൽ ആകെ ലഭിക്കുന്നത് 20 തൊഴിൽ ദിനങ്ങൾ മാത്രമാണ്. തൊഴിലിൽനിന്നും മതിയായ രീതിയിൽ തൊഴിലുറപ്പ് പദ്ധതികൾ പ്രകാരം ജീവനോപാധികൾ കണ്ടെത്താൻ സാധിക്കുന്നില്ല.

വ്യക്തിഗതമായും ഫിനാൻസ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തവരാണ് ഏറിയപേരും. കുടുംബശ്രീ മുഖേനയും, മറ്റ് ഏജൻസികൾ വഴിയും ഭവനനിർമ്മാണം പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് മാറിത്താമസിക്കുന്നതിന് സ്വന്തമായ ചെലവ് കൂടി നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. ഏജൻസികൾ വഴി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി ശ്രമിച്ചെങ്കിലും കുറച്ച് ഗുണഭോക്താക്കൾക്ക് മാത്രമാണ് ഇത് പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചത്. ആയതിനാൽ ഗൃഹോപകരണങ്ങൾക്കും, മറ്റു ചിലവിനത്തിലേക്കും വായ്പ എടുക്കേണ്ടതായി വരികയും, ഇത് മൂലം മാനസിക പ്രയാസം നേരിടുന്നവരുമാണ് ഈ സങ്കേതത്തിലുളളത്. കൂടാതെ പണിപൂർത്തിയാകാതെ തന്നെ പകുതി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിലാണ് ഇവർ താമസിക്കുന്നത്. തൊഴിൽ ലഭ്യതക്കുറവ് കടബാധ്യതകൾ വർദ്ധിപ്പിക്കുന്നുണ്ട്. കയ്യാല നിർമ്മാണത്തിന് വായ്പ എടുക്കേണ്ടി വന്നവരും ഇവിടെയുണ്ട്. കുഴൽ കിണർ ആറ് എണ്ണം നിർമ്മിച്ചതാണെങ്കിലും ഉപയോഗ പ്രദമാകുന്നത് മൂന്ന് എണ്ണമാണ്. എന്നാൽതന്നെയും വെള്ളം കലങ്ങുന്നതിനാൽ കുടിക്കാനായി വാങ്ങിക്കേണ്ട സാഹചര്യവും നിലവിൽ ഉണ്ട്.

പുനരധിവാസ മേഖലയിലെ സാമൂഹിക സാഹചര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ട് വന്നിട്ടില്ല. സാംസ്കാരിക നിലയങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ ഇതെല്ലാം നടപ്പിലാക്കാനുണ്ട്. നിലവിൽ ചെറുകിട വാഹനങ്ങൾ പോകുന്നതിനായുള്ള ഗതാഗത സംവിധാനവും, താൽക്കാലിക കുടിവെള്ള സംവിധാനങ്ങളുമാണ് ഇവിടെയുള്ളത്. ഭവന നിർമ്മാണത്തിന് ആകെയുള്ള തുകയിൽ ഒതുക്കി നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. വ്യക്തഗതമായി വീട് നിർമ്മിക്കുന്നവരിൽ ഭൂരിപക്ഷം പേരും പ്രശ്നങ്ങൾ നേരിട്ട് കൊണ്ടിരിക്കുന്നുണ്ട്. ഏറിയപേരും നല്ല ഗതാഗത സൗകര്യങ്ങൾ ഉള്ള പ്രദേശത്ത് നിന്നും മാറിത്താമസിച്ചവരാകയാൽ ഇപ്പോഴത്തെ പുനരധിവാസ സ്ഥലം ഇവർക്ക് വലിയ വെല്ലുവിളി തന്നെയാണ്.

## S.XXI .9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

### 1. ചുറ്റുമതിൽ നിർമ്മാണം

സങ്കേതം നിലവിൽ സ്ഥിതിചെയ്യുന്നത് എടക്കാട് വയലിൽ ആണ്. പാർപ്പം കോട് എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ഇവിടെ ആറ് സെന്റ് വീതമാണ് ഓരോ ഗുണഭോക്താക്കൾക്കും നൽകിയിരിക്കുന്നത്. സങ്കേതത്തിന് ചുറ്റിലുമായി അതായത് അഞ്ച് ഏക്കർ പതിനാറ് സെന്റ് സ്ഥലത്ത് ചുറ്റുമതിൽ ആവശ്യമാണ്.

### 2. സാംസ്കാരിക നിലയം

സങ്കേതത്തിനകത്ത് സാംസ്കാരിക നിലയം ഇല്ല. നല്ലൊരു സാംസ്കാരിക നിലയം പണിതു നൽകിയാൽ കൂട്ടമായി ചർച്ചചെയ്യുന്നതിനും, പ്രധാന മീറ്റിംഗുകൾ നടത്തുന്നതിനും, സങ്കേതവാസികളുടെ മറ്റ് സാംസ്കാരിക കാര്യങ്ങൾക്കും പ്രയോജനപ്രദമായിരിക്കും

### 3. പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക

പ്രാഥമിക പഠന സൗകര്യങ്ങൾ ഉണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം നേടാൻ ഏറെ ദൂരം യാത്ര ചെയ്യേതുണ്ട്. വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നല്ല രീതിയിൽ ട്യൂഷൻ സെന്ററുകൾ സ്ഥാപിച്ചാൽ ഇവർക്ക് മികച്ച രീതിയിൽ വിദ്യാഭ്യാസം പൂർത്തിയാക്കാനും അതിലുപരി പഠനത്തിലൂടെ തൊഴിൽ കണ്ടെത്തി മുന്നേറാനും സാധിക്കുന്നതാണ്. നിലവിൽ ട്യൂഷൻ സൗകര്യങ്ങൾ ഇവിടെയില്ലാത്തതിനാൽ ബിരുദം പൂർത്തിയായവരെ ഉൾപ്പെടുത്തി, മികച്ച അധ്യാപകരെ ഇവരിൽനിന്ന്തന്നെ കണ്ടെത്തി നിയമിച്ചാൽ നല്ലൊരു മാതൃകയാകും. മാതാപിതാക്കൾക്ക് വിദ്യാഭ്യാസമില്ലാത്തതിനാൽ പഠനകാര്യങ്ങളിൽ അവർക്ക് മക്കളെ സഹായിക്കാൻ കഴിയുന്നില്ല. അതിനാൽ മികച്ച ട്യൂഷൻ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. പഠന ഉപകരണങ്ങൾ വിതരണം ചെയ്യുകയും മാതാപിതാക്കൾക്ക് മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ അവബോധം നൽകുകയും ചെയ്യേണ്ടതാണ്.

**4. താമസമാക്കാത്ത ഗുണഭോക്താക്കളുടെ പട്ടയം റദ്ദ് ചെയ്യൽ**

സങ്കേതത്തിൽ താമസമാക്കാത്ത ഗുണഭോക്താക്കളുടെ പട്ടയം റദ്ദ് ചെയ്ത് പകരം ഭൂമി ആവശ്യമുള്ളവർക്ക് നൽകിയാൽ ഉപകാരപ്രദമായിരിക്കും. സങ്കേതത്തിൽ ഭവന നിർമ്മാണം പൂർത്തിയായിട്ടും വീട് വാടകയ്ക്ക് നൽകുന്നവർ വരെയുണ്ട്. മതിയായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തത് കാരണം സങ്കേതത്തിൽ താമസിക്കുന്നതിൽ നിന്നും പലരേയും പിന്നോക്കം നയിക്കുന്നുണ്ട്.

**5. ഭവന നിർമ്മാണം**

നിലവിൽ സ്വന്തമായി ഭവന നിർമ്മാണം ചെയ്തു വരുന്ന ഗുണഭോക്താക്കളുണ്ട്. കുടുംബശ്രീ മുഖേനയും, മറ്റ് ഏജൻസികൾ വഴിയും നിർമ്മിച്ചു നൽകിയ വീടുകളിൽ ധാരാളം അപാകതകൾ കണ്ടു വരുന്നുണ്ട്. വേണ്ടത്ര കെട്ടുറപ്പോടെയല്ല നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. മേൽക്കൂരയിൽ പതിപ്പിച്ച ഓടുകളിൽ നിന്നും മഴക്കാലത്ത് വെള്ളം താഴേക്ക് ഇറങ്ങിവരുന്നതിനാൽ വാസയോഗ്യമായ രീതിയിൽ ഇവിടെ താമസിക്കാൻ സാധിക്കുന്നില്ല. പൊട്ടിപ്പൊളിഞ്ഞ ചുമർ ഭിത്തികളും, അടർന്നു വീഴുന്ന പ്ലാസ്റ്ററിംഗ് സംവിധാനങ്ങളുമെല്ലാം തന്നെ ഭവന നിർമ്മാണത്തിലെ അപാകതകൾ ചൂണ്ടി കാട്ടുന്നു. കൂടാതെ ഭവന നിർമ്മാണത്തിന് ഗഡുക്കളായി നൽകി വരുന്ന തുകകൾ കൃത്യമായ സമയത്ത് ലഭിക്കാത്തതിനാൽ സ്വന്തമായി വീട് നിർമ്മാണം നടത്തുന്നവർക്ക് വായ്പ എടുക്കേണ്ടതായും വരുന്നുണ്ട്. കാര്യക്ഷമമായ രീതിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകുകയും കൃത്യമായ ഇടവേളകളിൽ ഗഡുക്കളായി പണം നൽകുകയും ചെയ്താൽ ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് വലിയൊരു പരിഹാരമാകും.

**6. തെരുവു വിളക്കുകൾ സ്ഥാപിക്കൽ**

സങ്കേതത്തിൽ നിലവിൽ വൈദ്യുതീകരണം നടന്നിട്ടുണ്ടെങ്കിലും തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. ഇത് സങ്കേതത്തിന്റെ പൊതുവായ ആവശ്യം കൂടിയായതിനാൽ ദ്രുതഗതിയിൽതെരുവു വിളക്കിന്റെ പ്രവർത്തനങ്ങൾ തുടങ്ങേണ്ടതാണ്.

**7. കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തൽ**

സങ്കേതത്തിൽ കുടിവെള്ളം മതിയായ രീതിയിലോ കാര്യക്ഷമമായോ ലഭിക്കുന്നില്ല. ആറ് കുഴൽ കിണറുകളിൽ മൂന്ന് എണ്ണമാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ളവയുടെ മോട്ടോർ സംവിധാനങ്ങൾ ശരിയാക്കേണ്ടതുണ്ട്. വേനൽക്കാലങ്ങളിൽ ഇതിന്റെ രൂക്ഷത

നല്ലപോലെ സങ്കേതവാസികൾ അനുഭവിക്കുന്നുണ്ട്. നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും ജല ലഭ്യത എല്ലാവർക്കുമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**8. ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

സങ്കേതത്തിനകത്ത് റോഡ് സംവിധാനങ്ങൾ നടപ്പിലാക്കിയതാണെങ്കിലും ഗതാഗത സംവിധാനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതായുണ്ട്. റോഡ് ടാറിംഗ് സങ്കേതത്തിനകത്ത് നടത്തിയെങ്കിലും ചില ഭാഗങ്ങൾ പൊട്ടിപൊളിഞ്ഞ നിലയിലാണ്. കാര്യക്ഷമമായ രീതിയിലിത് നടപ്പാക്കാത്തതിനാൽ മഴക്കാലത്ത് ഗതാഗത സംവിധാനം ദുരിതപൂർണ്ണമാണ്. കൂടാതെ ജലവിതാനത്തിന് സങ്കേതത്തിൽ പൈപ്പിടൽ നടത്തുന്നതിന് മണ്ണെടുക്കുമ്പോഴും റോഡും മണ്ണും കൂടിച്ചേർന്ന് ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്. കനം കുറഞ്ഞ രീതിയിലാണ് ടാറിംഗ് നടത്തിയിരിക്കുന്നത്. ചെറു വാഹനങ്ങൾ മാത്രമാണ് സങ്കേതത്തിൽ ഗതാഗതത്തിന് ആശ്രയം. ബസ് സർവ്വീസുകളും ലഭ്യമല്ലാത്തതിനാൽ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

**9. റേഷൻ കാർഡ് വിതരണം**

ഗൃഹനിർമ്മാണ പുരോഗതിക്ക് അനുസരിച്ച് മാത്രമാണ് സങ്കേതവാസികൾ ഇവിടെ താമസിക്കുന്നത്. സർക്കാർ വഴി നൽകുന്ന ഭക്ഷ്യവിതരണം പുതിയ ഏതാനും ഗുണഭോക്താക്കൾക്ക് റേഷൻ കാർഡുകൾ ഇല്ലാത്തതിനാൽ ലഭിച്ചിട്ടില്ല. ആയതിനാൽ വേഗത്തിൽ തന്നെ റേഷൻകാർഡ് വിതരണം ചെയ്യേണ്ടതാണ്.

**10. തൊഴിൽ പരിശീലനങ്ങളും, തൊഴിൽ ലഭ്യതയും**

സങ്കേതത്തിൽ സ്വയം സഹായ സംഘങ്ങളും ഊരുകൂട്ടങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും കൃത്യമായ രീതിയിൽ തൊഴിൽ പരിശീനങ്ങൾ നടപ്പിലാക്കിയിട്ടില്ല. സ്ത്രീകളുടെ കൂട്ടായ്മകൾ ഉണ്ടെങ്കിലും തൊഴിൽ പരിശീലനങ്ങൾ ആരംഭിക്കാത്തത് മറ്റൊരു പ്രധാന വെല്ലുവിളി തന്നെയാണ്. പ്രാദേശികമായ പ്രത്യേകതകൾ കണക്കാക്കി ഇവ നടപ്പിൽ വരുത്തിയാൽ നിലവിൽ തൊഴിൽ ലഭ്യതക്ക് ചെറിയ തരത്തിൽ പരിഹാരം കണ്ടെത്താനാകും.

തൊഴിലില്ലായ്മ ഉപജീവനത്തേയും മാനസികരോഗ്യത്തേയും കാര്യമായി ബാധിക്കുന്നുണ്ട്. തൊഴിലുറപ്പ് മുഖാന്തിരം ലഭ്യമാകുന്ന തൊഴിൽദിനങ്ങൾ തുച്ഛമാണ്. നിർമ്മാണമേഖലയിൽ അന്യസംസ്ഥാന തൊഴിലാളികളാണുള്ളത്.

**11. ആരോഗ്യനിലയങ്ങൾ സ്ഥാപിക്കുക**

സങ്കേതത്തിനകത്ത് ആരോഗ്യനിലയങ്ങൾ നിലവിൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. ആശുപത്രി സൗകര്യത്തിന് ചികിത്സക്കുമെല്ലാം ഏറെ ദൂരം പോകേണ്ട സാഹചര്യമാണുള്ളത്. സ്വകാര്യ ആശുപത്രികളെയാണ് നിലവിൽ ആശ്രയിക്കേണ്ടി വരുന്നത്. ഇടയ്ക്കിടെ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുവെങ്കിലും കാര്യക്ഷമമല്ല. ക്ലിനിക്കുകൾ ആരംഭിക്കുകയാണെങ്കിൽ പ്രഥമ പരിഹാരങ്ങൾ ഇത്തരം പ്രശ്നങ്ങൾക്ക് കണ്ടെത്താനാകും. ഹെൽത്ത് സെന്ററുകൾക്ക് ഇവിടെ മുൻഗണന നൽകേണ്ടതാണ്.

**12. ശുദ്ധജല ലഭ്യതയ്ക്ക് ബോർവെൽ സംവിധാനങ്ങൾ ശക്തമാക്കണം**

നിലവിൽ ശുദ്ധജല ലഭ്യതയ്ക്ക് ബോർവെൽ സംവിധാനങ്ങൾ ഉണ്ടെങ്കിൽ തന്നെയും കാര്യക്ഷമമല്ല. 3 എണ്ണം മാത്രമാണ് പ്രവർത്തനനിരതമായത്. മോട്ടോർ സംവിധാനങ്ങൾ നടപ്പിലാക്കാനായി ആദ്യകാലത്ത് കൂട്ടായ രീതിയിൽ പ്രവർത്തിച്ച താണെങ്കിലും സങ്കേതവാസികളിലെ ഐക്യമില്ലായ്മ ഇവരെ മോട്ടോർ ഘടിപ്പിക്കുന്നതിൽനിന്നും പിന്തിരിപ്പിച്ചു.

ചെറിയ ടാങ്കുകൾ ഓരോ വീടുകളിലും നിർമ്മിക്കുകയും, വലിയ ടാങ്കിൽ ജലം ശേഖരിച്ചുവയ്ക്കാനുള്ള സംവിധാനങ്ങളും ചെയ്യേണ്ടതുണ്ട്. പൈപ്പ് കണക്ഷൻ ഉണ്ടെങ്കിലും സർക്കാറിന്റെ ജലം ആഴ്ചയിൽ 2 - 3 ദിവസങ്ങൾ മാത്രമാണ് വരുന്നത്. കാര്യക്ഷമമായ രീതിയിൽ ശുദ്ധജല സൗകര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

**13. അടുക്കള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

ഭവനനിർമ്മാണം പൂർത്തിയാകുന്തോറും സങ്കേതത്തിനകത്തെ മറ്റൊരു വെല്ലുവിളിയാണ് അടുക്കള നിർമ്മാണം. പണിതുനൽകിയ വീടുകൾക്ക് അടുക്കള തീരെ ചെറുതും സൗകര്യങ്ങൾ കുറഞ്ഞതുമാണ്. അടുക്കള സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് പൊതുവിൽ എല്ലാ സങ്കേതവാസികളുടെയും ആവശ്യമാണ്.

**14. ക്ലബ്ബുകൾ – ലൈബ്രറികൾ**

വായനശാലയും ക്ലബുകളും സങ്കേതത്തിനകത്ത് ആവശ്യഘടകമാണ്. എന്നാൽ നിലവിൽ ക്ലബുകളോ ലൈബ്രറികളോ ആരംഭിച്ചിട്ടില്ല. വിവിധയിനം ക്ലബുകൾ കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും, സ്വയം സംവിധാനങ്ങൾ ഒരുക്കുന്നതിനും ഉപകാരപ്രദമാണ്. വിദ്യാർത്ഥികൾക്ക് വായനാശീലം മെച്ചപ്പെടുത്താൻ ലൈബ്രറികൾ അത്യാവശ്യമാണ്.

**15. തദ്ദേശ മേഖലയിലെ ഫണ്ട് വിതരണം**

തദ്ദേശ മേഖലയിൽ ഫണ്ട് വിതരണം കാര്യക്ഷമമായ രീതിയിൽ തന്നെ നടപ്പിലാക്കേണ്ടതാണ്. ഫണ്ടുകൾ കൃത്യമായി ലഭിക്കാത്തത് ഭവനനിർമ്മാണ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് പ്രയാസം നേരിടുകയും തന്മൂലം സങ്കേതത്തിൽ സ്ഥിരവാസമുറപ്പിക്കാൻ കാല താമസം ഉണ്ടാവുകയും ചെയ്യുന്നു.

**16. മേഖലയിലെ പ്രൊമോട്ടർമാർക്ക് ട്രെയിനിംഗ് പരിശീനങ്ങൾ നൽകണം**

മേഖലയിലെ പ്രൊമോട്ടർമാർക്ക് ട്രെയിനിംഗ് പരിശീലനങ്ങൾ കാര്യക്ഷമമായി നൽകേണ്ടതാണ്. സങ്കേതത്തിനകത്തെ പൊതുവായ പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കുന്നതിനും, പ്രശ്നപരിഹാര നിർദ്ദേശങ്ങൾ, കാര്യക്ഷമമായ സംവിധാനങ്ങൾ എന്നിവ സങ്കേതത്തിനകത്ത് നടപ്പിൽ വരുത്തുന്നതിന് ഇത്തരം പരിശീലനങ്ങൾ സഹായകരമായിരിക്കും.

**17. ഉടമസ്ഥരെ വച്ച് റീസർവേ നടത്തുക**

സങ്കേതവാസികൾക്ക് ആറ് സെന്റ് വീതം പുരയിടഭൂമിയാണ് നൽകിയത്. എന്നാൽ ഏതാനും ഗുണഭോക്താക്കൾക്ക് സ്ഥലം സർവ്വേ ചെയ്ത് ലഭിച്ചതിൽ കൃത്യമായി അളന്നിട്ടില്ല എന്ന് പൊതുവിൽ സങ്കേതവാസികളിൽ നിന്നും പരാതികൾ ഉയർന്നിട്ടുണ്ട്. സർവ്വെ പ്രകാരമാണ് പട്ടയം നൽകിയതെങ്കിലും ഒരേ കാലഘട്ടത്തിലല്ല എല്ലാ ഗുണഭോക്താക്കളും താമസമുറപ്പിക്കുന്നത്. സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ട് എന്ന പരാതിയുള്ളതിനാൽ റിസർവ്വേ നടത്തേണ്ടത് ആവശ്യമാണ്.

**18. ഗോത്ര വിഭാഗത്തിനെക്കറിച്ച് അറിവുള്ള ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്**

ഓരോ പുനരധിവാസ മേഖലയുടെ അവസ്ഥകളും, പോരായ്മകളും, കൂട്ടായ് മകളും, ഏതെല്ലാം ആദിവാസി വിഭാഗങ്ങളെയാണ് മാറ്റിപാർപ്പിച്ചിരിക്കുന്നത് എന്നുള്ള അറിവുകൾ ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കേണ്ടതാണ്. അത്തരം അറിവുകളുള്ള, സങ്കേതത്തിന്റെ വികസ നത്തിനായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ നിയമിക്കുക യാണെങ്കിൽ പ്രശ്നങ്ങൾക്ക് വളരെ വേഗത്തിൽ പരിഹാരങ്ങൾ കാണാനാകും.

**19. കാർഷിക പ്രോത്സാഹനം**

നിലവിൽ സങ്കേതത്തിനകത്ത് കൃഷി ചെയ്യുന്നവർ ആരും തന്നെയില്ല. കുറഞ്ഞ സ്ഥലത്ത് കൃഷി ചെയ്ത് ഉപജീവനം കണ്ടെത്താൻ ഇവർക്ക് നിലവിൽ സാധ്യമില്ല. അടുക്കളതോട്ടങ്ങൾ ഏതാനും ഗുണഭോക്താക്കൾ ചെയ്തു വരുന്നുണ്ടെങ്കിലും വിപണനാവശ്യത്തിന് ഇവയൊന്നും ലഭ്യമല്ല. കുറച്ചു സ്ഥലം കണ്ടെത്തി കൂട്ടായ്മയിൽ കൃഷി ആരംഭിക്കുകയും, സർക്കാർ പ്രോത്സാഹനം ചെയ്യുകയും ചെയ്താൽ ഇതിലൂടെ സ്വയംപര്യാപ്തത കൈവരിക്കാനാകും.

**ഉപസംഹാരം**

2018-ൽ രണ്ട് ഏക്കർ വീതം ഭൂമിക്ക് പട്ടയം ലഭിച്ച പന്തപ്ര സങ്കേതം കുട്ടമ്പുഴ ഗ്രാമപ ഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. മുതുവാൻ, മന്നാൻ സമുദായത്തിൽപ്പെടുന്ന 67 കുടും ബങ്ങൾക്കാണ് പട്ടയം ലഭിച്ചത്. സ്വന്തമായി ഭൂമിയില്ലാത്തതിനാലും, ഗതാഗതസൗകര്യം, ആനശല്യം എന്നിവയാലും ഇടുക്കി ജില്ലയിലെ വാര്യയത്ത് നിന്നും സമീപ പ്രദേശങ്ങളിൽ നിന്നും വന്ന ഇവർ പന്തപ്ര തേക്ക് പ്ലാന്റേഷനിൽ താമസിക്കുകയും 2018-ൽ പട്ടയം ലഭിക്കു കയും ചെയ്തു. പുതുതായി പട്ടയം നൽകിയതിനാൽ വീടു നിർമ്മിക്കാത്തതും മരം മുറിച്ച് കൃഷി ചെയ്യാൻ നിയമം അനുവദിക്കാത്തതും ഇവർക്ക് വെല്ലുവിളികളാണ്. അതോടൊപ്പം വെള്ളം , വൈദ്യുതി, റോഡ്, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നടന്ന് വരുന്നു.

നേര്യമംഗലം തലക്കൽ ചന്തു സങ്കേതത്തിൽ ലഭ്യമായ ഭൂമിയിൽ നിന്നും കൃഷി ചെയ്തുവരുമാനം കണ്ടെത്താൻ ഗുണഭോക്താക്കൾക്ക് കഴിഞ്ഞിട്ടില്ല. നിർമ്മാണ ഇതര മേഖലകളിലെ കൂലിപണികളെ ആശ്രയിക്കുന്ന സങ്കേതവാസികളിൽ ബഹുഭൂരിപക്ഷവും മേഖലയിലെ ഇതര ജനവിഭാഗങ്ങളുമായി മെച്ചപ്പെട്ട സാമൂഹിക ബന്ധം സ്ഥാപിക്കാൻ കഴിയാത്തത് കൊണ്ട് തന്നെ മേഖലയിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഒന്നിലധികം ഗോത്രവിഭാഗങ്ങൾ വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളിൽ

നിന്നും വന്നവരായത് കൊണ്ട് തന്നെ സാമൂഹിക ഐക്യം സങ്കേതത്തിൽ രൂപപെട്ടിട്ടില്ല. ഇത് സങ്കേതവാസികൾ തമ്മിലുള്ള പരസ്പര സഹകരണത്തെയും പരസ്പരാശ്രയത്തെയും ദോഷകരമായി ബാധിക്കുന്നു. മദ്യപാനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമം മുതലായ സാമൂഹിക പ്രശ്നങ്ങൾ സങ്കേതം നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ്.

എറണാകുളം ജില്ലയിലെ കണയന്നൂർ താലക്കിൽപെട്ട എടക്കാട്ട് വയൽ സങ്കേതത്തിൽ 86 കുടുംബങ്ങൾക്കുളള 6 സെന്റ് വീതം ഭൂമിയിൽ 17 കുടുംബങ്ങൾ മാത്രമാണ് താമസമാക്കിവരുന്നത്. വീടിന്റെയും മറ്റ് അടിസ്ഥാന വികസന സൗകര്യ പ്രശ്നങ്ങളും, തൊഴിൽലഭ്യതക്കുറവും ഇവിടേക്ക് താമസമുറപ്പിക്കുന്നതിന് തടസ്സമാണ്. നിർമ്മാണം പൂർത്തിയായ ഭവനങ്ങൾ തന്നെ റിപ്പയിറംഗ് നടത്തേണ്ട സാഹചര്യമാണ് ഉള്ളത്. മേൽ ഉന്നയിച്ചിട്ടുളള വിഷയങ്ങൾ പരിഹരിച്ച് മുന്നോട്ട് പോകുകയാണെങ്കിൽ എറണാകുളം ജില്ലയിലെ മൂന്നു സങ്കേതങ്ങളും ഭാവിയിൽ നല്ല മാതൃകാ സങ്കേതങ്ങളാക്കുവാൻ സാധിക്കുന്നതാണ്. മുൻ പദ്ധതികളിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട് പരമാവധി വേഗ ത്തിലും ഗുണത്തിലും പദ്ധതി നടപ്പാക്കാൻ കഴിഞ്ഞാൽ വളരെ വേഗത്തിൽ സങ്കേതവാസിക ളുടെ ജീവിതത്തിൽ നല്ല മാറ്റങ്ങൾ പ്രതീക്ഷാം.

# കോഴിക്കോട് ജില്ല

# കോഴിക്കോട് ജില്ലയിലെ പുനരധിവാസ സങ്കേതങ്ങൾ

കേരളത്തിന്റെ മധ്യ കാലഘട്ടത്തിലെ ചരിത്ര രേഖകളിൽ സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രധാന വ്യാപാര കേന്ദ്രങ്ങളിലൊന്നായി കോഴിക്കോട് അറിയപ്പെട്ടിരുന്നു. അതു കൊണ്ട് തന്നെ ഈ നഗരം 'സുഗന്ധദ്രവ്യങ്ങളുടെ നഗരം' എന്ന് വിളിക്കപ്പെട്ടിരുന്നു. പണ്ടു കാലം മുതൽക്കെ ഈ പട്ടണം സഞ്ചാരികളുടെ പറുദീസയായിരുന്നു. ഇവിടെ ജൂതൻമാർ, അറബികൾ, ചൈനക്കാർ ഏന്നിവരുമായി സുഗന്ധദ്രവ്യങ്ങളായ കുരുമുളക്, ഏലം, എന്നിവയുടെ കച്ചവടം നടത്തിയിരുന്നു.

ഇന്ത്യയുടെ തെക്ക് പടിഞ്ഞാറ് തീരത്താണ് കോഴിക്കോട് ജില്ല സ്ഥിതി ചെയ്യുന്നത്. വടക്ക് കണ്ണൂർ ജില്ല, കിഴക്ക് വയനാട് ജില്ല, തെക്ക് മലപ്പുറം, പടിഞ്ഞാറ് അറബി കടൽ എന്നിവയാണ് ജില്ല യുടെ അതിരുകൾ. കോഴിക്കോട് ജില്ലയിൽ താഴെ പറയുന്ന മൂന്ന് ടി.ആർ.ഡി.എം സങ്കേതങ്ങളാണു ള്ളത്.

ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട്-കുളത്തൂർ സങ്കേതം, കോടഞ്ചേരി പഞ്ചായത്തിലെ തുഷാരഗിരി വനമേഖലയുടെ സമീപപ്രദേശത്തായ് സ്ഥിതി ചെയ്യുന്ന വട്ടച്ചിറ സങ്കേതം, ചക്കിട്ടപ്പാറ പഞ്ചായത്തിലെ പേരാമ്പ്ര എസ്റ്റേറ്റ് സങ്കേതം (സീതപാറ സങ്കേതം).

## S.XXII. മുതുകാട്-കുളത്തൂർ സങ്കേതം

### S.XXII .1 പ്രദേശം

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ പഞ്ചായത്തിൽ വാർഡ് നമ്പർ-5 ലാണ് മുതുകാട്-കുള ത്തൂർ സങ്കേതം സ്ഥിതി ചെയ്യുന്നത്. 2003-ൽ ടി.ആർ.ടി.എം പ്രകാരം 41 കുടുംബങ്ങൾക്കായിരുന്നു ഭൂമി നൽകിയിരുന്നത്. പണിയർ, കാട്ടുനായ്ക്കൻ വിഭാഗത്തിൽ നിന്നുള്ളവരാണ് ഇവിടത്തെ സങ്കേ തവാസികൾ. ഒരേക്കർ വീതം 41 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചതിൽ നിലവിൽ 30 കുടുംബ ങ്ങൾ താമസിക്കുന്നു. നിലവിൽ ഉപകുടുംബങ്ങളടക്കം 34 കുടുംബങ്ങൾ സങ്കേതത്തിൽ നിലവിൽ താമസിക്കുന്നു. കോഴിക്കോട് ജില്ലയിൽ തന്നെയുള്ള ചെങ്കോട്ടകൊല്ലി, തലയാട്, മണിച്ചേരി മല തുട ങ്ങിയ സങ്കേതത്തിലുള്ള 10 സെന്റിന് താഴെ ഭൂമിയുള്ളതും ഭൂരഹിതരുമായ പണിയൻ, കാട്ടുനാ യ്ക്കൻ എന്നീ ഗോത്ര വിഭാഗങ്ങളിൽ ഉള്ളവർക്കാണ് പദ്ധതി പ്രകാരം ഭൂമി ലഭിച്ചത്. 2002-ൽ ഭൂമി അനുവദിച്ചിരുന്നെങ്കിലും 2005-ന് ശേഷമാണ് ഭൂരിഭാഗം കുടുംബങ്ങളും സങ്കേതത്തിൽ താമസമാ ക്കിയത്. സങ്കേതത്തിന്റെ ഒരു ഭാഗം മുതുകാട് ടൗണിന് തൊട്ടടുത്തായതിനാൽ ഗതാഗത സൗകര്യമുണ്ട്.

മുതുകാട്-കുളത്തൂർ സങ്കേതത്തിൽ താമസിക്കുന്നഗുണഭോക്താക്കളുടെ 14% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S.XXII.1.2ചരിത്രം – കുളത്തൂർ സങ്കേതം

2003-ലാണ് ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട്-കുളത്തൂർ സങ്കേതത്തിൽ പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2000/2003 കാലഘട്ടത്തിൽ. ഭൂമി വിതരണവുമായി ബന്ധപ്പെട്ട തുക നീക്കിവക്കുകയും ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും ഭവന നിർമ്മാണത്തിന് ആവശ്യമായ തുക നീക്കിവെക്കുകയും ചെയ്തിരുന്നു. ഭൂരഹിതർക്ക് നൽകാനായി 45 ഏക്കർ റവന്യൂ ഭൂമിയാണ് ചക്കി ട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് എന്ന സ്ഥലത്ത് നൽകിയത്. വഴിക്കുള്ള സ്ഥലം കിഴിച്ച് 41 ഏക്കർ ഭൂമി നൽകുകയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് 41 പേരെ കണ്ടെത്തുകയുമായിരുന്നു.എന്നാൽ ഒരേ ക്കർ സ്ഥലത്തിന്റെ കൈവശരേഖ വാങ്ങാൻ തയ്യാറല്ലെന്നും 5 ഏക്കർ സ്ഥലം നൽകണമെന്നും ആദ്യകാലത്ത് ഗുണഭോക്താക്കൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

കുളത്തൂർ എസ്റ്റേറ്റ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന കുളത്തൂർ സങ്കേതത്തിൽ ഭൂമി ലഭി ക്കാൻ 68 അപേക്ഷ ലഭിച്ചിരുന്നു.ഇതിൽ നിന്ന് വിശദമായ പരിശോധനക്ക് ശേഷം നരേന്ദ്ര ദേവ്, മുതുകാട്, ചെങ്ങോട്ടൻകൊല്ലി, അമ്പലകുന്ന്, കോട്ടക്കുന്ന്, പുളിക്കൽ, ആലംപാറ മണിച്ചേരിമല എന്നീ സങ്കേതങ്ങളിലെ അർഹരായ 41 പേരെ തിരഞ്ഞെടുക്കുകയായിരുന്നു.

### S.XXII.2സമുദായഘടന

പണിയൻ, കാട്ടുനായ്ക്കൻ എന്നീ ഗോത്ര വിഭാഗങ്ങളിൽ ഉള്ളവരാണ് സങ്കേതത്തിൽ അധി വസിക്കുന്നത്.

### S.XXII.3 അടിസ്ഥാന സൗകര്യം

41 കുടുംബങ്ങൾക്ക് ഒരേക്കർ വീതം നറുക്കെടുപ്പിലൂടെ ലഭിച്ച സ്ഥലത്താണ് വീട് വച്ചിരിക്കു ന്നത്. 41 കുടുംബങ്ങൾക്ക് സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും നിലവിൽ 34 കുടുംബങ്ങൾ മാത്രമാണ് താമ സിക്കുന്നത്. ഇതിൽ 4 കുടുംബങ്ങൾ ഉപ കുടുംബങ്ങൾ ആണ്. ഏഴ് കുടുംബങ്ങൾ സ്ഥലം ലഭിച്ചിട്ടും താമസിക്കുന്നില്ല. ഭവന നിർമ്മാണത്തിന് വീടൊന്നിന് 75,000/രൂപയാണ് അനുവദിച്ചിരു ന്നത് . എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ഏജൻസിയെ കണ്ടെത്താൻ 4/12/2012 ൽ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചത് പ്രകാരം ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് വീട് നിർമ്മിച്ചത്. അടുക്കള ഇല്ലാതെയാണ് പല വീടുകളും നിർമ്മിച്ചത്. പദ്ധതി പ്രകാരം നിർമ്മിച്ച വീട് കോൺക്രീറ്റ് മേൽക്കൂരയുള്ളതും കല്ല്, സിമന്റ് എന്നിവ ഉപയോഗിച്ച് നിർമ്മാണം നടത്തിയതുമാണ്. മൂന്ന് മുറികളും ഒരു ഹാളും ഉള്ള വീടുകളുടെ നിർമ്മാണം പൂർത്തിയായത് 2006 ലാണ്.

കുളത്തൂർ സങ്കേതത്തിൽ 75,000 രൂപ ചിലവിൽ ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി യാണ് വീട് നിർമ്മിച്ചത്. അടുക്കള ഇല്ലാതെ നിർമ്മിച്ച ഈ വീടുകളിൽ ധാരാളം വെല്ലുവിളികൾ സങ്കേതവാസികൾ ഇപ്പോഴും അനുഭവിക്കുന്നുണ്ട്.

### S.XXII.4 വിദ്യാഭ്യാസം

സങ്കേതത്തിൽ വിദ്യാഭ്യാസ കാര്യങ്ങൾക്കായി നിലവിൽ ഒരു അംഗൻവാടിയും ഒരു താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു പഠന മുറിയും (സാമൂഹ്യ പഠനമുറി) മാത്രമാണ് ഉള്ളത്.എൽ. പി. സ്കൂൾ സങ്കേതത്തിന് പുറത്ത് 3 കി.മി. ദൂരത്തായി സ്ഥിതിചെയ്യുന്നു. 10-12 കി.മി. അകലെയാണ് യു.പി., ഹൈസ്കൂൾ, +2 എന്നിവ സ്ഥിതിചെയ്യുന്നത്. ഉപരി പഠനത്തിന് കൂടുതൽ ദൂരം യാത്ര ചെയ്യേണ്ടതുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നൂതന പദ്ധതിയായ സാമൂഹ്യ പഠനമുറി സംവിധാനം സങ്കേതത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും ജില്ലയിലെ ഇതര സാമൂഹ്യ പഠനമുറിയെ അപേക്ഷിച്ച് താരതമ്യേന മോശം പ്രവർത്തനമാണ് കാഴ്ച വെക്കുന്നത്.

പഠനമുറിയിൽ നിലവിൽ ഹൈസ്കൂൾ വരെ പഠിക്കുന്ന 14 കുട്ടികൾ പഠിക്കുന്നുണ്ട്. പരിമിതമായ സൗകര്യത്തിൽ സങ്കേതത്തിലെ തന്നെ ആളുകൾ താമസമില്ലാത്ത വീട്ടിലാണ് പ്രവർത്തിച്ചിരുന്നത്. പരമിതമായ സൗകര്യങ്ങളാൽ നിലവിൽ പദ്ധതി നിർത്തി വെച്ചിരിക്കുകയാണ്. പ്രീമെട്രിക് ഹോസ്റ്റൽ സൗകര്യം ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികളും സങ്കേതത്തിലുണ്ട്.

### S.XXII.5 ആരോഗ്യം

മുതുകാട്-കുളത്തൂർ സങ്കേതവാസികൾ 2005 മുതൽ സങ്കേതത്തിൽ താമസിക്കുന്നവരായതി നാൽ പുനരധിവാസവുമായി ബന്ധപ്പെട്ട മാനസികമായ ആകുലതകളോ വിഷാദങ്ങളോ നിലവിൽ ഇവർക്കില്ല. ഹൃദ്രോഗം, അപസ്മാരം, തൊലിക്ക് ഉണ്ടാകുന്ന ചിലതരം പകർച്ച രോഗങ്ങൾ എന്നിവ ഉണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായതിനാൽ സാധാരണയായി ഉണ്ടാകാവുന്ന രോഗങ്ങൾക്ക് പോലും ചികിൽസ ലഭിക്കാത്ത പ്രശ്നങ്ങൾ ഇവർക്കുണ്ട്. സർക്കാർ, വാഹനങ്ങൾക്കും മറ്റും പണം അനുവദിക്കുന്നുണ്ടെങ്കിലും ലഭിക്കാൻ താമസിക്കുന്നത് കാരണം ഓട്ടോ ടാക്സി എന്നിവ വിളിച്ചാൽ വരാൻ തയ്യാറാകുന്നില്ല. നവ ജാത ശിശുമരണങ്ങളോ മാതൃ മര ണങ്ങളോ സങ്കേതത്തിൽ സംഭവിച്ചിട്ടില്ല എന്നാൽ ശാരീരിക-മാനസിക വെല്ലുവിളികളികൾ നേരിടു ന്ന ചിലർ സങ്കേതത്തിലുണ്ട്. സങ്കേതവാസികളിൽ ഭൂരിഭാഗം പേരും പ്രധാനമായും ആശ്രയിക്കുന്ന ത് അലോപതി ചികിൽസാരീതിയാണ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ് എന്നിവ നിലവിൽ ഇവിടെ നടത്തിവരുന്നു.

## S.XXII.6 തൊഴിലും വരുമാനവും

പട്ടിക 3.21തൊഴിലും വരുമാനവും

| സ്വന്തം കൃഷി | കർഷക തൊഴിലാളികൾ | തൊഴിലുറപ്പ് പദ്ധതി | സർക്കാർ ജീവനം | ആകെ |
|---|---|---|---|---|
| 20.0% | 40.0% | 20.0% | 20.0% | 100.0% |

40.0% ത്തോളം കുളത്തൂർ സങ്കേതത്തിലെ നിവാസികൾ നിലവിൽ ഉപജീവനം കണ്ടെത്തുന്നത് കൃഷിയുമായി ബന്ധപ്പെട്ട കൂലിപ്പണിയും മറ്റു അനുബന്ധ ജോലികൾ ചെയ്തുമാണ്. ഇതിൽ തന്നെ 20% പേർക്ക് മാത്രമെ സ്വന്തമായി കൃഷിയുള്ളൂ. സങ്കേത്തിൽ 1 സർക്കാർ ജീവനക്കാരനുണ്ട്. പലപ്പോഴും തൊഴിലില്ലാത്തതും ദൂര സ്ഥലങ്ങളിലേക്ക് തൊഴിലെടുക്കാൻ പോകാത്തതും ഇവരെ സാമ്പത്തിക പ്രശ്നങ്ങളിലേക്ക് നയിക്കുന്നു. നിലവിൽ ലഭിച്ച ഒരേക്കർ ഭൂമിയിൽ കമുക്, റബർ എന്നിവ ചില കുടുംബങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ടെങ്കിലും വിളവ് ലഭിക്കാൻ തുടങ്ങിയിട്ടില്ല. എന്നാൽ ജലസേചനം ഇല്ലാത്തതിനാൽ മറ്റു കൃഷികൾ ചെയ്ത് ഉപജീവനം നടത്താൻ സാധ്യവുമല്ല. ഇതിന് പുറമെ മൃഗങ്ങളുടെ ശല്ല്യവും കൃഷിക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

ആവശ്യമായ തൊഴിൽ സൗകര്യം ഇല്ലാത്തതും, സ്വന്തമായ സ്ഥലത്ത് കൃഷി ചെയ്യാനാകാത്തതും പല കുടുംബങ്ങളെയും മാറിത്താമസിക്കാതിരിക്കുന്നതിന് പ്രേരിപ്പിച്ചിട്ടുണ്ട്. കാർഷിക രംഗത്ത് ആവശ്യമായ യന്ത്ര സാമഗ്രികൾ നൽകുകയും സാങ്കേതിക പരിശീലനങ്ങൾ നൽകുകയും ചെയ്താൽ ഒരു പരിധിവരെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാം. നിലവിൽ സങ്കേതത്തിലെ നിവാസികൾ 20.0% പേരും ആശ്രയിക്കുന്ന ഒരു മേഖലയാണ് തൊഴിലുറപ്പ് പദ്ധതി. എന്നാൽ പദ്ധതിപ്രകാരം കുറഞ്ഞ തൊഴിൽ ദിനങ്ങളാണ് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്.

## S.XXII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

### ഊരുകൂട്ടം

സങ്കേതത്തിൽ ഊരുകൂട്ടം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. ശരാശരി വർഷത്തിൽ 3 പ്രാവശ്യം ഊരുകൂട്ടം ചേരുന്നുണ്ട്. അതിന് പുറമെ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് മുമ്പ് പ്രത്യേക ഊരുകൂട്ടം വിളിക്കാറുണ്ട്. ഊരുമൂപ്പൻ, പ്രമോട്ടർ,ടി.ഇ.ഒ, സങ്കേതവാസികൾ, വാർഡ് മെമ്പർ തുടങ്ങിയവർ ഊരുകൂട്ട യോഗത്തിൽ പങ്കെടുക്കുന്നു. 2 മുതൽ4 മണിക്കൂറോളം ഊരുകൂട്ടം യോഗം ചേരുകയും ചർച്ചകൾ നടത്തി മിനുട്ട്സ് തയ്യാറാക്കുകയും ചെയ്യുന്നു. എന്നാൽ സർവ്വേയിൽ മനസ്സിലാക്കിയത് ഊരുകൂട്ടത്തിൽ സങ്കേതവാസികളുടെ പങ്കാളിത്തം ആവശ്യത്തിന് ഇല്ല എന്നാണ്.

### S.XXII.7.1 കുടുംബശ്രീ

കുളത്തൂർ സങ്കേതത്തിൽ നിലവിൽ 8 അംഗങ്ങൾ മാത്രമുള്ള ഒരു കുടുംബശ്രീ യൂണിറ്റാണ് ഉള്ളത്. തുടക്കത്തിൽ കൂടുതൽ കുടുംബങ്ങൾ അംഗങ്ങളായി ഉണ്ടായിരുന്നു. ത്രിഫ്റ്റ് നൽകാൻ കഴിയാതിരുന്നതിനാലും, വെള്ളമില്ലാത്തതിനാലും മറ്റു കാരണങ്ങളാലും മാറി താമസിക്കേണ്ടി വരുന്നതിനാലും പല കുടുംബങ്ങൾക്കും ഇപ്പോൾ അംഗത്വം ഇല്ല. കാര്യമായ പ്രവർത്തനങ്ങൾ കുടുംബശ്രീയിലൂടെ ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

### S.XXII.7.2തൊഴിലുറപ്പ് പദ്ധതി

കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സങ്കേതവാസികൾക്ക് സാമ്പത്തിക വരുമാനം നേടിക്കൊടുക്കുന്ന ഒന്നാണ്. നിലവിൽ ശരാശരി 60 മുതൽ 80 വരെ തൊഴിൽ ദിനങ്ങൾ ഇവർക്ക് ലഭിക്കുന്നുണ്ട്. ഭൂരിഭാഗം സ്ത്രീകളാണ് നിലവിൽ പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ പുരുഷൻമാർ മറ്റു തൊഴിലുകൾക്ക് പോകുന്നതിനാലും മറ്റുകാരണങ്ങളാലും എണ്ണത്തിൽ സ്ത്രീകളെ അപേക്ഷിച്ച് കുറവാണ്. കൂട്ടമായി ജോലി ചെയ്യാൻ താത്പര്യമില്ലാത്ത ചിലർ തൊഴിലുറപ്പ് പദ്ധതിയിൽ അംഗത്വം എടുക്കാൻ മടിക്കുന്നു.

### S.XXII.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

മഴക്കാലത്ത് മാത്രമേ കുടിവെള്ളം കൃത്യമായി ലഭിക്കുകയുള്ളൂ. മഴക്കാലത്ത് തൊട്ടടുത്ത നീരുറവയിൽ നിന്നും പൈപ്പ് വഴിയാണ് 80% കുടുംബങ്ങളും കുടിവെള്ളം ശേഖരിക്കുന്നത്. എന്നാൽ വേനൽക്കാലം തുടങ്ങുന്നതോടുകൂടി നീരുറവ ലഭിക്കാതാവുകയും കിലോമീറ്ററുകൾ അകലെ നിന്ന് വെള്ളം കൊണ്ടു വരേണ്ട അവസ്ഥയുമാണുള്ളത്. പഞ്ചായത്ത് വരൾച്ചാ സമയത്ത് വെള്ളം നൽകുന്നുണ്ടെങ്കിലും ആവശ്യത്തിന് തികയുന്നില്ല എന്ന അഭിപ്രായമാണ് പൊതുവിലുള്ളത്. ടി.ആർ.ടി.എം പദ്ധതിയുടെ ഭാഗമായി 5 കിണറുകൾ സങ്കേതത്തിൽ നൽകിയിട്ടുണ്ടെങ്കിലും ഇതിൽ 3 കിണറുകൾ സങ്കേതത്തിന്റെ താഴെ ഭാഗത്തായി സ്ഥിതി ചെയ്യുന്നതിനാൽ ഉയർന്ന മേഖലയിൽ താമസമുള്ള ഗുണഭോക്താക്കൾക്ക് ഉപയാഗിക്കാൻ കഴിയാത്ത അവസ്ഥയാണ്. കുടിവെളള പ്രശ്നം കാരണം വേനൽ കാലങ്ങളിൽ സങ്കേതം ഉപേക്ഷിച്ച് പഴയ സ്ഥലങ്ങളിലേക്കോ ബന്ധുവീടുകളിലോ പോയി താമസിക്കുന്നവരും സ്ഥിരമായി സങ്കേതം ഉപേക്ഷിച്ച് പോയവരും ഉണ്ട്.

നിലവിൽ മഴയെ ആശ്രയിച്ചുള്ള കൃഷി മാത്രമേ സാധ്യമാവുകയുള്ളൂ. ജലസേചന സൗകര്യം ഇല്ലാത്തതിനാൽ വേനൽകാലങ്ങളിൽ വീട്ടാവശ്യത്തിനുള്ള പച്ചക്കറി കൃഷി പോലും സാധ്യമാകുന്നില്ല. അതേസമയം കൃഷി അടിസ്ഥാനമായ ജോലി ആശ്രയിച്ച് ജീവിക്കുന്നവരായതിനാൽ ജലസേചന സൗകര്യം ഒരുക്കിയാൽ കൂടുതൽ കൃഷി സാധ്യമാവുകയും ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുകയും ചെയ്യാം.

സങ്കേതത്തിന് വൈദ്യുതി ലഭ്യമായിട്ടുള്ളതും എല്ലാ വീടുകളിലും വയറിങ്ങും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചതുമാണ്. എന്നാൽ വൈദ്യുത ബിൽ അടക്കാത്തതിനാൽ വൈദ്യുതി വിഛേദിച്ച പല വീടുകളും ഉണ്ട്. അതിൽ സ്ഥിര താമസം ഇല്ലാത്തവരും, താമസമായിട്ടും ബിൽ അടക്കാത്തതിന്റെ പേരിൽ ഒരു വർഷത്തിലധികമായി വൈദ്യുതി ഉപയോഗിക്കാത്ത വീടുകളുമുണ്ട്. മിക്ക വീടുകളിലും വൈദ്യുത ഉപകരണങ്ങൾ കുറവാണ്. അതേ സമയം വൈദ്യുത ഉപകരണ ങ്ങളുടെ സൗകര്യവും നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്ന കുടുംബങ്ങളും ഇവിടെ താമസിക്കു ന്നുണ്ട്. വൈദ്യുതി യുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനും വൈദ്യുതി സൗകര്യം ഉപകാരപ്രദ മാക്കുന്നതിനും ശ്രദ്ധിക്കാം

## S.XXII.8.1 പ്രശ്നങ്ങൾക്കുളള പരിഹാരങ്ങളും നിർദേശങ്ങളും

### S.XXII.8.1.കുടിവെള്ളം, ജലസേചനം

കുടിവെള്ള പ്രശ്നം സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. കുടിവെള്ള പ്രശ്നം കാരണം വേനൽകാലങ്ങളിൽ സങ്കേതമുപേക്ഷിച്ച് ബന്ധുവീടുകളിൽ അഭയം പ്രാപിക്കേണ്ട അവസ്ഥ സങ്കേതവാസികൾക്കുണ്ട്. മുതുകാട്-കുളത്തൂർ സങ്കേതം നിലവിൽ കുടിവെള്ളത്തിന് ആശ്രയിക്കുന്നത് തൊട്ടടുത്ത അരുവികളെയാണ്. ഇത് മഴക്കാലത്ത് മാത്രമേ ലഭിക്കുകയുള്ളൂ. വേനൽക്കാലത്ത് കുടിവെള്ളം ലഭിക്കാൻ കിലോമീറ്ററുകൾ യാത്രചെയ്യേണ്ടതുണ്ട്. അതുപോലെ തന്നെ കൃഷിഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തണമെങ്കിൽ ആവശ്യമായ ജലസേചന സൗകര്യം ഒരുക്കേണ്ടതുണ്ട്. കുടിവെള്ളം, ജലസേചനം എന്നീ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാം.

1. സങ്കേതത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതിക്ക് അംഗികാരം നൽകി സമയബന്ധിതമായി പൂർത്തീകരിക്കുക.
2. ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക. മഴക്കാലത്ത് ലഭിക്കുന്ന മഴവെള്ളത്തെ ഉപ യോഗിക്കുന്ന തരത്തിലുള്ള മഴവെള്ള സംഭരണികൾ വിവിധ വകുപ്പുകളുടെ സഹകരണ ത്തോടെ നടപ്പിലാക്കാം.
3. കൃഷിക്ക് പുതിയ തരത്തിലുള്ള ജലസേചന രീതികൾ പരിചയപ്പെടുത്തുക (ഡ്രിപ്പ് ഇറിഗേ ഷൻ, തിരിനന പോലുള്ളവ)

### S.XXII.8.2തൊഴിലും ഉപജീവന മാർഗ്ഗങ്ങളും മെച്ചപ്പെടുത്തുക

കുളത്തൂർ മുതുകാട് സങ്കേതത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന്റെ അടിസ്ഥാനപരമായ കാരണങ്ങൾ തൊഴിലും ഉപജീവന മാർഗ്ഗവുമായി ബന്ധപ്പെട്ട് കിടക്കുന്നു. അതുകൊണ്ട് തന്നെ ഈ കാര്യങ്ങളിലൂന്നിയുള്ള വികസന പ്രവർത്തനങ്ങൾ ഈ മേഖലയുടെ

ആസൂത്രണത്തിനും നടത്തിപ്പിനും വളരെ പ്രധാനപ്പെട്ടതാണ്. താഴെ പറയുന്ന കാര്യങ്ങൾ സങ്കേതത്തിന്റെ തൊഴിൽ, ഉപജീവനം എന്നിവ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകും.

→ സ്വന്തം കൃഷിഭൂമിയിൽ കൃഷി ചെയ്യുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനും പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായവും നൽകുക.

→ കാർഷിക മേഖലയിൽ പുതിയ കൃഷി രീതികൾ പരിശീലനങ്ങൾ യന്ത്രങ്ങളുടെ ഉപയോഗങ്ങൾ എന്നിവ പരിശീലിപ്പിക്കുക.

→ വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ കാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

→ തൊഴിൽ മേഖലകളിൽ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുക

→ യുവാക്കളെ കണ്ടെത്തി അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകുക

→ വിവിധ തൊഴിൽ മേഖലകളിൽ ജോലിചെയ്യുന്ന ആളുകളെ ഉൾപ്പെടുത്തി 'തൊഴിൽ ബാങ്ക്' രൂപീകരിക്കുക.

## S.XXII.8.3വിദ്യാഭ്യാസം

മുതുകാട്-കുളത്തൂർ സങ്കേതത്തിലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

→ പഠിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കുക

→ മാനസികവും സാമൂഹികവുമായ ഏതെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുണ്ടോ എന്ന് ശാസ്ത്രീയമായി പരിശോധിക്കുക.

→ പഠന വൈകല്യങ്ങൾ , ലഹരിമരുന്നിന്റെ ഉപയോഗം മറ്റുതരത്തിലുള്ള ചൂഷണങ്ങൾ എന്നിവ ഇല്ല എന്ന് ഉറപ്പ് വരുത്തുക.

## S.XXII.9 സങ്കേതവാസികളുടെ വികസന സ്വപ്നം

1. രൂക്ഷമായ ജലക്ഷാമം ഉണ്ടായാൽ പ്രശ്നം നേരിടാൻ പ്രത്യേക കുടിവെള്ള പദ്ധതി വിവിധ വകുപ്പുകൾ സംയോജിച്ച് നടത്തുക.
2. സങ്കേതത്തിൽ സാംസ്കാരിക കേന്ദ്രമില്ല. അത് നിർമ്മിക്കേണ്ടതാണ്.
3. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക. മറ്റുള്ളവരുമായി ഇടപഴകാൻ മടിയുള്ളതിനാൻ തൊഴിലുറപ്പ് പദ്ധതിപോലുള്ള തൊഴിൽ ലഭിച്ചിട്ടും ജോലിക്ക് പോകാൻ മടികാണിക്കുന്നവർക്ക് പ്രത്യേക ശ്രദ്ധ നൽകി തൊഴിൽ മേഖലകളിൽ പങ്കാളികളാക്കുക.

4. കുളത്തൂർ സങ്കേതം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് മദ്യപാനാസക്തിയാണ്. ചെറിയ കുട്ടികൾ മുതൽ മദ്യം ഉപയോഗിക്കുന്നതും ജോലി ചെയ്ത് ലഭിക്കുന്ന കാശ് മുഴുവനായും മദ്യത്തിന് വേണ്ടി ഉപയോഗിക്കുകയും ചെയ്യുമ്പോൾ ആരോഗ്യ സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാകുന്നു.
5. പഴയതും കേടുവന്നതുമായ വയറിംങ്ങിനു പകരം ഗുണമേൻമയുള്ള വയറിംങ്ങ് സാമഗ്രികൾ ഉപയോഗിച്ച് പുതിയ വയറിംങ്ങ് നടത്തുക. വൈദ്യുത ഉപയോഗം കുറഞ്ഞ എൽ.ഇ.ഡി. വിളക്കുകൾ, മറ്റു അവശ്യ ഉപകരണങ്ങൾ വിതരണം ചെയ്യുക.
6. സാമൂഹ്യ പഠനമുറി സംവിധാനം നിലവിൽ നേരിടുന്ന സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിച്ച് ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

## S.XXIII. വട്ടച്ചിറ സങ്കേതം

### S.XXIII. 1 പ്രദേശം

താരതമ്യേന എത്തിപ്പെടാൻ ബുദ്ധിമുട്ടേറിയ വട്ടച്ചിറ സങ്കേതം കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി പഞ്ചായത്തിലെ തുഷാരഗിരി വനമേഖലയുടെ സമീപപ്രദേശത്തായാണ് സ്ഥിതി ചെയ്യുന്നത്. 1980-81 കാലഘട്ടത്തിൽ 'വട്ടച്ചിറ കലക്ടീവ് ഫാം' പദ്ധതിയുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കപ്പെട്ട പണിയ ഗോത്രവിഭാഗത്തിലുൾപ്പെട്ട കുടുംബങ്ങളാണ് സങ്കേതത്തിൽ താമസമുള്ളത്. കോടഞ്ചേരി പഞ്ചായത്തിനു കീഴിലെ നൂറാംതോട്, കോലിക്കുന്ന്, ചെമ്പിലി, പാത്തിപ്പാറ, വെള്ളറക്കുന്ന്, കമ്പിളിപ്പാറ, വെണ്ടേക്കുപൊയിൽ, തെയ്യപ്പാറ, പൂണ്ടയിൽ, മേക്കോഞ്ഞി എന്നീ സങ്കേതങ്ങളിൽ നിന്നുള്ള ഭൂരഹിതരും 1 ഏക്കറിൽ കുറവു ഭൂമിയുള്ളവരുമായ ഗുണഭോക്താക്കളെയാണ് വട്ടച്ചിറ കലക്ടീവ് ഫാം പദ്ധതി പ്രകാരം പുനരധിവസിപ്പിച്ചത്.

വട്ടച്ചിറ സങ്കേതത്തിൽ 45 പേർക്ക് 5 ഏക്കർ വീതവും 22 പേർക്ക് 1 ഏക്കർ വീതവും ഭൂമി ലഭിച്ചിട്ടുണ്ട്. ഭൂമി വിതരണം ചെയ്ത ആദ്യ ഘട്ടത്തിൽ പൂണ്ടയിൽ തെയ്യപ്പാറ മേഖലയിൽ നിന്നുള്ള ഗുണഭോക്താക്കൾ ലഭ്യമായ ഭൂമി താമസയോഗ്യമല്ല എന്ന അഭിപ്രായത്തിൽ മേഖല ഒഴിഞ്ഞുപോയിട്ടുണ്ട്. ഉപകുടുംബങ്ങളടക്കം 140 കുടുംബങ്ങളാണ് നിലവിൽ വട്ടച്ചിറ പുനരധിവാസമേഖലയിൽ താമസമുള്ളത്. പണിയ കുടുംബങ്ങൾക്ക് പുറമെ കുറിച്യൻ വിഭാഗത്തിൽ നിന്നുള്ള ഒരു കുടുംബവും സങ്കേതത്തിൽ താമസമുണ്ട്. 169 പുരുഷൻമാരും 206 സ്ത്രീകളുമടക്കം സങ്കേതത്തിലെ ആകെ ജനസംഖ്യ 375 ആണ്.

വട്ടച്ചിറ സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 9% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S.XXIII. 1 . 1വട്ടച്ചിറ പുനരധിവാസമേഖല ചരിത്രം

1980-82 കാലഘട്ടത്തിൽ ഗോത്രവിഭാഗങ്ങളുടെ പേരിലാരംഭിച്ച കൂട്ടുകൃഷി സംരംഭമാണ് 'വട്ടച്ചിറ കലക്ടീവ് ഫാം'. 120 ഹെക്ടർ (300 ഏക്കർ) നിക്ഷിപ്ത വനഭൂമി ഉപയോഗിച്ച് നടപ്പിലാക്കിയ വട്ടച്ചിറ കലക്ടീവ് ഫാം പദ്ധതിയുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങളാണ് നിലവിൽ സങ്കേതത്തിൽ താമസമുള്ളത്. ഫാമിന്റെ ആരംഭകാലത്ത് 60 സ്ഥിരമെമ്പർമാരും 15 ഓളം താത്ക്കാലിക മെമ്പർമാരുമടക്കം 75 കുടുംബങ്ങളാണ് വട്ടച്ചിറ ഫാമിലുണ്ടായിരുന്നത്. ഈ കാലയളവിൽ ഫാമിലെ തൊഴിലാളികളായ ഗുണഭോക്താക്കൾ ഫാമിലെ പണിക്ക് ശേഷം വൈകുന്നേരങ്ങളിൽ തിരിച്ച് പഴയ സങ്കേതങ്ങളിലേക്ക് തന്നെ പോകുന്ന രീതിയാണ് പിൻതുടർന്നിരുന്നത്. പിന്നീട് ഇവർ ഫാമിന്റെ താഴെ ഭാഗത്ത് താത്ക്കാലിക ഷെഡുകളിൽ താമസിച്ചു. ഈ ഗുണഭോക്താക്കൾക്ക് 1985-86 വർഷത്തിലാണ് വീടുകൾ നിർമ്മിച്ചു നൽകിയത്. ആദ്യ ഘട്ടത്തിൽ മൺകട്ടകൾ കൊണ്ട് നിർമ്മിച്ച വീടും , പിന്നീട് ഇഷ്ടിക വീടുകളുമാണ് നിർമ്മിച്ചു നൽകിയത്. ആദ്യ ഘട്ടത്തിൽ ഭവന നിർമ്മാണ പദ്ധതിയിൽ മുൻഗണന ലഭിച്ചിരുന്നത് ഫാമിലെ സ്ഥിരമെമ്പർമാർക്കായിരുന്നു.

300 ഏക്കർ പ്രദേശത്താണ് 'വട്ടച്ചിറ കലക്ടീവ്' ഫാമുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. തുടക്കത്തിൽ ഹ്രസ്വകാല വിളകളായ മരച്ചീനി , വാഴ മുതലായ വിളകളും പിന്നീട് ദീർഘകാല വിളകളായ കുരുമുളക്, കശുമാവ് , കാപ്പി ,തെങ്ങ്, കവുങ്ങ് മുതലായവയുമാണ് കൃഷി ചെയ്തിരുന്നത്. ഫാം ആരംഭിച്ച് 7 വർഷത്തിനുശേഷമാണ് ഉൽപ്പന്നങ്ങളിൽ നിന്നും മികച്ച രീതിയിലുള്ള വരുമാനം ലഭിച്ചു തുടങ്ങിയത്. കുരുമുളക്, കശുമാവ് തുടങ്ങിയ വിളകൾക്ക് പുറമെ ഫാമിന്റെ കൈവശമുണ്ടായിരുന്ന 80 ഏക്കർ ഭൂമിയിൽ സാമൂഹ്യ വനവൽക്കരണം (social forestry) പദ്ധതി വഴി 'സിൽവർ ഓക്ക്' മരങ്ങൾ നട്ടുപിടിപ്പിച്ചിരുന്നു.

വട്ടച്ചിറ കലക്ടീവ് ഫാമിൽ ജോലി ലഭ്യമായതിനാൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ആദ്യഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ട്. വട്ടച്ചിറയിലേക്ക് പുനരധിവസിപ്പിക്കുന്നതിന് മുൻപ് കാർഷിക മേഖലയുമായി ബന്ധപ്പെട്ട കൂലിവേലകളിലും, കൊട്ട/വട്ടി നിർമ്മാണം മുതലായ കൈതൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരാണ് ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷവും. മിച്ച ഭൂമികളിലും ബന്ധുക്കളോടൊപ്പവും താമസിച്ചിരുന്ന ഗുണഭോക്താക്കൾക്ക് വട്ടച്ചിറയിലേക്ക് പുനരധിവസിപ്പിക്കപ്പെട്ടപ്പെട്ടതോടെ സ്ഥിരവരുമാന മാർഗ്ഗങ്ങളും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ലഭ്യമായിരുന്നു. വട്ടച്ചിറ കലക്ടീവ് ഫാമിന്റെ ആരംഭകാലത്ത് പുരുഷൻമാർക്ക് 10 രൂപയും, സ്ത്രീകൾക്ക് 8 രൂപയും എന്ന കണക്കിലാണ് വേതനം നൽകിയിരുന്നത്. ഇതിനു പുറമെ ബോണസ്, ബത്തകൾ, പെൻഷൻ മുതലായ ആനുകൂല്യങ്ങളും ഈ കാലയളവിൽ ഗുണഭോക്താക്കൾക്ക് ലഭ്യമായിരുന്നു. ഫാമുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന തൊഴിലാളികൾക്ക് അരിയും മറ്റ് വീട്ടാവശ്യങ്ങൾക്കുള്ള സാധനങ്ങളും ലഭ്യമാക്കുവാൻ സ്റ്റോർ സൗകര്യവും സങ്കേതത്തിൽ പ്രവർത്തിച്ചിരുന്നു. ശനിയാഴ്ചകളിൽ സ്റ്റോർ കേന്ദ്രീകരിച്ചാണ് തൊഴിലാളികൾക്കുള്ള വേതനം നൽകിയിരുന്നത്. ഗുണഭോക്താ

ക്കൾക്ക് ഗാർഹികാവശ്യത്തിനുള്ള സാധനങ്ങൾ നൽകി ആ തുക വേതനത്തിൽ നിന്നും ഈടാക്കുന്ന രീതിയിലാണ് സ്റ്റോർ സംവിധാനം പ്രവർത്തിച്ചിരുന്നത്.

ആരംഭഘട്ടത്തിൽ മികച്ച രീതിയിലുള്ള വിളവ് ഫാമിലെ ഉൽപ്പന്നങ്ങളിൽ നിന്നും ലഭിച്ചിരുന്നു. അതുകൊണ്ട് തൊഴിലാളികളായ അംഗങ്ങൾക്ക് ഭേദപ്പെട്ട ജീവിതസാഹചര്യങ്ങൾ ലഭ്യമായിരുന്നു. എന്നാൽ വിളകൾക്കുണ്ടായ ദ്രുതവാട്ടം, ആയിരം കണ്ണി, മഞ്ഞളിപ്പ് മുതലായ രോഗങ്ങൾ നിയന്ത്രിക്കാൻ കഴിയാത്തതും, ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകളും പിന്നീട് ഫാം നഷ്ടത്തിലാകാൻ കാരണങ്ങളായി. ഫാം പിരിച്ചുവിട്ടതോടുകൂടി തൊഴിലാളികളുടെ നിരന്തരാവശ്യം പരിഗണിച്ച് 2003 ലാണ് ഫാമിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ടിആർഡിഎം പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. 1980 കളിൽ തന്നെ പുനരധിവാസമേഖലയുമായി ബന്ധപ്പെട്ട് മേഖലയിൽ അംഗങ്ങൾ താമസമുണ്ടായിരുന്നുവെങ്കിലും 2003-ൽ മാത്രമാണ് ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടുള്ളത്. ഗുണഭോക്താക്കൾക്കോരോരുത്തർക്കും സങ്കേതത്തിന്റെ താഴെ ഭാഗത്ത് വീട് വെക്കാനായി 1 ഏക്കറോളം ഭൂമിയും അവശേഷിക്കുന്ന ഭൂമി വനമേഖലയോട് ചേർന്നുള്ളതുമാണ് വിതരണം നടത്തിയിട്ടുള്ളത്.

### S.XXIII. 2 സമുദായഘടന

140 കുടുംബങ്ങളാണ് വട്ടച്ചിറ സങ്കേതത്തിൽ താമസമുള്ളത്. ഇതിൽ പണിയൻ, കുറിച്യൻ വിഭാഗത്തിൽപ്പെട്ടവരാണുള്ളത്.

### S.XXIII. 3 അടിസ്ഥാന സൗകര്യം

ജനസംഖ്യാപരമായി ജില്ലയിലെ രണ്ടാമത്തെ വലിയ ഗോത്രവിഭാഗം പണിയരാണ്. ജനസംഖ്യയിൽ 32.50% വരുന്ന പണിയരുടെ 52 ഊരുകളാണ് ജില്ലയിലുള്ളത്. ജില്ലയിലെ ഇതര പണിയ സങ്കേതങ്ങളിൽ നിന്നും വ്യത്യസ്തമായ കുറെകൂടി മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും, സാധ്യതകളും വട്ടച്ചിറയിലുണ്ട്. എങ്കിലും സങ്കേതത്തിലെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും, സമ്പൂർണ്ണമായ വികസനം കൈവരിക്കാനും സങ്കേതത്തിനായിട്ടില്ല. കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും ലഭ്യമായ 21/11/2016ലെ കത്ത് പ്രകാരം 107 കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ടിആർഡിഎം, എറ്റി എസ ്പി, ഐ.എ.വൈ, തുടങ്ങിയ പദ്ധതികളിലൂടെയാണ് സങ്കേതത്തിൽ വീടുകൾ നിർമ്മിച്ചുനൽകിയിട്ടുള്ളത്. സങ്കേതത്തിൽ നാളിതുവരെയായി നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതികളെല്ലാം തന്നെ വിവിധ ഏജൻസികളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി പോരുന്നത്. ഏജൻസികളുടെ നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടത്തിന് ഗുണഭോക്തകമ്മിറ്റികൾ സങ്കേതത്തിൽ രൂപീകരിക്കാറുണ്ടെങ്കിലും അവയുടെ പ്രവർത്തനം പലപ്പോഴും ഫലപ്രദമല്ല. അടുക്കള , മതിയായ സ്ഥലസൗകര്യമുള്ള മുറികൾ എന്നിവ ഏജൻസികൾ വഴി നിർമ്മിച്ചു നൽകിയ വീടുകളിലില്ല. കൂടാതെ ഗുണഭോ

ക്താക്കളുടെ താത്പര്യങ്ങൾ പരിഗണിച്ചുകൊണ്ടല്ല ഈ വീടുകളൊന്നും നിർമ്മിച്ചു നൽകിയിട്ടുള്ളത്.

### S.XXIII. 3 .1കുടിവെള്ളം

കുടിവെള്ള വിതരണത്തിനായി ഒന്നിലധികം സംവിധാനങ്ങൾ സങ്കേതത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നിരുന്നാലും വേനൽക്കാലങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം സങ്കേതം നേരിടുന്നുണ്ട്. സങ്കേതത്തിന്റെ മുകൾ ഭാഗത്ത് വനമേഖലയിൽ നിന്നും വെള്ളം ശേഖരിച്ച് വീടുകൾതോറും പൈപ്പ് ലൈൻ സംവിധാനം ഉപയോഗിച്ച് എത്തിച്ചിരുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. സങ്കേതത്തിൽ നിന്നും 1 കിലോ മീറ്ററോളം ദൂരെ നിന്നാരംഭിച്ച ഈ പൈപ്പ്ലൈൻ ആന തകർത്തതോടെ ഈ സംവിധാനവും പരാജയപ്പെട്ടു. ഏകദേശം ഒന്ന്, രണ്ട് മാസക്കാലം മാത്രമാണ് ഈ സംവിധാനം ഗുണഭോക്താക്കൾക്ക് ഉപയോഗപ്പെട്ടത്. ജില്ലയിലെ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിൽ നിന്നും ലഭ്യമായ വിവരപ്രകാരം 2008 മുതൽ 2012 വരെയുള്ള കാലഘട്ടങ്ങളിലായി വിവിധ കുടിവെള്ള പദ്ധതികൾക്കായി **3805564** രൂപ ചിലവഴിച്ചിട്ടുണ്ട്. നിലവിലും വേനൽക്കാലങ്ങളിൽ സമീപത്തെ ചോലകളിൽ നിന്നുള്ള വെള്ളമാണ് സങ്കേതവാസികൾ ഉപയോഗിക്കുന്നത്. സങ്കേതത്തിൽ 7.7% പേർ പൈപ്പ് വെള്ളത്തിനെയും, 92.3% പേർ അരുവികളെയുമാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്.


അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ശൗചാലയം മുതലായ സൗകര്യങ്ങളില്ലാത്ത കുടുംബങ്ങളും സങ്കേതത്തിലുണ്ട്.

### S.XXIII. 4 വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിനായി സങ്കേതങ്ങളിൽ നിന്നുംമാറി 2 കി.മി. അകലെ നൂറാംതോടുള്ള പ്രൈമറി വിദ്യാഭ്യാസ സ്ഥാപനത്തെയും , 10 കി. മീറ്ററിനുള്ളിൽ ഹൈസ്കൂൾ തലംവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയുമാണ് പ്രധാനമായും ആശ്രയിക്കുന്നത്. 1984 മുതൽതന്നെ സങ്കേതത്തിൽ സംയോജിത ശിശുവികസന കേന്ദ്രം (അംഗനവാടി) സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഫാമിലുണ്ടായിരുന്ന ക്വാട്ടേഴ്സ് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന അംഗനവാടി സംവിധാനം 2009 മുതൽ തൊട്ടടുത്ത്തന്നെ പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നാല് ആൺകുട്ടികളും, 8 പെൺകുട്ടികളുമടക്കം 12 കുട്ടികളാണ് നിലവിൽ അംഗനവാടിയിലുള്ളത്. 10-ാം തരത്തിന് ശേഷം ഉപരിപഠനസാധ്യതകളെകുറിച്ച് ശരിയായ അവബോധമില്ലാത്തതിനാലും അടുത്ത് ഉപരിപഠനത്തിനുള്ള സ്ഥാപനങ്ങളും സംവിധാനമില്ലാത്തതിനാലും പഠനം ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം സങ്കേതത്തിൽ നിലവിലുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും പഠനത്തിനോടുള്ള താൽപര്യം വളർത്താനായുള്ള 'സാമൂഹ്യപഠനമുറി' സംവിധാനം സങ്കേതത്തിൽ പ്രവർത്തിക്കുന്നുണ്ട്. 2018 ഏപ്രിൽ 21 മുതൽ പ്രവർത്തിച്ചു തുടങ്ങിയ 'സാമൂഹ്യപഠനമുറി' സംവിധാനം ജില്ലയിലെ ഇതര സാമൂഹ്യപഠനമുറിയെ അപേക്ഷിച്ച് മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ടു

പോകുന്നുണ്ട്. 1-ാം തരം മുതൽ 10-ാം തരം വരെയുള്ള കുട്ടികൾക്ക് വൈകുന്നേരം 5 മുതൽ 7മണിവരെ ദിവസവും 2 മണിക്കൂർ ട്യൂഷൻ സംവിധാനം എന്ന നിലയിലാണ് സാമൂഹ്യ പഠനമുറി സങ്കേതത്തിൽ പ്രവർത്തിക്കുന്നത്. ദിവസേനയുള്ള 2 മണിക്കൂറിനു പുറമെ അവധി ദിവസങ്ങളിൽ പകൽ സമയത്തും കുട്ടികൾക്ക് ട്യൂഷൻ സൗകര്യം ലഭ്യമാണ്. ഒന്നാംതരം മുതൽ 8-ാം തരം വരെ യുള്ള 53 ഓളം കുട്ടികൾ പദ്ധതിയുടെ ആരംഭഘട്ടത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 16 മുതൽ 22 വരെ കുട്ടികൾ മാത്രമാണ് പദ്ധതിയുടെ ഭാഗമായിട്ടുള്ളത്. സങ്കേതത്തിൽ പ്രവർത്തിക്കുന്ന ഗ്രാമ പഞ്ചായത്ത് സാംസ്കാരിക നിലയത്തിലാണ് പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരു ക്കിയിട്ടുള്ളത്. ഒരു കമ്പ്യൂട്ടർ, എൽ.സി ഡി മോണിറ്റർ സംവിധാനം കുട്ടികൾക്കുള്ള ടേബിൾ ബെഞ്ച് എന്നിവ ഒരുക്കിയിട്ടുണ്ട്. ബി.എഡ് ബിരുദധാരിയായ പൂവാറാംതോട് നിവാസിയാണ് പദ്ധ തിയുടെ ഫെസിലിറ്റേറ്ററായിട്ടുള്ളതെങ്കിലും പദ്ധതിയുടെ ഭാഗമായി ഒരുക്കി നൽകിയിട്ടുള്ള കമ്പ്യൂ ട്ടറും ഇതര സംവിധാനങ്ങളും പ്രവർത്തിപ്പിക്കാനും, ഉപയോഗിക്കാനുമുള്ള പരിജ്ഞാനം ഫെസിലി റ്റേറ്റർക്ക് കുറവാണ്. ജില്ലയിലെ കുളത്തൂർ പുനരധിവാസ സങ്കേതത്തിൽ പ്രവർത്തിച്ചിരുന്ന 'സാമൂ ഹ്യപഠനമുറി' സംവിധാനത്തേക്കാൾ ഭേദപ്പെട്ട സൗകര്യങ്ങളും പ്രവർത്തനങ്ങളും വട്ടച്ചിറ സാമൂഹ്യ പഠനമുറി വഴി നടന്നു വരുന്നുണ്ട്. എന്നാൽ വട്ടച്ചിറ സങ്കേതത്തിൽ രജിസ്റ്റർ ചെയ്തതിന്റെ പകുതി കുട്ടികളെപോലും ആകർഷിക്കാൻ കഴിഞ്ഞില്ല. പഠനമുറി സംവിധാനം പ്രയോജനപ്പെടുത്തുന്ന കുട്ടി കൾക്ക് ചായയും ലഘുകടിയും നൽകുവാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിലും ഈ സംവിധാനം വട്ടച്ചിറയിൽ നടപ്പിലാക്കിയിട്ടില്ല.

ചിത്രം 3.22**വിദ്യാർത്ഥികളുടെകൊഴിഞ്ഞുപോക്ക്**




സങ്കേതത്തിൽ 53% വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോകുന്നുണ്ട്. ടി ആർ ഡി എം പദ്ധതി പ്രകാരം പുനരധിവാസമേഖലകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഏറ്റവും നൂതനമായ പദ്ധതിയാണ് സാമൂഹ്യ പഠനമുറി പദ്ധതി. വട്ടച്ചിറ സങ്കേതത്തിൽ നടപ്പിലാക്കിയ സാമൂഹ്യ പഠനമുറി പദ്ധതി സംവിധാനം കൃത്യമായ മേൽനോട്ടവും പ്രോത്സാഹനവും നൽകുന്നപക്ഷം മികച്ച രീതിയിലുള്ള ഫലം ലഭ്യമാകുന്നതാണ്.

## S.XXIII. 5 ആരോഗ്യം

വട്ടച്ചിറ കലക്ടീവ് ഫാമിന്റെ ആരംഭകാലത്ത്തന്നെ 'ഹോമിയോ ഡിസ്പെൻസറി' സങ്കേതത്തിൽ പ്രവർത്തിക്കുന്നുണ്ട്, ചികിത്സക്കായി ഹോമിയോപ്പതിക്ക് പുറമെ രീതിക്ക് പുറമെ അലോപ്പതി, പാരമ്പര്യ വൈദ്യ ചികിത്സാ എന്നിവയെയും സങ്കേതവാസികൾ ആശ്രയിക്കുന്നുണ്ട്. അലോപ്പതി ചികിത്സക്കായി 10 കി.മി അകലെയുള്ള സാമൂഹ്യ ആരോഗ്യ ഉപകേന്ദ്രത്തെയും കിടത്തി ചികിത്സക്കായി 20 കി.മി അകലെയുള്ള ജില്ലാ ആശുപത്രിയെയും ആശ്രയിക്കുന്നു. എത്തിപ്പെടാനുള്ള ബുദ്ധിമുട്ട് സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയായിരുന്നു. നിലവിൽ മെച്ചപ്പെട്ട ഗതാഗത സംവിധാനങ്ങൾ സങ്കേതത്തിലുള്ളത് കൊണ്ട് ചികിത്സയ്ക്കായി മുൻകാലത്തെതിനു സമാനമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നില്ല. കൂടാതെ മാസം തോറും 3ാമത്തെ വെള്ളിയാഴ്ചകളിൽ പഞ്ചായത്ത്തല മെഡിക്കൽക്യാമ്പ് സൗകര്യവും , താമരശ്ശേരി സർക്കാർ ആശുപത്രിയിലെ ഹെൽത്ത് വർക്കറുടെയും സേവനവും സങ്കേതത്തിൽ ലഭ്യമാണ്. കാൻസർ, പക്ഷാഘാതം, ആസ്തമ മുതലായ രോഗങ്ങളും നവജാത ശിശുമരണവും സങ്കേതത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സങ്കേതത്തിലേക്ക് റോഡ് സൗകര്യവും പൊതുഗതാഗത സംവിധാനവും വന്നതോടെ ഗുണഭോക്താക്കളുടെ ചികിത്സാചിലവിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഉളുക്ക്, ശ്വാസം മുട്ടൽ വേദനകൾ തീപൊള്ളൽ എന്നിവയ്ക്ക് ചികിത്സ നൽകുന്ന പാരമ്പര്യ വൈദ്യൻ സങ്കേതത്തിലുണ്ടെങ്കിലും വിരലിലെണ്ണാവുന്നവർ മാത്രമാണ് പാരമ്പര്യ വൈദ്യത്തെ ആശ്രയിക്കുന്നത്. കൂടാതെ പനി, ചുമ മുതലായ അസുഖങ്ങൾക്ക് സ്വന്തമായി പച്ചമരുന്ന് ചികിത്സ നടത്തുന്ന അംഗങ്ങളും സങ്കേതത്തിലുണ്ട്. മദ്യപാനത്തെ തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾ സങ്കേതത്തിൽ വർദ്ധിച്ചുവരുന്നുണ്ട്.

## S.XXIII. 6 തൊഴിലും വരുമാനവും

ചിത്രം3.23 **തൊഴിലും വരുമാനവും**




സ്ഥിര വരുമാനം കണ്ടെത്തുന്നതിനുള്ള മതിയായ തൊഴിൽ സാധ്യതകളില്ലാത്തത് വട്ടച്ചിറ സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. സങ്കേതത്തിൽ കലക്ടീവ് ഫാമിന്റെ ഭാഗമായി പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് 1980 മുതൽ 1993 വരെ ഏകദേശം 13 വർഷക്കാലം ഫാമിൽ കൃത്യമായി തൊഴിലും വരുമാനവും ലഭ്യമായിരുന്നു. അതുകൊണ്ട് ഈ കാലയളവിൽ താരതമ്യേന മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ സങ്കേതവാസികൾക്കുണ്ടായിരുന്നു. 2003 നു ശേഷം 2,5 ഏക്കർ കണക്കിൽ കുടുംബങ്ങൾക്ക് വട്ടച്ചിറയിൽ ഭൂമി വിതരണം നടത്തിയിട്ടുണ്ടെങ്കിലും ലഭ്യമായ ഭൂമിയിൽ നിന്നും സ്ഥിരവരുമാനം കണ്ടെത്താൻ ഗുണഭോക്താക്കൾക്കായിട്ടില്ല. കാർഷിക - നിർമ്മാണ മേഖലകളുമായി ബന്ധപ്പെട്ട് കൂലിവേലകളിലേർപ്പെടുന്നവരാണ് ബഹുഭൂരിപക്ഷം കുടുംബങ്ങളും. 15.4% പേരാണ് നിർമ്മാണ മേഖലകളുമായി ബന്ധപ്പെട്ട് കൂലിവേലകളിലേർപ്പെടുന്നവർ. പരമ്പരാഗതമായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്ന ഗോത്രവിഭാഗമാണ് പണിയർ. വട്ടച്ചിറ നിവാസികൾ 2 മുതൽ 5 ഏക്കർ വരെ ഭൂമി ലഭ്യമായിട്ടുണ്ടങ്കിലും ലഭ്യമായ ഭൂമിയിൽ നിന്നും സ്ഥിരവരുമാനം കണ്ടെത്താനും ലഭ്യമായ ഭൂമി സംരക്ഷിച്ച് പോരാനും ഗുണഭോക്താക്കൾക്ക് കഴിഞ്ഞിട്ടില്ല. 15.4% പേർ മാത്രമാണ് സ്വന്തമായി കൃഷി ചെയ്യുന്നത്. ലഭ്യമായ ഭൂമിയിൽ കുറഞ്ഞ അളവിൽ റബ്ബർ,കൊക്കോ,കാപ്പി, കുരുമുളക് തുടങ്ങിയവ കൃഷി ചെയ്യുന്ന അംഗങ്ങളുണ്ടെങ്കിലും മുഖ്യ തൊഴിലായി കാർഷിക വൃത്തിയെ ആശ്രയിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണുള്ളത്. സങ്കേതത്തിലെ 30.8% പേർ കാർഷിക തൊഴിലാളികളാണ്.

പാരമ്പര്യ തൊഴിലായ കൊട്ട, വട്ടി നിർമ്മാണത്തിലേർപ്പെട്ടിരുന്ന സമുദായംഗങ്ങൾ മുൻപ് സങ്കേതത്തിലുണ്ടായിരുന്നെങ്കിലും നിലവിലാരും ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നില്ല. വനാവകാശ നിയമപ്രകാരം തേൻ,പച്ചമരുന്നുകൾ, ഇതര വനവിഭവങ്ങൾ എന്നിവ ശേഖരിക്കാനും വിപണനം നടത്താനും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ വനാവകാശ നിയമപ്രകാരം വനത്തിൽ നിന്നും ചൂരൽ വെട്ടാനുള്ള അനുമതി നൽകിയിട്ടില്ല. സങ്കേതവാസികളുടെ അഭിപ്രായത്തിൽ വനത്തിൽ നിന്നും ചൂരൽ വെട്ടാനുള്ള അനുമതിയില്ലാതായതോടെയാണ് കൊട്ട, വട്ടി നിർമ്മാണം ആരും ചെയ്യാതായത്. കൊട്ട,വട്ടി നിർമ്മാണത്തിന് ചെറുകിട വ്യാപാര സാധ്യത സങ്കേതത്തിൽ നിലവിലുമുണ്ടെങ്കിലും ഇവയുടെ നിർമ്മാണത്തിൽ പ്രാവീണ്യവും കഴിവുമുള്ളവർ സങ്കേതത്തിൽ വളരെ കുറവാണ്.മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MNREGP) വരുമാനം കണ്ടെത്തുന്ന കുടുംബങ്ങൾ സങ്കേതത്തിലുണ്ട്. എന്നാൽ അംഗത്വമുള്ള കുടുംബങ്ങളിൽ നിന്നും 7.7% പേർ മാത്രമാണ് പദ്ധതി പ്രയോജനപ്പെടുത്തുന്നത്. അതതു ദിവസങ്ങളിൽ വേതനം ലഭിക്കാത്തതിനാലും വേതനം ലഭ്യമാകാൻ കാലതാമസം നേരിടുന്നതുകൊണ്ടും പദ്ധതി വഴി വരുമാനം കണ്ടെത്തുന്നതിന് ഗുണഭോക്താക്കൾക്ക് വിമുഖതയുണ്ട്.എന്നിരുന്നാലും സങ്കേതത്തിലെ സ്ത്രീകളുടെ പ്രധാന വരുമാനമാർഗ്ഗം തൊഴിലുറപ്പ് പദ്ധതിതന്നെയാണ്. വർഷത്തിൽ 100 പണിവരെ ലഭിക്കുമെങ്കിലും ശരാശരി 80 തൊഴിൽ ദിനങ്ങൾ വരെയാണ് ഇവർ പ്രയോജനപ്പെടുത്തുന്നത്.

തൊഴിലുറപ്പ് പദ്ധതിക്ക് പുറമെ കാർഷിക മേഖലയിലെ കൂലി വേലകളിൽ നിന്നും സ്ത്രീകൾ വരുമാനം കണ്ടെത്തുന്നുണ്ട്. സർക്കാർ സേവകനായിട്ടുള്ള ഒരാളും , തുഷാരഗിരി വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റൊരാളുമാണ് സങ്കേതത്തിൽ സ്ഥിര വരുമാന മാർഗ്ഗമുള്ളവരായിട്ടുള്ളത്.

## S.XXIII. 7പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

### കുടുംബശ്രീ 7.1

സ്ത്രീകളുടെ നേതൃത്വത്തിൽ 7 കുടുംബശ്രീ യൂണിറ്റുകൾ സങ്കേതത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചിരുന്നു. സ്ത്രീകൾക്കിടയിലെ കൂട്ടായ്മയും ഐക്യവും മെച്ചപ്പെടുത്താനും നില നിർത്താനും ഈ യൂണിറ്റുകൾക്കായിട്ടില്ല. കൂടാതെ നേതൃത്വ നിരയിലേക്ക് അംഗങ്ങളാരും ഉയർന്നു വരാത്തതിനാൽ നടത്തിക്കൊണ്ടു പോകാനുള്ള ബുദ്ധിമുട്ട് കാരണം ഒരു കുടുംബശ്രീ യൂണിറ്റു പോലും സങ്കേതത്തിൽ പ്രവർത്തിക്കുന്നില്ല.

## S.XXIII. 7.2സാമൂഹിക സംവിധാനങ്ങൾ

പരമ്പരാഗതമായി സങ്കേതങ്ങളും 'കുലങ്ങളും' അടിസ്ഥാനമായിട്ടുള്ള സാമൂഹിക നിയന്ത്രണ സംവിധാനങ്ങൾ പണിയർക്കിടയിലുണ്ട്. സങ്കേതങ്ങളുടെ അധിപനായി 'ചെമ്മി', സഹായിയായ 'കോയ്മ' മുതലായ സംവിധാനങ്ങൾ വട്ടച്ചിറ സങ്കേതത്തിലും നിലനിന്നിരുന്നു. എന്നാൽ നിലവിൽ സമുദായത്തിന്റെ സാമൂഹിക സംവിധാനം സങ്കേതത്തിൽ ശക്തമല്ല .പകരം ഊരുകൂട്ടമെന്ന

പൊതു സാമൂഹിക സംവിധാനം ഉണ്ടെങ്കിലും അവയുടെ പ്രവർത്തനവും ശക്തമല്ല. ഊരുകൂട്ടത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന തീരുമാനങ്ങൾ പലതും സങ്കേതത്തിൽ നടപ്പിലാക്കുന്നില്ലെന്ന ആക്ഷേപം ഉന്നയിക്കുന്ന സങ്കേതവാസികൾക്ക് ഊരുകൂട്ട സംവിധാനത്തോടുള്ള താത്പര്യം കുറഞ്ഞുവന്നിട്ടുണ്ട്.

## S.XXIII. 7 .2 ആചാരങ്ങൾ വിശ്വാസങ്ങൾ

വട്ടച്ചിറ പുനരധിവാസ മേഖലയിൽ 1980 കളിൽ കുടിയിരുത്തപ്പെട്ട കുടുംബങ്ങളെല്ലാം തന്നെ സങ്കേതത്തിന്റെ 20 കി.മി. ചുറ്റളവിൽ നിന്നും എത്തിയവരാണ്. അതുകൊണ്ടുതന്നെ സമുദായത്തിന്റെ ആചാര രീതികളിലും വിശ്വാസ ക്രമങ്ങളിലും പുനരധിവാസം കാരണം വ്യത്യാസങ്ങളുണ്ടായിട്ടില്ല. എന്നാൽ സമുദായ ആചാരങ്ങളിലും ചടങ്ങുകളിലും കാലാനുസൃതമായ മാറ്റം ഉണ്ടായിട്ടുണ്ട്. സമുദായ ആചാരങ്ങളിലും ചടങ്ങുകളിലും പുതിയ തലമുറയിലെ കുട്ടികൾക്ക് പരിജ്ഞാനം കുറവാണ്. പൊതുവിൽ പണിയ ഗോത്ര ജനതയുടെ വിവാഹ ചടങ്ങുകളിൽ വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ട്. മരണം ആർത്തവം എന്നിവയുമായി ബന്ധപ്പെട്ട ചടങ്ങുകൾ സങ്കേതത്തിൽ നിലവിലും നടക്കുന്നുണ്ട്. എന്നാൽ മരണാനന്തര ചടങ്ങുകളിൽ നേതൃത്വം വഹിക്കാനും ചടങ്ങുകൾ നടത്താനും പരിജ്ഞാനം ഉള്ളവർ മേഖലയിൽ കുറവാണ്. അതുകൊണ്ടുതന്നെ സങ്കേതത്തിൽ പുറത്തുനിന്നുള്ള സമുദായാംഗങ്ങളെയാണ് ഇത്തരം ചടങ്ങുകൾ നടത്താനായി ആശ്രയിക്കുന്നത്. പണിയ ഗോത്ര വിഭാഗത്തിന്റെ വിശ്വാസപ്രകാരമുള്ള ആരാധനാരീതികൾ സങ്കേതത്തിൽ നിലവിലും പാലിച്ചു വരുന്നുണ്ട്.

## S.XXIII. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

തൊഴിലില്ലായ്മ സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക വഴി, കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം ടിആർഡിഎം മിഷൻ മുന്നിൽ കണ്ടിരുന്നുവെങ്കിലും , വട്ടച്ചിറ സങ്കേതത്തിലിത് കൈവരിക്കാനായിട്ടില്ല. ലഭിച്ച ഭൂമിയിൽ കൃഷി ചെയ്തു വരുമാനം കണ്ടെത്തുന്ന ചുരുക്കം കുടുംബങ്ങൾ മാത്രമാണ് സങ്കേതത്തിലുള്ളത്. പാരമ്പര്യമായി കാർഷികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നതുകൊണ്ട് തന്നെ ലഭ്യമായ ഭൂമി കൃഷിക്ക് ഉപയുക്തമാക്കി വരുമാനം കണ്ടെത്താൻ സങ്കേതവാസികൾക്ക് കഴിയുമായിരുന്നു. എന്നാൽ ഭൂമി വിതരണം ചെയ്ത ഘട്ടത്തിൽ കൃഷി ചെയ്തു വരുമാനം കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായങ്ങളോ , പദ്ധതികളോ സങ്കേതത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടില്ല. ലഭ്യമായ ഭൂമി സംരക്ഷിക്കാനും പരിപാലിക്കാനും ഇവർ ബുദ്ധിമുട്ട് നേരിടുന്നുമുണ്ട്. ഭൂമി സംബന്ധിച്ച നിയമാനുസൃതമായ രേഖകൾ (പട്ടയം, കൈവശരേഖ) ലഭ്യമാവാത്ത ഗുണഭോക്താക്കളും സങ്കേതത്തിലുണ്ട്. മതിയായ ജലസേചന സൗകര്യമില്ലാത്തതും , വന്യമൃഗശല്ല്യവും കൃഷി ചെയ്തു വരുമാനം കണ്ടെത്തുന്നതിന് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്.

## S.XXIII. 9 സങ്കേതവാസികളുടെ വികസന സ്വപ്നം

1. മേഖലയിലെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി വികസിപ്പിക്കാവുന്നതാണ്. കൂടാതെ ലഭ്യമാക്കിയ ഭൂമിയിൽ കൃഷി ചെയ്യാനുള്ള പശ്ചാത്തല സൗകര്യങ്ങൾ (ജലസേചനം സംരക്ഷണം മുതലായവ) വികസിപ്പിക്കാനുതകുന്ന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ സങ്കേതത്തിൽ നടപ്പിലാക്കാവുന്നതാണ്.
2. ലഭിച്ച ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ (നിയമാനുസൃതമായ രേഖയല്ലാത്തത്, അതിർത്തി പ്രശ്നങ്ങൾ,ലഭിച്ച ഭൂമി ഏതാണെന്ന് തിരിച്ചറിയാത്തത് മുതലായവ)പരിഹരിച്ച് മുഴുവൻ ഗുണഭോക്താക്കും ഭൂമി കൈവശംവെക്കാനും ഉപയോഗിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. മേഖലയിൽ വനാവകാശ നിയമപ്രകാരം സങ്കേതവാസികൾക്ക് ലഭ്യ മാകേണ്ട മുഴുവൻ അവകാശങ്ങളും അനുവദിച്ച് നൽകാവുന്നതാണ്.
3. സങ്കേതത്തിൽ മൃഗപരിപാലനം മറ്റിതര സ്വയം തൊഴിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാവുന്നതാണ്. മൃഗപരിപാലനം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ വിജയ സാധ്യതയും ഗുണഭോക്താവിന്റെ സാമൂഹിക പശ്ചാത്തലവും പരിഗണി ക്കേണ്ടതാണ്.
4. ഹോർട്ട് ക്രോപ്പിന്റെ ഗ്യാപ്പ് (Good Agriculture Product) പോലുള്ള പദ്ധതികൾ സങ്കേത ത്തിൽ പരിചയപ്പെടുത്താവുന്നതും സങ്കേതവാസികൾക്ക് താത്പര്യമുള്ളപക്ഷം അത്തരം പദ്ധതികൾ സങ്കേതത്തിൽപരിചയപ്പെടുത്താവുന്നതും അത്തരം പദ്ധതികൾ സങ്കേതത്തിൽ നടപ്പിലാക്കാനാവശ്യമായ സാമ്പത്തികേതര സഹായങ്ങൾ നൽകാവുന്നതുമാണ്.
5. സങ്കേതവാസികൾക്കിടയിൽ മുൻകാലത്ത് നിലനിന്നിരുന്ന ഐക്യം നഷ്ടപ്പെട്ടതും, അമിത മദ്യപാനം കൊണ്ടുള്ള പ്രശ്നങ്ങളും കാരണം കൂട്ടായ്മ നഷ്ടപ്പെട്ടിട്ടുണ്ട്. സങ്കേതത്തിൽ കൂട്ടായ്മ  വളർത്തികൊണ്ട് വരാനും അത് നിലനിർത്താനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങ ളുണ്ടാവേണ്ടതുണ്ട്.
6. സങ്കേതത്തിൽ നിലനിൽക്കുന്ന കുടിവെള്ളപ്രശ്നം, മേഖലയിലെ നീർത്തട സംരക്ഷണ വിക സനപദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കാവുന്നതാണ്.
7. 53.8% വിദ്യാർത്ഥികൾ സ്ക്കൂളുകളിൽ കൊഴിഞ്ഞു പോകുന്നുണ്ട്, പ്രത്യേകിച്ചും ഹൈസ്കൂൾതലം മുതലുള്ളവ സങ്കേതത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

   നിലവിൽ സങ്കേതത്തിൽ പ്രവർത്തിച്ചുവരുന്ന സാമൂഹ്യ പഠനമുറി സംവിധാനം പ്രോത്സാഹിപ്പിക്കുകയും, കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നപക്ഷം വിദ്യാർത്ഥി കൾക്കിടയിലെ കൊഴിഞ്ഞുപോക്ക് ഒരുപരിധിവരെ തടയാവുന്നതാണ്. 10-ാം തരത്തിന് ശേഷം വിദ്യാർത്ഥികൾ ഉപരിപഠനമേഖലകളെയും സാധ്യതകളെയും കുറിച്ച് കൃത്യമായി ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകാവുന്നതാണ്. പുനരധിവാസ മേഖലകളിൽ നിന്നുള്ള 10,+2 വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകാവുന്നതാണ്

8. അടിസ്ഥാന വികസന പ്രവർത്തനങ്ങൾ (വീട്, കുടിവെള്ളം , വൈദ്യുതി, ശൗചാലയം മുതലായവ പൂർത്തീകരിക്കാത്തതും സങ്കേതം നേരിടുന്ന പ്രധാന പ്രശ്നമാണ്. ഭവന നിർമ്മാണം , കുടിവെള്ളം എന്നിവയ്ക്കായി വിവിധ പദ്ധതികൾ സങ്കേതത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവ പൂർത്തീകരിച്ചിട്ടില്ല. യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാവുന്നതാണ്.

## S.XXIV.പേരാമ്പ്ര എസ്റ്റേറ്റ് (സീതപ്പാറ) പുനരധിവാസ സങ്കേതം

### S.XXIV. 1 പ്രദേശം

വടകര താലൂക്കിലെ ചക്കിട്ടപ്പാറ പഞ്ചായത്തിൽ 6ാം വാർഡിലാണ് പേരാമ്പ്ര എസ്റ്റേറ്റ് പുനരധിവാസമേഖല. മുതുകാട് ടൗണിൽ നിന്നും രണ്ട് കി.മീ. അകലെയായി രണ്ട് ഭാഗങ്ങളായാണ് പേരാമ്പ്ര എസ്റ്റേറ്റ് പുനരധിവാസ മേഖല. കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ പണിയർ, മുതുവാൻ, കുറിച്യർ, കാട്ടുനായ്ക്കൻ തുടങ്ങിയ ഗോത്രവിഭാഗങ്ങളിൽപെട്ട 202 കുടുംബങ്ങൾക്കാണ് ഇവിടെ ഭൂമിയനുവദിച്ചത്. നിലവിൽ എട്ട് കുടുംബങ്ങളാണ് അനുവദിച്ച ഭൂമി ഏതെങ്കിലും വിധത്തിൽ ഉപയോഗിച്ചുവരുന്നത്. ഭൂമി ലഭിച്ച മൂന്ന് കുടുംബങ്ങളും ഒരു ഉപകുടുംബവുമുൾപ്പെടെ നിലവിൽ നാല് കുടുംബങ്ങളാണ് ഇവിടെ താമസിച്ചുവരുന്നത്.

**പേരാമ്പ്ര പുനരധിവാസ മേഖല ചരിത്രം**

ആദിവാസി പുനരധിവാസ വികസന മിഷൻ പ്രകാരം ജില്ലയിലെ പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 2002 കാലഘട്ടത്തിലാണ്. പേരാമ്പ്ര കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ള 450 ഏക്കർ ഭൂമിയാണ് 2002 ൽ വിതരണത്തിനായി കണ്ടെത്തിയത്. ഇങ്ങനെ കണ്ടെത്തിയ ഭൂമി കോഴിക്കോട് ജില്ലയിലെ ഭൂരഹിതരായ ഗോത്രവിഭാഗങ്ങളെ കണ്ടെത്തി വിതരണം നടത്താൻ തീരുമാനമെടുക്കുകയും ചെയ്തു. വിലങ്ങാട്, കാവിലുംപാറ, കോടഞ്ചേരി, മരുതോങ്കര, വാണിമേൽ, കായതൊടി, നെല്ലിപ്പൊയിൽ, തിരുവമ്പാടി, പുതുപ്പാടി, കെടവൂർ, കുമരനെല്ലൂർ, കൂടരഞ്ഞി എന്നിവിടങ്ങളിൽ നിന്ന് സ്വീകരിച്ച അപേക്ഷകരിൽ നിന്ന് പരിശോധന നടത്തി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ജനകീയകമ്മിറ്റി വഴി അംഗീകരിച്ച ഭൂരഹിതരായ 158 പണിയ വിഭാഗത്തിന്റെ 34 മുതുവാൻ 19 കുറിച്യർ, 1 കാട്ടുനായ്ക്കർ അടക്കം 212 പേർക്ക് ഭൂമി നൽകാനും 23/8/2003 ന് വിതരണം നടത്താനും തീരുമാനമായി.

ഇങ്ങനെ 2002 ഡിസംബർ മാസമാകുമ്പോഴേക്കും 149 പേർ പട്ടയം കൈപ്പറ്റി. ഇവർക്ക് കുടിവെള്ള സംവിധാനം അടിയന്തരമായി ഒരുക്കി നൽകാൻ ആവശ്യപ്പെടുകയും ഇതിന് വേണ്ടി സ്വജൽധാര പദ്ധതിയുമായി കൂട്ടിച്ചേർത്ത് നടപ്പിലാക്കാനും തീരുമാനമായി പിന്നീട് മാർച്ച് 2004 ൽ

പട്ടയം കൈപ്പറ്റിയവരിൽ 129 പേർ കുടിൽകെട്ടി താമസിക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു. കൂടാതെ 2004 മാർച്ച് മാസം നടന്ന ജില്ലായോഗത്തിൽ ഈ 202 കുടുംബങ്ങൾക്കുമുള്ള ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ ബൃഹത്തായ പാക്കേജ് സമർപ്പിക്കാൻ കലക്ടർ ആവശ്യപ്പെട്ടു. കൂടാതെ സങ്കേതത്തിലെ മരങ്ങൾ മുറിച്ച് അത് സർക്കാറിലേക്ക് മുതൽ കൂട്ടാക്കാനും ചെറുമരങ്ങൾ താൽക്കാലിക ഷെഡ് വച്ചുനൽകൽ തീരുമാനമെടുക്കുകയും ചെയ്തു. താത്കാലികമായി ഷെഡ് വെക്കാനുള്ള തുക മുതുകാട് സർവ്വീസ് സഹകരണ ബാങ്കിലേക്ക് നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ കുടിവെള്ളത്തിന്റെ രൂക്ഷമായ ബുദ്ധിമുട്ടും അടിസ്ഥാന സൗകര്യം ഇല്ലാത്തതും കാരണം ജൂൺ 2004 വരെ ആരും തന്നെ ഈ ഭൂമിയിൽ താമസമാരംഭിച്ചില്ല. 2004 ജൂൺ മാസം ചേർന്ന ജില്ലാ യോഗത്തിൽ റോഡ്, കുടിവെള്ളത്തിന് യഥാക്രമം 20 ലക്ഷം 29.45 ലക്ഷം രൂപ അനുവദിക്കാൻ തയ്യാറായി. റബ്ബർകൃഷി പാട്ടത്തിന് നൽകാതെ ജീവിത വരുമാനം ഉണ്ടാക്കാനുള്ള പരിശീലനം നൽകാനും തീരുമാനിച്ചു.

എന്നാൽ 2006 മാർച്ച് മാസംവരെ ഏഴു കുടുംബങ്ങൾ മാത്രമാണ് ലഭ്യമായ ഭൂമിയിൽ താമസമാരംഭിച്ചത്. ആയതിനാൽതന്നെ ഇത്രയും കോടികളുടെ അടിസ്ഥാന സൗകര്യം ഈ മേഖലയിൽ മുടക്കണോ എന്ന സംശയവും ജില്ലാ മിഷൻ മീറ്റിംങ്ങിൽ ബന്ധപ്പെട്ടവർ അറിയിച്ചു. കൂടാതെ നൽകിയ ഭൂമി വാസയോഗ്യമല്ല എന്ന് ഗുണഭോക്താക്കൾ നിരന്തരം ആവർത്തിക്കുകയും ഈ മേഖലയിൽ വീട് നിർമ്മാണത്തിന് ആദ്യഘട്ടം നൽകിയ 75000 രൂപ മതിയാവില്ല എന്നും ചെങ്കുത്തായ ഈ സ്ഥലത്ത് സാധനങ്ങൾ എത്തിക്കാൻതന്നെ ഈ തുക ആവശ്യമുണ്ടെന്നും സങ്കേതവാസികൾ അറിയിച്ചതിനെതുടർന്ന് സങ്കേതത്തിന് താഴെ ചരിവ് കുറഞ്ഞ സ്ഥലത്ത് പത്ത് സെന്റ് വീതം ഭൂമിയിൽ 75000 രൂപ ചിലവ് വരുന്ന വീട് നിർമ്മിച്ച് നൽകാമെന്ന് യോഗത്തിൽ അറിയിക്കുകയും ഇതിനായി ടൗൺ പ്ലാനർ നൽകിയ പ്രൊപ്പോസൽ സംസ്ഥാനമിഷന് നൽകാനും 2006 മാർച്ച് മാസത്തിൽ ചേർന്ന ജില്ലയോഗത്തിൽ തീരുമാനമായി. എന്നാൽ തുടർ നടപടികൾ ഒന്നും പിന്നീട് നടന്നില്ല. ഈ പ്രദേശത്ത് വൈദ്യുതി നൽകുന്നത് സംബന്ധിച്ച് 2007ൽതന്നെ ആവശ്യമുയർന്നു. 2008 ൽ ചേർന്ന യോഗത്തിൽ ഗുണഭോക്താക്കൾ എത്തിച്ചേർന്നാൽ വൈദ്യുതി നൽകാമെന്ന് ബന്ധപ്പെട്ട അധികൃതർ അറിയിച്ചു. പിന്നീട് താമസിച്ച കുടുംബങ്ങൾക്ക് വൈദ്യുതി ലഭിച്ചിട്ടുണ്ട്. കാട്ടാന, പാറകെട്ടുകൾ, ഉരുൾപൊട്ടൽ തുടങ്ങിയ ഭീഷണികൾ കാരണം ഭൂമിയിൽ താമസിക്കാൻ ഭൂരിപക്ഷം ഗുണഭോക്താക്കളും തയ്യാറായില്ല. താമസത്തിന് എത്തിയ ആറ് കുടുംബങ്ങൾ തങ്ങളുടെ ഭൂമി റോഡിനോട് ചേർന്ന് ഭീഷണി കുറഞ്ഞ സ്ഥലം അനുവദിക്കണമെന്ന് 2009 ൽ ആവശ്യപ്പെടുകയുണ്ടായി. സങ്കേതത്തിൽ ഭൂമി ലഭ്യമായവരിൽ, ഭൂമി ഉപയോഗപ്പെടുത്തിയത് പത്ത് കുടുംബങ്ങൾ മാത്രമാണ്. ഇതിൽതന്നെ ബുദ്ധിമുട്ട് കാരണം രണ്ട് കുടുംബങ്ങൾ സ്വന്തമായി വീട് വെക്കാൻ മാത്രം സ്ഥലം വാങ്ങി പോകുകയും ഒരു കുടുംബം വാടകയ്ക്കും മാറിപോയി. ഇതുവരെ താമസമാരംഭിക്കാത്ത 192 പേരുടെ പട്ടയം റദ്ദ് ചെയ്യാൻ 2013 ൽ കലക്ടർ ആവശ്യപ്പെട്ടു.

വാണിമേൽ പഞ്ചായത്തിലെ 13 കുടുംബങ്ങൾ വാസയോഗ്യമായ ഭൂമി കണ്ടെത്തി തരികയോ സ്വയം കണ്ടെത്തുകയോ ചെയ്താൽ പട്ടയം റദ്ദ് ചെയ്യാൻ സമ്മതമാണെന്ന് ടി.ഡി.ഒ. യെ അറിയിക്കുകയും അതിനുശേഷം വീണ്ടും 2016 മാർച്ച് മാസത്തിൽ ചേർന്ന യോഗത്തിൽ ഭൂമിയിൽ താമസിക്കാത്തവർക്കും കൃഷിക്ക് ഉപയോഗിക്കാത്തവർക്കും നോട്ടീസ് നൽകി പട്ടയം റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ടു. എന്നാൽ നിലവിൽ വികസന പ്രവർത്തനങ്ങൾ പൂർത്തിയാവാതെ പട്ടയം റദ്ദ് ചെയ്ത് വേറെ ഗുണഭോക്താക്കൾക്ക് നൽകിയാലും ഇതേ അവസ്ഥതന്നെയാണ് നടക്കാൻ പോകുന്നത്. നിലവിലുള്ള അവസ്ഥ മാറാതെ സാമൂഹികമായും സാമ്പത്തികമായും പിന്നോട്ട് നിൽക്കുന്ന ജനവിഭാഗങ്ങളെ താമസിപ്പിക്കുക പ്രയാസമേറിയ കാര്യം തന്നെയാണ്. നിലവിൽ ഭൂമി ലഭിച്ച മൂന്ന് കുടുംബങ്ങളും ഒരു ഉപകുടുംബവും മാത്രമാണ് സ്ഥിരതാമസമുള്ളത്.

പേരാമ്പ്ര എസ്റ്റേറ്റ് (സീതപ്പാറ)സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 4 കുടുംബങ്ങളുടെ (100%) സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

## S.XXIV.2 സമുദായഘടന

കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ പണിയർ, മുതുവാൻ, കുറിച്യൻ, കാട്ടുനായ്ക്കൻ തുടങ്ങിയ ഗോത്രവിഭാഗങ്ങളിൽപെട്ട 202 കുടുംബങ്ങൾക്കാണ് ഇവിടെ ഭൂമിയനുവദിച്ചത്. നിലവിൽ താമസമുള്ളത് 4 കുടുംബങ്ങൾ മാത്രമാണ്.

## S.XXIV.3 അടിസ്ഥാന സൗകര്യം

സങ്കേതത്തിൽ നിലവിൽ നാല് കുടുംബങ്ങളാണ് സ്ഥിരമായി താമസിച്ചുവരുന്നത്. ഇതിൽ രണ്ട് കുടുംബങ്ങളുടെ വീടുകളുടെ നിർമ്മാണ പ്രവർത്തി നടന്നു കൊണ്ടിരിക്കയാണ്. സങ്കേതത്തിന്റെ ആരംഭഘട്ടത്തിൽ പത്ത് കുടുംബങ്ങൾ താമസിച്ചിരുന്നു. പിന്നീട് താമസസ്ഥലത്തെ ബുദ്ധിമുട്ട് കാരണം രണ്ട് കുടുംബങ്ങൾ സ്വന്തമായി ഭൂമി വാങ്ങിവെക്കുകയും ഒരു കുടുംബം സമീപത്ത് തന്നെ വാടക വീടെടുത്ത് താമസിച്ചുവരികയും ചെയ്യുന്നുണ്ട്. കുറച്ചു കുടുംബങ്ങൾ താത്കാലിക ഷെഡ് വെച്ചിട്ടുണ്ട്. എന്നാൽ നിലവിൽ താമസമില്ല. സങ്കേതത്തിൽ താമസിക്കുന്ന നാല് കുടുംബങ്ങളിൽ തന്നെ രണ്ട് കുടുംബങ്ങളുടെ വീടിന് വീട് ചോർച്ചയുണ്ട്.

### S.XXIV.3.1റോഡ്, ഗതാഗത സൗകര്യം

ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത ഈ മേഖലയിലെ പ്രധാന പ്രശ്നമാണ്. സങ്കേതത്തിന്റെ ആരംഭ സ്ഥലം വരെ കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സങ്കേതത്തിനകത്ത് 700 മീ. പ്രവർത്തികൾ കൂടി പൂർത്തീകരിച്ചാലെ ഇതിന്റെ പ്രയോജനം സങ്കേതവാസികൾക്ക് ലഭിക്കുകയുള്ളൂ. നിലവിലെ റോഡിന്റെ പൂർണ പ്രയോജനം സങ്കേതത്തിന്

പുറത്തുള്ള മറ്റു ജനവിഭാഗങ്ങൾക്കാണ് ലഭിക്കുന്നത്. സങ്കേതത്തിനകത്ത് വളരെ മോശമായ താത്കാലിക റോഡാണുള്ളത്. ഒരു മഴ പെയ്താൽ തന്നെ ഈ റോഡ് ഉപയോഗശൂന്യമാകുന്നു. നിലവിലുള്ള റോഡ് താത്കാലിക ഗതാഗതത്തിന് യോഗ്യമാക്കിയത് സങ്കേതത്തിലുള്ളവർ തന്നെയാണ്. വീടുപണിക്ക് സാധനങ്ങൾകൊണ്ടു വരാൻ ബുദ്ധിമുട്ടുള്ളതിനാൽ ഇവർതന്നെ തുക ചിലവഴിച്ചാണ് പ്രവർത്തികൾ നടത്തിയത്. സങ്കേതത്തിലേക്ക് എത്തിപ്പെടാൻ ചെറുവാഹനങ്ങളെയാണ് സങ്കേത വാസികൾ ആശ്രയിക്കേണ്ടി വരുന്നത്. ഈ വാഹനങ്ങൾക്ക് തന്നെ സങ്കേതത്തിൽ എത്തിപ്പെടാൻ കുറേ സമയം ചിലവഴിക്കേണ്ടി വരികയും ഇതിനായി സങ്കേത വാസികൾ ഉയർന്ന യാത്രാകൂലി നൽകേണ്ടിയും വരുന്നു.

## S.XXIV.4 വിദ്യാഭ്യാസം

ഗതാഗത സൗകര്യങ്ങൾ വളരെ കുറഞ്ഞ ഇവിടെ കുട്ടികളുടെ വിദ്യാഭ്യാസവും പ്രധാന വെല്ലുവിളിയാണ് സങ്കേതത്തിലുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസങ്ങൾക്കുപോലും വളരെയധികം യാത്രചെയ്യേണ്ടി വരുന്നുണ്ട്. സങ്കേതത്തിനടുത്തുള്ള അംഗൻവാടിയിലെത്താൻ രണ്ട് കി.മീ. യും ഒന്നാം തരം മുതൽ നാലാംതരം വരെ നാല് കി.മീ., പിന്നീടുള്ള വിദ്യാഭ്യാസത്തിന് എട്ട് കി.മീ. യാത്രചെയ്യേണ്ടിവരുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. ഏറെ ദൂരം യാത്രചെയ്ത് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കേണ്ട സാഹചര്യവും യാത്രാദുരിതവും കുട്ടികളുടെ ആരോഗ്യനിലയെ ബാധിക്കുന്ന പ്രശ്നങ്ങളാണ് സങ്കേതത്തിനടുത്ത് ഉപരി പഠനത്തിനായി പേരാമ്പ്ര, കോഴിക്കോട്, തുടങ്ങിയ സ്ഥലങ്ങളാണ് ആശ്രയിക്കുന്നത്. സങ്കേതത്തിലെ വിദ്യാർത്ഥികളിൽ യാത്രാ ചിലവിനും പഠനകാര്യങ്ങൾക്കും സാമ്പത്തികമായ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നുണ്ട്.

## S.XXIV.5 ആരോഗ്യം

സങ്കേതത്തിലെ ജനങ്ങൾ അസുഖം ബാധിച്ചാൽ കൂടുതലായും ആശ്രയിക്കുന്നത് അലോപതി ചികിത്സാരീതിയാണ്. ഇതിനായി ഏഴ് കി.മീ. അകലെയുള്ള പെരുമണ്ണാമുഴി ആരോഗ്യകേന്ദ്രത്തെയാണ് ആശ്രയിക്കുന്നത്. സങ്കേതത്തിനകത്ത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ റോഡ്, ഗതാഗത സൗകര്യമില്ലാത്തത് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഈ സങ്കേതത്തിനോട് ചേർന്നു തന്നെയാണ് മുതുകാട് കുളത്തൂർ പുനരധിവാസസങ്കേതം. കൂടാതെ വേറെയും സങ്കേതങ്ങൾ സമീപത്തുണ്ട്. ഈ സങ്കേതങ്ങളിലൊക്കെ അസുഖം ഉണ്ടാവുമ്പോൾ ഏഴ് കി.മീ. പോകേണ്ടി വരുന്നുണ്ട്. സങ്കേതത്തിലോ എല്ലാവർക്കും എത്തിച്ചേരാൻ സാധിക്കുന്ന മുതുകാടിൽ ഒരു പ്രഥമിക ആരോഗ്യ കേന്ദ്രം വേണമെന്നാണ് ഇവരുടെ ആവശ്യം.

## S.XXIV.6 തൊഴിലും വരുമാനവും

പുനരധിവാസ മേഖലയ്ക്കായി വിട്ടുനൽകിയ ഭൂമിയിൽ റബ്ബർ കൃഷിയാണ് ചെയ്തു വന്നിരുന്നത്. ഭൂമി ലഭിച്ചവരിൽ ചിലർക്ക് ഇതിൽ നിന്നുള്ള വരുമാനവും ലഭിക്കുന്നുണ്ട്. എന്നാൽ സങ്കേതത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത് ഈ ഭൂമി റബ്ബർകൃഷിക്ക് അനുയോജ്യമായ മണ്ണ് അല്ലെന്നും നൽകിയ ഭൂമിയിലെ റബ്ബർമരങ്ങൾ വേണ്ടത്ര ഗുണനിലവാരമില്ലെന്നും, റബ്ബറിന്റെ കറ (പാൽ) കുറവാണെന്നുമാണ്. ചിലർ ലഭിച്ച ഭൂമിയിൽ തെങ്ങ്, വാഴ, കവുങ്ങ്, കുരുമുളക് ഒക്കെ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സങ്കേതത്തിൽ താമസമുള്ളവർ സ്വന്തം ആവശ്യത്തിനുള്ള കാച്ചിൽ, ചേമ്പ് തുടങ്ങിയ കൃഷിചെയ്യുന്നുണ്ട്. മറ്റു പച്ചക്കറികൾ കൃഷിചെയ്യാൻ മതിയായ ജലസേചന സൗകര്യമില്ലാത്തത് കൊണ്ട് സാധിക്കുന്നില്ല. കൂടാതെ വാഴ, ചേമ്പ്, കാച്ചിൽ, തെങ്ങ് തുടങ്ങിയവ കാട്ടുമൃഗങ്ങളുടെ ശല്ല്യം കാരണം നശിപ്പിക്കപ്പെടുന്ന അവസ്ഥയാണ്. ഇതുമൂലം ലഭിച്ച ഒരു ഏക്കർ ഭൂമി കൃഷിക്ക് ഉപയോഗപ്പെടാത്ത വെറുതെ തരിശായി കിടക്കുകയാണ്.

### S.XXIV.6.1തൊഴിൽപരമായ പ്രശ്നങ്ങൾ

തൊഴിൽ ലഭ്യതകുറവാണ് പുനരധിവാസ മേഖല നേരിടുന്ന മറ്റൊരു പ്രശ്നം. തങ്ങൾക്ക് പ്രാവണ്യം ഉള്ള തൊഴിലിന് പുതിയ മേഖലയിൽ സാധ്യതയില്ലാതാവുകയും മറ്റുള്ള ജോലികൾക്ക് അന്വേഷിച്ചുപോയിട്ടും ലഭ്യമാകാത്തവസ്ഥയുമാണിവിടെയുള്ളത്. 202 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചതിൽ പത്ത് കുടുംബങ്ങളാണ് ഈ മേഖലയിൽ താമസിക്കാൻ തയ്യാറായത്. ഇവർക്ക് തന്നെ ഈ മേഖലയിൽ തൊഴിലില്ലാതെ തിരിച്ചുപോകേണ്ട അവസ്ഥയാണ്. ഗുണഭോക്താക്കൾ മേഖലയിൽ താമസിക്കാത്തതിന്റെ ഒരു കാരണം തൊഴിലില്ലായ്മ തന്നെയാണ്. നിലവിൽ താമസിക്കുന്ന കുടുംബങ്ങൾ റബ്ബർ ടാപ്പിംങ്, തൊഴിലുറപ്പ് പദ്ധതിയിലെ ജോലി എന്നിവയാണ് ഉപജീവനമാർഗ്ഗമായി കാണുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം (2017 -18) തൊഴിലുറപ്പു പദ്ധതി വഴി 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുണ്ട്. ചിലർ നീർക്കുഴി, കവുങ്ങ് നടീൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്വന്തം കൃഷിയിടത്തിൽ തൊഴിലുറപ്പ് പദ്ധതി വഴി നടത്തി വരുന്നുണ്ട്.

## S.XXIV.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

2002 കാലഘട്ടത്തിലാണ് പേരാമ്പ്ര എസ്റ്റേറ്റിൽ 202 കുടുംബങ്ങൾക്ക് ഭൂമിയനുവദിച്ചത്. വളരെ നാമമാത്രമായ കുടുംബങ്ങളാണ് ഈ മേഖലയിൽ ആദ്യഘട്ടം മുതൽ തന്നെ താമസിച്ചുവന്നിരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാൻ വളരെ ബുദ്ധിമുട്ടുള്ളതും കുന്നിൻ പ്രദേശങ്ങളുമാണ് ഭൂ വിതരണത്തിനായി തിരഞ്ഞെടുത്തത്. സാമൂഹ്യപരമായ കൂട്ടുകൂടി താമസിക്കുന്ന പണിയ വിഭാഗത്തിനാണ് ഇവിടെ കൂടുതൽ ഭൂവിതരണം ചെയ്തിട്ടുള്ളത്. ഒരു ഏക്കറിൽ ഒരു കുടുംബം എന്നതും സാമൂഹ്യസ്ഥാപനങ്ങളിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളതുമൊക്കെ ഇവിടെ സ്ഥിര താമസമാക്കുന്നതിനും ഭൂമി

സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങളാണ്. പുരനരധിവാസമേഖലയിലെ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളും മറ്റുപ്രശ്നങ്ങളും ചുവടെ ചേർക്കുന്നു.

**ഒറ്റപ്പെട്ട അവസ്ഥ**

ഓരോ പഞ്ചായത്തുകളിൽ നിന്നും നാമമാത്രമായ കുടുംബങ്ങൾ ഈ മേഖലയിൽ താമസിക്കുമ്പോൾ നിലവിൽ താമസിച്ചുവരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി/കൂട്ടം ചേർന്നുള്ള താമസത്തിൽ നിന്ന് പറിച്ച് നടപ്പെടുന്ന അവസ്ഥയാണ്. പാരമ്പര്യമായി കൂട്ടം കൂടി താമസിച്ചുവരുന്നവരാണ് ഭൂമി ലഭ്യമായ ഭൂരിപക്ഷം ഗോത്രവിഭാഗങ്ങളും. ഇതിൽ നിന്ന് വ്യത്യസ്ഥമായി ഒരാൾക്ക് ഒരേക്കർ നൽകപ്പെടുമ്പോൾ ഒറ്റപ്പെടുന്ന അവസ്ഥയുണ്ടാകുന്നു. ഇത് ഈ മേഖലയിലേക്ക് താമസിക്കാൻ വരുന്നതിന് തടസമാകുന്നു. കൂടാതെ സങ്കേതത്തിൽ നിന്ന് മറ്റു ആവശ്യങ്ങൾക്ക് വളരെ ദൂരം നടന്നു പോകേണ്ട അവസ്ഥയാണ് ഇവിടെയുള്ളത്.

**വൈദ്യുതി**

2007ലാണ് സങ്കേതത്തിൽ വൈദ്യുത വിതരണത്തിന്റെ നടപടി ക്രമങ്ങൾ തുടങ്ങിയത്. 2008ൽ വൈദ്യുതി ലഭിച്ചു. നിലവിൽ താമസമുള്ള കുടുംബങ്ങൾക്കെല്ലാം വൈദ്യുതി ലഭിക്കുന്നുണ്ട്.

**കക്കൂസ്**

നിലവിൽ താമസിക്കുന്ന നാല് കുടുംബങ്ങളുടെയും കക്കൂസ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## S.XXIV.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

കുടിവെള്ള പ്രശ്നം രൂക്ഷമായിട്ടുള്ള പ്രദേശമാണ് ഈ മേഖല. സങ്കേതത്തിനകത്ത് സ്ഥിരമായ കുടിവെള്ള സംവിധാനങ്ങൾ ഒന്നും ഒരുക്കി നൽകിയിട്ടില്ല. സങ്കേതത്തിൽ ഭൂമി ലഭ്യമായവർ സ്ഥിരതാമസമാക്കാത്തതിന്റെ പ്രധാന കാരണവും കുടിവെള്ള ക്ഷാമം തന്നെയാണ്. നിലവിൽ സങ്കേതത്തിനകത്തെ കുന്നിൻ പ്രദേശത്തെ കാട്ടുചോലകളിലെ വെള്ളമാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. കൂടാതെ മഴക്കാലത്ത് മഴവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സമയത്ത് പഞ്ചായത്തിൽ നിന്നും കുടിവെള്ളം എത്തിക്കുന്നുമുണ്ട്. ഇങ്ങനെ എത്തിക്കുന്ന കുടിവെള്ളം നിറച്ചുവെക്കാൻ രണ്ട് കുടിവെള്ള ടാങ്കും പഞ്ചായത്ത് നൽകിയിട്ടുണ്ട്. സങ്കേതത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സങ്കേതത്തിനകത്ത് പഞ്ചായത്ത് കുളം നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രയോജനം പൂർണമായും സങ്കേതത്തിന് താഴെ താമസിക്കുന്ന മറ്റുവിഭാഗക്കാർക്കാണ് ലഭിക്കുന്നത്. സങ്കേതത്തിന്റെ താഴെ ഭാഗത്തു നിർമ്മിച്ച കുളത്തിൽ നിന്ന് ടാങ്കുകളിലേക്കോ വീടുകളിലേക്കോ വെള്ളം എത്തിക്കേണ്ട യാതൊരു പ്രവർത്തനവും ഒരുക്കി നൽകാൻ ഇതുവരെ സാധിച്ചിട്ടില്ല.

## S.XXIV.8 .1സാംസ്കാരിക സാമൂഹിക പ്രശ്നങ്ങൾ

തങ്ങളുടെ പ്രദേശത്ത് നിന്ന് പറിച്ച് നടപ്പെടുന്നതുകൊണ്ടുതന്നെ പുതിയ സ്ഥലത്ത് ജീവിക്കുക എന്നത് പ്രയാസമേറിയതാണ്. തങ്ങളുടെ സാമൂഹിക സാംസ്കാരിക ചുറ്റുപാടുകളിൽ നിന്ന് ഏറെ വിഭിന്നമാണ് പുതിയ പ്രദേശം. ആയതിനാൽ തന്നെ ഭൂമി നൽകപ്പെട്ട കുടുംബങ്ങളിൽ ഒത്തുചേരുന്നതിനോ ഇടപഴകുന്നതിനോ ഉള്ള യാതൊരു സംവിധാനങ്ങളും ഈ മേഖലയിൽ ഒരുക്കി നൽകിയിട്ടില്ല. കുടുംബങ്ങളിൽ നിന്ന് പെട്ടെന്ന് മാറ്റി താമസിക്കുന്നവർക്ക് പുതിയ സ്ഥലത്ത് അനുഭവിക്കുന്ന മാനസിക പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഒരുക്കി നൽകപെടേണ്ടതാണ്.

## S.XXIV. 9സങ്കേതവാസികളുടെ വികസന സ്വപ്നം

1. മെച്ചപ്പെട്ട ഗതാഗത സൗകര്യം ഒരുക്കി നൽകുക:
   സങ്കേതത്തിനകത്ത് എത്തിച്ചേരാൻ നല്ല റോഡുകൾ ഇല്ല. സങ്കേതത്തിനായ് നിർമ്മിച്ച റോഡിന്റെ പ്രവർത്തി പൂർത്തിയായില്ല. റോഡ് സൗകര്യമില്ലാത്തതിനാലും ആശുപത്രി-വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് സങ്കേതവാസികൾ ബുദ്ധിമുട്ടുന്നു.
2. വീട് മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകുന്നതിലുള്ള കാലതാമസമുണ്ടാകുന്നത് സങ്കേതവാസികളെ വളരെയധികം പ്രയാസപ്പെടുത്തുന്നു.
3. കുടിവെള്ള ദൗർബല്യം ഏറ്റവും വലിയ ബുദ്ധിമുട്ടായി തുടരുന്നു. നിലവിൽ മഴവെള്ളം, കാട്ടുചോലകൾ എന്നിവയെ ആശ്രയിച്ചാണ് ജീവിക്കുന്നത്.
4. സങ്കേതത്തിൽ നിർമ്മിച്ച കുളം പ്രയോജനപ്പെടാതെ കിടക്കുന്നു. കുളത്തിന്റെ പൂർണ പ്രയോജനം സങ്കേതത്തിന് പുറത്ത് വസിക്കുന്നവർക്കാണുള്ളത്.
5. ഊരുകൂട്ട പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.
6. തങ്ങളുടെ പഴയ പ്രദേശത്ത് പ്രാവീണ്യം തെളിയിച്ച മേഖലയിലെ തൊഴിൽ പുനരധിവസിച്ച പ്രദേശത്ത് ലഭ്യമാകുന്നില്ല.
7. മൃഗശല്യം കാരണം ചെറിയ രീതിയിലുള്ള കൃഷി പോലും നടത്താൻ സാധിക്കുന്നില്ല.
8. ഫണ്ട് പഞ്ചായത്തു മുഖാന്തിരം നൽകാതെ പട്ടികവർഗ്ഗ വകുപ്പ് നേരിട്ട് ചിലവഴിക്കുക.
9. സങ്കേതത്തിൽ താമസിക്കുന്നവർക്ക് ഒറ്റപ്പെട്ട അവസ്ഥയാണുള്ളത്.

## S.XXIV.9.1പരിഹാരങ്ങൾ

* സങ്കേതത്തിലേക്കും സങ്കേതത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും റോഡ് നിർമ്മിക്കുക.
* മെച്ചപ്പെട്ട കുടിവെള്ള സംവിധാനമൊരുക്കി നൽകുക.

* ഓരോ പ്രവർത്തികൾക്കും അനുവദിച്ച ഫണ്ട് കാലതാമസം കൂടാതെ നൽകുക, പട്ടിക വർഗ്ഗ വകുപ്പ് നേരിട്ട് നടപ്പിലാക്കുക.
* തൊഴിൽ പരിശീലനങ്ങൾ താത്കാലിക തൊഴിൽ ഒരുക്കി നൽകുക.
* മുകളിൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടും താമസമാരംഭിക്കാത്ത ഗുണഭോക്താക്കളുടെ പട്ടയം റദ്ദ് ചെയ്ത് ഭൂരഹിതരായ മറ്റു കുടുംബങ്ങൾക്ക് നൽകണം.
* പുതിയ താമസത്തിന് വരുന്ന കുടുംബങ്ങൾക്ക് കുറഞ്ഞത് അഞ്ച് വർഷമെങ്കിലും ഉപജീവനത്തിനുള്ള സഹായം നൽകേണ്ടതാണ്.

## കോഴിക്കോട് ജില്ലയിലെ ടി. ആർ. ഡി. എം സങ്കേതത്തിലേക്ക് മാറി താമസിക്കാത്ത കുടുംബങ്ങളെ സന്ദർശിച്ച് കണ്ടെത്തിയ വിവരങ്ങൾ

ടി. ആർ. ഡി. എം വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി 13.04.2018 മുതൽ 19.04.2018 വരെ കോഴിക്കോട് ജില്ലയിലെ ടി. ആർ. ഡി. എം പദ്ധതിയുമായി ബന്ധപ്പെട്ട ആനക്കാംപൊയിൽ, മുത്ത പ്പൻപുഴ (തിരുവമ്പാടി പഞ്ചായത്ത്) പൂവാറംതോട് (കൂടരഞ്ഞി പഞ്ചായത്ത്) എന്നീ സങ്കേതങ്ങളും വകുപ്പുകളും സന്ദർശിച്ചു വിവരശേഖരണം നടത്തി. പ്രോജക്ടുമായി ബന്ധപ്പെട്ട അധികാരികൾ ഠഉഛ, ഠഋഛ എന്നിവരും ഗോത്ര പ്രൊമോട്ടർമാർ ആദിവാസി മൂപ്പൻ തുടങ്ങിയവരിൽ നിന്നും സങ്കേതത്തിലെ അംഗങ്ങളിൽ നിന്നും വിവരശേഖരണം നടത്തി.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര പുനരധിവാസ സങ്കേതത്തിൽ 202 ഏക്കർ ഭൂമി നൽകി എങ്കിലും 46 കുടുംബങ്ങൾ മാത്രമായിരുന്നു മാറി താമസിച്ചിരുന്നത്. എന്നാൽ പല കുടുംബങ്ങളും മാറി താമസിച്ചതിന് ശേഷം തിരിച്ച് പഴയ സ്ഥലത്തേക്ക് തന്നെ പോവുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ ഇവർ പരമ്പരാഗതമായി അധിവസിച്ചുവരുന്ന പ്രദേശങ്ങളാണ്.

### ആനക്കാംപൊയിൽ, മുത്തപ്പൻപുഴ സങ്കേതം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി പഞ്ചായത്തിലെ ഓടപൊയിൽ പണിയ കോളനിയിൽ നിന്ന് വിവരശേഖരണം നടത്തി പ്രധാന റോഡിൽ നിന്നും 1.5 കിലോ മീറ്റർ ഉള്ളിൽ സ്ഥിതി ചെയ്യുന്ന സങ്കേതത്തിൽ പരിമിതമായ സൗകര്യങ്ങളുള്ള വീടുകളും കുറഞ്ഞ സ്ഥലസൗകര്യങ്ങളു മാണ് ഉള്ളത്. പാരമ്പര്യമായി കൈവശമുള്ള സ്ഥലത്താണ് ഇവർ ഇപ്പോൾ താമസിക്കുന്നത്. പുരുഷ ന്മാർ കൂലി ജോലിക്കും സ്ത്രീകൾ വനങ്ങളിലും മറ്റും വിറക്, കായ്കനികൾ എന്നിവ ശേഖരിക്കുന്ന തിനും പോകുന്നു. വിദ്യാഭ്യാസം കുറഞ്ഞ ഈ സമുദായത്തിലെ കുട്ടികൾ അടുത്തുള്ള വിദ്യാലയ

ങ്ങളിൽ പോകുന്നുണ്ട്. ഇവർക്ക് ടി. ആർ. ഡി. എം വഴി ഭൂമി കിട്ടിയത് ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് എന്ന പ്രദേശത്ത് ഒരേക്കർ വീതമാണ്. താമസസ്ഥലത്തുനിന്നും 40 കിലോ മീറ്റർ – 50 കിലോ മീറ്റർ അകലെയാണ് നൽകപ്പെട്ടിരിക്കുന്ന ഭൂമി. 2004 ൽ പട്ടയം ലഭിച്ച ഭൂമിയിൽ ഇതുവരെ ഇവർ പോകുകയോ മറ്റു ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല.

**പൂവാറംതോട് സങ്കേതം**

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി പഞ്ചായത്തിൽ ഉൾപ്പെടുന്ന മലയോര പ്രദേശമാണ് പൂവാറംതോട്. നല്ല റോഡ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള പ്രദേ ശത്ത് 15 ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. ഉള്ളാടൻ, മുതുവാൻ തുടങ്ങിയ സമുദായ ത്തിൽപ്പെട്ട കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. കുട്ടികൾ സ്കൂളുകളിൽ പോകുന്നു. മുതിർന്ന ആളുകൾക്ക് കൂലിവേലയാണ് പ്രധാന വരുമാനമാർഗ്ഗം. 40 വർഷങ്ങൾക്ക് മുമ്പ് ഉരുൾപ്പൊട്ടൽ ഉണ്ടായതിനെത്തുടർന്ന് സർക്കാർ മാറ്റി താമസിച്ചപ്പോൾ ലഭിച്ച 20 സെന്റ് ഭൂമിയി ലാണ് ഇപ്പോൾ അവർ താമസിക്കുന്നത്.

പ്രദേശത്ത് നിന്നും ഭൂരിപക്ഷം പേരും പുനരധിവസിക്കപ്പെട്ട ഭൂമിയിൽ താമസിക്കുന്നില്ല. കാരണം ആന, കാട്ടുപന്നി, എന്നിവയുടെ ശല്യങ്ങളും ഒപ്പം ചെങ്കുത്തായ പ്രദേശങ്ങളാണ് ലഭിച്ചത് എന്നതുകൊണ്ടും റോഡ്, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ പ്രശ്നങ്ങൾ കാരണം ഭൂമി ഉപയോഗി ക്കുന്നില്ല. 2004 ൽ പട്ടയം ലഭിച്ച ഭൂമിയിൽ വളരെ കുറച്ച് കുടുംബങ്ങൾ താമസിച്ചിരുന്നു. അവർ പിന്നീട് തിരിച്ച് വരികയും ചെയ്തു. എന്നാൽ റോഡ്, റബ്ബർ എന്നീ സൗകര്യങ്ങൾ ലഭിച്ച ചില കുടുംബങ്ങൾ അവിടെ താമസിക്കുന്നു. വിവരശേഖരണത്തിന്റെ ഭാഗമായി പ്രദേശത്തെ പ്രമോട്ടർ, ആദിവാസി മൂപ്പൻ, പ്രദേശവാസികൾ, കുടുംബങ്ങൾ തുടങ്ങിയവരുമായി സംസാരിച്ചു.

**പുനരധിവാസ പ്രദേശത്തേക്ക് മാറിതാമസിക്കാതിരിക്കാനുള്ള പൊതുവായ കാരണങ്ങൾ ഇവയാണ്.**

- **മൃഗ ശല്യം**

  ആന, കാട്ടുപന്നി എന്നിവയുടെ ആക്രമണങ്ങൾ വീടിനും കൃഷിക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു.

- **റോഡ്, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

  നിലവിൽ താമസിക്കുന്ന സ്ഥലം അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം തുടങ്ങിയവ യാൽ സമൃദ്ധമാണ്. എന്നാൽ ലഭിച്ച പ്രദേശം കാട് പിടിച്ചതും കൃഷി, വീട് എന്നിവയ്ക്കാവ ശ്യമായ വസ്തുക്കൾ എത്തിക്കുന്നതിന് ബുദ്ധിമുട്ടുള്ള പ്രദേശത്താണ്.

- **ജോലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

  നിലവിൽ കൂലിപണി ചെയ്ത് ജീവിക്കുന്ന ഇവർക്ക് പുതിയ സ്ഥലത്ത് ജോലി സാധ്യമല്ല. ഇത് അവരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നു.
- **നിലവിലുള്ള അയൽപ്പക്ക കുടുംബ ബന്ധങ്ങളിൽ മാറ്റം വരുന്നത് പല ആളുകളും ഇഷ്ട പ്പെടുന്നില്ല.**
- **നിലവിലുള്ള പ്രദേശത്ത് നിന്നും പുനരധിവസിക്കപ്പെട്ട സ്ഥലത്തേക്കുള്ള ദൂരം പലരും പ്രശ്നമായി പറയുന്നുണ്ട്.**

......

## ഉപസംഹാരം

കോഴിക്കോട് ജില്ലയിലെ മുതുകാട്-കുളത്തൂർ സങ്കേതത്തിൽ പുനരധിവസിപ്പിക്കപ്പെട്ടിട്ടുള്ള പണിയൻ, കാട്ടുനായ്ക്കൻ എന്നീ വിഭാഗത്തിലുള്ള 34 കുടുംബങ്ങളാണ് താമസിക്കുന്നത്. സങ്കേത ത്തലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാനായി തടയണ കെട്ടാവുന്നതാണ്. സങ്കേതത്തിൽ സാംസ്കാരിക കേന്ദ്രമില്ല. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാം. കുളത്തൂർ സങ്കേതം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് മദ്യ പാനാസക്തിയാണ്. എത്രയും വേഗത്തിൽ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനായി സാമ്പ ത്തിക സഹായം അനുവദിക്കാവുന്നതാണ്. 2005-ൽ താമസമാക്കപ്പെട്ട ഇവർക്ക് സ്വന്തം ഇഷ്ടപ്ര കാരമില്ലാതെ പണിത വീടാണ് ഉള്ളത്. വിദ്യാഭ്യാസം, തൊഴിൽ, കുടിവെള്ളം തുടങ്ങിയ ചില മേഖല കളിൽ പ്രശ്നങ്ങൾ നേരിടുന്ന സങ്കേതവാസികൾക്ക് അടിസ്ഥാന സൗകര്യ വികസനം, ഉപജീവനോ പാധി എന്നിവ നൽകി വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും ചെയ്താൽ ഇവരുടെ ജീവിത നില വാരം മെച്ചപ്പെടുകയും സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യും.

വട്ടച്ചിറ സങ്കേതത്തിൽ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി വികസിപ്പിക്കാവുന്നതാണ്. കൂടാതെ ലഭ്യമാക്കിയ ഭൂമിയിൽ കൃഷി ചെയ്യാനുള്ള പശ്ചാ ത്തല സൗകര്യങ്ങൾ (ജലസേചനം സംരക്ഷണം മുതലായവ) വികസിപ്പിക്കാനുതകുന്ന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ സങ്കേതത്തിൽ നടപ്പിലാക്കാവുന്നതാണ്. ലഭിച്ച ഭൂമി സംബന്ധിച്ച പ്രശ്ന ങ്ങൾ പരിഹരിച്ച് മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി കൈവശം വെക്കാനും ഉപയോഗിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. മേഖലയിൽ വനാവകാശ നിയമപ്രകാരം സങ്കേത വാസികൾക്ക് ലഭ്യമാകേണ്ട മുഴുവൻ അവകാശങ്ങളും അനുവദിച്ച് നൽകാവുന്നതാണ്. സങ്കേത ത്തിൽ നിലനിൽക്കുന്ന കുടിവെള്ളപ്രശ്നം, മേഖലയിലെ നീർത്തട സംരക്ഷണ വികസനപദ്ധതി കൾ നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കാവുന്നതാണ്. നിലവിൽ സങ്കേതത്തിൽ പ്രവർത്തിച്ചുവരുന്ന സാമൂഹ്യ പഠനമുറി സംവിധാനം പ്രോത്സാഹിപ്പിക്കുകയും , കൃത്യമായി വിലയിരുത്തുകയും

ചെയ്യുന്നപക്ഷം വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് ഒരുപരിധിവരെ തടയാവുന്നതാണ്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ സങ്കേതത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവ പൂർത്തീകരിച്ചിട്ടില്ല. യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാവുന്നതാണ്.

പേരാമ്പ്ര എസ്റ്റേറ്റ് സങ്കേതത്തിനകത്ത് എത്തിച്ചേരാൻ സങ്കേതത്തിനായ് നിർമ്മിച്ച റോഡിന്റെ പ്രവർത്തി പൂർത്തിയായില്ല. റോഡ് സൗകര്യമില്ലാത്തതിനാലും ആശുപത്രി-വിദ്യാഭ്യാസ കാര്യങ്ങൾക്ക് സങ്കേതവാസികൾ ബുദ്ധിമുട്ടനുഭവിക്കുന്നു. വീട്, കുടിവെള്ള ദൗർലബ്യം മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകുന്നതിലുള്ള കാലതാമസം എന്നിവ മൂലം സങ്കേതവാസികൾ ബുദ്ധിമുട്ടുന്നു. തങ്ങളുടെ പഴയ പ്രദേശത്ത് പ്രാവീണ്യം തെളിയിച്ച മേഖലയിലെ തൊഴിൽ, പ്രദേശത്ത് ലഭ്യമാകുന്നില്ല.

സങ്കേതത്തിലേക്കും സങ്കേതത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും റോഡ് നിർമ്മിക്കാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടും താമസമാരംഭിക്കാത്ത ഗുണഭോക്താക്കളുടെ പട്ടയം റദ്ദ് ചെയ്ത് ഭൂരഹിതരായ മറ്റു കുടുംബങ്ങൾക്ക് നൽകാം.……

കോഴിക്കോട് ജില്ലയിലെ സങ്കേതങ്ങളിൽ കൃഷിയും നായാട്ടുമെല്ലാം ഉപജീവനമാർഗ്ഗമാക്കി നിലവിൽ താമസിച്ചു വരുന്ന ഗോത്ര വർഗ്ഗക്കാർക്ക് പുനരധിവാസ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനാണ് പ്രയാസങ്ങൾ നേരിടേണ്ടി വരുന്നത്. കുടിവെള്ള ലഭ്യതയ്ക്കുള്ള ഏതാനും ചില പദ്ധതികൾ നടത്തിയിരുന്നെങ്കിലും മുന്നോട്ട് നീങ്ങാത്തതിനാൽ സങ്കേതവാസികൾ വളരെയധികം പ്രയാസങ്ങൾ നേരിടുന്നുണ്ട്.

# വയനാട് ജില്ല

# വയനാട് ജില്ല

കേരള സംസ്ഥാനത്തിലെ 12-ാമത്തെ ജില്ലയാണ് വയനാട്. ജില്ലാ ആസ്ഥാനം കൽപ്പറ്റയാണ്. വയനാട് ജില്ല കേരളത്തിലെ ഇതരഭൂവിഭാഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ഭൂപ്രകൃതിയാൽ സഹ്യാദ്രിയിൽ സ്ഥിതി ചെയ്യുന്നു.കാഴ്ചകളുടെ സ്വർഗ്ഗഭൂമിയായ പ്രദേശങ്ങളിലൊന്നാണ് ഈ ജില്ല. ഗോത്രവർഗ്ഗ സംസ്കൃതിയുമായി ഇഴുകിച്ചേർന്ന സങ്കരസംസ്ക്കാരം ഉടലെടുത്ത് വികസിച്ചു വരുന്ന ഒരു ജില്ല കൂടിയാണിത്.

2011 സെൻസസ് പ്രകാരം കേരളത്തിലെ വയനാട് ജില്ലയിൽ പട്ടികവർഗ ജനസംഖ്യയുടെ 18.53%വും അധിവസിക്കുന്നത് വയനാട് ജില്ലയിലാണ്. സംസ്ഥാനത്തിൻെറ ആകെ പട്ടികവർഗ ജനസംഖ്യയുടെ ഏകദേശം മൂന്നിൽ ഒരു ഭാഗമാണിത്. പണിയൻ, അടിയാൻ, കാട്ടുനായ്ക്കൻ, വെട്ട കുറുമൻ, കുറിച്ച്യൻ, മുള്ളുകുറുമൻ, തച്ചനാടൻമൂപ്പൻ, വയനാടൻകാടർ, കരിമ്പാലൻ എന്നീ ഗോത്രവിഭാഗങ്ങളാണ് വയനാട്ടിലുള്ളത്. ഇതിൽ കാട്ടുനായ്ക്കൻ പ്രത്യേക ദുർബല വിഭാഗത്തിൽപ്പെടുന്നു.

ചീങ്ങേരി പുനരധിവാസ മേഖല, വൈത്തിരി പഞ്ചായത്തിലെ പൂക്കോട് കുന്ന് (കുന്നത്തിടവക)സങ്കേതം, , സുഗന്ധഗിരി 1,2,3,5,6 യൂണിറ്റുകൾ തുടങ്ങിയവയാണ് വയനാട് ജില്ലയിലെടി.ആർ.ഡി.എം പുനരധിവാസ സങ്കേതങ്ങൾ.

ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിലെ പുനരധിവാസ മേഖലയിൽ ഉൾപ്പെടുന്ന സങ്കേതങ്ങൾ താഴെ പറയുന്നവയാണ്.

അമ്പലവയൽ പഞ്ചായത്തിലെ ചീനിക്കാമൂല സങ്കേതം,

അമ്പലവയൽ പഞ്ചായത്തിലെ ഈച്ചമാനിക്കുന്ന് സങ്കേതം

അമ്പലവയൽ പഞ്ചായത്തിലെ മട്ടപ്പാറ സങ്കേതം

അമ്പലവയൽ പഞ്ചായത്തിലെ ആറാട്ടുപാറ സങ്കേതം

അമ്പലവയൽ പഞ്ചായത്തിലെ കാരംകൊല്ലി സങ്കേതം

അമ്പലവയൽ പഞ്ചായത്തിലെ വികാസ് കോളനി,

അമ്പലവയൽ പഞ്ചായത്തിലെ അമ്പലക്കുന്ന് സങ്കേതം

സുഗന്ധഗിരി, പൂക്കോട് എന്നീ സങ്കേതങ്ങൾ ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് പശ്ചിമ ഘട്ട വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പുനരധിവാസ സങ്കേതങ്ങളാണ് . പട്ടികവർഗ്ഗ ക്കാരുടെ പുനരധിവാസം ലക്ഷ്യം വെച്ച് നടത്തിയ ഈ പദ്ധതിയിൽ നിക്ഷിപ്ത വനഭൂമികൾ ഗോത്ര വിഭാഗങ്ങൾക്ക് പതിച്ച് നൽകുകയാണ് ചെയ്തത്. കേരള സംസ്ഥാന സർക്കാർ 1958-ൽ ആരംഭിച്ച പട്ടികവർഗ്ഗ പുനരധിവാസ പദ്ധതിയാണ് ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം. അടിമപണിയിൽ നിന്ന് മോചിപ്പിക്കപ്പെട്ട ഗോത്രവിഭാഗങ്ങളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി യാണ് ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം. സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി പദ്ധതികളെ 2002-2003 കാലഘട്ടത്തിൽ ടി.ആർ.ഡി.എം പദ്ധതിയിലുൾപ്പെടുത്തുകയും, വികസന പ്രവർത്തനങ്ങൾ നടപ്പി ലാക്കുകയുമാണ് ചെയ്തതത്. കുന്നത്തിടവക സങ്കേതം ടി.ആർ.ഡി.എം പദ്ധതി പ്രകാരം 2002-ൽ ആരംഭിച്ച പുനരധിവാസ സങ്കേതവുമാണ്.

പട്ടിക 3.22**വയനാട് ജില്ല : അടിസ്ഥാന വിവരം**

| ക്രമ നമ്പർ | പുനരധിവാസ സങ്കേതം | ആകെ നൽകിയ ഭൂമി | ഭൂമി നൽകിയ കുടുംബങ്ങളുടെ എണ്ണം | നിലവിൽ താമസി ക്കുന്ന കുടുംബ ങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | സുഗന്ധഗിരി | 1824 ഏക്കർ | 422 | 530 |
| 2 | കുന്നത്തിടവക | 39 ഏക്കർ | 39 | 4 |
| 3 | പൂക്കോട് | 302 ഏക്കർ | 72 | 114 |
| 4 | ചീങ്ങേരി | 218 ഏക്കർ | 270 | 368 |

അവലംബം-ടി.ഇ.ഒ ഓഫീസ് ചീങ്ങേരി,

സെറ്റ് മാനേജർ സുഗന്ധഗിരി.

**ടി.ആർ.ഡി.എം പുനരധിവാസ സങ്കേതങ്ങൾ– വയനാട്**

പട്ടിക 3.23.**ഭൂരഹിത കുടുംബങ്ങൾ**

| ബ്ലോക്ക് പഞ്ചായത്ത് | പഞ്ചായത്ത് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| സുൽത്താൻ ബത്തേരി | നൂൽപ്പുഴ | 699 |
| | നെൻമേനി | 518 |
| | സുൽത്താൻ ബത്തേരി | 490 |
| | അമ്പലവയൽ | 317 |
| | പൂതാടി | 689 |
| | പുൽപ്പള്ളി | 712 |
| | മീനങ്ങാടി | 663 |
| | മുള്ളൻകൊല്ലി | 357 |
| മാനന്തവാടി | തൊണ്ടർനാട് | 343 |
| | വെള്ളമുണ്ട | 438 |
| | തവിഞ്ഞാൽ | 442 |
| | മാനന്തവാടി | 551 |
| | എടവക | 373 |
| | പനമരം | 963 |
| | തിരുനെല്ലി | 921 |
| കൽപ്പറ്റ | പൊഴുതന | 159 |
| | കണിയാംമ്പറ്റ | 293 |
| | മുട്ടിൽ | 337 |
| | പടിഞ്ഞാറത്തറ | 197 |
| | തരിയോട് | 203 |
| | മേപ്പാടി | 191 |
| | മൂപ്പെനാട് | 153 |
| | കൽപ്പറ്റ മുൻസിപ്പാലിറ്റി | 238 |
| | വേങ്ങാപ്പള്ളി | 379 |
| | കോട്ടത്തറ | 544 |
| | വൈത്തിരി | 33 |
| ആകെ | | 11,176 |

അവലംബം-ടി.ഇ.ഒ ഓഫീസ് ചീങ്ങേരി, സെറ്റ് മാനേജർ സുഗന്ധഗിരി.

ടി. ആർ. ഡി. എം ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം വയനാട് ജില്ലയിലാകെ 11,176 കുടുംബങ്ങൾ ഭൂരഹിതരായിട്ടുണ്ട്. ടി. ആർ.ഡി.എം മിഷൻ ആദ്യ ഘട്ടത്തിൽ വയനാട്ടിലെആദ്യ കാല പുനരധിവാസ മേഖലകളായ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി സങ്കേതങ്ങളെ മിഷനിൽ ഉൾപ്പെടുത്തുകയും, അവിടങ്ങളിലെ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുകയുമാണ് ചെയ്തത്. കൂടാതെ വൈത്തിരി പഞ്ചായത്തിലെ

കുന്നത്തിടവക (പൂക്കോട് കുന്ന്) സങ്കേതത്തിലുള്ള പുതുതായി പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

### ചീനിക്കാമൂല (ചീങ്ങേരി)

### S.XXV. 1 പ്രദേശം

അമ്പലവയൽ പഞ്ചായത്തിലെ ചീങ്ങേരി പുനരധിവാസ മേഖലയിലെ ഒരു ഭാഗമാണ് ചീനിക്കാമൂല. സങ്കേതത്തിൽ സ്ഥിതി ചെയ്യുന്ന പെൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലിന് താഴെ ഭാഗത്തും കാരംകൊല്ലി സങ്കേതത്തിനിടയിലും, അമ്പലവയൽ പഞ്ചായത്തിലെ മൂന്നാം വാർഡിലും ഉൾക്കൊള്ളുന്ന പ്രദേശമാണ് ചീനിക്കാമൂല. ഇവിടെ ആകെ 23 കുടുംബങ്ങൾക്കാണ് ഭൂമിയനുവദിച്ചിട്ടുള്ളത്. ഇതിൽ ഉപകുടംബങ്ങൾ ഉൾപ്പെടെ 24 കുടുംബങ്ങൾ നിലവിൽ താമസിച്ചു വരുന്നുണ്ട്. ഇവിടെ താമസിക്കുന്ന കുടുംബങ്ങളെല്ലാം തന്നെ ടി.ആർ.ഡി.എം. മിഷൻ വരുന്നതിന് മുൻപ് ഇവിടെ താമസമാക്കിയവരോ ഇവിടെതന്നെ ജനിച്ചുവളർന്നവരോ ആണ്. സങ്കേതത്തിൽ ആകെ 107 പേർ അധിവസിക്കുന്നു. ഇതിൽ 54 പുരുഷൻമാരും 53 സ്ത്രീകളും ഉൾപ്പെടുന്നു.

ചീങ്ങേരി പുനരധിവാസ മേഖലയിലെ കൂടുംബങ്ങളുടെ 12% സാംമ്പിൾ സർവ്വെയുടെ അടിസ്ഥാനത്തിനാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XXV . 2 സമുദായഘടന

കാട്ടുനായ്ക്കൻ (6) കുറിച്യൻ (10) പണിയൻ (1) മുള്ളുകുറുമൻ (7) തുടങ്ങിയ വിഭാഗത്തിൽപ്പെട്ട ഗോത്രവിഭാഗക്കാരാണ് ഈ മേഖലയിൽ ഭൂമി ലഭ്യമായി താമസിച്ചുവരുന്നത്.

### S.XXV. 3 അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാൻ പല പദ്ധതികളും നടപ്പിലായെങ്കിലും ഇത് എല്ലാ കുടുംബങ്ങളിലും എത്തിച്ചു നൽകാൻ സാധിച്ചിട്ടില്ല. ബഹുഭൂരിപക്ഷം പേർക്ക് വീടും, വൈദ്യുതിയും എത്തിച്ചുനൽകിയെങ്കിലും വീടുകളുടെ അവസ്ഥ ശോചനീയമാണ്. നിർമ്മാണം പൂർത്തിയായ വീടുകൾ സങ്കേതത്തിലില്ല. ചെറിയ മുറികൾ അടങ്ങിയ വീടിന് സൗകര്യകുറവ് അനുഭവപ്പെടുന്നുണ്ട്. കൂടാതെ ചോർച്ചാ പ്രശ്നവും അനുഭവിക്കുന്നുണ്ട്. സങ്കേതത്തിൽ 66.7% പേർക്ക് ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ട് കടബാധ്യതയുണ്ട്. സങ്കേതത്തിൽ താമസമാരംഭിച്ച ഘട്ടത്തിൽ എല്ലാവരും കുടിൽ കെട്ടിയാണ് താമസിച്ചിരുന്നത്. അടിസ്ഥാന സൗകര്യമായ റോഡ് സങ്കേതത്തിലെ ഒരു ഭാഗത്ത് ഉണ്ടെങ്കിലും സങ്കേതത്തിൽ തന്നെ ഉൾക്കൊള്ളുന്ന വികാസ് സങ്കേതത്തിന്റെ താഴെ ഭാഗത്ത് താമസിക്കുന്ന അഞ്ച് കുടുംബങ്ങൾക്ക് സങ്കേതത്തിന് പുറത്ത് എത്തിപ്പെടാൻ മതിയായ വഴിയോ, റോഡ് സൗകര്യമോ ഒരുക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ ഭാഗത്തുള്ളവരുടെ പ്രധാന ആവശ്യവും ഇതു തന്നെയാണ്. സങ്കേതത്തിൽ രണ്ട് പദ്ധതികളിലായി എല്ലാ വീടുകൾക്കും കുടിവെള്ളം എത്തിച്ചു നൽകിയിട്ടുണ്ട്. സങ്കേതത്തിൽ കുടുംബശ്രീ കൂട്ടായ്മകൾ പ്രവർത്തിക്കുന്നുണ്ടെന്നും ലഘു സമ്പാദ്യ പദ്ധതിയിലൂടെ ധനസമാഹരണവും

ആവശ്യക്കാർക്ക് കുടുംബശ്രീ മുഖാന്തിരം ലോൺ നൽകാറുണ്ടെന്നും മിക്കവരും കൃത്യമായി ഇത് തിരിച്ചടവ് നടത്തുന്നുണ്ടെന്നും സങ്കേതത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പൊതുരംഗത്തിറങ്ങാൻ മടിച്ചിരുന്ന സ്ത്രീകൾക്ക് കുടുംബശ്രീയുടെ പ്രവർത്തനത്തിലൂടെ കാര്യങ്ങൾ ഏറ്റെടുത്ത് നടത്താനും പൊതു ഇടപെടലുകൾ നടത്താനും സാധിച്ചിട്ടുണ്ട്.

### S.XXV. 4 വിദ്യാഭ്യാസം

വിദ്യാഭ്യാസ സൗകര്യങ്ങൾ സങ്കേതത്തിലും സങ്കേതത്തിന് സമീപ പ്രദേശത്തുമുണ്ട്. സങ്കേതത്തിനോട് ചേർന്ന് 500 മീറ്റർ അകലെയുള്ള നന്ദൻ കവലയിലെ അംഗൻവാടിയാണ് സങ്കേത്തിലെ കുട്ടികൾ ആശ്രയിച്ചു വരുന്നത്. തുടർന്ന് പ്രഥമികതലം മുതൽ ഹയർസെക്കണ്ടറി വരെ അമ്പലവയൽ ഹയർ സെക്കണ്ടറി സ്കൂളിലാണ് വിദ്യാർത്ഥികൾ പഠിക്കുന്നത്. ഹയർസെക്കണ്ടറി പഠനത്തോടെയാണ് സങ്കേതത്തിലെ മിക്ക കുട്ടികളും പഠനം ഉപേക്ഷിച്ചുവരുന്നത്. സാമ്പത്തിക ബുദ്ധിമുട്ടും സർക്കാർ സഹായങ്ങൾ കുറഞ്ഞുവന്നതുമാണ് പഠനത്തിൽ പിന്നോക്കം പോകാൻ കാരണം. അത്തരം കുട്ടികളെ കണ്ടെത്തി കൃത്യമായ പ്രോത്സാഹനം നൽകാത്തത് കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നുണ്ട്. സങ്കേതത്തിൽ 14 വയസ്സിൽ താഴെയുള്ള ഒരു വിദ്യാർത്ഥി സാമ്പത്തിക ബുദ്ധിമുട്ട് കാരണം പഠനം ഉപേക്ഷിച്ചിട്ടുണ്ട്.

### S.XXV. 5 ആരോഗ്യം

ആരോഗ്യപരിചരണത്തിന് സങ്കേതവാസികൾ കൂടുതലായും ആശ്രയിക്കുന്നത് അമ്പലവയൽ ഗവ: ആശുപത്രിയാണ്. സങ്കേതത്തിൽ ക്ഷയം, മഞ്ഞപ്പിത്തം, അരിവാൾ രോഗം എന്നിവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അസുഖങ്ങളെല്ലാം നിലവിൽ ചികിത്സിച്ചു ഭേദമാക്കിയിട്ടുണ്ട്. കൂടാതെ ജീവിത ശൈലി രോഗങ്ങളും സങ്കേതവാസികൾക്കിടയിൽ കണ്ടു വരുന്നുണ്ട്. പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ അസുഖങ്ങളാണ് പ്രധാനമായും കണ്ടുവരുന്നത്. സങ്കേതവാസികൾ കൂടുതലായും അലോപ്പതി ചികിത്സാരീതിയെയാണ് ആശ്രയിച്ചു വരുന്നത്. സങ്കേതത്തിലെ അംഗൻവാടിയിൽ വെച്ച് ബോധവത്കരണ ക്ലാസുകളും രോഗപ്രതിരോധ കുത്തിവെയ്പ്പുകളും നടത്തി വരുന്നുണ്ട്. സങ്കേതത്തിൽ മെഡിക്കൽ ക്യാമ്പുകളും, ശുചീകരണ പ്രവർത്തനങ്ങളും, മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്.

### S.XXV.6 തൊഴിലും വരുമാനവും

സങ്കേതത്തിൽ ലഭിച്ച ഭൂമിയിൽ കാപ്പി, കുരുമുളക്, കവുങ്ങ് തുടങ്ങിയവ കൃഷി ചെയ്തു വരുന്നുണ്ട്. പയർ, വഴുതന, തക്കാളി, ഇഞ്ചി, മഞ്ഞൾ, പച്ചമുളക്, ബീൻസ് തുടങ്ങിയവ സ്വന്തം ആവശ്യത്തിനും കൃഷിചെയ്യുന്നു. കാപ്പി കൃഷിയിൽ വർഷത്തിൽ 25000 രൂപ വരെ വരുമാനം ലഭി ക്കുന്നവരുണ്ട്. 33.3% പേർ തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങളാണ്. സങ്കേതത്തിൽ 66.7% പേർ

സ്വന്തമായി കൃഷി ചെയ്യുന്നുണ്ട്. എന്നാൽ 2018 ആഗസ്റ്റിലെ പ്രളയം എല്ലാ തരത്തിലുള്ള കൃഷിയെയും ബാധിച്ചിട്ടുണ്ട്. കൂടാതെ കുരങ്ങിന്റെ ശല്യവും കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. സങ്കേതത്തിൽ കുടുംബശ്രീയുടെ ജെ.എൽ.ജി യുടെ (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) സഹായത്തോടെ കൂട്ടമായി കൃഷി നടത്തിവരുന്നുണ്ട്.

## S.XXV.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

മേഖലയിലെ സമുദായങ്ങൾ തമ്മിലും കുടുംബങ്ങൾ തമ്മിലും പരസ്പര സഹകരണത്തോടെയും ഐക്യത്തോടെയുമാണ് കഴിഞ്ഞുവരുന്നത്. സങ്കേതത്തിൽ താമസമാരംഭിച്ച കാലത്ത് സാമുദായികമായ കൂട്ടായ്മകൾ ഉണ്ടായിരുന്നില്ല. സമുദായങ്ങൾ തമ്മിൽ വേർതിരിവ് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇത്തരം പ്രശ്നങ്ങൾ മേഖലയിൽ ഇല്ലെന്ന് സങ്കേതത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ സമുദായങ്ങളും ജനനം, വയസ്സറിയിക്കൽ ചടങ്ങ്, മരണം തുടങ്ങിയ വേളകളിൽ തങ്ങളുടെ സാമുദായിക ആചാരങ്ങൾ തന്നെയാണ് തുടർന്നു വരുന്നത്. സമുദായത്തിന്റേതായ ആരാധനാ കേന്ദ്രങ്ങൾ ഇല്ലെങ്കിലും മറ്റു സമൂഹത്തിന്റെ ആരാധനാ കേന്ദ്രങ്ങളിൽ ആരാധന നടത്തുന്നുണ്ട്. സ്വസമുദായ ആചാരങ്ങൾ തറവാട്ടുകളിൽ നടക്കുന്നുണ്ടെന്നും ആഘോഷ വേളകളിൽ അവിടങ്ങളിൽ പങ്കുകൊള്ളാറുണ്ടെന്നും സങ്കേതത്തിൽ നിന്ന് മനസിലാക്കാൻ സാധിച്ചിട്ടുണ്ട്.

## S.XXV. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

സങ്കേതത്തിൽ പൊതുവായി യോഗങ്ങളും മറ്റും നടക്കുന്നത് 500 മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന നന്ദൻ കവലയിലെ സാംസ്കാരിക കേന്ദ്രത്തിൽ വെച്ചാണ്. സങ്കേതത്തിൽ ഊരുകൂട്ട പ്രവർത്തനം വല്ലപ്പോഴും മാത്രമാണ് നടക്കുന്നത്. മിക്കവാറും ഗ്രാമസഭ ചേരുന്ന സമയത്ത് അതിന്റെ കൂടെയാണ് നടന്നുവരുന്നത്. സങ്കേതവാസികൾ നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം മേഖലയിലെ തൊഴിലില്ലായ്മയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നിന്നുകിട്ടുന്ന വരുമാനമാണ് ഏക ആശ്രയമെങ്കിലും തൊഴിലുറപ്പ് പദ്ധതിയുടെ കുറഞ്ഞ കൂലി ഇവരുടെ ജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. പൊതുവെ ദിവസ വേതന തൊഴിലിനു ബുദ്ധിമുട്ടുള്ള ഇവിടെ പ്രളയം വന്നതോട് കൂടി പ്രതിസന്ധി രൂക്ഷമായിരിക്കുകയാണ്. മൃഗപരിപാലനത്തിന് താത്പര്യമുള്ള കുടുംബങ്ങൾക്ക് അതിനുള്ള സാഹചര്യവും സങ്കേതത്തിലുണ്ടെങ്കിലും ഇതുവരെ ഇത്തരം പദ്ധതികളൊന്നും ലഭിച്ചിട്ടില്ലെന്ന് സങ്കേതവാസികൾ അറിയിച്ചു.

## S.XXV 8.1 കുടിവെള്ളം

പട്ടിക 3.24 കുടിവെള്ളം

| കുടിവെള്ളം | | |
|---|---|---|
| സ്വന്തംകിണർ | പൊതു കിണർ | പൈപ്പ് |
| 1 | 0 | 2 |
| 33.3% | 0.0% | 66.7% |

സങ്കേതത്തിൽ 33.3% പേർക്ക് സ്വന്തമായി കിണറുകളുണ്ട്. 66.7% പേർ വെള്ളത്തിന് അരുവി കളെയാണ് ആശ്രയിക്കുന്നത്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ചീനിക്കാമൂല, കാരംകൊല്ലി ഭാഗങ്ങളിലെ 35 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ കൃത്യമായി ബിൽ അടയ്ക്കാത്തതു കാരണം ഏഴ് കുടുംബങ്ങൾക്ക് നിലവിൽ കുടിവെള്ളം ലഭ്യമാകുന്നില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവരുടെ കുടിവെള്ളത്തിന്റെ തുക വകുപ്പ് നൽകണമെന്നാണ് ഇവരുടെ ആവശ്യം. വികാസ് സങ്കേതത്തിന്റെ താഴെ ഭാഗത്തുള്ള അഞ്ച് കുടുംബങ്ങൾക്ക് 2016-17 കാലഘട്ടത്തിൽ പൈപ്പ് കണക്ഷൻ വഴി കുടിവെള്ളം ലഭ്യമായിട്ടുണ്ട്. അതുവരെ സങ്കേതത്തിലെ അരുവിയിൽ നിന്നാണ് കുടിവെള്ളം ശേഖരിച്ചിരുന്നത്. ഈ രണ്ട് ഭാഗങ്ങളിലും വേനൽക്കാലത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്നുണ്ട്. 71.4% പേർ വേനൽക്കാലത്ത് കുടിവെള്ളത്തിനായി കടുത്ത ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

ഊരുകൂട്ട യോഗങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി പങ്കെടുക്കാറില്ലെന്നും സങ്കേതത്തിന്റെ വികസന കാര്യങ്ങൾ ചർച്ച ചെയ്യാറില്ലെന്നും സങ്കേതത്തിന്റെ ആവശ്യങ്ങളിൽ കൃത്യമായ തീരുമാനങ്ങൾ ഉണ്ടാകാറില്ലെന്നും ഫീൽഡ് വിവരശേഖരണത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

## S.XXV. 9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. തൊഴിലില്ലായ്മ പരിഹരിക്കണം. തയ്യൽ പരിശീനം, നിർമ്മാണ യൂണിറ്റ്, കൂടാതെ മറ്റു തൊഴിൽ പരിശീലനങ്ങൾ വേണം. സർക്കാറിന്റെ വിവിധ പദ്ധതികൾ പ്രത്യേകിച്ച് തൊഴിൽ സംബന്ധിച്ചുള്ളവയൊന്നും അറിയുന്നില്ല. പട്ടിക വർഗ്ഗ സങ്കേതങ്ങൾക്ക് സ്വയം തൊഴിൽ തുടങ്ങാനുള്ള സഹായം വേണം.

2. സങ്കേതത്തിൽ 14 വയസ്സിൽ താഴെയുള്ള വിദ്യാർത്ഥികൾ സാമ്പത്തിക ബുദ്ധിമുട്ട് കാരണം പഠനം ഉപേക്ഷിച്ചിട്ടുണ്ട്. ഇവിടെ വിദ്യാഭ്യാസം നേടിയ കുട്ടികൾക്ക് ജോലിയില്ല. ഇവർക്ക് പി.എസ്.സി പരിശീലനം നൽകണം.
3. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ചീനിക്കാമൂല, കാരംകൊല്ലി ഭാഗങ്ങളിലെ 35 വീടുകൾക്ക് കുടിവെള്ളത്തിന് സൗകര്യം നൽകിയിട്ടുണ്ട്. എന്നാൽ കൃത്യമായി ബിൽ അടയ്ക്കാത്തതു കാരണം ഏഴ് കുടുംബങ്ങൾക്ക് നിലവിൽ കുടിവെള്ളം ലഭ്യമാകുന്നില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവരുടെ കുടിവെള്ളത്തിന്റെ തുക വകുപ്പ് നൽകണമെന്നാണ് ഇവരുടെ ആവശ്യം.
4. റോഡ് സങ്കേതത്തിലെ ഒരു ഭാഗത്ത് ഉണ്ടെങ്കിലും സങ്കേതത്തിൽ തന്നെ ഉൾക്കൊള്ളുന്ന വികാസ് സങ്കേതത്തിന്റെ താഴെ ഭാഗത്ത് താമസിക്കുന്ന അഞ്ച് കുടുംബങ്ങൾക്ക് സങ്കേതത്തിന് പുറത്ത് എത്തിപ്പെടാൻ മതിയായ വഴിയോ, റോഡ് സൗകര്യമോ നൽകാൻ ഇതുവരെ സാധിച്ചിട്ടില്ല.

## S.XXVI ഈച്ചമാനിക്കുന്ന്

### S.XXVI. 1 പ്രദേശം

വയനാട് ജില്ലയിൽ അമ്പലവയൽ പഞ്ചായത്തിലെ നാലാം വാർഡിൽ ഉൾപ്പെടുന്ന പ്രദേശ മാണ് ഈച്ചമാനിക്കുന്ന്. ചീങ്ങേരി ഫാമുമായി ബന്ധപ്പെട്ട് 1968 മുതൽ താമസമാക്കിയ കുടുംബ ങ്ങളും അവരിലെ ഉപകുടുംബങ്ങളും ഇവിടെ താമസിച്ച് വരുന്നു. ഫാം മേഖലയിൽ തൊഴിൽ ലഭി ക്കാത്തതും അമ്പലവയൽ പഞ്ചായത്തിൽ ഉണ്ടായിരുന്ന കരിങ്കൽകോറികൾ നിർത്തലാക്കിയതും ഈ പ്രദേശത്തെ ഉപജീവനത്തെ കാര്യമായി ബാധിച്ചു. ഈ പ്രദേശം ആദിവാസി പുനരധിവാസ മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് വികസനപദ്ധതികൾ നടപ്പിലാക്കിയി ട്ടില്ല. പുനരധിവാസത്തിനുമുമ്പ്50% ഗുണഭോക്താക്കളും ബന്ധുവീടുകളിലും 50% പേർ വാടകക്കു മാണ് കഴിഞ്ഞു വന്നിരുന്നത്.

ഈച്ചമാനിക്കുന്ന് സങ്കേതത്തിൽ താമസിക്കുന്ന കുടുംബങ്ങളുടെ 16% സാംമ്പിൾ സർവ്വെയുടെ അടിസ്ഥാനത്തിനാണ് പഠനം നടത്തിയിട്ടുള്ളത്.

## S.XXVI. 2 സമുദായഘടന

ഈച്ചമാനിക്കുന്ന് സങ്കേതത്തിൽ പണിയൻ, വെട്ടകുറുമൻ വിഭാഗത്തിൽപ്പെടുന്ന 25 കുടുംബ ങ്ങളാണ് താമസിക്കുന്നത്.

### S.XXVI. 3 അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതസൗകര്യം, വൈദ്യുതി, ആശുപത്രി എന്നിവ സങ്കേത ത്തിന് ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച വീടും ശൗച്യാലയവും ഉപയോഗപ്പെടുത്തു

ന്നു. എന്നാൽ സ്വന്തമായി വീട് ഉണ്ടാക്കുവാൻ സാധ്യമല്ലാത്തതിനാൽ കരാർ നൽകി പൂർത്തീകരിച്ച വീടുകളിൽ താമസിക്കുന്നവരും ഈ സങ്കേതത്തിലുണ്ട്. ഗുണനിലവാരം കുറഞ്ഞ ഇത്തരം വീടുകൾക്ക് ചോർച്ചയും മറ്റു പ്രശ്നങ്ങളും ഉണ്ട്. പാരമ്പര്യമായി ലഭിച്ച ഭൂമിയിലാണ് (പട്ടയം ലഭിച്ചതും ലഭിക്കാത്തവയും ഉണ്ട്) മിക്കവരും ഇന്ന് താമസിക്കുന്നത്. ഭൂമിയിൽ നിന്ന് കാര്യമായ വരുമാനം ലഭിക്കുന്നില്ല.

### S.XXVI. 6 തൊഴിലും വരുമാനവും

ഈച്ചമാനിക്കുന്ന് പ്രദേശത്തെ പ്രധാന വരുമാന മാർഗ്ഗം, പ്രദേശത്തെ കരിങ്കൽ ക്വാറികളിലെ ദിവസകൂലിയും ചീങ്ങേരി ഫാം വഴി ലഭ്യമാക്കുന്ന തൊഴിലും ആയിരുന്നു. എന്നാൽ നിലവിൽ ഈ തൊഴിൽ ലഭ്യമാകാത്തത് പ്രദേശവാസികളുടെ തൊഴിലില്ലായ്മ വർദ്ധിക്കുന്നതിന് കാരണമായി. തോട്ടം മേഖലയിലെ കൂലിപ്പണിയും, നിർമ്മാണമേഖല, ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവയാണ് നിലവിലെ വരുമാനദായക തൊഴിലുകൾ. 50.0% പേരും ആശ്രയിക്കുന്നത് കാർഷിക മേഖലയെയും, 25% പേർ ആശ്രയിക്കുന്നത് തൊഴിലുറപ്പ് പദ്ധതികളെയുമാണ്.

### S.XXVI. 7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

പുനരധിവാസത്തിന്റെ പ്രശ്നങ്ങൾ ഒന്നുംതന്നെ നേരിടുന്നില്ല എങ്കിലും പരിമിതമായ പാർപ്പിടങ്ങളും ഉന്നതപഠന നിലവാരത്തിലേക്ക് എത്തിചേരാത്തതും തൊഴിലില്ലായ്മയും ഇന്ന് സങ്കേതവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇതിന് പുറമെ മദ്യപാനവും അനുബന്ധ സാമൂഹിക-കുടുംബ-ആരോഗ്യ പ്രശ്നങ്ങളും പ്രദേശവാസികൾ അനുഭവിക്കുന്നുണ്ട്. 50% പേർ പൊതു കിണറുകളെയും, 25% പേർ പൈപ്പ് വെള്ളത്തെയുമാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. 75% പേർക്കും വേനൽകാലത്ത് കടുത്ത ജലക്ഷാമം നേരിടേണ്ടി വരുന്നുണ്ട്.

### S.XXVI. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

പ്രദേശത്തെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുകയും സ്വന്തം ഭൂമിയിൽ നിന്ന് കാർഷിക/കാർഷികേതര രീതിയിലൂടെ വരുമാനം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ കൊണ്ടുവരികയും ചെയ്യേണ്ടതുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം, ചെറുകിട സംരഭങ്ങൾക്ക് ആവശ്യമായ പരിശീലനം സാമ്പത്തിക പരിശീലനം എന്നിവയിലൂടെയും സാമൂഹിക പിന്നോക്കാവസ്ഥയിൽ മാറ്റമുണ്ടാക്കാം.

### S.XXVI. 9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. വിദ്യാഭ്യാസമുണ്ടായിട്ടും തൊഴിലില്ലായ്മ സങ്കേതത്തിലുള്ളവർ അനുഭവിക്കുന്നുണ്ട്.
2. കരാർ വഴി നിർമ്മിച്ച വീടുകൾക്ക് ചോർച്ചയുണ്ട്. വീടുകൾക്ക് അറ്റകുറ്റ പണി നടത്തേണ്ടതുണ്ട്.
3. 200 മീറ്റർ അകലെയുള്ള പഞ്ചായത്ത് കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. കിണർ നന്നാക്കിയെടുത്ത് പൈപ്പ് വഴി എല്ലാ വീടുകൾക്കും നൽകി പ്രസ്തുത സംവിധാനം മെച്ചപ്പെടുത്താം.
4. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും കൃഷിയിലൂടെ സ്വന്തം ഭൂമിയിൽ നിന്ന് കാർഷിക/കാർഷികേതര രീതിയിലൂടെ വരുമാനം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

## S.XXVIIമട്ടപ്പാറ

### S.XXVII. 1 പ്രദേശം

വയനാട് ജില്ലയിലെ അമ്പലവയൽ പഞ്ചായത്തിൽ വാർഡ് നമ്പർ 3-ൽ വരുന്ന പ്രദേശമാണ് മട്ടപ്പാറ. ചീങ്ങേരി സങ്കേതത്തിൽ വരുന്ന മട്ടപ്പാറ പ്രദേശത്ത് 80 കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ വെട്ടകുറുമൻ, പണിയൻ എന്നീ സമുദായങ്ങൾ താമസിക്കുന്നു. വെട്ടകുറുമൻ വിഭാഗത്തിൽപ്പെട്ട 55 പേരും പണിയൻ സമുദായത്തിലെ 25 കുടുംബങ്ങളുമാണ് നിലവിൽ ഈ പ്രദേശത്ത് താമസിക്കുന്നത്. മട്ടപ്പാറയിൽ നിലവിൽ താമസിക്കുന്ന ഭൂരിപക്ഷം പേരും വർഷങ്ങൾക്ക് മുമ്പ് താമസമാക്കിയവരോ സങ്കേതത്തിൽതന്നെ ജനിച്ച് വളർന്നവരോ ആണ്. ഒരാൾക്ക് 45 സെന്റ് വീതമാണ് ഭൂമി ലഭിച്ചിട്ടുള്ളത്. മട്ടപ്പാറ സങ്കേതത്തിൽ താമസിക്കുന്ന കൂടുംബങ്ങളുടെ 8% സാംമ്പിൾ സർവ്വെയുടെ അടിസ്ഥാനത്തിനാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XXVII. 2 സമുദായഘടന

വെട്ടകുറുമൻ വിഭാഗത്തിൽപ്പെട്ട 55 കുടുംബങ്ങളും പണിയൻ സമുദായത്തിലെ 25 കുടുംബങ്ങളുമാണ് ഈ പ്രദേശത്ത് താമസിക്കുന്നത്.

### S.XXVII. 3 അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, കക്കൂസ്, ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ സങ്കേതത്തിൽ ലഭ്യമാണ് എന്നിരുന്നാലും വീടുകളിലേക്കുള്ള റോഡുകൾ ടാർ ചെയ്യാത്തതും വീടുകൾ ചിലത് ചോർന്നൊലിക്കുന്നവയുമാണ്. അതേസമയം വേനൽക്കാലത്തെ കുടിവെള്ളക്ഷാമം, മദ്യപാനം അനുബന്ധ സാമൂഹിക-ആരോഗ്യ-സാമ്പത്തിക പ്രശ്നങ്ങൾ എന്നിവ ഇവർ നേരിടു

ന്നുണ്ട്. കുടുംബസ്വത്തായി ലഭിച്ച ഭൂമിയിൽ, ജലസേചനകുറവും സാമ്പത്തിക പ്രശ്നങ്ങളാലും കൃഷിമുഖേനയോ മറ്റുരീതിയിലോ വരുമാനം ലഭിക്കുന്നില്ല.

### S.XXVII. 4വിദ്യാഭ്യാസം

കുട്ടികൾ അടുത്തുള്ള മട്ടപ്പാറ എൽ.പി സ്ക്കൂളിലും, +2വരെ അമ്പലവയൽ എച്ച്.എച്ച്.എസ്സ്. എ സ്സിലും പഠിക്കുന്നു. സാമ്പത്തിക പരാധീനതകളും, അലസത കൊണ്ടുമാണ് പലരും പഠനം നിർത്തി പോകുന്നത്.


### S.XXVII. 5 ആരോഗ്യം

സങ്കേതത്തിനടുത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രവും, അമ്പലവയലിൽ ആശുപത്രിയുമുണ്ട്. സങ്കേത ത്തിൽ ചിലരെ മഞ്ഞപിത്തത്തിന് ചികിത്സിച്ചിട്ടുണ്ട്. ഇവിടെ മാനസിക രോഗമനുഭവിക്കുന്ന ഒരാളു ണ്ട്. അഞ്ച് വർഷത്തിനിടെ ജനിച്ച് ഒരു ദിവസം പ്രായമായ കുട്ടി കഴുത്തിൽ മുഴ ബാധിച്ച് മരണമട ഞ്ഞിട്ടുണ്ട്. സങ്കേതത്തിൽ രോഗപ്രതിരോധകുത്തിവെപ്പുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നു വരുന്നുണ്ട്.

### S.XXVII. 6 തൊഴിലും വരുമാനവും

മട്ടപ്പാറ പ്രദേശത്തെ പ്രധാന വരുമാന മാർഗ്ഗം കരിങ്കൽകോറിയിലെ കൂലിപ്പണിയും ചീങ്ങേരി ഫാമിലെ ജോലിയും ആയിരുന്നു.എന്നാൽ ചീങ്ങേരി ഫാമിൽ പുതിയ ആളുകളെ നിയമി ക്കാതിരിക്കുകയും നിലവിൽ ജോലിചെയ്തുകൊണ്ടിരുന്ന കരിങ്കൽ വ്യവസായം പരിസ്ഥിതി സംര ക്ഷണവുമായി ബന്ധപ്പെട്ട് നിർത്തലാക്കുകയും ചെയ്തതിനാൽ മട്ടപ്പാറ നിവാസികൾ ഇന്ന് നേരി ടുന്ന പ്രധാന പ്രശ്നം അവരുടെ തൊഴിൽ മേഖലകളിൽ ഉണ്ടായ തൊഴിലില്ലായ്മയാണ്.

ചിത്രം3.24 **തൊഴിൽ**




സങ്കേതത്തിലെ 14.3% പേർ തൊഴിൽരഹിതരാണ്. 57.1% കാർഷികമേഖലകളിലെ തൊഴിലാളി കളാണ്. നിലവിൽകാർഷികമേഖലകളിലോ നിർമ്മാണ മേഖലകളിലോ കൂലിപ്പണി ചെയ്താണ് ഇവർ ഉപജീവനം സാധ്യമാക്കുന്നത്. വളരെ കുറഞ്ഞ തൊഴിൽ ദിനങ്ങൾ മാത്രമാണ് ഇവർക്ക് ഇതിൽ നിന്നും ലഭിക്കുന്നത്. മട്ടപ്പാറ നിവാസികൾ ആശ്രയിക്കുന്ന മറ്റൊരു പ്രധാന ഉപജീവന മാർഗ്ഗം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. 28.6% പേർക്ക് പദ്ധതിപ്രകാരം വർഷത്തിൽ 65 മുതൽ 100 ദിവസം വരെ നിലവിൽ ജോലി ലഭിക്കുന്നുണ്ട്. മിക്കവർക്കും ബാങ്കുകളിൽ കടബാധ്യത യുണ്ട്. അസുഖങ്ങൾക്കും വീടുകളുടെ അറ്റകുറ്റ പണികൾക്കുമായി സ്വർണ്ണം പണയം വെക്കാറു ണ്ട്.

## S.XXVII. 7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

ലഭിച്ച വീടുകൾക്കെല്ലാം തന്നെ ചോർച്ചാ പ്രശ്നങ്ങളുണ്ട്. സങ്കേതത്തിൽ ഊരുകൂട്ടം മൂന്നോ നാലോ മാസത്തെ ഇടവേളകളിലാണ് കൂടുന്നത്. പ്രത്യേക പദ്ധതികൾക്കായാണ് ഒത്തുചേരുക. ഊരുകൂട്ടത്തിന്റെ സമയപരിധി 3 മണിക്കൂറാണ്. ഇവിടെ 80.0% പേരും കുടുംബശ്രീയിൽ അംഗത്വമു ളളവരാണ്. കുടുംബശ്രീയിലൂടെ ലോൺ, കുരുമുളക് തൈ എന്നിവ ലഭിച്ചിട്ടുണ്ട്. എന്നാൽ 535-ാം പ്ലോട്ടിനടുത്ത് 5 വർഷത്തിൽ അധികമായി കുടുംബശ്രീ പ്രവർത്തിക്കുന്നില്ല. അംഗങ്ങൾ തമ്മിൽ ഒത്തൊരുമയില്ലായിരുന്നു.

സങ്കേതത്തിൽ 7.1% പേർക്കും പൈപ്പ് വഴിയാണ് കുടിവെള്ളമെത്തുന്നത്. 42.9% പേർ കുടിവെള്ളത്തിനായി അരുവികളെയുമാണ് ആശ്രയിക്കുന്നത്. കുടി വെള്ളം ഒന്നിടവിട്ട ദിവസങ്ങളിൽ വൈകുന്നേരം 5 മണി മുതൽ 8 മണി വരെയാണ് പൈപ്പ് വഴിയാണ് ലഭിക്കുന്നത്. വേനൽകാലത്ത് കുടിവെള്ളത്തിനായി ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ചില പൈപ്പ് ലൈനുകളിൽ വെള്ളമുണ്ടാകാറില്ല. അപ്പോൾ ദൂരെ നടന്നു പോയി വെള്ളം ചുമന്ന് കൊണ്ടു വരും.

## S.XXVII. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

മട്ടപ്പാറ പ്രദേശത്തെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചീങ്ങേരി ഫാം പുനരുജീവിപ്പിച്ച് കൂടുതൽ പേർക്ക് തൊഴിൽ നൽകുകയും ചെയ്താൽ സങ്കേത നിവാസികൾക്ക് സാമ്പത്തിക നിലവാരം വർദ്ധിക്കുകയും അതുവഴി ആരോഗ്യ വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുകയും പുതിയ തലമുറകൾ കൂടുതൽ വികസിതമാകുകയും ചെയ്യും. വളരുന്ന തലമുറയുടെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ കൃത്യമായ മേൽനോട്ടവും ആവശ്യമായ സാമ്പത്തിക പിന്തുണകൂടി നൽകിയാൽ ചീങ്ങേരി സങ്കേതത്തിൽ ഉൾപ്പെടുന്ന ഈ പ്രദേശം വലിയ ഉയർച്ചയിലെത്തും.

## S.XXVII. 9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ  വിവരിച്ചിട്ടുള്ളത്.

1. വേനൽക്കാലത്തെ കുടിവെള്ളക്ഷാമം മൂലം സങ്കേതവാസികൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. പൈപ്പ് മാർഗ്ഗം കൂടുതൽ പേർക്ക് കുടിവെള്ളമെത്തിക്കാവുന്നതാണ്.

2 പഠിച്ച കുട്ടികൾക്ക് തൊഴിലില്ല.  പി.എസ്.സി പരിശീലനത്തിന് സൗകര്യമൊരുക്കണം.

3. സങ്കേതത്തിൽ ബസ്സ് സ്റ്റോപ്പില്ല. ബസ്സ് കയറാൻ കുറച്ചു ദൂരം നടക്കേണ്ടി വരുന്നതിനാൽ ബസ്സ് സ്റ്റോപ്പ് അനുവദിക്കേണ്ടതാണ്.

4. വീടുകളിലേക്കുള്ള റോഡുകൾ ടാർ ചെയ്യേണ്ടതും ചോർച്ചയുള്ള വീടുകളുടെ ചോർച്ച മാറ്റി തരുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. കാർഷിക വൃത്തിയിലൂടെ വരുമാനം ലഭിക്കാൻ കൃഷിക്കായുള്ള വളം, കീടനാശിനികൾ, ജലസേചനം എന്നിവക്കുള്ള  സാമ്പത്തിക സഹായം ആവശ്യമാണ്.

## S.XXVIII. ആറാട്ടുപാറ (ചീങ്ങേരി) സങ്കേതം

### S.XXVIII.1 പ്രദേശം

അമ്പലവയൽ പഞ്ചായത്തിലാണ് ചീങ്ങേരി പുനരധിവാസ മേഖല സ്ഥിതി ചെയ്യുന്നത്. ഈ മേഖലയിൽ നിരവധി സങ്കേതങ്ങളായാണ് വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. മേഖലയിലെ സങ്കേതങ്ങളെല്ലാം തന്നെ അടുത്തടുത്തായാണ് സ്ഥിതി ചെയ്യുന്നത്. ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ മേഖലയിൽ ഗോത്രവിഭാഗങ്ങൾ 1955-1960 കളിലാണ് ഈ മേഖലയിൽ എത്തിച്ചേർന്നത്. തുടർന്ന് 2002 ൽ ടി. ആർ.ഡി.എം. പ്രവർത്തനത്തിലൂടെ ഈ മേഖലയിൽ തന്നെ വിവിധ ഭാഗങ്ങളിലായി ഭൂമി പതിച്ചുനൽകുകയാണ് ചെയ്തത്. ചീങ്ങേരി പുനരധിവാസ മേഖലയിൽ ഉൾപ്പെടുന്ന ഒരു സങ്കേതമാണ് ആറാട്ടുപാറ. ഈ മേഖലയിൽ ആകെ 44 കുടുംബങ്ങൾക്ക് ഭൂമിയനുവദിച്ചതിൽ 4 ഉപകുടുംബങ്ങൾ ഉൾപ്പെടെ 48 കുടുംബങ്ങൾ നിലവിൽ താമസിച്ചു വരുന്നുണ്ട്. ഇതിൽ 20 വെട്ടക്കുറുമൻ കുടുംബങ്ങളും, 12 പണിയൻ കുടുംബങ്ങളും, 14 മുള്ളുകുറുമൻ കുടുംബങ്ങളും ഉൾപ്പെടുന്നു. നിലവിൽ സങ്കേതത്തിൽ താമസിക്കുന്നവരിൽ ബഹുഭൂരിപക്ഷവും വർഷങ്ങൾക്ക് മുമ്പ് തന്നെ ഇവിടെ താമസമാക്കിയവരോ, ഈ പ്രദേശത്ത് തന്നെ ജനിച്ചുവളർന്നവരോ ആണ്. സങ്കേതത്തിലെ ആകെ ജനസംഖ്യ 140 ആണ്. ഇതിൽ 74 പുരുഷൻമാരും 66 സ്ത്രീകളും ഉൾപ്പെടുന്നു.

### S.XXVIII.2 സമുദായഘടന

ചീങ്ങേരി പുനരധിവാസ സങ്കേതത്തിൽ 20 വെട്ടക്കുറുമൻ കുടുംബങ്ങളും, 12 പണിയൻ കുടുംബങ്ങളും, 14 മുള്ളുകുറുമൻ കുടുംബങ്ങളുമാണ് താമസിച്ചുവരുന്നത്.


### S.XXVIII.3 അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യങ്ങളായ വീട്, റോഡ്, കുടിവെള്ളം, വൈദ്യുതി, കക്കൂസ് തുടങ്ങിയവ സങ്കേതത്തിൽ നിർമ്മിച്ചു നൽകിയിട്ടുണ്ട്. സങ്കേതത്തിന് താമസമാരംഭിച്ച ഘട്ടത്തിൽ എല്ലാവരും തന്നെ ഷെഡ് വെച്ചാണ് താമസിച്ചിരുന്നത്. പിന്നീട് വകുപ്പി ന്റെയും മറ്റു അനുബന്ധ വകുപ്പുകളുടെയും സഹായത്തോടെ മിക്കവരും ഗൃഹ നിർമ്മാണപ്രവർത്തികൾ നടത്തിയിട്ടുണ്ടെങ്കിലും നിർമ്മാണം പൂർത്തിയായിട്ടില്ല. സങ്കേതത്തിൽ നിർമ്മിച്ച ചിലവീടുകൾ കാലപഴക്കം കാരണം തകർന്ന അവസ്ഥയാണ്. ഈ വീടുകളുടെയും നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നുണ്ട്. സങ്കേതത്തിൽ റോഡിന്റെ ഇരുവശങ്ങളിലായിട്ടാണ് ഭൂമി നൽകിയിട്ടുള്ളതെങ്കിലും സങ്കേതത്തിൽ നിന്ന് പുറത്തേക്ക് എത്തിച്ചേരാൻ പൊതുഗതാഗത സംവിധാനങ്ങൾ കുറവായത് ഇവർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.സങ്കേതവാസികളിൽ 33.3%പേർ കാർഷിക വൃത്തിയെ ആശ്രയിച്ചാണ് ഉപജീവനം ചെയ്യുന്നത്.

**S.XXVIII.4 വിദ്യാഭ്യാസം**

സങ്കേതത്തിനടുത്തുതന്നെ അംഗൻവാടി (നന്ദൻ കവല) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രാഥമിക വിദ്യാഭ്യാസത്തിന് കുമ്പളേരി എൽ.പി. സ്കൂളിനെയും അതിനു ശേഷം അമ്പലവയൽ ഹയർസെക്കണ്ടറി സ്കൂളിനെയുമാണ് ആശ്രയിച്ചു വരുന്നത്.

ചിത്രം3.25 **സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക്**




33.33% പേർ പാതിവഴിയിൽ പഠനമുപേക്ഷച്ചിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷമാണ് സങ്കേതത്തിലെ മിക്കകുട്ടികളും പഠനം ഉപേക്ഷിച്ചു വരുന്നതായി കാണുന്നത്. ഇതിനുള്ള പ്രധാന കാരണം സാമ്പത്തിക പ്രയാസമാണ്. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കോളേജുകളിൽ സീറ്റ് ലഭിക്കാത്തതും സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ടും പഠനം ഉപേക്ഷിക്കാൻ കാരണമാകുന്നു.

**S.XXVIII.. 5 ആരോഗ്യം**

ആരോഗ്യ പരിചരണത്തിന് സങ്കേതവാസികൾ ആശ്രയിക്കുന്നത് ചീങ്ങേരി പുനരധിവാസ മേഖലയിൽ തന്നെയുള്ള വട്ടപ്പാറയിലെ ഹെൽത്ത് സെന്ററിനെയാണ്. സമീപ കാലത്തൊന്നും സങ്കേതത്തിൽ പകർച്ച വ്യാധികളൊന്നും പിടിപെട്ടിട്ടില്ല. മുൻകാലങ്ങളെ അപേക്ഷിച്ച് സങ്കേതത്തിലുള്ളവർക്ക് പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ കൂടുതലായി ബാധിച്ചു വരുന്നുണ്ട്. സങ്കേതവാസികൾ ഇന്ന് കൂടുതലായും അലോപതി

ചികിത്സാരീതിയെയാണ് ആശ്രയിക്കുന്നത്. മാസത്തിൽ ഒരു തവണ മെഡിക്കൽ ക്യാമ്പ് നടക്കുന്നുണ്ടെന്നും പ്രദേശത്ത് രോഗപ്രതിരോധ പ്രവർത്തനങ്ങൾ, കുത്തിവെയ്പ്, ആശാവർക്കർമാരുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നു വരുന്നുണ്ട്.

### S.XXVIII. 6 തൊഴിലും വരുമാനവും

സങ്കേതത്തിൽ താമസിക്കുന്ന കുടുംബങ്ങളെ ബാധിക്കുന്ന പ്രധാന വിഷയം തൊഴിൽ മേഖലയിലുണ്ടായ കുറവാണ്. സങ്കേതത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ഫാമിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞതും പാരമ്പര്യ ഉപജീവന തൊഴിൽ മാർഗ്ഗങ്ങൾ നഷ്ടമായതും മേഖലയിലെ കരിങ്കൽ ക്വാറികൾ നിർത്തലാക്കിയതും ഇവരുടെ നിത്യജീവിതത്തെ സാരമായി ബാധിച്ചു. നിലവിൽ സങ്കേതത്തിലെ ഭൂരിഭാഗം പേരും ദിവസവേതന തൊഴിലിനെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെയും ആശ്രയിക്കുന്നുണ്ട്.

### S.XXVIII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

2018-ലെ ആഗസ്റ്റ് മാസത്തെ പ്രളയം മേഖലയെ കൂടുതൽ ദുരിതത്തിലാക്കുകയാണ് ചെയ്തത്. സങ്കേതത്തിലെയും പുറത്തേയും കാർഷിക വിളകൾ നശിക്കുകയും സങ്കേതത്തിന് പുറത്ത് ലഭ്യമായി കൊണ്ടിരുന്ന ദിവസവേതന തൊഴിലുകൾ നഷ്ടപ്പെടുന്ന അവസ്ഥയുമാണുണ്ടായത്. സങ്കേതത്തിലുള്ളവർക്ക് ഒത്തു ചേരാനുള്ള സാംസ്കാരിക നിലയം ഇവിടെ നന്ദൻ കവലയിൽ പ്രവർത്തിക്കുന്നുണ്ട്. സങ്കേതത്തിൽ സമുദായങ്ങളും സങ്കേതവാസികളും പരസ്പര സഹകരണത്തോടെയാണ് കഴിഞ്ഞു വരുന്നത്. സാമൂഹികപരമായ പ്രശ്നങ്ങൾ ഒന്നും തന്നെ മേഖലയിലില്ല. എല്ലാ സമുദായങ്ങളും തങ്ങളുടെ സമുദായാചാര പ്രകാരം തന്നെയാണ് ജീവിച്ചുവരുന്നത്. ഈ മേഖലയിൽ സാമുദായിക ആരാധനാകേന്ദ്രങ്ങൾ ഇല്ലെങ്കിലും മിക്കവരും തങ്ങളുടെ പഴയ പ്രദേശത്തോ തറവാടുകളിലോ ഉള്ള ആഘോ ഷവേളകളിൽ പങ്കുചേരാറുണ്ട്.

### S.XXVIII. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

സങ്കേതത്തിൽ കുടുംബശ്രീ പ്രവർത്തനം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഊരു കൂട്ടയോഗങ്ങൾ ചേർന്നിട്ട് ഒരു വർഷത്തിലേറെയായെന്ന് സങ്കേതവാസികളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സങ്കേതത്തിലുള്ളവർക്ക് സർക്കാറിന്റെ ഭാഗത്ത് നിന്ന് വീട്, വൈദ്യുതി, കുടിവെള്ള പദ്ധതി, സാംസ്കാരിക കേന്ദ്രം തുടങ്ങിയവ ചെയ്തു നൽകിയെങ്കിലും ഉപജീവന പദ്ധതികൾ ഒന്നും തന്നെ വേണ്ട രീതിയിൽ എത്തിച്ചുനൽകിയിട്ടില്ല. സങ്കേതത്തിലെ പ്രധാന പ്രശ്നവും സ്ഥിരതയുള്ള ഒരു വരുമാനം കണ്ടെത്താൻ കഴിയാത്തതാണ്. മേഖലയിലുള്ളവർ കൂടുതലായും ആശ്രയിച്ചുവരുന്നത് ക്വാറി മേഖലയെ ആയിരുന്നു. ഇന്ന്

തൊഴിലുറപ്പിലൂടെ വരുമാനം ലഭിക്കുന്നുണ്ടെങ്കിലും ഇത് ജീവിതചിലവിന് പോലും തികയാത്തവസ്ഥയാണ്. സങ്കേതത്തിൽ 66.67% പേർ മൃഗശല്ല്യം നേരിടുന്നുണ്ട്.

ഈ പ്രദേശത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കു കയും തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി തൊഴിലസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്. കൂടാതെ പ്രളയത്തിൽ തകർന്ന കാർഷിക മേഖലയ്ക്ക് കൂടുതൽ സഹായങ്ങൾ കാപ്പി, കുരുമുളക് നശീകരണത്തിന്റെ കാരണം കണ്ടെത്തുക, നശിച്ചതിന് കൃത്യമായ നഷ്ടപരിഹാരം നൽകി പകരം കൃഷിചെയ്യാനുള്ള തൈകൾ നൽകി കാർഷിക മേഖലയെ ഉയർത്തികൊണ്ടുവരാവുന്നതാണ്.

കുടിവെള്ളത്തിനായി സങ്കേതവാസികളിൽ 33.3% ആശ്രയിക്കുന്നത് സ്വന്തം കിണറുക ളെയും, 66.7% ആശ്രയിക്കുന്നത് അരുവികളെയുമാണ്.

### S.XXVIII. 9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ  വിവരിച്ചിട്ടുള്ളത്.

1. തൊഴിലില്ലായ്മ പരിഹരിക്കുവാനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.
2. സങ്കേതത്തോടു ചേർന്നു പ്രവർത്തിക്കുന്ന ഫാമിനെ പുനരുജീവിപ്പിക്കണം.
3. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷമാണ് സങ്കേതത്തിലെ മിക്കകുട്ടികളും പഠനം നിർത്തുന്നത്. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കോളേജുകളിൽ സീറ്റ് ലഭിക്കാത്തതും സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ടും പഠനം ഉപേക്ഷിക്കാൻ കാരണമാകുന്നു. ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## S.XXIXവികാസ് സങ്കേതം

### S.XXIX. 1 പ്രദേശം

അമ്പലവയൽ പഞ്ചായത്തിൽ ആറാം വാർഡിൽ ഉൾപ്പെടുന്ന സങ്കേതമാണ് 'വികാസ് കോളനി'. ചീങ്ങേരി എക്സ്റ്റൻഷൽ സ്കീം പ്രകാരം പട്ടികവർഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ച ഈ പ്രദേശം ചീങ്ങേരി മലയ്ക്കു സമീപമായുള്ള പാറ പ്രദേശമാണ്. 1856 ൽ ആരംഭിച്ച ചീങ്ങേരി എക്സ്റ്റഷനിൽ സ്കീം പ്രകാരം 12 കുടുംബങ്ങൾക്കാണ് ഈ മേഖലയിൽ ഭൂമി അനുവദിച്ചിട്ടുള്ളത്. ഉപകുടുംബങ്ങളടക്കം 18 കുടുംബങ്ങൾ നിലവിൽ സങ്കേതത്തിൽ താമസമുണ്ട്.

വികാസ് സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 16% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XXIX. 2 സമുദായഘടന

കാട്ടുനായ്ക്കൻ വിഭാഗത്തിലുൾപ്പെടുന്ന 13ഉം കുറിച്യവിഭാഗത്തിൽ നിന്നുള്ള 3ഉം, പണിയൻ, മുള്ളുകുറുമൻ, കരിമ്പാലൻ വിഭാഗത്തിൽ നിന്നുള്ള ഒരോ കുടുംബങ്ങളും സങ്കേതത്തിലുണ്ട്. 32 പുരുഷന്മാരും 28 സ്ത്രീകളുമടക്കം സങ്കേതത്തിലെ ആകെ ജനസംഖ്യ 60 ആണ്.

### S.XXIX. 3 അടിസ്ഥാന സൗകര്യം

സങ്കേതത്തിൽ നിലവിലുള്ള എല്ലാം കുടുംബങ്ങൾക്കും വീടുകളുണ്ടെങ്കിലും 5 വീടുകൾ താമസയോഗ്യമല്ല. ഈ വീടുകൾക്ക് അറ്റകുറ്റ പണിയോ പുനർനിർമ്മാണമോ ആവശ്യമാണ്. ടി.ആർ.ഡി.എം, ബ്ലോക്ക് പഞ്ചായത്ത് എന്നിവയ്ക്ക് പുറമെ പി.വി.ടി.ജി. പദ്ധതിയിൽ ഉൾപ്പെടുന്ന കാട്ടുനായ്ക്കൻ വിഭാഗത്തിലുളള കുടുംബങ്ങൾക്ക് സങ്കേതത്തിൽ വീട് നിർമ്മിച്ചു നൽകിയിട്ടുണ്ട്. വൈദ്യുതി, ശൗചാലയം എന്നീ സൗകര്യങ്ങൾ നിലവിൽ എല്ലാ കുടുംബങ്ങൾക്കുമുണ്ട്. ചീങ്ങേരി സ്കീമിൽ ഉൾപ്പെടുന്ന സങ്കേതങ്ങളിൽ താരതമ്യേന എത്തിപ്പെടാൻ പ്രയാസമേറിയ പുനരധിവാസ മേഖലയാണ് വികാസ് സങ്കേതം. 2015 ന് ശേഷമാണ് ഗതാഗത യോഗ്യമായ റോഡ്, വൈദ്യുതി എന്നിവ സങ്കേതത്തിലേക്ക് എത്തിച്ചേർന്നത്.

### S.XXIX. 4 വിദ്യാഭ്യാസം

മൂന്ന് കിലോമീറ്ററിനുള്ളിൽ പത്താം ക്ലാസ് വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെങ്കിലും കൃത്യമായി സ്കൂളുകളിൽ പോകാത്ത കുട്ടികൾ സങ്കേതത്തി ലുണ്ട്. കുട്ടികൾക്ക് പഠനത്തിൽ മതിയായ താൽപര്യമില്ലാത്തത് വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രധാന വെല്ലുവിളിയാണ്.

### S.XXIX. 5 ആരോഗ്യം

ഏറ്റവും അടുത്തുള്ള ആശുപത്രി അമ്പലവയലിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രി യാണ്. സങ്കേതത്തിൽ മെഡിക്കൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സങ്കേതത്തിൽ ആശാവർക്കർമാരുടെ സേവനവും ഉണ്ട്.

### S.XXIX. 6 തൊഴിലും വരുമാനവും

ഇതര പുനരധിവാസ സങ്കേതങ്ങളിൽ നിന്നും വ്യത്യസ്തമായി ലഭ്യമായ ഭൂമി പാറ പ്രദേശമായത് കൊണ്ട് തന്നെ കൃഷി ചെയ്തു വരുമാനം കണ്ടെത്താൻ ഗുണഭോക്തക്കൾക്ക് കഴിഞ്ഞിട്ടില്ല. ആരംഭകാലത്ത് കുറഞ്ഞ അളവിൽ, കാപ്പി, കുരുമുളക് എന്നിവ ഗുണഭോക്താക്കളിൽ ചിലർ കൃഷി ചെയ്തിരുന്നുവെങ്കിലും രൂക്ഷമായ കുരങ്ങ് ശല്യം കാരണം ഗാർഹികാവശ്യങ്ങൾക്കുള്ള കാർഷികവിളകൾ പോലും കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. കാർഷിക നിർമ്മാണമേഖലകളുമായി ബന്ധപ്പെട്ട തൊഴിലുകളിൽ നിന്നുമാണ്

പ്രധാനമായും വരുമാനമാർഗം കണ്ടെത്തുന്നത്. തൊഴിലുറപ്പ് പദ്ധതി സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പദ്ധതിയിൽ അംഗത്വമുള്ളവരിൽ ചുരുക്കം ആളുകൾ മാത്രമാണ് പദ്ധതി പ്രയോജനപ്പെടുത്തുന്നത്. ഉപതൊഴിലായി വനവിഭവ ശേഖരണ ത്തിൽ ഏർപ്പെടുന്നവരും സങ്കേതത്തിലുണ്ട്.

## S.XXIX. 7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

റോഡ് സൗകര്യം എത്തിയതിന് ശേഷം ചികിത്സ, വിദ്യാഭ്യാസം എന്നിവയ്ക്കായി സങ്കേതത്തിൽ നിന്നും പുറത്തേക്കുള്ള യാത്ര മുൻപത്തെ അപേക്ഷിച്ച് സുഗമമായിട്ടുണ്ട്.

കുടിവെള്ളത്തിനായി പ്രത്യേക പഞ്ചായത്ത് തല പൈപ്പ് ലൈൻ പ്രവർത്തി ക്കുന്നുണ്ട്. കൂടാതെ സങ്കേതത്തിലുള്ള പൊതു കിണറിനെയും കുടിവെള്ള ത്തിനായി ആശ്രയിക്കുന്നുണ്ട്. ജലവിതരണ സംവിധാനം മെച്ചപ്പെട്ട രീതിയിൽ പ്രവൃത്തിച്ചു വരുന്നത് കൊണ്ട് തന്നെ വേനൽകാലങ്ങളിലും കുടിവെള്ളം ലഭ്യമാണ്.

## S.XXIX. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

സങ്കേതത്തിലെ ഉപകുടുംബങ്ങളൊഴികെയുള്ള 12 കുടുംബങ്ങൾക്കും ഭൂമി സംബന്ധിച്ച കൈവശരേഖ ലഭ്യമായിട്ടുണ്ട്. സങ്കേതത്തിന് മാത്രമായി പ്രത്യേക ഊരുകൂട്ട സംവിധാനം ഇല്ലെങ്കിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ വാർഡ് തലത്തിൽ ഊരു കൂട്ടസംവിധാനം നിലവിലുണ്ട്. ഊരുകൂട്ട സംവിധാനത്തിൽ വികാസ് സങ്കേതത്തിൽ നിന്നുള്ള പ്രാതിനിധ്യം വളരെ ചുരുക്കമാണ്. മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംവിധാനം സങ്കേതത്തിലുണ്ട്.

ഒന്നിലധികം ഗോത്രവിഭാഗത്തിൽ ഉൾപ്പെടുന്നവർ അധിവസിച്ചുവരുന്ന മേഖലയാണ് വികാസ് സങ്കേതം. ഭാഷ, വേഷവിധാനം, ആചാര രീതികൾ എന്നിവയിൽ കാലാനുസൃതമായ മാറ്റങ്ങൾ പ്രകടമാണ്.

## S.XXIX. 9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. സങ്കേതത്തിലുള്ളവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.
2. ഭൂമി പാട്ടത്തിനെടുത്ത് ഉപജീവനത്തിനായുള്ള കൃഷി ആവശ്യങ്ങൾക്കായുള്ള സഹായം അനുവദിക്കണം.

## S.XXX.പൂക്കോട് കുന്ന് (കുന്നത്തിടവക)

### S.XXX. 1 പ്രദേശം

വൈത്തിരി പഞ്ചായത്തിൽ ഒമ്പതാം വാർഡിൽ ഉൾപ്പെടുന്ന സങ്കേതമാണ് പൂക്കോട് കുന്ന്. 2003 ൽ ആദിവാസി പുനരധിവാസ വികസന മിഷൻ പ്രകാരമാണ് സങ്കേതത്തിൽ ഭൂമി വിതരണം നടന്നത്. മുത്താറികുന്ന്, ശ്രീപുരം, ചെമ്പട്ടി, വേങ്ങാത്തോട്, വട്ടകുണ്ട്, പ്രിയദർശിനി, വയൽകുന്ന് സങ്കേതങ്ങളിൽ നിന്നുള്ള 39 പണിയൻ കുടുംബങ്ങൾക്കാണ് പൂക്കോട് കുന്നിൽ ഒരു ഏക്കർ വീതം ഭൂമി നൽകിയിട്ടുള്ളത്. നിലവിൽ 13 കുടുംബങ്ങൾ മാത്രമാണ് സങ്കേതത്തിൽ താമസമുള്ളത്. സങ്കേതത്തിലെ ആകെ ജനസംഖ്യ 13 ആണ്. ഇതിൽ 6 പേർ സ്ത്രീകളും 7 പേർ പുരുഷന്മാരുമാണ്.

പൂക്കോട് കുന്ന് സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 15% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XXX. 2 സമുദായഘടന

39 പണിയൻ കുടുംബങ്ങളാണ് കുന്നത്തിടവക സങ്കേതത്തിൽ അധിവസിച്ചു വരുന്നത്.

### S.XXX. 3 അടിസ്ഥാന സൗകര്യം

വീട്, കുടിവെള്ളം, റോഡ് മുതലായ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പദ്ധതിപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അവ പൂർത്തീകരിക്കാത്തത് സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഭൂമി ലഭിച്ച കാലയളവിൽ തന്നെ ഗുണഭോക്താക്കളിൽ ചിലർ പുനരധിവാസമേഖലയിൽ ഷെഡ് കെട്ടി താമസിച്ചിരുന്നു. ഷെഡ് നിർമ്മാണത്തിനായി 39 ഗുണഭോക്താക്കൾക്കും 3000 രൂപ വീതം നൽകിയെങ്കിലും വളരെ ചുരുക്കം ഗുണഭോക്താക്കൾ മാത്രമാണ് മേഖലയിലേക്ക് മാറി താമസിക്കാൻ തയ്യാറായത്. കൂടാതെ ഈ കാലയളവിൽ ഷെഡുകളിൽ താമസിച്ചിരുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണ പ്രവൃത്തികളൊന്നും ആരംഭിക്കാത്തതിനാൽ പിന്നീട് സ്വന്തം പ്രദേശത്തേക്ക് തന്നെ തിരിച്ചുപോയി. 2006 ൽ പൂക്കോട്കുന്ന് സങ്കേതത്തിൽ ടി.ആർ.ഡി.എം. വഴി ഭവനനിർമ്മാണത്തിനായി 75,000 രൂപ വീതം വകയിരുത്തുകയും ബ്ലോക്ക് പഞ്ചായത്ത് വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യപടിയായി 2007 ൽ 18 പേർ ഉടമ്പടി വെക്കുകയും 17 പേർ ആദ്യഗഡുവായ 11250 രൂപ കൈപ്പറ്റുകയും ചെയ്തുവെങ്കിലും നാളിതുവരെയായി 7 പേർ മാത്രമാണ് ഭവനനിർമ്മാണ പ്രവർത്ത നങ്ങൾ ആരംഭിച്ചിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ച് 13 വർഷം കഴിഞ്ഞിട്ടും തറ മുതൽ ലിന്റൽ പൊക്കം വരെയുള്ള വിവിധ ഘട്ടങ്ങളിൽ മാത്രമാണ് വീടുകളുടെ നിർമ്മാണം നടത്തിയിട്ടുള്ളത്.

### S.XXX. 4 വിദ്യാഭ്യാസം

സങ്കേതത്തിലെ കുട്ടികൾ 1 മുതൽ 4ാം ക്ലാസ്സ് വരെ 500 മീറ്റർ അകലെയുള്ള ഗവ. എൽ.പി സ്ക്കുൾ ലക്കിടിയിലും, 7 മുതൽ 10 വരെ 3 കി.മി അകലെയുള്ള ഗവ. ഹൈസ്ക്കൂൾ വൈത്തിരി യെയുമാണ് വിദ്യാഭ്യാസത്തിനായി കൂടുതലായും ആശ്രയിക്കുന്നത്. സങ്കേതത്തിനടുത്തു തന്നെ അംഗൻവാടി, നഴ്സറി സ്ക്കൂൾ എന്നിവയുണ്ട്. മഴക്കാലത്ത് സ്ക്കൂളിൽ പോകാൻ വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നുണ്ട്. മഴക്കാലങ്ങളിൽ ചെളി നിറയുന്നതിനാൽ റോഡ് ഗതാഗതയോഗ്യമല്ല. പൂക്കോട് വെറ്റിനറി കോളജിനടുത്ത് നിന്നാണ് കുട്ടികൾ വാഹനത്തിൽ പോകുന്നത്. സ്ക്കൂളിലെക്ക് പോകുവാൻ ഗതാഗത സൗകര്യമൊരുക്കണം.

### S.XXX.5 ആരോഗ്യം

സങ്കേതത്തിനടുത്തുള്ള പൂക്കോട് വെറ്റിനറി കോളജിന്റെ ക്ലിനിക്കിനടുത്ത് സ്ഥിതി ചെയ്യുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തെയും 5 കി.മി അകലെയായി സ്ഥിതി ചെയ്യുന്ന വൈത്തിരി താലൂക്ക് ആശുപത്രിയെയുമാണ് സങ്കേതവാസികൾ ആരോഗ്യ സംബന്ധിയായ ആവശ്യങ്ങൾക്ക് അശ്രയിക്കുന്നത്.

### S.XXX. 6 തൊഴിലും വരുമാനവും

മൃഗപരിപാലനം, കാർഷിക മേഖലയിലെ തൊഴിലുകൾ എന്നിവയാണ് അംഗങ്ങളുടെ പ്രധാന വരുമാന മാർഗങ്ങൾ.□ഒരു ഏക്കർ വീതം ഭൂമി നൽകിയിട്ടുണ്ടെങ്കിലും ഭൂമിയിൽ നിന്നും വരുമാനം കിട്ടി തുടങ്ങിയിട്ടില്ല. നബാർഡ് മുഖേന ലഭ്യമായ കാപ്പി, കുരുമുളക് തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടെങ്കിലും പകുതിയിലധികവും നശിച്ചു പോയിട്ടുണ്ട്. ഗാർഹികാവശ്യങ്ങൾക്കുള്ള ഇഞ്ചി, വാഴ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്തിരുന്നുവെങ്കിലും പന്നി, മാൻ തുടങ്ങിയവയുടെ ഉപദ്രവം കാരണം കൃത്യമായ സംരക്ഷണവും പരിചരണവും നൽകേണ്ടിവരുന്നു. ജലസേചന സൗകര്യ ങ്ങളുടെ അപര്യാപ്തത, മാൻ, പന്നി മുതലായ മൃഗങ്ങളുടെ ഉപദ്രവം കാരണവും കൃഷി വ്യാപിപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. പരിസരവാസികളായ ഇതര സമുദായങ്ങളിൽ ചിലർ പദ്ധതിയിൽ അനുവദിച്ച ഭൂമിയിൽ ഭൂഉടമയുടെ സമ്മത പ്രകാരവും അല്ലാതെയും പാട്ടകൃഷി നടത്തിവരുന്നുണ്ട്. ഈ പാട്ട വ്യവസ്ഥപ്രകാരം ഭൂ ഉടമയ്ക്ക് അതിൽ നിന്നും വരുമാനം ലഭിക്കുന്നില്ല. സങ്കേതവാസികളുടെ അഭിപ്രായ പ്രകാരം ഭൂമി തരിശിടുന്നതിന് പകരം കൃഷിയോഗ്യമാക്കുക എന്ന ഉദ്ദേശ്യത്തിലാണ് പാട്ടകൃഷിക്ക് ഭൂമി നൽകിയിട്ടുള്ളത്.

### S.XXX.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണത്തിലെ കാലതാമസം പരിഗണിച്ച് അവശേഷി ക്കുന്ന 21 വീടുകളുടെ നിർമ്മാണ പ്രവൃത്തി 2010 - ൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളീയൻ സ്മാരക സമിതി എന്ന സന്നദ്ധ സംഘടനയെ ഏൽപ്പിക്കുകയാണ് ചെയ്തത്. 2011-ൽ ഈ സമിതി 10 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും റൂഫിംഗ് ഷീറ്റ് കൊണ്ട് നിർമ്മിച്ച

മേൽക്കൂരകൾ കാറ്റിൽ പറന്നുപോയി. ഐ റ്റി ഡി പി അസിസ്റ്റന്റ് എൻജിനീയർ ഈ വീടുകൾ പരിശോധിച്ചതിൽ പ്രകാരം ഇവ താമസയോഗ്യമല്ലെന്ന് കണ്ടെത്തുകയും പുനർനിർമ്മാണത്തിനായി നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയായി ഈ സമിതി പ്രവൃത്തികളൊന്നും ഏറ്റെടുത്ത് നടത്തിയിട്ടില്ല. സങ്കേതത്തിൽ നിലവിൽ 5 ഓളം വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളത്. ഇവയിൽ ഒരു ഗുണഭോക്താവിന്റെ പൂർത്തീകരിച്ച വീടിന്റെ ജനലും ചില്ലുകളും മറ്റു സാമൂഹ്യവിരുദ്ധർ തകർത്തിട്ടുണ്ട്. സങ്കേതത്തിൽ നിലവിൽ താമസമുള്ള 3 കുടുംബങ്ങളും 2012 ന് ശേഷം മാത്രമാണ് സ്ഥിരതാമസമാരംഭിച്ചിട്ടുള്ളത്. സങ്കേതത്തിലുള്ള 3 കുടുംബങ്ങളും ടി.ആർ.ഡി.എം. പദ്ധതിപ്രകാരം നിർമ്മിച്ചു നൽകിയ വീടുകളിലാണ് താമസിക്കുന്നത്. വീടുകളിൽ മതിയായ സൗകര്യമില്ലെങ്കിലും സ്വന്തമായി വീട് ലഭ്യമായതിനാൽ ഗുണഭോക്താക്കൾ തൃപ്തരാണ്.

**ഊരുകൂട്ടം, കുടുംബശ്രീ:-**3 കുടുംബങ്ങൾ മാത്രം താമസിക്കുന്നത് കൊണ്ട് തന്നെ സങ്കേതത്തിന് മാത്രമായി ഊരുക്കൂട്ടം കുടുംബശ്രീ സംവിധാനങ്ങൾ തുടങ്ങിയവ പ്രവർത്തിക്കുന്നില്ല. ടി.ആർ.ഡി.എം. പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും, നടത്തിപ്പിനുമായി ഊരു കൂട്ടം വിളിച്ച് ചേർത്തിട്ടുണ്ട്. പൂക്കോട് സങ്കേതവുമായി ചേർന്നുകൊണ്ടാണ് ഊരു കൂട്ട സംവിധാനം പ്രവർത്തിക്കുന്നത്.

അംഗസംഖ്യ വളരെ കുറവായത് കൊണ്ട് പ്രത്യേക കുടുംബശ്രീ സംവിധാനമാണുള്ളത്. സങ്കേതത്തിന്റെ പരിസര പ്രദേശങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന കുടുംബശ്രീയിൽ സങ്കേതത്തിൽ നിന്നും ഒരംഗമുണ്ട്.

പൂക്കോട് കുന്ന് സങ്കേതത്തിലെ ജനസംഖ്യ വളരെ കുറവാണെങ്കിലും അംഗങ്ങൾ തമ്മിൽ പരസ്പര സഹകരണമുണ്ട്. പ്രദേശത്തെ മറ്റു ജനവിഭാഗങ്ങളുമായി നല്ല രീതിയിലുള്ള ബന്ധം നിലനിൽക്കുന്നുണ്ട്. പണിയൻ സമുദായത്തിന്റെ തനത് ആചാരങ്ങളും ആരാധന രീതിയും സങ്കേതത്തിൽ നടത്തുന്നില്ല. ആചാരങ്ങളുടെ നടത്തിപ്പി നായി പഴയ പ്രദേശത്തേക്ക് തിരിച്ച് പോകുന്ന രീതിയാണ് പിൻതുടരുന്നത്.

പുനരധിവസിപ്പിക്കപ്പെട്ട 3 കുടുംബങ്ങളും പുനരധിവാസത്തിന് ശേഷമുള്ള ജീവിതരീതികളിൽ തൃപ്തരണ്. ആരോഗ്യപരിചരണം വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ 10 കി. മീറ്ററിനുള്ളിൽ ഇവർക്ക് ലഭ്യമാകുന്നുണ്ട്. 5 സെന്റിൽ താഴെ മാത്രം ഭൂമിയുണ്ടായിരുന്ന കുടുംബങ്ങളാണ് സങ്കേതത്തിലേക്ക് മാറി താമസിച്ചിട്ടുള്ളത്. അതു കൊണ്ട് ഭൂമി ഭവനരഹിതമായ അവസ്ഥയിൽ നിന്നും സ്ഥിതിമെച്ചപ്പെട്ടിട്ടുണ്ട്.

### S.XXX.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

വയനാട് ജില്ലയിലെ ടി.ആർ.ഡി.എം. സങ്കേതങ്ങളിൽ പൂക്കോട് കുന്ന് ഒഴികെ യുള്ള ഇതര സങ്കേതങ്ങളെല്ലാം 1980 കളിൽ ആരംഭിച്ച പുനരധിവാസ പദ്ധതികളാണ്. ടി.ആർ.ഡി.എം. വകുപ്പിൽ

നിന്നും ലഭ്യമായ വിവരപ്രകാരം ആകെയുള്ള ഭൂരഹിതരിൽ 71.26% ഭൂരഹിതരും വയനാട് ജില്ലയിലാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭൂ രഹിതരായിട്ടുള്ള ജില്ലയായിരിക്കെ വിതരണം ചെയ്ത ഭൂമിയിൽ മുഴുവൻ പേരെയും ആകർഷിക്കാൻ കഴിയാത്തത് മിഷൻ നേരിടുന്ന വെല്ലുവിളിയാണ്. വീട്, കുടിവെള്ളം, റോഡ് സൗകര്യം എന്നിവയില്ലാത്തത് സങ്കേതം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

ഭൂമി വിതരണം നടത്തിയ ഘട്ടത്തിൽ ഭൂമിയുടെ അതിരുകൾ, പ്ലോട്ടുകൾ ഏതെന്ന് വ്യക്തമാക്കി നൽകാത്തതിനാൽ ലഭ്യമായ ഭൂമി ഏതാണെന്ന് തിരിച്ചറിയാൻ കഴിയാത്ത പ്രശ്നവും സങ്കേതത്തിലുണ്ട്. പ്ലോട്ടുകൾ തിരിച്ചറിയാൻ കഴിയാത്തത് കൊണ്ട് തന്നെ ഭവന നിർമ്മാണമടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രതിബന്ധമുണ്ട്.

**S.XXX.8.1<u>റോഡ്:</u>**–പ്ലോട്ടുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി മൺറോഡ് വെട്ടിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ താമസമില്ലാത്ത ഭാഗങ്ങളിൽ മണ്ണ് റോഡ് കാട് മൂടി കിടക്കുന്നത് കൊണ്ട് സഞ്ചാരയോഗ്യമല്ല. റോഡിൽ കല്ല് പതിച്ചിട്ടുണ്ടെങ്കിലും മഴകാലങ്ങളിൽ ചളി നിറയുന്നതിനാൽ ഗതാഗതയോഗ്യമല്ല. അതുകൊണ്ട് തന്നെ മഴക്കാലങ്ങളിൽ വീടുകളിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനും മറ്റും ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

**S.XXX.8.2കുടിവെള്ളം:**–കുടിവെള്ള ക്ഷാമം സങ്കേതം നേരിടുന്ന പ്രധാന പ്രശ്നമാണ്. സങ്കേതത്തിലേക്ക് പുനരധിവസിക്കപ്പെട്ട ആദ്യവർഷങ്ങളിൽ സമീപ വീടുകളിലെ കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിച്ചത്. 2016-17 ൽ ജലനിധി പദ്ധതി സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2 വർഷത്തോളം പദ്ധതി ഗുണഭോക്താക്കൾക്ക് ഉപകാരപ്പെട്ടിരുന്നുവെങ്കിലും 2018- ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് ജലനിധി പദ്ധതിയുടെ മോട്ടോർ, പമ്പ് ഹൗസ് മുതലായ സംവിധാനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പമ്പ് ഹൗസ്, മോട്ടോർ എന്നിവയുടെ കേടുപാടുകൾ പരിഹരിച്ച് പദ്ധതി പുനസ്ഥാപിക്കാത്തതിനാൽ സമീപ പ്രദേശത്തെ കിണറുകൾ തന്നെയാണ് നിലവിൽ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. 300/400 മീറ്ററുകളോളം നടന്ന് കുടിവെള്ളം ശേഖരിച്ച് കൊണ്ട് വരേണ്ടിവരുന്നത് ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

സങ്കേതത്തിലുള്ള 3 കുടുംബങ്ങൾക്കും വൈദ്യുതിയുണ്ട്. 2017 മെയ് മാസത്തി ലാണ് വീടുകൾ വൈദ്യുതീകരിച്ചത്. വൈദ്യുതി ലഭ്യമല്ലാതിരുന്ന വർഷങ്ങളിൽ പഠനത്തിന് ബുദ്ധിമുട്ട് നേരിട്ടതിനാൽ ബന്ധുവീടുകളിൽ താമസിച്ചുകൊണ്ടാണ് വിദ്യാർ ത്ഥികൾ പഠന പ്രവർത്തനങ്ങൾ നടത്തിയത്.

### S.XXX.9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

- ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകളിലെയും, സങ്കേതത്തിലേക്ക് മാറിതാമസിക്കാൻ തയ്യാറാവാത്ത പ്ലോട്ടുകളുടെയും പട്ടയം റദ്ദു ചെയ്യാവുന്നതാണ്. പട്ടയം റദ്ദാവുന്ന മുറയ്ക്ക് മാനദണ്ഡപ്രകാരം അർഹത നിർണയം നടത്തി വൈത്തിരി പ്രദേശത്തിന് ചുറ്റുപാട് നിന്നുള്ള ഭൂരഹിതരായ പണിയൻ കുടുംബങ്ങൾക്ക് ഭൂമിവിതരണം നടത്താവുന്നതാണ്.
- ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും മതിയായ പിൻതുണയും അന്വേഷണവും നടത്താത്തത് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ കാലതാമസം നേരിടുന്നതിന് കാരണമായിട്ടുണ്ട്. സങ്കേതത്തിലെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാവുന്നതും ഗുണഭോക്താക്കളുടെ കൃത്യമായ മേൽ നോട്ടത്തിൽ നടപ്പിലാക്കാവുന്നതുമാണ്.
- മുടങ്ങികിടക്കുന്ന ജലനിധി പദ്ധതി പുനസ്ഥാപിക്കുന്നതിലൂടെ വേനൽകാലത്ത് നേരിടേണ്ടി വരുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.
- ഗുണഭോക്താക്കൾക്ക് പ്ലോട്ടുകൾ ഏതാണെന്ന് തിരിച്ചറിയാൻ കഴിയാത്തത് തർക്കങ്ങൾക്ക് കാരണമാകുന്നു. സ്ഥലം റീസർവ്വേ ചെയ്യേണ്ടതും അതിരുകൾ കൃത്യമായി രേഖപ്പെടുത്താവുന്നതുമാണ്.
- സങ്കേതത്തിലേക്കുള്ള റോഡ് ടാറിംങ്ങ് നടത്താവുന്നതാണ്. നിലവിലെ കല്ല് പതിച്ച റോഡ് കല്ലുകൾ ഇളകി ശോചനീയവസ്ഥയായത് കൊണ്ട് തന്നെ ഭവന നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ഇതു പരിഹരിക്കുന്നതിനായി റോഡ് ടാറിങ്ങിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

# S.XXXI. വയനാട് ജില്ല–കാരംകൊല്ലി

## S.XXXI. 1

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽ സുൽത്താൻ ബത്തേരി ബ്ലോക്കിൽപ്പെട്ട അമ്പലവയലിലാണ് കാരംകൊല്ലി സങ്കേതം സ്ഥിതി ചെയ്യുന്നത്. 2011 ലെ സെൻസസ് പ്രകാരം അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 30442 ഉം സാക്ഷരത 84.83% ഉം ആണ്.

നിലവിൽ കാരംകൊല്ലി സങ്കേതത്തിൽ താമസിച്ചുവരുന്നതായ കുടുംബങ്ങൾ ആകെ 38 ആണ്. ജനസംഖ്യ കണക്ക് പ്രകാരം പുരുഷൻമാരുടെ എണ്ണം 60 ഉം, സ്ത്രീകളുടേത് 63 ഉം ആണ്. പഠിക്കുന്ന കുട്ടികളുടെ എണ്ണം 30 ആണ്. ബാക്കിയുള്ള കുടുംബങ്ങൾക്ക് ഒരു ഏക്കറിൽ താഴെ യാണ് യഥാർത്ഥത്തിൽ ഭൂമി ലഭ്യമായിരിക്കുന്നത്. ഉപകുടുംബങ്ങളും ഇതിൽ പ്പെടുന്നു. ഗുണഭോ ക്താക്കൾ എല്ലാവരും തന്നെ സ്വന്തം ജില്ലയിൽ നിന്നുള്ളവരാണ്. പുനരധിവാസ മേഖലയിൽ വളരെ വർഷങ്ങൾക്ക് മുമ്പ് തന്നെ താമസമാക്കിയവരാണിവർ.

## S.XXXI.2 സമുദായഘടന

കാരംകൊല്ലി സങ്കേതത്തിൽ 9 മുള്ളുകുറുമൻ വിഭാഗത്തിൽപ്പെട്ടവരും, 29 വെട്ടക്കുറു മൻ വിഭാഗത്തിൽപ്പെട്ടവരുമാണ് അധിവസിക്കുന്നത്.

## S.XXXI.3 അടിസ്ഥാന സൗകര്യം

വീടിന്റെ അടിസ്ഥാന നിർമ്മാണ പ്രവർത്തികൾക്കായി നിശ്ചിത തുകകൾ കാലയളവ് പ്രകാരം നൽകപ്പെടുകയും, എന്നാൽ കൃത്യമായ ഫണ്ടിംഗ് വിതരണത്തിലെ അസ്ഥിരതകൾ മൂലവും കരാർ വ്യവസ്ഥിതികളിലെ അനാസ്ഥകളും സങ്കേതവാസികളെ പ്രയാസപ്പെടുത്തുന്നു. വീടുകൾ ഒട്ടുമിക്കവയും ചോർന്നൊലിക്കുന്നുണ്ട്. വീടുകളുടെ പുനർനിർമ്മാണവും ജീർണ്ണാവസ്ഥ കളും ചോർച്ച പ്രശ്നങ്ങളും പരിഹരിക്കേണ്ടതാണ്. വീടുകൾ മിക്കവയും താമസയോഗ്യമല്ല.

## S.XXXI.4 വിദ്യാഭ്യാസം

സങ്കേതത്തിൽ 1 മുതൽ +2 വരെയുള്ള പഠനത്തിനായി 3 കി.മി അകലെയുള്ള അമ്പലവയ ലിലെ സർക്കാർ  ഹൈസ്ക്കൂൾ, 7ാം തരം വരെ 2 കി.മി അകലെയുള്ള കുമ്പ്ലേരിയിലെ സർക്കാർ യു.പി സ്ക്കൂൾ, 2 കി.മി അകലെയുള്ള അമ്പലവയലിലെ - വി.എച്ച്.എസ്.എസ് (വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ) എന്നിവയെയാണ് പഠനത്തിനായി ഇവർ ആശ്രയിക്കുന്നത്. നിലവിൽ വീടുകളിലെ പഠനാന്തരീക്ഷം അനുയോജ്യമായരീതിയിൽ അല്ല. ട്യൂഷൻ സൗകര്യങ്ങളും സാമ്പ

ത്തിക സൗകര്യങ്ങളും, മറ്റ് സാമൂഹ്യ ഇതര സൗകര്യങ്ങളും നൽകുന്നതിലൂടെ പഠനം ഏറെക്കുറെ മെച്ചപ്പെടുത്താവുന്നതാണ്. മദ്യപാനശീലങ്ങൾ ധാരാളമുള്ളവർ സങ്കേതത്തിൽ ഉള്ളതിനാൽ കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു. സങ്കേതത്തിൽ ലഹരിനിവാരണത്തിനായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. രക്ഷിതാക്കളുടെ നിരക്ഷരതയും, സാമ്പത്തിക ബുദ്ധിമുട്ടും, കുട്ടികളെ ചെറുപ്പത്തിലെ തന്നെ തൊഴിലിന് നിർബന്ധിതമാക്കുന്ന ഘടകങ്ങൾ ആണ്. ഗതാഗത പ്രശ്നങ്ങളും മിത രീതിയിലുള്ള ഫീസുകൾ അല്ലാത്തതിനാൽ നൽകാൻ കഴിയാത്തതുമെല്ലാം പഠനത്തിനു വിഘ്നം സൃഷ്ടിക്കുന്നു. ഈ കാരണത്താൽ പഠനം പാതി വഴിയിൽ ഉപേക്ഷിക്കപ്പെടേണ്ട സാഹചര്യം വന്ന ഗുണഭോക്താക്കൾ നിലവിൽ ഉണ്ട്.

### S.XXXI.5 ആരോഗ്യം

ആസ്തമ, ക്യാൻസർ, പ്രമേഹം, പക്ഷാഘാതമുള്ളവർ, കൂടാതെ ന്യുമോണിയ പോലുള്ള വ്യാധികൾ ബാധിച്ചവർ ഇവിടെ ഉണ്ട്. 4 കി.മി അകലെയുള്ള അമ്പലവയലിലെ സർക്കാർ ആശുപത്രിയെയും, 4 കി.മി അകലെ കാരച്ചാലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തെയുമാണ് ഇവർ ആശ്രയിക്കുന്നത്. പക്ഷെ ഇവിടെ ഡോക്ടർമാർ ഉണ്ടാകാറില്ല. അലോപ്പതി ചികിത്സാരീതികളാണ് പ്രധാനമായും ഇവർ പിന്തുടരുന്നത്. ഉപഭോഗ ശീലങ്ങളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പുറത്ത് നിന്നു വാങ്ങുന്ന സാധനങ്ങളുടെ അളവ് കൂടി. ആഹാരശീലങ്ങളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. തനതുഭക്ഷണശീലങ്ങളിൽ മാറ്റങ്ങൾ വന്നു. അടുക്കളത്തോട്ടങ്ങൾ ശാസ്ത്രീയമായ രീതിയിൽ പണിതുവരുവാൻ സാധിച്ചിട്ടില്ല, എങ്കിലും ചെറിയ രീതിയിൽ അടുക്കള കൃഷികൾ, പുഷ്പം കൃഷികൾ എന്നിവ നിലവിൽ ചെയ്തുവരുന്നു.

### S.XXXI. 6 തൊഴിലും വരുമാനവും

വളരെ കുറഞ്ഞ വരുമാനത്തിൽ കൂലിവേല ചെയ്ത് ജീവിച്ചുവന്നിരുന്നതാണ് ഇവർ. തൊഴിലുറപ്പാണ് പ്രധാന വരുമാന മാർഗ്ഗം. തർക്കഭൂമികൾ ഉള്ളഗുണഭോക്താക്കളും ഇവിടെയുണ്ട്. ലഭ്യമായ ഭൂമിയിൽ വീട്ടാവശ്യത്തിനുള്ള കൃഷികൾ മാത്രമാണ് ചെയ്തുവരുന്നത്. കൃഷിഭൂമിയിൽ മതിയായ ജലസേചന സൗകര്യങ്ങളില്ല. മൃഗശല്യങ്ങൾ കൂടിയ മേഖലയാണിത്. ഭൂമി പാട്ടത്തിന് നൽകുകയോ അതു മൂലമുള്ള മറ്റ് കേസുകളോ ഇവിടെയില്ല. സങ്കേതത്തിൽ സ്വയം തൊഴിൽ പരിശീലന പദ്ധതികൾ ബന്ധപ്പെട്ട അധികാരികൾ നടത്തിയിട്ടില്ല. സങ്കേതവാസികൾക്ക് തൊഴിലുറപ്പിൽ അംഗത്വം ഉണ്ട്, തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം തൊഴിൽ ലഭിക്കുന്നുണ്ട്. തൊഴിൽ ദിനങ്ങൾ കുറവായതിനാൽ തൊഴിലുറപ്പ് കാര്യക്ഷമമാക്കേണ്ടതുണ്ട്.

### S.XXXI. 7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സങ്കേതത്തിൽ സാംസ്കാരിക നിലയങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ, റോഡുകൾ, മറ്റിതര സാമൂഹിക സൗകര്യങ്ങൾ എന്നിവയുണ്ട്. തൊഴിൽ ലഭ്യതക്കുറവ് പ്രധാന പോരായ്മയാണ്. സ്വന്തം സമുദായക്കാരും ഇതര ഗോത്ര വിഭാഗക്കാരുനാണ് പുനരധിവാസ ഭൂമിയിൽ താമസിക്കുന്നത്. പുനര

ധിവാസ ശേഷം പരസ്പര സഹകരണം, പരസ്പരാശ്രയത്വം തുടങ്ങിയവയിൽ നല്ല രീതിയിൽ വിക സനം ഉണ്ടായിട്ടുണ്ട്.

സാമുദായിക ആചാരങ്ങൾ നടത്തുന്നതിനായുള്ള സൗകര്യങ്ങൾ പുനരധിവസിച്ച പ്രദേ ശത്ത് ഉണ്ട്.

### ഊരുകൂട്ടം

സങ്കേതത്തിൽ ഊരുകൂട്ടം രജിസ്റ്റർ ചെയ്തു വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പി ലാക്കുന്നില്ല എന്നതാണ് ലഭ്യമായ വിവരങ്ങൾ. അവസാനമായി കാരംകൊല്ലി പ്രദേശികളെ ഉൾപ്പെ ടുത്തി ഊരുകൂട്ടം നടത്തിയത് 2018 ഫെബ്രുവരിയിലാണ്. സങ്കേതത്തിലുള്ള ഏറിയപേരും ഊരു കൂട്ടത്തിന്റെ ലക്ഷ്യങ്ങൾ അറിയാത്തവർ ആണ്.

നിലവിൽ സങ്കേതത്തിൽ കുടുംബശ്രീ പ്രവർത്തിച്ചു വരുന്നുണ്ട്. കുടുംബശ്രീ കൊണ്ട് സാമ്പത്തിക വളർച്ച, ധനസ്വരൂപണം എന്നിവ നല്ല രീതിയിൽത്തന്നെ നടന്നിട്ടുണ്ട്.

## S.XXXI. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

സങ്കേതത്തിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യങ്ങൾ മതിയായ രീതിയിൽ ലഭ്യ മല്ല എന്നതാണ് വ്യക്തിഗത സർവ്വേകളിൽ നിന്നും വ്യക്തമായത്. ഇവിടെ സ്വന്തമായി കിണർ, പാറ ക്കുഴികൾ എന്നിവ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ഉള്ള ഗുണഭോക്താക്കൾ കുറവാണ്. 105 വീടുകൾക്ക് രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം പൈപ്പ്ലൈൻ സംവിധാനങ്ങൾ നേരത്തേ തന്നെ നടപ്പിൽ വരുത്തിയതാണെങ്കിലും, വൈദ്യുതി ബില്ല് അടക്കാത്തതിനാൽ വെള്ളം ലഭ്യമാകു ന്നില്ല. സങ്കേതത്തിൽ വൈദ്യുതീകരണം നടന്നു കഴിഞ്ഞതാണ്. എങ്കിലും ഒറ്റപ്പെട്ട ചില ഗുണഭോ ക്താക്കൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല എന്നതും സർവ്വേയിൽ നിന്നും വ്യക്തമായി. ശൗചാലയ സംവി ധാനങ്ങൾ നിലവിൽ സർക്കാർ മുഖേന നടപ്പിലാക്കിയതോ സ്വന്തമായി നിർമ്മിക്കപ്പെട്ടവയോ ആണ്. ആയതിനാൽ വർഷങ്ങളുടെ ജീർണ്ണതകൾ പരിഹരിക്കേണ്ടതാകുന്നു. പ്രത്യേക ഏജൻസികൾ വഴി നേരിട്ടോ അല്ലാതെയോ നടത്തപ്പെട്ട ഭവന നിർമ്മാണങ്ങൾ ആകയാൽ സ്വന്തം ഗൃഹനിർമ്മാണ ത്തിൽ ആദ്യം മുതൽ തന്നെ ഉള്ള പങ്കാളിത്തം ഗുണഭോക്താക്കൾക്ക് നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല. ട്രൈബൽ ഓഫീസ് വഴി കരാറടിസ്ഥാലത്തിൽ ഏജൻസികൾ ആണ് ഇതെല്ലാം നടത്തിയത്.

പദ്ധതി പ്രകാരം പതിച്ചു നൽകിയ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. പട്ടയം, കൈവശരേഖ കൾ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം ഇവിടെ കുറവാണ്. അവകാശത്തർക്കങ്ങൾ നില നിൽക്കുകയും, ഭൂമി അന്യാധീനപ്പെടുകയും ചെയ്തിട്ടുണ്ട്.

കടബാധ്യതകൾ ഒട്ടുമിക്ക ഗുണഭോക്താക്കൾക്കും ഉണ്ട്. വിവിധതരം സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ ഇവർ ആശ്രയിക്കുന്നു. കൃഷിയും ഗാർഹികാവശ്യങ്ങളും നിറവേറ്റുന്നതുമായി ബന്ധപ്പെട്ടാണ് ഏറിയ ഗുണഭോക്തതാക്കൾക്കും കടബാധ്യതകൾ ഉണ്ടാകുന്നത്. റോഡുകൾ, സൗ രവിളക്കുകൾ, കൃത്യമായ ഫണ്ട് വിതരണം, ടൈലറിംഗ്, ട്യൂഷൻ, കുടിവെള്ള സംവിധാനങ്ങൾ,

ലഹരിമരുന്നുകൾ, സുരക്ഷിതത്ത്വ പ്രശ്നങ്ങൾ, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണങ്ങൾ എന്നിവ മുൻഗണന നൽകേണ്ടതായ പ്രശ്നങ്ങൾ ആണ്.

### S.XXXI. 9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. കുടി വെള്ള പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുക. . 105 വീടുകൾക്ക് രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം പൈപ്പ്ലൈൻ സംവിധാനങ്ങൾ നേരത്തേ തന്നെ നടപ്പിൽ വരുത്തിയതാണെങ്കിലും, വൈദ്യുതി ബില്ല് അടക്കാത്തതിനാൽ വെള്ളം ലഭ്യമാകുന്നില്ല.

2. തൊഴിലില്ലായ്മ പരിഹരിക്കുക. ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി നൽകണം. കുട്ടികൾക്ക് ട്യൂഷൻ സെന്റർ തുടങ്ങണം. സങ്കേതത്തിലെ വിദ്യാഭ്യാസമുള്ളവർ പഠിപ്പിക്കണം.

3. രക്ഷിതാക്കളുടെ നിരക്ഷരതയും, കുട്ടികളുടെ അലസതയും, സാമ്പത്തിക ബുദ്ധിമുട്ടും, കുട്ടികളെ ചെറുപ്പത്തിലെ തന്നെ തൊഴിലിന് നിർബന്ധിതമാക്കുന്ന ഘടകങ്ങൾ ആണ്. വണ്ടി കൂലി നൽകാൻ കഴിയാത്തതും എല്ലാം പഠനത്തിനു വിഘ്നം സൃഷ്ടിക്കുന്നു. സാമ്പത്തിക പ്രശ്നം മൂലം പഠനം പാതി വഴിയിൽ ഉപേക്ഷിക്കപ്പെടേണ്ട സാഹചര്യം വന്നവർ സങ്കേതത്തിലുണ്ട്. വിദ്യാലയങ്ങളിൽ ഇത്തരം കുട്ടികൾക്ക് മതിയായ പ്രോത്സാഹനവും രക്ഷിതാക്കൾക്ക് ബോധവത്ക്കരണവും നൽകുകയും എല്ലാറ്റിനുമുപരി സങ്കേതത്തിലെ മുതിർന്നവർക്ക് സ്ഥിരമായ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്താൽ ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാവുന്നതാണ്.

## S.XXXII.അമ്പലക്കുന്ന് സങ്കേതം – ചീങ്ങേരി

### S.XXXII. പ്രദേശം

ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ ഉൾപ്പെടുന്ന അമ്പലക്കുന്ന് സങ്കേതം അമ്പലവയൽ പഞ്ചായത്തിലെ 19-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ ഏറ്റവും കൂടുതൽ കുടുംബങ്ങൾ പുനരധിവസിപ്പക്കപ്പെട്ടത് അമ്പലക്കുന്ന് സങ്കേതത്തിലാണ്. പണിയൻ, വെട്ടകുറുമൻ, മുള്ളുകുറുമൻ വിഭാഗങ്ങളിൽ നിന്നുള്ള 93 കുടുംബങ്ങൾ സങ്കേതത്തിലധിവസിച്ചുവരുന്നുണ്ട്. 174 സ്ത്രീകളും 163 പുരുഷൻമാരും ചേർന്ന് സങ്കേതത്തിലെ ആകെ ജനസംഖ്യ 337 ആണ്. അമ്പലക്കുന്ന് സങ്കേതത്തിൽ ജനസംഖ്യാപരമായി മുന്നിട്ടുനിൽക്കുന്നത് പണിയരാണ്. 10 സെന്റ് മുതൽ 3 ഏക്കർ വരെ ഭൂമിയാണ് അമ്പലക്കുന്ന് സങ്കേതത്തിൽ കുടുംബങ്ങൾക്ക് ലഭിച്ചിട്ടു

ള്ളത്. വിരലിലെണ്ണാവുന്ന ഗുണഭോക്താക്കൾക്ക് ഒഴികെ മറ്റെല്ലാവർക്കും ഒരു ഏക്കറിൽ കുറവ് മാത്രമാണ് ലഭിച്ചത്. ഭൂമി സംബന്ധിച്ച് കൈവശരേഖയോ പട്ടയമോ ലഭിക്കാത്ത കുടുംബങ്ങൾ അമ്പലക്കുന്ന് സങ്കേതത്തിലുണ്ട്. പുനരധിവാസത്തിനു മുൻപ് 44.4% പേർ ബന്ധു വീടുകളിലും, 44.4% പേർ വാടകക്കും, 11.1% പേർ സ്വന്തം വീടുകളിലുമാണ് താമസിച്ചിരുന്നത്.

### S.XXXII.2 സമുദായഘടന

പണിയൻ വിഭാഗത്തിൽ നിന്നുള്ള 57 കുടുംബങ്ങളും, വെട്ടകുറുമൻ വിഭാഗത്തിൽ നിന്നുള്ള 34 കുടുംബങ്ങളും രണ്ട് മുള്ളുകുറുമൻ കുടുംബവുമാണ് സങ്കേതത്തിലുള്ളത്.

### S.XXXII.3അടിസ്ഥാന സൗകര്യം

സങ്കേതത്തിൽ 4 കുടുംബങ്ങൾ ഭവനരഹിതരാണ്. മറ്റെല്ലാ കുടുംബങ്ങൾക്കും വീടുണ്ടെങ്കിലും സങ്കേതത്തിൽ 15-ഓളം വീടുകൾ മാത്രമാണ് വാസയോഗ്യമായവ. ശേഷിക്കുന്ന വീടുകളെല്ലാം തന്നെ ചോർച്ചയുള്ളവയും, താമസയോഗ്യമല്ലാത്തവയും പുനരുദ്ധാരണം ആവശ്യമായവയുമാണ്. അമ്പലക്കുന്ന് സങ്കേതത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പ്, ടി.ആർ.ഡി..എം, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള ഭവനനിർമ്മാണ ധനസഹായം ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ട്. മേഖലയിലെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ കരാറ് നൽകിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കുടിവെള്ളത്തിനായി ജലനിധി പദ്ധതി, പഞ്ചായത്തു കിണർ എന്നിവയെയാണ് ആശ്രയിക്കുന്നത്. ചുരുക്കം കുടുംബങ്ങൾ പ്രദേശത്തെ നീർച്ചാലുകളേയും കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

### S.XXXII.4 വിദ്യാഭ്യാസം

കുട്ടികൾക്ക് എൽ.പി., യു.പി, ഹൈസ്കൂൾ തലംവരെ പഠനത്തിനുള്ള മതിയായ സൗകര്യങ്ങൾ 2 കിലോമീറ്ററിനുള്ളിൽ ലഭ്യമാണ്. 10-ാം തരത്തിനു ശേഷം പഠനം നിർത്തിയ കുട്ടികളും പ്രൈമറി ക്ലാസ്സുകളിൽ സ്ഥിരമായി പോവാത്ത കുട്ടികളും സങ്കേതത്തിലുണ്ട്. സാമ്പത്തിക പരാധീനതയും, ശരിയായ ദിശാബോധമില്ലായ്മയും കുട്ടികൾ പഠനം നിർത്തുന്നതിന് കാരണമാകുന്നുണ്ട്. 2010 മുതൽ അംഗൻവാടി സങ്കേതത്തിൽ പ്രവർത്തിക്കുന്നുണ്ട്. 2011 മുതൽ പ്രത്യേക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 13 കുട്ടികൾ അംഗൻവാടിയിൽ നിലവിൽ വരുന്നുണ്ട്. 5 മാസക്കാലമായി അംഗങ്ങൾ താമസമില്ലാത്ത വീട്ടിലാണ് അംഗൻവാടി പ്രവർത്തിക്കുന്നത്.

### S.XXXII.5 ആരോഗ്യം


സങ്കേതത്തിനടുത്ത് പ്രാഥമിക ആരോഗ്യകേന്ദ്രമില്ല. അമ്പലവയൽ ഗവ.ആശുപത്രി 2.5 കി.മി അകലെയായി സ്ഥിതി ചെയ്യുന്നു. എങ്കിലും ഇവിടെ മെച്ചപ്പെട്ട സൗകര്യങ്ങളില്ല. സ്കാനിങ്ങിനായി

ദൂരെ പോകേണ്ടി വരുന്നു. മാസത്തിലൊരിക്കൽ മെഡിക്കൽ ക്യാമ്പ് അംഗൻവാടിയിൽ വെച്ച് നട ത്താറുണ്ട്.

**S.XXXII.6**

ചിത്രം 3.26

**തൊഴിലും വരുമാനവും**




## S.XXXII .7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

ഊരുകൂട്ടം, കൃത്യമായി നടക്കാറില്ല. വർഷത്തിൽ 2 പ്രാവശ്യം ഗ്രാമസഭ കൂടുമ്പോഴാണ് നട ത്താറുള്ളത്. കുടുംബശ്രീ സങ്കേതത്തിൽ പ്രവർത്തിക്കുന്നുണ്ട്. 1990 കളിൽ നിർമ്മിച്ച സാംസ്കാരിക കേന്ദ്രം സങ്കേതത്തിലുണ്ടെങ്കിലും കെട്ടിടം അപകടാവസ്ഥയിലാണ്. മുള്ളുകുറുമൻ, വെട്ടകുറുമൻ സമുദായങ്ങൾ തങ്ങളുടെതായ ആചാരരീതിയും ആരാധന സമ്പ്രദായങ്ങളും തുടർന്നു വരുന്നതിന് അമ്പലക്കുന്നിൽ സംവിധാനങ്ങളില്ല. വെട്ടക്കുറുമ സമുദായങ്ങൾ ആവശ്യാനുസരണം ടാർപോളിൻ വാടകയ്ക്കെടുത്ത് മറച്ചാണ് ആചാരങ്ങൾ നടത്താനുള്ള ദൈവപുരയുണ്ടാക്കുന്നത്. തൊഴിലെടു ക്കാൻ പ്രാപ്തരായവർ സങ്കേതത്തിലുണ്ടെങ്കിലും സ്ഥിരമായ വരുമാന മാർഗ്ഗങ്ങളില്ലാത്തത് മേഖല നേരിടുന്ന പ്രധാന പ്രശ്നമാണ്.

## S.XXXII .8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

33.3% സ്വന്തം കിണറുകളെയും, 44.4% പൊതു കിണറുകളെയുമാണ് ജലത്തിനായി ആശ്രയി ക്കുന്നത്. സങ്കേതത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ കുടി

വെള്ളത്തിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വൈദ്യുതി, ശൗചാലയം എന്നിവ അമ്പലക്കുന്ന് സങ്കേതത്തിൽ എല്ലാ കുടുംബങ്ങൾക്കുമുണ്ടെങ്കിലും വൈദ്യുതി ബില്ല് അടക്കാത്തതിനാൽ 3 കുടുംബങ്ങളുടെ വൈദ്യുതി കണക്ഷൻ വിഛേദിക്കപ്പെട്ടിട്ടുണ്ട്.

## S.XXXII.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. ഫാമിൽ തൊഴിൽ സാഹചര്യം ഒരുക്കി, തൊഴിൽ നൽകുക.
2. കുടിവെള്ളപ്രശ്നങ്ങൾക്ക് പരിഹാരം നൽകുക.
3. ചില പ്ലോട്ടുകളിൽ റോഡ് സൗകര്യങ്ങളില്ല. രോഗികളായവരെയും കൊണ്ടു പോകുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. മതിയായ റോഡ് സൗകര്യങ്ങൾ എർപ്പെടുത്തേണ്ടതാണ്.
4. വീടുകളെല്ലാം തന്നെ ചോർച്ചയുള്ളവയും, താമസയോഗ്യമല്ലാത്തവയും പുനരുദ്ധാരണം ആവശ്യമായവയുമാണ്. പല വീടുകൾക്കും ചോർച്ചയുള്ളതിനാൽ ഷീറ്റ് ഇട്ടിരിക്കുകയാണ്. അതു കൊണ്ടു തന്നെ വീടുകളുടെ പുനരുദ്ധാരണം പ്രത്യേകം പരിഗണിക്കേണ്ടതാണ്.
5. കൃഷിക്ക് ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകണം.
6. സാംസ്കാരിക കേന്ദ്രം സങ്കേതത്തിലുണ്ടെങ്കിലും കെട്ടിടം അപകടാവസ്ഥയിലാണ്. അത് പുനർനിർമ്മിക്കേണ്ടതാണ്.

# S.XXXIII. സുഗന്ധഗിരി പുനരധിവാസ മേഖല

പൊഴുതന പഞ്ചായത്തിലെ6, 7വാർഡുകളിലുൾപ്പെടുന്ന സുഗന്ധഗിരി പുനരധിവാസ മേഖല വൈത്തിരിയിൽ നിന്നും 3 കി.മീ. അകലെ കോളിച്ചാലിന് സമീപത്തായാണ് സ്ഥിതി ചെയ്യുന്നത്. 1976-ൽ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ സുഗന്ധഗിരി കാർഡമം പ്രോജക്ടിൽ പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങളാണ് സുഗന്ധഗിരിയിലുള്ളത്. 1500 ഹെക്ടർ നിക്ഷിപ്ത വനഭൂമിയിൽ വ്യാപിച്ചു കിടക്കുന്ന പുനരധിവാസ മേഖല 1 മുതൽ 7 യൂണിറ്റുകളിലായി തരംതിരിക്കപ്പെട്ടിട്ടുണ്ട്.

അടിയൻ, പണിയൻ, കുറിച്യൻ, വെട്ടകുറുമൻ, തച്ചനാടൻമൂപ്പൻ, മലയരയൻ, മുള്ളുകുറുമൻ, കാട്ടുനായ്ക്കൻ, വിഭാഗങ്ങളിൽ നിന്നുള്ളവരാണ് സങ്കേതത്തിലുള്ളത്.

പട്ടികവർഗ്ഗ കുടുംബങ്ങളെ തൊഴിലാളികളാക്കി സഹകരണ സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്ന സുഗന്ധഗിരി കാർഡമം പ്രോജക്ട് 1982 വരെ മികച്ച രീതിയിൽ പ്രവർത്തിച്ചിരുന്നു. പ്രോജക്ടിന്റെ ഭാഗമായി അടിയൻ, പണിയൻ, കുറിച്യൻ, വെട്ടകുറുമൻ,

തച്ചനാടൻമൂപ്പൻ, മലയരയൻ, മുള്ളുകുറുമർ, കാട്ടുനായ്ക്കൻ, വിഭാഗങ്ങളിൽ നിന്നുള്ള 760-ഓളം കുടുംബങ്ങളെയാണ് ആദ്യഘട്ടത്തിൽ പദ്ധതി പ്രദേശത്ത് കുടിയിരുത്തിയത്. പ്രോജക്ട് ആരംഭിച്ച് അഞ്ച് വർഷത്തിനുള്ളിൽ അഞ്ചേക്കർ ഭൂമി ഗുണഭോക്താക്കൾക്ക് നൽകുക എന്നത് പ്രോജക്ടിന്റെ പ്രഖ്യാപിത ലക്ഷ്യമായിരുന്നു. ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട്, വിളകൾക്കുണ്ടായ അസുഖങ്ങൾ എന്നിവ കാരണം നഷ്ടത്തിലായ സൊസൈറ്റി പിരിച്ചുവിടുക എന്ന നിരന്തരമായ ആവശ്യം ഗുണഭോക്താക്കൾ ഉന്നയിക്കുകയും സമരം നടത്തുകയും ചെയ്തു. തൊഴിലാളികൾക്ക് ഭൂമി വേണമെന്ന നിരന്തരമായ ആവശ്യത്തെ തുടർന്ന് 2003 ൽ സംഘം പിരിച്ചു വിടുകയും ടി.ആർ.ഡി.എം. പദ്ധതിയിലുൾപ്പെടുത്തി ഭൂമി പതിച്ചു നൽകുകയുമാണ് ചെയ്തത്.

തൊഴിൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 7 യൂണിറ്റുകളിലായാണ് ഭൂമി അനുവദിച്ചു നൽകിയിട്ടുള്ളത്. സൊസൈറ്റിയിൽ സ്ഥിരം മെമ്പർമാരായിരുന്ന 356 കുടുംബങ്ങൾക്ക് 5 ഏക്കർ വീതവും താൽക്കാലിക മെമ്പർമാരായിരുന്ന 22 കുടുംബങ്ങൾക്ക് 2 ഏക്കർ വീതവുമാണ് ഭൂമി വിതരണം നടത്തിയിട്ടുള്ളത്. കൂടാതെ സൊസൈറ്റിയിൽ മെമ്പർമാരായിരുന്ന 22 പട്ടികജാതി കുടുംബങ്ങൾക്കും 2 ഏക്കർ വീതം ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സുഗന്ധഗിരി പുനരധിവാസ മേഖലയിലാകെ 1868 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുള്ളത്. ആകെ വിതരണം നടത്തിയിട്ടുള്ള 1868 ഏക്കറിൽ 44 ഏക്കർ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട കുടുംബങ്ങൾക്കാണ് വിതരണം നടത്തിയിട്ടുള്ളത്.

സുഗന്ധഗിരി കാർഡമം പ്രോജക്ടിൽ ആദ്യഘട്ടത്തിൽ 760 കുടുംബങ്ങളെ കുടിയിരുത്തിയിരുന്നുവെങ്കിലും പകുതിയോളം കുടുംബങ്ങളും പിന്നീട് പഴയ പ്രദേശത്തേക്ക് തിരിച്ചു പോയിട്ടുണ്ട്.

7ാം യൂണിറ്റിൽ ഭൂമി നൽകിയിട്ടുണ്ടെങ്കിലും മതിയായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ 3 കുടുംബങ്ങൾ മാത്രമാണ് ഈ യൂണിറ്റുകളിൽ താമസിച്ചിരുന്നത്. എന്നാൽ 2018 ആഗസ്ത് മാസത്തിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് ഈ കുടുംബങ്ങളെ 3, 5 യൂണിറ്റുകളിലേക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്. 4ാം യൂണിറ്റിലെ 22കുടുംബങ്ങൾ ഉരുൾ പൊട്ടൽ ഭീഷണി കാരണം 3ാം യൂണിറ്റിലെ വൃന്ദാവൻ അംഗൻവാടിയിൽ താമസിപ്പിച്ചിട്ടുണ്ട്.

സുഗന്ധഗിരി പുനരധിവാസ മേഖലയിലാകെ 560 കുടുംബങ്ങളിലായി 1983 അംഗങ്ങൾ താമസിച്ചു വരുന്നുണ്ട്. ഇതിൽ 988 പേർ പുരുഷന്മാരും 995 പേർ സ്ത്രീകളുമാണ്. ജനസംഖ്യാപരമായി മുന്നിട്ടു നിൽക്കുന്ന സമുദായം പണിയരാണ്. ഇടുക്കി ജില്ലയിൽ നിന്നും സങ്കേതത്തിലേക്ക് പുനരധിവസിപ്പിച്ചിട്ടുള്ള 8 മലയരയ കുടുംബങ്ങൾ സങ്കേതത്തിലുണ്ട്. മലയരയ ഗോത്രവിഭാഗങ്ങളുടെ പാരമ്പര്യ വാസകേന്ദ്രങ്ങൾ വയനാട് ജില്ലയിലില്ല. പദ്ധതിയുടെ ഭാഗമായി ജില്ലയിലേക്ക് കുടിയേറി പാർത്തവരാണ് ഈ കുടുംബങ്ങൾ. പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിലുൾപ്പെട്ട കാട്ടുനായ്ക്കൻ വിഭാഗങ്ങളിൽ നിന്നുള്ള 46 കുടുംബങ്ങൾ

സുഗന്ധഗിരിയിലുണ്ട്. കർണ്ണാടക ജില്ലയിലെ 'ഏരുമാട്' നിന്നും പുനരധിവാസ മേഖലയിലേക്ക് മാറി താമസിച്ചവരാണ് കാട്ടുനായ്ക്കൻ വിഭാഗത്തിൽ നിന്നുള്ള ബഹുഭൂരിപക്ഷം പേരും.

**സമുദായം തിരിച്ചുള്ള സങ്കേതത്തിലെ ആകെ കുടുംബങ്ങൾ, സ്ത്രീ-പുരുഷ ജനസംഖ്യ എന്നിവ പട്ടികയിൽ കൊടുക്കുന്നു.**

പട്ടിക 3.25

**സങ്കേതത്തിന്റെ അടിസ്ഥാന വിവരങ്ങൾ**

| നം. | സമുദായം | ആകെ കുടുംബങ്ങളുടെ എണ്ണം | സ്ത്രീ | പുരുഷൻ |
|---|---|---|---|---|
| 1 | പണിയൻ | 274 | 486 | 479 |
| 2 | അടിയൻ | 5 | 8 | 10 |
| 3 | തച്ചനാടൻ മൂപ്പൻ | 8 | 13 | 17 |
| 4 | മുള്ളുകുറുമൻ | 91 | 155 | 168 |
| 5 | കാട്ടുനായ്ക്കൻ | 46 | 87 | 78 |
| 6 | കുറിച്ച്യൻ | 63 | 103 | 108 |
| 7 | കൺവേർട്ടഡ് കുറിച്യൻ | 65 | 123 | 103 |
| 8 | അലയരയൻ | 8 | 13 | 15 |
| 9 | വെട്ടകുറുമൻ | 6 | 7 | 10 |
| | | 566 | 995 | 988 |
| **ആകെ** | | **1983** | | |

സൈറ്റ് മാനേജർ, വയനാട്

1976-ൽ സുഗന്ധഗിരിയിലേക്ക് വന്ന സമയത്ത് ഷെഡ് വെച്ചാണ് ഗുണഭോക്താക്കൾ താമസിച്ചിരുന്നത്. പിന്നീട് പ്രോജക്ടിൽ ലഭിച്ച ക്വാർട്ടേഴ്സുകളിലുമാണ് താമസിച്ചത്. പി.വി.ടി.ജി, ടി.ആർ.ഡി.എം, പട്ടികവർഗ വികസനവകുപ്പ്, ബ്ലോക്ക് പഞ്ചായത്ത് ഇവയുടെ വിവിധ പദ്ധതികൾ സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

# സുഗന്ധഗിരി ഒന്നാം യൂണിറ്റ്

## S.XXXIII.1പ്രദേശം

സുഗന്ധഗിരി ഏലം പ്രോജക്ടിന്റെ ഭാഗമായി ഏറ്റവും കൂടുതൽ പണിയൻ കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടത് ഒന്നാം യൂണിറ്റിലാണ്. വൈത്തിരി പൊഴുതന പ്രധാന റോഡിൽ 12-ാം പാലത്തിന് സമീപത്തായാണ് സുഗന്ധഗിരി ഒന്നാംയൂണിറ്റ് സ്ഥിതി ചെയ്യുന്നത്. പൊഴുതന പഞ്ചായത്തിലെ 7-ാം വാർഡിലുൾപ്പെടുന്ന പ്രസ്തുത മേഖലയിൽ 127 കുടുംബങ്ങളിലായി 464 പേർ ജീവിച്ചുവരുന്നു. ആകെ ജനസംഖ്യയിൽ 241 പേർ പുരുഷന്മാരും 223 പേർ സ്ത്രീകളുമാണ്. ജനസംഖ്യാപരമായി സുഗന്ധഗിരി ഒന്നാംയൂണിറ്റിൽ മുന്നിട്ട് നിൽക്കുന്നത് പണിയരാണ്. പണിയൻ വിഭാഗത്തിൽ നിന്നുള്ള 90 കുടുംബങ്ങളും, മുള്ളുകുറുമൻ വിഭാഗത്തിൽ നിന്നുള്ള 20 കുടുംബങ്ങളും, 12 കുറിച്യ കുടുംബങ്ങളും, തച്ചനാടൻ മൂപ്പൻ വിഭാഗത്തിൽ നിന്നുള്ള 3 കുടുംബങ്ങളും, കാട്ടുനായിക്കൻ വിഭാഗത്തിൽ നിന്നുള്ള 2 കുടുംബങ്ങളുമാണ് ഒന്നാം യൂണിറ്റിലുള്ളത്.

## S.XXXIII.2 സമുദായഘടന

സുഗന്ധഗിരി ഒന്നാംയൂണിറ്റിലുള്ള 127 കുടുംബങ്ങളിൽ 2 കുടുംബങ്ങൾ ഭവന രഹിതരാണ്. പണിയൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിൽ നിന്നുള്ള ഈ കുടുംബങ്ങൾക്ക് 7-ാം യൂണിറ്റിൽ ലഭ്യമായ ഭൂമി വാസയോഗ്യമല്ലാത്തതിനാൽ ഒന്നാം യൂണിറ്റിലെ അളന്നു തിരിക്കാത്ത (മിച്ചഭൂമി) ഭൂമി കയ്യേറി ഷെഡ് വെച്ച് താമസിക്കുകയാണ്. അതുകൊണ്ട് തന്നെ മേൽ സൂചിപ്പിച്ച 2 കുടുംബങ്ങൾക്ക് ഭൂമി സംബന്ധിച്ച കൈവശ രേഖയും ലഭ്യമായിട്ടില്ല.

## S.XXXIII.3 അടിസ്ഥാന സൗകര്യം

പട്ടികവർഗ്ഗ വികസനവകുപ്പ്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നാം യൂണിറ്റിൽ നടത്തിയിട്ടുണ്ട്. കൂടാതെ ഇടുക്കി ആസ്ഥാനമായി പ്രവർത്തിക്കുന്ന എച്ച്.ഡി.എസ്(Highrange Development Society (HDS)) എന്ന സംഘടനയുടെ നേതൃത്വത്തിലും ഈ മേഖലയിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 4.5 ലക്ഷം രൂപ ചിലവിൽ ഭവനനിർമ്മാണത്തോടൊപ്പം ആവശ്യമായ പാത്രങ്ങൾ, ഫർണ്ണിച്ചർ സൗകര്യങ്ങളും ഒരുക്കി നൽകിയിട്ടുണ്ട്. താരതമ്യേന നൂതനമായതും, ചിലവു കുറഞ്ഞതുമായ രീതിയിലാണ് പദ്ധതിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിയി ട്ടുള്ളത്. 22 വീടുകളുടെ നിർമ്മാണമാണ് പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്. അവയിൽ 3 വീടുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന വീടുകളിൽ 4 എണ്ണം ലിന്റൽ പൊക്കം വരെയും, 15 വീടുകളുടെ ബേസ്മെന്റും (അടിത്തറ) നിർമ്മിച്ചിട്ടുണ്ട്.

### S.XXXIII.4വിദ്യാഭ്യാസം

വിദ്യാർത്ഥികൾക്ക് അപ്പർ പ്രൈമറി തലംവരെ മതിയായ വിദ്യാഭ്യാസ സൗകര്യങ്ങളും സ്ഥാപനങ്ങളും ഒന്നാംയൂണിറ്റിലുണ്ട്. പ്രീപ്രൈമറി തലത്തിലുള്ള കുട്ടികൾക്ക് അംഗനവാടി സൗകര്യവും യൂണിറ്റിലുണ്ട്. കുട്ടികൾ വഴി തെറ്റാനുള്ള സാഹചര്യം കൂടുതലാണ്. മദ്യപാനത്തിനും മറ്റും അടിമപ്പെട്ട് പഠിത്തം നിർത്തിയവരുണ്ട്. കുട്ടികൾ ബാല്യത്തിൽ തന്നെ ചെറിയ കൂലി പണി കൾക്കായി പോകുന്നു. തൊഴിൽ ലഭിക്കുന്നതിനു മുൻപ് വിവാഹവും കഴിക്കുന്നു.

### S.XXXIII.5ആരോഗ്യം

ക്യാൻസർ, അരിവാൾ രോഗം, നെഞ്ചു വേദന, എന്നിവ അനുഭവിക്കുന്നവർ സങ്കേതത്തി ലുണ്ട്. അഞ്ചു വർഷത്തിനിടെ ഒരു നവജാത ശിശു മരിച്ചിട്ടുണ്ട്. രോഗപ്രതിരോധ കുത്തിവെപ്പുക ളും, മെഡിക്കൽ ക്യാമ്പുകളും ഇവിടെയുണ്ട്. സങ്കേതത്തിൽ ആശാവർക്കർമാരില്ല. എല്ലാവരും തന്നെ അലോപതി ചികിത്സാരീതിയെയാണ് ആശ്രയിക്കുന്നത്.

### S.XXXIII.6 തൊഴിലും വരുമാനവും

കാർഷികമേഖലയിലെ തൊഴിലുകളെയാണ് പ്രധാനമായും ഉപജീവനത്തിനായി ആശ്രയിക്കുന്നത്. ഉപതൊഴിലുകളായി കൃഷി, മൃഗപരിപാലനം എന്നിവയിലേർപ്പെടുന്നുണ്ട്. ഒന്നാം യൂണിറ്റിലുള്ള ബഹുഭൂരിപക്ഷം കുടുംബങ്ങളും കൃഷി ചെയ്ത് വരുമാനം കണ്ടെത്തുന്നുണ്ടെങ്കിലും, ഉപതൊഴിലായാണ് കൃഷി ചെയ്യുന്നത്. കുറച്ച് കുടുംബങ്ങൾക്ക് പ്രോജക്ടിൽ നട്ടുപിടിപ്പിച്ച കാപ്പി, കുരുമുളക് എന്നിവയുടെ ഭൂമി ലഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അഭിപ്രായത്തിൽ ആരംഭകാലത്ത് ലഭിച്ചിരുന്ന വിളവിന്റെ മൂന്നിൽ ഒരുഭാഗം മാത്രമാണ് ഇന്ന് ലഭിക്കുന്നത്. പദ്ധതിയിൽ ലഭ്യമായിട്ടുള്ള 5 ഏക്കർ ഭൂമി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. 2007 മുതൽ തൊഴിലുറപ്പ് പദ്ധതിയി ലുൾപ്പെടുത്തി പ്ലോട്ടുകളിൽ കാട് വെട്ടൽ, കയ്യാല നിർമ്മാണം, മഴക്കുഴി നിർമ്മാണം എന്നിവ നടത്തുന്നുണ്ട്.

### S.XXXIII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

ഒന്നാം യൂണിറ്റിൽ ഊരുകൂട്ട സംവിധാനം നിലവിലുണ്ട്. യൂണിറ്റിലെ അംഗൻവാടിയിൽ വെച്ചാണ് ഊരുകൂട്ടം കൂടുന്നത്. കുടുംബശ്രീ സംവിധാനം യൂണിറ്റിലുണ്ട്. കുട, ബാഗ് എന്നിവയുടെ നിർമ്മാണത്തിനുള്ള സ്വയം തൊഴിൽ പരിശീലനം കുടുംബശ്രീയിൽ അംഗമായ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

സുഗന്ധഗിരിയിലെ ഇതര യൂണിറ്റുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട ഗതാഗത സംവിധാനങ്ങളും, ചികിത്സ മറ്റ് സൗകര്യങ്ങളും കുറച്ച് കുടുംബങ്ങൾക്ക് ഒഴികെ എല്ലാവർക്കും ഒന്നാം യൂണിറ്റിലുണ്ട്. കൂടാതെ ഒന്നാം യൂണിറ്റിൽ നിലവിൽ താമസമുള്ള എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി, ശൗചാലയം എന്നീ സൗകര്യങ്ങളുണ്ട്.

## S.XXXIII.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

ആഗസ്ത് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് ഒന്നാം യൂണിറ്റിൽ 8 വീടുകളിലും അംഗൻവാടിയിലും വെള്ളം കയറിയിട്ടുണ്ട്. 2014-15 ൽ ഒന്നാം യൂണിറ്റിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും യൂണിറ്റിലെ മുഴുവൻ ഭാഗങ്ങളിലേക്കും പദ്ധതി എത്തിച്ചേർന്നിട്ടില്ല. പൈപ്പ് ലൈൻ വ്യാപിപ്പിക്കാത്തതും, പ്രവൃത്തിയുടെ വൈദ്യുതീകരണ പ്രവർത്തങ്ങൾ പൂർത്തിയാക്കാത്തതിനാലുമാണ് പദ്ധതിയുടെ പ്രയോജനം എല്ലാ കുടുംബങ്ങൾക്കും ലഭ്യമാകാത്തത്. ജലനിധി പദ്ധതിക്ക് പുറമെ മേഖലയിലുള്ള ചോലകളെയും, പൊതു കിണറുകളെയും കുടിവെള്ളത്തിനായി ആശ്രയിക്കുന്നുണ്ട്.

4-ാം യൂണിറ്റിലെ കാപ്പി പ്രദേശത്തിന് സമീപമുള്ള കുടുംബങ്ങൾക്ക് കുടിവെള്ളത്തിനായി പ്രയാസം നേരിടുന്നുണ്ട്. മതിയായ റോഡ്, വഴി സൗകര്യ മില്ലാത്ത കുടുംബങ്ങളും ഈ പ്രദേശത്തുണ്ട്.

## S.XXXIII.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. സ്വയം തൊഴിലിനുള്ള സാമ്പത്തിക സഹായം.
2. പഠനം പൂർത്തിയാക്കിയ യുവതീ യുവാക്കൾക്ക് തൊഴിൽ. അഭ്യസ്ത വിദ്യരായവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ തൊഴിൽ പ്രാതിനിധ്യം ലഭിക്കണം.
3. കൃഷിക്കായുള്ള ലോൺ സൗകര്യം വേണം. പന്നിയുടെ ഉപദ്രവം കാരണം കൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. കാർഷികാവശ്യങ്ങൾക്കുള്ള ജലസേചനം ആവശ്യമാണ്.
4. കുടി വെള്ള പദ്ധതി നടപ്പിൽ വരുത്തണം.
5. കന്നുകാലി വളർത്തലില്ലൂടെയുള്ള വരുമാന മാർഗ്ഗം സങ്കേതത്തിൽ നടപ്പിൽ വരുത്തണം.
6. വീടിന്റെ അറ്റകുറ്റ പണികൾ പെട്ടെന്ന് നടത്തണം. ഗൃഹ നിർമ്മാണം ശരിയായ രീതിയിൽ അല്ലാത്തതിനാൽ നല്ല ചോർച്ചയുണ്ട്. കൂടാതെ വീടിനുള്ളിൽ അടുക്കള നിർമ്മിക്കണം.
7. റോഡില്ലാത്തവർക്ക് റോഡ് സൗകര്യം.
8. സങ്കേതത്തിൽ അപകടാവസ്ഥയിലുള്ള മരം മുറിക്കാനുള്ള അനുമതി നൽകണം.

## S.XXXIV.സുഗന്ധഗിരി രണ്ടാം യൂണിറ്റ് (50 ഏക്കർ)

### S.XXXIV.1 പ്രദേശം

പൊഴുതന പഞ്ചായത്തിലെ എട്ടാം വാഡിൽ ഉൾപ്പെടുന്ന പ്രദേശമാണ് സുഗന്ധഗിരി രണ്ടാം യൂണിറ്റ്. താരതമ്യേന അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ പ്രദേശമാണ് രണ്ടാം യൂണിറ്റ് (50 ഏക്കർ). അമ്പത് ഏക്കർ പ്രദേശത്ത് ആകെ 105 കുടുംബങ്ങൾക്കാണ് ഭൂമി നൽകിയത്.

### S.XXXIV. 2 സമുദായഘടന

അടിയൻ (1), തച്ചനാടൻ മൂപ്പൻ (1), മുള്ളുകുറുമൻ (30), പണിയൻ (50), കുറിചന്യ(4), കുറി ച്യകൺവർട്ട് (3), കാട്ടുനായ്ക്കൻ(7), വെട്ടകുറുമൻ (2) തുടങ്ങിയ സമുദായങ്ങൾക്കാണ് ഇവിടെ ഭൂമി അനുവദിച്ചത്. ഈ യൂണിറ്റിൽ 152 പുരുഷൻമാരും 180 സ്ത്രീകളുമുൾപ്പെടെ 332 പേരാണ് താമസിച്ചിരുന്നത്.

### S.XXXIV. 3 അടിസ്ഥാന സൗകര്യം

സങ്കേതത്തിൽ ആകെ 35 വീടുകളാണുള്ളത്. ഇതിൽ മിക്ക വീടുകളും നിർമ്മാണം പൂർത്തി യാക്കാത്തവയാണ്. സങ്കേതത്തിൽ നിർമ്മാണ സാധനങ്ങൾ എത്തിക്കുന്നതിന് ഉയർന്ന തുക ഇവർ നൽകേണ്ടിവരുന്നുണ്ട്. കൂടാതെ മറ്റു പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഒറ്റപ്പെട്ട മേഖലയാണ് ഈ പ്രദേശം. കുന്നിൻ മുകളിലും, കുന്നിൻ ചരിവിലായുമാണ് മിക്കവർക്കും ഭൂമി ലഭ്യമായത്. ഇവർക്ക് വീടുകളിൽ എത്തിച്ചേരാനുള്ള ഗതാഗതയോഗ്യമായ റോഡ് സൗകര്യം പോലും നിലവിലി ല്ല. സങ്കേതത്തിലുള്ള മിക്ക വീടുകൾക്കും സൗകര്യക്കുറവ് അനുഭവപ്പെടുന്നുണ്ട്. ഇപ്പോൾ സങ്കേത വാസികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ഉരുൾപൊട്ടൽ ഭീഷണിയാണ്. 2018 ആഗസ്റ്റിലെ പ്രളയത്തിൽ മൂന്ന് വീടുകളും ഒരു ഷെഡും പൂർണ്ണമായി നശിച്ചു. രണ്ട്, മൂന്ന് യൂണിറ്റുകളിലായി 14 വീടുകൾ മാറ്റിപ്പാർപ്പിക്കേണ്ട അവസ്ഥയുമാണ്. നിലവിൽ 17 പേർക്ക് പുതിയ പാർപ്പിട സൗകര്യം ഒരുക്കേണ്ടതായുണ്ട്. സങ്കേതത്തിനകത്ത് തന്നെ ഭീഷണിയില്ലാത്ത പ്രദേശത്ത് പുതിയ വീട് നിർമ്മി ക്കണമെന്നാണ് ഇവരുടെ ആവശ്യം.

സങ്കേതത്തിൽ ജലനിധി പദ്ധതിയിൽ കുടിവെള്ളസംവിധാനം 2014 കാലത്ത് പ്രവർത്തനമാരം ഭിച്ചതാണ്. എന്നാൽ 2018 പ്രളയത്തിൽ പൈപ്പ് ലൈനുകൾ നശിക്കുകയും കുടിവെള്ളം ശേഖരി ക്കുന്ന ചെക്ക് ഡാം ചെളിയും മണ്ണും നിറഞ്ഞ് ഉപയോഗശൂന്യമായിരിക്കുകയുമാണ്. നിലവിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സങ്കേതവാസികൾ കുന്നിൻമുകളിലെ അരുവികളിൽനിന്നും സ്വന്തമായി പൈപ്പ് വഴി വെള്ളം എത്തിക്കുകയാണ് ചെയ്യുന്നത്. സങ്കേതത്തിൽ ജലനിധി പദ്ധതി യുള്ള ഘട്ടത്തിലും വേനൽക്കാലത്ത് ജലദൗർലഭ്യം നേരിടാറുണ്ടെന്നും ഈ സമയങ്ങളിൽ കുടിവെ ള്ളക്ഷാമം ശ്രദ്ധേയമാണെന്നും ഇവിടെനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

## S.XXXIV. 4 വിദ്യാഭ്യാസം

ഈ യൂണിറ്റിലുള്ളവർ പ്രധാനമായും ആശ്രയിക്കുന്നത് നാല് കി.മി. അകലെയുള്ള സുഗന്ധ ഗിരി സ്കൂളിനെയാണ്. ഇവിടെ ഒന്നാം തരം മുതൽ ഏഴാം തരം വരെയുണ്ട്. നിലവിൽ പാലം തകർന്നതു കാരണം 2 കി.മി നടന്നിട്ടാണ് സ്കൂൾ വാഹനത്തിന് അരികത്ത് എത്തിച്ചേരുന്നത്. ഇത് വിദ്യാർത്ഥികൾക്ക് വലിയ രീതിയിലുള്ള പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം നേടുവാൻ ഈ മേഖലയിൽ അനുഭവിക്കുന്ന പ്രധാന പ്രശ്നം യാത്രാ പ്രയാസങ്ങളും, സാമ്പത്തിക പരാധീനതകളുമാണ്. പത്താംതരത്തിന് ശേഷമാണ് മിക്ക വിദ്യാർത്ഥികളും പഠനം ഉപേക്ഷിച്ചുവരുന്നത്. ഇതിനുള്ള പ്രധാന കാരണം സാമ്പത്തിക പ്രയാസം തന്നെയാണ്. പത്താംതരത്തിന് ശേഷം പഠനചിലവുകൾ വർദ്ധിക്കുന്നതും യാത്രാകൂലിയും ഹോസ്റ്റൽ വാടക നൽകേണ്ടിവരുന്നതും പഠനം ഉപേക്ഷിക്കുന്നതിനു കാരണമാകുന്നു.

## S.XXXIV.5 ആരോഗ്യം

പുനരധിവാസ മേഖലയിലെ ഈ യൂണിറ്റിലുള്ളവർ ആരോഗ്യപരിചരണത്തിന് പ്രധാനമായും ആശ്രയിക്കുന്ന 2 കി.മി. അകലെയുള്ള പ്ലാന്റേഷനിലെ ഹെൽത്ത് സെന്ററിനെയാണ്. എന്നാൽ മറ്റു ചികിൽസയ്ക്ക് വൈത്തിരി താലൂക്ക് ഹോസ്പിറ്റലിനെയാണ് ആശ്രയിക്കുന്നത്. യാത്രാപ്രയാസം തന്നെയാണ് ഇവിടെയും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ഈ യൂണിറ്റിൽ നിന്നും 4 കി.മി. അകലെയുള്ള കെയർ ഹോമിലാണ് മെഡിക്കൽ ക്യാമ്പ് നടത്തുന്നത്. ഇവിടെ എത്തിച്ചേരാനുള്ള യാത്രസൗകര്യമില്ലാത്തത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സങ്കേതവാസികൾക്കിടയിൽ പ്രമേഹം, രക്തസമ്മർദ്ദം, മാനസിക സമ്മർദ്ദം എന്നിവ കൂടിവരുന്നതായി സങ്കേതം വീക്ഷിച്ചതിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

## S.XXXIV.6 തൊഴിലും വരുമാനവും

സങ്കേതം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം കാർഷിക മേഖലയിലെ തകർച്ചയും തൊഴിൽ ലഭ്യതക്കുറവുമാണ്. അഞ്ച് ഏക്കർ ഭൂമിയിൽ കൃഷി ചെയ്യാനുള്ള പ്രയാസവും കാലാവസ്ഥാ വ്യതിയാനവും, മൃഗശല്യം തുടങ്ങിയവയും കാർഷിക മേഖലയെ പിന്നോട്ടടിപ്പിക്കുന്നു. മുൻ വർഷങ്ങളേക്കാൾ കാർഷിക-വിളകളുടെ ലഭ്യത കുറഞ്ഞുവരുന്നതായാണ് കാണാൻ സാധിക്കുന്നത്. നബാർഡ് നൽകിവരുന്ന കാർഷിക പദ്ധതികളും ചെറിയ രീതിയിലുള്ള ധനസഹായവുമാണ് ഈ മേഖലക്ക് ലഭ്യമായ ഏക ധനസഹായം. കാർഷിക മേഖലയിലെ തകർച്ച വിദഗ്ധ പഠനത്തിലൂടെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ നൽകണമെന്നാണ് സങ്കേതവാസികളുടെ ആവശ്യം. കൂടാതെ സങ്കേതത്തിലെ വലിയ മരങ്ങൾ കൃഷിക്ക് അനുയോജ്യമല്ലെന്നും ഇതിന് പരിഹാരം കണ്ടെത്തണമെന്നും ഇവർ ആവശ്യപ്പെട്ടിട്ടുണ്ട്.

സങ്കേതത്തിൽ തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനം മാത്രമാണ് ഏക ആശ്രയം. സങ്കേതത്തിനകത്ത് തൊഴിൽ ഇല്ലാത്തതും

സങ്കേതത്തിനു പുറത്ത് യാത്രാ സൗകര്യമില്ലാത്തതും തൊഴിലില്ലായ്മക്ക് പ്രധാന കാരണമായി തീരുന്നു.

സങ്കേതത്തിൽ മൃഗപരിപാലന പദ്ധതി മിൽമയുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സങ്കേതത്തിലെ താത്പര്യമുള്ള, തിരഞ്ഞെടുത്ത കുടുംബങ്ങൾക്ക് പശുവിനെ നൽകിയിട്ടുണ്ട്. ഇതിനുള്ള കാലിതീറ്റ തൊഴുത്ത് നിർമ്മാണം തുടങ്ങിയവയ്ക്കുള്ള സഹായവും നൽകിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പാല് സങ്കേതത്തിലെ മിൽമ യൂണിറ്റിൽ എത്തിച്ചു നൽകിയാൽ മതി മിക്കവരും മൃഗപരിപാലനം നല്ലരീതിയിൽ ചെയ്തുവരുന്നുണ്ട്.

### S.XXXIV.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സങ്കേതത്തിൽ താമസമാരംഭിച്ച ഘട്ടം മുതൽ തന്നെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചു നൽകിയിട്ടുണ്ട്. സങ്കേതത്തിലെ മുഴുവൽ വീടുകളിലും ശൗച്യാലയവും ഒരുക്കി നൽകിയിട്ടുണ്ട്.

സങ്കേതത്തിൽ ഊരുകൂട്ട യോഗങ്ങൾ മുൻപ് നടന്നിരുന്നെന്നും എന്നാൽ നിലവിൽ ഒന്നര വർഷത്തോളമായി യാതൊരു പ്രവർത്തനങ്ങളും നടക്കാറില്ലെന്ന് സങ്കേതത്തിലെ ഫീൽഡ്തല അന്വേഷണത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ കൂട്ടായ്മകൾ സങ്കേതത്തിൽ നടന്നുവരുന്നുണ്ട്. ലഘു സമ്പാദ്യ പദ്ധതിയിലൂടെ ധനസമാഹരണം നടന്നുവരുന്നുണ്ട്. എന്നാൽ ഇതുവരെ കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്വയംതൊഴിൽ പദ്ധതികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

സാമൂഹികമായി സങ്കേതവാസികൾ പരസ്പരസഹായത്തോടെയും, സഹകരണത്തോടെയുമാണ് കഴിഞ്ഞുവരുന്നത്. സമുദായപരമായ ആരാധനാകേന്ദ്രങ്ങൾ പുനരധിവാസമേഖലയിൽ ഇല്ലെങ്കിലും ഓരോ സമുദായങ്ങളും തങ്ങളുടേതായ ആചാരക്രമങ്ങൾ പിന്തുടർന്നു വരുന്നുണ്ട്. മിക്കവരും തങ്ങളുടെ പുനരധിവാസത്തിന് മുമ്പ് താമസിച്ചിരുന്ന സ്ഥലങ്ങളിൽ എത്തിച്ചേർന്നാണ് സമുദായാഘോഷവേളകളിൽ പങ്കുചേരുന്നത്.

### S.XXXIV.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

താരതമ്യേന എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളപ്രദേശമാണ് സുഗന്ധഗിരി രണ്ടാം യൂണിറ്റ് സങ്കേതം. സങ്കേതത്തിലേക്ക് മൺ റോഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും 2018 ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. സങ്കേതത്തിൽ എത്തിച്ചേരുന്ന പാലം തകർന്ന് സങ്കേതത്തിലേക്കുള്ള ഗതാഗത സംവിധാനം തീരെ ഇല്ലാതായിരിക്കുകയാണ്. 4 കി.മി നടന്നാണ് സങ്കേതവാസികൾ ബസ്സ്സ്റ്റോപ്പിൽ എത്തിച്ചേരുന്നത്. വിദ്യാർത്ഥികൾ, രോഗികൾ, മറ്റ് ആവശ്യങ്ങൾക്ക് സങ്കേതത്തിന് പുറത്തേക്കുള്ള യാത്ര ചെയ്യേണ്ടിവരുന്നവരെ ഗതാഗത സംവിധാനമില്ലാത്തത് വളരെയേറെ ബാധിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യമായ റോഡ്, പാലം, കുടിവെള്ളം, തകർന്ന കിടക്കുന്നതും ഉരുൾപൊട്ടൽ ഭീഷണി, കാലാവസ്ഥാ വ്യതിയാനം, വിള നശീകരണം, വന്യമൃഗശല്യം, മാവോയിസ്റ്റ് ഭീഷണി, തൊഴിലില്ലായ്മ തുടങ്ങിയവയാണ് സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളികൾ.

### S.XXXIV.9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ ശിൽപശാലയിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. 17 പേർക്ക് പുതിയ പാർപ്പിട സൗകര്യം ഒരുക്കേണ്ടതായുണ്ട്. സങ്കേതത്തിനകത്ത് തന്നെ ഭീഷണിയില്ലാത്ത പ്രദേശത്ത് പുതിയ വീട് നിർമ്മിക്കണമെന്നാണ് ഇവരുടെ ആവശ്യം.
2. കുന്നിൻ മുകളിലും കുന്നിൻ ചരിവിലായുമാണ് മിക്കവർക്കും വീടുള്ളത്. ഇവർക്ക് വീടുകളിൽ എത്തിച്ചേരാനുള്ള ഗതാഗതയോഗ്യമായ റോഡ് സൗകര്യമില്ല.
3. സങ്കേതത്തിൽ വഴി വിളക്കുകൾ സ്ഥാപിക്കണമെന്നാണ് സങ്കേതവാസികളുടെ ആവശ്യം.
4. സങ്കേതത്തിലെ കുട്ടികൾക്ക് ട്യൂഷൻ സൗകര്യം മെച്ചപ്പെടുത്തണം.
5. സങ്കേതത്തിൽ കൃത്യമായ മെഡിക്കൽ ചെക്കപ്പുകൾ നടത്തേണ്ടതാണ്.
6. മൃഗശല്ല്യത്തിൽ നിന്നും രക്ഷ നേടുന്നതിനും കാർഷികാവശ്യങ്ങൾക്കായും വേലി കെട്ടണം.
7. സങ്കേതത്തിലെ പഠിച്ചവർക്ക് തൊഴിൽ സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.
8. മൃഗശല്ല്യം, ഉരുൾ പൊട്ടൽ എന്നിവ ഇവിടെ ജനജീവിത്തിനു തന്നെ ഭീഷണിയായിതീരുന്നു. സുരക്ഷിത ജീവിതം ഉറപ്പുവരുത്താൻ ഇതിനൊക്കെ പരിഹാരം കാണണം.

## S.XXXV.സുഗന്ധഗിരി മൂന്നാം യൂണിറ്റ്

### S.XXXV.1 പ്രദേശം

ഏഴ് യൂണിറ്റിലായി വ്യാപിച്ചു കിടക്കുന്ന സുഗന്ധഗിരി പുനരധിവാസ മേഖലയിലെ പ്ലാന്റേഷൻ സ്കൂളിന്റെ താഴെ ഭാഗത്തുള്ള പൊഴുതന പഞ്ചായത്തിലെ എട്ടാം വാർഡിലാണ് മൂന്നാം യൂണിറ്റ് സ്ഥിതി ചെയ്യുന്നത്. മൂന്നാം യൂണിറ്റിൽ 71 കുടുംബങ്ങളിലായി ആകെ 244 പേരാണ് അധിവസിക്കുന്നത്. ജനസംഖ്യയിൽ 120 പുരുഷൻമാരും 124 സ്ത്രീകളുമുൾപ്പെടുന്നു.

### S.XXXV.2 സമുദായഘടന

സങ്കേതത്തിൽ പണിയൻ (32), മുള്ളുകുറുമൻ(10), കുറിച്യൻ(10), കാട്ടുനായ്ക്കൻ(10), മലയരയൻ(2), കൺവർട്ട് കുറിച്യൻ (2), ഊരാളികുറുമൻ(1), തുടങ്ങിയ സമുദായങ്ങൾക്കാണ് ഭൂമി വിതരണം നടത്തിയത്.

## S.XXXV.3 അടിസ്ഥാന സൗകര്യം

സുഗന്ധഗിരി മൂന്നാം യൂണിറ്റിൽ 35 വീടുകൾ സ്ഥിതി ചെയ്യുന്നുണ്ട്. ഭവനനിർമ്മാണ പ്രവർത്തികൾ പട്ടികവർഗ്ഗ വികസനവകുപ്പ്, ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് നടന്നുവരുന്നത്. എച്ച്. ഡി.എസ്. എന്ന സംഘടനയുടെ 195 നിർമ്മാണ പ്രവർത്തികൾ സങ്കേതത്തിൽ പാതിവഴിയിൽ ഉപേക്ഷിച്ച അവസ്ഥയാണ്. നിലവിൽ ഒരു വീടിന്റെ അടിത്തറമാത്രം നടത്തിയിട്ടുണ്ട്. സങ്കേതത്തിലുള്ള മിക്ക വീടുകൾക്കും ചോർച്ച അനുഭവപ്പെടുന്നുണ്ട്. കൂടാതെ ഉരുൾപൊട്ടൽ നടന്ന പ്രദേശത്തെ ഒരു കുടുംബം പ്ലാന്റേഷൻ ഭാഗത്താണ് താമസിക്കുന്നത്. മിക്ക കുടുംബങ്ങളും ഈ മേഖലയിൽ ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നുണ്ട്. ഈ മേഖലയിൽ നിന്നും മാറി സങ്കേതത്തിൽതന്നെ സുരക്ഷിതമായ സ്ഥലത്ത് വീട് നിർമ്മിച്ചു നൽകണമെന്നും നിലവിലെ ഭൂമിയിൽ നിന്ന് കൃഷി മാത്രമെ ചെയ്യാൻ സാധിക്കുകയുള്ളു എന്നും സങ്കേതവാസികൾ അഭിപ്രായപ്പെട്ടു.

സങ്കേതത്തിൽ നിലവിലുള്ള റോഡ് സംവിധാനം തകർന്ന അവസ്ഥയിലാണ്. സുഗന്ധഗിരി പ്രൊജക്റ്റിൽ വരുന്ന മുഴുവൻ റോഡുകളും തകർന്ന അവസ്ഥയിലാണ്. റോഡ് സംവിധാനം മോശമായതിനാൽ സങ്കേതത്തിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കും, സങ്കേതത്തിന് പുറത്തേക്കുള്ള യാത്രകൾക്കും വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. 2018 ൽ സംഭവിച്ച പ്രളയം, ഉരുൾപൊട്ടൽ എന്നിവ റോഡുകളുടെ അവസ്ഥ വളരെ ദയനീയമാക്കി.

സങ്കേതത്തിൽ ജലനിധി പദ്ധതി വഴി കുടിവെള്ളം സംവിധാനം ഒരുക്കി നൽകിയെങ്കിലും ഒക്കെ നിലവിൽ തകർന്ന അവസ്ഥയിലാണ്. നിലവിൽ സങ്കേതവാസികൾ കുന്നിൻമുകളിലെ അരുവികളിൽ നിന്നും പൈപ്പ് വഴി കുടിവെള്ളം ശേഖരിക്കുകയാണ് ചെയ്യുന്നത്. ഇത് പലപ്പോഴും മൃഗങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ വേനൽക്കാലത്ത് ജലം വളരെ കുറഞ്ഞു വരികയും ജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്നു.

## S.XXXV.4 വിദ്യാഭ്യാസം

സങ്കേതത്തിലെ മൂന്നാം യൂണിറ്റിനോട് ചേർന്ന്തന്നെ അംഗൻവാടി, എൽ.പി. സ്കൂളുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സുഗന്ധഗിരി യൂണിറ്റിൽതന്നെ 7ാം തരം വരെയുള്ള യു.പി. സ്ക്കൂൾ സൗകര്യവും ഉണ്ട്. ഹൈസ്കൂളിനായി ഈ മേഖലയിലുള്ള വിദ്യാർത്ഥികൾ ആശ്രയിക്കുന്നത് വൈത്തിരി ഹയർ സെക്കണ്ടറി സ്കൂളിനെയാണ്. സ്കൂൾതല വിദ്യാഭ്യാസത്തിന് സർക്കാർ സംവിധാനങ്ങൾ യാത്രാസൗകര്യം ഒരുക്കുന്നതിനാൽ പത്താം ക്ലാസ്സുവരെ പഠനം മിക്കവരും നടത്തുന്നുണ്ട്. എന്നാൽ അതിന്ശേഷം സാമ്പത്തിക ബുദ്ധിമുട്ട് കാരണവും സൗജന്യ വിദ്യാഭ്യാസം ലഭിക്കാത്തതു കാരണവും മിക്ക വിദ്യാർത്ഥികളും പഠനം നിർത്തുന്ന അവസ്ഥയാണ് കാണുന്നത്. സങ്കേതത്തിൽ നിന്നുള്ള യാത്രാ ബുദ്ധിമുട്ടും, യാത്രാചിലവും, പഠനചിലവും, ഉന്നതവിദ്യാഭ്യാസം നേടുന്നതിന് തടസ്സമാകുന്നു. സങ്കേതത്തിൽ നടത്തിയ ഫീൽഡ്തല അന്വേഷണത്തിൽ സ്കൂളിൽ എത്തിച്ചേരാത്ത 15 വയസ്സിൽ താഴെയുള്ള കുട്ടികൾ ഉണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു.

### S.XXXV.5 ആരോഗ്യം

ആരോഗ്യപരമായ കാര്യങ്ങൾക്ക് സങ്കേതവാസികൾ കൂടുതലായും അലോപതി ചികിത്സയെ യാണ് ആശ്രയിക്കുന്നത്. ഇതിനായി സങ്കേതത്തിൽ തന്നെയുള്ള പ്ലാന്റേഷൻ ഹെൽത്ത് സെന്ററി നെയും വൈത്തിരി താലൂക്ക് ഗവൺമെന്റ് ഹോസ്പിറ്റലിനെയും ആശ്രയിക്കുന്നുണ്ട്. കൂടാതെ ഹെൽത്ത് സെന്ററിൽവെച്ച് മെഡിക്കൽ ക്യാമ്പ്, പ്രതിരോധപ്രവർത്തനങ്ങൾ എന്നിവയും നടന്നുവ രുന്നുണ്ട്. സങ്കേതത്തിൽ സമീപകാലത്തായി പകർച്ച വ്യാധികൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ മറ്റ് പകർച്ചേതര അസുഖങ്ങളായ കാൻസർ, ഹൃദ്രോഗം, പ്രമേഹം എന്നിവ സങ്കേതവാസി കൾക്കിടയിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

### S.XXXV.6 തൊഴിലും വരുമാനവും

സങ്കേതത്തിൽ 5 ഏക്കർ വീതമാണ് ഭൂമി ലഭ്യമായത്. മിക്കവരും തങ്ങളുടെ ഭൂമിയിൽ കാപ്പി, കുരുമുളക് തുടങ്ങിയവ കൃഷിചെയ്യുന്നുണ്ട്. സർവ്വെ ചെയ്ത എല്ലാവർക്കും വിളകൾ മുൻകാല ങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞു വരുന്നതായാണ് കാണാൻ സാധിക്കുന്നത്. 5 ഏക്കർ ഭൂമിയിൽ കൃഷി ചെയ്യാനുള്ള പ്രയാസമാണ് മിക്കവരും ഇതിനു കാരണമായി പറയുന്നത്. കൂടാതെ കൃഷിക്ക് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യതയും, കാലാവസ്ഥ വ്യതിയാനവും വിള കുറയുന്നതിന് കാരണ മാകുന്നുണ്ട്. ഇതുകൂടാതെ സങ്കേതത്തിലെ കാർഷിക മേഖലയ്ക്ക് ജലസേചനസൗകര്യമില്ലാ ത്തതും, വർദ്ധിച്ചുവരുന്ന വന്യമൃഗ ശല്യവും കൃഷി കുറയുന്നതിനും കാരണമായിത്തീരുന്നുണ്ട്. 2018 ആഗസ്റ്റിൽ സംഭവിച്ച പ്രളയം സങ്കേതത്തെ വലിയ രീതിയിൽ ബാധിച്ചിട്ടുണ്ട്. മിക്കവരുടെയും കൃഷിസ്ഥലങ്ങൾക്ക് നാശം സംഭവിക്കുകയും, റോഡുകളും, ജലസംവിധാനങ്ങളും നഷ്ടപ്പെടു കയും ചെയ്തു. സങ്കേതവാസികൾക്കിടയിലെ സാമ്പത്തിക പ്രയാസം കാരണം ചില കുടുംബങ്ങൾ കാപ്പിയും, കുരുമുളകും ഉണക്കാതെ പച്ചയായാണ് വിപണനം നടത്തുന്നത്. ആയതിനാൽ ഇവർക്ക് ലഭിക്കേണ്ടതിന്റെ പകുതി തുക മാത്രമാണ് ഇതിലൂടെ ലഭിക്കുന്നത്.

സങ്കേതവാസികൾ ഇന്ന് കൂടുതലായും ആശ്രയിക്കുന്നത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെയാണ്. വർഷം 150 തൊഴിൽ ദിനങ്ങൾ നിലവിലിൽ ഇവർക്ക് ലഭിച്ചുവരുന്നുണ്ട്. തൊഴിലു റപ്പ് പദ്ധതിയിലൂടെ കയ്യാല, നടീൽ, നീർക്കുഴി, തോട്ടം ചെത്തൽ എന്നിവയാണ് ചെയ്യുന്നത്. എന്നാൽ ഇത് ഇവിടുത്തെ മണ്ണിനെ ദോഷം ചെയ്യുമെന്നും ഇത്തരം ജോലികൾ ചെയ്താൽ മണ്ണൊ ലിപ്പിന് കാരണമാകുമെന്നും ഇത്തരം പ്രവർത്തികൾക്ക് പകരം നടീൽ പ്രവർത്തികളും, നിർമ്മാണ പ്രവർത്തികളും മതിയെന്നാണ് ഇവരുടെ ആവശ്യം.

### S.XXXV.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സങ്കേതത്തിൽ നിലവിലുള്ള വീടുകൾക്ക് കക്കൂസ്, വൈദ്യുതി തുടങ്ങിയവ ഒരുക്കി നൽകി യിട്ടുണ്ട്. എന്നാൽ പ്രളയത്തിന്റെ ഭാഗമായി മാറി താമസിക്കുന്ന കുടുംബങ്ങൾക്ക് ശൗച്യാലയ സംവിധാനം, വൈദ്യുതിയില്ലാത്തത് എന്നിവ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഇവിടെ ഊരുകൂട്ട സംവിധാനങ്ങൾ മുൻപ് നടന്നിരുന്നെങ്കിലും ഒരു വർഷത്തിലേറെയായി യോഗങ്ങൾ ചേരാറില്ലെന്ന് സങ്കേതത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചു. കുടുംബശ്രീ കൂട്ടായ്മ കൾ നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ലഘു സമ്പാദ്യ പദ്ധതിയും, ആവശ്യക്കാർക്ക് ലോൺ സംവിധാനം വഴി ധനസഹായവും നൽകിവരുന്നുണ്ട്.

സങ്കേതത്തിൽ വ്യത്യസ്ഥ സമുദായങ്ങൾ ഇടകലർന്ന് താമസിക്കുന്നുണ്ടെങ്കിലും സാമുദായി കമായ വിവേചനങ്ങൾ ഒന്നും തന്നെ ഈ മേഖലയിൽ നിലവിലില്ല. ഓരോ സമുദായത്തിനും തങ്ങ ളുടേതായ ആരാധനാലയങ്ങൾ ഇല്ലെങ്കിലും സ്വന്തം ആചാരക്രമങ്ങൾ പാലിച്ചുവരുന്നുണ്ട്. മിക്ക വരും ജനനം, മരണം, വയസ്സറിയിക്കൽചടങ്ങ് എന്നിവ സ്വന്തം ആചാരപ്രകാരം നടത്തുന്നുണ്ട്. കൂടാതെ ആഘോഷവേളകളിൽ തങ്ങളുടെ പഴയ പ്രദേശത്തു പങ്കെടുക്കാറുണ്ട്.

### S.XXXV.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

സങ്കേതത്തിലെ ജനങ്ങൾക്ക് ഉപജീവനത്തിന് സ്വയംതൊഴിൽ, കൃഷി തുടങ്ങിയവ ചെയ്യുന്ന തിന് നബാർഡും മിൽമയും വ്യത്യസ്ഥ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരേക്കറിൽ കൃഷിചെയ്യാൻ ആവശ്യമായ നടീൽ വസ്തു ക്കൾ (കാപ്പി, കുരുമുളക്) തൈകൾ എന്നിവ നൽകുകയും ഇത് നട്ടുപിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായവും ചെയ്തുവരുന്നുണ്ട്. കൂടാതെ മൃഗപരിപാലനത്തിന് മിൽമയുടെ നേതൃത്വത്തിൽ പശുക്കളെയും തൊഴുത്ത് നിർമ്മിക്കാനുള്ള സഹായവും സങ്കേതത്തിൽ നൽകിയിട്ടുണ്ട്. പശുക്ക ളിൽ നിന്നും ലഭിക്കുന്ന പാല് സുഗന്ധഗിരിയിൽത്തന്നെയുള്ള മിൽമയുടെ യൂണിറ്റിൽ എത്തിച്ചു നൽകുകയുമാണ് ചെയ്യുന്നത്. സങ്കേതത്തിലെ മിക്ക കുടുംബങ്ങളും മൃഗപരിപാലനം നല്ല രീതി യിൽ നടത്തുന്നുണ്ട്.

സങ്കേതവാസികൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാത്തതാണ്. വീട്, റോഡ്, കുടിവെള്ളം ഇന്നും ഒരു പ്രശ്നമായി തുടർന്നുവരികയാണ്. കൂടാതെ ഒറ്റപ്പെട്ട അവസ്ഥയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. ആകെയുള്ള ആശ്രയം തൊഴിലുറപ്പ് പദ്ധതിയിൽ നിന്നുള്ള വരുമാനം മാത്രമാണ്.

വർദ്ധിച്ചുവരുന്ന മാവോയിസ്റ്റ് ഭീഷണി പ്രദേശത്തെ ഒറ്റപ്പെടുത്തുന്ന അവസ്ഥയാണ്. വൈകു ന്നേരത്തിന് മുമ്പ് തന്നെ വീടുകളിൽ മുറിക്കുള്ളിൽ ഒതുങ്ങിക്കൂടി ഭയത്തോടെ കഴിയേണ്ടിവരുന്നു ണ്ട്. മൃഗശല്യം, ഉരുൾപൊട്ടൽ ഭീഷണി, മാവോയിസ്റ്റ് സാന്നിധ്യം ഇവയെല്ലാം തന്നെ സങ്കേതവാസി കളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്നുണ്ട്.

### S.XXXV.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. മാവോയിസ്റ്റ് സാന്നിധ്യം ഇവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. സർക്കാരിന്റെ സഹായത്താലും സങ്കേതവാസികളുടെ കൂട്ടായ്മയിലൂടെയും മാത്രമെ ഇത് ചൊറുക്കാനാവൂ.
2. തൊഴിലുറപ്പ് പദ്ധതിയിലൂടെ കയ്യാല, നടീൽ, നീർക്കുഴി, തോട്ടം ചെത്തൽ എന്നിവയാണ് ചെയ്യുന്നത്. എന്നാൽ ഇങ്ങനെ ചെയ്താൽ മണ്ണൊലിപ്പിന് കാരണമാകുമെന്നും ഇത്തരം പ്രവർത്തികൾക്ക് പകരം നടീൽ പ്രവർത്തികളും നിർമ്മാണ പ്രവർത്തികളും മതിയെന്നാണ് ഇവരുടെ ആവശ്യം.
3. അടിസ്ഥാന സൗകര്യങ്ങളായ വീട്, റോഡ്, കുടിവെള്ളം എന്നിവ വേണ്ട രീതിയിൽ ഒരുക്കി നൽകി സങ്കേതവാസികൾ അനുഭവിക്കുന്ന കഷ്ടതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## S.XXXVI. സുഗന്ധഗിരി അഞ്ചാം യൂണിറ്റ്

വയനാട് ജില്ലയിലെ പൊഴുതന പഞ്ചായത്തിൽ 8-ാം വാർഡിൽ ഉൾപ്പെടുന്ന പ്രദേശമാണ് അഞ്ചാം യൂണിറ്റ്. സുഗന്ധഗിരി പദ്ധതിയുമായി ബന്ധപ്പെട്ട് 1975-1980 കാലഘട്ടത്തിൽ ഭൂരിപക്ഷം പേർ വയനാട് ജില്ലയിൽ നിന്നും കുറച്ച് കുടുംബങ്ങൾ മറ്റു ജില്ലകളിൽ നിന്നുമാണ് ഫാം തൊഴിലാളികളായി താമസമാരംഭിച്ചത്. വിവിധ സമുദായങ്ങൾ ഒന്നിച്ച് ജോലിചെയ്തും താമസിച്ചും ശീലമാക്കിയതിനാൽ സമുദായത്തിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവ് ഇവിടെ പ്രകടമല്ല.

## S.XXXVI.2 സമുദായഘടന

സങ്കേതത്തിൽ  കുറിച്യ സമുദായത്തിലെ 36 കുടുംബങ്ങളും , കുറുമ സമുദായത്തിലെ 19 കുടുംബങ്ങളും,  കാട്ടുനായ്ക സമുദായത്തിലെ 6 കുടുംബങ്ങളും, ഊരാളി കുറുമ സമുദായത്തിലെ 6 കുടുംബങ്ങളും തച്ചുനാടൻ മൂപ്പൻ സമുദായത്തിലെ 1 കുടുംബവും , അടിയ സമുദായത്തിലെ 2 കുടുംബങ്ങളും അധിവസിച്ചു വരുന്നു.

## S.XXXVI.3 അടിസ്ഥാന സൗകര്യം

ചെങ്കുത്തായ മലകളിൽ കാപ്പികൃഷിയും വലിയ മരങ്ങളും ഉള്ള പ്രദേകത്ത് 5 ഏക്കർ ഭൂമിയാണ് ഇവർക്ക് കൈവശമായുള്ളത്. അഞ്ചാം യൂണിറ്റിലേക്കുള്ള പ്രധാന റോഡ് വഴിഗ.ട.ഞ.ഠ.ഇ സർവ്വീസ് നടത്തുന്നുണ്ട് എന്നും ഗതാഗതയോഗ്യമല്ലാത്ത റോഡുകളുള്ള ധാരാളം വീടുകളും ഈ പ്രദേശത്തുണ്ട്. മുഴുവൻ വീടുകളും വൈദ്യുതീകരിച്ചതാണ്. ട്രൈബൽ വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ സ്വന്തം ഇഷ്ടപ്രകാരവും അല്ലാതെയുമായി നിർമ്മിച്ച വീടുകളിലാണ് താമസം.

## S.XXXVI.4 വിദ്യാഭ്യാസം

സങ്കേതത്തിൽ അംഗൻവാടിയുണ്ട്. ഈ യൂണിറ്റിലുള്ളവർ പ്രധാനമായും ആശ്രയിക്കുന്നത് രണ്ട് കി.മി. അകലെയുള്ള സുഗന്ധഗിരി സ്കൂളിനെയാണ്. ഇവിടെ ഒന്നാം തരം മുതൽ ഏഴാം തരം വരെയുണ്ട്. ഏഴാം തരം കഴിഞ്ഞാൽ 6 കി.മി അകലെ വൈത്തിരിയിലുള്ള സർക്കാർ സ്ക്കൂളിനെ

യാണ് +2വരെയും പോകുന്നത്. എന്നാൽ ഉപരി പഠനത്തിനായി 13 കി.മി അകലെയുള്ള കൽപറ്റ ഗവ.കോളജിലാണ് ആശ്രയിക്കുന്നത്. രക്ഷികാക്കളുടെ താത്പര്യകുറവ്, മടി, ഗ്രാന്റ് ലഭിക്കുന്നതിനു ളള കാലതാമസം എന്നിവയാണ് ഇവരെ പഠനത്തിൽ നിന്നും പിന്തിരിപ്പിക്കുന്നത്.

### S.XXXVI.5 ആരോഗ്യം

പ്ലാന്റേഷനിലുളള സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രം 3 കി.മി അകലെയും വൈത്തിരിയി ലുളള താലുക്ക് ആശുപത്രി 6 കിമി അകലെയുമാണ് സ്ഥിതി ചെയ്യുന്നത്. ക്യാൻസർ രോഗമുളള അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയും, അരിവാൾ രോഗമുളളവരും സങ്കേതത്തിലുണ്ട്. രോഗ പ്രതിരോധകുത്തിവെപ്പുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സങ്കേത്തിൽ നടന്നു വരുന്നുണ്ട്.

### S.XXXVI.6 തൊഴിലും വരുമാനവും

നിലവിൽ കൃഷി, തൊഴിലുറപ്പ് പദ്ധതികളാണ് പ്രധാന ഉപജീവന മാർഗ്ഗങ്ങൾ.

### S.XXXVI.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

സുഗന്ധഗിരി പദ്ധതിയുമായി ബന്ധപ്പെട്ട് 1975-1980 കാലഘട്ടത്തിൽ ഭൂരിപക്ഷം പേർ വയ നാട് ജില്ലയിൽ നിന്നും കുറച്ച് കുടുംബങ്ങൾ മറ്റു ജില്ലകളിൽ നിന്നുമാണ് ഫാം തൊഴിലാളികളായി താമസമാരംഭിച്ചത്. ഊരുകൂട്ടം വല്ലപ്പോഴുമെ വിളിച്ചു ചേർക്കാറുള്ളൂ. ആളുകൾ കുറവായതിനാൽ കുടുംബശ്രി ഇല്ല.

കൂടി വെള്ളം ചോലയിൽ നിന്നും ലഭിക്കുന്ന വെളളത്തിനെയാണ് ഇവർ ആശ്രയിക്കുന്നത്. പഞ്ചായത്ത് പൈപ്പ് ലൈനിലൂടെ വെള്ളം ആകെ ഒരു മാസമാണ് കിട്ടിയത്. അത് പൊട്ടി പൊളിഞ്ഞു പോയി. കുടി വെള്ളം വേനൽകാലത്ത് കുറയും.

### S.XXXVI.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

ഉൾപ്രദേശങ്ങളിലേക്കുള്ള ഗതാഗത സൗകര്യം കുറവായ ഈ പ്രദേശത്ത് തൊഴിലുറപ്പ് പദ്ധതി മാത്രമാണ് പ്രധാന തൊഴിൽ മാർഗ്ഗം. ആന, കാട്ടുപന്നി, മാൻ, മലയണ്ണാൻ തുടങ്ങിയ ജീവി കൾ കൃഷിക്ക് വൻതോതിൽ നാശനഷ്ടം വരുത്തുന്നതും ഈ പ്രദേശം നേരിടുന്ന പ്രശ്നങ്ങളാണ്. കൂടാതെ വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ളക്ഷാമം, തൊഴിൽ കുറവ്, മൊബൈൽ ടവറുകൾ ഇല്ലാത്തതുകാരണം മൊബൈൽ ഉപയോഗിക്കാനാവാത്തത്, മാവോയിസ്റ്റ് ഇടപെടലുകൾ, ഉരുൾപൊട്ടൽ അനുബന്ധ പ്രശ്നങ്ങൾ എന്നിവയും പ്രദേശം നേരിട്ടുകൊണ്ടിരിക്കുന്നു.

വിവിധ സമുദായത്തിൽപ്പെട്ടയിവർക്ക് നറുക്കെടുപ്പിലൂടെ സ്ഥലം ലഭിച്ചിട്ടുള്ളതിനാൽ സ്വസമുദായക്കാർ പലഭാഗത്തുമായാണ് താമസിക്കുന്നത്. എല്ലാവർക്കും ഒരു ഭാഗത്തായാണ് ഉള്ളതെങ്കിൽ ആരാധന നടത്താനുള്ള സൗകര്യം ഉണ്ടാകുമായിരുന്നു.

റോഡ് ഗതാഗത സൗകര്യങ്ങൾ ഗുണമേൻമ ഉറപ്പുവരുത്തി ഘട്ടംഘട്ടമായി പണിപൂർത്തിയാക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും അതോടൊപ്പം ചെറുകിടതൊഴിൽ മേഖലയിൽ ആവശ്യാനുസരണം മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്ത് ഈ പ്രദേശത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം.

### S.XXXVI.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. മൊബൈൽ ടവറുകൾ ഇല്ലാത്തതുകാരണം മൊബൈൽ ഉപയോഗിക്കാനാകുന്നില്ല.
2. റോഡ് നന്നാക്കി ഗതാഗത സൗകര്യം ഉറപ്പ് വരുത്തണം.
3. സങ്കേതത്തിൽ തൊഴിലില്ലായ്മയുണ്ട്. അതിനായി തൊഴിൽ ലഭ്യമാക്കണം. സ്വയം തൊഴിലിന് സൗകര്യമൊരുക്കണം.
4. കൃഷി വികസനത്തിനായി കമ്പി വേലി കെട്ടി സൗകര്യമൊരുക്കണം.
5. ആന ശല്ല്യത്തിനെ ചൊറുത്തു നിൽക്കുവാനായി ആധുനിക സൗകര്യമൊരുക്കണം.
6. കുട്ടികൾക്ക് കളിക്കാൻ കളി സ്ഥലങ്ങളില്ല. ഗ്രൗണ്ട് വികസിപ്പിക്കണം.

## S.XXXVII. സുഗന്ധഗിരി ആറാം യൂണിറ്റ്

### S.XXXVII.1 പ്രദേശം

വയനാട് ജില്ലയിലെ പൊഴുതന പഞ്ചായത്തിൽ വാർഡ് 8 ൽ വന്ന പ്രദേശമാണ് ആറാം യൂണിറ്റ്. 53 കുടുംബങ്ങളാണ് ഇവിടെ നിലവിൽ താമസിച്ചുകൊണ്ടിരിക്കുന്നത്. 1970-80 കാലഘട്ടത്ത് സുഗന്ധഗിരി പദ്ധതിയുമായി ബന്ധപ്പെട്ട് വയനാട് ജില്ലക്ക് അകത്തു നിന്നും പുറത്തുനിന്നും ജോലി ആവശ്യാർത്ഥം വന്നവർക്ക് സർക്കാർ ക്വാർട്ടേഴ്സ് നൽകിയിരുന്നു. പിന്നീട് 2002-ൽ വർഷത്തിൽ 5 ഏക്കർ വീതം ഭൂമി നൽകുകയും വീട്, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുകയും ചെയ്തു.

### S.XXXVII.2 സമുദായഘടന

കാട്ടുനായ്ക്കൻ (6), മുള്ളുകുറുമൻ (7), കുറിച്യൻ (6), വെട്ട കുറുമൻ (6), കൺവർട്ട് കുറിച്യൻ (10), പണിയൻ (23), തുടങ്ങിയ സമുദായങ്ങൾ ഇവിടെ താമസിക്കുന്നു.

## S.XXXVII.3 അടിസ്ഥാന സൗകര്യം

സുഗന്ധഗിരി ആറാം യൂണിറ്റ് പ്രധാന റോഡിൽ നിന്നും 5 കി.മി. ഉൾഭാഗത്ത് ഉള്ളതും പടിഞ്ഞാറു ഭാഗം വനാതിർത്തിയുമാണ്. ചെങ്കുത്തായ ഭൂപ്രകൃതവും വന്യജീവി പ്രശ്നങ്ങളും അനുഭവപ്പെടുന്നതാണ് ഈ പ്രദേശം. പ്രദേശത്തേക്കുള്ള പ്രധാന റോഡ് മാത്രമേ ഗതാഗതയോഗ്യമായതൊള്ളു. അതുകൊണ്ടുതന്നെ വീട് നിർമ്മാണം മറ്റു വികസന പരിപാടികൾ നടപ്പിലാക്കാൻ പ്രയാസമാണ്.

## S.XXXVII.4 വിദ്യാഭ്യാസം

അംഗൻവാടി ആറാം യൂണിറ്റിൽ തന്നെയുണ്ട്. ഗവ.എൽ.പി സ്ക്കുൾ 3 കി.മി അകലെയാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ യു.പി  സ്ക്കുളുകൾ 10 കി.മി അകലെസുഗന്ധഗിരിയിലാണ് സ്ഥിതി ചെയ്യുന്നത്. ഹൈസ്ക്കൂൾ, +2 എന്നിവ 14 കി.മി അകലെവൈത്തിരിയിലാണ് സ്ഥിതി ചെയ്യുന്നത്. സങ്കേതത്തിലെ വിദ്യാർത്ഥികൾക്ക് ദൂരെ പോയി പഠിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. മഴ വന്നാൽ കറന്റ് പോകും പിന്നെ രാത്രിയാണെങ്കിൽ കറന്റ് വരാൻ വൈകുമെന്നും സങ്കേതവാസികൾ അഭിപ്രായപ്പെട്ടു.

## S.XXXVII.5 ആരോഗ്യം

പ്ലാന്റേഷനിൽ  6 കി.മി അകലെ പ്രാഥമിക ആരോഗ്യ കേന്ദ്രം ഉണ്ട്. ഇവിടെ മരുന്നുകൾ ലഭ്യമാണ്. സാമുഹിക ആരോഗ്യ കേന്ദ്രം വൈത്തിരിയിലുണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റ് മാസത്തിൽ വരും. മരുന്നുകൾ നൽകും.

## S.XXXVII.6 തൊഴിലും വരുമാനവും

5 ഏക്കർ കൈവശം ലഭിച്ച ഭൂമിയിൽ കാപ്പിയാണ് കൃഷി ചെയ്യുന്നത്. ആവശ്യമായ പരിചരണം ലഭിക്കാത്ത കാപ്പി തൈകൾ വലിയ മരങ്ങൾക്കിടയിൽ ആയതിനാൽ വളരെ കുറഞ്ഞ വിളവ് മാത്രമേ ലഭിക്കുന്നുള്ളൂ. അതേസമയം കോഴി, ആട്, പശു തുടങ്ങിയവയെ വളർത്തി ചെറിയതോതിൽ വരുമാനം നേടുന്ന കുടുംബങ്ങളും ഇവിടെയുണ്ട്.

## S.XXXVII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

തൊട്ടടുത്ത 5-ാം യൂണിറ്റിനെ അപേക്ഷിച്ച് ഗതാഗതസൗകര്യം വളരെ കുറവുള്ളതും കാട്ടാനകൾ, മാൻ, പന്നി, മലയണ്ണാൻ എന്നിവയുടെ ഉപദ്രവം കൂടുതലുള്ള പ്രദേശവുമാണ്. ചെങ്കുത്തായതും വനഭൂമിയോട് ചേർന്നുകിടക്കുന്നതുമാണ് ഈ പ്രദേശം. മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന ഈ സങ്കേതത്തിൽ, കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ പ്രദേശത്തെ ബന്ധിപ്പിച്ചിരുന്ന പാലം മുഴുവനായും ഒഴുകിപ്പോയി. തൊഴിലുറപ്പ് മാത്രമാണ് പ്രധാന തൊഴിൽമാർഗ്ഗം

### S.XXXVII.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

പ്രദേശത്തെ ബന്ധിപ്പിക്കുന്ന റോഡ്-പാലം പുനർനിർമ്മിക്കുകയും, ഗതാഗതയോഗ്യമായ റോഡ് ഉറപ്പുവരുത്തുകയും ചെയ്യുക. തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക. അടുക്കളകൃഷി ചെയ്യാനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ യൂണിറ്റിന്റെ ഉന്നമനം സാധ്യ മാക്കാം.

### S.XXXVII.9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുളളത്.

1. വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ട റോഡ്-പാലം പുനർനിർമ്മിക്കുക
2. സങ്കേതത്തിൽ കുടിവെള്ള ക്ഷാമമുണ്ട് അത് പരിഹരിക്കണം.
3. കൃഷി നശിപ്പിക്കുന്നതിനാൽ മൃഗങ്ങളിൽ നിന്ന് സംരക്ഷണം അത്യാവശ്യമാണ്. കൂടാതെ കൃഷിക്കുളള സഹായവും നൽകണം.
4. പൊതുഗതാഗതം മെച്ചപ്പെടുത്തണം. മൃഗശല്ല്യമുളളതിനാൽ രാത്രി യാത്രചെയ്യുവാൻ സാധി ക്കുന്നില്ല.
5. തെരുവ് വിളക്കുകൾ പ്രവർത്തക്കാത്തതിനാൽ രാത്രികാലത്ത് യാത്രാ ബുദ്ധിമുട്ടനുഭവിക്കു ന്നുണ്ട് അവ പുനസ്ഥാപിക്കണം.
6. യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കണം.
7. സങ്കേതത്തിൽ റോഡിനു തടസ്സമായിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റിയാൽ കൂടുതൽ പേർക്ക് ഗതാഗതസൗകര്യമുണ്ടാക്കാം. റോഡ് സൗകര്യമില്ലാത്തതിനാൽ ഓട്ടോ കൂലിയിനത്തിൽ കൂടുതൽ തുക ചിലവാകുന്നു.

## ഉപസംഹാരം

ടി.ആർ.ഡി.എം പുനരധിവാസ സങ്കേതങ്ങളായ വയനാട് ജില്ലയിലെ ചീങ്ങേരി പുനരധിവാസ മേഖലയിലെ ഒരു ഭാഗമായ ചീനിക്കാമൂല സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ ഈച്ചമാനി ക്കുന്ന് സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ മട്ടപ്പാറ സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ ചീങ്ങേരി പുനരധിവാസ മേഖലയിൽ ഉൾപ്പെടുന്ന ആറാട്ടുപാറ സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ വികാസ് കോളനി, വൈത്തിരി പഞ്ചായത്തിലെ പൂക്കോട് കുന്ന് (കുന്നത്തിടവക)സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ കാരംകൊല്ലി സങ്കേതം, ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ ഉൾപ്പെടുന്ന അമ്പലക്കുന്ന് സങ്കേതം, സുഗന്ധഗിരി 1,2,3,5,6 യൂണിറ്റുകൾ എന്നിവയിലെല്ലാം തന്നെ തൊഴിലില്ലായ്മ, കുടിവെള്ള ക്ഷാമം എന്നിവയാണ് പൊതുവിൽ കാണപ്പെടുന്ന പ്രശ്നങ്ങൾ.

ചീനിക്കാമൂല സങ്കേതവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ തൊഴിലില്ലായ്മ, ജലക്ഷാമം, റോഡ്, ഗതാഗത സൗകര്യമില്ലായ്മ എന്നിവയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി തയ്യൽ പരിശീലനം, നിർമ്മാണ യൂണിറ്റ്, കൂടാതെ മറ്റു തൊഴിൽ പരിശീലനങ്ങൾ നൽകാവുന്നതാണ്. കുടിവെള്ള പ്രശ്നങ്ങൾ, റോഡ് സൗകര്യങ്ങൾ ഇല്ലാത്തയിടങ്ങളിൽ റോഡ്, ഗതാഗതത്തിനായുള്ള വഴി സൗകര്യം എന്നിവയും നടപ്പിൽ വരുത്തേണ്ടതാണ്.

ഈച്ചമാനിക്കുന്ന് സങ്കേതത്തിൽ തൊഴിലില്ലായ്മ, വീടുകളുടെ ചോർച്ച എന്നിവയാണ് സങ്കേതവാസികൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ഇതിനായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും കൃഷിയിലൂടെ സ്വന്തം ഭൂമിയിൽ നിന്ന് കാർഷിക/കാർഷികേതര രീതിയിലൂടെ വരുമാനം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. സങ്കേതം നേരിടുന്ന മറ്റൊരു വെല്ലുവിളി കുടിവെള്ള പ്രശ്നമാണ്. സങ്കേതത്തിലെ കിണർ നന്നാക്കിയെടുത്ത് പൈപ്പ് വഴി കുടിവെള്ളം നൽകിയാൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

മട്ടപ്പാറ പുനരധിവാസ സങ്കേതത്തിൽ വേനൽക്കാലത്തെ കുടിവെള്ളക്ഷാമം മൂലം സങ്കേതവാസികൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. ഇതിനു പരിഹാരമായി പൈപ്പ് മാർഗ്ഗം കൂടുതൽ പേർക്ക് കുടിവെള്ളമെത്തിക്കാവുന്നതാണ്. വീടുകളിലേക്കുള്ള റോഡുകൾ ടാർ ചെയ്യേണ്ടതും ചോർച്ചയുള്ള വീടുകളുടെ ചോർച്ച മാറ്റുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കാർഷിക വൃത്തിയിലൂടെ വരുമാനം ലഭിക്കാൻ കൃഷിക്കായുള്ള വളം, കീടനാശിനികൾ, ജലസേചനം എന്നിവക്കുള്ള സാമ്പത്തിക സഹായം സങ്കേതവാസികൾക്ക് ആവശ്യമാണ്.

ചീങ്ങേരി പുനരധിവാസ മേഖലയിൽ ഉൾപ്പെടുന്ന ഒരു സങ്കേതമാണ് ആറാട്ടുപാറ. 2018ലെ ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ സങ്കേതത്തിലെ കാർഷികവിളകൾ നശിക്കുകയും, തൊഴിലുകൾ നഷ്ടപ്പെടുന്ന അവസ്ഥയുമാണുണ്ടായിട്ടുള്ളത്. ഈ പ്രദേശത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി തൊഴിലസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്. കൂടാതെ പ്രളയത്തിൽ തകർന്ന കാർഷിക മേഖലയ്ക്ക് കൂടുതൽ സഹായങ്ങൾ, കാപ്പി, കുരുമുളക് നശീകരണത്തിന്റെ കാരണം കണ്ടെത്തുക, നശിച്ചതിന് കൃത്യമായ നഷ്ടപരിഹാരവും പകരം കൃഷിചെയ്യാനുള്ള തൈകൾ എന്നിവ നൽകി കാർഷിക മേഖലയെ ഉയർത്തി കൊണ്ടുവരാവുന്നതാണ്. തൊഴിലില്ലായ്മ പരിഹരിക്കുവാനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്നതും, സങ്കേതത്തോടു ചേർന്നു പ്രവർത്തിക്കുന്ന ഫാമിനെ പുനരുജീവിപ്പിക്കാവുന്നതുമാണ്.

വികാസ് സങ്കേതത്തിൽ നിലവിലുള്ള എല്ലാം കുടുംബങ്ങൾക്കും വീടുകളുണ്ടെങ്കിലും അഞ്ചോളം വീടുകൾ താമസയോഗ്യമല്ല. ഈ വീടുകൾക്ക് അറ്റകുറ്റ പണിയോ പുനർനിർമ്മാണമോ ആവശ്യമാണ്. സങ്കേതത്തിലുള്ളവർക്ക് തൊഴിലുകൾ കുറവായതിനാൽ കൂടുതൽ തൊഴിലവസര

ങ്ങൾ സൃഷ്ടിക്കണ്ടതുണ്ട്. താത്പര്യമുള്ള സങ്കേതവാസികൾക്ക് ഭൂമി പാട്ടത്തിനെടുത്ത് ഉപജീവന ത്തിനായുള്ള കൃഷി ആവശ്യങ്ങൾക്കായുള്ള സഹായം അനുവദിക്കാവുന്നതാണ്.

പൂക്കോട് കുന്ന് സങ്കേതത്തിൽ വീട്, കുടിവെള്ളം, റോഡ് സൗകര്യം എന്നിവ പൂർത്തീകരിക്കാത്തത് സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. മുടങ്ങികിടക്കുന്ന ജലനിധി പദ്ധതി പുനസ്ഥാപിക്കുന്നതിലൂടെ വേനൽകാലത്ത് നേരിടേണ്ടി വരുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് പ്ലോട്ടുകൾ ഏതാണെന്ന് തിരിച്ചറിയാൻ കഴിയാത്തതിനാൽ സ്ഥലം റീസർവ്വേ ചെയ്ത് അതിരുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സങ്കേതത്തിലേക്കുള്ള ഭവന നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നതി നാൽ റോഡ് ടാറിംങ്ങ് എത്രയും പെട്ടെന്ന് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സങ്കേതത്തിലേക്ക് മാറിതാമസിക്കാൻ തയ്യാറാവാത്ത ഗുണഭോക്താക്കളുടെ പട്ടയം റദ്ദു ചെയ്തു ഭൂരഹിതരായ ഗോത്ര വർഗ്ഗക്കാർക്ക് ഭൂമിവിതരണം നടത്താവുന്നതാണ്.

കാരംകൊല്ലി സങ്കേതത്തിൽ പദ്ധതി പ്രകാരം പതിച്ചു നൽകിയ ഭൂമി അളന്ന് തിട്ടപ്പെടുത്തിയി ട്ടുണ്ട്. പട്ടയം, കൈവശരേഖകൾ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം ഇവിടെ കുറവാണ്. ഭൂമി സംബന്ധിച്ച അവകാശത്തർക്കങ്ങൾ നിലനിൽക്കുകയും ഭൂമി അന്യാധീനപ്പെടുകയും ചെയ്തിട്ടുണ്ട്. റോഡുകൾ, സൗരവിളക്കുകൾ, കൃത്യമായ ഫണ്ട് വിതരണം, തൊഴിലവസരങ്ങൾ കുടിവെള്ള സംവിധാനങ്ങൾ, ലഹരിമരുന്നുകൾ, സുരക്ഷിതത്വ പ്രശ്നങ്ങൾ, രക്ഷിതാക്കൾക്കുള്ള ബോധവൽക്ക രണങ്ങൾ എന്നിവ മുൻഗണന നൽകേണ്ടതായ പ്രശ്നങ്ങൾ ആണ്.

അമ്പലക്കുന്ന് സങ്കേതവാസികളുടെ പ്രധാന ഉപജീവന മാർഗ്ഗം കാർഷിക മേഖലയുമായി ബന്ധപ്പെട്ട കൂലിവേലകളാണ്. കൃഷിക്ക് ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകേണ്ടതാണ്. ഇവിടെ ഊരുകൂട്ടം, കൃത്യമായി നടക്കാറില്ല. വർഷത്തിൽ രണ്ട് പ്രാവശ്യം ഗ്രാമസഭ കൂടുമ്പോഴാണ് ഊരുകൂട്ടം നടത്താറുള്ളത്. അപകടാവസ്ഥയിലായ സാംസ്കാരിക കേന്ദ്രത്തിന്റെ കെട്ടിടം പുനർനിർമ്മിക്കേണ്ടതാണ്. സ്ഥിരമായ വരുമാന മാർഗ്ഗങ്ങളില്ലാത്തത് മേഖല നേരിടുന്ന പ്രധാന പ്രശ്നമാണ്. ഇതിനായി ഫാമിൽ തൊഴിൽ സാഹചര്യം ഒരുക്കി, തൊഴിൽ നൽകാവുന്നതാണ്. വീടുകളെല്ലാം തന്നെ ചോർച്ചയുള്ളവയും, താമസയോഗ്യമല്ലാത്തവയും പുനരു ദ്ധാരണം ആവശ്യമായവയുമാണ്. അതു കൊണ്ടു തന്നെ വീടുകളുടെ പുനരുദ്ധാരണം പ്രത്യേക പരിഗണന അർഹിക്കുന്നു.

ഏഴ് യൂണിറ്റിലായാണ് സുഗന്ധഗിരി പുനരധിവാസ മേഖല വ്യാപിച്ചു കിടക്കുന്നതെങ്കിലും ഒന്ന്, നാല്, ഏഴ് യൂണിറ്റുകളിൽ ആൾ താമസമില്ല. 7-ാം യൂണിറ്റിൽ ഭൂമി നൽകിയിട്ടുണ്ടെങ്കിലും മതിയായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ 3 കുടുംബങ്ങൾ മാത്രമാണ് ഈ യൂണിറ്റിൽ താമസിച്ചിരുന്നത്. എന്നാൽ 2018 ആഗസ്ത് മാസത്തിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് ഈ കുടുംബങ്ങളെ 5, 6 യൂണിറ്റുകളിലേക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്.

സുഗന്ധഗിരി ഒന്നാം യൂണിറ്റിൽ സുഗന്ധഗിരിയിലെ ഇതര യൂണിറ്റുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട ഗതാഗത സംവിധാനങ്ങളും, ചികിത്സ മറ്റ് സൗകര്യങ്ങളും, കൂടാതെ എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി, ശൗചാലയം എന്നീ സൗകര്യങ്ങളുണ്ട്. എന്നാലിവിടെ പഠനം പൂർത്തിയാക്കിയ യുവതീ യുവാക്കൾ തൊഴിലില്ലായ്മ അഭിമുഖീകരിക്കുന്നുണ്ട്. അഭ്യസ്ത വിദ്യരായവർക്ക് പട്ടിക വർഗ്ഗ വികസന വകുപ്പുകളിൽ തൊഴിൽ പ്രാതിനിധ്യം ലഭിക്കണം. വീടുകൾക്കു ചോർച്ചയുള്ളതിനാൽ വീടിന്റെ അറ്റകുറ്റ പണികൾ പെട്ടെന്ന് നടത്തേണ്ടതുണ്ട്.

താരതമ്യേന എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശമാണ് സുഗന്ധഗിരി രണ്ടാം യൂണിറ്റ് സങ്കേതം. സങ്കേതത്തിലേക്ക് മൺ റോഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും 2018 ലെ പ്രളയത്തിലിത് പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. അടിസ്ഥാന സൗകര്യമായ റോഡ്, പാലം, കുടിവെള്ളം, ഉരുൾപൊട്ടൽ ഭീഷണി, കാലാവസ്ഥാ വ്യതിയാനം, വിള നശീകരണം, മൃഗശല്യം, മാവോയിസ്റ്റ് ഭീഷണി, തൊഴിലില്ലായ്മ തുടങ്ങിയവയാണ് സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളികൾ. 17 പേർക്ക് പുതിയ പാർപ്പിട സൗകര്യം ഒരുക്കേണ്ടതായുണ്ട്. സങ്കേതത്തിനകത്ത് തന്നെ ഉരുൾപൊട്ടൽ ഭീഷണിയില്ലാത്ത പ്രദേശത്ത് പുതിയ വീട് നിർമ്മിക്കാവുന്നതാണ്. ഇവർക്ക് വീടുകളിൽ എത്തിച്ചേരാനുള്ള ഗതാഗതയോഗ്യമായ റോഡ് സൗകര്യമില്ല. മൃഗശല്ല്യത്തിൽ നിന്നും രക്ഷ നേടുന്നതിനും കാർഷികാവശ്യങ്ങൾക്കായും വേലി കെട്ടാവുന്നതാണ്.

സുഗന്ധഗിരി പുനരധിവാസ മേഖലയിലെ മൂന്നാം യൂണിറ്റിൽ സങ്കേതവാസികൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്. വീട്, റോഡ്, കുടിവെള്ളം, തൊഴിലില്ലായ്മ എന്നിവ എത്രയും പെട്ടെന്ന് ഒരുക്കി നൽകേണ്ടതാണ്. ഇവിടെ വർദ്ധിച്ചുവരുന്ന മാവോയിസ്റ്റ് ഭീഷണി പ്രദേശത്തെ ഒറ്റപ്പെടുത്തുന്ന അവസ്ഥയാണ്. ഇതിനെല്ലാം പുറമെ മൃഗശല്യം, ഉരുൾപൊട്ടൽ ഭീഷണി, ഇവയെല്ലാം സങ്കേതവാസികളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്നു. മാവോയിസ്റ്റ് സാന്നിധ്യം സർക്കാരിന്റെ സഹായത്താലും സങ്കേതവാസികളുടെ കൂട്ടായ്മയിലൂടെയും മാത്രമെ ചൊറുക്കാനാവുകയുള്ളൂ.

സുഗന്ധഗിരി പുനരധിവാസ മേഖലയിലെ അഞ്ചാം യൂണിറ്റിൽ ഗതാഗത സൗകര്യമില്ലായ്മ, തൊഴിലില്ലായ്മ, മൃഗശല്ല്യം, വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ളക്ഷാമം, മൊബൈൽ ടവറുകൾ ഇല്ലാത്തതുകാരണം മൊബൈൽ ഉപയോഗിക്കാനാവാത്തത്, മാവോയിസ്റ്റ് ഇടപെടലുകൾ, ഉരുൾപൊട്ടൽ അനുബന്ധ പ്രശ്നങ്ങൾ എന്നിവയാണ് പ്രദേശം നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ. വിവിധ സമുദായത്തിൽപ്പെട്ടയിവർക്ക് നറുക്കെടുപ്പിലൂടെ സ്ഥലം ലഭിച്ചിട്ടുള്ളതിനാൽ സ്വസമുദായക്കാർ പലഭാഗത്തുമായാണ് താമസിക്കുന്നത്. എല്ലാവർക്കും ഒരു ഭാഗത്തായാണ് ഉള്ളതെങ്കിൽ ആരാധന നടത്താനുള്ള സൗകര്യം ഉണ്ടാകുമായിരുന്നു. റോഡ് ഗതാഗത സൗകര്യങ്ങൾ ഗുണമേൻമ ഉറപ്പുവരുത്തി ഘട്ടംഘട്ടമായി പണിപൂർത്തിയാക്കുകയും, തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും അതോടൊപ്പം ചെറുകിടതൊഴിൽ മേഖലയിൽ ആവശ്യാ

നുസരണം മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്ത് ഈ പ്രദേശത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം. ആശയവിനിമയം സുഗമമാക്കാൻ മൊബൈൽ ടവറുകൾ സ്ഥാപിക്കാം. കാർഷിക വികസനത്തിനായും, ആന ശല്ല്യത്തിനെ ചൊറുത്തു നിൽക്കുവാനായും ആധുനിക സൗകര്യമൊരുക്കണം. കുട്ടികളുടെ കായിക ക്ഷമത ഉറപ്പു വരുത്താൻ ഗ്രൗണ്ട് വികസിപ്പിക്കണ്ടതുണ്ട്.

സുഗന്ധഗിരി ആറാം യൂണിറ്റ് സങ്കേതത്തിലെക്കുള്ള പ്രധാന റോഡ് മാത്രമേ ഗതാഗതയോഗ്യമായിട്ടുള്ളു. അതുകൊണ്ടുതന്നെ വീട് നിർമ്മാണം മറ്റു വികസന പരിപാടികൾ നടപ്പിലാക്കാൻ പ്രയാസമാണ്. തൊട്ടടുത്ത 5-ാം യൂണിറ്റിനെ അപേക്ഷിച്ച് ഗതാഗതസൗകര്യം വളരെ കുറവുള്ളതും മൃഗശല്ല്യം കൂടുതലുള്ള പ്രദേശവുമാണ്. ചെങ്കുത്തായതും വനഭൂമിയോട് ചേർന്നുകിടക്കുന്നതുമാണ് ഈ പ്രദേശത്ത് മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നുണ്ട്. 2018 ലെ വെള്ളപ്പൊക്കത്തിൽ പ്രദേശത്തെ ബന്ധിപ്പിച്ചിരുന്ന മുഴുവനായും ഒഴുകിപ്പോയ റോഡ്-പാലം പുനർനിർമ്മിക്കുകയും, ഗതാഗതയോഗ്യമായ റോഡ് ഉറപ്പുവരുത്തുകയും ചെയ്യണം. കൂടാതെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. കൃഷി നശിപ്പിക്കുന്നതിനാൽ മൃഗങ്ങളിൽ നിന്ന് സംരക്ഷണം അത്യാവശ്യമാണ്. സങ്കേതത്തിൽ റോഡിനു തടസ്സമായിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റിയാൽ കൂടുതൽ പേർക്ക് ഗതാഗതസൗകര്യമുണ്ടാക്കാം. റോഡ് സൗകര്യമില്ലാത്തതിനാൽ ഓട്ടോകൂലിയിനത്തിൽ കൂടുതൽ തുക ചിലവാകുന്നു.

# കണ്ണൂർ ജില്ല

# കണ്ണൂർ ജില്ല

വടക്ക് കാസർഗോഡ് ജില്ലയും, തെക്ക് കോഴിക്കോട് ജില്ലയും, കിഴക്ക് പശ്ചിമഘട്ട മലനിരകളും, പടിഞ്ഞാറ് അറബികടലും, തെക്ക് കിഴക്ക് വയനാട് ജില്ലയും കണ്ണൂർ ജില്ലയുടെ അതിർത്തി പങ്കിടുന്നു.

തളിപ്പറമ്പ് താലൂക്കിലെ ഉദയഗിരി പഞ്ചായത്തിലെ ആലക്കോട് എസ്റ്റേറ്റ് സങ്കേതത്തിൽ ഉൾപ്പെടുന്ന അപ്പർ ചീക്കാട് സങ്കേതവും,ലോവർ ചീക്കാട്സങ്കേതവും, മധുവനം സങ്കേതവും, കോളി സങ്കേതവും  ഇരിട്ടി നഗരസഭയിലെ ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതവുമാണ് കണ്ണൂർ ജില്ലയിലെ ടിആർഡിഎം പുനരധിവാസ സങ്കേതങ്ങൾ. ആറളം സങ്കേതം കണ്ണൂർ ജില്ലയിൽ ഉൾപ്പെട്ടതാണെങ്കിലും അവിടെ വികസന പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നതിനാൽ കിർടാഡ്സ് ഡയറക്ടരുടെ നിർദേശ പ്രകാരം ആറളം സങ്കേതം പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കരിമ്പാലൻ, മാവിലൻ, മലവേട്ടുവൻ, കുറിച്ച്യൻ സമുദായാംഗങ്ങളെയാണ് പദ്ധതിയിൽ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തത്.

കണ്ണൂർ ജില്ലയിലെ പുനരധിവാസ മേഖലകളിൽ ടി.ആർ.ഡി.എം. ഫണ്ട്  മുഖാന്തിരം ധാരാളം ധനസഹായങ്ങൾ ഗുണഭോക്താക്കൾക്ക് നൽകി വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ താഴെ നൽകുന്നു.

കുടിൽ നിർമ്മാണത്തിന് 216 ഗുണഭോക്താക്കൾക്ക് 3000 രൂപ വീതവും 2 ഗുണഭോക്താക്കൾക്ക് 5000 രൂപ വീതം ആകെ 6,58,000 രൂപയാണ് നൽകിയിരിക്കുന്നത്. ആട് വളർത്തൽ പദ്ധതി പ്രകാരം 6000 രൂപ വീതം 127 ഗുണഭോക്താക്കൾക്കും, 8000 രൂപ വീതം 5 ഗുണഭോക്താക്കൾക്ക് നൽകുകയും അങ്ങനെ  ആട് വളർത്തൽ പദ്ധതിക്ക് ആകെ 8,02,000 രൂപയാണ് നൽകിയിരിക്കുന്നത്. ലോവർ ചിക്കാടിലെ ഒരു ഗുണഭോക്താവിന് ചെറിയൊരു പെട്ടിക്കട തുടങ്ങി ഉപജീവനം നടത്തുന്നതിലേക്ക് 25000 രൂപ നൽകിയിരുന്നതാണ്. കിണർ നിർമ്മാണത്തിന് 1 ഗുണഭോക്താവിന് 15000 രൂപ നൽകിയിട്ടുണ്ട്. 8 ഗുണഭോക്താക്കൾക്കായി ആകെ 124000 രൂപ നൽകി വന്നതിൽ 2 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. വികലാംഗ യുവാവായ 1 ഗുണഭോക്താവിന് സ്കൂട്ടർ വാങ്ങുന്നതിലേക്ക് 73000 രൂപ നൽകിയിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി നീക്കി വെച്ച തുക 2,53,54,000 ആണ്. നിലവിൽ 143 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 53 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് ലോവർ ചീക്കാട്, അപ്പർചീക്കാട് എന്നീ പ്രദേശങ്ങളിലേക്ക് ആകെ നൽകിയത് 73,80,082 രൂപയാണ്. ഇതിലെ ഒരെണ്ണം 90% പൂർത്തിയാവുകയും ചെയ്തു. സോളാർ ഫെൻസിംഗിനായി ലോവർ ചീക്കാട്, അപ്പർ

ചീക്കാട് ആകെ 8,72,000 രൂപ നൽകിയതാണെങ്കിലും പ്രവൃത്തി ആരംഭിക്കാത്തതിനാൽ തുക വനം വകുപ്പിന് കൈമാറുകയാണ് ചെയ്തത്.

കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സങ്കേതങ്ങളാണ് ആലക്കോട് മേഖലയിൽ ഉള്ളത്. താൽക്കാലിക സംവിധാനങ്ങളും സ്വകാര്യവ്യക്തികളുടെ പറമ്പിൽ നിന്നുള്ള ജലസ്രോതസ്സുകൾ മറ്റ് പ്രകൃതിദത്ത സ്രോതസ്സുകൾ ഉപയുക്തപ്പെടുത്തുന്നതാണെ ങ്കിലും ഒരു നിശ്ചിത തുക സർക്കാർ വഴി നൽകിയിരുന്നതാണ്. ആലക്കോട് 3 കോളനികൾക്കായി 87,92,850 രൂപ വകയിരുത്തിയിരുന്നു. അതിൽ ജല വിഭവ വകുപ്പ് അനുവദിച്ചത് 74,65,000 രൂപയും വൈദ്യുതി വകുപ്പ് 13,27,857 രൂപയുമാണ് അനുവദിച്ചത്. എന്നാൽ നാളിതുവരെയും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. നടപ്പാത നിർമ്മാണത്തിനായി കോർപ്പസ് ഫണ്ട് വകുപ്പ് പ്രകാരം 2016 -18 കാലഘട്ടങ്ങളിൽ അപ്പർചീക്കാട് സങ്കേതത്തിലേക്ക് മാത്രം 300000 നൽകിയിരുന്നതാണ്. എന്നാൽ നടപ്പാല നിർമ്മാണത്തിന് ഭൂരിഭാഗം ഗുണഭോക്താക്കളും അനിഷ്ടം അറിയിച്ചിരുന്നതാണ്. ഇതിനുപകരമായി റോഡ് ഗതാഗതസൗകര്യമാണ് വരേണ്ടതെന്നും അവർ രേഖാമൂലം അറിയിച്ചതിൽ പ്രകാരം പ്രവർത്തനം ആരംഭിക്കാതിരിക്കുകയും ഉദയഗിരി പഞ്ചായത്തിന് തുക തിരികെ കൈമാറുകയും ചെയ്തു.

2016 - 17 കാലഘട്ടത്തിൽ കുരുമുളക് കൃഷിക്കായി 67 ഗുണഭോക്താക്കൾക്ക് 256735 രൂപ നൽകി വന്നിട്ടുണ്ട്. 2016 -17 കാലഘട്ടങ്ങളിൽ Special Central Assistance (SCA) യിൽ നിന്ന് Tribal sub plan (TSP) മുഖാന്തിരം വരുമാനദായക പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഉപജീവനമാർഗ്ഗം എന്ന നിലയ്ക്ക് പെട്ടിക്കട തുടങ്ങുന്നതിന് 25,000 രൂപയും സ്വയം സഹായ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണ ഉപകരണങ്ങൾ വാങ്ങുന്നതിന് 98,635 രൂപയും 11 ഗുണഭോക്താക്കൾക്ക് തയ്യൽമെഷീൻ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് 163515 രൂപയും കോളിയിലെ 2 ഗുണഭോക്താക്കൾക്ക് കാട് വെട്ടിയന്ത്രം വാങ്ങുന്നതിനായി 45400 രൂപയും നൽകിവന്നിട്ടുണ്ട്.

കോർപ്പസ് ഫണ്ട് പ്രകാരം 2016-17 കാലഘട്ടങ്ങളിൽ ലോവർചീക്കാട് മേഖലയിൽ നാടൻപാട്ട് ഗ്രൂപ്പിന് 54890 രൂപ വാദ്യോപകരണങ്ങൾ വാങ്ങുന്നതിനായി നൽകിയിരുന്നു. ഇതേ വർഷത്തിൽ തന്നെ അപ്പർ ചീക്കാട് സങ്കേതത്തിൽ കുടുംബശ്രീ യൂണിറ്റ് നേതൃത്വത്തിൽ പലഹാര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള ധനസഹായം ആയി 309253 നൽകിയതാണെങ്കിലും യൂണിറ്റ് ആരംഭിക്കാതെ നിലച്ച അവസ്ഥയാണ്. 2017 - 18 കാലഘട്ടങ്ങളിൽ കാർഷിക പദ്ധതിക്കായി ഒരു നിശ്ചിത തുക വകയിരുത്തിയിരുന്നു. വാഴ, കമുങ്ങ് കൃഷിയെ പ്രോത്സാഹനത്തിലേക്ക് 16 ഗുണഭോക്താക്കൾക്കായി നൽകിവന്നത് 121000 രൂപയാണ്.

## ആലക്കോട് പുനരധിവാസ മേഖല

കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തുകളായ ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളിലായാണ് സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്നത്. ഭൂമി അനുവദിച്ച എല്ലാ പ്രദേശങ്ങളും അടിസ്ഥാന സൗകര്യങ്ങൾ എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളതും വനാതിർത്തിയോടു ചേർന്ന് ഒറ്റപ്പെട്ട പ്രദേശങ്ങളുമാണ്. ജില്ലയിലെ ഭൂരഹിതരും ഒരേക്കറിൽ കുറവ് ഭൂമിയുള്ളവരുമായ മാവിലൻ, കരിംപാലൻ , മലവേട്ടുവൻ, കുറിച്യൻ തുടങ്ങിയ സമുദായങ്ങൾക്കാണ് ഭൂമി ലഭിച്ചത്.

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയിൽ നിന്നും ടി.ആർ.ഡി.എം ഏറ്റെടുത്ത ഭൂമിയാണ് ആലക്കോട് എസ്റ്റേറ്റ്. ഉദയഗിരി പഞ്ചായത്തിലെ ലോവർ ചീക്കാട്, അപ്പർ ചീക്കാട്, മധുവനം എന്നിവിടങ്ങളിലും ആലക്കോട് പഞ്ചായത്തിലെ കോളി, കരമരം തട്ട് എന്നിവിടങ്ങളിലുമാണ് ഭൂമി. 10/06/2003 ലെ സ.ഉ (എം.എസ്) 153/2003/സഉ. ഉത്തരവ് പ്രകാരം ഭൂമി ടി.ആർ.ഡി.എം ഏറ്റെടുത്തത്. നിലവിൽ 1.മധുവനം, 2.ലോവർ ചീക്കാട്, 3.അപ്പർ ചീക്കാട്, 4.കോളി തുടങ്ങിയ സങ്കേതങ്ങളിലാണ് പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്. ആലക്കോട് പുനരധിവാസ മേഖലയിൽ ആകെ 292 കുടുംബങ്ങൾക്കായി 1 ഏക്കർ ഭൂമിയാണ് വിതരണം ചെയ്തിട്ടുള്ളത് (ആദ്യം 392 കുടുംബങ്ങൾക്ക് 1 ഏക്കർ വീതമായിരുന്നു. എന്നാൽ 10 കൂടുംബങ്ങൾ പകരം ഭൂമി വാങ്ങി ആറളത്തെക്ക് പോയി). ഇതിൽ ലോവർ ചീക്കാട് സങ്കേതത്തിൽ 143 കുടുംബങ്ങളിലായി 143 ഏക്കർ ഭൂമി വിതരണം ചെയ്യുകയും 23 കുടുംബങ്ങൾ സ്ഥിരമായി താമസിക്കുകയും ചെയ്യുന്നുണ്ട്. അപ്പർ ചീക്കാട് സങ്കേതത്തിലെ 51 കുടുംബങ്ങൾക്കായി 51.10 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇവിടെ 15 കുടുംബങ്ങളും, മധുവനത്ത് 30 കുടുംബങ്ങൾക്ക് 30 ഏക്കർ വീതം നൽകിയെങ്കിലും 5 കുടുംബങ്ങൾ മാത്രമാണ് ഇവിടെ താമസിച്ചു വരുന്നത്. മറ്റൊരു പുനരധിവാസ മേഖലയായ കോളി സങ്കേതത്തിൽ 68 കുടുംബങ്ങൾക്കായി 68 ഏക്കർ വിതരണം ചെയ്തതിൽ 25 കുടുംബങ്ങളാണ് ഇവിടെ താമസിച്ചു വരുന്നത്. മാവിലൻ, കരിംപാലൻ സമുദായങ്ങളാണ് ഭൂമി അനുവദിച്ചവയിൽ ഏറെയും. കുറച്ചു മലവേട്ടുവർ വിഭാഗവും ഒരു കുറിച്യ വിഭാഗത്തിനും ഇവിടെ ഭൂമി അനുവദിച്ചിട്ടുണ്ട്.

# S.XXXVIII.മധുവനം

### S.XXXVIII.1 പ്രദേശം

കണ്ണൂർ ജില്ലയിലെ ആലക്കോട് സങ്കേതത്തിലെ ഉദയഗിരി പഞ്ചായത്തിലെ പുനരധിവാസ സങ്കേതമാണ് മധുവനം. സങ്കേതത്തിലെ ആകെ പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങൾ 32 ആണ്. ഇവിടെ ഇപ്പോൾ താമസിക്കുന്നത് 4 പേരാണ്. ഇതിലെ 2 പേരിൽ നിന്നാണ് സർവ്വേ വിവരങ്ങൾ ശേഖരിച്ചത്. ഇതിലെ ഒരു ഗുണഭോക്താവിന് ആറളത്ത് ഭൂമി ലഭ്യമായതായിരുന്നു. എന്നാൽ മകന്റെ ആരോഗ്യ പ്രശ്നങ്ങൾ മൂലം ലഭിച്ച ഭൂമി മാറ്റി നൽകി ഇവിടേക്ക് താമസമാക്കുകയാണ് ഉണ്ടായത്. ഊരുകൂട്ടം, പ്രമോട്ടർമാർ, പട്ടികവർഗ്ഗ സംഘടനകൾ, രാഷ്ട്രീയ പാർട്ടിക്കാർ എന്നിവിടങ്ങളിൽ

നിന്നാണ് ഭൂമി സംബന്ധമായ വിവരങ്ങൾ ഇവർക്ക് ലഭ്യമായിരുന്നത്. കാഞ്ഞിരക്കൊല്ലി , ചിറ്റാരി, ഉദയഗിരി പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും മാറിത്താമസിച്ചവരാണ് സങ്കേതവാസികൾ. സർക്കാറിന്റെ നിർദ്ദേശപ്രകാരമാണ് ഭൂമി തിരഞ്ഞെടുത്തിരുന്നത്. ഗതാഗതസൗകര്യം ഉള്ളതും കൃഷിക്കായി ഉപയോഗപ്പെടുത്താവുന്നതുമായ ഭൂമിയാണിത്. ഭൂമി ലഭിച്ചതിനു ശേഷമാണ് ഭൂമി സന്ദർശിച്ചത്.

മധുവനം സങ്കേതത്തിൽ താമസമാക്കിയ 2 (50%) ഗുണഭോക്താക്കളുടെ സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

# MADHUVANAM-1

**DISTRICT : KANNUR**


**TALUK : TALIPARAMBA**

**VILLAGE : VELLAD**

**SURVEY No. : 292/1A pt. (Old)**

**TOTAL AREA : 7.2241HECTARES**

**SCALE 1 C.M. = 20 METRES**




CO-ORDINATES

| Reference | East | North |
|---|---|---|
| NP32 | 22116.911 | -8.140 |
| M14 | 22308.648 | -13.520 |
| M15 | 22325.497 | 26.596 |
| M16 | 22311.568 | 44.583 |
| M17 | 22288.488 | 33.156 |
| M18 | 22247.785 | 21.630 |
| M19 | 22229.915 | 16.036 |
| M20 | 22214.494 | 12.654 |
| M21 | 22182.787 | 14.432 |
| M22 | 22146.987 | 19.873 |
| M23 | 22136.153 | 32.241 |
| M24 | 22124.499 | 69.478 |
| M25 | 22118.100 | 87.537 |
| M26 | 22112.023 | 100.422 |
| NP5 | 21690.731 | 600.914 |
| NP6 | 21733.842 | 639.431 |
| NP9 | 21686.732 | 686.499 |
| NP11 | 21637.727 | 570.332 |
| NP12 | 21759.808 | 554.259 |
| NP16 | 21826.388 | 613.480 |
| NP18 | 21790.011 | 585.528 |
| NP20 | 21839.312 | 530.896 |
| NP22 | 21776.482 | 571.521 |
| NP24 | 21845.633 | 472.534 |
| NP25 | 21942.805 | 472.850 |
| NP26 | 22038.704 | 274.010 |
| NP28 | 21977.501 | 188.386 |
| NP29 | 22085.676 | 183.803 |
| NP30 | 22096.798 | 25.706 |
| NP31 | 22213.766 | -20.554 |
| S08 | 22293.007 | -1.923 |
| S09 | 22240.521 | -15.653 |
| S10 | 22203.969 | -22.349 |
| S11 | 22178.059 | -19.688 |
| S12 | 22131.974 | -15.579 |
| S13 | 22104.844 | 9.047 |
| S14 | 22092.434 | 34.742 |
| S15 | 22079.564 | 77.358 |
| S16 | 22077.812 | 96.375 |
| S17 | 22057.099 | 108.172 |
| S18 | 22021.678 | 145.419 |
| S19 | 21990.699 | 174.935 |
| S20 | 21971.548 | 194.453 |
| S21 | 21966.977 | 215.275 |
| S22 | 22001.388 | 226.960 |
| S23 | 21997.497 | 250.617 |
| S24 | 21978.217 | 338.209 |
| S25 | 21972.708 | 360.084 |
| S27 | 21957.999 | 406.430 |
| S28 | 21932.095 | 428.653 |
| S29 | 21905.079 | 450.210 |
| S30 | 21884.103 | 451.647 |
| S32 | 21869.228 | 458.318 |
| S33 | 21828.502 | 482.856 |
| S34 | 21816.150 | 497.385 |
| S35 | 21804.266 | 503.515 |
| S36 | 21758.670 | 518.755 |
| S37 | 21728.053 | 528.643 |
| S38 | 21721.991 | 534.218 |
| S39 | 21693.619 | 545.218 |
| S40 | 21619.484 | 578.529 |
| S41 | 21597.714 | 583.994 |
| S42 | 21610.507 | 610.721 |
| S43 | 21637.962 | 656.488 |
| T27 | 22110.021 | 129.952 |
| T28 | 22112.765 | 137.068 |
| T29 | 22121.453 | 150.105 |
| T30 | 22102.563 | 159.254 |
| T31 | 22062.439 | 217.583 |
| T32 | 22049.670 | 248.175 |
| T33 | 22023.074 | 310.830 |
| T34 | 22017.174 | 331.239 |
| T35 | 22010.905 | 353.772 |
| T36 | 22012.837 | 354.461 |
| T37 | 22010.405 | 364.327 |
| T38 | 22003.767 | 381.237 |
| T39 | 21991.873 | 407.755 |
| T40 | 21971.447 | 428.065 |
| T41 | 21949.451 | 461.248 |
| T42 | 21927.894 | 498.882 |
| T43 | 21905.704 | 526.409 |
| T44 | 21892.217 | 543.539 |
| T45 | 21881.299 | 550.785 |
| T46 | 21872.798 | 567.971 |
| T47 | 21811.590 | 627.991 |
| T48 | 21798.830 | 646.113 |
| T49 | 21790.472 | 660.568 |
| T50 | 21776.953 | 677.948 |
| T51 | 21761.814 | 700.755 |
| T52 | 21746.483 | 727.949 |
| T53 | 21726.966 | 714.001 |
| T54 | 21657.012 | 666.184 |

SURVEYED BY

| NAME | SIGNATURE |
|---|---|
| M.V.Ramesan (F.G.S) | |
| I.V.Prabhakaran (F.G.S) | |
| T.Chandran (F.G.S.) | |
| P.Vinod (S.G.S.) | |
| Sunil Joseph Fernandas(F.G.S.) | |
| P.K.Prakasan (F.G.S.) | |
| K.Moideen (S.G.S.) | |
| E.Shajesh (S.G.S.) | |

INSPECTED BY


| NAME | SIGNATURE |
|---|---|
| K.P.Radhakrishnan (H.S.) | |
| E.Abdulla(Supdt. of Survey) | |
| Babu Thekkan (Deputy Director) | |

Prepared by
T.V.Sunil Kumar (F.G.D.)
Checked by
K.Sunil Kumar (F.G.D.)

SUPERINTENDENT OF SURVEY & LAND RECORDS, COLLECTORATE KANNUR

# MADHUVANAM-3

**DISTRICT : KANNUR**
**TALUK : TALIPARAMBA**
**VILLAGE : VELLAD**
**SURVEY No. : 292/1A pt. (Old)**
**TOTAL AREA : 7.5572HECTARES**
**SCALE 1 C.M. = 20 METRES**




**292/1A pt.**

**292/1A pt.**

CO-ORDINATES

| Reference | East | North |
|---|---|---|
| NP21 | 22077.274 | 1096.335 |
| A05 | 22002.541 | 927.919 |
| A08 | 22071.289 | 954.106 |
| A12 | 22076.140 | 1158.205 |
| A13 | 22074.102 | 1188.641 |
| A14 | 22069.684 | 1262.713 |
| A20 | 21831.534 | 1288.853 |
| E1 | 22060.700 | 1095.847 |
| K01 | 21876.418 | 846.863 |
| K02 | 21869.936 | 910.115 |
| K03 | 21873.841 | 921.368 |
| K04 | 21886.175 | 919.516 |
| K05 | 21897.088 | 935.786 |
| K06 | 21915.572 | 943.731 |
| K07 | 21911.476 | 961.965 |
| K08 | 21931.073 | 973.614 |
| K09 | 21957.464 | 991.053 |
| K10 | 21967.345 | 1009.928 |
| K11 | 21986.891 | 1023.693 |
| K12 | 21986.263 | 1016.070 |
| K13 | 21991.626 | 1011.700 |
| K14 | 21996.461 | 1022.102 |
| K15 | 21998.442 | 1010.726 |
| K16 | 21988.015 | 988.240 |
| K17 | 21994.239 | 984.212 |
| K18 | 21995.266 | 973.464 |
| K19 | 21989.350 | 968.374 |
| K20 | 21998.424 | 963.210 |
| K21 | 22010.784 | 964.567 |
| K22 | 22005.347 | 961.859 |
| K23 | 21913.164 | 997.513 |
| K24 | 21917.398 | 1007.275 |
| K25 | 21933.949 | 1041.071 |
| K26 | 21936.583 | 1056.305 |
| K27 | 21923.698 | 1082.803 |
| K28 | 21883.204 | 1149.950 |
| K29 | 21859.600 | 1185.729 |
| K31 | 21824.273 | 1235.979 |
| M01 | 21887.958 | 850.978 |
| M02 | 21925.411 | 872.323 |
| M03 | 21962.770 | 898.404 |
| M04 | 21985.459 | 916.486 |
| M05 | 21997.335 | 925.817 |
| M06 | 22004.655 | 929.144 |
| M07 | 22028.358 | 937.723 |
| M08 | 22037.838 | 938.413 |
| M09 | 22045.247 | 944.354 |
| M10 | 22080.315 | 987.306 |
| M11 | 22084.244 | 1012.161 |
| M12 | 22086.640 | 1032.031 |
| M013 | 22088.315 | 1044.979 |
| M015 | 21926.380 | 1305.009 |
| M016 | 21823.531 | 1257.183 |
| NP2 | 21995.467 | 991.960 |
| NP5 | 21993.630 | 1045.777 |
| NP8 | 22001.907 | 1087.381 |
| NP13 | 21989.273 | 1189.760 |
| NP14 | 21995.477 | 1139.486 |
| NP15 | 22077.272 | 1142.722 |
| NP19 | 21992.952 | 1297.446 |
| NP20 | 21980.883 | 1239.735 |
| NP22 | 22071.897 | 1235.589 |
| NP28 | 21913.905 | 1248.028 |
| NP30 | 21846.446 | 1203.895 |
| NP32 | 21906.179 | 1197.983 |
| NP36 | 21902.008 | 1118.789 |
| NP38 | 21927.136 | 1124.338 |
| NP39 | 21928.082 | 1196.014 |
| M014 | 22022.437 | 1294.097 |

SURVEYED BY

| NAME | SIGNATURE |
|---|---|
| K.Sureshan (F.G.S) | |
| I.V.Prabhakaran (F.G.S) | |
| T.Chandran (F.G.S.) | |
| P.Vinod (S.G.S.) | |
| Sunil Joseph Fernandas(F.G.S.) | |
| P.K.Prakasan (F.G.S.) | |
| K.Moideen (S.G.S.) | |
| E.Shajesh (S.G.S.) | |

INSPECTED BY

| NAME | SIGNATURE |
|---|---|
| K.P.Radhakrishnan (H.S.) | |
| E.Abdulla(Supdt. of Survey) | |
| Babu Thekkan (Deputy Director) | |

Prepared by
T.V.Sunil Kumar (F.G.D.)
Checked by
K.Sunil Kumar (F.G.D.)

## S.XXXVIII.2 സമുദായ ഘടന

കരിമ്പാലൻ, കുറിച്യ സമുദായംഗങ്ങളാണ് ഇവിടെ അധിവസിക്കുന്നത്.

## S.XXXVIII.3 അടിസ്ഥാന സൗകര്യം

പുനരധിവാസത്തിലെ സ്ഥിരതാമസക്കാരാണ് ഇവർ. മറ്റ് പഞ്ചായത്തിൽ ഉള്ളവരായതിനാലും കുടിവെള്ള പ്രശ്നങ്ങൾ മൂലവും, ഏറെ ദൂരെ ഉള്ളവരായതിനാലും സങ്കേതത്തിൽ മാറിത്താമസിക്കാത്തവരുടെ എണ്ണം കൂടുതലാണ്. സ്വന്തമായി ഭൂമി വാങ്ങിയവരെ ഉൾപ്പെടുത്തി താൽക്കാലികപാർപ്പിടത്തിന് ആദ്യഘട്ടത്തിൽ 3000/-രൂപ സർക്കാർ നൽകി യിട്ടുണ്ട്. ഭൂമി ലഭ്യമാകുന്നതിന് മുമ്പ് ബന്ധുമിത്രാദികളോടൊപ്പമാണ് താമസിച്ചിരുന്നത്. സ്വന്തം ഇഷ്ടപ്രകാരം നടത്തിയ ഭവന നിർമ്മാണങ്ങൾ ആണ് ഇവിടെയുള്ളത്. സാമൂഹികസംസ്കാരിക നിലയങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയുടെ അഭാവം സങ്കേതത്തിൽ നിലനിൽക്കുന്നുണ്ട്. 3 കി.മി. ദൂരത്തോളം നടന്നു യാത്ര ചെയ്യേണ്ടിവന്ന ഇവർക്ക് മതിയായ ഗതാഗത സൗകര്യമില്ല. 2018 ൽ 10 കോൽ കിണർ നിർമ്മാണവും, തൊഴിലുറപ്പ് പദ്ധതി പ്രകാരം സങ്കേതത്തിനകത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും ചെറുരീതിയിൽ നടത്തിയിട്ടുണ്ട്.

### അടിസ്ഥാന സൗകര്യങ്ങൾ പുനരധിവാസത്തിന് മുമ്പും ശേഷവും

ബന്ധുമിത്രാദികളോടൊപ്പം താമസിച്ചുവന്നിരുന്ന ഇവർ ടി ആർ ഡി എം ൽ നിന്നും ഭൂമി ലഭ്യമായതിനു ശേഷം തങ്ങളുടെ മുള, ഓലമേഞ്ഞ, ഓട് മേൽക്കുരകളിൽ നിന്നും കോൺക്രീറ്റ് കെട്ടിടങ്ങളിലെക്കും, ചാണകം മെഴുകിയ തറകളിൽ നിന്ന് കരിങ്കൽ തറകളിലെക്കും, ഈറ്റ, മണ്ണ് എന്നിവകൊണ്ട് നിർമ്മിച്ച ഭിത്തിയിൽ നിന്ന് സിമന്റ് കട്ടയിലെക്കും ജീവിതം വഴിമാറി. മുറികളുടെ എണ്ണവും പഴയതിൽ നിന്നും വർദ്ധിപ്പിച്ചു. ഭവനനിർമ്മാണം നടത്തിവരുന്ന ഗുണഭോക്താക്കൾ താത്ക്കാലിക പ്ലാസ്റ്റിക് ഷീറ്റ് മേൽക്കൂരയ്ക്കകത്ത് കഴിഞ്ഞുവരുന്നുമുണ്ട്. ഭൂമി ലഭ്യമായത് ഇവർക്ക് വലിയ ആശ്വാസം തന്നെയാണ്. രണ്ടരലക്ഷത്തോളം രൂപ സ്വന്തം ഭവന നിർമ്മാണത്തിനായി ഇപ്പോൾ നൽകുന്നുണ്ട്. താമസയോഗ്യമായ സ്ഥലങ്ങൾ ആണെങ്കിലും വെല്ലുവിളികൾ നേരിടുന്നു.

കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബത്തിലേക്ക് മാറിതാമസിച്ചവരാണ് ഇവർ. ഇപ്പോൾ ഇവരുടെ ജീവിത നിലവാരത്തിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്.

## S.XXXVIII.4 വിദ്യാഭ്യാസം

പുനരധിവാസ കേന്ദ്രത്തിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 3 കി.മി. ദൂരെയുള്ള ഗവ.ജി.എച്ച്.എസ്സ്.എസ്സ് മണക്കടവ് ആണുള്ളത്. ഇവിടെ 1ാം ക്ലാസ്സ് മുതൽ 12ാം ക്ലാസ്സ് വരെയാണ് പഠിപ്പിക്കുന്നത്. തുടർ വിദ്യാഭ്യാസം ചെയ്യുന്ന ആളുകളുടെ എണ്ണം കുറവാണ്. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തേണ്ടതായുണ്ട്. ഇതിനായി വേണ്ടത്ര അവബോധം മാതാപിതാക്കൾക്ക് നൽകേണ്ടതാണ്. വൈദ്യുതി ലഭ്യമാകാത്ത വീടുകളിലെ പഠനനിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടില്ല.6-25 വയസ്സിനിടയിൽ പഠനം നിർത്തിയവർ ഉണ്ട്.

## S.XXXVIII.5 ആരോഗ്യം

സാമൂഹികവും മാനസികപരവുമായ ആകുലതകൾ ഒന്നും തന്നെ പുനരധിവാസ മേഖല യിൽ ഉള്ളവർ നേരിട്ടിട്ടില്ല. പകർച്ചവ്യാധികൾ ആയ ടി.ബി, വൃക്കസംബന്ധമായ അസുഖങ്ങൾ ഉള്ള വരുണ്ട്. അലോപ്പതി ചികിൽസാരീതികൾ ആണ് ആശ്രയിക്കുന്നത്. 1/2 കിമി അകലെയുള്ള ബായി കബയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രമുണ്ടങ്കിലും അവിടെ വല്ലപ്പോഴും മാത്രമെ പ്രവർത്തിക്കുന്നുള ളുവെന്ന് ഇവർ പറയുന്നു. അതിനാൽ തന്നെ ആരോഗ്യ സേവനത്തിൽ സംതൃപ്തരല്ല സങ്കേതവാ സികൾ. ബുദ്ധി വൈകല്യമുള്ള, ശാരിരിക വെല്ലുവിളികൾ നേരിടുന്ന ഒരു കുട്ടി സങ്കേതത്തിലുണ്ട്.

പഴയ കാല ആഹാര ശീലങ്ങളിൽ മാറ്റം ഉണ്ടായിട്ടുണ്ട്. പാൽ, മത്സ്യം, മാംസം എന്നിവ യുടെ ഉപയോഗം ഇപ്പോൾ ഇവരുടെയിടയിൽ കൂടിയിട്ടുണ്ട്.

## S.XXXVIII.6 തൊഴിലും വരുമാനവും

കൃഷി, നിർമ്മാണമേഖലകൾ, മരപ്പണി എന്നിവയിൽകൂടി ഉപജീവന മാർഗ്ഗം കണ്ടെത്തിയിരു ന്നവരാണിവർ. സങ്കേതത്തിൽ 50% പേർ നിർമ്മാണ മേഖലയിലെ തൊഴിലാളികളാണ്. പഴയ തൊഴി ലിൽ നിന്നും കിട്ടുന്നതിനേക്കാൾ വരുമാനം വർദ്ധിച്ചിട്ടുണ്ട്. റബ്ബർ, കുരുമുളക്, അടയ്ക്ക, വാഴ, കമുക് എന്നിവ തങ്ങളുടെ ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ട്. ആദ്യ കൃഷി ആയതിനാൽ വിപണനം സാധിച്ചിട്ടില്ല. ഗാർഹിക ആവശ്യത്തിന് മാത്രമേ നിലവിൽ ഉൽപനങ്ങൾ ലഭ്യമായിട്ടുള്ളൂ. മതിയായ സൗകര്യങ്ങൾ സങ്കേതത്തിൽ ഇല്ല എന്നത് കൃഷിയെ കാര്യമായി ബാധിക്കുന്നുണ്ട്. മൃഗപരിപാലന ത്തിനായി ആടിനെ നൽകിയിട്ടുണ്ട്. എന്നാൽ സ്വയം തൊഴിൽ പരിശീലനങ്ങൾ ഒന്നും തന്നെ ഇവി ടെ നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിൽ അംഗത്വം ഇവർക്കുണ്ട്.

## S.XXXVIII.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

### ഊരുകൂട്ടം

സങ്കേതത്തിൽ ഊരുകൂട്ടം രജിസ്റ്റർ ചെയ്തും വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തും നട പ്പിലാക്കുന്നുണ്ട്. വർഷത്തിൽ 2 തവണയാണ് ഊരുകൂട്ടം ചേരുന്നത്. ഊരുമൂപ്പൻ, പ്രമോട്ടർമാർ, സൈറ്റ് മാനേജർ, പഞ്ചായത്ത് മെമ്പർമാർ, പ്രസിഡന്റ്, അംഗത്വമുള്ള കുടുംബാംഗങ്ങൾ എന്നിവർ ഇതിൽ പങ്കെടുത്തു വരുന്നു. 1 മണിക്കൂറാണ് സമയപരിധി. മിനിട്സുകൾ കൃത്യമായി തയ്യാറാക്കു ന്നുണ്ട്. പുനരധിവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ യോഗത്തിൽ നൽകുന്നുണ്ട്. കുടുംബശ്രീ പോലുള്ള സ്വയം സഹായ സംഘങ്ങൾ സങ്കേതത്തിലുണ്ട്.

## S.XXXVIII.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

അടുത്ത പ്ലോട്ടുകളിൽ ആൾതാമസമില്ലാത്തതിനാൽ കാട് പിടിച്ചു കിടക്കുന്നു. സങ്കേതത്തി ൽ റോഡ്, കുടിവെള്ള സൗകര്യങ്ങളില്ല.രണ്ട് വീടുകൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. റോഡ് മികവുറ്റ

താക്കി നൽകാമെന്നും, വൈദ്യുതി ലഭിക്കാൻ സ്ഥിര സംവിധാനങ്ങൾ നടപ്പിൽ വരുത്താമെന്നുമാണ് വാഗ്ദാനങ്ങൾ നൽകിയതെങ്കിലും നടപ്പാക്കിയിട്ടില്ല.

കുടിവെള്ള സ്രോതസ്സുകൾ പരിമിതമാണ്. സ്വന്തം ചിലവിൽ കിണർ നിർമ്മിച്ചവർ ഇവിടെയുണ്ട്. പൈപ്പ് വഴി കുളത്തിൽ നിന്നും വെള്ളം ലഭ്യമാക്കിവരുന്നുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.

### S.XXXVIII.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. കുടിവെള്ളസ്രോതസ്സുകൾ പരിമിതമായതിനാൽ കുടിവെള്ളസൗകര്യം ലഭ്യമാക്കേണ്ടതാണ്.
2. സങ്കേതത്തിന് കാര്യക്ഷമമായ പി.എച്ച്.സി ഉണ്ടാവേണ്ടതുണ്ട്.
3. കാട് പ്രദേശമായതിനാൽ തക്ക സൗകര്യങ്ങൾ നൽകിയാൽ മാത്രമെ എല്ലാവരും താമസിക്കുവാൻ താത്പര്യപ്പെടുകയുള്ളു.
4. വൈദ്യുതി എല്ലാ വീടുകളിലും വിതരണം ചെയ്യണം.
5. സങ്കേതത്തിൽ അംഗൻവാടികൾ സ്ഥാപിക്കണം.
6. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. വികലാംഗക്ഷേമ പദ്ധതികൾ, ശാരീരിക വെല്ലുവിളികൾ ഉള്ളവർക്ക് നൽകുന്ന സംവിധാനങ്ങൾ സുതാര്യമാക്കുക
8. ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുക.

## S. XXXIX. കോളി

### S. XXXIX. 1 പ്രദേശം

ആലക്കോട് സങ്കേതത്തിലെ മറ്റൊരു പ്രധാന പുനരധിവാസ കേന്ദ്രമാണ് കോളി. 2006-2009 വർഷങ്ങളിൽ ഭൂമി ലഭ്യമായവരാണ് സങ്കേതത്തിലുള്ളത്. സ്വന്തമായി ഭൂമി ഇല്ലാത്തതിന്റെ പേരിൽ പുനരധിവസിപ്പിക്കപ്പെടേണ്ടി വന്നവരാണിവർ. കല്ലുടി, കൊല്ലാട്, കൊളാമ്പി, ഉദയഗിരി, എന്നീ പ്രദേശങ്ങളിൽ നിന്നും ആലക്കോട് തന്നെ മറ്റ് ഭാഗങ്ങളിൽ നിന്നും മാറിത്താമസമാക്കിയവരാണ് ഇവർ. പുനരധിവാസ മേഖല അളന്ന് തിട്ടപ്പെടുത്തിയതിനു ശേഷം സന്ദർശിക്കാനുള്ള അവസരം ലഭിച്ചിരുന്നു. 2008 ൽ 72 കുടുംബങ്ങൾക്ക് 1 ഏക്കർ വീതം സർവ്വേ നടത്തി പ്ലോട്ട് തിരിച്ച് ഭൂമി നൽകിയിരുന്നു. എന്നാൽ റോഡ്, കുടിവെള്ളം, ഗതാഗതം മറ്റ് സാമൂഹിക സൗകര്യങ്ങൾ, അരോഗ്യ കേന്ദ്രം എന്നിവയുടെ അപര്യാപ്തത മൂലം ഭുമി ഉപേക്ഷിച്ചു പോയവരാണ് ഏറിയ പേരും. നിലവി

ൽ 30കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. കരിംപാലൻ, മാവിലൻ, മലവേട്ടുവൻ സമുദായക്കാർക്കാണ് ഭൂമി ലഭിച്ചത്. ഭൂരിപക്ഷം കരിമ്പാലൻ സമുദായക്കാരാണുള്ളത്.


കോളി സങ്കേതത്തിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ 16% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

# KOLY ESTATE

**VILLAGE : ALAKKODE**
**TALUK :TALIPARAMBA**
**DISTRICT :KANNUR**
**SURVEY NO. : 57 (53/1A)**

AREA :By computer process = 32.7056 Hectares

Number of Subdivisions : 82
Scale :1c.m. = 20 Metres



INSPECTED BY

| NAME | DESIGNATION | SIGNATURE |
|---|---|---|
| [illegible] | Head Surveyor | |
| [illegible] Abdulla | District Superintendent | |
| [illegible] | Deputy Director | |

SURVEYED BY

| NAME | DESIGNATION | SIGNATURE |
|---|---|---|
| [illegible] | First Grade Surveyor | |
| [illegible] | First Grade Surveyor | |
| [illegible] | First Grade Surveyor | |
| [illegible] | First Grade Surveyor | |
| [illegible] | First Grade Surveyor | |
| [illegible] | First Grade Surveyor | |
| [illegible] | Second Grade Surveyor | |

## S. XXXIX. 2 സമുദായഘടന

നിലവിൽ കരിമ്പാലൻ, മാവിലൻ എന്നീ സമുദായംഗങ്ങളാണ് ഇവിടെ അധിവസിക്കുന്നത്.

## S. XXXIX. 3 അടിസ്ഥാന സൗകര്യം

പുനരധിവാസ മേഖലയിലെ സ്ഥിരതാമസക്കാരാണിവർ. എന്നാൽ ഭൂമി ലഭ്യമായിട്ടും മാറി ത്താമസിക്കാത്തവരും ഇവർക്കിടയിലുണ്ട്. റോഡ്, കുടിവെള്ളം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് പ്രധാന കാരണ ങ്ങൾ. താൽക്കാലിക കുടിൽ കെട്ടി താമസിക്കുന്നവരും പിന്നീട് സങ്കേതം ഉപേക്ഷിച്ചു പോകുക യാണ് ചെയ്യുന്നത്.

ബന്ധുമിത്രാദികളോടൊപ്പം കുടുംബ വീടുകളിൽ താമസിച്ചു വന്നിരുന്ന ഇവർക്ക് സങ്കേത ത്തിൽ താൽക്കാലിക പാർപ്പിടം ഒരുക്കുന്നതിലേക്ക് 3000/-രൂപ വീതം ധനസഹായം നൽകി വരുന്നു ണ്ട്. കരാർ നൽകിയും സ്വന്തം താൽപര്യപ്രകാരവും ഭവന നിർമ്മാണം നടത്തുന്നവർ ഇവിടെയുണ്ട്. ഗതാഗത സൗകര്യങ്ങൾ ഒട്ടുമില്ലാതിരുന്ന ഈ പ്രദേശത്ത് നിലവിൽ ചെറിയ റോഡ് നിർമ്മാണം നട ന്നുകൊണ്ടിരിക്കുന്നു. എന്നാൽ സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ല. ടാറിംഗ് കഴിയാത്ത മൺറോഡായതി നാൽ മഴക്കാലങ്ങളിൽ മണ്ണിടിച്ചിലും നേരിടേണ്ടി വരുന്നുണ്ട്.

സർക്കാർ വകയിലുള്ള ജലസേചന സൗകര്യങ്ങൾ ഇവിടെയില്ല. താൽക്കാലികമായി ജലനി ധിയിലെ വെള്ളം പ്രയോജനപ്പെടുത്തുന്നവരുണ്ട്. തൊട്ടടുത്ത സ്വകാര്യ വ്യക്തികളുടെ വെള്ളം മഴ ക്കാലങ്ങളിൽ ലഭ്യമാകും, എന്നതല്ലാതെ കടുത്ത ക്ഷാമം നേരിടുന്നു. തൊഴിലുറപ്പ് പദ്ധതിയിലൂടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നു. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 2013 മുതൽ കയ്യാലകെട്ടൽ നടത്തുന്നുണ്ട്. കൂടാതെ ചെറിയ മഴക്കുഴികളും ആവശ്യമുള്ളവർക്കനു സരിച്ച് നിർമ്മിക്കുന്നുണ്ട്.

### അടിസ്ഥാന സൗകര്യങ്ങൾ പുനരധിവാസത്തിന് മുമ്പും ശേഷവും

പുനരധിവാസത്തിന് മുമ്പ് ബന്ധുവീടുകളിലോ കൂട്ടു കുടുംബവ്യവസ്ഥിതിയിലോ ഓലപ്പുര കളിലും ഓട് വീടുകളിലും കഴിഞ്ഞു വന്നിരുന്ന ഇവർ പുനരധിവാസത്തിന് ശേഷം കോൺക്രീറ്റ് കെട്ടിടത്തിൽ താമസമാരംഭിച്ചു. ചാണകം മെഴുകിയ മൺതറകളും പനമ്പ്, കല്ലിന്റെ ഭിത്തികളിൽ നിന്നും സിമന്റ് ഭിത്തി, തറ എന്നിവയിലേക്ക് മാറി. മുറികളുടെ എണ്ണവും അടുക്കള സൗകര്യങ്ങളും വർദ്ധിച്ചു. താൽക്കാലിക കുടിൽ നിർമ്മാണത്തിന് 3000 രൂപയും നൽകിയിട്ടുണ്ട്. **2.5-4** ലക്ഷം രൂപ യോളം ഭവന നിർമ്മാണത്തിനു നൽകിയിട്ടുണ്ട്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകു ടുംബ വ്യവസ്ഥിതിയിലേക്കാണ് പുനരധിവസിപ്പിക്കപ്പെട്ടവർ ചേക്കേറിയത്. ജീവിത രീതിയിലും ജീവിതനിലവാരത്തിലും നല്ല രീതിയിൽത്തന്നെയാണ് മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്. സൗകര്യങ്ങൾ

വർദ്ധിപ്പിച്ചും വൈദ്യുതി ലഭ്യമായി സ്വന്തം ഇഷ്ടപ്രകാരമുള്ള ജീവിതമായതിനാൽ തൃപ്തരാണെങ്കിലും ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തതയും തൊഴിൽപരമായ പ്രശ്നങ്ങളും ഇവർക്ക് വലിയ രീതിയിൽ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. നല്ല രീതിയിലുള്ള സമീപനമാണ് മറ്റ് സമുദായക്കാരുമായി ഉള്ളത്. പരസ്പര സഹകരണവും സഹവർത്തിത്ത്വവും ഉണ്ട്. ആചാരങ്ങളിലും മറ്റ് ചടങ്ങുകളിലും കാര്യമായ മാറ്റങ്ങൾ വന്നിട്ടില്ല. ആരാധന നടത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഒന്നും തന്നെയില്ല.

നിലവിൽ ലഭിച്ച 1 ഏക്കർ ഭൂമി അപേക്ഷ സമർപ്പിച്ച് 1 വർഷത്തിനകം തന്നെ ലഭ്യമായിരുന്നു. 2008ൽ കൃത്യമായി അളന്നു തിട്ടപ്പെടുത്തിയ, കൃഷിക്ക് ഉപയുക്തപ്പെടുത്താവുന്ന, റബ്ബർ മരങ്ങൾ ഉള്ള പ്ലാന്റേഷൻ ഭൂമിയാണ് ഇവർക്ക് ലഭിച്ചത്. ആകെ 19 വീടുകളുടെതാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്.

## S. XXXIX. 4 വിദ്യാഭ്യാസം

കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാനായി മതിയായ സൗകര്യങ്ങൾ ഇവിടെയില്ല. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത ആണ് പ്രധാന കാരണം. സ്കൂൾ വിദ്യാഭ്യാസത്തിന് കിലോമീറ്ററുകൾ താണ്ടണം. 1 മുതൽ +2 വരെ 5 കി.മി അകലെയുളള ഗവ. എൻ.എസ്സ്.എസ്സ് ആലക്കോടാണ് നിലവിൽ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. റോഡ്, വാഹനസൗകര്യങ്ങൾ ഇല്ലാത്തതിനാൽ നടന്നു പോകേണ്ട സാഹചര്യമാണ് ഇവിടെയുള്ളത്. അതിനാൽത്തന്നെ പലരും ഭൂമി ഉപേക്ഷിച്ചു പോകുന്നു. സ്കൂളിൽ നിന്ന് വീട്ടിലേക്കും തിരിച്ചും രണ്ടു തവണ നടന്നു വരുന്നത് കുട്ടികളിൽ ക്ഷീണം , തളർച്ച എന്നിവ ഉണ്ടാക്കുന്നുണ്ട്. ഇത് ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഏറിയ പേരുടെതും ഗൃഹങ്ങളിൽ പഠനാന്തരീക്ഷം മെച്ചമല്ല. സർക്കാർ ധനസഹായം നല്ല രീതിയിൽ ലഭ്യമാകുന്നില്ല. വാഹന സൗകര്യങ്ങൾ വളരെ കുറവാണ്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## S. XXXIX. 5ആരോഗ്യം

പുനരധിവാസത്തിന് ശേഷം സാമൂഹികവും മാനസികവുമായ പ്രശ്നങ്ങൾ നേരിട്ടവരാണ് ഏറിയപേരും. ആകുലത, ഉറക്കമില്ലായ്മ, തൊഴിൽ ചെയ്യാനുള്ള താൽപര്യക്കുറവ് എന്നിവ ഇതിൽപ്പെടും. രാത്രികാലങ്ങളിൽ ഒറ്റപ്പെട്ട അവസ്ഥമൂലം ഭയപ്പെട്ട് ഓടുന്ന പ്രവണതയിലുള്ള മക്കളും ചില ഗുണഭോക്താക്കൾക്ക് ഉണ്ട്. അതിനാൽത്തന്നെ കൗൺസിലിംഗ് വിധേയരായിട്ടുള്ളവരുണ്ട്. ചിക്കൻ പോക്സ്, പനി പോലുള്ള പകർച്ച വ്യാധികളും പക്ഷാഘാതം, പ്രമേഹം പോലുള്ള പകർച്ചേതര വ്യാധികളും സങ്കേതവാസികൾക്കിടയിൽ പടർന്ന് പിടിക്കയുണ്ടായിട്ടുണ്ട്. നിലവിൽ ഇവിടെ ആരോഗ്യകേന്ദ്രം ഇല്ല. 5 കി.മി ദൂരെയുള്ള ആലക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പോകേണ്ടസാഹചര്യമാണുള്ളത്. ചികിൽസക്കായി യാത്രാചിലവ് കൂടുതലാണ്. രോഗികളെ ചുമലിലേറ്റിക്കൊണ്ടു പോകേണ്ടി വന്നിട്ടുണ്ട്. അലോപ്പതി ചികിൽസാരീതികളാണ് ഏറിയപേരും ആശ്ര

യിക്കുന്നത്. രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ സങ്കേതത്തിൽ നടത്തിവരുന്നു. കൂടാതെ റുബെല്ലാ വാക്സിൻ കുത്തിവയ്പ്പുകളും കൊതുകു നിവാരണം, പ്ലാസ്റ്റിക് നിയന്ത്രണം മുതലായവ നടത്തിവരുന്നു. ചികിൽസാ ചിലവുകൾ വർദ്ധിച്ചുവരുന്നത് ഗുണഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്നു. ആഹാരശീലങ്ങളിൽ കാലാകാലങ്ങളിൽ മാറ്റം ഉണ്ടായിട്ടുണ്ട്. വേനലിൽ വെള്ളം ഇല്ലാത്തതിനാൽ അടുക്കളത്തോട്ടങ്ങൾ പരിപാലിക്കാനായി സാധിക്കുന്നില്ല.

## S. XXXIX. 6 തൊഴിലും വരുമാനവും

പുനരധിവാസ മേഖലകളിൽ വരുന്നതിനു മുൻപ് ഇവരുടെ മുഖ്യ ജീവനോപാധി കൂലിപ്പണി ആയിരുന്നു. കൃഷിയെയും നിർമ്മാണ മേഖലയെയുമാണ് ഇവർ കൂടുതൽ ആശ്രയിച്ചിരുന്നത്. പുനരധിവാസം ജീവനോപാധി കണ്ടെത്തുന്നതിനെ ചെറിയ രീതിയിൽ ബാധിച്ചിട്ടുണ്ട് 20% പേർ കാർഷിക മേഖലയിലെ തൊഴിലാളികളും, 40% പേർ നിർമ്മാണ മേഖലയിലെ തൊഴിലാളികളുമാണ്. പരമ്പരാഗത തൊഴിലിൽ മാറ്റം ഉണ്ടായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതികൾ വഴി ലഭ്യമാകുന്ന ജോലിയാണ് ഏക ആശ്രയം. വർഷത്തിൽ 120 ദിവസം തൊഴിൽ ലഭിക്കുന്നുണ്ട്. എന്നാലിത് പഴയ തൊഴിലിനേക്കാൾ മെച്ചമുളളത് ചില ഗുണഭോക്താക്കൾക്ക് മാത്രമാണ്. നിലവിലെ ഭൂമിയിൽ മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ മുതനായവ കൃഷി ചെയ്തു ജീവിക്കുന്ന ഗുണഭോക്താക്കളുണ്ട്. കൃഷിക്കായുള്ള ജലസേചനത്തിന് ഗുണഭോക്താക്കൾ അവർക്ക് ലഭിച്ച ഭൂമിയിൽ സ്വന്തമായിത്തന്നെ കുറഞ്ഞ ചിലവിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചു പ്രയോജനപ്പെടുത്തുന്നു. എന്നാൽ ഉൽപനങ്ങൾ ഗാർഹികാവശ്യങ്ങൾക്കല്ലാതെ വിപണനത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. പാറ പ്രദേശങ്ങളും വന്യമൃഗശല്ല്യങ്ങളും പ്രധാന തടസ്സങ്ങൾ തന്നെയാണ്. തയ്യൽ പരിശീലനങ്ങളും റബ്ബർ ടാപ്പിംഗ് പരിശീലനങ്ങളും സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

### തൊഴിലുറപ്പ്

തൊഴിലുറപ്പിൽ അംഗത്വം ഉള്ളവരാണ് സങ്കേതവാസികൾ. വർഷത്തിൽ 30-40 ദിവസത്തോളം തൊഴിലുറപ്പിലൂടെ തൊഴിൽ ലഭിച്ചു വരുന്നുണ്ട്.

### കടബാധ്യത

കടബാധ്യത ഉള്ളവരാണ് ഏറിയ ഗുണഭോക്താക്കളും. ഗൃഹനിർമ്മാണം പൂർത്തീകരിക്കുന്നതിന് തന്നെ സ്വകാര്യവ്യക്തികളിൽ നിന്നും ബാങ്ക് മുഖേനയും ലോൺ എടുത്തവരുണ്ട്. കുടുംബശ്രീ വഴിയും ലോൺ എടുത്തിട്ടുണ്ട്. തയ്യൽ ക്ഷേമനിധി പ്രകാരം തയ്യൽ മെഷീൻ വാങ്ങുകയും തൊഴിൽ ലഭ്യതക്കനുസരിച്ച് തിരിച്ചടക്കുകയാണ് ചെയ്യുന്നത്.

## S. XXXIX. 7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

നിലവിൽ ജലനിധി, ഭവന നിർമ്മാണം, പണിയായുധ വിതരണം, തയ്യൽ മെഷിനുകൾ എന്നിവ നൽകിവരുന്നുണ്ട്.

**ഊരുകൂട്ടം**

സങ്കേതത്തിൽ ഊരുകൂട്ടം രജിസ്റ്റർ ചെയ്തു വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വർഷത്തിൽ ഒരിക്കലോ, പ്രത്യേക പദ്ധതികൾ ഉള്ള സമയത്തോ ആണ് ഊരുകൂട്ടം ചേരുന്നത്. പ്രമോട്ടർ, മൂപ്പൻ , സങ്കേതവാസികൾ, മെമ്പർമാർ, പ്രസിഡന്റ്, സൈറ്റ് മാനേജർമാർ, പോലീസ് എന്നിവർ യോഗത്തിൽ പങ്കുചേരുന്നു. 2 മണിക്കൂറിനുള്ളിൽ പുനരധിവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ചർച്ച ചെയ്തു മിനിട്ടിസ് തയ്യാറാക്കുന്നു.

## S. XXXIX. 7.1കുടുംബശ്രീ

സങ്കേതത്തിൽ കുടുംബശ്രീ സജീവമായിത്തന്നെ നിലനിൽക്കുന്നു. മിക്ക ഗുണഭോക്താക്ക ളുടെ കുടുംബത്തിലും ഒരാൾക്കെങ്കിലും അംഗത്വം നിലവിൽ കുടുംബശ്രീയിലുണ്ട്. സങ്കേതവാസി കൾക്ക് ഇത് നല്ല രീതിയിൽ പ്രയോജനം ചെയ്യുന്നു. തയ്യൽ മെഷിൻ, മരത്തൈകൾ, മുട്ടക്കോഴികൾ, മറ്റ് വായ്പകൾ എന്നിവ കുടുംബശ്രീയിലൂടെ നൽകി വരുന്നു.

## S. XXXIX. 7.2കുടിവെള്ളം

കുടിവെള്ള സ്രോതസ്സിന്റെ അപര്യാപ്തത സങ്കേതവാസികൾക്ക് പ്രയാസം ഉണ്ടാക്കുന്നുണ്ട്. ജലനിധി പൈപ്പ് ലൈൻ സങ്കേതത്തിൽ ഏതാനുംപേർക്ക് ഗുണപ്രദമാണെങ്കിലും മറ്റ് സ്വകാര്യ വ്യക്തികളുടെ കിണറുകൾ ആണ് പലർക്കും ആശ്രയം. സങ്കേതത്തിനകത്ത് തന്നെ ഏതാനും ഗുണ ഭോക്താക്കൾ സ്വന്തം ചിലവിൽ കിണർ നിർമ്മിച്ചിട്ടുണ്ട്. ഇത് മറ്റ് ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. കൂടാതെ ആലക്കോട് പൊതുടാപ്പ് വഴി ജലസൗകര്യങ്ങൾ ഗുണഭോക്താക്കൾ പ്രയോജനപ്പെടുത്താറുണ്ട്. എന്നിരുന്നാലും ജലസ്രോതസ്സിനായി ദൂരെ പോകേണ്ട സാഹചര്യമാണ് ഉള്ളത്. കുടി വെള്ളത്തിനായി 60% പേർ കിണറുകളെയും, 40% പേർ പൈപ്പു വെള്ളത്തിനെയും ആശ്രയിക്കുന്നു. വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാണ്. ജലനിധി വഴി കുടിവെള്ള സൗകര്യങ്ങൾ ഒരുക്കി നൽകാമെന്നതാണെങ്കിൽ 25000 രൂപ നൽകണം. 46 ലിറ്റർ വെള്ളം മാത്രമേ ലഭിക്കൂ. വീട് വെച്ചവർക്ക് വൈദ്യുതിയും ശൗചാലയവും ലഭ്യമാണ്. എന്നാൽ സങ്കേതത്തിൽ വീട് വയ്ക്കാത്ത വർക്ക് ഇത് ലഭ്യമാകുന്നില്ല.

## S. XXXIX. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

ഭൂമി ലഭ്യമല്ലാത്തതിനാൽ സർക്കാറിന്റെ നിർദ്ദേശപ്രകാരം താമസമാക്കിയവരാണ് സങ്കേതത്തിൽ ഉള്ളത്. ഒറ്റപ്പെട്ടതും പാറയുള്ളതും എന്നാൽ ശുദ്ധജലലഭ്യതയില്ലാത്തും, മതിയായ ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത പ്രദേശമായത് പ്രധാന വെല്ലുവിളിയാണ്. നിലവിൽ ഈ സങ്കേതത്തിൽ ആരോഗ്യകേന്ദ്രങ്ങൾ, സാംസ്കാരിക നിലയം, മറ്റ് സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ആലക്കോടുള്ള പ്രാഥമിക ആരോഗ്യകേന്ദ്രവും സാംസ്കാരിക നിലയവുമാണ് ഇവർ ആശ്രയിക്കുന്നത്.

പുനരധിവസിപ്പിക്കപ്പെട്ട സമയത്ത് റോഡ്, കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ നൽകാമെന്നും ഭവന നിർമ്മാണം പൂർത്തീകരിക്കാമെന്നും വാഗ്ദാനം നൽകിയതാണെങ്കിലും അവയൊന്നുംതന്നെ പാലിക്കപ്പെട്ടിരുന്നില്ല. താൽക്കാലിക കുടിൽ നിർമ്മിച്ച് നൽകി. പുന്നീട് കുടിൽ നശിച്ചവർ സർക്കാർ മുഖേന ധനസഹായത്തിന് അഭ്യർത്ഥിച്ചിരുന്നതാണെങ്കിലും ലഭിച്ചില്ല. നടന്നിട്ടുണ്ട്. ഗതാഗത സൗകര്യത്തിനായി പുറമ്പോക്കിൽ ഭൂമി നീക്കി വെച്ചതിലെക്ക് ഇവിടെ അനധികൃത കൈയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്.

റോഡ്, കുടിവെള്ളം, ഗതാഗതം മറ്റ് സാമൂഹിക സൗകര്യങ്ങൾ, അരോഗ്യ കേന്ദ്രം എന്നിവയുടെ അപര്യാപ്തത മൂലം  ഭുമി ഉപേക്ഷിച്ചു പോകാനുള്ള സാഹചര്യമാണ് നിലവിലുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങൾ നടപ്പിലാക്കിയാൽ കൂടുതൽ ആളുകൾ ഇവിടെ താമസിക്കാൻ സന്നധരായിരിക്കും.

## S. XXXIX. 9 സങ്കേതവാസികളുടെ വികസന സ്വപ്നം

മുൻഗണന നൽകേണ്ട പ്രശ്നങ്ങൾ

1. കുടിവെള്ള സൗകര്യം ലഭ്യമാക്കണം. ജലസ്രോതസ്സിനായി ദൂരെ പോകേണ്ട സാഹചര്യമാണ് ഉള്ളത്. വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാകുന്നു.
2. റോഡ് ഗതാഗതം മെച്ചപ്പെടുത്തണം. ടാറിംഗ് കഴിയാത്ത മൺറോഡായതിനാൽ മഴക്കാലങ്ങളിൽ മണ്ണിടിച്ചിലും നേരിടേണ്ടി വരുന്നുണ്ട്.
3. സ്കൂൾ വാഹന സൗകര്യം ഏർപ്പാടാക്കണം. സ്കൂളിൽ നിന്ന് വീട്ടിലേക്കും തിരിച്ചും രണ്ടു തവണ നടന്നു വരുന്നത് കുട്ടികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.
4. തൊഴിലുകൾക്കായി സാങ്കേതിക പരിശീലനങ്ങൾ നൽകണം.
5. മതിയായ ജലസേചന സൗകര്യങ്ങൾ  ഇല്ലാത്തതും കടുത്ത വേനലിൽ കൃഷി നശിക്കുന്നതും, വളം വാങ്ങുന്നതിന് പണം ലഭ്യമല്ലാത്തതും പല ഗുണഭോക്താക്കളെയും കൃഷിയിൽ നിന്നും അകറ്റുന്നു. കൃഷിക്കായി ജലസേചന സൗകര്യവും ആനുകൂല്യങ്ങളും ലഭ്യമാക്കണം.


6. സങ്കേതത്തിനു പ്രാഥമിക ആരോഗ്യ കേന്ദ്രം വേണം-നിലവിൽ ഇവിടെ ആരോഗ്യകേന്ദ്രം ഇല്ല. 5 കി.മി ദൂരെയുള്ള ആലക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തെയാണ് ആരോഗ്യസേവനങ്ങൾക്ക് ആശ്രയിക്കുന്നത്. ചികിൽസക്കായി യാത്രാചിലവ് കൂടുതലാണ്. രോഗികളെ ചുമലിലേറ്റി കൊണ്ടു പോകെണ്ടി വന്നിട്ടുണ്ട്. ചികിൽസയ്ക്ക് പ്രയാസം നേരിടുന്നവർക്ക് സഹായങ്ങൾ നൽകണം.
7. സാംസ്കാരിക നിലയം നിർമ്മിക്കണം.

## S.XL.ലോവർ ചീക്കാട്

### S.XL. 1 പ്രദേശം

ഉദയഗിരി പഞ്ചായത്തിലെ മണക്കടവ് ടൗണിൽ നിന്ന് 6 കി.മി. ദൂരെ കർണ്ണാടക വനാതിർത്തിയോട് ചേർന്നാണ് ലോവർ ചീക്കാട് പുനരധിവാസ മേഖല സ്ഥിതി ചെയ്യുന്നത്. സങ്കേതത്തിൽ ആകെ 143 കുടുംബങ്ങളിൽ 26 കുടുംബങ്ങളാണ് ഇവിടെ ഇപ്പോൾ താമസിക്കുന്നത്. 11 മാവിലൻ വിഭാഗക്കാരും 9 മലവേട്ടുവൻ വിഭാഗക്കാരും 5 കരിമ്പാല സമുദായക്കാരുമായി ആകെ 100 പേരാണുള്ളത്. 53 സ്ത്രീകളും 47 പുരുഷൻമാരും ഇതിലുൾപ്പെടുന്നു. സങ്കേതത്തിൽ ഭൂമി അനുവദിച്ചവരെല്ലാം തന്നെ സ്വന്തമായി ഭൂമിയില്ലാത്തത് കൊണ്ട് അപേക്ഷ നൽകി ഭൂമി ലഭിച്ചവരാണ്. ചെറുപുഴ , ഉദയഗിരി, ചപ്പാരാവ്, പച്ചിപൂർ, ഇരട്ടി തുടങ്ങിയ സമീപ പഞ്ചായത്തുകളിൽ നിന്നുള്ളവർക്കാണ് ഈ മേഖലയിൽ ഭൂമി നൽകിയിട്ടുള്ളത്.

ലോവർ ചീക്കാട്സങ്കേതത്തിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ 19% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.


LOWER CHEEKKAD
DISTRICT : KANNUR
TALUK : TALIPARAMBA
VILLAGE : VELLAD
SURVEY No. : 292/1A pt. (Old)
TOTAL AREA : 85.2452HECTARES
SCALE 1 C.M. = 20 METRES
SY.NO.292/1A pt.
KARNATAKA STATE
Coorg District
SY.NO.292/1A pt.
SURVEYED BY
INSPECTED BY

## S.XL .2 സമുദായഘടന

മാവിലൻ, കരിമ്പാലൻ എന്നീ സമുദായംഗങ്ങളാണ് സങ്കേതത്തിൽ അധിവസിക്കുന്നത്.

## S.XL.3 അടിസ്ഥാന സൗകര്യം

### വീട്

സങ്കേതത്തിൽ ആകെ 143 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചതിൽ 26 കുടുംബങ്ങളാണ് താമ സമാരംഭിച്ചിട്ടുള്ളത്. സങ്കേതത്തിലെ എല്ലാവരും തന്നെ സ്വന്തം ഇഷ്ടപ്രകാരമാണ് വീടുകളുടെ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്. നിലവിൽ വീടുകളുടെ നിർമ്മാണത്തിനായി 3.5 ലക്ഷം രൂപയാണ് ടി.ആർ.ഡി.എം നൽകിവരുന്നുണ്ടെങ്കിലും ഒറ്റപ്പെട്ട മേഖലയായതുകൊണ്ടും സാധന സാമഗ്രികൾ എത്തിക്കാൻ ബുദ്ധിമുട്ടുണ്ട്. കൂടാതെ മിക്കവർക്കും ഈ തുക വീടുനിർമ്മാണ ത്തിനുള്ള ചെറിയൊരു സഹായം മാത്രമാണ്. കാരണം സങ്കേതത്തിലെ എല്ലാ വീടുകൾക്കും നിർമ്മാണത്തിന് ഒരേ തുകയാണ് അനുവദിച്ചിട്ടുള്ളത്. സങ്കേതത്തിന് അകത്തുള്ള മിക്ക പ്ലോട്ടുക ളിലും എത്തിപ്പെടാൻതന്നെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. രണ്ട് മുറി , ഹാൾ, അടുക്കള, കക്കൂസ് സൗകര്യങ്ങളുള്ള വീടുകളാണ് എല്ലാവരും നിർമ്മിച്ചിട്ടുള്ളത്.

## S.XL.4 വിദ്യാഭ്യാസം

അംഗൻവാടി സൗകര്യം സങ്കേതത്തിന് സമീപത്ത് തന്നെയുണ്ട്. എന്നാൽ പ്രാഥമിക വിദ്യാ ഭ്യാസത്തിനായും, ഹൈസ്കൂൾ , ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനായും മണക്കടവാണ് സങ്കേ തത്തിനുള്ളിലുള്ളവർ ആശ്രയിച്ചു വരുന്നത്. പുനരധിവാസം കാരണം സങ്കേതത്തിൽ ആർക്കും തന്നെ പഠനം ഉപേക്ഷിക്കേണ്ടി വന്നിട്ടില്ല. ഗതാഗത സൗകര്യമില്ലാത്തതു കാരണം സ്കൂളിൽ പോകാൻ വലിയ രീതിയിലുള്ള ബുദ്ധിമുട്ട്  ഇവിടെ അനുഭവിക്കുന്നുണ്ട്.മുൻപ് ഗോത്ര സാരഥി പദ്ധതി പ്രകാരം ജീപ്പ് സർവ്വീസ് ഉണ്ടായിരുന്നു. നിലവിൽ സങ്കേതത്തിൽ നിന്ന് ഒന്നു രണ്ടു കി.മി. നടന്നാൽ മാത്രമേ സ്കൂൾ ബസ്സ് സൗകര്യം ലഭ്യമാകുകയുള്ളൂ.

## S.XL. 5 ആരോഗ്യം

ഈ മേഖലയിൽ ആരോഗ്യപരമായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കൂടുതലായും അലോപതി ചികിത്സാ രീതിയാണ് ആശ്രയിച്ചു വരുന്നത്. പുനരധിവാസ മേഖലയിൽ ആരോഗ്യ പരിചരണത്തി നുള്ള സ്ഥിരം സംവിധാനങ്ങൾ ഒന്നും ഇല്ല. സങ്കേതത്തിൽ നിന്ന് 6 കി.മി. ദൂരെയുള്ള മണക്കടവ് പ്രാഥമിക ആരോഗ്യകേന്ദ്രത്തെയാണ് ഇവർ ആശ്രയിച്ചു വരുന്നത്. സങ്കേതത്തിനകത്ത് പാരമ്പര്യ ചികിത്സ അറിയാവുന്ന വ്യക്തി ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ വീട് ഉപേക്ഷിച്ചു പോയ അവസ്ഥയി ലാണ്. സങ്കേതത്തിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഒരു വ്യക്തിയും മാനസിക വെല്ലുവിളി നേരിടുന്ന 3 വ്യക്തികളും ഉണ്ട്. കൂടാതെ സങ്കേതത്തിൽ ഉള്ള പുരുഷൻമാരിൽ ചുരുക്കം പേർ മദ്യ

ത്തിന് അടിമപ്പെട്ടവരായുണ്ട്. രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പ്, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നുവരാറുണ്ടെന്നും അസുഖം വന്നാൽ ആശുപത്രികളിൽ പെട്ടന്ന് എത്തിച്ചേരാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നതായും സങ്കേതത്തിൽ എത്തിച്ചേർന്നതിന് ശേഷം ആരോഗ്യ പരിചരണത്തിന് ചിലവ് ഗണ്യമായി വർദ്ധി ച്ചെന്നും ഇവർ അഭിപ്രായപ്പെടുന്നു. സങ്കേതത്തിൽ പുനരധിവസിപ്പിച്ചിരുന്ന ഘട്ടത്തിൽ ആകുലത, ഭയം, ഉറക്കമില്ലായ്മ, തൊഴിൽ ചെയ്യാനുള്ള താത്പര്യമില്ലായ്മ എന്നിവ അനുഭവപ്പെട്ടതായും പിന്നീട് ഇതിൽ കുറവ് വന്നതായും സങ്കേതത്തിനുള്ളിലുള്ളവർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

### S.XL.6 തൊഴിലും വരുമാനവും

സങ്കേതത്തിൽ 1 ഏക്കർ വീതമാണ് എല്ലാവർക്കും ഭൂമി അനുവദിച്ചത്. വനാതിർത്തിയോട് ചേർന്നതും കുന്നിൻ പ്രദേശവുമായ ഭൂമി ആയതുകൊണ്ടുതന്നെ സങ്കേതത്തിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടും വന്യമൃഗ ശല്ല്യവും അനുഭവിക്കുന്നുണ്ട്. സങ്കേതത്തിൽ താമസമുള്ളവരെല്ലാംതന്നെ തങ്ങൾക്ക് അനുവദിച്ച ഭൂമിയിൽ പൂർണ്ണമായോ ഭാഗികമായോ കൃഷി ചെയ്യുന്നുണ്ട്. കപ്പ, വാഴ, ചേമ്പ് തുടങ്ങിയവയും സ്വന്തം ആവശ്യത്തിന് ചെറിയ രീതിയിലുള്ള പച്ചക്കറി കൃഷിയും ഇവർ നട ത്തുന്നുണ്ട്. സങ്കേതത്തിൽഅനുവദിച്ച ഭൂമിയുടെ 82% ഇപ്പോഴും ഉപയോഗിക്കാതെ കാടുപിടിച്ചു കിടക്കുകയാണ്. ഇത് വന്യമൃഗ ശല്ല്യം വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. കടുവ , ആന, പന്നി, തുടങ്ങിയ മൃഗങ്ങൾ ഈ മേഖലയിൽ ഉണ്ടെന്നും ഇതു കാരണം നല്ല രീതിയിൽ കൃഷി ചെയ്യാൻ പറ്റാതാവുകയും ജീവനുതന്നെ ഭീഷണിയായി തീരുകയും ചെയ്തിട്ടുണ്ട്.

സങ്കേതത്തിൽ എത്തിച്ചേർന്നതിന് ശേഷം തൊഴിൽ ലഭ്യതയിൽ വലിയ തോതിലുള്ള കുറവുണ്ടായതിനാൽ മിക്കവരും തങ്ങളുടെ പഴയ തൊഴിലിടങ്ങളിൽ പോയി തൊഴിൽ ചെയ്യുന്നവരാണ്. സങ്കേതത്തിൽ താമസമാക്കിയവരിൽ പ്രധാന ഉപജീവന മാർഗ്ഗം തൊഴിലു റപ്പു പദ്ധതിയും ദിവസ വേതന തൊഴിലുമാണ്.

### S.XL.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ വളരെയേറെ ബുദ്ധിമുട്ടുള്ള പ്രദേശമാണ് ഇവർക്ക് വിതരണം ചെയ്തിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളായ റോഡ് , വീട്, കുടിവെള്ളം വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളിൽ വൈദ്യുതി മാത്രമാണ് താമസമുള്ള എല്ലാ വീടുകളിലും എത്തിയിട്ടുള്ള ത്. 2008 ൽ ഭൂമി നൽകി 10 വർഷത്തോളമായിട്ടും ഇവിടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അതിന്റെ ലക്ഷ്യത്തിലെത്തിക്കാൻ സാധിച്ചിട്ടില്ല.

### S.XL.7.1റോഡും മറ്റു അനുബന്ധ സൗകര്യങ്ങളും

മണക്കടവ് ടൗണു മുതൽ സങ്കേതത്തിന്റെ ആരംഭസ്ഥലം റോഡ് ടാറിംങ്ങ് ചെയ്തിട്ടുണ്ട്. സങ്കേതത്തിനടുത്തുവരെ മറ്റു ജന വിഭാഗങ്ങളും അധിവസിക്കുന്നു. സങ്കേതത്തിനകത്തേക്ക്

റോഡുകൾ ഉണ്ടെങ്കിലും ഗുണമേൻമയുള്ളതല്ല. സങ്കേതത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് റോഡ് നിർമ്മിച്ചെങ്കിലും ഇരുചക്രവാഹനങ്ങൾപോലും കടന്നുപോകാൻ പറ്റാത്ത അവസ്ഥയാണുള്ളത്. റോഡുകളുടെ ഗുണനിലവാരമില്ലായ്മ സങ്കേതത്തിലെ നിർമ്മാണ പ്രവർത്തനങ്ങളെ മുഴുവനായും ബാധിക്കുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. ഇതിനാൽ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാധന സാമഗ്രികൾ എത്തിക്കുന്നതിന് വലിയൊരു തുക തന്നെ നൽകേണ്ടി വരുന്നുണ്ട്. ടിആർഡിഎം വഴി ഭവന നിർമ്മാണത്തിന് നൽകുന്ന ഫണ്ടിൽ വലിയെരു ശതമാനവും ഇതിന് വേണ്ടി നൽകേണ്ടി വരുന്നു.

### S.XL. 8നിലനിൽക്കുന്ന പ്രശ്നങ്ങൾ

സങ്കേതത്തിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടും വന്യമൃഗ ശല്ല്യവും അനുഭവിക്കുന്നുണ്ട്. റബ്ബർ എസ്റ്റേറ്റ് ആയി കിടന്ന ഭൂമിയാണ് പുനരധിവാസത്തിനായി വിതരണം നടത്തിയത്. ഭൂമി ലഭ്യമായ സമയത്തുതന്നെ റബ്ബർ മരങ്ങളൊക്കെ മുറിച്ചു മാറ്റി പകരം വെക്കേണ്ടതായിരുന്നു. എന്നാൽ ഇത് മുറിച്ചു മാറ്റേണ്ട വ്യവസ്ഥകൾ ഇല്ലാത്തതു കാരണം പകരം വെക്കാനോ മറ്റു കൃഷികൾ ചെയ്യാനോ സാധിക്കാത്ത അവസ്ഥയാണുള്ളത്.

### S.XL .8.1കുടിവെള്ളം

സങ്കേതത്തിൽ സർവ്വെ ചെയ്ത വീടുകളിൽ മിക്കവരുംതന്നെ കാട്ടിൽ നിന്നും പൈപ്പ് വഴി വെള്ളം ഉപയോഗിക്കുന്നവരാണ്. സങ്കേതം ആരംഭിച്ചിട്ട് 10 വർഷം ആയിട്ടും സ്ഥിരമായ കുടി വെള്ള സംവിധാനമെരുക്കാൻ സാധിച്ചിട്ടില്ല. മഴക്കാലങ്ങളിൽ മഴവെള്ളം ശേഖരിച്ചും മറ്റു സമയങ്ങ ളിൽ സമീപത്തെ കർണ്ണാടക വനത്തിൽ നിന്നും പൈപ്പ് വഴി വെള്ളം എത്തിച്ചുമാണ് സങ്കേതത്തിൽ കുടിവെള്ളം എത്തുന്നത്. എന്നാൽ ഇങ്ങനെ ഉപയോഗിക്കുന്നത് കർണ്ണാടക ഫോറസ്റ്റ് ഉദ്യോഗസ്ഥർ തടസ്സപ്പെടുത്തുന്നതായി സങ്കേതത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സങ്കേത ത്തിന്റെ ഒരു ഭാഗത്ത് സ്ഥിരമായി ആനയിറങ്ങുന്ന പ്രദേശമാണ്. ആയതിനാൽത്തന്നെ ഈ ഭാഗ ത്തുള്ള കുടിവെള്ള പൈപ്പുകൾ ആന നശിപ്പിക്കുന്നതായും ഇവർ അഭിപ്രായപ്പെട്ടു. വേനൽക്കാല ങ്ങളിൽ സങ്കേതത്തിനകത്ത് കടുത്ത കുടിവെള്ള ക്ഷാമമാണ് നേരിടുന്നത്.

### S.XL.8.2ഗതാഗതം

സങ്കേതത്തിൽ വീട് നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ കൊണ്ടുവരുന്നതിന് പിക്കപ്പ് വാൻ വാടകയായി 750 രൂപയാണ് നൽകിവരുന്നത്. ഇതിൽത്തന്നെ റോഡ് മോശമായത് കാരണം പകുതി ലോഡ് മാത്രമേ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. വീട് നിർമ്മാണം പൂർത്തിയാകാതെ തന്നെ നിലവിൽ മാസവാടക ഇനത്തിൽ മാത്രം 32000 രൂപയാണ് ഒരു സങ്കേതവാസിക്ക് ചിലവായി ട്ടുള്ളത്. ഇതിനു പുറമെ സങ്കേതത്തിന് പുറത്തേക്കുള്ള യാത്രയും ചിലവേറിയിട്ടുള്ളതാണ്. സങ്കേത

ത്തിൽ നിന്ന് ചീക്കാട് വരെയുള്ള 3 കി.മി. ന് 70 മുതൽ 100 രൂപവരെ നൽകേണ്ടി വരുന്നതായും അത്യാവശ്യഘട്ടങ്ങളിൽ വാഹനസൗകര്യം ലഭ്യമാകാത്ത അവസ്ഥയും ഇവർ നേരിടുന്നുണ്ട്.

### S.XL.9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.


1. കാട്ടിൽ നിന്നും പൈപ്പ് വഴിയും, മഴക്കാലങ്ങളിൽ മഴവെള്ളം ശേഖരിച്ചുമാണ് സങ്കേതത്തിൽ കുടിവെള്ളം എത്തുന്നത്. എന്നാൽ സങ്കേതത്തിന്റെ ഒരു ഭാഗത്ത് സ്ഥിരമായി ആനയിറങ്ങുന്ന പ്രദേശമായതിനാൽ ഈ ഭാഗത്തുള്ള കുടിവെള്ള പൈപ്പുകൾ ആന നശിപ്പിക്കുന്നു. വേനൽക്കാലങ്ങളിൽ സങ്കേതത്തിനകത്ത് കടുത്ത ജലക്ഷാമമാണ് നേരിടുന്നത്, ജലക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.
2. സങ്കേതത്തിനകത്ത് മറ്റ് അടിസ്ഥാന സൗകര്യങ്ങളായ പൊതു കളിസ്ഥലം, ശ്മശാനം എന്നിവ ഉൾപ്പെടുത്തണം.
3. പൂർത്തിയായ സാംസ്കാരിക കേന്ദ്രങ്ങൾതുറന്ന് നൽകേണ്ടതുണ്ട്.
4. പുനരധിവാസ മേഖലയിൽ ആരോഗ്യ പരിചരണത്തിനുള്ള സംവിധാനങ്ങൾ ഒന്നും ഇല്ല. സങ്കേതത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം വേണം.
5. സങ്കേതത്തിന് ഗുണനിലവാരമുള്ള റോഡ് അത്യാവശ്യമാണ്.
6. ഉപജീവനം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ സൗകര്യങ്ങളൊരുക്കണം. കന്നുകാലി വളർത്തലിനു താത്പര്യമുള്ളവർ സങ്കേതത്തിലുണ്ട്.

## S.XLI.അപ്പർ ചീക്കാട്

### S.XLI. 1 പ്രദേശം

ആലക്കോട് സങ്കേതത്തിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട സങ്കേത മാണ് അപ്പർ ചീക്കാട്. 2008 ലാണ് ഇവർക്ക് ഭൂമി ലഭ്യമായത്. കോഴിച്ചാൽ, ചെറുപുഴ എന്നിവിടങ്ങളിൽ നിന്നുമാണ് ഇവരിവിടെ വന്നിട്ടുള്ളത്. പട്ടയം ലഭിച്ചത് 2008 ലാണ്. സങ്കേതത്തിലേക്ക് ഗുണഭോക്താക്കൾ വന്ന സമയത്ത് ഗതാഗതസൗകര്യം ഉണ്ടായിരുന്നില്ല. 2006 ൽ റോഡ് സോളിങ്ങ് ചെയ്തു. സങ്കേതത്തിൽ സമ്പൂർണ്ണ വൈദ്യുതി എല്ലാവർക്കും കിട്ടിയതും താമസിച്ചാണ്. ഗോത്രസാരഥി ഗതാഗത സൗകര്യം പഠനത്തിനായി ഒരുക്കിയിരുന്നുവെങ്കിലും നിലവിലെ അവസ്ഥയ്ക്ക് കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടില്ല.

അപ്പർ ചീക്കാട്സങ്കേതത്തിൽ ഗുണഭോക്താക്കളുടെ 9% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.




## S.XLI.2 സമുദായഘടന

കരിമ്പാലൻ, മാവിലൻ, മലവേട്ടുവൻ എന്നീ ഗോത്ര വർഗ്ഗക്കാരാണിവിടെ അധിവസിച്ചു വരുന്നത്.

## S.XLI.3 അടിസ്ഥാന സൗകര്യം

സ്വന്തം പഞ്ചായത്തിൽ നിന്നും തന്നെ വന്ന ഇവർ 2008 ൽ ഭൂമി ലഭ്യമായതിന് ശേഷം പുനരധിവാസമേഖലകളിൽ സ്ഥിരതാമസക്കാരാണ്. ഏകദേശം 10 വർഷത്തോളമായി ഇവിടെ അധിവസിച്ചു വരുന്നു. രാജഗിരി, ചെറുപുഴ, കാർത്തികപുരം, മുത്തുശ്ശേരി എന്നിവിടങ്ങളിൽ നിന്നുമാണിവിടെ വന്നത്. പുനരധിവാസപ്രദേശങ്ങൾ ഒറ്റപ്പെട്ടതും സംരക്ഷിതവനവും വന്യമൃഗശല്യങ്ങളും ഉള്ള പ്രദേശങ്ങൾ ആണ്. പാറയുള്ളതും, ശുദ്ധജലലഭ്യതയില്ലാത്ത പ്രദേശവുമായ ഇവിടെ പൈപ്പ് മുഖേന വെള്ളം ലഭ്യമാക്കുന്നുണ്ട്. കരിംപാലൻ, മലവേട്ടവൻ, മാവിലൻ എന്നീ സമുദായങ്ങൾ നിലവിൽ താമസിച്ചുവരുന്നു. റോഡ് ഗതാഗതസൗകര്യങ്ങൾ ഇവിടെയില്ല.

## S.XLI.3.1 വീടും മറ്റ് അടിസ്ഥാന നിർമ്മാണ പ്രവർത്തികളും

മാവിലൻ, കരിമ്പാലൻ, മലവേട്ടുവൻ സമുദായക്കാരിൽഭൂമി ലഭ്യമായിട്ടും ഇവിടേക്ക് മാറിത്താമസിക്കാത്ത 14 പേർ ഉണ്ട്. പട്ടയം കിട്ടിയത് 54 പേർക്കാണ്. കൂടാതെ ജില്ലയിലെ വ്യത്യസ്ത പഞ്ചായത്തിൽ നിന്നുള്ളവരായതിനാൽ പുതിയ സാഹചര്യവുമായി പൊരുത്തപ്പെടുന്നതിനുള്ള പ്രയാസങ്ങളുമുണ്ട്. 2017 വർഷത്തിൽ വൈദ്യുതി ലഭിച്ച ആളുകളും ഇവിടെയുണ്ട്. ചിലർക്ക് സ്വന്തമായി കൃഷി ചെയ്ത് നല്ലൊരു ആദായം കണ്ടെത്താൻ സാധിക്കുന്നുണ്ട്. പണിയായുധങ്ങൾ നൽകുകയും റോഡ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും 3 മാസം കൂടുമ്പോൾ അരി വിതരണവും സങ്കേതത്തിൽ നടത്തിയിട്ടുണ്ട്.

## S.XLI.4 വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസവും ഉപരിപഠനവും നടത്തുന്നതിനുള്ള മതിയായ സൗകര്യങ്ങൾ നിലവിൽ ഇവിടെയില്ല. തൊട്ടടുത്തുള്ള മണക്കടവ് പ്രദേശത്ത് മാത്രമാണ് സ്കൂൾ സൗകര്യം നിലവിൽ ഉള്ളത്. 8കി.മീ അകലെയാണ് വിദ്യാഭ്യാസ സൗകര്യങ്ങൾ നിലവിലുള്ളത്. സ്കൂൾ ബസ് സൗകര്യം ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു. ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത, ദൂരം എന്നിവയെല്ലാം വിദ്യാഭ്യാസത്തിന് തടസ്സം നിൽക്കുന്നു, കൂടാതെ യാത്രാച്ചെലവും വന്യമൃഗ ശല്യങ്ങളുമുണ്ട്. നിലവിലെ കുട്ടികൾക്ക് വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെട്ടതല്ല. അതിനാൽ തന്നെ ഹോസ്റ്റൽ സംവിധാനം, മോഡൽ റസിഡൻഷ്യൽ പോലുള്ള സ്കൂൾ സംവിധാനങ്ങളും പ്രയോജനപ്രദമാണ്. ഗതാഗത സൗകര്യക്കുറവ് വീടിന്റെ അന്തരീക്ഷം, മടി, ദൂരം എന്നിവ കാരണം സങ്കേതത്തിൽ 6 വയസിനും 25 വയസിനും ഇടയിൽ പഠനം നിർത്തിയവരുണ്ട്.

## S.XLI.5 ആരോഗ്യം

പുനരധിവാസത്തിന് ശേഷം സാമൂഹികവും മാനസികപരവുമായ പ്രശ്നങ്ങൾ നേരിട്ടിട്ടുള്ളവരാണിവർ. വന്യമൃഗശല്യങ്ങൾ ആകുലതയും ഭയവും ഉറക്കമില്ലായ്മയും വർദ്ധിപ്പിച്ചു. വന്ന കാലത്ത് പകർച്ചപ്പനികൾ ഉണ്ടായിട്ടുണ്ട്. പക്ഷാഘാതം, ക്യാൻസർ, നടുവേദന എന്നീ പകർച്ചേതര വ്യാധികൾ ഇവരിൽ കൂടിവരുന്നുണ്ട്. സർക്കാർ ക്വാട്ടേഴ്സിലെ ചെറിയ രീതിയിലുള്ള മെഡിക്കൽ ക്യാമ്പിൽ മരുന്ന് വിതരണം നടത്തുന്നുവെല്ലാതെ ആരോഗ്യപരിചരണത്തിന് പൊതു സംവിധാനം നിലവിൽ ഇവിടെയില്ല. പ്രതിരോധ പ്രവർത്തനങ്ങൾ, മരുന്ന് വിതരണം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ വർഷത്തിൽ നടത്തിവരുന്നുണ്ടെങ്കലും 8 കി.മീ. ന് അപ്പുറത്തുള്ള മടക്കടവിലെ ആരോഗ്യ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടതായ സാഹചര്യമാണ് ഇവർക്കുള്ളത്. ഗതാഗതസൗകര്യം വളരെ കുറവായതിനാൽ യാത്രാചിലവും കൂടുതലാണ്. മദ്യം, മയക്കുമരുന്ന് എന്നിവക്ക് അടിമപ്പെട്ട ചുരുക്കം ചില ആളുകൾ സങ്കേതത്തിലുണ്ട്.

## S.XLI.6 തൊഴിലും വരുമാനവും

സങ്കേതവാസികൾ ലഭ്യമായ ഭൂമിയിൽ കുരുമുളക്, കമുക്, കപ്പ, വാഴ, റബ്ബർ, കശുമാവ് എന്നിവ കൃഷി ചെയ്ത് ജീവിച്ചുവരുന്നു. കൃഷി വൈദഗ്ദ്യമോ തൊഴിൽ വൈദഗ്ദ്യമോ ഇവർക്ക് ലഭിച്ചിട്ടില്ല. ചകിരിച്ചോറ്, കുമ്മായപ്പൊടി, ചാണകം പോലുള്ള വളങ്ങൾ സൈറ്റ് മാനേജർ മുഖേന ചെറിയ തോതിൽ നൽകി വരുന്നുണ്ട്. എന്നിരുന്നാലും ആന, പന്നി, കുരങ്ങ്, മുള്ളൻപന്നി, മറ്റ് പക്ഷികൾ എന്നിവയുടെ ശല്യങ്ങൾ കൂടിയ പ്രദേശമായതിനാൽ കൃഷിയെ കാര്യമായിത്തന്നെ ബാധിക്കുന്നുണ്ട്. സങ്കേതത്തിനകത്തുള്ളവർക്ക് ടാപിംഗ് പരിശീലനം നൽകിയതല്ലാതെ മറ്റ് പരിശീലനങ്ങൾ കൊടുത്തിയിട്ടില്ല. .

തൊഴിലുറപ്പ് പദ്ധതിയിൽ അംഗത്വം ഉള്ളവരാണ് ഏറിയ ഗുണഭോക്താക്കളും വർഷത്തിൽ 80 -100 ദിവസം ഇത് പ്രകാരം തൊഴിൽ ലഭിച്ചു വരുന്നു.

## S.XLI.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

### ഊരുകൂട്ടം

വർഷത്തിൽ ഒരിക്കലോ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യങ്ങളിലോ ആണ് ഊര് കൂട്ടങ്ങൾ ചേരുന്നത്. സൈറ്റ് മാനേജർമാർ, പ്രൊമോട്ടർമാർ, വാർഡ് മെമ്പർമാർ, കുടുംബാംഗങ്ങളിലെ ഒരാൾ, പഞ്ചായത്ത് മെമ്പർമാർ, സെക്രട്ടറി എന്നിവരുടെ സാന്നിധ്യത്തിലാണ് യോഗങ്ങൾ ചേരുന്നത്. 2 -3 മണിക്കൂർ നീളുന്ന യോഗത്തിനു മിനിട്സ് തയ്യാറാക്കാറുണ്ട്.

### കുടുംബശ്രീ

കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ നേരത്തേ ഉണ്ടായിരുന്നു. നിലവിൽ പ്രവർത്തിക്കുന്നില്ല.

## S.XLI.8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

പുനരധിവസിപ്പിക്കുന്നതുമായ ബന്ധപ്പെട്ട് റബ്ബർ മരങ്ങൾ വെച്ചുപിടിപ്പിക്കാമെന്നും, മൃഗപരിപാലനത്തിനും ഉപജീവനത്തിനുമായി ആട്, പശു എന്നിവ നൽകാമെന്നും കുരുമുളക് വള്ളികൾ നൽകാമെന്നുമുള്ള വാഗ്ദാനങ്ങൾ എല്ലാം നൽകിയതായിരുന്നെങ്കിലും പാലിക്കപ്പെട്ടിട്ടില്ല.

ആന,പന്നി മുതലായവയുടെ ശല്യം ഏറെയുള്ള പ്രദേശമാണിവിടെ പ്രാഥമിക വിദ്യഭ്യാസം പൂർത്തിയാക്കുന്നതിന് ഏറെ ദൂരം സഞ്ചരിക്കേണ്ട സാഹചര്യമാണ് ഉള്ളത്. ഗതാഗത സൗകര്യങ്ങൾ വളരെ കുറവാണ്. ചികിത്സാച്ചെലവ്, ആരോഗ്യപ്രശ്നങ്ങൾ, തരിശുനിലങ്ങൾ ഇവയൊക്കെ വികസനത്തിനു തടസ്സം നിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ തന്നെയാണ്.

## S.XLI.9സങ്കേതവാസികളുടെ വികസന സ്വപ്നം

1. സങ്കേതത്തിൽ സങ്കേതവാസികളെ ഗതാഗത സൗകര്യമില്ലായ്മ പ്രയാസപ്പെടുത്തുന്നുണ്ട് അതിനാൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
2. ചീക്കാട് 69 കോളനിയിലെ പുഴയ്ക്ക് വാഹനംകടന്നുപോകാൻ പറ്റുന്ന പാലം പണിയുക.
3. ഭവനനിർമ്മാണം പൂർത്തിയാകാത്തത് പൂർത്തീകരിക്കുക. വീട് റിപ്പയറിങ്ങ് നടത്തുക. ഇവിടെ താമസിക്കാത്തവർ അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകിയാൽ മാത്രമെ താമസിക്കുകയുള്ളൂ.
4. വിദ്യാഭ്യാസ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. സങ്കേതവാസികൾ കുടിവെള്ളക്ഷാമം നേരിടുന്നുണ്ട് അതിനാൽ കുടിവെള്ളം ലഭ്യമാക്കുക.
6. തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുക.
7. കുട്ടികൾക്ക് പഠനമുറിയും, പഠനോപകരണങ്ങളും നൽകി പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ സംവിധാനങ്ങൾ ഒരുക്കുക.
8. റബ്ബർ മരങ്ങൾ കൃഷിക്കായി മുറിച്ചുമാറ്റാൻ സൗകര്യം ഒരുക്കി നൽകുക.
9. മൃഗപരിപാലനത്തിന് സംവിധാനങ്ങൾ കാര്യക്ഷമമാക്കുക.
10. തയ്യൽ പോലുള്ള തൊഴിൽ വൈദ്ഗദ്യ പരിശീലനങ്ങൾ നൽകുക.
11. കാർഷിക വിളകൾക്ക് സബ്സിഡികൾ പോലുള്ള പ്രധാന സഹായം ഏർപ്പെടുത്തുക.
12. മൃഗ ശല്യങ്ങൾ നിയന്ത്രണ വിധേയമാക്കുക.
13. കൃഷി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

## S.XLII. ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതം

### S.XLII. 1 പ്രദേശം

കണ്ണൂർ ജില്ലയിലെ ഇരിട്ടി നഗരസഭയിലാണ് ചാവശ്ശേരി ടൗൺഷിപ്പ് പുനരധി വാസ സങ്കേതം. പഴശ്ശി ഇറിഗേഷൻ പ്രൊജക്ടിന്റെ കൈവശമുണ്ടായിരുന്ന 162.2 ഏക്കർ ഭൂമിയാണ് 2001–2002 കാലഘട്ടത്തിൽ ടി.ആർ.ഡി. എം. ഏറ്റെടുത്ത് വിതരണം ചെയ്തത്. സാധാരണ കരത്തോട്ടം പ്രദേശമാണിത്. 2002 ൽ ആണ് ഈ പ്രദേശത്ത് പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിച്ചത്. നിലവിൽ 142 കുടുംബങ്ങൾക്ക് ഭൂമി നൽകിയതിൽ 131 കുടുംബങ്ങൾ ഇവിടെ താമസിച്ചുവരുന്നുണ്ട്. സങ്കേതത്തിൽ വീട് വയ്ക്കാൻ ഓരോ കുടുംബത്തിനും 10 സെന്റ് വീതം ഭൂമി അടുത്തടുത്തായി നൽകുകയും കൃഷി ചെയ്യാൻ 1 ഏക്കർ ഭൂമി സങ്കേതത്തിനോട് ചേർന്നുമാണ് നൽകിയിട്ടുള്ളത്. പണിയ സമുദായത്തിൽപ്പെട്ടവരാണ് സങ്കേതത്തിൽ അധിവസിക്കുന്നത്. ഇരിട്ടി മുൻസിപ്പാ ലിറ്റിക്ക് കീഴിലെ പാടത്തുംപാറ, ആക്കാംപ്പറമ്പ്, കോട്ടക്കുന്ന്, ചെക്കിപറമ്പ്, അത്തിക്കുടുബ്, മാഞ്ഞാമ്പാറ, മടംമ്പരമ്പ്, കൂളിപ്പാറ, നടുവനാട്, ചാവശ്ശേരി പറമ്പ്, എടക്കാനം,

മഞ്ഞക്കഞ്ഞിരത്തിൽ, കുറ്റ്യാടിച്ചാൽ, ശങ്കരൻകണ്ടി എന്നീ 15 സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്കാണ് ഭൂമി നൽകിയിട്ടുള്ളത്.

സങ്കേതത്തിലെ ആകെ ജനസംഖ്യ 636 ആണ്. ഇതിൽ 328 പുരുഷന്മാരും 308 സ്ത്രീകളുമാണ് ഉള്ളത്. സങ്കേതത്തിൽ നിലവിൽ റോഡ് സൗകര്യം ഉണ്ട്. കൃഷിക്ക് അനുവദിച്ചു നൽകിയ സ്ഥലങ്ങളിൽ റബ്ബർ, കശുമാവ് എന്നിവ കൃഷി ചെയ്യുന്നുണ്ട്. 1 ഏക്കർ കൃഷി ഭൂമിക്ക് പുറമെ അടുത്തടുത്തായാണ് 10 സെന്റ് വീതം വീടിന് അനുവദിച്ചു നൽകിയിട്ടുള്ളത്. 144 വീടുകളിൽ 131 വീടുകളിൽ മാത്രമെ നിലവിൽ ആൾതാമസമുള്ളൂ. എല്ലാ വീടുകളും ടി.ആർ.ഡി.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കോൺക്രീറ്റ് മേൽക്കൂരയുള്ള വീടുകളാണ്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രമാണ് ഇവിടെ ഭവനനിർമ്മാണ പ്രവർത്തികൾ നടത്തിയത്. ഭവനം നിർമ്മിച്ചതിന് ശേഷമാണ് ഇവിടത്തേക്ക് ഗുണഭോക്താക്കൾ താമസം ആരംഭിച്ചത്. സങ്കേതത്തിൽ ഊരുകൂട്ടം സജീവമായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. നഗരസഭയുടെ ഭാഗമായതോടെ കുടുംബശ്രീ (തൊഴിലുറപ്പ്)ഇല്ലാതായി പകരം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രദേശത്ത് ജലസേചന സൗകര്യം ഇല്ല. എന്നാൽ കുടിവെള്ളം പൈപ്പ് വഴി ലഭ്യമാകുന്നുണ്ട്. ഇവിടെ തൊഴിൽ ലഭ്യത കുറവായതിനാൽ തൊട്ടടുത്തുള്ള പ്രദേശങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതത്തിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ 9% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XLII. 2 സമുദായഘടന

പണിയ സമുദായത്തിൽപ്പെട്ട 142 കുടുംബങ്ങൾക്ക് ഭൂമി നൽകിയതിൽ 131 കുടുംബങ്ങളാണ് സങ്കേതത്തിൽ നിലവിൽ അധിവസിക്കുന്നത്.

### S.XLII.3 അടിസ്ഥാന സൗകര്യം

സ്വന്തം ഇഷ്ട പ്രകാരമല്ലാത്തതും പാരമ്പര്യരീതിയിൽ നിന്ന് വിഭിന്നമായിട്ടുമാണ് വീട് നിർമ്മാണം പൂർത്തീകരിക്കപ്പെട്ടത്. നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത് നടത്തിയ വീട് നിർമ്മാണം പലപ്പോഴും ഗുണനിലവാരം കുറഞ്ഞതും പൊട്ടി പൊളിഞ്ഞ നിലയിലുമാണ്. പല വീടുകളുടെയും പ്ലാസ്റ്ററിംങ് കേടുവന്നതോ, ഇല്ലാത്തതോ ആണ്. വീടുകളിൽ കുട്ടികൾക്ക് പഠന സൗകര്യങ്ങൾ കുറവാണ്. റോഡ് സൗകര്യം ലഭിക്കാത്ത വീടുകളും ഇവിടെയുണ്ട്. എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാണ്. എന്നാൽ ഗുണനിലവാരമില്ലാത്ത വയറിംഗ് കാരണം വൈദ്യുതി അമിതമായി നഷ്ടപ്പെട്ട് കറണ്ട് ബിൽ വർദ്ധിക്കുകയും ചെയ്യുന്നു. പൈപ്പ് വഴി കുടിവെള്ളം ലഭ്യമാണ് എന്നിരുന്നാലും മുകൾ ഭാഗത്ത് കുറച്ച് വീടുകൾക്ക് വെള്ളം കിട്ടുന്നില്ല.

2002ൽ പുനരധിവസിക്കപ്പെട്ട ഗുണഭോക്താക്കൾ പ്രധാനമായും പുനരധിവസി ക്കാനുള്ള കാരണം സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ ആണ്. പുനരധിവാസം സംബന്ധിച്ച വിവരങ്ങൾ പ്രധാനമായും ഇവർക്ക് ലഭ്യമായിരുന്നത് അയൽപക്കങ്ങൾ, പ്രമോട്ടർമാർ, വില്ലേജ് ഓഫീസ്, ടി.ആർ.ഡി.എം, മറ്റ് പട്ടികവർഗ്ഗ സംഘടനകൾ, മാധ്യമങ്ങൾ, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നെല്ലാമാണ്. ഇരിട്ടി മുൻസിപ്പാലിറ്റിയിലെ പയഞ്ചേരി, ചാവശ്ശേരി പറമ്പ്, വികാസ് നഗർ, കുറ്റ്യാടിച്ചാൽ, തില്ലങ്കേരി, ഉളിയിൽ, പാടത്തുപാറ, മീത്തലെ പുന്നാട്, കല്ലംകോട്, പഴഞ്ചേരി വായനശാല, കുളിപ്പാറ, കോട്ടക്കുന്ന് എന്നിവിടങ്ങളിൽ നിന്നുമുള്ള ഗുണഭോക്താക്കളാണ് ഇവിടെ അധിവസിച്ചു വരുന്നത്. പുനരധിവാസ മേഖലയിൽ താമസം തുടങ്ങിയത് ഭൂമി ലഭ്യമായതിന് ശേഷമാണ് അതിനു മുൻപ് ഇവർ ബന്ധുവീടുകളിലാണ് താമസിച്ചിരുന്നത്.


## S.XLII. 5 ആരോഗ്യം

പുനരധിവാസം സാധ്യമായതോടുകൂടി പാരമ്പര്യകുടുംബഘടനയായ കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും മാറ്റം വന്നു. ഭക്ഷണ രീതിയിൽ ചെറിയ തോതിലുള്ള മാറ്റങ്ങൾ വരികയുണ്ടായി. പ്രമേഹം, ക്യാൻസർ, ഹൃദ്രോഗം, ആസ്തമ, പോഷകസംബന്ധമായ പ്രശ്നങ്ങൾ, ക്ഷയം, അരിവാൾ രോഗം തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ നിലവിൽ സങ്കേതത്തിനകത്ത് ഏതാനും പേർക്കുണ്ട്.സങ്കേതത്തിനകത്ത് നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.എല്ലാ ബുധനാഴ്ചയും സംഘടിപ്പിക്കുന്ന എൻ. ജി. ഒ. മെഡിക്കൽ ക്യാമ്പ് സങ്കേതവാസികൾക്ക് പ്രയോജന പ്രദമാണ്. അലോപ്പതി ചികിത്സാരീതികൾ ആണ് എല്ലാ ഗുണഭോക്താക്കളും ആശ്രയിക്കുന്നത്. സങ്കേതത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. ചികിത്സാ ചെലവുകളുടെ വർദ്ധനവ് ഗുണഭോക്താക്കളെ കാര്യമായിത്തന്നെ ബാധിക്കുന്നുണ്ട്.

## S.XLII.4 വിദ്യാഭ്യാസം

ചാവശ്ശേരി ടൗൺഷിപ്പ് കോളനിയിൽ 15 വയസ്സ് വരെയുള്ള 242 കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിൽ വേണ്ടി പ്രധാനമായും ആശ്രയിക്കുന്നത് തൊട്ടടുത്ത ചാവശ്ശേരി എച്ച്.എച്ച്. എസ്സിനെയാണ്. ഇവിടെ മറ്റുകുട്ടികളമായി ഇടകലർന്ന് പഠനം നടത്തുന്നതിന് യാതൊരു പ്രശ്നവും ഇല്ല. അതേ സമയം 23 കുട്ടികൾ പലകാരണങ്ങളാലും സ്കൂളിൽ പോകുന്നില്ല. സങ്കേതത്തിനകത്ത് ങഏഘഇ (മൾട്ടി ഗ്രേഡ് ലേണിംഗ് പ്രോഗ്രാം സെന്റർ) നിലിവിലുണ്ട്.നിലവിൽ 14 കുട്ടികൾ ഇവിടെ പഠിക്കുന്നു. ഈ ങഏഘഇൽ ഒരു അദ്ധ്യാപികയാണ് നിലവിൽ ഉള്ളത്.

ചിത്രം3.27**വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്ക്**




പഠന കാര്യങ്ങളിൽ കുട്ടികളെ ശ്രദ്ധിക്കാനോ അവർക്ക് മാർഗ നിർദ്ദേശം നൽകാനോ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ പലപ്പോഴും വിദ്യാർത്ഥികളുടെ പഠന നിലവാരം കുറയുകയോ പഠനം പൂർത്തിയാക്കാതെയോ വരികയോ ചെയ്യുന്നുണ്ട്. വീടുകളിലെ സൗകര്യകുറവും രക്ഷിതാക്കളുടെ മനോഭാവവും കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നു. എന്നാൽ ഇപ്പോൾ എൻ. ജി. ഒ യൂണിയൻ ദത്തെടുക്കുകയും കുട്ടികളുടെ പാഠ്യതര വിഷയങ്ങളിൽ ഇടപെടുകയും കുട്ടികൾക്ക് ട്യൂഷൻ, സ്പോർട്ടസ് പരിശീലനങ്ങൾ നൽകുന്നുണ്ട്.

## S.XLII. 6 തൊഴിലും വരുമാനവും

ഓരോ കുടുംബത്തിനും ഒരേക്കർ വീതം കൃഷിക്കും 10 സെന്റ് വീടിനുമാണ് ടി ആർ ഡി എം വഴി ലഭച്ചിട്ടുള്ളത്. നിലവിൽ കശുമാവ്, റബർ എന്നിവ ഒരേക്കർ വീതമുള്ള സ്ഥലത്ത് വാണിജ്യ ആവശ്യത്തിന് കൃഷിചെയ്യുന്നു. എന്നാൽ വരുമാനം ലഭിച്ചു തുടങ്ങിയിട്ടില്ല. സംസ്ഥാന റബർബോർഡിന്റെ സഹായ സഹകരണം ഇവർക്ക് ലഭിക്കുന്നുണ്ട്. ചെറിയ തോതിൽ അടുക്കളത്തോട്ടങ്ങളും ഇവർ പരിപാലിക്കുന്നുണ്ട്.

## S.XLII. 6.1കൃഷി

കൃഷി ചെയ്തു വരുന്ന ഗുണഭോക്താക്കൾ ആണ് ഏറിയപേരും. കശുമാവ്, റബ്ബർ, തെങ്ങ്, വാഴ, കുരുമുളക്, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, ചേന, ചേമ്പ്, കപ്പ മുതലായ ഗാർഹികാവശ്യത്തിനും വിപണനത്തിനുമായി ഉപയോഗിച്ചുവരുന്നുണ്ട്. കൃഷി ചെയ്യാനായുള്ള വിപണനസാധ്യതയുടെ കുറവാണ് കൃഷിയെ കാര്യമായി ബാധിക്കുന്നത്. വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിലൂടെ വലിയ പ്രശ്നങ്ങൾക്ക് പരിധിവരെ പരിഹാരം കണ്ടെത്താനാകും. സങ്കേതത്തിലെ ജലക്ഷാമം കൃഷിയെ നേരിട്ട് ബാധിക്കുന്നുണ്ട്. 1 ഏക്കറോളം വരുന്ന ഭൂമിയിൽ ഓരോരുത്തരുടെ മണ്ണിന്റെ ഘടനയ്ക്ക് അനുസൃതമായി കൃഷികൾ ചെയ്തുവരികയാണ് ചെയ്യുന്നത്. എന്നാൽ കാര്യമാത്രമായ രീതിയിൽ ആദായം ലഭിക്കുന്നില്ല.

പുനരധിവാസ മേഖലകളിൽ ടൈലറിംഗ് പരിശീലനം നടത്തിവരുന്നുണ്ട്. തയ്യൽ മെഷിനുകൾ തയ്യൽ പഠിച്ചെടുത്ത കുറച്ച് പേർക്ക് നൽകിയിരിന്നെങ്കിലും ഇനിയും ധാരാളം തൊഴിൽ പരിശീലനങ്ങൾ ഇവിടെ നടത്തേണ്ടതായുണ്ട്.

## S.XLII. 6.2തൊഴിലുറപ്പ്

മുൻപ് തൊഴിലുറപ്പ് ഉണ്ടായിരുന്നു. നഗര സഭയായതിന് ശേഷം തൊഴിലുറപ്പ് പദ്ധതികൾ(ങചഞഏ) ഇല്ലാതായി.

## S.XLII.7പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

പുനരധിവാസത്തിന്റെ ഭാഗമായി ടി ആർ ഡി എം ഫണ്ട് ഉപയോഗിച്ച് 139 വീടുകൾ ജില്ലാ നിർമ്മിതി കേന്ദ്രം നിർമ്മിച്ചു. 52 വീടുകളിൽ 31 വീടുകൾ 25000 രൂപ ഉപയോഗിച്ച് പൂർത്തീകരിക്കുകയും ചെയ്തു. റബർ ബോർഡ് മുഖാന്തിരം 41 പ്ലോട്ടുകളിൽ റബർ കൃഷി നടപ്പാക്കി. റബർ പ്ലോട്ടുകളിൽ ജൈവ വേലി കെട്ടുന്നതിന് വേണ്ടി 2250 രൂപ വീതം മൊത്തം 92250 രൂപ ചെലവഴിച്ചു. 2015-16 വർഷത്തിൽ 21 ഗുണഭോക്താക്കൾക്ക് 172690 രൂപ ചെലവഴിച്ച് ടൈലറിംങ് പരിശീലനം നടത്തി കുറച്ച് വനിതകൾ ടൈലറിംങ് നടത്തുന്നു. സങ്കേതത്തിലെ അംഗങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് വേണ്ടി 18,550 രൂപ ചെലവഴിച്ചു. 10 ആളുകൾ പരിശീലനം ആരംഭിച്ചെങ്കിലും 5 പേർ മാത്രമാണ് പരീക്ഷ പാസ്സായത്. 3 മാസത്തെ കോഴ്സ് പഠിച്ചവർക്ക് അതുമായി ബന്ധപ്പെട്ട് ഇതുവരെ യാതൊരുവിധ ഗുണവും ലഭിച്ചിട്ടില്ല. സംസ്ഥാന കശുമാവ്, കൃഷി വികസന ഏജൻസി മുഖാന്തിരം 395 തൈകൾ സൗജന്യമായി വിതരണം നടത്തി ശേഷിക്കുന്ന 28 ഗുണഭോക്താക്കൾക്ക് പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പദ്ധതി പ്രകാരം 2000 തൈകളും വളവും വിതരണം നടത്തി. സങ്കേതവാസികളുടെ ജീവിത സാമ്പത്തിക നിലവാരം വർദ്ധിക്കാൻ കാരണമായുള്ള പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് റബർ പ്ലാന്റേഷനും, കശുമാവ് കൃഷിയും. എന്നാൽ കൃത്യമായ പരിചരണവും വള പ്രയോഗങ്ങളും സമയാ സമയങ്ങളിൽ

നടത്തേണ്ടതുണ്ട്. 2017 – 18 ടി ആർ ഡി എം ഫണ്ട് ഉപയോഗിച്ച് 114 വീടുകളിൽ നിലവിലുള്ള പൈപ്പ് ലൈനുകൾ റിപ്പയർ ചെയ്തു. കൂടാതെ എൻ. ജി. ഒ യൂണിയൻ സങ്കേതം ദത്തെടുത്തതിന്റെ ഭാഗമായി നിലവിലുള്ള കിണർ വൃത്തിയാക്കുകയും കേടായ പൈപ്പുകൾ മാറ്റുകയും വെള്ളത്തിനായുള്ള ടാങ്കുകൾ സ്ഥാപിക്കുകയും ചെയ്തു .

ഭൂമി ശാസ്ത്രപരമായ അനുകൂല സാഹചര്യങ്ങൾ മറ്റുപണിയ സമുദായക്കാർ ഉയർന്ന ജീവിത സാഹചര്യമാണ് ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതത്തിന്റേത്. ഇരിട്ടി നഗരസഭയിൽപെട്ട ഈ സങ്കേതത്തിലേക്ക് പുനരധിവസിക്കപ്പെട്ട ഇവർ മുമ്പ് സ്വന്തം ജില്ലയിലെതന്നെ തൊട്ടടുത്ത പഞ്ചായത്തുകളിൽ താമസമാക്കിയവരായതിനാൽ പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ ബുദ്ധിമുട്ട് ഉണ്ടായില്ല. മാത്രമല്ല മാറിതാമസിക്കാത്ത സ്വകുടുംബങ്ങളുമായി ബന്ധപ്പെടുന്നതിനും ജനന – മരണ ആചാര അനുഷ്ഠാനങ്ങൾക്കോ യാതൊരുവിധ പ്രശ്നങ്ങളും നേരിടുന്നില്ല. വന്യജീവി പ്രശ്നങ്ങൾ ഇല്ലാത്തതും നല്ല റോഡ് സൗകര്യങ്ങളുള്ളതും ഈ സങ്കേതത്തിന്റെ അനുകൂല ഘടകങ്ങളാണ്. അതേസമയം ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തയും, പാറനിറഞ്ഞ ചില സ്ഥലങ്ങളും ഈ പ്രദേശത്തിന്റെ പരിമിതികളാണ്.

### S.XLII.7.1 ഊരുകൂട്ടം

വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ ഇവിടെ ഊരു കൂട്ടവും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. 3 മാസത്തിൽ ഒരിക്കൽ ചേരുന്ന യോഗത്തിൽ പ്രൊമോട്ടർമാർ, ടി.ഇ.ഒ, പഞ്ചായത്ത് മെമ്പർമാർ, സൈറ്റ് മാനേജർമാർ, വാർഡ് മെമ്പർമാർ, സങ്കേതവാസികൾ, ഊരുമൂപ്പൻ, കൗൺസിലർമാർ, ചെയർമാൻ, എന്നിവർ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. ഓരോ കുടുംബത്തിലെയും ഒരാൾ ഊരു കൂട്ടത്തിൽ പങ്കെടുത്തുവരുന്നു. 2 മണിക്കൂറോളം ചേരുന്ന ഊരുകൂട്ടം യോഗത്തിൽ കൃത്യമായ മിനിട്സ് തയ്യാറാക്കുകയും വികസനപ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥകൾ ചർച്ചകൾ ചെയ്ത് പരിഹാരനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സങ്കേതത്തിലെ ചില ഭാഗത്ത് കുടുംബശ്രീ സ്വയം സഹായസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

### S.XLII .8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

നിലവിൽ തൊഴിൽ ലഭിക്കുന്നതിന് വേണ്ടി തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് നിർമ്മാണ മേഖലയിലെ കാർഷിക വൃത്തി മറ്റു ദിവസ വേതന ജോലികൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. മുമ്പത്തേക്കാൾ കൂടുതൽ തൊഴിൽ ലഭിക്കുന്നുണ്ടെങ്കിലും സമ്പാദ്യശീലം കുറവായതിനാൽ പലപ്പോഴും വ്യക്തികളിൽ നിന്ന് കടം വാങ്ങുകയോ, നിലവിൽ വരുമാനം കിട്ടികൊണ്ടിരിക്കുന്ന കശുമാവ് കുറഞ്ഞ വിലക്ക് പാട്ടത്തിന് നൽകുകയോ ചെയ്യുന്നുണ്ട്. മദ്യപാനത്തിന്റെ ഉപയോഗവും,

തൊഴിൽ ദിനങ്ങൾ കുറച്ച് മാത്രം ഉപയോഗപ്പെടുത്തുന്നതും, സമ്പാദ്യശീലത്തിന്റെ അപര്യാപ്തയും, ഇവരുടെ ജീവിത നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

കാട് പിടിച്ചുകിടക്കുന്ന പാറയുള്ള പ്രദേശമാണിത്. മതിയായ ഗതാഗതസൗകര്യം ലഭ്യമായ ഈ പ്രദേശത്ത് വന്യമൃഗശല്യങ്ങളും, ശുദ്ധജലലഭ്യതയില്ലായ്മയും, തൊഴിൽ ലഭ്യതക്കുറവും പ്രധാന വെല്ലുവിളികൾ തന്നെയാണ്. ഏതാനും ഗുണഭോക്താക്കൾക്ക് ലഭിച്ച പ്രദേശത്ത് ഭൂരിഭാഗവും പാറനിറഞ്ഞവയായിരുന്നു. പദ്ധതി പ്രകാരം കൃഷി ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുക്കിത്തരാമെന്നുള്ള വാഗ്ദാനങ്ങൾ നൽകിയിരുന്നുവെങ്കിലും വേണ്ടരീതിയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ശൗചാലയങ്ങളുണ്ടെങ്കിലും 58.3% ഉപയോഗശൂന്യമാണ്. കുഴി മാറ്റുകയോ, മുഴുവ നായും മാറ്റി പുനർനിർമ്മാണം നടത്തുകയോ ചെയ്യേണ്ടതാണ്.

സങ്കേതത്തിലെ ആളുകളുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക കാര്യങ്ങളിൽ അനുയോജ്യമായ തീരുമാനങ്ങൾ എടുക്കാൻ അവരെ പ്രാപ്തരാക്കുന്നത് സഹായകമാകും. നിലവിൽ തൊഴിൽ ദിനങ്ങളെ ഉപയോഗപ്പെടുത്താതെയും തങ്ങൾക്ക് ലഭിച്ച ഭൂമി മറ്റുള്ളവർക്ക് കുറഞ്ഞ വിലക്ക് കൃഷിക്കായി പാട്ടത്തിന് നൽകുകയും ചെയ്യേണ്ടി വരുന്നു. അങ്ങനെ ലഭിക്കേണ്ട വരുമാന മാർഗ്ഗങ്ങൾ ഇല്ലാതാകുന്നു. അതുപോലെ തന്നെ കുട്ടികൾക്ക് വേണ്ട പഠന സാഹചര്യം ഒരുക്കാൻ കഴിയാതെ വരികയും സ്കൂൾ കൊഴിഞ്ഞ് പോക്ക് ഉണ്ടാകുകയും ചെയ്യുന്നു. സങ്കേതത്തിന്റെ പൊതുവായ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും തൊഴിൽ പദ്ധതികൾ, ആരോഗ്യം, അടിസ്ഥാന പ്രശ്നങ്ങൾ എന്നിവയിൽ കാര്യക്ഷമമായി ഇടപെടുന്നതിനും ഏതെങ്കിലും തരത്തിലുള്ള ചൂഷണങ്ങളെ തടയുന്നതിന്നും സങ്കേതവാസികളെ കൂട്ടായ്മയിലൂടെ പ്രാപ്തരാക്കാം.

നിശ്ചിത സീസണുകളിൽ മാത്രം ചാവശ്ശേരിയിൽ താമസിക്കുകയും പിന്നീട് പൂർവ്വ സങ്കേത ത്തിലേക്ക്തന്നെ തിരിച്ച് പോകുന്ന പ്രവണത ഗുണഭോക്താക്കളിലുണ്ട്. തൊഴിൽ ലഭ്യതക്കുറവും, കുട്ടികളുടെ വിദ്യാഭ്യാസം തുടരാൻ കഴിയാത്തതും സ്ഥിരമായി സങ്കേതത്തിലേക്ക് മാറി താമസി ക്കാൻ കഴിയാത്തതിന്റെ കാരണമായി ഇവർ ചൂണ്ടികാട്ടുന്നു.

## S.XLII. 9 സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. ഗുണനിലവാരം കുറഞ്ഞതായ ഭവന നിർമ്മാണത്തിൽ പല വീടുകളുടെയും പ്ലാസ്റ്ററിംങ് കേടുവന്നതോ, ഇല്ലാത്തതോ ആണ്. വീടുകൾക്ക് പാസ്റ്ററിംഗ് ചെയ്യണം. വീടുകൾ പൊട്ടി പൊളിഞ്ഞ നിലയിലുമാണ്. കൂടാതെ മേൽക്കൂര ചോർച്ചകൾ മാറ്റാൻ സംവിധാനവും, അടുക്കളസൗകര്യവും ഒരുക്കണം. പൂർത്തീകരിക്കാത്ത ഭവനനിർമ്മാണം പൂർത്തീകരിക്കണം. വീടുകൾക്ക് വയറിങ്ങ് ചെയ്യണം.
2. ശൗചാലയങ്ങൾ ഉപയോഗശൂന്യമാണ്. കുഴി മാറ്റുകയോ, മുഴുവനായും മാറ്റി പുതുക്കിപ്പണിയണം.
3. കുടിവെള്ളം സംവിധാനം കാര്യക്ഷമമാക്കുക- പൈപ്പ് വഴി കുടിവെള്ളം ലഭ്യമാണ് എന്നിരുന്നാലും മുകൾ ഭാഗത്ത് കുറച്ച് വീടുകൾക്ക് വെള്ളം കിട്ടുന്നില്ല.
4. കാർഷിക ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
5. മുതിർന്നവരിലെ മദ്യപാനസക്തി കുറക്കുകയും പുതിയ തലമുറയിലെ കുട്ടികളെ പൂർണ്ണമായും മദ്യത്തിന്റെ ആസക്തിയിൽ നിന്ന് മുക്തരാക്കുകയും ചെയ്യുക. ഇതിന് വേണ്ടി ബോധവൽക്കരണത്തിന് പുറമെ നല്ല വിദ്യാഭ്യാസം നൽകിയും മദ്യപാനം തുടങ്ങുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കിയും സങ്കേതത്തിന്റെയോ സമൂഹത്തി ന്റെയോ വളർച്ചയിൽ ഭാഗമാക്കാവുന്ന തരത്തിലുള്ള നല്ല ആശയ വിനിമയ ശേഷിയും നേതൃപാടങ്ങളും ഉള്ളവരാക്കി മാറ്റുന്ന തരത്തിലുള്ള പരിശീലനങ്ങൾ നൽകുക.
6. സ്ത്രീകൾക്കും യുവാക്കൾക്കും തൊഴിൽ പരിശീലനം
7. കായിക രംഗത്ത് മികവ് പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
8. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കുട്ടികൾക്ക് മടുപ്പില്ലാത്ത/ ഇഷ്ടപ്പെടുന്ന രൂപത്തിൽ കോളനിയിലെ അദ്ധ്യാപകരെ ഉപയോഗിച്ചോ പുറത്ത് നിന്നുള്ളവരെ ഉപയോഗിച്ചോ ട്യൂഷൻ നൽകാം. അതുപോലെ തന്നെ പത്താം ക്ലാസ് ജയിച്ച ധാരാളം പേർ സങ്കേതത്തിൽ ഉണ്ട്. അത്തരം കുട്ടികൾക്ക് മത്സര പരീക്ഷകളെ നേരിടുന്നതിന് പരിശീലനങ്ങൾ നൽകി ഗവൺമെന്റ് ജോലികളിൽ പ്രവേശനം നേടാൻ ജടഇ കോച്ചിംഗ് സെന്റർ സ്ഥാപനങ്ങൾ തുടങ്ങാം.
9. സങ്കേതത്തിന്റെ സുരക്ഷക്കായി ചുറ്റു മതിൽ സംവിധാനം ഒരുക്കുക.
10. സങ്കേതത്തിലെ ആളുകളുടെ കൂട്ടായ്മകൾ രൂപീകരിക്കുവാൻ കമ്മ്യൂണിറ്റി ഹാൾ പണിയുക.
11. വഴിവിളക്കുകൾ സ്ഥാപിക്കുക
12. കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക

## ഉപസംഹാരം

മധുവനം സങ്കേതത്തിലെ ചില പ്ലോട്ടുകളിൽ ആൾതാമസമില്ലാത്തതിനാൽ കാട് പിടിച്ചു കിടക്കുന്നു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ മാത്രമെ എല്ലാവരും താമസിക്കുമവാൻ താത്പര്യപ്പെടുകയുള്ളു. സങ്കേതത്തിൽ രണ്ട് വീടുകൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. റോഡ് മികവുറ്റതാക്കി നൽകാമെന്നും, വൈദ്യുതി ലഭിക്കാൻ സ്ഥിര സംവിധാനങ്ങൾ നടപ്പിൽ വരുത്താമെന്നുമാണ് വാഗ്ദാനങ്ങൾ നൽകിയതെങ്കിലും നടപ്പാക്കിയിട്ടില്ല.

കോളി സങ്കേതത്തിൽ റോഡ്, കുടിവെള്ളം, ഗതാഗതം മറ്റ് സാമൂഹിക സൗകര്യങ്ങൾ, അരോഗ്യ കേന്ദ്രം എന്നിവയുടെ അപര്യാപ്തത മൂലം ഭുമി ഉപേക്ഷിച്ചു പോയവരാണ് ഏറിയ പേരും. മതിയായ ജലസേചന സൗകര്യങ്ങൾ  ഇല്ലാത്തതും കടുത്ത വേനലിൽ കൃഷി നശിക്കുന്നത് തടയുന്നതിനുമായി ജലസേചന സൗകര്യമൊരുക്കണം. കൂടാതെ സങ്കേതത്തിനു സാംസ്കാരിക നിലയവും പ്രാഥമിക ആരോഗ്യ കേന്ദ്രവും നിർമ്മിക്കണം.

ലോവർ ചീക്കാട് സങ്കേതത്തിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടും മൃഗ ശല്ല്യവും അനുഭവിക്കുന്നുണ്ട്. റബ്ബർ മരങ്ങൾ മുറിച്ചു മാറ്റേണ്ട വ്യവസ്ഥകൾ ഇല്ലാത്തതു കാരണം പകരം വെക്കാനോ മറ്റു കൃഷികൾ ചെയ്യാനോ സാധിക്കാത്ത അവസ്ഥയാണുള്ളത്. സങ്കേതത്തിൽ മിക്കവരുംതന്നെ കാട്ടിൽ നിന്നും പൈപ്പ് വഴി വെള്ളം ഉപയോഗിക്കുന്നവരാണ്. സങ്കേതം ആരംഭിച്ചിട്ട് 10 വർഷം ആയിട്ടും സ്ഥിരമായ കുടിവെള്ള സംവിധാനമെരുക്കാൻ സാധിച്ചിട്ടില്ല. വേനൽക്കാലങ്ങളിൽ സങ്കേതത്തിനകത്ത് കടുത്ത കുടിവെള്ള ക്ഷാമമാണ് നേരിടുന്നത്. സങ്കേതത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രവും ഗുണനിലവാരമുള്ള റോഡുകളും അത്യാവശ്യമാണ്.

അപ്പർ ചീക്കാട്സങ്കേതത്തിൽ ഗതാഗതസൗകര്യമില്ലായ്മ മൂലവും, പുഴയ്ക്ക് മുകളിൽ വാഹനം കടന്നുപോകാനുള്ള പാലം പണിയാത്തതിനാലും സങ്കേതവാസികൾ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വീട് എന്നിവ ഒരുക്കി നൽകിയാൽ മാത്രമെ സങ്കേതവാസികൾ താമസം തുടരുകയുള്ളൂ. കൂടാതെ വിദ്യാഭ്യാസ ആരോഗ്യ കേന്ദ്രങ്ങൾ സങ്കേതത്തിൽ സ്ഥാപിക്കുകയും, തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യണം.

ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതത്തിൽ വീടുകൾക്ക് പാസ്റ്ററിംഗ് ചെയ്യണം. കൂടാതെ മേൽക്കൂര ചോർച്ചകൾ മാറ്റാൻ സംവിധാനവും, അടുക്കളസൗകര്യവും ഒരുക്കണം. പൂർത്തീകരിക്കാത്ത ഭവനനിർമ്മാണം പൂർത്തീകരിക്കണം. വീടുകൾക്ക് വയറിങ്ങ് ചെയ്യണം. ശൗചാലയങ്ങൾ മുഴുവനായും മാറ്റി പുതുക്കിപ്പണിയണം. കുടിവെള്ളം സംവിധാനം എത്താതിടത്ത് അവ കാര്യക്ഷമമാക്കണം. മുതിർന്നവരിലെ മദ്യപാനസക്തി കുറക്കുകയും പുതിയ തലമുറയിലെ കുട്ടികളെ പൂർണ്ണമായും മദ്യത്തിന്റെ ആസക്തിയിൽ നിന്ന് മുക്തരാക്കുകയും ചെയ്യുന്നതിനായി ബോധവൽക്കരണത്തിന് പുറമെ നല്ല വിദ്യാഭ്യാസം നൽകണം. സ്ത്രീകൾക്കും യുവാക്കൾക്കും തൊഴിൽ പരിശീലനം നൽകണം. താരതമ്യേന പിന്നോക്കം നിൽക്കുന്ന ഗോത്ര സമുദായമായ

പണിയ വിഭാഗത്തിന് ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതത്തിൽ പൊതുവെ നല്ല രീതിയിൽ പദ്ധതികൾ നടത്തി വരുന്നു. കൃത്യമായ ഇടപെടലുകളും മോണിറ്ററിംങ്ങും ആവശ്യമായ പദ്ധതികൾ നടപ്പാക്കുകയും ചെയ്താൽ ടൗൺഷിപ്പ് സങ്കേതം ഒരു മാതൃകാ പണിയ സങ്കേതമാക്കാവുന്നതാണ്.

കണ്ണൂർ ജില്ലയിലെ എല്ലാ സങ്കേതങ്ങളിലും മോണിറ്ററിംങ് സമിതികൾ രൂപീകരിക്കുക കൃത്യമായ സമയത്ത് അറ്റകുറ്റപണികൾ നടത്തുകയും ഫണ്ട് ലഭ്യമാകാത്തതും പലപ്പോഴും പല പദ്ധതികളും നിന്നുപോകുന്നതിനോ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സം നിൽക്കുകയോ ചെയ്യാറുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും ചെറിയ അറ്റകുറ്റ പണികൾക്കുള്ള പണം സ്വരൂപിക്കുകയോ ആവശ്യമായ സമയത്ത് അധികാരികളെ/ അതോറിറ്റിയെ അറിയിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം നേടാം.

# കാസർഗോഡ്ജില്ല

# കാസർഗോഡ്ജില്ല

തമിഴ്, മലയാളം, കന്നഡ, കൊങ്കണി, ബ്യാരി, മറാട്ടി, തുളു എന്നീ സപ്തഭാഷകളുടെ സംഗമ ഭൂമിയാണ് കാസർഗോഡ്. 2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ജില്ലയുടെ ആകെ ജനസംഖ്യ 1,307,375 ആണ്. ആകെ ജനസംഖ്യയുടെ 3.65% നം ഗോത്രവിഭാഗങ്ങളാണ്. പ്രത്യേക ദുർബല ഗോത്രവിഭാഗത്തിലുൾപ്പെടുന്ന കൊറഗ വിഭാഗം ഉൾപ്പെടെ മാവിലൻ, മലവേട്ടുവൻ, മലക്കുടിയ, മറാട്ടി എന്നീ ഗോത്രവിഭാഗങ്ങളാണ് ജില്ലയിൽ താമസിച്ചു വരുന്നത്. തനത് ആചാരാനുഷ്ഠാനങ്ങളും, ആരാധനാ സമ്പ്രദായവും, ജീവിത രീതികളും പിൻതുടർന്നു വരുന്നവരാണ് ഈ വിഭാഗങ്ങളെല്ലാം. കൂടാതെ ഇതര ഭാഷകളിൽനിന്നും വ്യത്യസ്തമായി തുളുഭാഷയുടെ സ്വാധീനം ഈ ഗോത്രവിഭാഗങ്ങളിലെല്ലാം പ്രകടമാണ്.

ജില്ലയിലെ ഗോത്രവിഭാഗങ്ങളിൽ കൊറഗ, മാവിലൻ, മലവേട്ടുവൻ എന്നീ വിഭാഗങ്ങൾ വിവിധ കാലങ്ങളിലായി പുനരധിവാസ പ്രക്രിയക്ക് വിധേയരായിട്ടുണ്ട്. 1913 കളിൽ തന്നെ പ്രത്യേക ദുർബല ഗോത്രവിഭാഗമായ കൊറഗരെ മഞ്ചേശ്വരം താലൂക്കിലെ പാവൂരിൽ പാവൂർ ചർച്ച് അധികാരികളുടെ നേതൃത്വത്തിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. 1957 ൽ ആരംഭിച്ച പെർഡാല സങ്കേതവും കൊറഗരുടെ പുനരധിവാസമാണ് ലക്ഷ്യം വെച്ചത്. ഇതേ വർഷംതന്നെ ഹോസ്ദുർഗ് താലൂക്കിലെ പനത്തടിയിൽ ആ കാലങ്ങളിൽ പട്ടികജാതി ലിസ്റ്റിലുണ്ടായിരുന്ന മാവിലരെയും, ഒ.ഇ.സി ലിസ്റ്റിലുണ്ടായിരുന്ന മലവേട്ടുവരെയും പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതിയും നടപ്പിലാക്കിയിരുന്നു. ഈ പുനരധിവാസ പ്രക്രിയയുടെ പൊതു സ്വഭാവം പരിശോധിച്ചാൽ ഭൂരഹിതരായ കുടുംബങ്ങളുടെ പുനരധിവാസമാണ് ഈ പദ്ധതികളെല്ലാംതന്നെ മുന്നോട്ടുവെച്ചത്. ഭൂരഹിതരായ പട്ടിക വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിലൂടെ അവരുടെ സാമ്പത്തികവും സാമൂഹികവും സർവ്വതോന്മുഖവുമായ വികസനം ലക്ഷ്യംവെച്ചാണ് ടി.ആർ.ഡി.എം പദ്ധതിയും ജില്ലയിൽ നടപ്പിലാക്കിയത്.

കാസർഗോഡ്ജില്ലയിൽ കിനാനൂർ - കരിന്തളം, കുഞ്ചത്തൂർ എന്നീ സങ്കേതങ്ങളിലായാണ് ജില്ലയിൽ ടി. ആർ.ഡി.എം പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്.

## S.XLIII. കിനാനൂർ - കരിന്തളം പുനരധിവാസ സങ്കേതം

### S.XLIII. 1 പ്രദേശം

കിനാനൂർ - കരിന്തളം പഞ്ചായത്തിൽ 3-ാം വാർഡിൽ കിളിയലംതൊട്ടി, പയ്യംകുളം, ചാങ്ങാട്, വട്ടക്കല്ല് എന്നീ നാല് ഭാഗങ്ങളിലായാണ് കിനാനൂർ - കരിന്തളം പുനരധിവാസ മേഖല സ്ഥിതി ചെയ്യുന്നത്. 2007 ലാണ് പ്രദേശത്ത് പുനരധിവാസ പവർത്തനങ്ങൾ ആരംഭിച്ചത്. റവന്യൂ മിച്ച ഭൂമി ആയിരുന്ന പ്രദേശത്തെ **52** ഏക്കർ സ്ഥലം ടി. ആർ.ഡി. എം മിഷൻ ഏറ്റെടുത്താണ് പദ്ധതി

നടപ്പിലാക്കിയത്. ജില്ലയിലെ ഒരു ഏക്കറിൽ കുറവ് ഭൂമിയുള്ളവരിൽ നിന്നും, ഭൂരഹിതരിൽ നിന്നും അപേക്ഷ സ്വീകരിച്ചതിൻ പ്രകാരം തിരഞ്ഞെടുത്ത 43 ഗുണഭോക്താക്കൾക്കാണ് ഭൂമിയനുവദിച്ചത്. നിലവിൽ 38 കുടുംബങ്ങളാണ് കിനാനൂർ കരിന്തളം പുനരധിവാസമേഖലയിൽ താമസിച്ചു വരുന്ന ത്. ആകെയുള്ള കുടുംബങ്ങളിൽ വട്ടക്കല്ല്, ചാങ്ങാട്, ഭാഗങ്ങളിലായി യഥാക്രമം 13, 14, കുടും ബങ്ങൾ വീതവും പയ്യംകുളം, കിളിയലം തൊട്ടി എന്നിവിടങ്ങളിൽ എട്ട് കുടുംബങ്ങൾ വീതവുമാണ് താമസിച്ചു വരുന്നത്. മാവിലൻ വിഭാഗത്തിൽ നിന്നുള്ള 35 കുടുംബങ്ങളും, മലവേട്ടുവൻ വിഭാഗ ത്തിൽ നിന്നുള്ള ഒരു കുടുംബവും, മലവേടൻ വിഭാഗത്തിൽ നിന്നുള്ള രണ്ട് കുടുംബവുമാണ് പുന രധിവാസ മേഖലയിൽ നിലവിൽ താമസം ഉള്ളത്. ഒരു കുടുംബത്തിന് ഒരേക്കർ എന്ന രീതിയി ലാണ് ഭൂമി വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ കുന്നിൻ ചെരിവുകളിലും പാറ പ്രദേശങ്ങളിലും ഭൂമി ലഭ്യമായ 14 ഗുണഭോക്താകൾക്ക് വീട് വെക്കാനായി,സങ്കേതത്തിന്റെ വികസനാവശ്യങ്ങൾക്കാ യി മാറ്റിവെച്ച ഭൂമിയിൽ നിന്നും അഞ്ച് സെന്റ് വീതം പ്രത്യേകമായി നൽകിയിട്ടുമുണ്ട്.

57 പുരുഷന്മാരും 71 സ്ത്രീകളുമടക്കം 128 പേരാണ് പുനരധിവാസ മേഖലയിലാകെയുള്ളത്. കിനാനൂർ കരിന്തലത്ത് പുനരധിവസിപ്പിച്ചിട്ടുളള രണ്ട് മലവേടൻ കുടുംബങ്ങൾ 1972 കാലഘട്ട ത്തിൽ തന്നെ കോട്ടയം മീനച്ചിൽ താലൂക്കിൽ നിന്നും ഈസ്റ്റ് എളേരി പഞ്ചായത്തിലെ ചിറ്റാരിക്കലി ലേക്ക് കുടിയോറിപ്പാർത്ത കുടുംബങ്ങളാണ്. കൂടാതെ പുനരധിവാസ മേഖലക്ക് സമീപത്തായി കിളിയലംതൊട്ടി, വട്ടക്കല്ല്തട്ട് ഭാഗങ്ങളിൽ മാവിലരുടെ പാരമ്പര്യവാസ കേന്ദ്രങ്ങൾ സ്ഥിതിചെയ്യു ന്നുണ്ട്. ഇത്തരത്തിൽ 34 കുടുംബങ്ങൾ പുനരധിവാസ മേഖലയുടെ സമീപത്തായി താമസമുണ്ട്. കൂടാതെ ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളിൽ നിന്നുള്ള ഓരോ കുടുംബങ്ങൾ വീതവും പുനരധി വാസ മേഖലയ്ക്ക് സമീപത്തായി താമസമുണ്ട്.

കിനാനൂർ - കരിന്തളം സങ്കേതത്തിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ 10% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്.

### S.XLIII. 1.2കിനാനൂർ - കരിന്തളം പുനരധിവാസ മേഖല ചരിത്രം.

2007- ൽ ആണ് കിനാനൂർ - കരിന്തളം പുനരധിവാസ മേഖലയുടെ പ്രവൃത്തികൾ ആരംഭിച്ച ത്. കിനാനൂർ കരിന്തളം പഞ്ചായത്തിൽ 3-ാം വാർഡിൽ റവന്യൂ മിച്ചഭൂമിയായിരുന്ന 52 ഏക്കർ സ്ഥലം മിഷൻ ഏറ്റെടുത്താണ് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയത്. റവന്യൂ ഭൂമിയായിരുന്ന സ്ഥലം പ്രദേശവാസികൾ കൈയേറി കൃഷി ചെയ്ത് വന്നിരുന്ന മേഖലയായിരുന്നു. ഈ കൈയ്യേറ്റ ങ്ങളൊഴിപ്പിച്ചാണ് ഭൂമി മിഷനു കൈമാറിയത്.

ജില്ലയിലെ ഭൂരഹിതവും, ഒരേക്കറിൽ കുറവ് ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങ ളിൽ നിന്നും അപേക്ഷ സ്വീകരിക്കുകയും, അതത് വില്ലേജ് ഓഫീസർമാരുടെ നേതൃത്വത്തിൽ അപേ ക്ഷകൾ പരിശോധിച്ച് തിരഞ്ഞെടുത്ത 43 കുടുംബങ്ങൾക്കാണ് ആദ്യഘട്ടത്തിൽ ഭൂമി അനുവദിച്ചത്. അപേക്ഷ നൽകി രണ്ട് വർഷത്തിന് ശേഷമാണ് ഗുണഭോക്താക്കൾക്ക് ഭൂമി ലഭിച്ചിട്ടുള്ളത്. പുനരധി

വാസ പ്രദേശത്തിന് സമീപത്തുള്ള അജാനൂർ, പുല്ലൂർ- പെരിയ, പനത്തടി, കള്ളാർ, ബളാർ, കോടോം ബേളൂർ എന്നീ പഞ്ചായത്തുകളിൽ നിന്നുള്ള മാവിലൻ, മലവേട്ടുവൻ ഗോത്രത്തത്തിൽ നിന്നുള്ള കുടുംബങ്ങൾക്കാണ് ആദ്യഘട്ടത്തിൽ കിനാനൂർ കരിന്തളം മേഖലയിൽ ഭൂമി അനുവദിച്ചി രുന്നത്. കൊറഗ, മാവിലൻ വിഭാഗത്തിൽപ്പെട്ട 20 വീതം കുടുംബങ്ങൾക്കും ഒരു മലക്കുടിയ കുടുംബത്തിനും രണ്ട് മലവേട്ടുവൻ കുടുംബങ്ങൾക്കുമാണ് ഭൂമി അനുവദിച്ചിരുന്നത്.

'കുണ്ടു കൊറഗ', 'ചപ്പുകൊറഗ' എന്നിങ്ങനെ രണ്ട് വകഭേദങ്ങൾ കൊറഗർക്കിടയിലു ണ്ടെങ്കിലും 'കുണ്ടുകൊറഗ'രാണ് ജില്ലയിലുള്ളത്. ബദിയഡുക്ക, മധൂർ, പൈവളിഗെ, വോർക്കാടി, മഞ്ചേശ്വരം, എൻമകജെ, മീഞ്ച, പുത്തിഗെ, മംഗൽപ്പാടി, കുമ്പള, എന്നീ ഗ്രാമ പഞ്ചായത്തുകളിലും കാസർഗോഡ് മുൻസിപ്പാലിറ്റിയിലുമാണ് കൊറഗരുടെ പ്രധാന ആവാസകേന്ദ്രങ്ങളുള്ളത്. കൊറഗ ജനസംഖ്യയിൽ മുന്നിട്ടു നിൽക്കുന്നത് ബദിയടുക്ക ഗ്രാമപഞ്ചായത്താണ്.മാവിലൻ, മലവേട്ടുവൻ സമുദായക്കാർ തുളു ഭാഷയോട് സാമ്യമുള്ള തനത് ഭാഷയാണ് പരസ്പര ആശയ വിനിമയത്തിന് ഉപയോഗിക്കുന്നത് എങ്കിലും കിനാനൂർ- കരിന്തളം പ്രദേശത്തെ സംസാര ഭാഷയായ മലയാളം അറിയുന്നവരാണ്. എന്നാൽ ഭൂമി ലഭിച്ച കൊറഗ സമുദായംഗങ്ങൾ പുനരധിവാസ മേഖലയിൽ നിന്നും 50 കി.മി യിൽ അധികം ദൂരത്തുള്ള കന്നട/തുളു ഭാഷകൾ സംസാരിക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരായിരുന്നു.

ആദ്യഘട്ടത്തിൽ ഭൂമി അനുവദിച്ച 43 കുടുംബങ്ങളിൽ 20 കുടുംബങ്ങൾമാത്രമാണ് മേഖലയി ലേക്ക് മാറി താമസിച്ചിരുന്നത്. മാറി താമസിക്കാത്ത ഗുണഭോക്താകൾക്ക് പകരമായി 2010-ൽ ഹോസ്ദുർഗ് താലൂക്കിന് കീഴിൽ വരുന്ന 20 മാവിലൻ കുടുംബങ്ങൾക്കും, 2 മലവേടൻ കുടുംബ ങ്ങൾക്കും, 1 മലവേട്ടുവൻ കുടുംബത്തിനുമായി ഭൂമി നൽകി. 2007 ൽ ഗുണഭോക്താക്കൾക്ക് കിനാ നൂർ കരിന്തളത്ത് ഭൂമി നൽകിയിരുന്നെങ്കിലും 2009 ൽ മാത്രമാണ് മേഖലയിൽ ഭവന നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. 2007-09 വരെയുള്ള കാലഘട്ടത്തിൽ ഗുണഭോക്താക്കളിൽ ചിലർ കുറഞ്ഞ കാലയളവിൽ ലഭ്യമായ ഭൂമിയിൽ ഷെഡ് കെട്ടി താമസിച്ചിരുന്നു. 2009 സെപ്തംബർ 12-ാം തീയ്യതി പള്ളിപ്രം ബാലൻ. എം.എൽ.എ യുടെ അധ്യക്ഷതയിൽ കരുണാകരൻ എം. പി യാണ് കിനാനൂർ - കരിന്തളം ടി. ആർ. ഡി. എം ഭവന നിർമ്മാണ പദ്ധതിക്ക് തറക്കല്ലിട്ടത്. നെഹ്റുയുവകേ ന്ദ്രയാണ് ആദ്യഘട്ടത്തിൽ സങ്കേതത്തിലെ വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നട പ്പിലാക്കിയത്. എന്നാൽ 26 വീടുകളുടെ നിർമ്മാണം മാത്രമാണ് ഈ കാലയളവിൽ നടത്തിട്ടുള്ളത്. 2009- 10 കാലഘട്ടത്തിൽ ഭവനനിർമ്മാണ പ്രവൃത്തികൾ പൂർത്തിയായതിന് ശേഷമാണ് സങ്കേത ത്തിൽ ഗുണഭോക്താക്കൾ സ്ഥിരതാമസം ആരംഭിച്ചത്. പുനരധിവാസത്തിന്റെ രണ്ടാംഘട്ടത്തിൽ 15 വീടുകളുടെ നിർമ്മാണം ബളാൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസി യാണ് നടപ്പിലാക്കിയത്. രണ്ട് ഘട്ടത്തിലും ഒരേ പ്ലാനിലുള്ള വീടുകളാണ് നിർമ്മിച്ചു നൽകിയത്. ഒരുമുറി, വരാന്ത, ഹാൾ, അടുക്കള എന്ന രീതിയിലാണ് വീടുകളുടെ നിർമ്മാണ പ്രവൃത്തി നടത്തിയ ത്.ഈ വീടുകളിൽ മതിയായ സൗകര്യങ്ങളില്ലാത്തതിനാൽ ഗുണഭോക്താക്കളുടെ താൽപര്യ

പ്രകാരം അടുക്കളയ്ക്ക് പകരം മറ്റൊരു മുറി നിർമ്മിച്ചു നൽകിയിട്ടുണ്ട്. പിന്നീട് ഗുണഭോക്താക്കൾ സ്വന്തം ചിലവിൽ അടുക്കള നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

വട്ടക്കല്ല്, ചാങ്ങാട്, പയ്യംകുളം, കിളിയലംതൊട്ടി എന്നിങ്ങനെ 4 ഭാഗങ്ങളിലായാണ് പുനരധിവാസമേഖല സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് തന്നെ ഓരോ മേഖലകളിലെയും സൗകര്യങ്ങളും ആരംഭകാലത്ത് വ്യത്യസ്തമായിരുന്നു. കിളിയലം തൊട്ടി, പയ്യംകുളം മേഖലകൾ നീലേശ്വരം നെല്ലിയടക്കം പ്രധാന റോഡിന് ഇരുവശത്തുമായാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് തന്നെ ഈ മേഖലയിൽ ആദ്യ കാലങ്ങളിൽ തന്നെ ഗതാഗത സൗകര്യങ്ങൾ നിലവിലുണ്ടായിരുന്നു. ഭവന നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച കാലയളവിൽ തന്നെ ഈ മേഖലയിൽ കുടിവെള്ള സൗകര്യത്തിനായി 1 കുഴൽ കിണർ നിർമ്മിച്ചു നൽകിയിരുന്നു. ഈ കുഴൽ കിണറിനെയാണ് ഈ മേഖലയിലെ കുടുംബങ്ങൾ ഇന്നും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. കക്കൂസ് സൗകര്യം പുനരധിവാസ മേഖലയിലെല്ലാവർക്കും തന്നെയുണ്ട്. 2010 യാണ് പുനരധിവാസ മേഖലയിലെ വൈദ്യുതീകരണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. കിളിയലം തൊട്ടി ഭാഗത്ത് 3 കുടുംബങ്ങൾക്ക് പാറ നിറഞ്ഞ പ്രദേശമാണ് നൽകിയിട്ടുള്ളത്. പയ്യംകുളം ഭാഗത്തും ഭാഗികമായി പാറനിറഞ്ഞ പ്രദേശം നൽകപ്പെട്ടവരുണ്ട്.

വട്ടക്കല്ല്, ചാങ്ങാട് മേഖലകൾ കിളിയലം തൊട്ടിയിൽ നിന്നും 1 കി.മി. മാറിയാണ് സ്ഥിതി ചെയ്യുന്നത്. ഭൂമി നൽകിയ സമയത്ത് ഇവിടം കാട് നിറഞ്ഞ പ്രദേശമായിരുന്നു. ഇവിടെ ഭൂമി ലഭ്യമായ 27 കുടുംബങ്ങളിൽ 5 കുടുംബങ്ങൾക്ക് കൈയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച റബ്ബർ കൃഷി ചെയ്യുന്ന ഭൂമിയാണ് ലഭിച്ചത്. 2007-ൽ തന്നെ ആദ്യഘട്ടം ഭൂമി ലഭിച്ചവർ ഈ മേഖലയിൽ താമസമാരംഭിച്ചിരുന്നു. ഈ കാലയളവിൽ ടി. ആർ.ഡി.എം ഗുണഭോക്താക്കൾക്ക് വീട്, വൈദ്യുതി, സങ്കേതത്തിലേക്ക് എത്തി ചേരാനുള്ള റോഡ് സൗകര്യവും നൽകിയിട്ടുണ്ട്. എന്നാൽ ഈ മേഖലയിലുണ്ടായിരുന്ന റോഡ് ഗതാഗത യോഗ്യമായിരുന്നില്ല. കൂടാതെ പുനരധിവസിപ്പിക്കപ്പെട്ടതിന് ശേഷം ഏതാണ്ട് 5 വർഷക്കാലം കുടിവെളളത്തിനായി വളരെയേറെ ബുദ്ധിമുട്ട് ഈ മേഖലകളിലെ കുടുംബങ്ങളനുഭവിച്ചിരുന്നു. ആരംഭ ഘട്ടത്തിൽ കുടിവെള്ളത്തിനായി യാതൊരു സൗകര്യവും ഒരുക്കി നൽകിയിരുന്നുമില്ല. വട്ടക്കല്ല്, ചാങ്ങാട് മേഖലയിൽ താമസമുണ്ടായിരുന്ന കുടുംബങ്ങളിൽ ബഹുഭൂരിപക്ഷവും വേനൽകാലങ്ങളിൽ കുടിവെള്ളക്ഷാമം കാരണം തങ്ങളുടെ പഴയ പ്രദേശത്തേക്ക് തിരികെ പോകുകയാണ് ചെയ്തിരുന്നത്. കുടിവെള്ള സൗകര്യം ലഭിക്കാത്തതിനാൽ 2012-ൽ ഈ മേഖലയിലുണ്ടായിരുന്ന കുടുംബങ്ങൾ ചേർന്ന് കലക്ടറേറ്റിലേക്ക് മാർച്ച് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും 2015- ൽ മാത്രമാണ് ഇവർക്ക് കുടിവെള്ള സൗകര്യം ലഭ്യമായത്. 10,30,000 രൂപ ചിലവിൽ ടി.ആർ.ഡി.എം മിഷനാണ് കുടിവെള്ള സൗകര്യം ഒരുക്കി നൽകിയിട്ടുള്ളത്.

പുനരധിവാസ മേഖലയിൽ വീട്, കുടിവെള്ളം, വൈദ്യുതി, മുതലായ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കൊപ്പം ഉപജീവനമാർഗ്ഗങ്ങൾക്കുള്ള സൗകര്യങ്ങളും ഒരുക്കി നൽകേണ്ടിയിരുന്നു. എന്നാൽ കിനാനൂർ - കരിന്തളം പുനരധിവാസ മേഖലയിൽ ആദ്യകാലങ്ങളിൽ ഉപജീവനമാർഗ്ഗം

കണ്ടെത്താനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പുനരധിവാസത്തിന് ശേഷമുള്ള 5 വർഷകാലയള വിൽ പുനരധിവാസ മേഖലയിലുള്ളവരുടെ സർവ്വതോന്മുഖമായ വികസനം ടി. ആർ.ഡി. എം മിഷന്റെ പ്രഖ്യാപിത ലക്ഷ്യമാണെങ്കിലും അവ കൈവരിക്കുവാനുള്ള കാര്യക്ഷമമായ പ്രവർത്തന ങ്ങൾ ഈ മേഖലയിൽ നടന്നിട്ടില്ല. ആരംഭ ഘട്ടത്തിൽ ഉപജീവനോപാധികൾ ഒരുക്കി നൽകാത്ത തിനാൽ ഗുണഭോക്താക്കളിൽ ഒട്ടുമിക്കപേരും തങ്ങളുടെ പഴയ മേഖലയിലേക്ക്തന്നെ തിരിച്ചു പോകുകയാണ് ചെയ്തിരുന്നത്. സ്വന്തമായി ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യാനുള്ള പണിയായുധ ങ്ങളും, കശുമാവ്, റബർ തൈകളും, മൃഗപരിപാലനത്തിനായി ആട്, പശു നൽകിയ തൊഴിച്ചാൽ കാര്യമായ ഉപജീവനോപാധികൾക്കുള്ള പദ്ധതികൾ സങ്കേതത്തിൽ നടപ്പിലാക്കിയിരുന്നില്ല.

### S.XLIII. 2 സമുദായഘടന

മാവിലൻ വിഭാഗത്തിൽ നിന്നുള്ള 35 കുടുംബങ്ങളും, മലവേട്ടുവൻ വിഭാഗത്തിൽ നിന്നുള്ള ഒരു കുടുംബവും, മലവേടൻ വിഭാഗത്തിൽ നിന്നുള്ള രണ്ട് കുടുംബവുമാണ് പുനരധിവാസ മേഖല യിൽ നിലവിൽ താമസം ഉള്ളത്.

### S.XLIII. 3 അടിസ്ഥാന സൗകര്യം

കിനാനൂർ കരിന്തളം പുനരധിവാസ മേഖലയിൽ ടി. ആർ.ഡി.എം പദ്ധതി പ്രകാരം 43 കുടും ബങ്ങൾക്കാണ് ഭൂമി അനുവദിച്ചത്. സങ്കേതത്തിൽ നിലവിൽ 38 കുടുംബങ്ങളാണ് താമസമുള്ളത്. 2009–10, 2011–2012 എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായാണ് വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടുള്ളത്.ആദ്യഘട്ടത്തിൽ 1.25 ലക്ഷം രൂപയും,രണ്ടാം ഘട്ടത്തിൽ 2 ലക്ഷം രൂപയുമാണ് ഭവന നിർമ്മാണത്തിനായി അനുവദിച്ചിരുന്നത്.രണ്ട് ഘട്ടത്തിലും ഒരേ പ്ലാനിലുള്ള വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്. ഒരു കിടപ്പുമുറിയും, വരാന്തയും ,ഹാൾ അടുക്കള എന്ന രീതിയി ലാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. മതിയായ സൗകര്യങ്ങളില്ലാതെയാണ്വീട് നിർമ്മാണ പ്രവൃ ത്തികൾ നടത്തിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ നെഹ്റു യുവ കേന്ദ്രയുടെ നേതൃത്വത്തിലും രണ്ടാം ഘട്ടത്തിൽ ബളാൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികൾ വഴി യുമാണ് നിർമ്മാണ പ്രവൃത്തി നടപ്പിലാക്കിയത്. എജൻസികൾ വഴിയുള്ള ഭവന നിർമ്മാണത്തിന് താൽപര്യമില്ലാതിരുന്ന 2 ഗുണഭോക്തകളുടെ ഭവന നിർമ്മാണ പ്രവൃത്തികൾ നിലവിൽ നടന്നു കൊണ്ടിരിക്കുകയാണ്.വീടുകളുടെ അറ്റകുറ്റപണികൾക്കായി 2018–19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. 34 വീടുകളുടെ പുനരുദ്ധാരണത്തിനായി ഓരോ വീടിനും 1.50 ലക്ഷം രൂപ യാണ് അനുവദിച്ചിട്ടുള്ളത്. വീടുകൾക്കുള്ള അടുക്കള, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങളും മേഖലയിൽ ഒരുക്കി നൽകിയിട്ടുണ്ട്.

## S.XLIII. 4 വിദ്യാഭ്യാസം

സങ്കേതവാസികൾ 1 മുതൽ 4ാംക്ലാസ്സ് വരെ 2 കിമി അകലെ കിഴിമാലയിലുള്ള എ.യു.പി സ്ക്കൂളിനെയും, 7ാം ക്ലാസ്സ് വരെ 2കിമി അകലെയുള്ള നെല്ലിയടുക്കം എ.യു.പി സ്ക്കൂളിനെ യുമാണ് വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നത്. 8 മുതൽ 124 ാം ക്ലാസ്സ് വരെ 10 കിമി അകലെയു ള്ള ജി. എച്ച്. എച്ച്. എസ്സ്. ചായ്യോത്തിലാണ് വിദ്യാർത്ഥികൾ തുടർ പഠനം നടത്തുന്നത്.

## S.XLIII. 5 ആരോഗ്യം

ആരോഗ്യരംഗം:- പുനരധിവാസ മേഖലയിൽ ആരോഗ്യ പരിചരണത്തിന് പൊതു സംവി ധാനം ഇല്ല. എങ്കിലും 4 കിലോമീറ്റർ ദൂരത്തിൽ വള്ളിക്കുന്നിൽ പ്രൈമറി ഹെൽത്ത് സെന്ററി ന്റെയും 6 കിലോമീറ്റർ ദൂരെ കോയിത്തട്ടിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയും സേവനം ലഭ്യ മാണ്. ആരോഗ്യ പരിചരണത്തിൽ പൊതുവിൽ അലോപതി മരുന്നുകളെയും സർക്കാർ സംവിധാന ങ്ങളെയുമാണ് ഉപയോഗപ്പെടുത്തുന്നുത്. കൂടാതെ ചില അവസരങ്ങളിൽ പുനരധിവാസ മേഖലയു മായി ബന്ധപ്പെട്ടുള്ള പാരമ്പര്യ വൈദ്യന്മാരുടെയും സേവനം ഇവർക്ക് ലഭിക്കുന്നുണ്ട്. ആശാ വർക്കറുടേയും, വർഷത്തിൽ രണ്ട് തവണ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെയും സേവനം പുനരധിവാസ മേഖലയിൽ ലഭ്യമാണ്. കാഴ്ചവൈകല്യമുള്ള രണ്ട് പേരും, ഹൃദ്രോഗമുള്ള ഒരു വ്യ ക്തിയും പുനരധിവാസമേഖലയിലുണ്ട്. മറ്റ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ മേഖലയിൽ നില വിലില്ല. വളരെ ചുരുക്കം പേരിൽ മദ്യപാനം ശീലം ഉള്ളതായി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

## S.XLIII. 6 തൊഴിലും വരുമാനവും

പുനരധിവാസ മേഖലയിലുള്ളവരെല്ലാം ഉപജീവനത്തിനായി കൃഷി, കാർഷികമേഖല, നിർമ്മാണ മേഖലകളിലെ കൂലിവേലകൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. പ്രദേശത്ത് സ്ത്രീകളും പുരുഷന്മാരും തൊഴിലുറപ്പ് പദ്ധതി വഴി ലഭിക്കുന്ന തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടു ത്തുന്നവരാണ്. മേഖലയിൽ സർക്കാർ സേവകനായിട്ടുള്ള 2പേരുമുണ്ട്. കാർഷിക മേഖലയിലെ തൊഴിലാളികളിൽ ഏർപ്പെട്ടിരുന്ന ഇവർ രണ്ട് പേർക്കും പുനരധിവാസ മേഖലയിലേക്ക് എത്തിയ തിന് ശേഷമാണ് സർക്കാർ ജോലി ലഭിച്ചിട്ടുള്ളത്.

പ്രദേശത്ത് ഭൂമി ലഭിച്ച 43 കുടുംബങ്ങളിൽ കുറച്ച് കുടുംബങ്ങൾ ഒഴികെ മറ്റുള്ളവരെല്ലാം കൃഷി ചെയ്യാൻ പ്രാപ്തിയുള്ളവരാണ്. കിളിയലം തൊട്ടി മേഖലയിൽ കുറച്ച് കുടുംബങ്ങൾക്ക് പാറ നിറഞ്ഞ പ്രദേശമാണ് ലഭിച്ചത്. ഉപജീവനോപാധികളുടെ ഭാഗമായി കശുമാവിൻ തൈകളും, റബ്ബറും നൽകിയിട്ടുണ്ട്. കൂടാതെ ലഭിച്ച ഭൂമിയിൽ ചേന, ചേമ്പ്, മഞ്ഞൾ, കുരുമുളക്, വീട്ടാവശ്യ ത്തിനുള്ള പച്ചക്കറികളും കൃഷി ചെയ്തു വരുന്നു. കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്വെച്ച് നടത്തിയ കശുവണ്ടി സംസ്കരണ പരിശീലനത്തിൽ പുനരധിവാസ മേഖലയിൽ നിന്നുള്ള 54പേർ പങ്കെടുത്തിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുത്തവർക്ക് 3 വർഷം കൊണ്ട് വിളവ് ലഭിക്കുന്നയിനം ബഡ് ചെയ്ത 70 കശുമാവിൻ തൈകൾ വീതം 25 പേർ നൽകിയിട്ടുണ്ട്. നിലവിൽ പുനരധി

വാസ മേഖലയിലാകെ 25 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നുണ്ട്.പ്രദേശത്ത് ജലസേചന സൗകര്യം നിലവിലില്ലാത്തതിനാൽ മഴയെ ആശ്രയിച്ച് മാത്രമാണ് ഇവർ കൃഷിചെയ്യുന്നത്. ഒറ്റപ്പെട്ട ഗുണഭോക്താക്കളുടെ കൃഷി ഭൂമികളിൽ കാട്ടുപന്നി ശല്യം ഉണ്ടെന്നതും കാർഷിക മേഖലയിൽ നേരിടുന്ന വെല്ലുവിളികളാണ്.

## S.XLIII. 7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

കിനാനൂർ- കരിന്തളം പുനരധിവാസ മേഖലയിലേക്ക് പുനരധിവസിക്കപ്പെട്ടതിന് ശേഷം ഗുണഭോക്താക്കളും ജീവിത സാഹചര്യങ്ങളും രീതികളും മെച്ചപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യ ങ്ങളിലും ജീവിത രീതിയിലും മെച്ചപ്പെട്ടുവെന്ന് സങ്കേതവാസികൾ പൊതുവിൽ അഭിപ്രായപ്പെട്ടു. ഗുണഭോക്താക്കളിൽ മിക്കവരും മുൻപ് താമസിച്ചിരുന്ന പ്രദേശത്ത് സ്വന്തമായി ഭൂമിയും വീടുക ളിൽ മെച്ചപ്പെട്ട അവസ്ഥയും ഉണ്ടായിരുന്നില്ല. മിക്കവരുടെ വീടുകളും മൺകട്ടകൾകൊണ്ട് നിർമ്മി ച്ചതും ഓടുകൾ മേഞ്ഞതും ആയിരുന്നു. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാതിരുന്ന ഗുണഭോക്താ ക്കൾ ബന്ധുക്കൾക്കൊപ്പമാണ് താമസിച്ചിരുന്നത്. സ്വന്തമായി ഭൂമി ഉണ്ടായിരുന്നവർക്ക് കുടുംബ സ്വത്തായി ലഭിക്കാനുള്ള 10 സെന്റിൽ താഴെമാത്രമുള്ള ഭൂമി മാത്രമാണുണ്ടായിരുന്നത്. കുടിവെ ള്ളം, വൈദ്യുതി മുതലായവ മുൻപത്തെ സങ്കേതങ്ങളിൽ ലഭ്യമായിരുന്നില്ല. പുനരധിവാസത്തിന് ശേഷം ടി. ആർ.ഡി. മിഷൻ മേഖലയിലാവശ്യമായ വീട്, കുടിവെള്ളം, സംസ്കാരിക നിലയം, വൈദ്യുതി എന്നിവ ലഭ്യമാക്കി നൽകിയിട്ടുണ്ട്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഗോത്രവിഭാഗമാണ് മാവിലൻ ആദ്യ കാലങ്ങളിൽ ജന്മിമാരുടെ ഭൂയിടങ്ങളിൽ കാർഷികവൃത്തികളിലേർപ്പെട്ടിരുന്ന ഇവർ കൃഷി ഭൂമികളു മായി ബന്ധപ്പെട്ടയിടങ്ങളിൽ തന്നെയാണ് വാസകേന്ദ്രങ്ങൾ ഒരുക്കിയിരുന്നത്. ഇല്ല്, പെര, പിരെ, പട്ടം എന്നിങ്ങനെയാണ് ഇവരുടെ വാസകേന്ദ്രങ്ങൾ അറിയപ്പെട്ടിരുന്നത്. കുടുംബങ്ങളെല്ലാം കൂട്ടായി അടുത്തടുത്തായി താമസിക്കുന്ന രീതിയാണ് ഇവർക്കിടയിലുണ്ടായിരുന്നത്. സമുദായ ത്തിന്റെ ആചാര പ്രകാരം വിവാഹശേഷം ഭർത്താവും ഭാര്യയും പുതിയ പിരെയുണ്ടാക്കി സമീപത്ത് തന്നെ മാറി താമസിക്കുന്നു. പിൻ കാലങ്ങളിൽ ഒരിടത്ത് സ്ഥിര താമസമാരംഭിച്ചപ്പോഴും ഈ രീതി തന്നെയാണ് ഇവർ പിൻതുടർന്നിരുന്നത്. എന്നാൽ പുതിയ വാസകേന്ദ്രങ്ങളൊരുക്കുവാൻ സൗക ര്യമില്ലാതിരുന്ന സങ്കേതങ്ങളിൽ മറ്റ് ബന്ധുക്കളൊടൊപ്പം കൂട്ടുകുടുംബ വ്യവസ്ഥയിലാണ് ഇവർ താമസിച്ചിരുന്നത്. അതുകൊണ്ട് തന്നെ പുനരധിവാസത്തിന് ശേഷം കൂട്ടു കുടുംബ വ്യവസ്ഥയിൽ നിന്നും അണുകുടുംബ വ്യവസ്ഥയിലേക്കുള്ള മാറ്റം വലിയ രീതിയിലുള്ള പ്രശ്നങ്ങളൊന്നും ഇവർക്കിടയിലുണ്ടായിട്ടില്ല. മേഖലയിൽ പുനരധിവാസത്തിന് വിധേയമായിട്ടുള്ള മാവിലൻ, മലവേ ട്ടുവൻ സമുദായങ്ങളുടെ ജില്ലയിലെ പാരമ്പര്യവാസ കേന്ദ്രങ്ങൾ പുനരധിവാസമേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ പഴയ സ്ഥലത്തു നിന്നുള്ള പുതിയ ഇടത്തിലേക്കുള്ള മാറ്റം ഇവരിൽ കാര്യമായ ബുദ്ധിമുട്ടുകളൊന്നും ഉണ്ടാക്കിയിട്ടില്ല. പാരമ്പര്യമായി പിൻതുടർന്നുവരുന്ന ആചാരവി ശേഷങ്ങളും ആരാധന രീതികളും പിൻതുടരാൻ പുനരധിവാസ മേഖലയിൽ സംവിധാനം ഉണ്ട്.

പുനരധിവാസ മേഖലയിൽ ജനസംഖ്യാപരമായി മുന്നിട്ട് നിൽക്കുന്ന സമുദായം മാവിലരാണ്. മാവിലരുടെ വാസകേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുള്ള ആരാധന കേന്ദ്രമായ പതികൾ ഇവരുടെ പൊതു സവിശേഷതയാണ്. കിനാനൂർ കരിന്തളം പുനരധിവാസ മേഖലയിൽ മുൻകാലങ്ങളിൽ താമസിച്ചു വരുന്ന കുടുംബങ്ങളുടെ പതികൾ ഉള്ളതിനാൽ ആരാധനാ വിശ്വാസപരമായി വിശ്വാസങ്ങൾ പിൻതുടരാൻ ബുദ്ധിമുട്ടുണ്ടായിട്ടില്ല.

## S.XLIV. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

കിനാനൂർ- കരിന്തളം പുനരധിവാസ മേഖലയിൽ ടി. ആർ.ഡി. മിഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ മെച്ചപ്പെട്ടതാണ്. ജില്ലയിലെ ഇതര ടി ആർ ഡി എം സങ്കേതത്തെ അപേക്ഷിച്ച് മെച്ചപ്പെട്ട സംവിധാനങ്ങളും സാഹചര്യങ്ങളും കിനാനൂർ – കരിന്തളത്തുണ്ട്. ഗുണഭോക്താക്കൾ തമ്മിലുള്ള കൂട്ടായ്മ സങ്കേതത്തിലെ വികസന പ്രവർത്തനങ്ങൾക്കുതകുന്ന തരത്തിലുള്ളതാണ്. ചെറിയ രീതി യിലുള്ള പ്രശ്നങ്ങൾ മാത്രമാണ് മേഖലയിലുള്ളത്. സങ്കേതത്തിൽ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾതന്നെ അതിനുള്ള പോരായ്മകളും ചൂണ്ടികാണിക്കപ്പെടേണ്ട തുണ്ട്.

ഓരോ ഗോത്ര വിഭാഗവും അവരുടേതായ വിശ്വാസങ്ങളും കാഴ്ചപാടുകളും പിൻതുടർന്നു വരുന്നുണ്ട്. ഗൃഹനിർമ്മാണത്തിലും അവരുടെ ഇത്തരം വിശ്വാസങ്ങൾ പ്രതിഫലിച്ചു കാണുന്നുണ്ട്. ടി. ആർ.ഡി.എം സഹായത്തോടെ സങ്കേതത്തിൽ നടത്തിയ ഗൃഹ നിർമ്മാണ പ്രവൃത്തികൾ ഗുണ ഭോക്താക്കളുടെ താൽപര്യത്തിനും അഭിരുചിക്കും ഇണങ്ങുന്ന തരത്തിലായിലുന്നില്ല. ഗുണഭോ ക്താക്കളിൽ മിക്കവരും ഗൃഹനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷമാണ് പ്രദേശത്ത് എത്തിച്ചേർന്നിരുന്നത്. രണ്ട് ഘട്ടങ്ങളിലായാണ് സങ്കേതത്തിൽ ഭവന നിർമ്മാണം നടത്തിയിട്ടുള്ള തെങ്കിലും രണ്ട് ഘട്ടങ്ങളിലും ഒരേ രീതിയിലുള്ള പ്ലാനുകളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഗുണഭേക്താകളുടെ വിശ്വാസങ്ങളിൽ നിന്നും വ്യതിചലിച്ച് സങ്കേതത്തിനാകെയുള്ള ഒരു പൊതു പ്ലാൻ ഉണ്ടാക്കുകയും അത് നടപ്പിലാക്കുകയുമാണ് ചെയ്തത്. കിനാനൂർ - കരിന്തളം പുനരധി വാസ മേഖലയിൽ താമസമുള്ള എല്ലാ കുടുംബങ്ങളും സർക്കാർ സഹായത്തോടെ സ്വന്തമായി വീട് നിർമ്മിക്കാൻ പ്രാപ്തിയുള്ളവരാണ്.

സങ്കേതത്തിൽ എല്ലാവർക്കും കുടിവെള്ള സംവിധാനമൊരുക്കി നൽകിയിട്ടുണ്ടെങ്കിലും കൃഷിക്കു വേണ്ടിയുള്ള ജലസേചന സൗകര്യം സങ്കേതത്തിൽ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. സങ്കേതത്തിൽ ഉള്ളവരെല്ലാംതന്നെ കൃഷിയോട് താൽപര്യമുള്ളവരും കൃഷി ചെയ്ത് വരുന്നവരുമാ ണ്. മഴയെ ആശ്രയിച്ചുമാത്രം കൃഷി ചെയ്യുന്ന രീതിയാണ് നിലവിൽ ബഹുഭൂരിപക്ഷം പേരും അവ ലംബിച്ചുവരുന്നത്. പുനരധിവാസ മേഖലയിൽ മെച്ചപ്പെട്ട ജലസേചന സൗകര്യം ഒരുക്കി നൽകുന്ന പക്ഷം വാഴ, ജനസേചനം ആവശ്യമായി വരുന്ന ഇതര വിളകളും കൃഷിചെയ്യാൻ താൽപര്യപ്പെടു ന്നവരാണ് ഭൂരിഭാഗം ആളുകളും.

## S.XLIII. 9സങ്കേതവാസികളുടെ വികസന സ്വപ്നം

പുനരധിവാസത്തിന്റെ പഠനത്തോടനുബന്ധിച്ച് നടത്തിയ പഠനത്തിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്

1. കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം

   കിനാനൂർ - കരിന്തലം പുനരധിവാസ മേഖലയിൽ മാറിതാമസിച്ചിട്ടുള്ള ഗുണഭോക്താക്കളെല്ലാം കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കണ്ടെത്തിയവരും കൃഷി ചെയ്യാൻ താൽപര്യം ഉള്ളവരുമാണ് നിലവിൽ അവർക്ക് ലഭിച്ച 1 ഏക്കർ ഭൂമിയിൽ റബ്ബർ, കശുമാവ് എന്നിവ മുഖ്യ വിളയായും ഗാർഹിക ആവശ്യത്തിനുള്ള പച്ചക്കറികൾ ഇടവിളയായും കൃഷിചെയ്യുന്നുണ്ട്. ജലസേചന സംവിധാനം ഇല്ലാത്തതിൽ പലപ്പോഴും കൃഷി ലാഭകരമാവുന്നില്ല. പ്രദേശത്ത് കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുകയാണെങ്കിൽ കൃഷി ഒരു ഉപതൊഴിൽ ആയോ ഒരു മുഖ്യ തൊഴിൽ ആയോ ഉപയോഗപ്പെടുത്താം. കൂടാതെ ഗാർഹിക ആവശ്യത്തിന് ഉള്ള വിഷരഹിത പച്ചക്കറികൾ ഉപയോഗിക്കുകയും സ്വന്തമായി ജോലി ചെയ്യാനുള്ള മാനസികാവസ്ഥ വന്നുചേരുകയും ചെയ്യും. വലിയ മഴവെള്ള സംഭരണികൾ ഉപയോഗിച്ചും തൊട്ടടുത്ത് വെള്ളം ലഭ്യമാകുന്ന പ്രദേശത്ത് നിന്ന് മോട്ടോർ ഉപയോഗിച്ച് പൈപ്പ് വഴിയും ജലസേചന സൗകര്യം ഒരുക്കാം.

2. ചെറുകിട സംരംഭങ്ങൾ/ തൊഴിൽ അവസരങ്ങൾ മെച്ചപ്പെടുത്തും.

   സങ്കേത നിവാസികളുടെ സ്ഥിര വരുമാനത്തിനായ് അനുയോജ്യമായ ചെറുകിട സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തികം, പരിശീലനം, ഭൗതിക സാഹചര്യങ്ങൾ എന്നിവ ഒരുക്കി കൊടുക്കുക വഴി സാമ്പത്തിക സ്ഥിതിയും ജീവിത നിലവാരവും മെച്ചപ്പെടുത്താം. ഇതിനായി കുടുംബശ്രീയുമായി ചേർന്ന് പ്രവർത്തിക്കാം അതുപോലെ തന്നെ കുടുംബശ്രീ വഴി നിലവിൽ കൃഷിചെയ്ത് ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ വിപണിയിൽ ഇറക്കാം. ടൈലറിംഗ് പരിശീലന യൂണിറ്റ് തുടങ്ങി റെഡിമെയ്ഡ് ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാം. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനവും ഓട്ടോവാങ്ങാനുള്ള ധന സഹായവും നൽകാം. ഇത് സങ്കേത നിവാസികൾക്ക് ഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുന്നതിനു സഹായകരമാവും.

3. വിദ്യാഭ്യാസം

   സങ്കേതത്തിൽ വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും ആനുപാതികമായ ഫലം കാണുന്നില്ല. ഇതിനുള്ള പ്രധാന കാരണം മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ പറ്റുന്നില്ല എന്നതാണ്. ഈ പ്രശ്നം പരിഹരി

ക്കുന്നതിന് വേണ്ടി സങ്കേതത്തിലെ തന്നെ ഉയർന്ന വിദ്യാഭ്യാസം നേടിയ യുവതി-യുവാക്കളെ ചുമതലപ്പെടുത്തി ട്യൂഷൻ നൽകാനും, കൊഴിഞ്ഞ്പോക്ക് കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഇവർക്ക് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിന് ഒരു സമിതി രൂപീകരിക്കാം. പഠന കാര്യങ്ങൾക്കൊപ്പം തന്നെ പഠനേതര കാര്യങ്ങളിൽ മികവ് (കലാ-കായിക ഇനങ്ങളിൽ) തെളിയിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും പ്രോത്സാഹനങ്ങളും പരിശീലനങ്ങളും നൽകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക വഴി ഈ മേഖലയിൽ കഴിവുള്ള പ്രതിഭകളെ വാർത്തെടുക്കാം.

4. കുട്ടികളുടെ/യുവാക്കളുടെ അഭിരുചി നിർണ്ണയിച്ച് വിദ്യാഭ്യാസം/ജോലി എന്നിവ തിരഞ്ഞെടുക്കാനുള്ള അവസരം ഉണ്ടാക്കുക.

   പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കുട്ടികൾക്ക് യോജിച്ച മേഖല കണ്ടെത്താനും പഠിക്കുന്നതിനും, താൽപര്യമുള്ളതോ/കഴിവുള്ളതോ ആയ മേഖലയിൽ ജോലി കണ്ടെത്തുന്നതിനുമുള്ള അവസരം ഉണ്ടാക്കുക. ഇതിനായി പുറത്ത് നിന്നുള്ള ഏജൻസികളുടെ സഹായം തേടാം. ഐ.ടി.ഐ, പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ നിന്ന് കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, സിവിൽ, മെക്കാനിക്കൽ, ഡിസൈനിംഗ് എന്നീ കോഴ്സുകളോ വയറിംഗ്, പ്ലംബിംഗ് മെക്കാനിക്ക് തുടങ്ങിയ കോഴ്സുകളിലോ ചേരാം. ഇത് വഴി കൂടുതൽ തൊഴിൽ മേഖലകളെ പറ്റി മനസിലാക്കുന്നതിനും കൂടുതൽ സാമൂഹിക ഇടപെടലുകൾക്കും കാരണമാകും.

5. മോണിറ്ററിംഗ് സമിതികൾ

   സങ്കേതത്തിൽ നടപ്പിലാക്കുന്ന വിവധ വികസന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വേണ്ട സഹായ സഹകരണങ്ങളും നിയമ ഉപദേശങ്ങൾ നൽകുന്നതിന് വേണ്ടി സങ്കേതത്തിൽ വാർഡ്- മെമ്പർ, ടി. ഇ. ഒ, പഞ്ചായത്ത് പ്രസിഡണ്ട്, ഊര് മൂപ്പൻ സങ്കേതത്തിൽ നിന്നുള്ള തിരെഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ തുടങ്ങിയ ആളുകളെ ഉൾക്കെള്ളിച്ച് മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കാം.

6. റോൾ മോഡൽ സൃഷ്ടിക്കുക.

   ഓരോ സങ്കേതത്തിൽ നിന്നും മിടുക്കരായ കുട്ടികളെ / യുവതീ യുവാക്കളെ കണ്ടെത്തി കോളനിയുടെ കാര്യങ്ങളിൽ ഇടപെടാൻ കഴിയുന്ന തരത്തിലുള്ള വ്യക്തിത്വ വികസനം, ആശയവിനിമയം, നേതൃത്വ പാടവം, വൈദഗ്ധ്യ പരിശീലനം എന്നിവ നൽകി വളർത്തിക്കൊണ്ടു വരിക. ഇത് വഴി ആ വ്യക്തിക്കും സങ്കേതത്തിനും ഊര് കൂട്ടം പ്രവർത്ത

നങ്ങൾക്കും, വലിയ തോതിൽ മാറ്റം വരുത്താൻ സാധിക്കും. സങ്കേതത്തിലുള്ള മറ്റുള്ള വർക്ക് ഒരു റോൾ മോഡൽ ആകുക വഴി സാമൂഹിക രാഷ്ട്രീയ വിഷയങ്ങളിൽ ഇടപെടാനും അതുവഴി സമുദായത്തിന്റെയും സങ്കേതത്തിന്റെയും ഉയർച്ചക്കും സഹായകമാവും.

7. വിവിധ വകുപ്പുകളുടെ സംയോജന പ്രവർത്തനങ്ങൾ

ടി. ആർ.ഡി.എം സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ജലസേചനം, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സംയുക്ത പ്രവർത്തനങ്ങൾ ഏകോപ്പിച്ച് നടപ്പിലാക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സങ്കേതത്തിലെ ആളുകളെ ഉൾക്കൊള്ളിച്ച് കമ്മറ്റി രൂപീകരിക്കാവുന്നതാണ്.

## കുഞ്ചത്തൂർ

### S.XLIV. 1 പ്രദേശം

മഞ്ചേശ്വരം താലൂക്കിൽ കെദംപ്പാടിക്ക് സമീപത്തായി കേരള- കർണാടക അതിർത്തിയിൽ സ്ഥിതിചെയ്യുന്ന സങ്കേതമാണ് കുഞ്ചത്തൂർ. മഞ്ചേശ്വരത്ത് നിന്നും 6 കി.മി അകലെയുള്ള കുഞ്ചത്തൂർ

പുനരധിവാസ മേഖല വോർക്കാടി, മഞ്ചേശ്വരം പഞ്ചായത്തുകളിലായി 50 ഏക്കർ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. റവന്യൂ മിച്ച ഭൂമിയായിരുന്ന ഈ പ്രദേശം ടി.ആർ.ഡി.എം മിഷന്റെ ആരംഭകാലത്ത് 2002-ൽ തന്നെ മിഷൻ ഏറ്റെടുക്കുകയും മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്ത്തിട്ടുണ്ട്. മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളുടെ കീഴിൽവരുന്ന ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങളെയാണ് ആദ്യഘട്ടത്തിൽ ഗുണഭോക്താകളായി പരിഗണിച്ചിരുന്നത്. ലഭ്യമായ അപേക്ഷകരിൽ നിന്നും തിരഞ്ഞടുത്ത 45 പേർക്കാണ് തുടക്കത്തിൽ ഭൂമി അനുവദിച്ചത്. കുടുംബങ്ങൾക്കോരോരുത്തർക്കും 1 ഏക്കർ നൽകിയതിന് ശേഷം മേഖലയിൽ അവശേഷിക്കുന്ന 5 ഏക്കർ ഭൂമി പുനരധിവാസ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചിട്ടുണ്ട്. വീടും അതിനോട് ചേർന്നുള്ള ഭൂമിയും എന്ന കണക്കിലാണ് ഗുണഭോക്താകൾക്ക് ഭൂമി വിതരണം ചെയ്തിട്ടുളളത്.

കുഞ്ചത്തൂർ സങ്കേതത്തിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ 8% സാംപിളുകൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുളളത്.

### S.XLIV. 1.2 കുഞ്ചത്തൂർ പുനരധിവാസമേഖല - ചരിത്രം

കുഞ്ചത്തൂർ പുനരധിവാസ മേഖലയുടെ പ്രാരംഭ പ്രവർത്തനങ്ങൾ 2002-ൽ തന്നെ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കോടോം-ബേളൂർ, ബളാൽ, ബദിയടുക്ക, ബന്തടുക്ക, ബേഡഡുക്ക,

മധൂർ, എൻമകജെ, പൈവളിഗെ, മഞ്ചേശ്വരം, വോർക്കാടി, മംഗൽപാടി എന്നീ പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുത്ത 45 കുടുംബങ്ങൾക്കാണ് ആദ്യഘട്ടത്തിൽ ഭൂമി അനുവദിച്ചത്. ഇവരിൽ കൊറഗ വിഭാഗത്തിൽ നിന്നുള്ള 15 കുടുംബങ്ങളും, മാവിലൻ, മലവേട്ടുവൻ, മലക്കുടിയ വിഭാഗങ്ങ ളിലെ ഓരോ കുടുംബങ്ങളും മാത്രമാണ് കുഞ്ചത്തൂർ മേഖലയിലെക്കുള്ള ആദ്യഘട്ട പുനരധിവാസ ത്തിന് തയ്യറായത്. ഈ കാലയളവിൽ ഗുണഭോക്താകൾക്ക് മാറിതാമസിക്കാൻ പാകത്തിൽ മേഖല യിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നില്ല. എന്നാൽ 2002-ൽ തന്നെ സങ്കേതത്തിലെ 45 പ്ലോട്ടുകളിലേക്കുമുള്ള ഭവന നിർമ്മാണ പ്രവൃത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 1.25 ലക്ഷം രൂപയാണ് വീടുകളുടെ നിർമ്മാണത്തിനായി വകയിരുത്തിയിരുന്നത്. വരാന്തയും, 2 കിടപ്പുമുറികളും, ഒരു ഹാളും, കക്കൂസും അടങ്ങുന്ന ഒരേ രീതിയിലും ഒരേ പ്ലാനിലുമുള്ള വീടുകളാണ് ഗുണഭോക്താ കൾക്കെല്ലാവർക്കും നിർമ്മിച്ചുനൽകിയത്. കൂടാതെ ഈ വീടുകൾക്കൊന്നും അടുക്കളയും നിർമ്മിച്ചുനൽകിയിരുന്നില്ല. പിന്നീട് 2015-16 വർഷത്തിൽ സങ്കേതത്തിലെ മുഴുവൻ ഗുണഭോക്താ ക്കൾക്കും താമസമില്ലാത്ത വീടുകൾക്കടക്കം 50,000 രൂപ ചിലവിൽ ടി. ആർ.ഡി.എം അടുക്കള നിർമ്മിച്ചുനൽകി. വീടുകളുടെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തി പൂർത്തികരിച്ചതിന് ശേഷം മാത്ര മാണ് സ്ഥിരമായി സങ്കേതത്തിലേക്ക് ഗുണഭോക്താക്കൾ മാറി താമസിക്കാൻ തുടങ്ങിയത്.

താമസമാരംഭിച്ച് ഒരു വർഷത്തിന് ശേഷം മാത്രമാണ് സങ്കേതത്തിലെ കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. സങ്കേതത്തിലാകെ ഒരു കിണറ് മാത്രമാണുള്ളത്. ഈ കിണറി നെയാണ് താമസമുള്ള കുടുംബങ്ങളെല്ലാം നിലവിലും ആശ്രയിക്കുന്നത്. കൂടാതെ പുനരധിവാസ പ്രവർത്തനങ്ങളാരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഓരോ ഗുണഭോക്താകൾക്കും പ്ലോട്ടുകളിലെക്കു ള്ള മതിയായ വഴി/ റോഡ് സൗകര്യം ഒരുക്കി നൽകിയിട്ടില്ല.

### S.XLIV. 2 സമുദായഘടന

കൊറഗരുടെ 10 കുടുംബങ്ങളും , മലവേട്ടുവരുടെ 8 കുടുംബങ്ങളും, മാവിലരുടെ 2 കുടുംബ ങ്ങളും , മലക്കുടിയ വിഭാഗത്തിന്റെ 1 കുടുംബവുംമടക്കം യഥാക്രമം 23 കുടുംബങ്ങൾ മാത്രമാണ് നിലവിൽ ഈ സങ്കേതത്തിൽ താമസമുള്ളത്.

### S.XLIV. 3 അടിസ്ഥാന സൗകര്യം

വീട്, കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി സങ്കേത ത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയവ പൂർണമായും തൃപ്തികരമല്ല.

ഭൂമി വിതരണം ചെയ്ത 45 ഗുണഭോക്താളുടെയും പ്ലോട്ടുകളിൽ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ വീടുകൾ ഒന്നും തന്നെ ഗുണഭോക്താക്കളുടെ താൽപര്യ പ്രകാരമല്ല നിർമ്മിച്ചു നൽകിയിട്ടുള്ളത്. ഒരേ പ്ലാനിലും രീതിയിലും നിർമ്മിച്ചു നൽകിയ ഈ വീടുകൾക്ക് അടുക്കള നിർമ്മിച്ചു നൽകിയിരുന്നില്ല. പിന്നീട് 50000 രൂപ വകയിരുത്തി പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി അടുക്കള നിർമ്മിച്ചു നൽകുകയാണ് ചെയ്തത്. രണ്ട്കിടപ്പ് മുറിയും 1 ഹാളും, വരാന്തയുമടങ്ങുന്ന വീടുകൾക്കൊപ്പം തന്നെ കക്കൂസ് സൗകര്യവും നൽകിയിട്ടുണ്ട്. എന്നാൽ കോൺക്രീറ്റ് ചെയ്ത് ഈ വീടുകൾക്കെല്ലാം നിലവിൽ ചോർച്ചയുണ്ട്. വീടുകളുടെ നിർമ്മാണ പ്രവൃത്തികളിലും അപാകതയുണ്ട്.

മൂടിയ രീതിയിലുള്ള കിണറിൽ നിന്നാണ് നിലവിൽ സങ്കേതത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നത്. ഗുണഭോക്താക്കൾക്ക് പൈപ്പ് ലൈൻ വഴി ഈ കിണറിൽ നിന്നും വെള്ളം ലഭ്യമാക്കുന്നുണ്ടെങ്കിലും കിണറ്റിൽ നിന്നും പമ്പ് ചെയ്യുന്ന മോട്ടോറിന് തകരാറു സംഭവിക്കുകയോ വൈദ്യുതിയില്ലാതെ വരുകയോ ചെയ്യുന്ന അവസരത്തിൽ കുടിവെള്ളം ലഭ്യമാകാറില്ല. സങ്കേതത്തിൽ മറ്റു കിണറുകൾ ഇല്ലാത്തതിനാൽ അരകിലോമീറ്ററോളം നടന്ന് സങ്കേതത്തിന് പുറത്തുള്ള വീടുകളിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. കൂടാതെ കൃഷി ചെയ്ത് ഉപജീവനോപാധി കണ്ടെത്താനായി 1 ഏക്കർ വീതം ഭൂമി നൽകിയിട്ടുണ്ടെങ്കിലും ജലസേചന സൗകര്യത്തിനായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഭൂമിയിൽ കൃഷി ചെയ്യാനുള്ള സഹായങ്ങളോ, പരിശീലനങ്ങളോ ആദ്യഘട്ടത്തിൽ ചെയ്ത് നൽകിയിട്ടില്ല. പര സഹായം ഇല്ലാതെ 1 ഏക്കർ ഭൂമിയിൽ കൃഷിചെയ്യാൻ പ്രാപ്തിയില്ലാത്തവരാണ് നിലവിലെ ഗുണഭോക്താക്കളെല്ലാം. സങ്കേതത്തിലെ സ്ത്രീകളുടെ കൂട്ടായ്മയിൽ സങ്കേതത്തിനകത്ത് തന്നെ ഒരു കോഴിഫാം ആരംഭിച്ചിരുന്നു. എന്നാൽ അംഗങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയാത്തതും കാരണം ആരംഭിച്ച് കുറച്ച് നാളുകൾക്കകംതന്നെ ഫാം പൂട്ടിപ്പോയി.

പദ്ധതിയുടെ ആരംഭഘട്ടത്തിൽ സങ്കേതത്തിലേക്കാവശ്യമായ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് താൽകാലികമായി നിർമ്മിച്ചു നൽകിയ മണ്ണ് റോഡ് സൗകര്യം മാത്രമാണ് സങ്കേതത്തിനകത്തുള്ളത്. മഞ്ചേശ്വരം- കെദംപാടി പ്രധാന റൂട്ടിൽ റോഡിന് തൊട്ട് കൊണ്ട് സ്ഥിതി ചെയ്യുന്നതിനാൽ സങ്കേത്തിലേക്ക് എത്തിചേരുന്നതിന് ബുദ്ധിമട്ടുകളില്ല. എങ്കിലും സങ്കേതത്തിനകത്ത് ആവശ്യത്തിന് വഴി സൗകര്യം ഇല്ലാത്തത് സങ്കേതവാസികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

പുനരധിവാസ മേഖലയിലേക്ക് മാറി താമസിച്ചതിന് ശേഷം സങ്കേതവാസികൾക്കിടയിൽ കൂട്ടായ്മ സൃഷ്ടിക്കാനുള്ള ഒരു പൊതു ഇടങ്ങളോ സമീപനങ്ങളോ ഉണ്ടായിട്ടില്ല. സങ്കേതത്തിലെ കുടുംബങ്ങൾക്കെല്ലാവർക്കും ഒത്തു ചേരാനുള്ള പൊതു ഇടങ്ങളോ സംസ്കാരിക കേന്ദ്രങ്ങളോ അധികാരികൾ നിർമ്മിച്ചു നൽകിയിട്ടുമില്ല.

## S.XLIV. 4 വിദ്യാഭ്യാസം

1.5 കി.മി അകലെയാണ് അംഗൻവാടിയുള്ളത്. വിദ്യാഭ്യാസത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് 6 കി.മി അകലെയുള്ള മഞ്ചേശ്വരത്തുള്ള എം.ജി.എസ്സ്.എൽ.ഡി സ്ക്കൂളിനെയും, എച്ച്. എസ്സ് ഉദ്യാപുരത്തെയുമാണ്. 12 കി.മി അകലെയായ് വി.എച്ച്.എസ്.ഇ ഉപ്പളയെയും സങ്കേതത്തിലുള്ള വിദ്യാർത്ഥികൾ ആശ്രയിക്കുന്നുണ്ട്. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ ഭാഷാപരമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

## S.XLIV. 5 ആരോഗ്യം


6 കി.മി അകലെയുള്ള മഞ്ചേശ്വരത്താണ് ആരോഗ്യ ഉപകേന്ദ്രം സ്ഥിതി ചെയ്യുന്നത്. 10 കി.മി അകലെ കൈകമ്പയിലാണ് സാമൂഹ്യ ആരോഗ്യ കേന്ദ്രമുള്ളത്.

## S.XLIV. 6 തൊഴിലും വരുമാനവും

തൊഴിൽപരമായും, സാമൂഹികപരമായുമുള്ള സുരക്ഷിതത്വമില്ലായ്മ കുഞ്ചത്തൂർ സങ്കേതം നേരിടുന്ന പ്രധാനവെല്ലുവിളികളിൽ ഒന്നാണ്. സങ്കേതത്തിൽ ഒന്നിലധികം ഗോത്രവിഭാഗങ്ങൾ ഇടകലർന്ന് താമസമുണ്ട്, ഇവരെല്ലാം തന്നെ തനത് ആചാരവിശേഷങ്ങളും ആരാധനാ സംമ്പ്രദായങ്ങളും പാലിച്ചുപോരുന്നവരാണ്. കുഞ്ചത്തൂർ പുനരധിവാസമേഖലയിൽ കൊറഗരുടെ പുനരധിവാസത്തിന് മുൻതൂക്കം നൽകിയിട്ടും പുനരധിവാസമേഖലയിലേക്ക് മാറി താമസിക്കുവാൻ കൊറഗർ പൂർണമായും താൽപര്യപ്പെട്ടിരുന്നില്ല. കാലാകാലങ്ങളായി നേരിട്ടുവന്ന സാമൂഹ്യപരമായ വിവേചനം ഇവരുടെ സംസ്കാരിക ജീവിതത്തിൽ ആഴത്തിൽ വേരുപിടിപ്പിച്ചിട്ടുണ്ട്. ജില്ലയിലെ പട്ടികവർഗ ജനസംഖ്യയിൽ 3.44% മാത്രം വരുന്ന ഗോത്രവിഭാഗമാണ് കൊറഗർ. ഇവരുടെ പരമ്പരാഗത ആവാസകേന്ദ്രങ്ങൾ പ്രധാനമായും മഞ്ചേശ്വരം, കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തുകളിലായാണ് സ്ഥിതി ചെയ്യുന്നത്. സാമൂഹികമായി നേരിട്ടുവന്ന വിവേചനം ഇതര ജനവിഭാഗങ്ങളുമായി ഇടപെടുന്നതിൽ ഇവർക്കിടയിൽ വിമുഖത സൃഷ്ടച്ചിട്ടുണ്ട്. മുളകളും വള്ളികളും ഉപയോഗിച്ചുള്ള കൊട്ട, വട്ടി നിർമ്മാണം കൊറഗരുടെ പ്രധാന ഉപജീവനമാർഗമാണ്. പട്ടികവർഗ വികസന സർവേ 2008 പ്രകാരം കൊറഗർക്കിടയിൽ തൊഴിലെടുക്കുന്നവരായി 53% പേരാണുള്ളത്. ഇതിൽ 20% പേരും പരമ്പരാഗത തൊഴിലായ കൊട്ട, വട്ടി നിർമ്മാണത്തിലെർപ്പെട്ടിരിക്കുന്നവരാണ്. കൊറഗരുടെ പരമ്പരാഗത തൊഴിലായ കൊട്ട, വട്ടി നിർമ്മാണത്തിന് മേഖലയിൽ സാധ്യതയില്ലാതെ വന്നത് കുഞ്ചത്തൂർ മേഖലയിലേക്ക് കൊറഗർ മാറി താമസിക്കാത്തതിന് പ്രധാനകാരണമായിട്ടുണ്ട്. കുഞ്ചത്തൂരിനു സമീപ പ്രദേശങ്ങളിൽ ഇവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാവത്തത് ഇവിടെക്കുള്ള ഇവരുടെ പുനരധിവാസത്തിന് പ്രധാനവെല്ലുവിളിയായി. പുനരധിവാസത്തിന്റെ ആരംഭഘട്ടത്തിലും തുടർന്നും ഉപജീവനോപാധികൾ കണ്ടെത്തുന്നതിനായി കാര്യക്ഷമവും തുടർച്ചയായതുമായ പദ്ധതികൾ സങ്കേതത്തിൽ നടപ്പിലാക്കാത്തത് സങ്കേതം ഇന്നും നേരിടുന്ന പ്രധാന പ്രശ്നമാണ്. സങ്കേതത്തിൽ നിലവിൽ കൊറഗരെ കൂടാതെ മാവിലൻ, മലവേട്ടുവൻ, മലക്കുടിയ വിഭാഗങ്ങളും താമസിച്ചു വരുന്നുണ്ട്. കാർഷിക- നിർമ്മാണ മേഖലയിലെ തൊഴിലുകളെയാണ് ഉപ

ജീവനോപാധി കണ്ടെത്തുന്നതിനായി ഇവരെല്ലാം ആശ്രയിക്കുന്നതെങ്കിലും കുഞ്ചത്തൂരിലും പരിസര പ്രദേശങ്ങളിലും  തുടർച്ചയായ തൊഴിൽ ദിനങ്ങൾ കിട്ടാത്തത് ഇവർക്ക് വെല്ലുവിളിയാകുന്നുണ്ട്. മുൻകാലങ്ങളിൽ സങ്കേതത്തിന്റെ ചുറ്റുവട്ടങ്ങളിലുമുള്ള ഇതര ജന വിഭാഗങ്ങളുമായുള്ള സാമൂഹികബന്ധം കാർഷിക മേഖലയിലെയും, മറ്റുമേഖലകളിലെയും തൊഴിലുകൾ ലഭിക്കുവാൻ ഇവരെ പ്രാപ്തരാക്കിയിരുന്നു.  എന്നാൽ പുനരധിവാസത്തിനു ശേഷം ആ മേഖലയിലെ ഇതര ജനവിഭാഗങ്ങളുമായി സാമൂഹികമായ അടുപ്പം വളർത്തിയെടുക്കുവാൻ നീണ്ട കാലയളവുകൾ വേണ്ടി വരുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് പുനരധിവാസത്തിന്റെ തുടക്കത്തിൽ കൃത്യമായ ഉപജീവനമാർഗം കണ്ടെത്താൻ ഇവർക്ക് കഴിയാത്തത്. ഇത് പുനരധിവാസ മേഖല നേരിടുന്ന പ്രധാനവെല്ലുവിളിയാണ്.

ചിത്രം3.28 തൊഴിൽ




### S.XLIV.7 പുനരധിവാസത്തിലെ ഇപ്പോഴത്തെ അവസ്ഥ

ഭൂമി ശാസ്ത്ര പരമായി ചെങ്കൽപാറ നിറഞ്ഞ മേഖലയാണ് കുഞ്ചത്തൂർ. സങ്കേതത്തിലെ ഭൂരിപക്ഷം കുടുംബങ്ങൾക്കും പാറ നിറഞ്ഞതും കൃഷി ചെയ്യാൻ താരതമ്യേന ബുദ്ധിമുട്ടേറിയതുമായ പ്രദേശമാണ് ലഭിച്ചിട്ടുള്ളത്. കൂടാതെ ഇവർക്കോരോരുത്തർക്കും ഭൂമിയിൽ കൃഷിചെയ്യത് വരുമാനം കണ്ടെത്താനുള്ള പദ്ധതികളും പുനരധിവാസത്തിന്റെ ആദ്യനാളുകളിൽ ഈ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിരുന്നില്ല. താമസമാരംഭിച്ച് 3 വർഷത്തിനുശേഷം മാത്രമാണ് കൃഷിചെയ്യാനാവശ്യമായ പണിയായുധങ്ങളും നടീൽ വസ്തുക്കളും നൽകീട്ടുള്ളത്. സങ്കേതത്തിൽ രണ്ടാഘട്ടത്തിൽ പുനരധിവസിക്കപ്പെട്ട ഗുണഭോക്താക്കൾക്കാർക്കും പട്ടയമോ ഭൂമി സംബന്ധിച്ച ഇതര രേഖകളോ നാളിതുവരെയായി ലഭിച്ചിട്ടില്ല.

### S.XLIV. 8 നിലനിൽക്കുന്ന പ്രശ്നങ്ങൾ

കുഞ്ചത്തൂർ സങ്കേതത്തിൽ ആദ്യഘട്ട പുനരധിവാസത്തിന് തയ്യാറായിട്ടുള്ള 18 കുടുംബങ്ങളിൽ 10 കുടുംബങ്ങൾ മാത്രമായിരുന്നു സങ്കേതത്തിൽ സ്ഥിരതാമസമുറപ്പിച്ചിരുന്നത്. 8 കുടുംബങ്ങൾ മതിയായ അടിസ്ഥാന സൗകര്യമില്ലാത്തതിനാലും, പുനരധിവാസമേഖലയിൽ നേരിട്ട തൊഴിലില്ലായ്മയും ഉപജീവനോപാധി കണ്ടെത്താനുള്ള ബുദ്ധിമുട്ടുകളും കാരണം സങ്കേതത്തിൽ നിന്നും ഒഴിഞ്ഞുപോവുകയും ചെയ്തു.

ഇതര ജനവിഭാഗങ്ങളുടെ സങ്കേതത്തിലെക്കുള്ള കടന്നുകയറ്റവും ചൂഷണ ശ്രമങ്ങളും സങ്കേതം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിച്ച കാലം മുതൽ സങ്കേത്തിന് ചുറ്റുമതിൽ വേണമെന്ന ആവശ്യം സങ്കേതവാസികൾ ഉയർത്തിക്കാട്ടിയിരുന്നു. എന്നാൽ താൽക്കാലികമായ ഉറപ്പില്ലാത്ത ചുറ്റുമതിൽ മാത്രമാണ് ഇവർക്ക് നിർമ്മിച്ചു നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ താമസമില്ലാത്ത വീടുകളുടെ ജനൽ, വാതിൽ മുതലായവ ഇളക്കികൊണ്ടുപോയ സംഭവങ്ങളും വീട്ടുസാധനങ്ങൾ മോഷ്ടിക്കപ്പെട്ട സംഭവവും സങ്കേതവാസികൾ പങ്കുവെക്കുന്നുണ്ട്. ആളുകൾ താമസമില്ലാത്ത പ്ലോട്ടുകളിൽ മദ്യപാനികളുടെയും സാമൂഹ്യ വിരുദ്ധരുടെയും കേന്ദ്രങ്ങളായിട്ടുള്ള പ്രദേശങ്ങളും സങ്കേതത്തിലുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും സങ്കേതത്തിൽ നടക്കുകയും രജിസ്ട്രർ ചെയ്ത കേസുകൾ നിലനിൽക്കുന്നുമുണ്ട്. സങ്കേതത്തിലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു ജാഗ്രത സമിതി ഉണ്ടാക്കിയിരുന്നുവെങ്കിലും ഈ സമിതി നിലവിൽ നിർജീവമാണ്.സങ്കേതവാസികൾക്കിടയിൽ കൂട്ടായ്മ നിലനിൽക്കാത്തതിനാൽ ഈ സമിതി പ്രവൃത്തനരഹിതമാണ്. സാംസ്കാരികവും ഭാഷാപരവുമായ പ്രശ്നങ്ങൾ വിവിധ സ്ഥലങ്ങളിൽ നിന്ന് പുനരധിവാസം നടത്തിയ സങ്കേതവാസികൾക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് കൂട്ടമായുള്ള പ്രവർത്തനങ്ങളെ ബാധിക്കുകയും വിഭാഗീയത പോലുള്ളവയ്ക്ക് കാരണമാവുകയും ചെയ്യാറുണ്ട്.

### S.XLIV. 9സങ്കേതവാസികളുടെ വികസന സ്വപ്നം

കുഞ്ചത്തൂർ പുനരധിവാസ സങ്കേതവുമായി ബന്ധപ്പെട്ടുള്ള പഠനത്തോടനുബന്ധിച്ച് നടത്തിയ ചർച്ചയിൽ സങ്കേതവാസികളിൽ നിന്നും ഉയർന്നു വന്ന വികസന സ്വപ്നങ്ങളാണ് താഴെ വിവരിച്ചിട്ടുള്ളത്.

1. ശാസ്ത്രീയ കൃഷിരീതി അവലംബിക്കുക.

   ശാസ്ത്രീയ കാർഷിക രീതികൾ അവലംബിക്കുന്നതിന് വേണ്ടി കാർഷിക മേഖലയിലെ വിദഗ്ധരെ ഉപയോഗപ്പെടുത്തി മണ്ണ് പരിശോധനയും യോജിച്ച കൃഷിരീതിയും നടപ്പിലാക്കി എറ്റവും മികച്ച വിത്തിനങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതിയിലൂടെ കാർഷിക ഉൽപാദനം വർദ്ധിപ്പിക്കാം. കൂടാതെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ആവശ്യമായ സമയങ്ങളിൽ നടീൽ വസ്തു, വളം എന്നിവ നൽകേണ്ടതുമാണ്.

2. കൃഷിഭൂമി പരമാവധി പ്രയോജനപ്പെടുത്തുക.

   ഒരു നിശ്ചിത കാലയളവ് കഴിഞ്ഞിട്ടും താമസിക്കാതിരിക്കുകയോ, ഭൂമി കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം ഗുണഭോക്താക്കളിൽ നിന്ന് വ്യക്തമായ അന്വേഷണത്തിന് ശേഷം ഭൂമി തിരിച്ചെടുത്ത് കാലതാമസം കൂടാതെ അർഹരായ ഭൂരഹിതരും

ലഭിക്കുന്ന ഭൂമിയിൽ കൃഷിചെയ്യാൻ താത്പര്യമുള്ളവരുമായവരെ കണ്ടെത്തി ഭൂവിതരണം നടത്താവുന്നതാണ്.

3. സാംസ്കാരികവും ഭാഷാപരവുമായ പ്രശ്നങ്ങൾ ലഘൂകരിക്കൽ

സാംസ്കാരികവും ഭാഷാപരവുമായ പ്രശ്നങ്ങൾ വിവിധ സ്ഥലങ്ങളിൽ നിന്ന് പുനരധിവാസം നടത്തിയവർക്ക് ചെറിയതോതിലെങ്കിലും പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് കൂട്ടമായുള്ള പ്രവർത്തനങ്ങളെ ബാധിക്കുകയും വിഭാഗീയത പോലുള്ളവയ്ക്ക് കാരണമാവുകയും ചെയ്യാറുണ്ട്. പുനരധിവസിപ്പിക്കുന്നതിന് മുൻപ് ഇത്തരം കാര്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നല്കി നിലവിലെ അധിവാസസ്ഥലത്ത് നിന്നും കുറഞ്ഞ അകലത്തിൽ ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കാവുന്നതാണ്. വ്യത്യസ്ത സംസ്കാരങ്ങൾ, ഭാഷകൾ എന്നിവ കലരാത്തവയുമാണെന്ന് ഉറപ്പുവരുത്താം.

4. തുറന്ന കിണർ

നിലവിൽ സങ്കേതത്തിലുള്ള കിണർ മോട്ടോർ ഉപയോഗിച്ചിട്ടുള്ളതും മുഴുവനായും കോൺക്രീറ്റ് ഉപയോഗിച്ച് മൂടിയതുമാണ്. വൈദ്യുതി ഇല്ലാത്ത അവസരത്തിലും യന്ത്ര തകരാർ സംഭവിക്കുകയോ ചെയ്താൽ കുടിവെള്ളം ലഭിക്കാതാവുന്നു. ഇത് പരിഹരിക്കുന്നതിന് വേണ്ടി സങ്കേതത്തിൽ ഒന്നോ രണ്ടോ തുറന്ന കിണർ സ്ഥാപിക്കാവുന്നതാണ്.

5. ഭാഷാ – അതിർത്തി പ്രശ്നങ്ങൾ

കേരളാ അതിർത്തി പ്രദേശത്താണ് ഈ സങ്കേതം എങ്കിലും ഭാഷാപരമായും സാംസ്കാരിക പരമായും അതിർത്തി സംസ്ഥാനമായ കർണ്ണാടകയോടാണ് കൂടുതൽ ആഭിമുഖ്യം. അതുകൊണ്ടു തന്നെ ഇവർ ഉപരിപഠനത്തിന് കുടുതലായും ആശ്രയിക്കുന്നത് കർണ്ണാടകയെയാണ്. ഉപരി പഠനത്തിനായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിനാൽ കേരളത്തിൽ പട്ടികവിഭാഗക്കാർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാകുന്നില്ല. ഇത്തരം ആളുകളെ കണ്ടെത്തി ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകാവുന്നതാണ്. അതുപോലെതന്നെ കർണ്ണാടക അതിർത്തി പ്രദേശത്ത് തുളു സംസാരിക്കുന്ന പ്രദേശത്തേക്ക് മലയാളം ഭാഷ സംസാരിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇങ്ങനെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ കുട്ടികളുടെ സ്കൂൾ പഠനത്തിന് വിഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

6. ബാഹ്യ ഇടപെടലുകൾ തടയാൻ ജാഗ്രതാ സമിതികൾ രൂപീകരിക്കുക.

സങ്കേതത്തിന് പുറത്ത് നിന്നുള്ള ആളുകൾ പല തരത്തിലുള്ള ഇടപെടലുകൾ നടത്താറുണ്ട്. ഇവർ പലപ്പോഴും ഗോത്ര വിഭാഗക്കാരെ പലതരത്തിലും ചൂഷണം ചെയ്യാറുണ്ട്. ഇത് നിയന്ത്രിക്കുന്നതിന് വേണ്ടി ഊരുകൂട്ടം, പഞ്ചായത്ത്, ടി.ഇ.ഒ. തുടങ്ങിയവയുടെ നേതൃത്ത്വത്തിൽ ഒരു

ജാഗ്രത സമിതി രൂപീകരിക്കുക. അതോടൊപ്പം ഗോത്രവിഭാഗങ്ങളുടെ വളർച്ചക്ക് വിലങ്ങ് തടിയാകാറുള്ള മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും കുട്ടികൾ മദ്യത്തിന് അടിമപ്പെടുന്നത് തടയാനുള്ള സാഹചര്യം സൃഷ്ടിക്കാനും വേണ്ടി ഈ സമിതിക്ക് പ്രവർത്തിക്കാവുന്നതാണ്. ഇതിന്റെ ഭാഗമായി സങ്കേതത്തിലെ തന്നെ യുവാക്കളെ സംഘടിപ്പിക്കുകയും അവർ തന്നെ ലഹരിക്ക് എതിരായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്. കുട്ടികളുടേയും സ്ത്രീകളുടേയും സുരക്ഷ സമിതി വഴി ഉറപ്പ് വരുത്താവുന്നതാണ്.

7. സ്വയം തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക.

യുവാക്കൾക്ക് വിവിധ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുകയും അവരുടെ അഭിരുചിക്ക് അനുസരിച്ച് വിവിധ മേഖലകളിൽ ജോലി നേടുന്നതിന് വേണ്ട അവസരങ്ങൾ വിവിധ ഏജൻസികളുടെ സഹകരണത്തോടെ സങ്കേതത്തിൽ നടപ്പിലാക്കാം. അതോടൊപ്പം ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനങ്ങളും പരിശീലനങ്ങളും നൽകുക വഴി കൂടുതൽ സ്വയം തൊഴിൽ അവസരങ്ങൾ വന്നുചേരുന്നു.

8. വിദ്യാഭ്യാസം

കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ കാലാകാലങ്ങളിൽ മെച്ചപ്പെടുത്തുകയും കഴിവുള്ള കുട്ടികളെ കണ്ടെത്താനും അവർക്കനുയോജ്യമായ ഉന്നത വിദ്യഭ്യാസമോ ജോലിയോ നേടാൻ അവരെ പ്രാപ്തരാക്കാനുമുള്ള സംവിധാനം ആവശ്യമാണ്. സങ്കേതത്തിലെ തന്നെ വിദ്യാഭ്യാസം നേടിയ ആളുകളുടെയോ പരിസര പ്രദേശങ്ങളിലെ രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുടെയും സഹകരണത്തോടെ ഈ സംവിധാനം ഉണ്ടാക്കാം. പഠനേതര വിഷയങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലനം നൽകാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഇത് ഉപയോഗപ്പെടുത്താം.

9. ഉദ്യോഗസ്ഥർ സങ്കേത നിവാസികളുമായുള്ള ഊഷ്മള ബന്ധം

ഉദ്യോഗസ്ഥരും സങ്കേതവാസികളും പരസ്പരം നല്ല ആശയ വിനിമയം നടത്തുന്നവരും കാര്യങ്ങൾ തുറന്ന് പറയുന്നതിനുള്ള സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുന്നവരുമായി മാറേണ്ടതാണ്. ഇതിന് ഉദ്യോഗസ്ഥർ സമുദായത്തെക്കുറിച്ചും അവരുടെ സാംസ്കാരിക പ്രത്യേകതകളെ കുറിച്ചും ബോധവാന്മാർ ആകേണ്ടതുണ്ട്. ഏതെങ്കിലും തരത്തിലുള്ള തെറ്റായ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥരിൽ നിന്ന് കാണുന്ന പക്ഷം യഥാസമയം ഇടപെടുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യാം.

## ഉപസംഹാരം

കിനാനൂർ - കരിന്തളം പുനരധിവാസ മേഖയിലുള്ള ഗോത്ര ജനവിഭാഗങ്ങളായ മാവിലൻ, മലവേട്ടുവൻ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായ ജീവിതരീതിയും സംസ്കാരവും പിൻതുടർന്നു വന്നിരുന്ന ആരും തന്നെ കിനാനൂർ കരിന്തളത്ത് നൽകിയ ഭൂമി സ്വീകരിച്ചിരുന്നില്ല. പുനരധിവാസ മേഖലയിൽ താമസിക്കുവാൻ വിരളിലെണ്ണാവുന്ന കൊറഗർ തയ്യാറായെങ്കിലും, സാമൂഹികവും സാംസ്കാരികവും ഭാഷാപരവുമായി ഇവർ പിൻതുടർന്നുവന്ന ജീവിതരീതികൾ പരിസരങ്ങൾ പ്രദേശത്ത് മലയാളം സംസാരിക്കുന്ന ഇതര ഗോഗത്രവിഭാഗങ്ങളുമായി ഇണങ്ങി ചേർന്ന് പ്രവർത്തിക്കുന്നതിന് ഇവർക്ക് വിലങ്ങുതടിയായി. പുനരധിവാസം കാരണം തൊഴിൽ രംഗത്ത് നേരിട്ട പ്രതിസന്ധിയും അടിസ്ഥാന സൗകര്യ പ്രശ്നങ്ങളും പുനരധിവാസ മേഖല ഉപേക്ഷിച്ച് പോകുന്നതിന് കാരണമായിട്ടുണ്ട്.

കുഞ്ചത്തൂർ സങ്കേതത്തിൽ അടിസ്ഥാന സൗകര്യമില്ലാത്തതിനാലും, പുനരധിവാസമേഖലയിലെ തൊഴിലില്ലായ്മയും, ഉപജീവനോപാധി കണ്ടെത്താനുള്ള ബുദ്ധിമുട്ടുകളും കാരണം സങ്കേതവാസികൾ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇതര ജനവിഭാഗങ്ങളുടെ സങ്കേതത്തിലെക്കുള്ള കടന്നുകയറ്റവും ചൂഷണ ശ്രമങ്ങളും സങ്കേതം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. താൽക്കാലികമായ ഉറപ്പില്ലാത്ത ചുറ്റുമതിൽ ഇവർക്ക് സുരക്ഷിതത്ത്വം നൽകുന്നില്ല. സാംസ്കാരികവും ഭാഷാപരവുമായ പ്രശ്നങ്ങൾ കൂട്ടമായുള്ള പ്രവർത്തനങ്ങളെ ബാധിക്കുകയും വിഭാഗീയത പോലുള്ളവക്ക് കാരണമാവുകയും ചെയ്യുന്നു. പുനരധിവസിപ്പിക്കുന്നതിന് മുൻപ് ഇത്തരം കാര്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നല്കി നിലവിലെ അധിവാസസ്ഥലത്ത് നിന്നും കുറഞ്ഞ അകലത്തിൽ ഭൂമി നൽകേണ്ടതുണ്ട്. അതുപോലെതന്നെ കർണ്ണാടക അതിർത്തി പ്രദേശത്ത് തുളു സംസാരിക്കുന്ന പ്രദേശത്തേക്ക് മലയാളം ഭാഷ സംസാരിക്കുന്ന ആളുകൾ പുനരധിവസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇങ്ങനെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ കുട്ടികളുടെ സ്കൂൾ പഠനത്തിന് വിഘാതങ്ങൾ നേരിടുന്നു.

കാസർഗോഡ് ജില്ലയിലെ കിനാനൂർ - കരിന്തളം, കുഞ്ചത്തൂർ എന്നീ ടി. ആർ.ഡി.എം സങ്കേതങ്ങളിൽ പട്ടിക വർഗ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ അവസ്ഥകളും, സാമൂഹിക ചുറ്റുപാടുകളും ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടതുണ്ട് എന്നും അവരുടെ അജ്ഞത, സ്വാധീന കുറവ് എന്നിവ മനസിലാക്കുകയും ചെയ്ത് അവരെ ചൂഷണം ചെയ്യുന്നില്ല എന്നും ഉറപ്പ് വരുത്തുകയും ചെയ്യുകയും കൂടാതെ ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവ സമയാസമയങ്ങളിൽ പരിശോധിക്കുകയും വേണ്ട തിരുത്തലുകൾ നടത്തുകയും ചെയ്യേണ്ടതുണ്ട്.

# അദ്ധ്യായം 4

## ടിആർഡിഎം മേഖലകളിലെ പ്രശ്നങ്ങൾ

ജീവിച്ചുവരുന്ന പ്രദേശിക പരിസ്ഥിതിയോടും പ്രകൃതിയോടും ഇണങ്ങിയ ലളിതമായ ജീവിതരീതികളാണ് ഗോത്രവിഭാഗങ്ങളെല്ലാം പിൻതുടർന്നിരുന്നത്. സ്വയം പര്യാപതവും സവി ശേഷവുമായി സമ്പദ് വ്യവസ്ഥ ഗോത്രവിഭാഗങ്ങൾക്കെല്ലാമുണ്ടായിരുന്നു. ആഹാര സമ്പാദനം, പാർപ്പിടമൊരുക്കൽ, ആചാരനുഷ്ഠാനങ്ങളുടെ നടത്തിപ്പ്, മരുന്ന് എന്നവയ്ക്കെല്ലാം ആശ്രയിച്ചിരിക്കുന്നത് പ്രാദേശിക പരിസ്ഥിതിയെയാണ്. വ്യക്തിഗത സ്വത്തുടമാ വ്യവസ്ഥയോ, ഭൂഉടമ സമ്പ്രദായമോ ഗോത്രവിഭാഗങ്ങൾക്കിടയിലുണ്ടായിരുന്നില്ല. വനമേഖലയുമായി ബന്ധപ്പെട്ടിരുന്ന ഭൂപ്രദേശങ്ങളിൽ ജീവിച്ചിരുന്ന ഗോത്രവിഭഗങ്ങളെല്ലാം വനവുമായി അഭേദ്യമായ ബന്ധം പുലർത്തിയിരുന്നവരാണ്, പരസ്പര സഹകരണത്തോടെയും പരസ്പരാശ്രയത്തോടെയും ജീവിച്ചുവന്നവരാണ്. എന്നാൽ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി നടന്ന കയ്യേറ്റങ്ങളും അധിനിവേശങ്ങളും ഗോത്രജനതയുടെ ഭൂമി അന്യാധീനപ്പെടുത്തുന്നതിന് വഴിയൊരുക്കി. ഗോത്രജനതയുടെ കൈവശമുണ്ടായിരുന്ന ഗോത്രഭൂമികളിലേക്ക് ആദ്യം സംഘടിത കൈയ്യേറ്റം നടത്തിയത് ബ്രിട്ടീഷുകാരാണ്. തടിക്കുവേണ്ടി കയ്യേറിയ ഭൂമികൾ പിന്നീട് നാണ്യവിളത്തോട്ടങ്ങളായി പരിണിതപ്പെട്ടു. അവശേഷിക്കുന്ന ഭൂമികളിൽ ഗോത്രാതരജനവിഭാഗങ്ങളുടെ കടന്നുകയറ്റമുണ്ടായതും, ഭൂമി റിസർവ്വ് വനങ്ങളായും വന്യജീവി സങ്കേതങ്ങളായും പ്രഖ്യാപിക്കപ്പെട്ടതും ഗോത്രഭൂമി അന്യാധീനപ്പെടുന്നതിന് കാരണമായി. 1878 ലെ വനനിയമത്തോടെ ഗോത്രജനതയ്ക്ക് വനഭൂമിയിലുണ്ടായിരുന്ന എല്ലാ പ്രത്യേക അവകാശങ്ങളും നഷ്ടമായി. വൻതോതിൽ ഭൂമി അന്യാധീനപ്പെട്ടത് ഗോത്രവർഗ്ഗ സമ്പദ്വ്യവസ്ഥയും സാമൂഹ്യഘടനയും തകരുന്നതിന് കാരണമായി.

1980 കളോടെ ഗോത്രജനതയുടെ നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനുള്ള ചർച്ചകൾ സജ്ജീവമായത്. വിവിധ സംഘടനകളുടെയും പ്രസ്ഥനങ്ങളുടെയും നേതൃത്വത്തിൽ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനായി സമരങ്ങൾ നടത്തപ്പെട്ടു. ഇത്തരത്തിൽ 'ആദിവാസി ദളിത് സമരസമിതി' സി.കെ ജാനുവിന്റെ നേതൃത്വത്തിൽ നടത്തിയ കുടിൽകെട്ടി സമരം ഒത്തുതീർപ്പാക്കിയതിലൂടെയാണ് ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

6-7 ഷെഡ്യൂൾ കേരളത്തിൽ ഇനിയും നടപ്പാക്കിയിട്ടില്ല എന്നതും, ഗോത്രമേഖലയിലെ വ്യാപകമായ കുടിയേറ്റം, ഈ ജനതയുടെ ഭൂമി നഷ്ടപ്പെടലിനും കാരണമായി. ഭാഷയിൽ പോലും കുടിയേറ്റക്കാരുടെ ചിഹ്നങ്ങൾ കാണാൻ കഴിയും. കൂടാതെ, തദ്ദേശീയ ജനതയുടെ അവകാശങ്ങൾ ഇന്നും സംരക്ഷിക്കപ്പെടുന്നില്ല എന്നത് യാഥാർത്ഥ്യമാണ്.

നിർബന്ധിത കുടിയൊഴിപ്പിക്കൽ സംജാതമാകുന്ന സാഹചര്യങ്ങളിൽ, ശരിയായ പുനരധിവാസം പരിഗണിക്കണം. ഭൂമി നഷ്ടപ്പെടുന്നതിന്റെയും അരിക്വൽക്കരണത്തിന്റെയും, സാമൂഹ്യ-സാമ്പത്തിക സഹവർത്തിത്വത്തിന്റെയും, മനശാസ്ത്രപരവും, സാംസ്ക്കാരികവുമായ അടിത്തറയെ

ബാധിക്കുന്ന ഒന്നാണ് നിർബന്ധിത കുടിയൊഴിപ്പിക്കൽ. പുനരധിവസിക്കപ്പെട്ട ഗോത്രജനതകളുടെ സ്ഥായിയായ അതിജീവനവും, സാമൂഹ്യ സാംസ്ക്കാരികജീവിതവും, അന്തസ്സും പരിപോഷിപ്പിക്കുന്നതിനുള്ള ഒരു പുതിയ മാതൃക രൂപപ്പെടുത്തുവാനായും, പുനരധിവാസത്തിന്റെ പ്രക്രിയ വിലയിരുത്തുന്നതിനും ഈ പഠനം ഉപകരിക്കും. വിവിധ വികസന പദ്ധതികൾക്കായി കുടിയൊഴിക്കപ്പെട്ട പല പട്ടികവർഗ്ഗ കുടുംബങ്ങളെയും ഫലപ്രദമായി പുനരധിവസിക്കപ്പെട്ടിട്ടില്ല. വികസന പദ്ധതി ആരംഭിക്കുന്നതിന് മുമ്പായി തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുനരധിവാസ പാക്കേജ് നടത്തിയിരിക്കേണ്ടത് അത്യാവശ്യമാണ്. പുനരധിവസിക്കപ്പെട്ട മേഖലകളിൽ തുടർ വികസന പദ്ധതി നടപ്പിലാക്കേണ്ട സങ്കേതങ്ങൾ ഇപ്പോഴുമുണ്ട്. ഇത്തരം മേഖലകളിൽ കാര്യമായ ശ്രദ്ധ ചെലുത്തിയാൽ മാത്രമേ പട്ടികവർഗ്ഗ ജനതയുടെ പുരധിവാസ ജീവിതം അർത്ഥപൂർണ്ണമാവുകയുള്ളൂ.

വിവിധ പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ ഫലപ്രദമായ പുനരധിവാസ പദ്ധതിയുടെ ഭാഗമായിരിക്കണമെന്ന് അന്താരാഷ്ട്രപരമായി അംഗീകരിച്ച തത്വമാണ്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പുനരധിവാസം വേണ്ടി വന്നാൽ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പായി കുടിയൊഴിപ്പിക്കപ്പെടേണ്ടി വരുന്ന മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്ഥായിയായ ജീവിതമാർഗ്ഗത്തോടുകൂടി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി പുനരധിവാസ പാക്കേജ് നടത്തിയിരിക്കണമെന്ന് കേന്ദ്രസർക്കാർ കർശനമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇന്ത്യയുടെ വ്യവസായവൽക്കരണത്തിനും നഗരവൽക്കരണത്തിനും ആവശ്യമായ പ്രാഥമിക വിഭവങ്ങൾക്ക് ആശ്രയിച്ചിരിക്കുന്നത് ഗോത്രവർഗ്ഗ ആവാസ മേഖലകളെയായിരുന്നു. ഇന്ന് കേരളത്തിൽ അറുപതോളം നദീതടപദ്ധതികൾ നിലവിലുണ്ട്. ഇതിൽ പകുതിയോളം വൈദ്യുതപദ്ധതികളും, മറ്റു പദ്ധതികൾ ജലസേചന സൗകര്യത്തിനും വേണ്ടിയാണ് ഉപയോഗപ്പേടുത്തിയിരിക്കുന്നത്. ഈ പദ്ധതികളെല്ലാം തന്നെ പശ്ചിമഘട്ട മലനിരകളിലെ ഉൾവനങ്ങളിലാണ്. വനമേഖലകളിൽ അധിവസിച്ചു വരുന്ന ഗോത്രജനത തികച്ചും വ്യത്യസ്തമായ ഭൂപ്രദേശങ്ങളിലേയ്ക്ക് പറിച്ചു മാറ്റപ്പെടുമ്പോൾ അവർ പല തരത്തിലുള്ള സാമൂഹ്യ സാംസ്ക്കാരിക സംഘർഷങ്ങൾക്ക് വിധേയരാകാറുണ്ടെന്നത് അധികമാരും ശ്രദ്ധിക്കാത്ത കാര്യമാണ്.

പുനരധിവാസത്തിന് വിധേയമായവർക്ക് കൃഷിയോഗ്യമല്ലാത്ത ഭൂമിയാണ് പലപ്പോഴും ലഭിച്ചിരുന്നത്. വനവിസ്തൃതിയിൽ വളരെയധികം സ്വാതന്ത്ര്യത്തിൽ ജീവിച്ചിരുന്ന ഇവരിൽ ഭൂരിഭാഗവും ഇപ്പോൾ പുനരധിവാസ മേഖലകളിൽ തങ്ങളുടെ ജീവിതത്തെ പരിമിതപ്പെടുത്തിയിരിക്കുന്നു. കുടിവെള്ളം, വൈദ്യുതി തുടങ്ങിയ വികസന ആവശ്യങ്ങൾക്കായി പലപ്പോഴും കുടിയിറക്ക് നേരിടേണ്ടി വരികയും, പിന്നീട് പുനരധിവസിക്കപ്പെട്ട പ്രദേശങ്ങളിൽ അവർക്ക് കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെടുന്ന കാഴ്ച മിക്ക പുനരധിവാസമേഖലകളിലും ഉണ്ട്. പലപ്പോഴും വനമേഖലയിലെ തൊഴിൽ അവസരങ്ങളിൽ പോലും ഇവരുടെ പ്രാതിനിധ്യം കുറവാണ്.

ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി നൽകാൻ കഴിഞ്ഞിട്ടില്ല. ഭൂമി നൽകി പുനരധിവസിക്കപ്പെട്ടവരാകട്ടെ പലയിടങ്ങളിലും മുൻപത്തേക്കാൾ ദുരിതപൂർണ്ണമായ ജീവിതസാഹചര്യങ്ങളിലാണ് അകപ്പെട്ടിരിക്കുന്നത്. പല പദ്ധതികൾക്കുവേണ്ടിയും കുടിയിറക്കപ്പെട്ടവർ പിന്നീടെങ്ങനെ ജീവിക്കുന്നുവെന്ന് യാതൊരു തരത്തിലുള്ള അന്വേഷണവും ഉണ്ടാകാറില്ല. പാരമ്പര്യമായി കൃഷി ചെയ്ത്

ജീവിച്ചിരുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പുനരധിവാസ പാക്കേജ് അനുസരിച്ച് പലപ്പോഴും കൃഷിയോഗ്യമല്ലാത്ത ഭൂമിയാണ് ലഭിച്ചിരുന്നത്. പുനരധിവാസത്തിനായി നിർമ്മിച്ചു നൽകുന്ന വീടുകൾ പലതും തമാസയോഗ്യമല്ലാത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയും ഉണ്ട്.

പുനരധിവാസ വികസന മിഷൻ നേരിടുന്ന പ്രധാന വെല്ലുവിളികൾ വന്യമൃഗശല്യവും, ഫണ്ട് വിതരണത്തിലെ അപാകതകളും ഈ പദ്ധതിയിലേക്ക് വേണ്ടത്ര ഗുണഭോക്താക്കൾ ആകർഷിക്കപ്പെടാതിരിക്കാനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. ഭൂമി വിതരണവുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് പട്ടയം എന്ന ആശയത്തിൽ ഭൂമി പട്ടയം ഒരു നിക്ഷിപ്ത സംഘങ്ങൾക്ക് പ്രത്യേകമായി നൽകി തുല്യമായ അവകാശങ്ങൾ നൽകുകയും, കൃഷി ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യാവുന്നതാണ്. കൂടാതെ കൃഷി ചെയ്യാത്തവരിൽ നിന്നും ഇത് തിരിച്ചു പിടിച്ച് തൽപ്പരരായ ആളുകൾക്ക് നൽകുകയും ചെയ്യാം.

കുടുംബബന്ധങ്ങളുടെ ശൈഥില്യങ്ങളും, ഒറ്റക്കെട്ടായ പ്രവർത്തനങ്ങളുടെ പോരായ്മകളും, രാഷ്ട്രീയ സമ്മർദ്ദങ്ങളും, പട്ടയവിതരണത്തിലെ ചൂഷണങ്ങളും ഈ സങ്കേതങ്ങളിൽ ദുരിതപൂർണ്ണമായ ജീവിതത്തിലേക്കാണ് തള്ളിവിടുന്നതെന്ന യാഥാർത്ഥ്യമാണ്. അതിനാൽത്തന്നെ, തുടർച്ചയായ അവബോധ ക്ലാസ്സുകൾ ഈ മേഖലയിൽ ആവശ്യമാണ്.

കാസർഗോഡ് ജില്ലയിൽ ഭൂമി ലഭിച്ചവർക്ക് പ്രധാനമായും നേരിടേണ്ടിവന്നിട്ടുള്ളത് ഭാഷാപരമായ പ്രശ്നങ്ങളാണ്. ഇടുക്കി ജില്ലയിൽ ഏകദേശം എല്ലായിടത്തും ഗുണഭോക്താക്കൾ ആനയുടെ ഉപദ്രവമാണ് നേരിടേണ്ടി വന്നിട്ടുള്ളത്. അത് കൃഷി നാശത്തിനുപരി ദൈനം ദിന ജീവിതത്തിനു നേരെയും ചിലപ്പോൾ സ്വന്തം ജീവനു വരെ ഭീഷണി ഉയർത്തുന്നു. ഇങ്ങനെ വ്യത്യസ്തങ്ങളായ പ്രശ്നങ്ങളാണ് ഗോത്ര വർഗ്ഗക്കാർ നേരിടേണ്ടി വരുന്നത്. ജില്ലാതല റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇതിൽ വിവരിക്കുന്നില്ല.

വ്യത്യസ്ത തൊഴിൽ ആചാരാനുഷ്ഠാനങ്ങൾ അനുവർത്തിക്കുന്ന പണിയ, കാട്ടുനായിക്ക, മുള്ളുക്കുറുമ വിഭാഗത്തിലെ ആളുകളാണ് കുടിയൊഴിപ്പിക്കലിൽ കൂടുതൽ ദുരിതജീവിതം അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അടിസ്ഥാന ആവശ്യങ്ങൾ, തൊഴിൽ ലഭ്യത എന്നിവ ഉറപ്പുവരുത്തുകയും, ആരോഗ്യസംബന്ധമായ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും വികസന പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ കൃത്യമായ രീതിയിൽ ഇവർക്ക് എല്ലാവിധത്തിലും ആവാസവ്യവസ്ഥിതി പ്രകാരം ജീവിച്ചു വരുവാൻ ഉള്ള ഉതകുന്ന മേഖലയിലേക്ക് മാത്രമേ പുനരധിവസിപ്പിക്കുവാൻ പാടുള്ളൂ. കുടുംബബന്ധങ്ങളുടെ ശൈഥില്യങ്ങളും, ഒറ്റക്കെട്ടായ പ്രവർത്തനങ്ങളുടെ പോരായ്മകളും, രാഷ്ട്രീയ സമ്മർദ്ദങ്ങളും, പട്ടയവിതരണത്തിലെ ചൂഷണങ്ങളും സങ്കേതങ്ങളെ ദുരിതപൂർണ്ണമായ ജീവിതത്തിലേക്കാണ് തള്ളിവിടുന്നതിനാൽത്തന്നെ, തുടർച്ചയായ അവബോധ ക്ലാസ്സുകൾ ഈ മേഖലയിൽ ആവശ്യമാണ്.

# അദ്ധ്യായം 5

## ഉപസംഹാരം

ചരിത്രാതീത കാലം മുതൽക്കെ ഗോത്ര വർഗ്ഗക്കാരുടെ മൗലീകാവകാശങ്ങൾ അടിച്ചമർത്തപ്പെട്ടിട്ടുണ്ട്. ആഗോളവൽക്കരണം, ഉദാരവൽക്കരണം തുടങ്ങിയവയുടെ ഭാഗമായി ഗോത്ര വർഗ്ഗങ്ങൾ ഭൂമിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നുണ്ട്. വൻകിട വികസന പദ്ധതികളുടെ ഭാഗമായി ഗോത്രവർഗ്ഗജനത പറിച്ച് എറിയപ്പെടുന്നതിന്റെ തൽഫലമായി ദാരിദ്ര്യത്തിലേക്ക് നയിക്കപ്പെടുന്നു.

ഇന്ത്യയിലെ പ്രിദ്രവിഡിയൻ ജനവിഭാഗത്തിന്റെ തുടർച്ചയായ തദ്ദേശീയ ഗോത്രജനത പലപ്പോഴായി ചരിത്രത്തിന്റെ ഗതിവിഗതികളിൽപ്പെട്ട് താമസ ഇടങ്ങൾ ഉപേക്ഷിച്ച് ഉൾക്കാടുകളിലേക്ക് പലായനം ചെയ്യേണ്ടി വന്നിട്ടുണ്ട്. എന്നാൽ വനപരിപാലനം കർശനമായതിനാൽ ഇഷ്ടാനിഷ്ടങ്ങളൊടെ തദ്ദേശീയ ജനതയെ പുനരധിവസിപ്പിക്കുകയുണ്ടായി. ഗോത്രവർഗ്ഗമേഖലയിലേക്ക് കടന്നുവന്ന ആധുനിക ജനതയുടെ കൈകടത്തലുകൾ ഈ മേഖലയിലെ ഭൂപടകത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കേരളത്തിലെ ആകെ ജനസംഖ്യയുടെ 1.45% വും പട്ടികവർഗ്ഗങ്ങളുടെയാണ്. വൈവിധ്യമായ സംസ്കാരവും ജീവിത രീതിയുമുള്ള 37 ഗോത്രവിഭാഗങ്ങളാണ് കേരളത്തിലുള്ളത്. വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിലാണ് ഗോത്രജനത കൂടുതലായും അധിവസിച്ചുവരുന്നത്. കേരളത്തിലെ ഗോത്രവിഭാഗങ്ങളിൽ ബഹുഭൂരിപക്ഷവും വിവിധ കാലങ്ങളിൽ പുനരധിവാസ പ്രക്രിയക്ക് വിധേയരായിട്ടുണ്ട്. ഭൂരഹിതരമായ ഗോത്രവിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2002 ൽ ആരംഭിച്ച ടി.ആർ.ഡി.എം പദ്ധതിയിൽ 39 ഓളം പുനരധിവാസ മേഖലകളിലായി 7718 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്.

കേരളത്തിലെ പുനരധിവാസ പ്രക്രിയയിൽ ഭൂരഹിതരായ ഗോത്രവർഗ്ഗക്കാർക്കാണ് ഭുമി ലഭിച്ചിട്ടുള്ളത്. സംസ്ഥാന ചീഫ് സെക്രട്ടറിയുടെ കീഴിൽ TRDM ദൗത്യസേനയില്ലാത്ത ദൗത്യമാണ് ഏൽപ്പിച്ചിരിക്കുന്നത്. TRDM രൂപീകരിച്ച് 5 വർഷത്തിനിടയിൽ പ്രശ്നങ്ങൾ പരിഹാരം കാണാൻ സാധിച്ചിട്ടില്ല എന്നതും, ഇത്രയും വർഷമായിട്ടും പരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ല എന്നതും യാഥാർത്ഥ്യമാണ്. ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി നൽകാമെന്ന വാഗ്ദാനത്തിൽ അടിസ്ഥാനമായ വികസന കാഴ്ചപ്പാട് പുന:പരിശോധിക്കേണ്ടതാണ്.

കൊല്ലം ജില്ലയിലെഅരിപ്പസങ്കേതത്തിനകത്ത് എത്തിച്ചേരാൻ പൊതുവായതും ഗതാഗത സൗകര്യത്തിനുതകുന്നതുമായ റോഡ് ഇല്ലാത്തത് ഇവരുടെ സാമൂഹ്യ ജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കാല താമസവും, സാധനങ്ങൾ സങ്കേതത്തിൽ എത്തിക്കുമ്പോൾ ഉള്ള അധിക ചിലവും, ആശുപത്രി, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും ഇവർ അനുഭവിക്കുന്നുണ്ട്. സങ്കേതത്തിൽ പൊതുകൂട്ടായ്മകൾ വളർത്തിയെടുക്കാനുള്ള സംവിധാനങ്ങളോ, പൊതു ഇടങ്ങളോ നിലവിലില്ല.

കുരിയോട്ടുമല സങ്കേതത്തിൽ64.3% പേരും പഞ്ചായത്തിനു പുറത്തു നിന്നുമുള്ള വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ടവരായിരുന്നു ഈ സങ്കേതത്തിൽ പുനരധിവസിപ്പിക്കപ്പെട്ടിരുന്നത്. അതുകൊണ്ട് തന്നെ സഹകരണ മനോഭാവം വളരെ കുറവായിരുന്നു. പല കുട്ടികളും മുതിർന്നവരും ആദ്യകാലത്ത് പുതിയ സ്ഥലത്ത് വരാൻ മടി കാണിച്ചിരുന്നു. പണി പൂർത്തിയാകാത്ത പല വീടുകളും ഇപ്പോൾ ഇവിടെയുണ്ട്. സ്വന്തം കൃഷി ഭൂമിയിൽ നിന്ന് വരുമാനം ലഭിക്കുന്നവരും ലഭിക്കാത്തവരുമുണ്ട്. അതുപോലെ തന്നെ ഒരേക്കർ ലഭിച്ചവരും 40 സെന്റ് ഭൂമി ലഭിച്ചവരും ഈ സങ്കേതത്തിൽ ഉണ്ട്. ഊരുകൂട്ടത്തിൽ പലപ്പോഴും പലരും പങ്കെടുക്കാറില്ല എന്നും എന്തെങ്കിലും പ്രത്യേക പരിപാടികൾ നടത്തുമ്പോൾ മാത്രമാണ് പങ്കെടുക്കാറുള്ളത് എന്നും ആക്ഷേപം ഉണ്ട്.

ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, ചെങ്ങന്നൂർ, കാർത്തികപ്പള്ളി, റവന്യൂ താലൂക്കുകളിൽ അധിവസിക്കുന്ന 33 കുടുംബങ്ങൾക്കാണ് ജില്ലയിൽ ഭൂമി അനുവദിച്ചത്. മിഷന്റെ ഭാഗമായി ഭൂമിയനുവദിച്ച മിക്ക സ്ഥലങ്ങളും ഒറ്റപ്പെട്ടുകിടക്കുന്നതിനാൽ സങ്കേതങ്ങൾ സ്ഥിതിചെയ്യുന്നത് നാല് പ്രദേശങ്ങളിലാണ്. സ്ഥിരതയുള്ള തൊഴിലില്ലാത്തത് ഇവരുടെ ഉപജീവനത്തെ ബാധിക്കുന്നുണ്ട്. ഈ മേഖലയിലെ പ്രധാന പ്രശ്നം തൊഴിലില്ലായ്മയും കുടിവെള്ള ക്ഷാമവുമാണ്.കുടിവെള്ള ക്ഷാമം മേഖലയിലെ പ്രധാനവെല്ലുവിളിയാണ്. ഗുണഭോക്താക്കൾക്ക് സ്വന്തമായി കിണറുണ്ടെങ്കിലും കിണറുകളിൽ നിന്നും ചെളിവെള്ളമാണ് ലഭിക്കുന്നത്. ഇതു മാറ്റുവാൻ ആധുനിക സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സി.കെ. കോളനി (തൈക്കാട്ടുശ്ശേരി)സങ്കേതത്തിൽ നിലവിലുള്ള റോഡിൽ സങ്കേതവാസികളും സമീപവാസികളും തമ്മിലുള്ള രൂക്ഷമായ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഈ തർക്കത്തിന്റെ ഭാഗമായി സങ്കേതത്തിലെ ഒരു ഗുണഭോക്താവിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച ഓട്ടോറിക്ഷ സമീപവാസികൾ തകർത്തതായി ആരോപിക്കുന്നു. നിലവിൽ ഈ വാഹനം ഉപയോഗ്യശൂന്യമായി കിടക്കുന്ന അവസ്ഥയാണ്. കൂടാതെ ഭൂമി ഗോത്രവർഗ്ഗവിഭാഗ ങ്ങൾക്ക് വിതരണം ചെയ്യുകയാണെന്ന് അറിഞ്ഞതോടു കൂടി സമീപവാസികൾ കയ്യേറിയെന്നും സങ്കേതത്തിൽ താമസമാരംഭിച്ചത് മുതൽ വലിയ സാമൂഹിക പ്രശ്നങ്ങളാണ് അനുഭവക്കുന്നതെന്നും അടിയന്തിരമായി സ്ഥലം റീസർവ്വെ നടത്തി കൃത്യമായ അതിരുകൾ തിട്ടപ്പെടുത്തണമെന്നുമാണ് സങ്കേതവാസികളുടെ ആവശ്യം.

ആഫീസ് പറമ്പ് സങ്കേതം (പാണാവള്ളി)സങ്കേതത്തിലെ താമസത്തിന് ശേഷം ജീവിതരീതിയിലും ജീവിതനിലവാരത്തിലും മുൻപ് താമസിച്ചിരുന്ന സ്ഥലത്തേക്കാൾ പുരോഗതി കൈവരിച്ചെങ്കിലും മതിയായ തൊഴിൽ ലഭ്യമാകാത്തത് സങ്കേതവാസികളുടെ നിത്യജീവിതത്തെ ബാധിക്കുന്നുണ്ട്. മിക്കവരും തങ്ങളുടെ പഴയ പ്രദേശത്ത് പോയി തൊഴിൽ ചെയ്തു ഉപജീവനം നടത്തുകയാണ് ചെയ്യുന്നത്. സങ്കേതത്തിൽ താമസമാരംഭിച്ചതിന് ശേഷം സങ്കേതവാസികൾ തമ്മിലുള്ള സഹകരണവും പരസ്പരാശ്രയവും കുറവാണ്. എല്ലാ കുടുംബങ്ങൾക്കും ഒത്തു ചേരാനുള്ള ഒരു വേദി ഇനിയും സങ്കേതത്തിൽ നടപ്പായിട്ടില്ല. സാംസ്കാരിക കേന്ദ്രമോ, വായനശാലകളോ മറ്റു സ്ഥാപനങ്ങളോ ഒന്നും തന്നെ സങ്കേതത്തിൽ പ്രവർത്തിക്കുന്നില്ല.

കോഴിക്കോട് ജില്ലയിലെ മുതുകാട്-കുളത്തൂർ സങ്കേതത്തിൽ പുനരധിവസിപ്പിക്കപ്പെട്ടിട്ടുള്ള പണിയൻ, കാട്ടുനായ്ക്കൻ എന്നീ വിഭാഗത്തിലുള്ള 34 കുടുംബങ്ങളാണ് താമസിക്കുന്നത്. സങ്കേത ത്തലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാനായി തടയണ കെട്ടാവുന്നതാണ്. സങ്കേതത്തിൽ സാംസ്കാരിക കേന്ദ്രമില്ല. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാം. കുളത്തൂർ സങ്കേതം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് മദ്യ പാനാസക്തിയാണ്. എത്രയും വേഗത്തിൽ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനായി സാമ്പ ത്തിക സഹായം അനുവദിക്കാവുന്നതാണ്. 2005-ൽ താമസമാക്കപ്പെട്ട ഇവർക്ക് സ്വന്തം ഇഷ്ടപ്ര കാരമില്ലാതെ പണിത വീടാണ് ഉള്ളത്. വിദ്യാഭ്യാസം, തൊഴിൽ, കുടിവെള്ളം തുടങ്ങിയ ചില മേഖല കളിൽ പ്രശ്നങ്ങൾ നേരിടുന്ന സങ്കേതവാസികൾക്ക് അടിസ്ഥാന സൗകര്യ വികസനം, ഉപജീവനോ പാധി എന്നിവ നൽകി വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും ചെയ്താൽ ഇവരുടെ ജീവിത നില വാരം മെച്ചപ്പെടുകയും സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യും.

വട്ടച്ചിറ സങ്കേതത്തിൽ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി വികസിപ്പിക്കാവുന്നതാണ്. കൂടാതെ ലഭ്യമാക്കിയ ഭൂമിയിൽ കൃഷി ചെയ്യാനുള്ള പശ്ചാ

ത്തല സൗകര്യങ്ങൾ (ജലസേചനം സംരക്ഷണം മുതലായവ) വികസിപ്പിക്കാനുതകുന്ന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ സങ്കേതത്തിൽ നടപ്പിലാക്കാവുന്നതാണ്. ലഭിച്ച ഭൂമി സംബന്ധിച്ച പ്രശ്ന ങ്ങൾ പരിഹരിച്ച് മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി കൈവശം വെക്കാനും ഉപയോഗിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. മേഖലയിൽ വനാവകാശ നിയമപ്രകാരം സങ്കേത വാസികൾക്ക് ലഭ്യമാകേണ്ട മുഴുവൻ അവകാശങ്ങളും അനുവദിച്ച് നൽകാവുന്നതാണ്. സങ്കേത ത്തിൽ നിലനിൽക്കുന്ന കുടിവെള്ളപ്രശ്നം, മേഖലയിലെ നീർത്തട സംരക്ഷണ വികസനപദ്ധതി കൾ നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കാവുന്നതാണ്. നിലവിൽ സങ്കേതത്തിൽ പ്രവർത്തിച്ചുവരുന്ന സാമൂഹ്യ പഠനമുറി സംവിധാനം പ്രോത്സാഹിപ്പിക്കുകയും , കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നപക്ഷം വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് ഒരുപരിധിവരെ തടയാവുന്നതാണ്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ സങ്കേതത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവ പൂർത്തീകരിച്ചിട്ടില്ല. യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാവുന്നതാണ്.

പേരാമ്പ്ര എസ്റ്റേറ്റ് സങ്കേതത്തിനകത്ത് എത്തിച്ചേരാൻ സങ്കേതത്തിനായ് നിർമ്മിച്ച റോഡിന്റെ പ്രവർത്തി പൂർത്തിയായില്ല. റോഡ് സൗകര്യമില്ലാത്തതിനാലും ആശുപത്രി-വിദ്യാഭ്യാസ കാര്യങ്ങൾക്ക് സങ്കേതവാസികൾ ബുദ്ധിമുട്ടനുഭവിക്കുന്നു. വീട്, കുടിവെള്ള ദൗർലബ്യം മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകുന്നതിലുള്ള കാലതാമസം എന്നിവ മൂലം സങ്കേതവാസി കൾ ബുദ്ധിമുട്ടുന്നു. തങ്ങളുടെ പഴയ പ്രദേശത്ത് പ്രാവീണ്യം തെളിയിച്ച മേഖലയിലെ തൊഴിൽ, പ്രദേശത്ത് ലഭ്യമാകുന്നില്ല. സങ്കേതത്തിലേക്കും സങ്കേതത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും റോഡ് നിർമ്മിക്കാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടും താമസമാരംഭിക്കാത്ത ഗുണഭോക്താക്കളുടെ പട്ടയം റദ്ദ് ചെയ്ത് ഭൂരഹിതരായ മറ്റു കുടുംബങ്ങൾക്ക് നൽകാം.

കോഴിക്കോട് ജില്ലയിലെ സങ്കേതങ്ങളിൽ കൃഷിയും നായാട്ടുമെല്ലാം ഉപജീവനമാർഗ്ഗമാക്കി നിലവിൽ താമസിച്ചു വരുന്ന ഗോത്ര വർഗ്ഗക്കാർക്ക് പുനരധിവാസ മേഖലയിൽ തൊഴിൽ കണ്ടെത്തു ന്നതിനാണ് പ്രയാസങ്ങൾ നേരിടേണ്ടി വരുന്നത്. കുടിവെള്ള ലഭ്യതയ്ക്കുള്ള ഏതാനും ചില പദ്ധതി കൾ നടത്തിയിരുന്നെങ്കിലും മുന്നോട്ട് നീങ്ങാത്തതിനാൽ സങ്കേതവാസികൾ വളരെയധികം പ്രയാ സങ്ങൾ നേരിടുന്നുണ്ട്.

പത്തനംതിട്ട പുനരധിവാസ മേഖലയിലെ പ്രധാന പ്രശ്നം തൊഴിൽ ഇല്ലായ്മയാണ്. തൊഴി ലുറപ്പ് പദ്ധതികൾ മാത്രമാണ് ഏക ആശ്രയം. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കണം. സ്വന്തം നാട്ടിൽ 100 തൊഴിൽ ദിനങ്ങൾ കൂടാതെ ഉൽപ്പന്ന വർദ്ധനവ്, സ്ഥിരം ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം എന്നീ സ്വപ്നങ്ങളും ഇവർക്കുണ്ട്. കുടുംബശ്രീ, അയൽക്കൂട്ടം, സ്വയംസഹായ സംഘ ങ്ങൾ, യുവജനസംഘം, വനിത സഹകരണ സംഘം, കർഷക കൂട്ടായ്മ തുടങ്ങി വിവിധ മേഖലക ളിൽ തൊഴിൽ സാധ്യതകൾ വർധിപ്പിക്കണം. കൂടാതെ തൊഴിലില്ലായ്മ പരിഹരിക്കാനായി തൊഴിൽ

പരിശീലനങ്ങളും നൽകണഭീഷണിയുള്ള മരങ്ങൾ ഗുണഭോക്താക്കൾക്ക് ഭൂമിയുടെ പട്ടയം നൽകിയതാണെങ്കിലും, മുറിച്ചുമാറ്റാൻ വനാവകാശ നിയമം ഉള്ളതിനാൽ സാധിക്കുന്നില്ല. മാത്രമല്ല അപേക്ഷകൾ സമർപ്പിച്ചിട്ടും മുറിച്ചു മാറ്റാൻ കാലതാമസം നേരിടുന്നുണ്ട്. കാർഷിക വിളകളുടെ നാശത്തിന് പ്രധാന കാരണമായി ഗുണഭോക്താക്കൾ ചൂണ്ടികാണിക്കുന്നത് മൃഗ ശല്യമാണ്. യഥാർത്ഥത്തിൽ മൃഗങ്ങളുടെ താമസസ്ഥലത്തേക്ക് ഗുണഭോക്താക്കൾ അതിക്രമിച്ചു കയറിയ അവസ്ഥായാണുള്ളത്. നിലവിൽ കൃഷിചെയ്ത് ജീവതവൃത്തി കണ്ടെത്താൻ ഇതിനാൽ സാധിക്കുന്നില്ല, പോരായ്മകൾ പരിഹരിച്ചും ജൈവവേലി സംവിധാനങ്ങൾ ഒരുക്കിയും കൃഷിക്കായി സംരക്ഷണം ഒരുക്കണം. കൃത്യസമയത്ത് ഗൃഹനിർമ്മാണം പൂർത്തിയാക്കാൻ ഏജൻസികൾക്കാകുന്നില്ല. അവർക്ക് ഫണ്ട് കൃത്യമായി ലഭിക്കാത്തതും പ്രധാന കാരണമാണ്. എജൻസികൾ നേരിട്ടോ അല്ലെങ്കിൽ സബ് ഏജൻസികൾക്കോ കുറഞ്ഞ കരാർ തുകയ്ക്ക് കൊടുത്താണ് ഗൃഹനിർമ്മാണം പൂർത്തിയാക്കിയിരുന്നത്. മറ്റേതൊരു സ്ഥലങ്ങളിലേയും പോലെ വേനൽക്കാലത്ത് കടുത്ത കുടിവെള്ളക്ഷാമം രൂക്ഷമായ മേഖലയാണ് ഇതും. കിണർ, ടാപ്പ് എന്നി സംവിധാനങ്ങൾ നിലവിൽ ഇവിടെ കാര്യക്ഷമമല്ല. വേനൽക്കാലത്ത് ദൂരസ്ഥലങ്ങളിൽ നിന്ന് കുടിവെള്ളം ചുമന്നാണ് കൊണ്ടുവരേണ്ടത്. ഇതിനായി പൈപ്പ് സംവിധാനങ്ങൾ ഒരുക്കാം. അതിർത്തി നിർണ്ണയിച്ച് കയ്യാല കെട്ടൽ ഇവരുടെ ഭൂമിക്ക് ആവശ്യമാണ്. ഭൂ സംരക്ഷണം എന്ന രീതിയിൽ കയ്യാലകെട്ടൽ സംവിധാനം ഒരുക്കേണ്ടതാകുന്നു. മുൻവശത്തായി കയ്യാലയോ, മതിലോ നിർമ്മിക്കേണ്ടതാണ്. പ്രധാന വിദ്യാഭ്യാസ പ്രശ്നങ്ങൾ പഠനചെലവ്, മടി, മെച്ചപ്പെട്ട സ്കൂൾ സംവിധാനങ്ങളുടെ കുറവ് എന്നിവയെല്ലാമാണ്. ഗുണഭോക്താക്കളുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസ നിലവാരം ഇനിയും മെച്ചപ്പെടുത്തേണ്ടതായുണ്ട്. സാമൂഹ്യപഠനമുറികൾ നിർമ്മിക്കപ്പെടുകയോ ഇതിൽ അധ്യയനം നടത്തുന്നതിലേക്ക് ഇവരിൽ നിന്ന് തന്നെ അധ്യാപകരെ തെരഞ്ഞെടുത്ത് ട്യൂഷൻ സംവിധാനങ്ങൾ ഒരുക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ സാമൂഹ്യ പഠനമുറികളിലൂടെ അവരുടെതായ ഭാഷ നിലനിർത്താനായി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മേൽ പഠനങ്ങൾ നടത്തിയിട്ടുള്ളത് പത്തനംതിട്ട ജില്ലയിൽ രണ്ട് ടി.ആർ.ഡി.എം പുനരധിവാസ സങ്കേതങ്ങളായ റാന്നി താലൂക്കിലുള്ള വടശ്ശേരിക്കര പഞ്ചായത്തിലെ തലപ്പള്ളി എസ്റ്റേറ്റിലും, ഏനാദിമംഗലത്തുള്ളടകജ മുരുകൻ കോളനിയിലുമാണ്. തലപ്പള്ളി എസ്റ്റേറ്റിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്ത ഭാഗങ്ങളിൽ ജനങ്ങൾ താമസിക്കാതിരിക്കുകയും ഇവിടങ്ങളിൽ മൃഗങ്ങളുടെ ഉപദ്രവം വർധിക്കുകയും, സാമൂഹിക ക്രയവിക്രയം നടക്കാതിരിക്കുകയും ചെയ്യുന്നതിനാൽ ലഭ്യമായ ഭൂമി താമസമാക്കിയവർക്ക് ഉപയോഗപ്പെടുത്താനോ നല്ല രീതിയിലുള്ള സാമുഹിക ജീവിതം നയിക്കാനോ സാധ്യമാകുന്നില്ല. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ഭൂരഹിതരായവർക്ക് പട്ടയം നൽകുകയും പട്ടയം ലഭിച്ച മുഴുവൻ ആളുകളെയും പുനരധിവാസ മേഖലയിലേക്ക് എത്തിക്കുന്നതിലേക്കായി നടപടികൾ കൈക്കൊള്ളാവുന്നതാണ്. കൂടാതെ സങ്കതവാസികളുടെ

ഉന്നമനത്തിനായി പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കൂടുതൽ പ്രവർത്തക്കെണ്ടിയിരിക്കുന്നു.

പത്തനംത്തിട്ട ജില്ലയിൽ അടൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഏനാദിമംഗലത്തുള്ള SIPമുരുകൻ സങ്കേതനിവാസികൾ തൊഴിൽ ഇല്ലായ്മ, അശാസ്ത്രിയമായ വികസന പ്രവർത്തനങ്ങൾ, മദ്യപാനം തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, ഭവന നിർമ്മാണത്തിലെ അപാകതകൾ, പഠന സാഹചര്യങ്ങളില്ലായ്മ എന്നിവ മൂലം ദുരിതങ്ങൾ അനുഭവിക്കു എറണാകുളം ജില്ലയിലെ മൂന്ന് ടി.ആർ.ഡി.എം സങ്കേതങ്ങൾ താഴെ പറയുന്നവയാണ്.

എറണാകുളം ജില്ലയിലെ മൂന്ന് ടി.ആർ.ഡി.എം സങ്കേതങ്ങൾ താഴെ പറയുന്നവയാണ്. കോതമംഗലം താലൂക്കിലെ കുട്ടംപുഴ ഗ്രാമപഞ്ചായത്തിലെ പന്തപ്ര സങ്കേതം, 2. കോതമംഗലം താലൂക്കിൽ കവളങ്ങാട് പഞ്ചായത്തിലെ നേര്യമംഗലം തലക്കൽ ചന്തു സങ്കേതം. 3. കണയന്നൂർ താലൂക്കിലെ എടക്കാട്ട് വയൽ ഗ്രാമപഞ്ചായത്തിലെ എടക്കാട്ട് വയൽ സങ്കേതം.. നിലവിൽ കൃഷി അടിസ്ഥാനമായ കൂലിപ്പണി ചെയ്ത് ജീവിക്കുന്ന സങ്കേത വാസികളിലെ പുതുതലമുറയ്ക്ക് പുതിയ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുകയും ആവശ്യമായ മേഖലകളിൽ പരിശീലനങ്ങൾ നൽകുക വഴി മാറുന്ന കാലത്തിനനുസരിച്ച് പുതിയ തൊഴിൽ നേടാൻ സഹായിക്കുകയും ചെയ്യാം. ഇത്തരത്തിൽ ടൈലറിങ്ങ് പരിശീലനം, റബ്ബർ ടാപ്പിങ്ങ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, കമ്പ്യൂട്ടർ ഡിസൈനിങ്ങ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകാം. നിലവിലെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുകയും സങ്കേതത്തിനുള്ളിലെ തൊഴിൽ (നിർമ്മാണ മേഖല, കാർഷിക മേഖല, മറ്റുള്ളവ) സങ്കേതവാസികൾക്ക് തന്നെ നൽകുകയും, തൊഴിലുറപ്പ് പോലുള്ള പദ്ധതികളിൽ പരമാവധി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ചും നിലവിലെ അംഗങ്ങൾക്ക് തൊഴിലിനുള്ള അവസരങ്ങളൊരുക്കാം.

നേര്യമംഗലം തലക്കൽ ചന്തു സങ്കേതംവ്യത്യസ്ത പ്രദേശങ്ങളിൽ നിന്നും വ്യത്യസ്ത ഗോത്ര വിഭാഗത്തിലുൾപ്പെടുന്നവരായതു കൊണ്ട് തന്നെ സങ്കേതവാസികൾക്കിടയിൽ സാമൂഹിക ഐക്യം രൂപപ്പെട്ടിട്ടില്ല. സങ്കേതത്തിൽ അടിപിടി കേസുകളും അക്രമണ സംഭവങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളിൻമേൽ മതിയായ അന്വേഷണങ്ങൾ നടത്താതെയാണ് മേഖലയിൽ ഭൂമി വിതരണം നടത്തിയിട്ടുള്ളത്. സങ്കേതത്തിന് പുറത്തുനിന്നുള്ള ജനവിഭാഗങ്ങളുടെ ഇടപെടലുകൾ മദ്യപാനം, സ്ത്രീകളെ ചൂഷണം ചെയ്യൽ മുതലായ അവസ്ഥയിലേക്ക് നയിക്കുന്നുണ്ട്. മദ്യപാനം മൂലമുള്ള

സാമൂഹിക പ്രശ്നങ്ങൾ വലിയ തോതിൽ സങ്കേതത്തിൽ നിലനിൽക്കുന്നുണ്ട്. പ്ലോട്ടുകളിലേക്ക് വഴിയില്ലാത്തതും, പ്ലോട്ടുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സം സൃഷ്ടിക്കുന്ന വൻമരങ്ങൾ മുറിച്ച് മാറ്റാനുള്ള സാങ്കേതിക തടസങ്ങളും മേഖലയിലെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ മേഖലയിലെ ചതുപ്പ് ഭൂമിക്ക് സമീപത്തായി ഭൂമി ലഭിച്ച ഗുണഭോക്താക്കളുടെ പ്ലോട്ടുകളിൽ ഭവന നിർമ്മാണമടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള പാരിസ്ഥിതിക പ്രശ്നം നിലനിൽക്കുന്നുണ്ട്.

എടക്കാട്ട് വയൽ സങ്കേതം ( പാർപ്പംകോട് സങ്കേതം)പുനരധിവാസ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ തൊഴിലും ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന്റെ പ്രയാസങ്ങളുമാണ്. നിർമ്മാണമേഖലാ തൊഴിലാളി കളും, തെങ്ങ്കയറ്റക്കാരും, കാട് വെട്ടിത്തെളിക്കുന്ന ജോലി ചെയ്യുന്നവരും ഇവിടെയുണ്ട്. തൊഴിൽ ഇല്ലായ്മ സങ്കേതത്തിൽ രൂക്ഷമാണ്. കൃത്യമായ വരുമാനമാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഉപജീവനത്തിന് പല തടസ്സങ്ങളും നേരിടുന്നുണ്ട്. പുതിയസ്ഥലത്ത് ഗുണഭോക്താക്കളെ പരിചയമുള്ളവർ കുറവായതിനാൽ ഇവിടെ തൊഴിൽ ചെയ്യാൻ ആരും ഇവരെ വിളിക്കാറില്ല. കൂടാതെ നിർമ്മാണത്തൊഴിലുകൾ കൂടുതലും ചെയ്യുന്നത് ഇതര സംസ്ഥാന തൊഴിലാളികളാണ്. ഭൂരിഭാഗം ഗുണഭോക്താക്കളും കൂലിവേല ചെയ്തു ജീവിച്ചു വരുന്നവരാണ്..

ചില ഗുണഭോക്താക്കൾക്ക് ലഭിച്ച ഭൂമി വാസയോഗ്യമാക്കുന്നതിന് സ്വന്തം ചിലവിൽ ചെയ്യേണ്ടതായ സാഹചര്യവും ഉണ്ടായിട്ടുണ്ട്. മൂന്ന് പ്രാവശ്യം സർവ്വേ നടത്തേണ്ടിവരികയും എന്നാൽ കൃത്യമായ രീതിയിൽ ഭൂമിയെക്കുറിച്ച് അറിയാത്തവരും ഇവർക്കിടയിലുണ്ട്. അടുത്തടുത്ത് വീടുകൾ നിർമ്മിച്ചതിനാൽ അവകാശ തർക്കങ്ങളും നിലനിൽക്കുന്നുണ്ട്. കുടുംബശ്രീ മുഖേനയും, മറ്റ് ഏജൻസികൾ വഴിയും ഭവനനിർമ്മാണം പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് മാറിത്താമസിക്കുന്നതിന് സ്വന്തമായ ചെലവ് കൂടി നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. ഏജൻസികൾ വഴി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി ശ്രമിച്ചെങ്കിലും കുറച്ച് ഗുണഭോക്താക്കൾക്ക് മാത്രമാണ് ഇത് പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചത്. ആയതിനാൽ ഗൃഹോപകരണങ്ങൾക്കും, മറ്റു ചിലവിനത്തിലേക്കും വായ്പ എടുക്കേണ്ടതായി വരികയും, ഇത് മൂലം മാനസിക പ്രയാസം നേരിടുന്നവരുമാണ് ഈ സങ്കേതത്തിലുള്ളത്..

ഇടുക്കി ജില്ലയിൽ ആറ് ടി ആർ ഡി എം സങ്കേതങ്ങളാണുള്ളത്. ഗോത്രസമൂഹം വയനാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അധിവസിക്കുന്നത് ഇടുക്കി ജില്ലയിലാണ്. ദേവികുളം താലൂക്കിലെ ചിന്നക്കനാൽ 80 ഏക്കർ പുനരധിവാസ സങ്കേതം, മറയൂർ പഞ്ചായത്തിലെ മറയൂർ സങ്കേതം, കുണ്ടല സങ്കേതം, ചിന്നക്കനാലിലെ വിലക്ക് സങ്കേതം, സിങ്കുകണ്ടം മുന്നൂറ്റൊന്ന് സങ്കേതം, ശാന്തൻപാറ പഞ്ചായത്തിലെ പന്തടിക്കളം സങ്കേതം, സൂര്യനെല്ലി സങ്കേതം എന്നിവയാണ് ഇടുക്കി ജില്ലയിലെ 8 ടി ആർ ഡി എം സങ്കേതങ്ങൾ.ചിന്നക്കനാൽ 80 ഏക്കർ പുനരധിവാസ സങ്കേതം സങ്കേതത്തിലെ 37, 49, 51 പ്ലോട്ടുകൾ മറ്റുവ്യക്തികൾ കയ്യേറിയിട്ടുണ്ട്. നിലവിൽ സർക്കാർ കോടതിയിൽ കേസ് നടത്തുന്നു.ഭവന നിർമ്മാണത്തിൽ ആദ്യഘട്ടത്തിൽ നിർമ്മിച്ച 30 വീടുകളിൽ ചോർച്ചാ പ്രശ്നം ഉണ്ട്. സങ്കേതത്തിലെ പ്രധാന പ്രശ്നം മൃഗശല്ല്യം തന്നെയാണ്. സങ്കേതത്തിന് ഫെൻസിംഗ് നടത്തിയെങ്കിലും ഇപ്പോൾ തകർന്ന അവസ്ഥയിലാണ്. നെട്ട്/ ബോൾട്ട് എന്നിവയിട്ട് തയ്യാറാക്കിയ ഫെൻസിംഗ് പരാജയമായിരുന്നു. കൂടാതെ സങ്കേതത്തിന് പുറത്തേക്കുള്ള യാത്ര പ്രയാസം നിറഞ്ഞതുമാണ്.ആവശ്യപ്പെടുന്ന പദ്ധതികൾ പാസ്സായിട്ടും ഫണ്ട് അനുവദിക്കുന്നതും വിനി യോഗിക്കുന്നതും വൈകുന്നതിനാൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് കാല താമസം നേരിടുന്നു.

പന്തടിക്കളം പുനരധിവാസ സങ്കേതത്തിനുള്ള 750മീറ്റർ കഴിഞ്ഞാലുള്ള 4കി.മീ. റോഡ് ഇപ്പോഴും സ്വകാര്യ കമ്പനിയുടെ കൈയ്യിലാണ്. (ഹാരിസൺസ് മലയാളം) കമ്പനി അധികൃതരുമായി നടത്തിയ ചർച്ചയിൽ റോഡിന് വേണ്ടി സ്ഥലം വിട്ടുനൽകാം എന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ റോഡ് മോശമായി തന്നെയാണുള്ളത്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം തുടങ്ങിയ സംവിധാനം ഒരുക്കിയത് 2012-13 കാലത്ത് മാത്രമാണ്. 2003ൽ സങ്കേതത്തിൽ താമസമാരംഭിച്ചിട്ടുണ്ടെങ്കിലും 2012-13 കാലഘട്ടത്തിലാണ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായി തുടങ്ങിയത്. ഇന്നും വികസന പ്രവർത്തനങ്ങൾ അതിന്റെ പ്രാഥമിക തലത്തിൽ തന്നെയാണ് നിൽക്കുന്നത്.

സിങ്കുകണ്ടം 301 ഏക്കർ കോളനിസങ്കേതത്തിൽപലപ്പോഴും വ്യക്തികളിൽ നിന്ന് കൃഷി ആവശ്യത്തിന് പണം കടം വാങ്ങുകയും ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലക്ക് അവർക്ക് തന്നെ നൽകാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്നുണ്ട്.ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ ഉണ്ടെങ്കിലും വിപണിയിൽ ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥ ഒഴിവാക്കി ഇത്തരം സങ്കേതങ്ങളിൽ ഉൽപ്പാദിപ്പി ക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങിക്കാൻ പ്രത്യേക സൗകര്യം ഉണ്ടാക്കുക.പുതിയ തൊഴിൽ പരിചയപ്പെടു ത്തുകയും പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പഠന യോഗ്യതക്ക് അനുസരിച്ച് തൊഴിൽ കണ്ടെ ത്താൻ സഹായിക്കുകയും ചെയ്യുക.

വിലക്ക് സങ്കേതം ദേവികുളം താലൂക്കിലെ ചിന്നക്കനാലിലാണ് വിലക്ക് സങ്കേതം സ്ഥിതി ചെയ്യുന്നത്. 2003 ലാണ് ഈ സങ്കേതത്തിൽ ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചു കിട്ടിയത്. ആൾതാമസമില്ലാത്തതിനാൽ ഭൂരിപക്ഷം പ്ലോട്ടുകളും കാട് പിടിച്ചു കിടക്കുകയാണ്. ഇതു കൊണ്ടു തന്നെ മൃഗ ശല്ല്യം വളരെ രൂക്ഷമാണ്. പല പ്ലോട്ടുകൾക്കും ഒട്ടും തന്നെ റോഡ് സൗകര്യമില്ല. ചിന്ന ക്കനാൽ പഞ്ചായത്തിലെ മൊത്തം മാലിന്യം നിക്ഷേപിക്കുന്ന മാലിന്യകുഴി, വിലക്ക് സങ്കേതത്തിന് 200 മീറ്റർ മാത്രം അകലെയായി സ്ഥിതി ചെയ്യുന്നു. ഇത് ഇവർക്കു വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

പൂപ്പാറസങ്കേതത്തിൽ വേനൽക്കാലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ ഓരോ കുടികളിലേക്കും ഇനിയും ടാറിംഗ് പൂർത്തീകരിക്കാത്ത റോഡുകൾ ഉള്ളതിനാൽ ഗതാഗതം ദുരിതത്തിലാണ്. ഇവ നിർമ്മിച്ചു നൽകിയാൽ മാത്രമാണ് ഗതാഗത പ്രശ്നത്തിനു പരിഹാരമാകുന്നത്. പണിതു നൽകിയ ഭവനങ്ങൾ എല്ലാം തന്നെ ചോർന്നൊലിച്ച് വാസയോഗ്യമല്ലാത്ത സ്ഥിതിയിലാണ്. മെയിന്റൻസ് വർക്കിലേക്ക് തുകകൾ ഏതാനും ഗുണഭോക്താക്കൾക്ക് നൽകിയതാണെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരമായില്ല. വീടുകൾ പുതുക്കിപ്പണിതു നൽകണമെന്നാണ് ഗുണഭോക്താക്കളുടെ അഭിപ്രായം.

കോട്ടയം ജില്ലയിൽ  കോരുത്തോട് ഗ്രാമപഞ്ചായത്തിന് കീഴിലെ മടുക്ക (ചകിരിമേട്), കുഴിമാവ് എന്നീ രണ്ട് പുനരധിവാസകേന്ദ്രങ്ങളാണുള്ളത്. മലപണ്ടാരം വിഭാഗത്തിൽ നിന്നുള്ള ഒരു കുടുംബം മാത്രമാണ് സങ്കേതത്തിലുള്ളത്. അതുകൊണ്ട് തന്നെ സങ്കേതത്തിലെ ഇതരവിഭാഗ ജനങ്ങളിൽ നിന്നും ഇവർക്ക് വിവേചനം അനുഭവിക്കേണ്ടിവരുന്നുണ്ട്. സങ്കേതത്തിൽ അംഗൻവാടി, സാംസ്കാരികനിലയം, ലൈബ്രറി എന്നിങ്ങനെയുള്ള പൊതു കെട്ടിടങ്ങളില്ലാത്തത് കൊണ്ട് തന്നെ ആളുകൾക്ക് ഒത്തുകൂടാനുള്ള പൊതുസ്ഥലം ഇല്ല. തെരുവു വിളക്കുകൾ ഇല്ല. അത് സ്ഥാപിക്കേണ്ടതുണ്ട്. എല്ലാ വീടുകളിലും ചോർച്ചയുണ്ട് ഇതിനായി നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇടി മിന്നലേറ്റ് വീടുകൾ വിണ്ടു കീറുന്നു. തെങ്ങുകൾ കത്തി നശിക്കുന്നു. മിന്നലിൽ നിന്നും രക്ഷ നേടാനായി ആധുനിക രക്ഷാചാലകം അത്യാവശ്യമാണ്.

കോട്ടയം ജില്ലയിലാകെ ആദിവാസി പുനരധിവാസ വികസന മിഷനിലൂടെ 19 കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. അതിൽ തന്നെ രണ്ട് ഗുണഭോക്താക്കൾ ലഭ്യമായ ഭൂമിയിൽ താമസിക്കുന്നില്ല. ടി.ആർ.ഡി.എം. മിഷന് ജില്ലയിൽ പ്രത്യേക സൈറ്റ് മാനേജർ സംവിധാനം നിലവിലില്ല.

ചകിരിമേട്, കുഴിമാവ് എന്നിങ്ങനെ രണ്ട് വ്യത്യസ്തമേഖലകളിലായാണ് പുനരധിവാസ മേഖല സ്ഥിതിചെയ്യുന്നതെങ്കിലും ഈ രണ്ടു മേഖലകൾക്കുമായി

പൊതുവായി 'മടുക്ക ട്രൈബൽ മിഷൻ സെറ്റിൽമെന്റ്' എന്ന പൊതുപേരിലാണ് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്.

മടുക്ക (ചകിരിമേട്) പുനരധിവാസ മേഖലയിൽ കുടിവെള്ളം,വീടുകളിലെ ചോർച്ച, ഇടി മിന്നൽ പോലെയുള്ള പ്രശ്നങ്ങൾ രൂക്ഷമാണ്. ഇടി മിന്നലേറ്റ് തെങ്ങുകൾ കത്തി നശി ക്കുന്നു. ആധുനിക രക്ഷാചാലകം ഇവിടെ അത്യാവശ്യമാണ്. സങ്കേതത്തിൽ താത്ക്കാലിക അംഗനവാടി സംവിധാനമാണുള്ളത്. അംഗനവാടിക്കായി കെട്ടിടമൊരുക്കണം. സങ്കേത വാസികൾക്ക് ഒത്തു ചേരുവാനും കൂട്ടാമായി ചർച്ചകൾ നടത്തി തീരുമാനങ്ങളെടുക്കുവാനും സാംസ്കാരിക നിലയം വേണം. മടുക്ക പുനരധിവാസമേഖലയെ അപേക്ഷിച്ച് വിദ്യാഭ്യാസം, ആരോഗ്യം, മുതലായവയ്ക്ക് കുഴിമാവ് മേഖലയിൽ മെച്ചപ്പെട്ട സംവിധാനങ്ങളുണ്ട് എന്നിരു ന്നാലും കുടിവെള്ളം, ലഭിച്ച ഭൂമിക്ക് കയ്യാല വെക്കൽ എന്നീ വികസന പ്രവർത്തനങ്ങൾ കൂടി ഇവിടെ പൂർത്തീകരിക്കാനുണ്ട്.

വയനാട്ജില്ലയിൽ ചീങ്ങേരി പുനരധിവാസ മേഖല, വൈത്തിരി പഞ്ചായത്തിലെ  പൂക്കോട് കുന്ന് (കുന്നത്തിടവക)സങ്കേതം, , സുഗന്ധഗിരി 1,2,3,5,6 യൂണിറ്റുകൾ തുടങ്ങിയവയാണ് വയനാട് ജില്ലയിലെടി.ആർ.ഡി.എം പുനരധിവാസ സങ്കേതൾ.

ടി.ആർ.ഡി.എം പുനരധിവാസ സങ്കേതങ്ങളായ വയനാട് ജില്ലയിലെ ചീങ്ങേരി പുനരധിവാസ മേഖലയിലെ ഒരു ഭാഗമായ ചീനിക്കാമൂല സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ ഈച്ചമാനിക്കുന്ന് സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ മട്ടപ്പാറ സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ ചീങ്ങേരി പുനരധിവാസ മേഖലയിൽ ഉൾപ്പെടുന്ന ആറാട്ടുപാറ സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ വികാസ് കോളനി, വൈത്തിരി പഞ്ചായത്തിലെ  പൂക്കോട് കുന്ന് (കുന്നത്തിടവക)സങ്കേതം, അമ്പലവയൽ പഞ്ചായത്തിലെ  കാരംകൊല്ലി സങ്കേതം, ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ ഉൾപ്പെടുന്ന അമ്പലക്കുന്ന് സങ്കേതം, സുഗന്ധഗിരി 1,2,3,5,6 യൂണിറ്റുകൾ എന്നിവയിലെല്ലാം തന്നെ തൊഴിലില്ലായ്മ, കുടിവെള്ള ക്ഷാമം എന്നിവയാണ് പൊതുവിൽ കാണപ്പെടുന്ന പ്രശ്നങ്ങൾ.

ചീനിക്കാമൂല സങ്കേതവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ തൊഴിലില്ലായ്മ, ജലക്ഷാ മം, റോഡ്, ഗതാഗത സൗകര്യമില്ലായ്മ എന്നിവയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ത യ്യൽ പരിശീലനം, നിർമ്മാണ യൂണിറ്റ്, കൂടാതെ മറ്റു തൊഴിൽ പരിശീലനങ്ങൾ നൽകാവുന്നതാ ണ്. കുടിവെള്ള പ്രശ്നങ്ങൾ, റോഡ് സൗകര്യങ്ങൾ ഇല്ലാത്തയിടങ്ങളിൽ റോഡ്, ഗതാഗതത്തി നായുള്ള വഴി സൗകര്യം എന്നിവയും നടപ്പിൽ വരുത്തേണ്ടതാണ്.

ഈച്ചമാനിക്കുന്ന് സങ്കേതത്തിൽ തൊഴിലില്ലായ്മ,  വീടുകളുടെ ചോർച്ച എന്നിവയാണ് സങ്കേതവാസികൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ഇതിനായി തൊഴിലവസരങ്ങൾ

വർദ്ധിപ്പിക്കുകയും കൃഷിയിലൂടെ സ്വന്തം ഭൂമിയിൽ നിന്ന് കാർഷിക/കാർഷികേതര രീതിയിലൂടെ വരുമാനം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. സങ്കേതം നേരിടുന്ന മറ്റൊരു വെല്ലു വിളി കുടിവെള്ള പ്രശ്നമാണ്. സങ്കേതത്തിലെ കിണർ നന്നാക്കിയെടുത്ത് പൈപ്പ് വഴി കുടിവെള്ളം നൽകിയാൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

മട്ടപ്പാറ പുനരധിവാസ സങ്കേതത്തിൽ വേനൽക്കാലത്തെ കുടിവെള്ളക്ഷാമം മൂലം സങ്കേത വാസികൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. ഇതിനു പരിഹാരമായി പൈപ്പ് മാർഗ്ഗം കൂടുതൽ പേർക്ക് കുടിവെള്ളമെത്തിക്കാവുന്നതാണ്. വീടുകളിലേക്കുള്ള റോഡുകൾ ടാർ ചെയ്യേണ്ടതും ചോർച്ചയുള്ള വീടുകളുടെ ചോർച്ച മാറ്റുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കാർഷിക വൃത്തിയിലൂടെ വരുമാനം ലഭിക്കാൻ കൃഷിക്കായുള്ള വളം, കീടനാശിനികൾ, ജലസേ ചനം എന്നിവക്കുള്ള സാമ്പത്തിക സഹായം സങ്കേതവാസികൾക്ക് ആവശ്യമാണ്.

ചീങ്ങേരി പുനരധിവാസ മേഖലയിൽ ഉൾപ്പെടുന്ന ഒരു സങ്കേതമാണ് ആറാട്ടുപാറ. 2018ലെ ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ സങ്കേതത്തിലെ കാർഷികവിളകൾ നശിക്കുകയും, തൊഴിലുകൾ നഷ്ടപ്പെടുന്ന അവസ്ഥയുമാണുണ്ടായിട്ടുള്ളത്. ഈ പ്രദേശത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി തൊഴിലസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്. കൂടാതെ പ്രളയത്തിൽ തകർന്ന കാർഷിക മേഖലയ്ക്ക് കൂടുതൽ സഹായങ്ങൾ, കാപ്പി, കുരുമുളക് നശീകരണത്തിന്റെ കാരണം കണ്ടെത്തുക, നശിച്ചതിന് കൃത്യമായ നഷ്ടപരിഹാരവും പകരം കൃഷിചെയ്യാനുള്ള തൈകൾ എന്നിവ നൽകി കാർഷിക മേഖലയെ ഉയർത്തി കൊണ്ടുവരാവുന്നതാണ്. തൊഴിലില്ലായ്മ പരിഹരിക്കുവാനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്നതും, സങ്കേതത്തോടു ചേർന്നു പ്രവർത്തിക്കുന്ന ഫാമിനെ പുനരുജീവിപ്പിക്കാവുന്നതുമാണ്.

വികാസ് സങ്കേതത്തിൽ നിലവിലുള്ള എല്ലാം കുടുംബങ്ങൾക്കും വീടുകളുണ്ടെങ്കിലും അഞ്ചോളം വീടുകൾ താമസയോഗ്യമല്ല. ഈ വീടുകൾക്ക് അറ്റകുറ്റ പണിയോ പുനർനിർമ്മാണമോ ആവശ്യമാണ്. സങ്കേതത്തിലുള്ളവർക്ക് തൊഴിലുകൾ കുറവായതിനാൽ കൂടുതൽ തൊഴിലവസര ങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. താത്പര്യമുള്ള സങ്കേതവാസികൾക്ക് ഭൂമി പാട്ടത്തിനെടുത്ത് ഉപജീവന ത്തിനായുള്ള കൃഷി ആവശ്യങ്ങൾക്കായുള്ള സഹായം അനുവദിക്കാവുന്നതാണ്.

പൂക്കോട് കുന്ന് സങ്കേതത്തിൽ വീട്, കുടിവെള്ളം, റോഡ് സൗകര്യം എന്നിവ പൂർത്തീകരിക്കാത്തത് സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. മുടങ്ങികിടക്കുന്ന ജലനിധി പദ്ധതി പുനസ്ഥാപിക്കുന്നതിലൂടെ വേനൽകാലത്ത് നേരിടേണ്ടി വരുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് പ്ലോട്ടുകൾ ഏതാണെന്ന് തിരിച്ചറിയാൻ കഴിയാത്തതിനാൽ സ്ഥലം റീസർവ്വേ ചെയ്യ്ത് അതിരുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സങ്കേതത്തിലേക്കുള്ള ഭവന നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നതി

നാൽ റോഡ് ടാറിംങ്ങ് എത്രയും പെട്ടെന്ന് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സങ്കേതത്തിലേക്ക് മാറിതാമസിക്കാൻ തയ്യാറാവാത്ത ഗുണഭോക്താക്കളുടെ പട്ടയം റദ്ദു ചെയ്ത്തു ഭൂരഹിതരായ ഗോത്ര വർഗ്ഗക്കാർക്ക് ഭൂമിവിതരണം നടത്താവുന്നതാണ്.

കാരംകൊല്ലി സങ്കേതത്തിൽ പദ്ധതി പ്രകാരം പതിച്ചു നൽകിയ ഭൂമി അളന്ന് തിട്ടപ്പെടുത്തിയി ട്ടുണ്ട്. പട്ടയം, കൈവശരേഖകൾ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം ഇവിടെ കുറവാണ്. ഭൂമി സംബന്ധിച്ച അവകാശത്തർക്കങ്ങൾ നിലനിൽക്കുകയും ഭൂമി അന്യാധീനപ്പെടുകയും ചെയ്തിട്ടുണ്ട്. റോഡുകൾ, സൗരവിളക്കുകൾ, കൃത്യമായ ഫണ്ട് വിതരണം, തൊഴിലവസരങ്ങൾ കുടിവെള്ള സംവിധാനങ്ങൾ, ലഹരിമരുന്നുകൾ, സുരക്ഷിതത്വ പ്രശ്നങ്ങൾ, രക്ഷിതാക്കൾക്കുള്ള ബോധവൽക്ക രണങ്ങൾ എന്നിവ മുൻഗണന നൽകേണ്ടതായ പ്രശ്നങ്ങൾ ആണ്.

അമ്പലക്കുന്ന് സങ്കേതവാസികളുടെ പ്രധാന ഉപജീവന മാർഗ്ഗം കാർഷിക മേഖലയുമായി ബന്ധപ്പെട്ട കൂലിവേലകളാണ്. കൃഷിക്ക് ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകേണ്ടതാണ്. ഇവിടെ  ഊരുകൂട്ടം, കൃത്യമായി നടക്കാറില്ല. വർഷത്തിൽ രണ്ട് പ്രാവശ്യം ഗ്രാമസഭ കൂടുമ്പോഴാണ് ഊരുകൂട്ടം നടത്താറുള്ളത്. അപകടാവസ്ഥയിലായ സാംസ്കാരിക കേന്ദ്രത്തിന്റെ കെട്ടിടം പുനർനിർമ്മിക്കേണ്ടതാണ്. സ്ഥിരമായ വരുമാന മാർഗ്ഗങ്ങളില്ലാത്തത് മേഖല നേരിടുന്ന പ്രധാന പ്രശ്നമാണ്. ഇതിനായി ഫാമിൽ തൊഴിൽ സാഹചര്യം ഒരുക്കി, തൊഴിൽ നൽകാവുന്നതാണ്. വീടുകളെല്ലാം തന്നെ ചോർച്ചയുള്ളവയും, താമസയോഗ്യമല്ലാത്തവയും പുനരു ദ്ധാരണം ആവശ്യമായവയുമാണ്. അതു കൊണ്ടു തന്നെ വീടുകളുടെ പുനരുദ്ധാരണം പ്രത്യേക പരിഗണന അർഹിക്കുന്നു.

ഏഴ് യൂണിറ്റിലായാണ് സുഗന്ധഗിരി പുനരധിവാസ മേഖല വ്യാപിച്ചു കിടക്കുന്നതെങ്കിലും ഒന്ന്, നാല്, ഏഴ് യൂണിറ്റുകളിൽ ആൾ താമസമില്ല. 7-ാം യൂണിറ്റിൽ ഭൂമി നൽകിയിട്ടുണ്ടെങ്കിലും മതിയായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ 3 കുടുംബങ്ങൾ മാത്രമാണ് ഈ യൂണിറ്റിൽ താമസിച്ചിരുന്നത്. എന്നാൽ 2018 ആഗസ്ത് മാസത്തിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് ഈ കുടുംബങ്ങളെ 5, 6 യൂണിറ്റുകളിലേക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്.

സുഗന്ധഗിരി ഒന്നാം യൂണിറ്റിൽ സുഗന്ധഗിരിയിലെ ഇതര യൂണിറ്റുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട ഗതാഗത സംവിധാനങ്ങളും, ചികിത്സ മറ്റ് സൗകര്യങ്ങളും, കൂടാതെ എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി, ശൗചാലയം എന്നീ സൗകര്യങ്ങളുണ്ട്. എന്നാലിവിടെ പഠനം പൂർത്തിയാക്കിയ യുവതീ യുവാക്കൾ തൊഴിലില്ലായ്മ അഭിമുഖീകരിക്കുന്നുണ്ട്. അഭ്യസ്ത വിദ്യരായവർക്ക് പട്ടിക വർഗ്ഗ വിക സന വകുപ്പുകളിൽ തൊഴിൽ പ്രാതിനിധ്യം ലഭിക്കണം. വീടുകൾക്കു ചോർച്ചയുള്ളതിനാൽ വീടിന്റെ അറ്റകുറ്റ പണികൾ പെട്ടെന്ന് നടത്തേണ്ടതുണ്ട്.

താരതമ്യേന എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശമാണ് സുഗന്ധഗിരി രണ്ടാം യൂണിറ്റ് സങ്കേതം. സങ്കേതത്തിലേക്ക് മൺ റോഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും 2018 ലെ പ്രളയത്തിലിത് പൂർണ്ണ മായും തകർന്ന അവസ്ഥയിലാണ്. അടിസ്ഥാന സൗകര്യമായ റോഡ്, പാലം, കുടിവെള്ളം, ഉരുൾപൊട്ടൽ ഭീഷണി, കാലാവസ്ഥാ വ്യതിയാനം, വിള നശീകരണം, മൃഗശല്യം, മാവോയിസ്റ്റ് ഭീഷണി, തൊഴിലില്ലായ്മ തുടങ്ങിയവയാണ് സങ്കേതം നേരിടുന്ന പ്രധാന വെല്ലുവിളികൾ. 17 പേർക്ക് പുതിയ പാർപ്പിട സൗകര്യം ഒരുക്കേണ്ടതായുണ്ട്. സങ്കേതത്തിനകത്ത് തന്നെ ഉരുൾപൊട്ടൽ ഭീഷണിയില്ലാത്ത പ്രദേശത്ത് പുതിയ വീട് നിർമ്മിക്കാവുന്നതാണ്. ഇവർക്ക് വീടുകളിൽ എത്തിച്ചേ രാനുള്ള ഗതാഗതയോഗ്യമായ റോഡ് സൗകര്യമില്ല. മൃഗശല്ല്യത്തിൽ നിന്നും രക്ഷ നേടുന്നതിനും കാർഷികാവശ്യങ്ങൾക്കായും വേലി കെട്ടാവുന്നതാണ്.

സുഗന്ധഗിരി പുനരധിവാസ മേഖലയിലെ മൂന്നാം യൂണിറ്റിൽ സങ്കേതവാസികൾ പ്രധാന മായും അഭിമുഖീകരിക്കുന്ന പ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്. വീട്, റോഡ്, കുടിവെള്ളം, തൊഴിലില്ലായ്മ എന്നിവ എത്രയും പെട്ടെന്ന് ഒരുക്കി നൽകേണ്ടതാണ്. ഇവിടെ വർദ്ധി ച്ചുവരുന്ന മാവോയിസ്റ്റ് ഭീഷണി പ്രദേശത്തെ ഒറ്റപ്പെടുത്തുന്ന അവസ്ഥയാണ്. ഇതിനെല്ലാം പുറമെ മൃഗശല്യം, ഉരുൾപൊട്ടൽ ഭീഷണി, ഇവയെല്ലാം സങ്കേതവാസികളുടെ സുരക്ഷിതത്വത്തെ ബാധിക്കു ന്നു. മാവോയിസ്റ്റ് സാന്നിധ്യം സർക്കാരിന്റെ സഹായത്താലും സങ്കേതവാസികളുടെ കൂട്ടായ്മയിലൂ ടെയും മാത്രമെ ചൊറുക്കാനാവുകയുള്ളൂ.

സുഗന്ധഗിരി പുനരധിവാസ മേഖലയിലെ അഞ്ചാം യൂണിറ്റിൽ ഗതാഗത സൗകര്യമില്ലായ്മ, തൊഴിലില്ലായ്മ, മൃഗശല്ല്യം, വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ളക്ഷാമം, മൊബൈൽ ടവറുകൾ ഇല്ലാത്തതുകാരണം മൊബൈൽ ഉപയോഗിക്കാനാവാത്തത്, മാവോയിസ്റ്റ് ഇടപെടലുകൾ, ഉരുൾപൊട്ടൽ അനുബന്ധ പ്രശ്നങ്ങൾ എന്നിവയാണ് പ്രദേശം നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളി കൾ. വിവിധ സമുദായത്തിൽപ്പെട്ടയിവർക്ക് നറുക്കെടുപ്പിലൂടെ സ്ഥലം ലഭിച്ചിട്ടുള്ളതിനാൽ സ്വസമു ദായക്കാർ പലഭാഗത്തുമായാണ് താമസിക്കുന്നത്. എല്ലാവർക്കും ഒരു ഭാഗത്തായാണ് ഉള്ളതെങ്കിൽ ആരാധന നടത്താനുള്ള സൗകര്യം ഉണ്ടാകുമായിരുന്നു. റോഡ് ഗതാഗത സൗകര്യങ്ങൾ ഗുണ മേൻമ ഉറപ്പുവരുത്തി ഘട്ടംഘട്ടമായി പണിപൂർത്തിയാക്കുകയും, തൊഴിലുറപ്പ് പദ്ധതിയിൽ പരമാ വധി തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും അതോടൊപ്പം ചെറുകിടതൊഴിൽ മേഖലയിൽ ആവശ്യാ നുസരണം മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്ത് ഈ പ്രദേശത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം. ആശയവിനിമയം സുഗമമാക്കാൻ മൊബൈൽ ടവറുകൾ സ്ഥാപിക്കാം. കാർഷിക വികസ നത്തിനായും, ആന ശല്ല്യത്തിനെ ചൊറുത്തു നിൽക്കുവാനായും ആധുനിക സൗകര്യമൊരുക്കണം. കുട്ടികളുടെ കായിക ക്ഷമത ഉറപ്പു വരുത്താൻ ഗ്രൗണ്ട് വികസിപ്പിക്കണ്ടതുണ്ട്.

സുഗന്ധഗിരി ആറാം യൂണിറ്റ് സങ്കേതത്തിലെക്കുള്ള പ്രധാന റോഡ് മാത്രമേ ഗതാഗതയോ ഗ്യമായിട്ടുള്ളു. അതുകൊണ്ടുതന്നെ വീട് നിർമ്മാണം മറ്റു വികസന പരിപാടികൾ നടപ്പിലാക്കാൻ

പ്രയാസമാണ്. തൊട്ടടുത്ത 5-ാം യൂണിറ്റിനെ അപേക്ഷിച്ച് ഗതാഗതസൗകര്യം വളരെ കുറവുള്ളതും മൃഗശല്ല്യം കൂടുതലുള്ള പ്രദേശവുമാണ്. ചെങ്കുത്തായതും വനഭൂമിയോട് ചേർന്നുകിടക്കുന്നതുമാണ് ഈ പ്രദേശത്ത് മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നുണ്ട്. 2018 ലെ വെള്ളപ്പൊക്കത്തിൽ പ്രദേശത്തെ ബന്ധിപ്പിച്ചിരുന്ന മുഴുവനായും ഒഴുകിപ്പോയ റോഡ്-പാലം പുനർനിർമ്മിക്കുകയും, ഗതാഗതയോഗ്യമായ റോഡ് ഉറപ്പുവരുത്തുകയും ചെയ്യണം. കൂടാതെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. കൃഷി നശിപ്പിക്കുന്നതിനാൽ മൃഗങ്ങളിൽ നിന്ന് സംരക്ഷണം അത്യാവശ്യമാണ്. സങ്കേതത്തിൽ റോഡിനു തടസ്സമായിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റിയാൽ കൂടുതൽ പേർക്ക് ഗതാഗതസൗകര്യമുണ്ടാക്കാം. റോഡ് സൗകര്യമില്ലാത്തതിനാൽ ഓട്ടോകൂലിയിനത്തിൽ കൂടുതൽ തുക ചിലവാകുന്നു.

കണ്ണൂർ ജില്ലയിൽമധുവനം സങ്കേതത്തിലെ ചില പ്ലോട്ടുകളിൽ ആൾതാമസമില്ലാത്തതിനാൽ കാട് പിടിച്ചു കിടക്കുന്നു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ മാത്രമെ എല്ലാവരും താമസിക്കുമവാൻ താത്പര്യപ്പെടുകയുള്ളു. സങ്കേതത്തിൽ രണ്ട് വീടുകൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. റോഡ് മികവുറ്റതാക്കി നൽകാമെന്നും, വൈദ്യുതി ലഭിക്കാൻ സ്ഥിര സംവിധാനങ്ങൾ നടപ്പിൽ വരുത്താമെന്നുമാണ് വാഗ്ദാനങ്ങൾ നൽകിയതെങ്കിലും നടപ്പാക്കിയിട്ടില്ല.

കോളി സങ്കേതത്തിൽ റോഡ്, കുടിവെള്ളം, ഗതാഗതം മറ്റ് സാമൂഹിക സൗകര്യങ്ങൾ, അരോഗ്യ കേന്ദ്രം എന്നിവയുടെ അപര്യാപ്തത മൂലം ഭുമി ഉപേക്ഷിച്ചു പോയവരാണ് ഏറിയ പേരും. മതിയായ ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതും കടുത്ത വേനലിൽ കൃഷി നശിക്കുന്നത് തടയുന്നതിനുമായി ജലസേചന സൗകര്യമൊരുക്കണം. കൂടാതെ സങ്കേതത്തിനു സാംസ്കാരിക നിലയവും പ്രാഥമിക ആരോഗ്യ കേന്ദ്രവും നിർമ്മിക്കണം.

ലോവർ ചീക്കാട് സങ്കേതത്തിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടും മൃഗ ശല്ല്യവും അനുഭവിക്കുന്നുണ്ട്. റബ്ബർ മരങ്ങൾ മുറിച്ചു മാറ്റേണ്ട വ്യവസ്ഥകൾ ഇല്ലാത്തതു കാരണം പകരം വെക്കാനോ മറ്റു കൃഷികൾ ചെയ്യാനോ സാധിക്കാത്ത അവസ്ഥയാണുള്ളത്. സങ്കേതത്തിൽ മിക്കവരുംതന്നെ കാട്ടിൽ നിന്നും പൈപ്പ് വഴി വെള്ളം ഉപയോഗിക്കുന്നവരാണ്. സങ്കേതം ആരംഭിച്ചിട്ട് 10 വർഷം ആയിട്ടും സ്ഥിരമായ കുടിവെള്ള സംവിധാനമെരുക്കാൻ സാധിച്ചിട്ടില്ല. വേനൽക്കാലങ്ങളിൽ സങ്കേതത്തിനകത്ത് കടുത്ത കുടിവെള്ള ക്ഷാമമാണ് നേരിടുന്നത്. സങ്കേതത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രവും ഗുണനിലവാരമുള്ള റോഡുകളും അത്യാവശ്യമാണ്.

അപ്പർ ചീക്കാട്സങ്കേതത്തിൽ ഗതാഗതസൗകര്യമില്ലായ്മ മൂലവും, പുഴയ്ക്ക് മുകളിൽ വാഹനം കടന്നുപോകാനുള്ള പാലം പണിയാത്തതിനാലും സങ്കേതവാസികൾ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വീട് എന്നിവ ഒരുക്കി നൽകിയാൽ മാത്രമെ സങ്കേതവാ

സികൾ താമസം തുടരുകയുള്ളൂ. കൂടാതെ വിദ്യാഭ്യാസ ആരോഗ്യ കേന്ദ്രങ്ങൾ സങ്കേതത്തിൽ സ്ഥാപിക്കുകയും, തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യണം.

ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതത്തിൽ വീടുകൾക്ക് പാസ്റ്ററിംഗ് ചെയ്യണം. കൂടാതെ മേൽക്കൂര ചോർച്ചകൾ മാറ്റാൻ സംവിധാനവും, അടുക്കളസൗകര്യവും ഒരുക്കണം. പൂർത്തീകരിക്കാത്ത ഭവനനിർമ്മാണം പൂർത്തീകരിക്കണം. വീടുകൾക്ക് വയറിങ്ങ് ചെയ്യണം. ശൗചാലയങ്ങൾ മുഴുവ നായും മാറ്റി പുതുക്കിപ്പണിയണം. കുടിവെള്ളം സംവിധാനം എത്താതിടത്ത് അവ കാര്യക്ഷമമാക്കണം. മുതിർന്നവരിലെ മദ്യപാനസക്തി കുറക്കുകയും പുതിയ തലമുറയിലെ കുട്ടികളെ പൂർണ്ണമായും മദ്യത്തിന്റെ ആസക്തിയിൽ നിന്ന് മുക്തരാക്കുകയും ചെയ്യുന്നതിനായി ബോധവൽക്കരണത്തിന് പുറമെ നല്ല വിദ്യാഭ്യാസം നൽകണം. സ്ത്രീകൾക്കും യുവാക്കൾക്കും തൊഴിൽ പരിശീലനം നൽകണം. താരതമ്യേന പിന്നോക്കം നിൽക്കുന്ന ഗോത്ര സമുദായമായ പണിയ വിഭാഗത്തിന് ചാവശ്ശേരി ടൗൺഷിപ്പ് സങ്കേതത്തിൽ പൊതുവെ നല്ല രീതിയിൽ പദ്ധതികൾ നടത്തി വരുന്നു. കൃത്യമായ ഇടപെടലുകളും മോണിറ്ററിംങ്ങും ആവശ്യമായ പദ്ധതികൾ നടപ്പാക്കുകയും ചെയ്താൽ ടൗൺഷിപ്പ് സങ്കേതം ഒരു മാതൃകാ പണിയ സങ്കേതമാക്കാവുന്നതാണ്.

കണ്ണൂർ ജില്ലയിലെ എല്ലാ സങ്കേതങ്ങളിലും മോണിറ്ററിങ്ങ് സമിതികൾ രൂപീകരിക്കുക കൃത്യമായ സമയത്ത് അറ്റകുറ്റപണികൾ നടത്തുകയും ഫണ്ട് ലഭ്യമാകാത്തതും പലപ്പോഴും പല പദ്ധതികളും നിന്നുപോകുന്നതിനോ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സം നിൽക്കുകയോ ചെയ്യാറുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും ചെറിയ അറ്റകുറ്റ പണികൾക്കുള്ള പണം സ്വരൂപിക്കുകയോ ആവശ്യമായ സമയത്ത് അധികാരികളെ/ അതോറിറ്റിയെ അറിയിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം നേടാം.

കാസർഗോഡ്ജില്ലയിൽ കിനാനൂർ - കരിന്തളം, കുഞ്ചത്തൂർ എന്നീ സങ്കേതങ്ങളിലായാണ് ജില്ലയിൽ ടി. ആർ.ഡി.എം പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. തൊഴിൽപരമായും, സാമൂഹികപരമായുമുള്ള സുരക്ഷിതത്വമില്ലായ്മ കുഞ്ചത്തൂർ സങ്കേതം നേരിടുന്ന പ്രധാനവെല്ലുവി ളികളിൽ ഒന്നാണ്. സങ്കേതത്തിൽ ഒന്നിലധികം ഗോത്രവിഭാഗങ്ങൾ ഇടകലർന്ന് താമസമുണ്ട്, ഇവ രെല്ലാം തന്നെ തനത് ആചാരവിശേഷങ്ങളും ആരാധനാ സംമ്പ്രദായങ്ങളും പാലിച്ചുപോരുന്നവരാ ണ്. കുഞ്ചത്തൂർ പുനരധിവാസമേഖലയിൽ കൊറഗരുടെ പുനരധിവാസത്തിന് മുൻതൂക്കം നൽകി യിട്ടും പുനരധിവാസമേഖലയിലേക്ക് മാറി താമസിക്കുവാൻ കൊറഗർ പൂർണമായും താൽപര്യപ്പെട്ടി രുന്നില്ല. കാലാകാലങ്ങളായി നേരിട്ടുവന്ന സാമൂഹ്യപരമായ വിവേചനം ഇവരുടെ സംസ്കാരിക ജീവിതത്തിൽ ആഴത്തിൽ വേരുപിടിപ്പിച്ചിട്ടുണ്ട്. ജില്ലയിലെ പട്ടികവർഗ ജനസംഖ്യയിൽ 3.44% മാത്രം വരുന്ന ഗോത്രവിഭാഗമാണ് കൊറഗർ. ഇവരുടെ പരമ്പരാഗത ആവാസകേന്ദ്രങ്ങൾ പ്രധാന മായും മഞ്ചേശ്വരം, കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തുകളിലായാണ് സ്ഥിതി ചെയ്യുന്നത്. സാമൂ ഹികമായി നേരിട്ടുവന്ന വിവേചനം ഇതര ജനവിഭാഗങ്ങളുമായി ഇടപെടുന്നതിൽ ഇവർക്കിടയിൽ

വിമുഖത സൃഷ്ടച്ചിട്ടുണ്ട്. മുളകളും വള്ളികളും ഉപയോഗിച്ചുള്ള കൊട്ട, വട്ടി നിർമ്മാണം കൊറഗരുടെ പ്രധാന ഉപജീവനമാർഗമാണ്. പട്ടികവർഗ വികസന സർവേ 2008 പ്രകാരം കൊറഗർക്കിടയിൽ തൊഴിലെടുക്കുന്നവരായി 53% പേരാണുള്ളത്. ഇതിൽ 20% പേരും പരമ്പരാഗത തൊഴിലായ കൊട്ട, വട്ടി നിർമ്മാണത്തിലെർപ്പെട്ടിരിക്കുന്നവരാണ്. കൊറഗരുടെ പരമ്പരാഗത തൊഴിലായ കൊട്ട, വട്ടി നിർമ്മാണത്തിന് മേഖലയിൽ സാധ്യതയില്ലാതെ വന്നത് കുഞ്ചത്തൂർ മേഖലയിലേക്ക് കൊറഗർ മാറി താമസിക്കാത്തതിന് പ്രധാനകാരണമായിട്ടുണ്ട്. കുഞ്ചത്തൂരിനു സമീപ പ്രദേശങ്ങളിൽ ഇവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാവത്തത് ഇവിടെക്കുള്ള ഇവരുടെ പുനരധിവാസത്തിന് പ്രധാനവെല്ലുവിളിയായി. പുനരധിവാസത്തിന്റെ ആരംഭഘട്ടത്തിലും തുടർന്നും ഉപജീവനോപാധികൾ കണ്ടെത്തുന്നതിനായി കാര്യക്ഷമവും തുടർച്ചയായതുമായ പദ്ധതികൾ സങ്കേതത്തിൽ നടപ്പിലാക്കാത്തത് സങ്കേതം ഇന്നും നേരിടുന്ന പ്രധാന പ്രശ്നമാണ്. സങ്കേതത്തിൽ നിലവിൽ കൊറഗരെ കൂടാതെ മാവിലൻ, മലവേട്ടുവൻ, മലക്കുടിയ വിഭാഗങ്ങളും താമസിച്ചുവരുന്നുണ്ട്. കാർഷിക- നിർമ്മാണ മേഖലയിലെ തൊഴിലുകളെയാണ് ഉപജീവനോപാധി കണ്ടെത്തുന്നതിനായി ഇവരെല്ലാം ആശ്രയിക്കുന്നതെങ്കിലും കുഞ്ചത്തൂരിലും പരിസര പ്രദേശങ്ങളിലും തുടർച്ചയായ തൊഴിൽ ദിനങ്ങൾ കിട്ടാത്തത് ഇവർക്ക് വെല്ലുവിളിയാകുന്നുണ്ട്.

കിനാനൂർ - കരിന്തളം പുനരധിവാസ മേഖയിലുള്ള ഗോത്ര ജനവിഭാഗങ്ങളായ മാവിലൻ, മലവേട്ടുവൻ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായ ജീവിതരീതിയും സംസ്കാരവും പിൻതുടർന്നുവന്നിരുന്ന ആരും തന്നെ കിനാനൂർ കരിന്തളത്ത് നൽകിയ ഭൂമി സ്വീകരിച്ചിരുന്നില്ല. പുനരധിവാസ മേഖലയിൽ താമസിക്കുവാൻ വിരളിലെണ്ണാവുന്ന കൊറഗർ തയ്യാറായെങ്കിലും, സാമൂഹികവും സാംസ്കാരികവും ഭാഷാപരവുമായി ഇവർ പിൻതുടർന്നുവന്ന ജീവിതരീതികൾ പരിസരങ്ങൾ പ്രദേശത്ത് മലയാളം സംസാരിക്കുന്ന ഇതര ഗോഗത്രവിഭാഗങ്ങളുമായി ഇണങ്ങി ചേർന്ന് പ്രവർത്തിക്കുന്നതിന് ഇവർക്ക് വിലങ്ങുതടിയായി. പുനരധിവാസം കാരണം തൊഴിൽ രംഗത്ത് നേരിട്ട പ്രതിസന്ധിയും അടിസ്ഥാന സൗകര്യ പ്രശ്നങ്ങളും പുനരധിവാസ മേഖല ഉപേക്ഷിച്ച് പോകുന്നതിന് കാരണമായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കിനാനൂർ - കരിന്തളം, കുഞ്ചത്തൂർ എന്നീ ടി. ആർ.ഡി.എം സങ്കേതങ്ങളിൽ പട്ടിക വർഗ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ അവസ്ഥകളും, സാമൂഹിക ചുറ്റുപാടുകളും ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടതുണ്ട് എന്നും അവരുടെ അജ്ഞത, സ്വാധീന കുറവ് എന്നിവ മനസിലാക്കുകയും ചെയ്ത് അവരെ ചൂഷണം ചെയ്യുന്നില്ല എന്നും ഉറപ്പ് വരുത്തുകയും ചെയ്യുകയും കൂടാതെ ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവ സമയാസമയങ്ങളിൽ പരിശോധിക്കുകയും വേണ്ട തിരുത്തലുകൾ നടത്തുകയും ചെയ്യേണ്ടതുണ്ട്

## പ്രധാനകണ്ടെത്തലുകൾ

1. സങ്കേതങ്ങൾക്കകത്ത് എത്തിച്ചേരാൻ പൊതുവായതും ഗതാഗത സൗകര്യത്തിനുതകുന്നതുമായ റോഡുകൾ ഇല്ലാത്തതും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കാലതാമസവും സാധന - സാമഗ്രികൾ സങ്കേതത്തിൽ എത്തിക്കുമ്പോഴുള്ള അധിക ചിലവും ഗുണഭോക്താക്കൾ അഭിമുഖീകരിക്കുന്നു. സങ്കേതങ്ങളിലെ പ്രധാന റോഡുകൾ ടാറിംഗ് നടത്തിയിട്ടുണ്ടെങ്കിലും പോക്കറ്റ് റോഡുകൾ ഗതാഗത യോഗ്യമാക്കിയിട്ടില്ല. സങ്കേതങ്ങളിൽ വീടിനും റോഡിനും തടസമുണ്ടാക്കുന്ന മരങ്ങൾ മുറിച്ചു മാറ്റിയാൽ വീടിനു മുകളിൽ മരം വീഴുമെന്ന ഭീഷണിയും റോഡിനു തടസ്സമായിട്ടുള്ള ഗതാഗത അസൗകര്യങ്ങളും ഒഴിവാക്കാവുന്നതാണ്.

2.സങ്കേതങ്ങളിൽ കുടിവെള്ള സംവിധാനങ്ങൾ ഒതുക്കി നൽകാൻ സാധിച്ചിട്ടില്ല. കുടിവെള്ള ക്ഷാമം ഇവർ നേരിടുന്ന പ്രധാന ബുദ്ധിമുട്ടുകളില്ലെന്നാണ്. ജലസേചന സൗകര്യങ്ങളുടെ അഭാവംമൂലം കൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. കൃഷികൾ ചെയ്യണമെങ്കിൽ ജലസേചന സൗകര്യം അത്യാവശ്യമാണ്. വേനൽകാലത്ത് ജലക്ഷാമം അനുഭവപ്പെടുന്ന സങ്കേതത്തിൽ കാർഷിക ആവശ്യത്തിനുള്ള ജലലഭ്യത ഒരു വെല്ലുവിളിയാണ്. അതുകൊണ്ട്തന്നെ ആധുനീക ജലസേചന രീതികൾ അവലംബിക്കുന്നതായിരിക്കും ഉചിതം. ആലപ്പുഴ ജില്ലയിലെ എല്ലാ പുനരധിവാസ സങ്കേതങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ശുദ്ധജലക്ഷാമമാണ്. കൂടാതെ ജില്ലയിലെ ആഫീസ് പറമ്പ് സങ്കേതത്തിൽ മാത്രമാണ് ഉപയോഗിക്കാവുന്ന ശൗചാലയ സംവിധാനങ്ങളുള്ളത്. മറ്റു സങ്കേതങ്ങളിൽ താത്ക്കാലിക ശൗചാലയങ്ങളാണുള്ളത്.

3. മിക്കവാറും സങ്കേതങ്ങളിൽ പൊതുകൂട്ടായ്മകൾ വളർത്തിയെടുക്കാനുള്ള സംവിധാനങ്ങളോ പൊതു ഇടങ്ങളോ (സാംസ്കാരിക കേന്ദ്രങ്ങൾ) ഇല്ല. കളിസ്ഥലം, ലൈബ്രറി എന്നിവയില്ലാത്തിടത്ത് അവ നിർമ്മിച്ചു നൽകാം. സാംസ്കാരിക കേന്ദ്രം ലൈബ്രറിക്കായും, ട്യൂഷൻ സെന്ററുകൾക്കായും ഉപയോഗിക്കാവുന്നതാണ്. സാംസ്കാരികനിലയം അടിസ്ഥാന ആവശ്യമാകയാൽ അതില്ലാത്തിടത്ത് നിർമ്മിച്ചു നൽകേണ്ടതാണ്.

4.തൊഴിൽ ലഭ്യതക്കുറവ് അനുഭവിക്കുന്നവരാണ് എല്ലാ സങ്കേതവാസികളും. കൃഷി, മറ്റു സ്വയം തൊഴിൽ പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കൂടാതെ വിദ്യാഭ്യാസം പൂർത്തീകരിച്ച കുട്ടികൾക്ക് ജോലി ലഭിച്ചാൽ അത് മറ്റു വിദ്യാർതഥികൾക്ക് പഠിക്കാനുള്ള പ്രചോദനമേകും. സ്ഥിരതയുള്ള തൊഴിലില്ലാത്തത് ഇവരുടെ ഉപജീവനത്തെ ബാധിക്കുന്നുണ്ട്. തൊഴിലില്ലായ്മ ഇത്തരം സങ്കേതങ്ങളിലെ ഗുണഭോക്താക്കളുടെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. സങ്കേതത്തിനുള്ളിലെ പ്രവൃത്തികൾ പരമാവധി സങ്കേതവാസികൾക്ക്തന്നെ നൽകുക. ആവശ്യമെങ്കിൽ വേണ്ട പരിശീലനങ്ങളും നൽകാം. തൊഴിലുറപ്പ് പദ്ധതികൾ സ്വന്തം കൃഷിയിത്തിലെ ജോലിയുമായി ബന്ധപ്പെടുത്തി നൽകണം. സങ്കേതത്തിന്റെ പരിസ്ഥിതിയോട് ഇണങ്ങുന്ന പുതിയ കാർഷിക വിളകളും കാർഷിക രീതികളും ആവിഷ്കരിച്ച് പരിശീലനം നൽകാനും നടപ്പിലാക്കാനുമുള്ള കൂട്ടായ്മകൾ രൂപീകരിക്കാവുന്നതാണ്. കാർഷിക യന്ത്ര

ങ്ങളുടെ ഉപയോഗ പരിശീലനം, ഫെൻസിംഗ് മെയിന്റനൻസ് തുടങ്ങിയവ സങ്കേതത്തിലുള്ള വർക്ക് പരിശീലനം നൽകാവുന്നതാണ്.

5. മൃഗശല്യം രൂക്ഷമായി അനുഭവിക്കുന്നവർക്ക് ആധുനീക രീതിയിലുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. അങ്ങനെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി മൃഗശല്ല്യങ്ങൾ നിയന്ത്രണ വിധേയമാക്കിയാൽ മാത്രമേ മേഖല ആവാസ യോഗ്യമാവുകയുള്ളൂ. മൃഗശല്യം, പ്രത്യേകിച്ചും ആനയുടെയും കാട്ടുപന്നിയുടെയും രൂക്ഷമായി അഭിമുഖീകരിക്കുന്ന ജില്ലകളിലൊന്നാണ്. ഇടുക്കി കാർഷിക വിളകൾക്കുപരി മനുഷ്യന്റെ ജീവനുതന്നെ വൻഭീഷണി മൃഗശല്ല്യം മൂലമുണ്ടാകുന്നു. ഇതിനെ മറികടക്കാൻ ആധുനിക സംവിധാനങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു.

6. കൃത്യസമയത്ത് ഗൃഹനിർമ്മാണം പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് ആകുന്നില്ല. അറ്റകുറ്റപണികൾക്ക് താമസം നേരിടുന്നു. ഒട്ടുമിക്ക ഭവനങ്ങളും ചോരുന്ന അവസ്ഥയിലാണ്. മിക്കവാറും എല്ലാ സങ്കേതങ്ങളിലും ഭവനനിർമ്മാണത്തിലെ അപാകത മൂലം ചോർച്ച നേരിടുന്നു. വാതിരുകളും, ജനാലകളും അടർന്നു വീഴാൻ പാകത്തിലുള്ളവയാണ്. പല സങ്കേതങ്ങളിലും അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകാത്തതിനാലാണ് (ഭവന നിർമ്മാണം പൂർത്തിയാകാത്തത്, വീട് റിപ്പയറിംഗ് നടത്താത്തത്) ഗുണഭോക്താക്കൾ താമസിക്കാൻ തയ്യാറാകാത്തത്. ഇത്തരം സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കി നൽകിയാൽ മാത്രമേ താമസിക്കുകയുള്ളൂ.

7. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള മാർഗ്ഗമാണ് സാമൂഹ്യപഠനമുറി ഒരുക്കൽ. സങ്കേതങ്ങളിൽ ട്യൂഷൻ സെന്ററുകളും സാമൂഹിക പഠന മുറികളും വേണം. സാംസ്കാരിക കേന്ദ്രങ്ങളുണ്ടെങ്കിൽ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇടുക്കി, കാസർഗോഡ് ജില്ലകളിലെ വിദ്യാർത്ഥികൾ പ്രധാനമായും അഭിമുഖീകരിക്കുന്ന സ്കൂളുകളിലെ ഭാഷാപ്രശ്നങ്ങൾക്ക് പരിഹാരം കാണണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സങ്കേതത്തിൽ നിന്നും ദൂരം കൂടുംതോറും കുട്ടികൾക്ക് സമുദായാചാരങ്ങൾ അന്യമാകുന്നതിനും രക്ഷിതാക്കളോടും മറ്റു മുതിർന്നവരുമായും അകലം കൂടുന്നതിനായും കാരണമാകുന്നു. നിലവിൽ സങ്കേതങ്ങളിൽ പ്രവർത്തിച്ചു വരുന്ന സാമൂഹ്യ പഠന മുറി സംവിധാനം പ്രോത്സാഹിപ്പിക്കുകയും, കൃത്യമായി വിലയിരുത്തുകയും ചെയ്താൽ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയാവുന്നതാണ്. പല വിദ്യാർത്ഥികളും സാമ്പത്തിക ബുദ്ധിമുട്ട് കാരണം പഠനം അവസാനിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസം നേടിയിട്ടുള്ളവർക്ക് ജോലി ലഭിക്കുവാൻ വളരെയധികം പ്രയാസം നേരിടുന്നുണ്ട്. ഇവർക്ക് പി.എസ്.സി പരിശീലനം നൽകാവുന്നതാണ്. അഭ്യസ്തവിദ്യരായവർക്ക് പട്ടികവർഗ്ഗവികസന വകുപ്പുകളിൽ തൊഴിൽ പ്രാതിനിധ്യം ലഭിക്കണം.

8. ഒരേ ഗോത്ര വിഭാഗങ്ങൾക്ക് ഒരുമിച്ച് ഭൂമി നൽകുന്നത് പല സങ്കേതങ്ങളിലും ഐക്യവും സമുദായ കൂട്ടായ്മയുണ്ടാകുന്നതിനും കാരണമായി ദർശിക്കുന്നു. പട്ടയം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് പട്ടയം ലഭ്യമാക്കേണ്ടതാണ്. മേഖലകളിൽ പ്ലോട്ടുകളായി അളന്നു തിരിച്ചിട്ടും വിതരണം ചെയ്യാത്ത ഭൂമി സാമൂഹിക പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തി

യതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്. നിയമാനുസൃതമായ രേഖയില്ലാത്ത /അതിർത്തി പ്രശ്നങ്ങളുള്ള / ലഭിച്ച ഭൂമിയുടെ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി കൈവശം വെക്കാനും ഉപയോഗിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ മേഖലയിൽ വനാവകാശ നിയമപ്രകാരം സങ്കേതവാസികൾക്ക് ലഭ്യമാകേണ്ട മുഴുവൻ അവകാശങ്ങളും അനുവദിച്ചു നൽകാവുന്നതാണ്. അർഹതപ്പെട്ടവർക്കു ഭൂമി നൽകണം. ഭൂമിയിൽ താമസിക്കാത്തവരുടെ പട്ടയം റദ്ദ് ചെയ്ത് ആവശ്യക്കാർക്ക് അനുവദിച്ചു നൽകണം. പുനരധിവാസത്തിന് മുമ്പ് സാംസ്കാരികപരവും കൂട്ടായ പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്ന വിഭാഗീയത ഒഴിവാക്കുവാൻ അധിവാസസ്ഥലത്ത് നിന്ന് കുറഞ്ഞ അകലത്തിൽ ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

9. സങ്കേതത്തിൽ ഓരോ പദ്ധതികളും നടപ്പിൽ വരുത്തുവാൻ ശക്തമായ ഊരുകൂട്ടവും പ്രത്യേക കമ്മിറ്റികളും അത്യാവശ്യമാണ്. കൂടാതെ സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ കൃത്യമായി അറിയിക്കേണ്ട നടപടിക്രമങ്ങളും കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി എത്രത്തോളം ഗുണകരമായെന്ന് വിലയിരുത്തേണ്ടതാണ്. സങ്കേതത്തിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നവർക്കായി ഊരുകൂട്ടത്തിൽ നിന്ന് യാത്രാ ചിലവിനുള്ള തുക വകയിരുത്തേണ്ടതാണ്.സങ്കേതത്തെ സംബന്ധിച്ചുള്ള പൊതുകാര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ സമുദായാംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്താവുന്നതാണ്. പുറത്ത്നിന്നുള്ള ആളുകളുടെ കൈയ്യേറ്റം, മറ്റു അതിക്രമങ്ങൾ എന്നിവ തടയുന്നതിനായി സങ്കേതത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കാവുന്നതാണ്. ഇതിന്, ആവശ്യമായ നിയമ സഹായങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ നൽകാം.

10. ചില സങ്കേതങ്ങളിൽ രോഗ്യപരിചരണത്തിനായി ആശുപത്രി, പ്രൈമറിഹെൽത്ത് സെന്ററുകളില്ല. ഗോത്രവിഭാഗങ്ങളുടെ വളർച്ചക്ക് വിലങ്ങുതടിയായി മാറുന്നത് മദ്യപാനാസക്തിയാണ്. ഇതിനെതിരായി സങ്കേതങ്ങളിൽ ജാഗ്രതാ സമിതി രൂപീകരിച്ചും വിദ്യാർത്ഥികളുടെ കലാകാ യിക അഭിരുചി പ്രോത്സാഹിപ്പിച്ചും നല്ല സമൂഹത്തെ വാർത്തെടുക്കാവുന്നതാണ്. ഉദ്യോഗസ്ഥർക്ക് സങ്കേതങ്ങളുമായി ഊഷ്മള ബന്ധമുണ്ടാകേണ്ടതാണ്.

# ഗ്രന്ഥസൂചി


- Negi Nalin Singh and Ganguly Sujata; Development Projects vs. Internally Displaced Populations in India: A Literature Based Appraisal. COMCAD Arbeitspapiere - Working Papers No. 103, 2011
- Padel, Felix &Samarendra Das. 2008. ‘Cultural Genocide: The Real Impact of Development-induced Displacement’ in Hari Mohan Mathur (Ed.) India: Social Development Report 2008. New Delhi: Oxford University Press
- Cernea, M. M. 1985. 'Sociological Knowledge for Development Project,' in M. M. Cernea (ed.): Putting People First: Sociological Variables in Rural Development. New York: Oxford University Press. (First Edition)

# കൊല്ലം ജില്ല



**അരിപ്പ സാംസ്കാരിക നിലയം– താൽക്കാലിക ഷെഡ്സ്**



**അരിപ്പ സങ്കേതത്തിനകത്തേക്കുള്ളവഴി**




**സാംസ്കാരിക നിലയം -കുര്യോട്ടുമല**

# പത്തനംതിട്ട ജില്ല



**വീട്-അറുഞ്ഞിക്കുഴി സങ്കേതം**



വീട്–ടകജ മുരുകൻ സങ്കേതം

# ആലപ്പുഴ ജില്ല



വഴി– സി.കെ സങ്കേതം

# കോട്ടയം ജില്ല



താത്ക്കാലിക അംഗൻവാടി– മടുക്ക ചകിരിമേട് സങ്കേതം

# എറണാകുളം



അംഗണവാടി –പന്തപ്ര സങ്കേതം



**വീട്- പന്തപ്ര സങ്കേതം**



**റോഡ് –പന്തപ്ര സങ്കേതം**



വീട്- നേര്യമംഗലം തലക്കൽ ചന്തു സങ്കേതം



വീടുകൾ -എടക്കാട്ട് വയൽ സങ്കേതം ( പാർപ്പംകോട് സങ്കേതം)

## ഇടുക്കി ജില്ല



<u>വീട് -കുണ്ടല സങ്കേതം</u>



റോഡ്- കുണ്ടല സങ്കേതം



**വീട് -കൂണ്ടല സങ്കേതം**



**വീടിന്റെ ഉൾവശം-കുണ്ടല സങ്കേതം**



വീട് – വിലക്ക് സങ്കേതം



സങ്കേതത്തിലെക്കുള്ള വഴി – വിലക്ക് സങ്കേതം



**വേസ്റ്റ് കുഴി – വിലക്ക് സങ്കേതം**



**സൂര്യനെല്ലി സങ്കേതം– ആന നശിപ്പിച്ച വീട്**

## കോഴിക്കോട്ജില്ല



പേരാമ്പ്ര സങ്കേതം




വട്ടച്ചിറ സങ്കേതം



മുതുകാട്



**സീതപാറ സങ്കേതം**

## വയനാട് ജില്ല




**അമ്പലകുന്ന് സങ്കേതം– സാംസ്കാരിക കേന്ദ്രം**



**ചീങ്ങേരി- വീട്**



**വീട്- സുഗന്ധഗിരി**



**അംഗൻവാടി**

**പൂക്കോട് കുന്ന് (കുന്നത്തിടവക)**

## കണ്ണൂർ ജില്ല



റോഡ്- ആലക്കോട് മേഖല



വീട്- ആലക്കോട് മേഖല



എം ജി. എൽ സി–ചാവശ്ശേരി പറമ്പ്



ആലക്കോട് മേഖല



## ആലക്കോട് മേഖല

**വികസനപഠന വിഭാഗം**
**കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ്**
**(കിർടാഡ്സ്)**
**കോഴിക്കോട്**